# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 ഫെബ്രുവരി 9, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 191 - നമ്പർ 8

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 9, വ്യാഴം

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

**II. മേശപ്പുറത്തുവച്ച കടലാസുകൾ**

ലിസ്റ്റ് 1, ലിസ്റ്റ് 2 [ചട്ടം 47 (2)] പ്രകാരമുള്ള കടലാസുകൾ ....

**III. റിപ്പോർട്ടുകളുടെ സമർപ്പണം**

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 28 മുതൽ 31 വരെയുള്ള റിപ്പോർട്ടുകൾ .....

**IV. ധനകാര്യം**

2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും ....

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 9, വ്യാഴം


വാല്യം 191}　　ഔദ്യോഗിക റിപ്പോർട്ട്　　{നമ്പർ 8


നിയമസഭ 2023 ഫെബ്രുവരി മാസം 9-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നം. (*151)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്കെതിരായി ഞങ്ങളുടെ സഹപ്രവർത്തകരായ നാല് എം.എൽ.എ.-മാർ നാലാം ദിവസവും സത്യാഗ്രഹസമരവുമായി മുന്നോട്ടുപോകുകയാണ്. ഇന്നലെ ബഡ്ജറ്റിന് മറുപടി നൽകിയ ധനകാര്യ വകുപ്പുമന്ത്രി നികുതി നിർദ്ദേശങ്ങൾ പിൻവലിച്ചില്ലെന്ന് മാത്രമല്ല സമരം ചെയ്യുന്ന ഞങ്ങളുടെ സഹപ്രവർത്തകരെ പരിഹസിക്കുകയും അപമാനിക്കുകയും ചെയ്തു. ഈ നികുതി നിർദ്ദേശങ്ങൾ കേരളത്തിലെ ജനങ്ങളെ ഗൗരവതരമായി ബാധിക്കുന്നതും അവരുടെ ജീവിതക്രമത്തെ താളംതെറ്റിക്കുന്നതുമാണ്. അതുകൊണ്ട് ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുകയാണ്. സഭാനടപടികളുമായി യോജിച്ചുപോകാൻ ഞങ്ങൾക്ക് കഴിയുകയില്ല. ......(ബഹളം).......

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ചുകൊണ്ട് സ്പീക്കറുടെ ഡയസിന് മുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## ലഹരി ഉപയോഗം തടയുന്നതിന് നടപടി

1 (*151) <u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. കെ. ബാബു (നെന്മാറ)</u>:
<u>ശ്രീ. എം. വിജിൻ</u>:
<u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നുവെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ വിമാനത്താവളം വഴിയും ട്രെയിൻ മാർഗ്ഗവും അതിർത്തി ചെക്ക്പോസ്റ്റുകൾ കടന്നും മയക്കുമരുന്ന് എത്തിക്കുന്നത് തടയുന്നതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് വിംഗ് പോലീസിന്റെയും മറ്റ് സേനകളുടെയും സഹായത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(ബി) എക്സൈസ് എൻഫോഴ്സ്മെന്റ് സേനയെ വിപുലീകരിക്കുന്നതിനും ആധുനികീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മയക്കുമരുന്ന് കടത്ത് സംഘങ്ങൾ മാഫിയയായി വളർന്നുവെന്ന് കരുതാവുന്ന സാഹചര്യത്തിൽ ഇത്തരം സംഘങ്ങളുടെ പ്രവർത്തനം ഉന്മൂലനം ചെയ്യുന്നതിന് കൂടുതൽ ഫലപ്രദമായ നിയമനിർമ്മാണത്തിന്റെ സാധ്യത പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) വിമാനത്താവളം വഴിയും ട്രെയിൻ മാർഗ്ഗവും അതിർത്തി ചെക്ക്പോസ്റ്റുകൾ വഴിയും മയക്കുമരുന്ന് എത്തിക്കുന്നത് തടയുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റ് വിംഗ്, പോലീസ്, റെയിൽവേ സുരക്ഷാസേന, കസ്റ്റംസ് തുടങ്ങിയ ഏജൻസികളുമായും വനം വകുപ്പ് ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനതല സേനാവിഭാഗങ്ങളുമായും മറ്റ് സംസ്ഥാനങ്ങളിലെ പോലീസ്, എക്സൈസ് സേനകളുമായും ചേർന്ന് സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നുണ്ട്. മയക്കുമരുന്ന് എത്തിക്കുന്നത് തടയുന്നതിനായി രഹസ്യവിവരങ്ങൾ യഥാസമയം ഇത്തരം സേനാവിഭാഗങ്ങളുമായി പരസ്പരം കൈമാറുകയും കേസുകൾ കണ്ടെടുക്കുകയും ചെയ്യുന്നുണ്ട്.

എക്സൈസ് വകുപ്പ്, എൻ.സി.ബി., കോസ്റ്റ്ഗാർഡ്, റവന്യൂ ഇന്റലിജൻസ്, പോലീസ് എന്നിവയുമായി ചേർന്ന് വാട്സ്ആപ്പ് ഗ്രൂപ്പുണ്ടാക്കുകയും അതുവഴി രഹസ്യവിവരങ്ങൾ കൈമാറുകയും ചെയ്യുന്നുണ്ട്. സംശയമുള്ള വ്യക്തികൾ, വാഹനങ്ങൾ എന്നിവ രഹസ്യമായി നിരീക്ഷിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ മഫ്തിയിൽ നിയോഗിച്ചുവരുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിൽ രാത്രികാല

വാഹനപരിശോധന ശക്തിപ്പെടുത്തുകയും മുന്നറിയിപ്പില്ലാതെ കോമ്പിംഗുകൾ നടത്തുകയും ചെയ്യുന്നു. ഉത്സവ സീസണുകളിലും മറ്റും സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിച്ച് ഇതര സേനാവിഭാഗങ്ങളുമായി ചേർന്നും വകുപ്പുതലത്തിൽ പ്രത്യേക ടീം രൂപീകരിച്ചും പരിശോധനകൾ നടത്തുന്നു. ലഹരി ഉപയോഗിക്കുന്ന കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിനായി Abon Drug Test Kit ഉപയോഗിച്ചുള്ള പരിശോധന നടത്തുന്നു. 'Save the Spring' എന്ന പേരിൽ പ്രത്യേക പരിശോധന എല്ലാ മാസവും റേഞ്ച് അടിസ്ഥാനത്തിൽ നടത്തിവരുന്നു.

(ബി) ഉണ്ട്. വകുപ്പിലെ പഴക്കംചെന്ന വാഹനങ്ങൾ മാറ്റി പുതിയവ നൽകുന്നതിന് പുതിയതായി 33 വാഹനങ്ങൾ ഈ വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുതിയ റേഞ്ച് ഓഫീസുകളും ജനമൈത്രി സ്ക്വാഡുകളും രൂപീകരിക്കുന്നതിനും ട്രൈബൽ മേഖലയിലെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കൾക്കായി 100 അധികതസ്തിക സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് നാല് ജില്ലകളിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയമായി പ്രതികളെ ചോദ്യം ചെയ്യുന്നതിനായി മൂന്ന് സോണുകളിലായി മൂന്ന് ആധുനിക ചോദ്യം ചെയ്യൽ മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ഐ.ടി. സെൽ ശാക്തീകരിക്കുകയും സൈബർ സെൽ ആധുനികവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. സൈബർ സെല്ലിലെ ഉദ്യോഗസ്ഥർക്ക് C-DAC, Cyber Dom എന്നിവിടങ്ങളിൽ പരിശീലനം നൽകി. Central Academy for Police Training ഭോപ്പാലിൽ പരിശീലനത്തിന് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന എക്സൈസ് വകുപ്പിന്റെ സേവനങ്ങൾ NIC Delhi-യുടെ സഹായത്തോടെ Service Plus എന്ന വെബ് ആപ്ലിക്കേഷൻ മുഖാന്തരം ഓൺലൈനാക്കുകയുണ്ടായി. നിലവിൽ 114 സേവനങ്ങൾ Service Plus മുഖാന്തരം നൽകുന്നുമുണ്ട്. വകുപ്പിന്റെ ദൈനംദിന ആവശ്യത്തിനായി എൻഫോഴ്സ്മെന്റ് വിവരങ്ങൾ വേഗത്തിൽ ക്രോഡീകരിക്കുന്നതിനായി Excise Crime Drive, 2005 മുതലുള്ള കേസുകളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച SEEC തുടങ്ങിയവ വികസിപ്പിച്ചു.

(സി) സംസ്ഥാനത്ത് മയക്കുമരുന്നിന്റെ വിപണനം, ഉപയോഗം, ഉല്പാദനം, കടത്തൽ, നിർമ്മാണം, വാങ്ങൽ, സൂക്ഷിക്കൽ, ഒളിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പ്രതികളെ വീണ്ടും കുറ്റകൃത്യത്തിൽ ഏർപ്പെടാതിരിക്കാൻ കരുതൽ തടങ്കലിൽ വയ്ക്കുന്നതിന് എൻ.ഡി.പി.എസ്. ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി PIT NDPS Act പ്രകാരം 63 കുറ്റവാളികളെ കരുതൽ തടങ്കലിൽ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് Juvenile Justice (Care and Protection of Children) Act 2015, വകുപ്പ് 77 & 78 പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി അധികാരപ്പെടുത്തുന്ന രീതിയിൽ ആക്ട് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

NDPS Act-ൽ കണ്ടെടുക്കുന്ന ലഹരിമരുന്നുകൾ അളവിനനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. കണ്ടെടുക്കുന്ന കേസുകൾ Small Quantity ആണെങ്കിൽ ജാമ്യം ലഭിക്കാവുന്നവയാണ്. അതിനാൽ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി

നിശ്ചയിക്കുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

COTPA നിയമപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നൂറുവാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങൾ വില്പന നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. മേൽ ദൂരപരിധി 500 മീറ്ററാക്കി ഉയർത്താൻ കേന്ദ്ര സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. എം. മുകേഷ്</u>: സർ, മയക്കുമരുന്ന് കേസുകളിലുൾപ്പെട്ട പ്രതികളെ കരുതൽ തടങ്കലിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, മയക്കുമരുന്ന് കേസുകളിലുൾപ്പെട്ട പ്രതികളെ കരുതൽ തടങ്കലിൽ സൂക്ഷിക്കുന്നതിനുള്ള നടപടി തീർച്ചയായും സ്വീകരിക്കും. സംസ്ഥാനത്ത് മയക്കുമരുന്നിന്റെ വിപണനം, ഉപയോഗം, ഉല്പാദനം, കടത്തൽ, നിർമ്മാണം, സൂക്ഷിക്കൽ, ഒളിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലേർപ്പെടുന്ന പ്രതികൾ വീണ്ടും അതിൽ ഏർപ്പെടാതിരിക്കാൻ കരുതൽ തടങ്കലിൽ വയ്ക്കുന്നതിന് NDPS ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി PIT NDPS ആക്ട് പ്രകാരം 63 കുറ്റവാളികളെ കരുതൽ തടങ്കലിൽ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരികയാണ്.

ശ്രീ. എം. മുകേഷ്: സർ, സ്കൂൾ പരിസരങ്ങളിൽ ലഹരിവസ്തുക്കൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. എം. ബി. രാജേഷ്: സർ, സ്കൂൾ പരിസരങ്ങളിലെ ചില കടകളിൽ ലഹരിവസ്തുക്കൾ, നിരോധിത പുകയില ഉല്പന്നങ്ങൾ എന്നിവ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ പരിശോധന എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. സ്കൂളുകളുടെ പ്രവർത്തനസമയം ആരംഭിക്കുന്നതിനുമുമ്പും കുട്ടികൾ സ്കൂളുകളിൽനിന്നും പോകുന്ന സമയത്തും സ്കൂൾ  പരിസരങ്ങളിലെ കടകൾ, ബസ് സ്റ്റാന്റ് തുടങ്ങിയ സ്ഥലങ്ങളിൽ ആകസ്മിക പരിശോധനകൾ നടത്തുന്നുണ്ട്. ഇത്തരത്തിൽ പരിശോധന നടത്തിയതിൽ 517 COTPA കേസുകളും 6 NDPS കേസുകളും കണ്ടെത്തിയിട്ടുണ്ട്.  COTPA കേസുകളിൽ വളരെ കുറഞ്ഞ ഫൈനായ 200/- രൂപയാണ് ചുമത്തുന്നത്. ഇത്തരം പ്രവണതകൾ തടയുന്നതിന് കടകൾക്കെതിരെ തദ്ദേശസ്വയംഭരണ/എക്സൈസ് വകുപ്പുകൾ സംയുക്ത നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥിരമായി COTPA കേസുകളിലുൾപ്പെടുന്ന കടകളുടെ വിവരങ്ങൾ എക്സൈസ് വകുപ്പ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ടി സ്ഥാപനങ്ങൾ ഇത്തരം കടകളുടെ ലൈസൻസ് സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ഇതുവരെ 12 കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, സമൂഹത്തെയാകെ കാൻസർ പോലെ കാർന്നുതിന്നുന്നതും പ്ലേഗ് പോലെ പടരുന്നതും ഭീകരവും അതീവഗുരുതരവുമായ ലഹരിക്കെതിരെ കേരളീയ സമൂഹത്തെയാകെ അണിനിരത്തിക്കൊണ്ട് നടത്തുന്ന ജനകീയ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റിനെയും പ്രത്യേകിച്ച് എക്സൈസ് വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. ലഹരിക്കെതിരെയുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ ഈ സഭയെത്തന്നെ മോശപ്പെടുത്തുന്ന രൂപത്തിലേയ്ക്കാണ് യു.ഡി.എഫ്. പോകുന്നത്. ഊടുവഴികളിലൂടെ അതിർത്തി കടന്നുവരുന്ന മയക്കമരുന്ന് തടയാനാവശ്യമായ പ്രതിരോധപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തമിഴ്നാട്, കർണ്ണാടക അതിർത്തി പ്രദേശങ്ങളിൽ എക്സൈസ് വകുപ്പിന്റെ 41 ചെക്ക്പോസ്റ്റുകളാണ് നിലവിൽ

പ്രവർത്തിച്ചുവരുന്നത്. എന്നാൽ അതിർത്തി പ്രദേശങ്ങളിൽ പുതിയ റോഡുകളും പാലങ്ങളും നിർമ്മിക്കുമ്പോൾ ചെറിയ റോഡുകളിലൂടെ ലഹരിവസ്തുക്കൾ നിയമവിരുദ്ധമായി കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയാൻ അതിർത്തി പ്രദേശങ്ങളിൽ വാഹനപരിശോധനയും പട്രോളിംഗും ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, അതിർത്തി പ്രദേശങ്ങളിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) എന്ന പുതിയൊരു സംവിധാനത്തിന് രൂപം നൽകിയിട്ടുമുണ്ട്. ഇതിന്റെ ആദ്യഘട്ടം തിരുവനന്തപുരം ജില്ലയുടെ അതിർത്തിപ്രദേശമായ നെയ്യാറ്റിൻകര താലൂക്ക് കേന്ദ്രീകരിച്ച് ഉടൻ പ്രവർത്തനമാരംഭിക്കുന്നതാണ്; നാല് പുതിയ വാഹനങ്ങൾ ഇതിനുവേണ്ടി അനുവദിച്ചിട്ടുണ്ട്.

ശ്രീ. എം. വിജിൻ: സർ, ലഹരിക്കെതിരായ ജനകീയ പോരാട്ടം ശക്തമായി ഏറ്റെടുത്ത് നടത്തുന്ന പിണറായി സർക്കാരിനെ ഈ ഘട്ടത്തിൽ അഭിനന്ദിക്കുകയാണ്. സോഷ്യൽ മീഡിയ പോലെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളെയാണ് ഇത്തരം മയക്കുമരുന്ന് വിപണന ശൃംഖലകൾ ഉപയോഗപ്പെടുത്തുന്നത് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, ആ വെല്ലുവിളി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മാത്രമല്ല, അതിനെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സാമൂഹ്യ മാധ്യമങ്ങൾ, darknet എന്നിവ ഉയർത്തുന്ന വെല്ലുവിളികൾ ഗൗരവമേറിയതാണ്. ഇവയെ നേരിടുന്നതിനായി XRY, MSAB office, Mobile forensic തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ എക്സൈസ് വകുപ്പിനായി വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കേസന്വേഷണം ഫലപ്രദമായി നടത്തുന്നതിന് സഹായകരമാംവിധം സൈബർ സെല്ലിനെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിലേയ്ക്കായി CDR അനലൈസറുകൾ വാങ്ങി എല്ലാ ഡിവിഷനുകളിലും വിതരണം ചെയ്തിട്ടുണ്ട്. സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് C-DAC, Cyber Dom എന്നിവിടങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, ഭോപ്പാലിലെ Central Academy For Police Training-ലും ഇതുസംബന്ധിച്ച് പരിശീലനം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. .................(ബഹളം)..................

ശ്രീ. ഡി. കെ. മുരളി: സർ, വളരെ പ്രധാനപ്പെട്ട വിഷയം സംബന്ധിച്ചാണ് ചോദ്യങ്ങൾ ഉന്നയിക്കുന്നത്. ജനങ്ങൾക്ക് അറിയാൻ

താല്പര്യമുള്ള കാര്യവുമാണ്. ഈ സന്ദർഭത്തിൽ ജനാധിപത്യവിരുദ്ധമായി ജനങ്ങൾ തള്ളിക്കളഞ്ഞ ഒരു സമരത്തിന്റെ പേരിൽ സ്പീക്കറെപോലും കാണാൻ കഴിയാത്തതരത്തിൽ പ്രതിപക്ഷം ബാനറും മറ്റും പിടിച്ചുനിൽക്കുന്നത് മോശമാണ്. ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ പിടിക്കപ്പെടുന്നവർ മിക്കവാറും അതിന്റെ കണ്ണികൾ മാത്രമാണ്. പ്രധാന ഉറവിടങ്ങൾ മാഫിയയും മറ്റുമാണ്. ആ ഉറവിടങ്ങളിലേയ്ക്ക് അന്വേഷണം എത്തിച്ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; അതുപോലെ ഒരു പ്രാവശ്യം പിടിക്കപ്പെടുന്നവർ കുറ്റം ആവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊക്കെ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഒരിക്കൽ പിടിക്കപ്പെടുന്നവർ വീണ്ടും കുറ്റകൃത്യം ആവർത്തിക്കുന്നത് തടയുന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് കരുതൽ തടങ്കൽ ഉൾപ്പെടെയുള്ള നടപടികളിലേയ്ക്ക് കടന്നിരിക്കുന്നത്. നിലവിൽ പിടിച്ചെടുക്കുന്ന മയക്കുമരുന്നിന്റെ അളവ് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ മൂന്നായി തിരിച്ചിട്ടുണ്ട്. Small Quantity ആണെങ്കിൽ പെട്ടെന്ന് ജാമ്യം കിട്ടും. അതുകൊണ്ട് കേന്ദ്ര നിയമം ഭേദഗതി ചെയ്ത് ഇതിന്റെ അളവ് പുനർനിർണ്ണയിക്കണമെന്ന് കേന്ദ്ര

സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മയക്കുമരുന്ന് പ്രധാനമായും കേരളത്തിന് പുറത്തുനിന്നാണ് വരുന്നത്. പുറത്തുനിന്ന് മയക്കുമരുന്ന് കൊണ്ടുവരുന്നത് തടയാൻ അതിർത്തിയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനപ്പുറത്തേയ്ക്ക് പോയി കണ്ടെത്തുന്നതിന് എക്സൈസിന് പരിമിതികളുണ്ടെങ്കിലും ആ പരിമിതികൾക്കകത്ത് നിന്നുകൊണ്ടുതന്നെ മറ്റു സംസ്ഥാനങ്ങളിലും പോയി കേസുകൾ പിടിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ എക്സൈസും പോലീസുമായുള്ള നിരന്തര ഏകോപനത്തിലൂടെ ഇത്തരം ലഹരി മാഫിയകളുടെ വേരുകൾ കണ്ടെത്താനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

**ഭക്ഷ്യ വിഷബാധക്കെതിരായി സ്വീകരിച്ച പ്രതിരോധ നടപടി**

2 (*152) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ ഭക്ഷ്യ വിഷബാധക്കെതിരെ സ്വീകരിച്ച പ്രതിരോധ നടപടി വിശദമാക്കാമോ;

(ബി) ഭക്ഷ്യ വിഷബാധക്കെതിരെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന്

വിശദമാക്കാമോ;

(സി) ഭക്ഷ്യ വിഷബാധക്കെതിരെ എന്തൊക്കെ കർശന നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? (....ബഹളം.....)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 281-ന്റെ ലംഘനമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇവിടെ നടത്തുന്നത്. (....ബഹളം.....)

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രധാന ലക്ഷ്യം സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക എന്നതാണ്. അതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, പരിശീലന പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ, അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ സ്വീകരിച്ചുവരുന്നു.

'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന കാമ്പയിനിൽ ഉൾപ്പെടുത്തി

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെയുള്ള കാലയളവിൽ 64084 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 7138 സ്ഥാപനങ്ങൾക്ക് നോട്ടീസും 4722 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകുകയും 1,81,87,000/- രൂപ (ഒരു കോടി എൺപത്തി ഒന്ന് ലക്ഷത്തി എൺപത്തി ഏഴായിരം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 കേസുകൾ തീർപ്പാക്കുകയും 7,48,65,300/- രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിരമായി വകുപ്പ് നടത്തിവരുന്ന പരിശോധനകൾക്കുപുറമെ ചില പ്രത്യേക വിഷയങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധനകളും നടത്തിവരുന്നു. അത്തരം സ്പെഷ്യൽ പരിശോധനകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഓപ്പറേഷൻ ഷവർമ

ഭക്ഷ്യവിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച ഓപ്പറേഷൻ ഷവർമ എന്ന പദ്ധതിയുടെ ഭാഗമായി മാത്രം 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 8224 പരിശോധനകൾ നടത്തുകയും 1081 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകുകയും 36,42,500/- രൂപ (മുപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഷവർമ വിൽപ്പന നടത്തുന്ന ഭക്ഷ്യസ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ ടക്കുകൾ, ഷവർമ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ചുവരുന്നു. ഷവർമയുമായി ബന്ധപ്പെട്ട് 2023 ജനുവരി 1 മുതൽ 22 വരെ 6689 പരിശോധനകളും 218 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 1114 സർവൈലൻസ് സാമ്പിളുകളും ശേഖരിക്കുകയും 317 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പിക്കുകയും 834 സ്ഥാപനങ്ങൾക്ക്

നോട്ടീസ് നൽകുകയും 902 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും ചെയ്തു.

ഓപ്പറേഷൻ ഫോസ്കോസ്

ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിവരുന്ന സ്റ്റാറ്റ്യൂട്ടറി പരിശോധനകളിൽ പല ഭക്ഷ്യ സ്ഥാപനങ്ങളും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടുന്നില്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് 26-09-2022 മുതൽ 30-09-2022 വരെ നടപ്പിലാക്കിയ സ്പെഷ്യൽ ഡ്രൈവാണ് ഓപ്പറേഷൻ ഫോസ്കോസ്. ഇതിന്റെ ഭാഗമായി 5764 പരിശോധനകൾ നടത്തുകയും 564 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 406 സ്ഥാപനങ്ങൾ അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ലൈസൻസ് മേളകളും ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇത്തരത്തിലുള്ള 260 ക്യാമ്പുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഭക്ഷ്യ സുരക്ഷാ വകുപ്പ് നിലവിൽ വന്നതുമുതൽ 31-12-2022 വരെ 123073 FSSAI ലൈസൻസുകളും 774183

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും നൽകിയിട്ടുണ്ട്.

രാത്രികാല പ്രത്യേക പരിശോധന

വഴിയോര തട്ടുകടകൾ വൃത്തിയായ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ സർക്കിൾതലത്തിലും പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. വഴിയോരക്കടകളുടെ ഭക്ഷ്യ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രാത്രികാല പരിശോധനകളും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചുള്ള പരിശോധനകളും നടത്തിവരുന്നു.

2006-ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമപ്രകാരം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യോല്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 334 ട്രെയിനിംഗുകളിലായി ആകെ 13630 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി. ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കായി നടത്തിവരുന്ന ബേസിക് ഫോസ്റ്റാക് ട്രെയിനിംഗ് വഴി ഇതുവരെ നാല്പത്തയ്യായിരത്തിലധികം പേർക്ക്

പരിശീലനം നൽകിയിട്ടുണ്ട്. ഭക്ഷണശാലകളിലെ ഒരു സൂപ്പർവൈസർക്കാണ് പരിശീലനം നൽകുന്നത്. ഇപ്രകാരം പരിശീലനം ലഭിച്ചയാൾ മറ്റുള്ളവർക്ക് ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ഈ പരിശീലന പദ്ധതി ഹോട്ടൽ, കാറ്ററിംഗ്, ഹൈ റിസ്ക് ഭക്ഷണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നവരുടെ പ്രവർത്തനത്തിൽ ഗണ്യമായ മാറ്റം കൊണ്ടുവരുന്നുണ്ട്. ആയതിനാൽ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യവിഷബാധ പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി പച്ചമുട്ടയിൽ നിന്നുണ്ടാക്കുന്ന മയോണൈസിന് നിരോധനം ഏർപ്പെടുത്തുകയും മയോണൈസ് പാഴ്സലായി അധികം നൽകരുതെന്ന് നിർദ്ദേശം നൽകുകയും ചെയ്തു. ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ തുടങ്ങിയ ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കുകയും പാഴ്സലായി നൽകുന്ന പാകം ചെയ്ത ഭക്ഷണം തയ്യാറാക്കിയ സമയവും ഉപയോഗിക്കേണ്ട സമയവുമില്ലാത്ത പാഴ്സലുകൾ നിരോധിക്കുകയും ചെയ്തു.

കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിൽ സംസ്ഥാന-ജില്ല സർവൈലൻസ് ടീമിന്റെ നേതൃത്വത്തിലും ഭക്ഷ്യവിഷബാധ ഉൾപ്പെടെയുള്ള

ഔട്ട്ബ്രേക്കുകൾ നിരീക്ഷിക്കുന്നുണ്ട്. ഭക്ഷ്യവിഷബാധ സംബന്ധിച്ച വിവരം ലഭിക്കുന്നമുറയ്ക്കുതന്നെ പ്രാദേശികതലത്തിൽ മെഡിക്കൽ ഓഫീസറുടെയോ മെഡിക്കൽ ഓഫീസർ നിയോഗിക്കുന്ന ആരോഗ്യ പ്രവർത്തകരുടെയോ നേതൃത്വത്തിൽ സ്ഥലം സന്ദർശിക്കുകയും രോഗലക്ഷണമുള്ളവരുടെ പ്രാഥമിക വിവരശേഖരണം നടത്തി ജില്ലാ സർവൈലൻസ് ഓഫീസറെ അറിയിക്കുകയും രോഗബാധിതർക്ക് ആവശ്യമുള്ള ചികിത്സയും മരുന്നുകളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ജില്ലാ സർവൈലൻസ് ഓഫീസർ രൂപീകരിക്കുന്ന ദ്രുതകർമ്മസേന ഫീൽഡ് സന്ദർശിച്ച് വിശദാംശങ്ങൾ ശേഖരിക്കുകയും എപ്പിഡമോളജിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തി ഭക്ഷ്യവിഷബാധയുടെ ഉറവിടം കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഭക്ഷ്യവിഷബാധ സ്ഥിരീകരിക്കുന്നപക്ഷം ഭക്ഷ്യ സുരക്ഷാ വകുപ്പിനെ വിവരം അറിയിക്കുകയും ആവശ്യമെങ്കിൽ ക്ലിനിക്കൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ നിയമപരമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഭക്ഷ്യവിഷബാധയുണ്ടായ പ്രദേശവും വിഷബാധ സാധ്യതയുള്ള ജനവിഭാഗത്തെയും തുടർന്നുള്ള രണ്ട് ഇൻകുബേഷൻ കാലഘട്ടങ്ങളിൽ നിരീക്ഷിച്ച് ആവശ്യമായ നടപടി

സ്വീകരിക്കുന്നു. ഇതുകൂടാതെ ഭക്ഷ്യവിഷബാധ ഏൽക്കാതിരിക്കാൻ സ്വീകരിക്കേണ്ട ശീലങ്ങളെയും നടപടികളെയും കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചേർന്ന് നടത്തുകയും ഭക്ഷ്യവിഷബാധയുടെ കാരണം കണ്ടെത്തി അവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം ഏതെങ്കിലും തലത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ഫുഡ് സേഫ്റ്റി ആക്ട്, 2006 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) ഭക്ഷ്യ സുരക്ഷ വകുപ്പിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകളാണുള്ളത്. ഭക്ഷ്യ സുരക്ഷ ഓഫീസർമാർ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗുകൾ എന്നിവ നടത്തിവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ, അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിളുകൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പരിശോധനകളുടെ

ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി ഭക്ഷ്യ സാമ്പിളുകൾ NABL അംഗീകാരമുള്ള ലാബുകളിൽ ശാസ്ത്രീയമായ പരിശോധനകൾക്കായി എത്തിക്കുന്നു. പരിശോധനയിൽ unsafe ആകുന്നവയ്ക്കെതിരെ പ്രോസിക്യൂഷൻ കേസുകളും substandard ആകുന്നവയ്ക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകൾ RDO കോടതിയിലും ഫയൽ ചെയ്ത് നടപടികൾ തുടർന്നുവരുന്നു. ഈ വർഷം 140 പഞ്ചായത്തുകളിൽ ഭക്ഷ്യ സുരക്ഷ പഞ്ചായത്ത് പദ്ധതിയും 500 സ്കൂളുകളിൽ SNF@School പദ്ധതിയും നടത്തിവരുന്നു.

(സി) ഭക്ഷ്യവിഷബാധ പോലെയുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ചില മാർഗ്ഗനിർദ്ദേശങ്ങൾ ഭക്ഷ്യസംരംഭകർക്ക് കർശനമായി നൽകിയിട്ടുണ്ട്. ഷവർമയ്ക്കൊപ്പം നൽകുന്ന മയോണൈസ് പച്ചമുട്ട ഉപയോഗിച്ച് നിർമ്മിക്കുന്നതിനാൽ സൂക്ഷ്മാണുക്കളുണ്ടാകാനുള്ള സാധ്യത കൂടുതലാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പച്ചമുട്ട ഉപയോഗിച്ചുള്ള മയോണൈസ് സംസ്ഥാനത്തുടനീളം നിരോധിച്ചുകൊണ്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ഉത്തരവിറക്കിയിട്ടുണ്ട്. വെജ് മയോണൈസ് അല്ലെങ്കിൽ പാസ്ച്യൂറൈസ് ചെയ്ത മുട്ട ഉപയോഗിച്ച് മാത്രമേ മയോണൈസ് നിർമ്മിക്കാൻ പാടുള്ളൂവെന്ന്

കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഹൈ റിസ്ക് ഫുഡ് വാങ്ങി കൂടുതൽ സമയം സൂക്ഷിച്ചുവച്ച് ഉപയോഗിക്കുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പാഴ്സൽ പായ്ക്കറ്റുകളിൽ പാകം ചെയ്ത തീയതിയും സമയവും അവ ഉപയോഗിക്കാവുന്ന സമയവും രേഖപ്പെടുത്തണമെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പരിശോധിച്ചുവരികയും ചെയ്യുന്നു. ഭക്ഷ്യസ്ഥാപനങ്ങളിൽ ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റോടുകൂടി മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ജീവനക്കാരുടെ ശാരീരിക പരിശോധന നടത്തി നിശ്ചിത മാതൃകയിൽ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും പുതുക്കേണ്ടതാണ്. പകർച്ചവ്യാധി, ത്വക്ക് രോഗം എന്നിവ ഇല്ലെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ ജീവനക്കാരെ ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യാൻ അനുവദിക്കുകയുള്ളൂ. ഈ സാഹചര്യത്തിലാണ് മെഡിക്കൽ സർട്ടിഫിക്കറ്റ് എല്ലാവർക്കും ഉണ്ടെന്ന് ഉറപ്പാക്കാൻ കർശന നിർദ്ദേശം നൽകിയത്. എല്ലാ ജില്ലകളിലും പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെയും വൃത്തിഹീനമായും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിർത്തിവയ്പിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തുണ്ടാകുന്ന

ഭക്ഷ്യവിഷബാധ പോലുള്ളവ അടിയന്തര ഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികളെടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിന് മുമ്പുതന്നെ തടയുന്നതിനും രഹസ്യസ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ഭക്ഷ്യ സുരക്ഷ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ജനങ്ങൾ ഭക്ഷ്യവിഷബാധയെക്കുറിച്ചുള്ള ഭയപ്പാടിലാണ്. ധാരാളം പരിശോധനകൾ നടത്തുകയും ഭക്ഷ്യയോഗ്യമല്ലാത്ത ആഹാരസാധനങ്ങൾ കണ്ടെത്തുകയും കടയുടമകളുടെ പേരിൽ നടപടിയെടുക്കുമെന്ന് പറയുകയും ചെയ്യുന്നുണ്ടെങ്കിലും പരിശോധനയിൽ പിടിക്കപ്പെടുന്ന കടകൾ ശുചിത്വമില്ലാതെയും പ്രശ്നം പരിഹരിക്കപ്പെടാതെയും അന്നോ അടുത്തദിവസമോ തുറന്നുപ്രവർത്തിപ്പിക്കുന്ന അവസ്ഥയാണുള്ളത്. പിടിക്കപ്പെടുന്ന കടകളുടെ മോശമായ അവസ്ഥ ഉദ്യോഗസ്ഥർക്കും അറിയാം. അതിനാൽ അവ പരിഹരിച്ചശേഷം മാത്രം വീണ്ടും തുറക്കാനുള്ള നടപടി സ്വീകരിക്കുമോ; അന്നോ തൊട്ടടുത്ത ദിവസമോ തുറക്കുന്നതിൽനിന്നും വ്യത്യസ്തമായി പതിനഞ്ച് ദിവസമെങ്കിലും അടച്ചിടുന്നതിനുള്ള നിയമ ഭേദഗതി

കൊണ്ടുവരാൻ സാധിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, 2006-ലാണ് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്നത്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നത്. (....ബഹളം.....)

മി. സ്പീക്കർ: ദയവായി സീറ്റുകളിലേയ്ക്ക് പോകു. (....ബഹളം.....)

ശ്രീമതി വീണാ ജോർജ്: സർ, ഈ കാലഘട്ടത്തിൽ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പരിശോധനകൾ കർശനമാക്കാനാണ് ശ്രമിക്കുന്നത്. ഞാൻ കഴിഞ്ഞ ദിവസങ്ങളിൽ നിയമസഭയിൽ അവതരിപ്പിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. നമുക്ക് 140 സർക്കിളുകളാണുള്ളത്. അവിടെയുള്ള ഉദ്യോഗസ്ഥരെ കൂടാതെ പുതുതായി സംസ്ഥാനതലത്തിൽ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. പരിശോധനകൾ നടത്തുന്നുവെന്നത് മാത്രമല്ല അതിനുശേഷം നിയമപരമായി സ്വീകരിക്കേണ്ട അഡ്ജൂഡിക്കേഷൻ/പ്രോസിക്യൂഷൻ നടപടികൾ കൃത്യമായി സ്വീകരിക്കുന്നുവെന്നതും ഉറപ്പാക്കേണ്ടതുണ്ട്. നിയമപ്രകാരവും 2011-ലെ

റൂൾസ് ആൻഡ് റെഗുലേഷൻസ് പ്രകാരവും റെസ്റ്റോറന്റ്, ഹോട്ടൽ, ഭക്ഷണശാലകൾ എന്നിവിടങ്ങളിൽ നിയമത്തിനെതിരായി വൃത്തിരഹിതവും കാലപ്പഴക്കമുള്ളതും മായംചേർത്തതുമായ ഭക്ഷണം കണ്ടെടുക്കുന്ന സാഹചര്യത്തിൽ ഉടൻതന്നെ ആ സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള അധികാരം അതത് ഫുഡ് സേഫ്റ്റി ഓഫീസർമാർക്കുണ്ട്. അപ്രകാരം ലൈസൻസ് റദ്ദാക്കിയാൽ ആ ലൈസൻസ് തിരികെ ലഭിക്കാൻ പ്രയാസമായിരിക്കും. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ താൽക്കാലികമായി 15 ദിവസത്തേയ്ക്ക് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിന് സാധിക്കും. ഈ കാലഘട്ടത്തിൽ ഇത്തരം നടപടികൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി രണ്ടുമൂന്ന് കാര്യങ്ങൾ നിരീക്ഷിക്കുന്നുണ്ട്. ഒന്ന്, ഓൺലൈനിലൂടെ മാത്രമേ എല്ലാ നടപടികളും എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസും നടത്താൻ പാടുള്ളൂ എന്നതാണ്. അതായത്, കമ്മീഷണറേറ്റിന്റെ നേരിട്ടുള്ള മോണിറ്ററിംഗ് ഉണ്ടാകും. താൽക്കാലികമായി ലൈസൻസ് സസ്പെൻഡ് ചെയ്താൽ കമ്മീഷണറുടെ അനുമതിയോടുകൂടി മാത്രമേ അത്തരം സ്ഥാപനങ്ങൾ പിന്നീട് തുറന്നുപ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഒരു സ്ഥാപനം അടപ്പിച്ചാൽ അതേ സ്ഥാപനം മറ്റൊരു പേരിൽ മറ്റൊരിടത്ത് പ്രവർത്തിക്കുന്നതായി

ചിലയിടങ്ങളിൽ കണ്ടിട്ടുണ്ട്. അത് കുറ്റകരമാണ്. നിയമം കൃത്യമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസിന്റെ തുടർച്ചയായ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കമ്മീഷണറേറ്റിൽ ഒരു ലാ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ട് ഈ നടപടികളിലെ കൃത്യത ഉറപ്പുവരുത്തുന്നുണ്ട്. (....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... ഇതൊരു burning issue ആണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, സാധാരണയായി പുതിയ ഹോട്ടലുകൾ ആരംഭിക്കാൻ പഞ്ചായത്തിന്റെ അനുമതിയാണ് വാങ്ങുന്നത്. അതിന് സമാന്തരമായി ഫുഡ് സേഫ്റ്റി വകുപ്പ് ഒരു ഹോട്ടൽ തുടങ്ങുന്നതിന് എത്ര ഫ്രീസർ/ഫ്രിഡ്ജ് വേണം, എങ്ങനെ ഫുഡ് സൂക്ഷിക്കണം എന്നതിനെക്കുറിച്ചെല്ലാം മാനദണ്ഡം പുറപ്പെടുവിക്കുകയും ഓൺലൈനിൽത്തന്നെ അവ പരിശോധിച്ച് അംഗീകാരം നൽകുകയും ചെയ്യുന്ന സംവിധാനം കൊണ്ടുവരണം. കോടതിയിലെത്തുമ്പോൾ പലപ്പോഴും ഫുഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട കേസ്സുകൾ വിട്ടുപോകുകയാണ് ചെയ്യുന്നത്. പാൽ ഉൾപ്പെടെയുള്ള ഭക്ഷണപദാർത്ഥങ്ങളിലെ വിഷാംശം സമയം കഴിഞ്ഞ് പരിശോധിക്കുന്നതിനാൽ പലപ്പോഴും കണ്ടെത്താൻ

കഴിയാറില്ല. അതിനാൽ പരിശോധന നടക്കുന്ന സമയത്തുതന്നെ സാമ്പിളെടുക്കാനും പെട്ടെന്നുതന്നെ പരിശോധന നടത്തി ഫലം കണ്ടെത്താനും കഴിയുന്ന മൊബൈൽ യൂണിറ്റുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, രണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ഒന്ന്, ലൈസൻസുമായി ബന്ധപ്പെട്ട കാര്യമാണ്. 12 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ആവശ്യമാണ്. പ്രസ്തുത തുകയ്ക്ക് താഴെ വാർഷിക വരുമാനമുള്ള സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ മതിയാകും. ഏത് ഭക്ഷണശാലയായാലും, ഹോട്ടലുകളോ റെസ്റ്റോറന്റുകളോ കാറ്ററിംഗ് സ്ഥാപനങ്ങളോ തട്ടുകടകളോ ഏതായാലും വാർഷിക വരുമാനമനുസരിച്ചുള്ള ലൈസൻസോ രജിസ്ട്രേഷനോ ഉണ്ടാകണമെന്നുള്ളത് നിർബന്ധമാണ്. ഇതിനുവേണ്ട പ്രത്യേക ഡ്രൈവുകൾ അതത് സർക്കിളുകളിൽ/ജില്ലകളിൽ ഭക്ഷ്യ സുരക്ഷ വകുപ്പ് നടത്തുന്നുണ്ട്. ഓൺലൈനായി അപേക്ഷിച്ച് ഇത്ര ദിവസത്തിനകം ലൈസൻസ് ലഭിച്ചാലും നിശ്ചിത ദിവസത്തിനുള്ളിൽ ഫിസിക്കലായി പരിശോധന നടത്തി എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ അത് റെക്ടിഫൈ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകണമെന്നതാണ് ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക്

നൽകിയിരിക്കുന്ന നിർദ്ദേശം. രണ്ടാമത്തേത്, സാമ്പിളെടുക്കുന്നത് സംബന്ധിച്ചാണ്. ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം സാമ്പിളെടുക്കുന്നതിന് ചില മാനദണ്ഡങ്ങളുണ്ട്. ഒന്ന്, 2006-ലെ ഭക്ഷ്യ സുരക്ഷ ഗുണനിലവാര നിയമപ്രകാരം അതത് സർക്കിളുകളിലെ എഫ്.എസ്.ഒ.-മാർക്ക് മാത്രമാണ് ഫുഡ് സാമ്പിളുകൾ ശേഖരിക്കാൻ സാധിക്കുന്നത്. ഫുഡ് സാമ്പിളുകൾ ശേഖരിക്കുമ്പോൾ അത് സീൽ ചെയ്യണം. ഓരോ എഫ്.എസ്.ഒ.-യ്ക്കും പ്രത്യേകം സീലാണുള്ളത്, അത് മറ്റൊരാൾക്ക് ഉപയോഗിക്കാൻ കഴിയില്ല. സീൽ ചെയ്ത് കോൾഡ് ചെയിനിലാണ് അതത് ലാബുകളിലേയ്ക്കെടുക്കുന്നത്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി മൂന്ന് അക്രഡിറ്റഡ് അനലറ്റിക്കൽ ലാബുകളാണുള്ളത്. രാജ്യത്ത് ആദ്യമായി ഇന്റഗ്രേറ്റഡ് അക്രഡിറ്റേഷൻ ലഭിച്ചതും കേരളത്തിലെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രസ്തുത ലാബുകൾക്കാണ്. 2021 ഡിസംബർ മുതൽ 2022 മാർച്ച് വരെയുള്ള മാസങ്ങളിലാണ് അത് ലഭിച്ചിട്ടുള്ളത്. അതുപോലെ എല്ലാ ജില്ലകളിലും മൊബൈൽ ഭക്ഷ്യ സുരക്ഷാ ലാബുകളുള്ള സംസ്ഥാനവും കേരളമാണ്. ഈ സർക്കാരിന്റെ കാലത്ത് 6 മൊബൈൽ ഭക്ഷ്യ സുരക്ഷാ ലാബുകൾകൂടി അനുവദിച്ചിട്ടുണ്ട്. അപ്രകാരം എല്ലാ ജില്ലകളിലും ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. ഏതായാലും

പൊതുജനാരോഗ്യത്തെ ബാധിക്കുന്ന വിഷയമെന്ന നിലയിൽ കർശനമായിത്തന്നെ ഭക്ഷ്യസുരക്ഷാ പരിശോധനകൾ മുന്നോട്ടുകൊണ്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്. (....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ ഫ്ലോർ ഓർഡറിലാക്കൂ. പ്ലീസ്....പ്ലീസ്....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സാധാരണഗതിയിൽ ഇത്തരം സംഭവങ്ങളുണ്ടായാൽ ചോദ്യോത്തരവേള സസ്പെൻഡ് ചെയ്യുന്നതാണ് പ്രീസിഡന്റ്; അത് ചെയ്യണം. (....ബഹളം...)

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, സങ്കീർണ്ണമായ ഭക്ഷ്യവിഷബാധ ഭാവിയിലുണ്ടാകാതിരിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കണം. ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട് താഴെത്തട്ടിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥർ ആരാണ്; അവരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാമോ; മറ്റ് വകുപ്പുകളുടെ സഹകരണം ഇക്കാര്യത്തിൽ തേടിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, (....ബഹളം...) മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട ചെയറിനെ പ്രതിപക്ഷം മറയ്ക്കുകയാണ്. ഇതുവരെ സഭയിലുണ്ടാകാത്ത രീതിയിലുള്ള കാര്യമാണ് പ്രതിപക്ഷം ചെയ്യുന്നത്. ഇത്

പ്രതിഷേധാർഹമാണ്. എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസിനെക്കുറിച്ചുള്ള വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. രാജ്യത്തുണ്ടായിരുന്ന പല നിയമങ്ങളും റദ്ദുചെയ്തുകൊണ്ട് ദേശീയ തലത്തിൽ ഒരു ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നത് 2006-ലാണ്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർക്കാണ് എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസിന്റെ ഉത്തരവാദിത്വമുള്ളത്. സംസ്ഥാനത്ത് 140 സർക്കിളുകളാണുള്ളത്. ഈ സർക്കിളുകളുടെ ജിയോഗ്രഫിക്കൽ ഏര്യ ഓരോ നിയമസഭാമണ്ഡലത്തിലാണ്. 140 നിയമസഭാമണ്ഡലങ്ങൾ 140 സർക്കിളുകൾ എന്ന നിലയിലാണുള്ളത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഫുഡ് സാമ്പിളുകളെടുക്കുന്നതിനുള്ള അധികാരം ഭക്ഷ്യ സുരക്ഷാ ഓഫീസർക്കാണുള്ളത്. എന്നാൽ സംസ്ഥാനത്തെ പഞ്ചായത്ത് രാജ്-പഞ്ചായത്ത് നഗരപാലിക നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ഭക്ഷണശാലകളിലെ ശുചിത്വം ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഞാനും ഇതുസംബന്ധിച്ച് ഒരു യോഗം ചേർന്നിരുന്നു. നിലവിൽ ഹോട്ടൽ, റെസ്റ്റോറന്റ്, മറ്റ് ഭക്ഷണശാലകൾ എന്നിവിടങ്ങളിലെ പൊതുവായ

അന്തരീക്ഷം, ശുചിത്വം എന്നിവ ഉറപ്പാക്കുന്നതിനും അത് ലംഘിക്കപ്പെട്ടാൽ അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആരോഗ്യ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് സാധിക്കുന്നതുമാണ്. ഇത്തരത്തിലുള്ള ഏതെങ്കിലും ഫുഡ് സാമ്പിളുകൾ പരിശോധനയ്ക്കെടുക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക് തോന്നുകയാണെങ്കിൽ ഭക്ഷ്യ സുരക്ഷ വിഭാഗത്തെ അറിയിക്കാവുന്നതാണ്. ഇത്തരത്തിൽ സഹകരണം ഉറപ്പാക്കിക്കൊണ്ടാണ് രണ്ട് വകുപ്പുകളും മുന്നോട്ടുപോകുന്നത്. നിലവിൽ 140 സർക്കിളുകളിലായി 140 ഭക്ഷ്യ സുരക്ഷ ഓഫീസർമാരാണുള്ളത്. അതുകൂടാതെ ജില്ലാതലത്തിൽ അസിസ്റ്റന്റ് കമ്മീഷണർ ഉൾപ്പെടെയുള്ളവരുണ്ട്. സംസ്ഥാന തലത്തിൽ ജോയിന്റ് കമ്മീഷണർമാർ, ലാബുകളിലെ ഉദ്യോഗസ്ഥർ അതിനുമുകളിൽ കമ്മീഷണർ എന്നിങ്ങനെയുള്ള ഒരു ഘടനയാണുള്ളത്. ഏതാണ്ട് എഴുനൂറ്റമ്പതോളം ഉദ്യോഗസ്ഥരാണ് ഭക്ഷ്യ സുരക്ഷ വിഭാഗത്തിലുള്ളത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസ് സമയബന്ധിതമായി നടപ്പാക്കുന്നുണ്ട്. പരിശോധനകൾ നടത്തി അഡ്ജ്യൂഡിക്കേഷൻ നടപടികളാണോ പ്രോസിക്യൂഷൻ നടപടികളാണോ സ്വീകരിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് തുടർനടപടികൾ സമയബന്ധിതമായി

തീർപ്പാക്കുന്നതിനായി സ്റ്റേറ്റ് തലത്തിൽ അദാലത്ത് സംഘടിപ്പിച്ച് കൃത്യമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. കമ്മീഷണറേറ്റ് തലത്തിൽ ഈ പ്രർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഒരു ലാ ഓഫീസറെ ഇതുമായി ബന്ധപ്പെട്ട് നിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. (....ബഹളം....)

ശ്രീ. തോമസ് കെ. തോമസ്: സർ, സഭാനടപടികൾ അലങ്കോലപ്പെടുത്തുന്ന പ്രതിപക്ഷത്തിന്റെ പ്രാകൃതമായ ഈ നടപടി പ്രതിഷേധാർഹമാണ്, ഇത് അനുവദിക്കാൻ പാടില്ല. കോടിക്കണക്കിന് ജനങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ചോദ്യോത്തരവേളയാണ് നടക്കുന്നത്. ഇത് സുഗമമായി നടത്താനുള്ള സംവിധാനമൊരുക്കേണ്ടത് അങ്ങയുടെ കടമയാണ്. ഹോട്ടലിൽനിന്ന് ഭക്ഷണം കഴിക്കാത്ത ഒരു വ്യക്തിയും ഇവിടെ ഇരിപ്പില്ല. ഭക്ഷ്യ സുരക്ഷ നന്നായി മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്ന മന്ത്രിയെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം തളർത്തുന്ന രീതിയിലുള്ള ഇവരുടെ പ്രവർത്തനശൈലിയോട് വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഭക്ഷ്യ സുരക്ഷ വകുപ്പിനെ ആധുനികവൽക്കരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, ഭക്ഷ്യ സുരക്ഷാ വകുപ്പിനെ

ആധുനികവൽക്കരിക്കുന്നതിനുള്ള നിരവധി പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത്. ഭക്ഷണശാലകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. കാലോചിതമായി നടത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങളെക്കുറിച്ച് ഞാൻ കഴിഞ്ഞ ദിവസം സഭയിൽ പരാമർശിച്ചിരുന്നു. പതിനാല് ജില്ലകളിലെയും ഹൈജീൻ റേറ്റിംഗിലേയ്ക്ക് വന്നിട്ടുള്ള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും വിവരങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്കരീതിയിൽ Eat Right Now എന്ന മൊബൈൽ ആപ്പ് ഡെവലപ് ചെയ്തിട്ടുണ്ട്. അത് പ്ലേസ്റ്റോറിൽ ലഭ്യമാകുന്നതാണ്, എത്രയുംവേഗം ലോഞ്ച് ചെയ്യും. അതോടൊപ്പം നമ്മൾ ഒരു ഹോട്ടലിലോ റെസ്റ്റോറന്റിലോ പോയാൽ അവിടെ പഴകിയ ഭക്ഷണമോ വൃത്തിഹീനമായ അന്തരീക്ഷമോ ഉണ്ടെങ്കിൽ അപ്പോൾത്തന്നെ ഒരു ഫോട്ടോയോ വീഡിയോയോ എടുത്ത് ഭക്ഷ്യ സുരക്ഷ വകുപ്പിനെ അറിയിക്കത്തക്ക രീതിയിലുള്ള ഗ്രീവൻസ് പോർട്ടലിനും രൂപം നൽകിയിട്ടുണ്ട്. രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ അതും പൊതുജനങ്ങൾക്കായി സമർപ്പിക്കും. ഭക്ഷണശാലകളുമായി ബന്ധപ്പെട്ട് ആരോഗ്യപരമായ മത്സരമുണ്ടാകുന്നതിനും സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള വലിയ ഇടപെടലായാണ് ഹൈജീൻ റേറ്റിംഗിനെ

കാണുന്നത്. 'കേരളം സുരക്ഷിത ഭക്ഷണയിടം' എന്നതാണ് നമ്മുടെ ലക്ഷ്യം. ഇതിനായി തട്ടുകട മുതലുള്ള എല്ലാ ഭക്ഷണശാലകളും വൃത്തിയുള്ളതും സുരക്ഷിതവുമായ ഭക്ഷണം നൽകുന്നുവെന്ന് ഉറപ്പാക്കുന്നതിന് 'Clean Street-Food Hubs' ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുകയാണ്. ഇപ്പോൾ നാലിടങ്ങളിൽ ഇത് നടപ്പിലാക്കിക്കഴിഞ്ഞു. കൂടുതൽ തെരുവുകൾ സുരക്ഷിത ഭക്ഷണയിടങ്ങളാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയാണ്. ആഭ്യന്തര/വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കേരളത്തിന്റെ രുചിവൈവിദ്ധ്യം അറിയുന്നതിനായി ആളുകളെത്തുന്ന രീതിയിലുള്ള സുരക്ഷിത ഭക്ഷണയിടമായി കേരളത്തെ മാറ്റുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതൊരു പൊതു ഉത്തരവാദിത്വമാണ്. ഇപ്പോൾ പുറത്തുപോയി ഭക്ഷണം കഴിക്കുന്നവരുടെയും പാഴ്സലുകൾ വാങ്ങുന്നവരുടെയും എണ്ണം കൂടിയിട്ടുണ്ട്. അതുകൊണ്ടാണ് പാഴ്സലുകളിൽ ഭക്ഷണം പാകം ചെയ്ത സമയവും അവ എത്ര മണിക്കൂറിനുള്ളിൽ ഉപയോഗിക്കണമെന്നതും കൃത്യമായി രേഖപ്പെടുത്തണമെന്ന നിബന്ധന നിർബന്ധമാക്കിയത്. പാഴ്സലിൽ രേഖപ്പെടുത്തിയിട്ടുള്ള സമയത്തിനുള്ളിൽത്തന്നെ ആ ഭക്ഷണം കഴിക്കുന്നുവെന്ന് ഉറപ്പാക്കണം. ഇതുകൂടാതെ നേരത്തെ സൂചിപ്പിച്ചതുപോലെ എല്ലാ പരിശോധനകളും എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസും

ഓൺലൈനാക്കിയിട്ടുണ്ട്. അതുപോലെ മൊബൈൽ ഭക്ഷ്യ പരിശോധന ലാബുകൾ എല്ലാ ജില്ലകളിലും സജ്ജമാക്കിയിട്ടുണ്ട്. അനലറ്റിക്കൽ ലാബുകൾക്ക് ഇന്റഗ്രേറ്റഡ് അക്രഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്. ആ രീതിയിലുള്ള ആധുനികവൽക്കരണം ഭക്ഷ്യ സുരക്ഷ വകുപ്പുമായി ബന്ധപ്പെട്ട് നടത്തുന്നുണ്ട്. (....ബഹളം...)

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, സ്പീക്കറുടെ ഡയസിലേയ്ക്ക് കയറാൻ ശ്രമിക്കുന്ന പ്രതിപക്ഷ മെമ്പർമാരെ പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും പ്രോത്സാഹിപ്പിക്കുകയാണ്. കേരള ജനതയെ ഒറ്റുകൊടുക്കുന്നവരുടെ പരിശ്രമമാണ്, ഇത് അനുവദിക്കരുത്. തലപ്പിള്ളി താലൂക്കാസ്ഥാനമായ വടക്കാഞ്ചേരി ടൗണിന്റെ ഹൃദയഭാഗത്ത് ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ പത്ത് സെന്റ് സ്ഥലവും ഒരു പഴയ കെട്ടിടവുമുണ്ട്. അവിടെയാണ് ഭക്ഷ്യ സുരക്ഷ ഓഫീസ് പ്രവർത്തിക്കുന്നത്. ഈ ഓഫീസ് പുതുക്കിപ്പണിയുന്നതിനായി ബഡ്ജറ്റിൽ 1.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വടക്കാഞ്ചേരിയിൽ ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ സോണൽ ഓഫീസും ഒരു ലാബും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി 7 കോടി രൂപ

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം സഭയെ അറിയിച്ചിരുന്നു. ഈ ഘട്ടത്തിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആവശ്യം പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ: നിരവധി തവണ ആവശ്യപ്പെട്ടിട്ടും പ്രതിപക്ഷാംഗങ്ങൾ ഒരുതരത്തിലും ചെയറുമായി സഹകരിക്കാൻ തയ്യാറാകുന്നില്ല. ഇന്നത്തെ ചോദ്യോത്തരവേളയിൽ വളരെ റീസന്റായ ഇഷ്യൂസാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രതിപക്ഷാംഗങ്ങൾ സഹകരിക്കാത്തത് നിർഭാഗ്യകരമാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഇന്നത്തെ ചോദ്യോത്തരവേളയുടെ അവശേഷിക്കുന്ന ഭാഗം റദ്ദ് ചെയ്ത് കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടികളിലേക്ക് നീങ്ങുകയാണ്. ഇന്ന് ഷെഡ്യൂൾ ചെയ്തിട്ടുള്ള ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവയുടെ മറുപടികൾ ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവയ്ക്കേണ്ടതാണ്.+

09:26 AM]

## II മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ലിസ്റ്റ് 1 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 132/2023 | ജി.ഒ.(ആർ.ടി.)നം.194/2023/ഹോം | 25.01.2023 | അല്ല |
| 2 | 133/2023 | ജി.ഒ.(ആർ.ടി.)നം.200/2023/ഹോം | 25.01.2023 | അല്ല |
| 3 | 136/2023 | ജി.ഒ.(ആർ.ടി.)നം.202/2023/ഹോം | 25.01.2023 | അല്ല |
| 4 | 155/2023 | ജി.ഒ.(എം.എസ്.)നം. 14/2023/ജി.എ.ഡി. | 30.01.2023 | അല്ല |

II. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഗുരുവായൂർ ദേവസ്വം | 2019 | ഭരണ റിപ്പോർട്ട് | അതെ |

III. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 1133/2022 | ജി.ഒ.(പി) നം.150/2022/ടാക്സസ് | 25.11.2022 | അല്ല |

| | | | | |
|---|---|---|---|---|
| 2. | 72/2023 | ജി.ഒ.(പി)നം.5/2023/ടാക്സസ് | 13.01.2023 | അല്ല |
| 3. | 73/2023 | ജി.ഒ.(പി)നം.6/2023/ടാക്സസ് | 13.01.2023 | അല്ല |
| 4. | 139/2023 | ജി.ഒ.(പി)നം.12/2023/ടാക്സസ് | 27.01.2023 | അല്ല |
| 5. | 162/2023 | ജി.ഒ.(പി)നം.16/2023/ടാക്സസ് | 31.01.2023 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2019-21 | കേരളത്തിന്റെ റവന്യൂ മേഖലയെ സംബന്ധിച്ച സംയോജിത അനുവർത്തന ആഡിറ്റ് റിപ്പോർട്ട് | ബാധകമല്ല |
| 2 | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2021-22 | ഫിനാൻസ് അക്കൗണ്ട്സും (vol. I & II) അപ്രോപ്രിയേഷൻ അക്കൗണ്ട്സും സംബന്ധിച്ച റിപ്പോർട്ട് | ബാധകമല്ല |

IV. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 175/2023 | ജി.ഒ.(പി)നം.5/2023/ലോ | 30.01.2023 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

V. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 52/2023 | ജി.ഒ.(പി)നം.3/2023/കോ-ഓപ്പ് | 10.01.2023 | അല്ല |
| 2 | 55/2023 | ജി.ഒ.(പി)നം.5/2023/കോ-ഓപ്പ് | 11.01.2023 | അല്ല |
| 3 | 92/2023 | ജി.ഒ.(പി)നം.10/2023/കോ-ഓപ്പ് | 16.01.2023 | അല്ല |
| 4 | 117/2023 | ജി.ഒ.(പി)നം.13/2023/കോ-ഓപ്പ് | 20.01.2023 | അല്ല |
| 5 | 118/2023 | ജി.ഒ.(പി)നം.16/2023/കോ-ഓപ്പ് | 20.01.2023 | അല്ല |
| 6 | 122/2023 | ജി.ഒ.(പി) നം.14/2023/കോ-ഓപ്പ് | 20.01.2023 | അല്ല |
| 7 | 125/2023 | ജി.ഒ.(പി)നം.18/2023/കോ-ഓപ്പ് | 23.01.2023 | അല്ല |
| 8 | 126/2023 | ജി.ഒ.(പി)നം.15/2023/കോ-ഓപ്പ് | 20.01.2023 | അല്ല |
| 9 | 127/2023 | ജി.ഒ.(പി)നം.17/2023/കോ-ഓപ്പ് | 23.01.2023 | അല്ല |
| 10 | 134/2023 | ജി.ഒ.(പി)നം.22/2023/കോ-ഓപ്പ് | 25.01.2023 | അല്ല |
| 11 | 141/2023 | ജി.ഒ.(പി)നം.23/2023/കോ-ഓപ്പ് | 27.01.2023 | അല്ല |
| 12 | 146/2023 | ജി.ഒ.(പി)നം.20/2023/കോ-ഓപ്പ് | 24.01.2023 | അല്ല |
| 13 | 149/2023 | ജി.ഒ.(പി)നം.24/2023/കോ-ഓപ്പ് | 28.01.2023 | അല്ല |
| 14 | 150/2023 | ജി.ഒ.(പി)നം.25/2023/കോ-ഓപ്പ് | 28.01.2023 | അല്ല |
| 15 | 151/2023 | ജി.ഒ.(പി)നം.26/2023/കോ-ഓപ്പ് | 29.01.2023 | അല്ല |
| 16 | 152/2023 | ജി.ഒ.(പി)നം.27/2023/കോ-ഓപ്പ് | 30.01.2023 | അല്ല |
| 17 | 157/2023 | ജി.ഒ.(പി)നം.30/2023/കോ-ഓപ്പ് | 30.01.2023 | അല്ല |
| 18 | 163/2023 | ജി.ഒ.(പി)നം. 28/2023/കോ-ഓപ്പ് | 30.01.2023 | അല്ല |
| 19 | 164/2023 | ജി.ഒ.(പി)നം.29/2023/കോ-ഓപ്പ് | 30.01.2023 | അല്ല |
| 20 | 165/2023 | ജി.ഒ.(പി)നം.31/2023/കോ-ഓപ്പ് | 31.01.2023 | അല്ല |

VI. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 140/2023 | ജി.ഒ.(എം. എസ്.) നം.1/2023/എസ്.ജെ.ഡി. | 27.01.2023 | അല്ല |

VII. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 94/2023 | ജി.ഒ.(പി)നം. 12/2023/എൽ.ബി.ആർ. | 16.01.2023 | അല്ല |
| 2 | 124/2023 | സ.ഉ.(അച്ചടി)നം. 15/2023/തൊഴിൽ | 23.01.2023 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് | 2021-22 | വാർഷിക റിപ്പോർട്ട് | അതെ |

VIII. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

IX. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 71/2023 | സ.ഉ.(അച്ചടി)നം. 1/2023/ആ.ക.വ. | 12.01.2023 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് | 2019-20<br>2020-21 | വാർഷിക റിപ്പോർട്ട് | അതെ |

X. നിയമസഭ സെക്രട്ടറി (ശ്രീ. എ. എം. ബഷീർ): സർ, നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ആക്റ്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2023 | 5 | 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ആക്റ്റ് |
| 2 | 2023 | 6 | 2022-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ് |
| 3 | 2023 | 7 | 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ആക്റ്റ് |

ലിസ്റ്റ്-2 പ്രകാരമുള്ളത്

ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 5508, പതിനഞ്ചാം സമ്മേളനത്തിലെ 3551, പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 2075, 2079, 2084, 2088 അഞ്ചാം സമ്മേളനത്തിലെ 2043 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2317 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 3424, 5193 മൂന്നാം സമ്മേളനത്തിലെ 4155, നാലാം സമ്മേളനത്തിലെ 523, അഞ്ചാം സമ്മേളനത്തിലെ 2341, ആറാം സമ്മേളനത്തിലെ 524, ഏഴാം

സമ്മേളനത്തിലെ 472, 473, 474, 479, 480, 481, 482, 483, 485, 487, 488, 489, 490, 493, 494, 495, 497, 498, 506, 507, 578 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 3243, പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 2231 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

5. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 1327 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത്

യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

6. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 3082, പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 1377, അഞ്ചാം സമ്മേളനത്തിലെ 4957, ഏഴാം സമ്മേളനത്തിലെ 1468 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

7. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 1285, അഞ്ചാം സമ്മേളനത്തിലെ 1221, ആറാം സമ്മേളനത്തിലെ 1189, ഏഴാം സമ്മേളനത്തിലെ 1403 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത

ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 3911, ആറാം സമ്മേളനത്തിലെ 2125, ഏഴാം സമ്മേളനത്തിലെ 285, 2355 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## III. റിപ്പോർട്ടുകളുടെ സമർപ്പണം

### പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയെട്ട് മുതൽ മുപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ

ഡോ. കെ. ടി. ജലീൽ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അംഗമായ ഞാൻ സമിതിയുടെ ഇരുപത്തിയെട്ട് മുതൽ മുപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ ചെയർമാനുവേണ്ടി സമർപ്പിക്കുന്നു.

## IV. ധനകാര്യം

### 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 64,40,01,000/- രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,56,25,000/- രൂപയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 33,59,84,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 79,69,97,000/- രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,63,00,000/- രൂപയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,30,41,000/- രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,12,51,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 32,65,00,000/- രൂപയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 18,11,37,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വം പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,40,00,000/- രൂപയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1426,00,73,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വം പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 950,80,10,000/- രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ 6,90,03,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 817,82,05,000/- രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1267,33,59,000/- രൂപയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 70,00,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1898,05,84,000/- രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 58,20,05,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,00,01,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 188,31,06,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 115,21,79,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 288,51,93,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 153,80,59,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 65,66,37,000/- രൂപയുടെയും ഗ്രാമവികസനം വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/-രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

13,48,63,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,99,67,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, തുറമുഖം എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1858,09,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വം പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 64,40,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,56,25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 33,59,84,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 79,69,97,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,63,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,30,41,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,12,51,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ

പേരിൽ 32,65,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 18,11,37,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,40,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1426,00,73,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന

പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 950,80,10,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,90,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 817,82,05,000 രൂപയുടെ

ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1267,33,59,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

70,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1898,05,84,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 58,20,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 188,31,06,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 115,21,79,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 288,51,93,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 153,80,59,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 65,66,37,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,48,63,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,99,67,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1858,09,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ചകൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 28,61,65,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6615,87,24,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 643,98,33,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും 2023 ഫെബ്രുവരി 27-ാം തീയതി വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 ഫെബ്രുവരി മാസം 27-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 09.47-ന് പിരിഞ്ഞു.)

**അനുബന്ധം**

# I. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാലിന്യ സംസ്കരണ സംവിധാനം

3 (*153) ശ്രീമതി കെ. കെ. രമ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഫലപ്രദമായ മാലിന്യസംസ്കരണ സംവിധാനം നടപ്പാക്കാത്തതുകാരണം അവിടങ്ങളിലെ ശുചിമുറികളുടെയും വാർഡുകളുടെയും വൃത്തിഹീനമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. വാർഡുകൾ, ഒ.പി.-കൾ, തിയേറ്ററുകൾ തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യം

കളർകോഡ് ചെയ്ത ബക്കറ്റുകളിൽ ശേഖരിക്കപ്പെടുന്നു.കയും ഉറവിടത്തിൽ ശേഖരിക്കപ്പെടുന്ന ഈ മാലിന്യങ്ങളിലെ ബയോമെഡിക്കൽ മാലിന്യം ഉറവിടത്തിൽത്തന്നെ ടാഗ് ചെയ്ത് സുരക്ഷിതമാക്കുകയും ചെയ്യുന്നു. തുടർന്ന് ബയോമെഡിക്കൽ മാലിന്യം മാത്രം ശേഖരിക്കുന്നതിന് നിയമിക്കപ്പെട്ടിരിക്കുന്ന ജീവനക്കാർ അതത് ദിവസം അവ ശേഖരിച്ച് സെൻട്രൽ സ്റ്റോറേജ് സ്റ്റേഷനിൽ എത്തിക്കുന്നു. ഈ മാലിന്യം KEIL (Kerala Environment Infrastructure Limited), IMAGE എന്നീ ഏജൻസികൾ മുഖേന നിർമ്മാർജ്ജനം ചെയ്യുന്നു. ടി ഏജൻസികൾ എല്ലാ ദിവസവും ബയോമെഡിക്കൽ മാലിന്യം സെൻട്രൽ സ്റ്റോറേജ് സ്റ്റേഷനിൽനിന്നും ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നു.

ഭക്ഷണ മാലിന്യവും മറ്റ് മാലിന്യങ്ങളും ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ബിന്നുകളിൽ സൂക്ഷിക്കുന്നു. ഉറവിടത്തിൽനിന്നും മാലിന്യം സ്വീകരിക്കുന്നതിനുവേണ്ടി വിവിധ ഷിഫ്റ്റുകളിലായി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർ അതത് ഭക്ഷണ മാലിന്യം ശേഖരിച്ച് ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് ആയവ നിർമ്മാർജ്ജനം ചെയ്യുന്നു.

വിവിധ ഷിഫ്റ്റുകളിലായി ഗ്രേഡ്-2 അറ്റൻഡന്റുമാർ വാർഡുകൾ തുത്തുതുടച്ച് വൃത്തിയാക്കുന്നുണ്ട്. ശുചിമുറികൾ 3 നേരം വൃത്തിയാക്കുന്നുണ്ട്.

വാർഡുകളിലുണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ ഒഴികെയുള്ളവയിൽ ആഹാരാവശിഷ്ടങ്ങൾ, പേപ്പർ, പ്ലാസ്റ്റിക് കുപ്പികൾ എന്നിങ്ങനെ തരംതിരിച്ച് ഓരോ ദിവസവും വാർഡിന് പുറത്തെത്തിക്കുന്നു. ഭക്ഷണ മാലിന്യം ശേഖരിച്ച് ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നു. പേപ്പർ വേസ്റ്റുകൾ ഇൻസിനറേറ്ററിൽ എത്തിച്ച് കത്തിച്ചുകളയുന്നു. കുപ്പികൾ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ കരാറുകാരന് നൽകി സുരക്ഷിതമായി സംസ്കരിച്ചുവരുന്നു.

മുൻകാലത്തെ അപേക്ഷിച്ച് സർക്കാർ ആശുപത്രികളിലേയ്ക്ക് എത്തുന്ന രോഗികളുടെ എണ്ണം വളരെയധികം വർദ്ധിച്ചതിന്റെ ഫലമായി മാലിന്യ നിർമ്മാജ്ജനത്തിലും ശുചീകരണത്തിലുമുണ്ടാകാൻ സാധ്യതയുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന രോഗിയെ എലി കടിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തിയിരുന്നു. കാഷ്വൽറ്റി ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ., എമർജൻസി മെഡിസിൻ വിഭാഗം വകുപ്പുമേധാവി, ചീഫ് നഴ്സിംഗ് ഓഫീസർ, എമർജൻസി മെഡിസിൻ വിഭാഗം ചുമതലയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ, ഓഫീസർ-ഇൻ-ചാർജ്, ഹൗസ് കീപ്പിംഗ് വിഭാഗം എന്നിവർ ചേർന്നുള്ള ഒരു സമിതി ഇക്കാര്യം പരിശോധിക്കുകയും സാഹചര്യങ്ങൾ വിലയിരുത്തുകയും ചെയ്തു. ഹൗസ് കീപ്പിംഗ് വിഭാഗത്തിന്റെ പരിശോധനയിൽ സമീപത്തുള്ള ഓടയ്ക്കരികിൽ ഉണ്ടായിരുന്ന വിടവുകളിലൂടെയാണ് എലി ഈ വിഭാഗത്തിലേയ്ക്ക് പ്രവേശിച്ചത്. ഇക്കാര്യം പൊതുമരാമത്ത് വിഭാഗത്തെ അറിയിക്കുകയും ടി വിടവുകൾ അടയ്ക്കുകയും ഓട സ്ലാബുകളിട്ട് മൂടുകയും ചെയ്തു.

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മെഡിക്കൽ കോളേജുകളിൽ Quality Accreditation നടപടികൾ ആരംഭിക്കാൻ തീരുമാനിച്ച് നടപടികൾ തുടങ്ങിയിട്ടുണ്ട്. Quality Accreditation-ലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം ശുചിത്വമാണ്.

<u>എലി നശീകരണത്തിനായി താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ച</u>

വരുന്നുണ്ട്.

- വാർഡുകൾ, ഒ.പി. തുടങ്ങിയ സ്ഥലങ്ങളിലെ ഭക്ഷണ മാലിന്യം അതാത് ഷിഫ്റ്റുകളിൽ പൂർണ്ണമായി നീക്കം ചെയ്തു വരുന്നു;
- വാർഡുകൾ, ഐ.സി.യു, ഒ.പി. തുടങ്ങിയ സ്ഥലങ്ങളിൽ എലിക്കെണിവച്ച് എലിയെ പിടിച്ച് നശിപ്പിക്കുന്നു;
- വെയർഹൗസിംഗ് കോർപ്പറേഷന്റെ സഹായത്തോടെ എലി നശീകരണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്;
- എലികൾ കയറിവരുന്ന ദ്വാരങ്ങൾ മുതലായവ അടച്ച് ഉറപ്പുവരുത്തുന്നു;
- കോമ്പൗണ്ടുകൾ എല്ലാ ദിവസവും വൃത്തിയാക്കുന്നു. കാണപ്പെടുന്ന മാളങ്ങൾ അടച്ച് ഉറപ്പുവരുത്തുന്നു;
- മെഡിക്കൽ കോളേജ് ആശുപത്രിയിലെ എലി/കീട നശീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത് കരാർ അടിസ്ഥാനത്തിൽ സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനും മേൽനോട്ടച്ചുമതല ആശുപത്രിയിലെ ഹൗസ് കീപ്പിംഗ് വിഭാഗത്തിനുമാണ്. ഈ രണ്ടു വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ആശുപത്രിയിൽ എലി നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു;

- എല്ലാ ദിവസവും 3 പ്രാവശ്യം മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാർഡുകൾ ക്ലീൻ ചെയ്യുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ കാഷ്വൽറ്റി ഉൾപ്പെടെ അധികമായി ക്ലീനിംഗ് നടത്താറുണ്ട്. ബന്ധപ്പെട്ട വാർഡുകളിലെ സീനിയർ നഴ്സിംഗ് ഓഫീസറെ (ഹെഡ് നഴ്സ്) ക്ലീനിംഗ് ഉറപ്പുവരുത്തുന്നതിനായുള്ള നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഏരിയകളിലെ ക്ലീനിംഗ് സൂപ്പർവിഷനായി നഴ്സിംഗ് സൂപ്രണ്ടിനെയും നിയോഗിച്ചിട്ടുണ്ട്;

- ആശുപത്രി പരിസരം, ഒ.പി. ബ്ലോക്ക്, ആശുപത്രിയുടെ തറ എന്നിവയും വൃത്തിയാക്കുന്നത് നിരീക്ഷിക്കുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടറെ നിയോഗിച്ചിട്ടുണ്ട്. ആശുപത്രി ക്ലീനിംഗിനായി സാനിട്ടേഷൻ കമ്മിറ്റി നിലവിലുണ്ട്. ആർ.എം.ഒ., ഹെൽത്ത് ഇൻസ്പെക്ടർ, ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി, ചീഫ് നഴ്സിംഗ് ഓഫീസർ ഉൾപ്പെടുന്ന ടീം രണ്ടാഴ്ചയിലൊരിക്കൽ സാനിറ്ററി റൗണ്ട്സ് നടത്താറുണ്ട്. ഇതുകൂടാതെ ആശുപത്രി സൂപ്രണ്ട്, ചീഫ് നഴ്സിംഗ് ഓഫീസർ എന്നിവരും സാനിട്ടറി റൗണ്ട്സ് നടത്താറുണ്ട്;

- ബന്ധപ്പെട്ട അധികൃതരുടെ സഹകരണത്തോടെ വാർഡിലേയ്ക്ക് എലികൾ കടന്നുവരാനുള്ള മാർഗ്ഗങ്ങൾ അടയ്ക്കുകയും ഓടകൾ

വൃത്തിയാക്കുകയും മെയിന്റനൻസ് വർക്ക് നടത്തുകയും ചെയ്തിട്ടുണ്ട്.

**റേഷൻ കാർഡ് വിതരണം**

4 (*154) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വിഭാഗങ്ങളിലായി വിതരണം ചെയ്ത റേഷൻ കാർഡുകൾ എത്ര വീതമാണെന്ന് അറിയിക്കാമോ?

1. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 77313 പി.എച്ച്.എച്ച്. (പിങ്ക്) കാർഡുകളും 244012 എൻ.പി.എൻ.എസ്. (വെള്ള) കാർഡുകളും 6758 ക്ഷേമസ്ഥാപനങ്ങൾക്കുള്ള കാർഡുകളും ഉൾപ്പെടെ 328083 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു. റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ മാറ്റി വാടകയ്ക്കു താമസിക്കുന്നവർക്കും തെരുവോരത്ത് താമസിക്കുന്നവർക്കും ആധാർ കാർഡ്

പരിശോധിച്ച് റേഷൻ കാർഡ് നൽകാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്.

2. കൂടാതെ അനർഹർ കൈവശം വച്ചുവന്നിരുന്ന റേഷൻ കാർഡുകൾ സറണ്ടർ ചെയ്തത് ഉൾപ്പെടെ 20687 എ.എ.വൈ. കാർഡുകളും 266875 പി.എച്ച്.എച്ച്. കാർഡുകളും അർഹരായവർക്ക് തരം മാറ്റി നൽകാനും ഈ സർക്കാരിന്റെ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

3. ഇതിനുപുറമേ സർക്കാരിന്റെ രണ്ടാം വർഷ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 50461 പേർക്ക് മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ആവശ്യമായ രേഖകളില്ലാത്തതിനാൽ റേഷൻ കാർഡ് ലഭിക്കാത്തവരിൽ ഏഴായിരത്തിലധികം പേർ അതിദരിദ്രരായി കണ്ടെത്തിയിട്ടുള്ളതിനാൽ ഇവർക്ക് അടിയന്തരമായി കാർഡ് ലഭ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന നടപടികളുടെ ഭാഗമായി, റേഷൻ കാർഡ് ഇല്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ച് കാർഡ് അനുവദിക്കുന്നതിന് പൊതുവിതരണ വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. അപ്രകാരം അതിദരിദ്ര

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കാർഡ് ഇല്ലാത്തവർക്ക് കാർഡ് അനുവദിക്കുന്നതിനും അർഹതയുണ്ടായിട്ടും മുൻഗണനേതര കാർഡ് ലഭ്യമായവർക്ക് അത് മാറ്റി നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ലഭ്യമായ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആകെ 7316 പേരിൽ 2428 പേർ ആധാർ ഉള്ളവരും 4888 പേർ ആധാർ ഇല്ലാത്തവരുമാണ്. ലിസ്റ്റിൽ ഉൾപ്പെട്ട ആധാർ ഇല്ലാത്തവർക്ക് ആധാർ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും ആധാർ കാർഡുള്ളവർക്ക് റേഷൻകാർഡ് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടതും റേഷൻ കാർഡ് അനുവദിച്ചിട്ടുള്ളതുമായവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി+ ചേർക്കുന്നു.

അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ആധാർ കാർഡ് ഇല്ലാത്തവർ, തദ്ദേശസ്വയംഭരണ വകുപ്പിന് തിരിച്ചറിയാൻ കഴിയാത്തവർ/ വിവരങ്ങൾ ലഭ്യമല്ലാത്തവർ, മരണപ്പെട്ടവർ, നിലവിലെ അഡ്രസ്സിൽ താമസമില്ലാത്തവർ, നിലവിൽ വെൽഫെയർ സ്ഥാപനങ്ങളിൽ ഉൾപ്പെട്ടവർ,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തെറ്റായ ആധാർ നമ്പറുള്ളവർ, മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് സ്ഥലംമാറി പോയവർ, 18 വയസ്സിന് താഴെയുള്ളവർ, മറ്റ് താലൂക്കുകളിൽ കാർഡുള്ളവർ, പഞ്ചായത്ത് ലിസ്റ്റിൽനിന്നും പേര് ഒഴിവാക്കിയവർ, കടുത്ത മാനസിക രോഗത്താൽ റേഷൻകാർഡ് വേണ്ടെന്ന് അറിയിച്ചവർ എന്നിങ്ങനെയുള്ളവർക്കാണ് റേഷൻകാർഡ് നൽകാൻ അവശേഷിക്കുന്നത്. ഇതിൽ ആധാർ ഇല്ലാത്തവരെ കണ്ടെത്തി റവന്യൂ വകുപ്പിന്റെയും അക്ഷയ സെന്ററിന്റെയും സഹായത്തോടുകൂടി ആധാർ ലഭ്യമാക്കുന്നതിനും റേഷൻ കാർഡ് അനുവദിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും എല്ലാ അതിദരിദ്രർക്കും റേഷൻകാർഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) വകുപ്പ് നടത്തിയ പരിശോധനയിൽ മുൻഗണനാ കാർഡ് അനർഹമായി കൈവശം വച്ച എത്രപേരെ കണ്ടെത്തിയെന്ന് വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിശോധനകളിലൂടെയും സ്വമേധയാ സറണ്ടർ ചെയ്തതിലൂടെയും അനർഹമാണെന്ന് കണ്ടെത്തി മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയ

കാർഡുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) സംസ്ഥാനത്ത് റേഷൻ കാർഡുകൾ കൂടുന്നതിനനുസരിച്ച് റേഷൻ വിഹിതം വർദ്ധിപ്പിച്ചുകിട്ടാത്ത പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിനുമുമ്പ് അധിക വിഹിതമുൾപ്പെടെ ശരാശരി 16 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം പ്രതിവർഷം ലഭ്യമായിരുന്നെങ്കിലും നിലവിൽ 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം മാത്രമാണ് ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് അനുവദിക്കപ്പെട്ടിട്ടുള്ളത്. 2011-ലെ സെൻസസിനെ അടിസ്ഥാനമാക്കി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യഭദ്രതാ പരിധിയിൽ സംസ്ഥാനത്തിൽനിന്നും 46.34 ശതമാനം ജനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ശേഷിക്കുന്ന 53.66% ജനങ്ങൾക്ക് ടൈഡ് ഓവർ വിഹിതമായി കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യം മതിയാകാതെ വരുന്നതിനാൽ വിവിധ ഘട്ടങ്ങളിൽ ഉയർന്ന വില നൽകി അരി വാങ്ങേണ്ട സാഹചര്യമുണ്ട്. ചില ഘട്ടങ്ങളിൽ കിലോഗ്രാമിന് 20 രൂപ മുതൽ 22.50 രൂപ നിരക്കിൽ എഫ്.സി.ഐ.-യിൽ നിന്ന് അരി വാങ്ങി മുൻഗണനേതര

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിന് സൗജന്യമായും കിലോഗ്രാമിന് 15/- രൂപ നിരക്കിലും വിതരണം നടത്തിയിട്ടുണ്ട്.

ആധാർ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം സംസ്ഥാനത്തിന്റെ ജനസംഖ്യ 35330888 ആണ്. റേഷനിംഗ് മേഖലയിൽ സംസ്ഥാനം 100% ആധാർ സീഡിംഗ് കൈവരിച്ചിട്ടുള്ളതുപരിഗണിച്ച് ജനസംഖ്യാനുസൃതമായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധിയും ഭക്ഷ്യധാന്യ വിഹിതവും വർദ്ധിപ്പിച്ചുനൽകുന്നതിന് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരവധി തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അടുത്ത സെൻസസിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആയത് പരിഗണിക്കാനാകൂ എന്നാണ് കേന്ദ്രം വ്യക്തമാക്കിയിട്ടുള്ളത്.

## ഐ.ടി. ഹബ്ബ്

5 (*155) ശ്രീ. കെ. വി. സുമേഷ്:
ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ

പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രമുഖ ഐ.ടി. കമ്പനികളെ ആകർഷിക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഐ.ടി. വ്യവസായത്തിന്റെ ഹബ്ബായി വളർത്തിയെടുക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്തെ ഐ.ടി. വ്യവസായത്തിന്റെ ഹബ്ബായി വളർത്തിയെടുക്കുന്നതിനായി മൂന്ന് സർക്കാർ ഐ.ടി പാർക്കുകളും സംയോജിതമായാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദ്ദേശീയ ഐ.ടി കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിച്ച് ഐ.ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനുവേണ്ടി ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. അവർക്ക് ആവശ്യാനുസരണം SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഐ.ടി. പാർക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്.

പാർക്കുകൾ നേരിട്ടും ഉപസംരംഭകർ മുഖേനയും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 62000 ചതുരശ്ര അടി ഉൾപ്പെടെ 201.62 ലക്ഷം ചതുരശ്ര അടി അടിസ്ഥാന സൗകര്യങ്ങൾ ഐ.ടി. പാർക്കുകളിൽ നിലവിലുണ്ട്.

ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ ക്യാമ്പസിൽ ജോലി, ഷോപ്പിംഗ് സൗകര്യങ്ങൾ, പാർപ്പിട സൗകര്യങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ എന്നിവ ഉൾപ്പെടെയുള്ള സൗകര്യങ്ങളുള്ള ഒരു സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയായ 'QUAD'-ന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഏകദേശം 30 ഏക്കറിൽ 1600 കോടി രൂപ മുതൽമുടക്കിൽ പദ്ധതി പൂർത്തിയാകുമ്പോൾ 40 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ് സ്പെയ്സ് സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2025 പകുതിയോടെ പ്രസ്തുത പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച എൻ.എച്ച്. 66-ന് സമാന്തരമായി ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്ക് (ഫേസ് 3) മുതൽ കൊല്ലം വരെയും

ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയും ദേശീയപാത-66-ന് സമാന്തരമായാണ് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. കൊല്ലത്തും കണ്ണൂരും പുതിയ ഐ.ടി പാർക്കുകൾ സ്ഥാപിക്കാനും ഉദ്ദേശ്യമുണ്ട്.

ദേശീയ പാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ 5 ജി സാങ്കേതികവിദ്യയിലധിഷ്ഠിതമായി 20 ചെറുകിട ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

2022-23 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന വർക്ക് നിയർ ഹോം (WNH) പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ മൂന്ന് സർക്കാർ ഐ.ടി. പാർക്കുകളിൽ നിന്ന് അകലെയായി ആ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് 5000 മുതൽ 50000 വരെ ചതുരശ്ര അടി വിസ്തൃതിയിൽ ഐ.ടി. സ്പെയ്സുകൾ സജ്ജീകരിക്കുന്നതാണ് നിർദ്ദിഷ്ട വർക്ക് നിയർ ഹോം മാതൃക.

തിരുവനന്തപുരം ടെക്നോപാർക്കിൽ 4 ലക്ഷം ചതുരശ്ര അടിയിലും, കൊച്ചി ഇൻഫോപാർക്കിൽ 3 ലക്ഷം ചതുരശ്ര അടിയിലും ഐ.ടി. മന്ദിരങ്ങൾ പണിയാനുള്ള നടപടികൾ പുരോഗതിയിലാണ്.

(സി) സംസ്ഥാനത്തെ മൂന്ന് ഐ.ടി. പാർക്കുകൾക്ക് പുറമെ ഐ.ടി. ഇടനാഴികളും സാറ്റലൈറ്റ് ഐ.ടി. പാർക്കുകളും സ്ഥാപിക്കാനുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ എൻ.എച്ച്. 66-ന് സമാന്തരമായി ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തിരുവനന്തപുരം ടെക്നോപാർക്ക് (ഫേസ്-3) മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയും ദേശീയപാത 66-ന് സമാന്തരമായാണ് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. കൊല്ലത്തും കണ്ണൂരും പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനും ഉദ്ദേശ്യമുണ്ട്. ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി മുഖാന്തരം 1000 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഐ.ടി. പാർക്കിന് അനുയോജ്യമായ 15 മുതൽ 25 ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമി കണ്ടെത്തി പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള റിക്വിസിഷനിംഗ് അതോറിറ്റി (Requisitioning Authority) ആയി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ (KSITIL) സർക്കാർ നിയോഗിച്ചിട്ടുണ്ട്. നിലവിൽ ദേശീയപാത 66-ന് സമാന്തരമായി

ലഭ്യമാകാൻ സാധ്യതയുള്ള 76 പാർസലുകളിലായി ഏകദേശം 5000 ഏക്കറോളം ഭൂമി പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ഏതൊക്കെ ഭൂമി ഐ.ടി. പാർക്കുകൾ സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ പ്രക്രിയ പൂർത്തീകരിക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ.-ന്റെയും ഐ.ടി. പാർക്കുകളുടെയും ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു സംയുക്ത സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സമിതിയുടെ സ്ഥല പരിശോധന പുരോഗമിച്ചുവരികയാണ്. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ നടപടി

6 (*156) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>:
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ പോലീസ് കാര്യക്ഷമമായ ഇടപെടൽ

നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനും സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതു ഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി കൈകാര്യം ചെയ്യുക, സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമ വിഷയങ്ങളിൽ അവഗാഹമുണ്ടാക്കുക എന്നീ നിലയ്ക്കുള്ള പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് ഘട്ടംഘട്ടമായി നൽകിയിട്ടുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ

അറിയിക്കാം.

പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീസുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ്, ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ, ഹെൽപ്പ് ഡെസ്ക് തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്.

സ്വയം പ്രതിരോധം വർദ്ധിപ്പിക്കുന്നതിനുവേണ്ടി Self Defence പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്.

അടിയന്തര പോലീസ് സഹായം ലഭ്യമാകുന്ന പോലീസിന്റെ 1515, 112, 1090, 1091 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ വിളിച്ച് പോലീസ് സഹായം തേടാവുന്നതാണ്.

സ്ത്രീകളുടെ പ്രശ്നപരിഹാരത്തിനായി Domestic Conflict Resolution Centre (DCRC) വനിതാ സെല്ലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിർഭയം ആപ്പ് (NIRBHAYAM APP) സർക്കാർ ആരംഭിച്ചിട്ടുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന

ഭവിഷ്യത്തുകളെക്കുറിച്ചും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകൾ ഏതെല്ലാം രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നും ആയത് ശരിയായ രീതിയിൽ എങ്ങനെ ഉപയോഗിക്കണമെന്നതിനെക്കുറിച്ചും ബോധവൽക്കരണം നടത്തിവരുന്നു. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഒന്നുവീതം ആകെ നാല് വനിതാ പോലീസ് സ്റ്റേഷൻ കൂടി സ്ഥാപിച്ചിട്ടുണ്ട്. പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി പരാതി ലഭിക്കുന്ന മുറയ്ക്ക് നിലവിലെ നിയമമനുസരിച്ച് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു

(ബി) രാത്രി വൈകിയും പുലർച്ചയ്ക്കും ഒറ്റയ്ക്ക് സഞ്ചരിക്കേണ്ടിവരുന്ന സ്ത്രീകളുടെ സുരക്ഷയ്ക്ക് പ്രത്യേക ക്രമീകരണം ഏർപ്പെടുത്താൻ പരിപാടിയുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. രാത്രി വൈകിയും പുലർച്ചയ്ക്കും ഒറ്റയ്ക്ക് സഞ്ചരിക്കേണ്ടിവരുന്ന സ്ത്രീകളുടെ സുരക്ഷിത താമസത്തിനായി കൗൺസിലിംഗ് അടക്കമുള്ള

സൗകര്യങ്ങളോടെ വനിത-ശിശുക്ഷേമ വകുപ്പിന്റെ കീഴിൽ സഖി വൺ സ്റ്റോപ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതാ യാത്രക്കാർക്കും മുതിർന്ന പൗരൻമാർക്കും സുരക്ഷയൊരുക്കുന്നതിനായി കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് നിഴൽ.

കേരളത്തിലെ എല്ലാ ജില്ലയിൽ നിന്നും ഏത് സമയവും 112 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും ചെയ്യും. " 112 ഇന്ത്യ" എന്ന മൊബൈൽ ആപ്പിലെ പാനിക് ബട്ടൺ അമർത്തിയാലും കമാന്റ് സെന്ററിൽ സന്ദേശമെത്തും. കൂടാതെ രാത്രികാല പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതും ആയത് കാര്യക്ഷമമായി നടന്നുവരികയും ചെയ്യുന്നു.

(സി) സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് അവശ്യ സാഹചര്യത്തിൽ അടിയന്തരമായി സഹായം എത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷനുകളെക്കുറിച്ച് വേണ്ടത്ര പ്രചാരണം നടത്താൻ

ഉദ്ദേശിക്കുന്നുണ്ടോ; അടിയന്തര സാഹചര്യങ്ങളിൽ സത്വരമായി സഹായം എത്തിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള പിന്തുണാ സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കുമോ?

സ്ത്രീകൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി സംസ്ഥാന പോലീസ് പുറത്തിറക്കിയിട്ടുള്ള എല്ലാ ആപ്ലിക്കേഷനുകളെക്കുറിച്ചും പൊതുജനങ്ങൾക്കിടയിൽ ആവശ്യമായ പ്രചാരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ സംവിധാനങ്ങൾ മുഖേനയും പത്ര-മാധ്യമങ്ങൾ മുഖേനയും വിപുലമായ പ്രചാരണം നടത്തിവരുന്നു.

## ചെറുകിട സംരംഭങ്ങൾക്കുള്ള സബ്സിഡി പദ്ധതിയിലെ ക്രമക്കേടിന്മേൽ അന്വേഷണം

7 (*157) <u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ സ്ത്രീകൾക്ക് ജീവനോപാധി നൽകാനുള്ള തിരുവനന്തപുരം കോർപ്പറേഷന്റെ സബ്സിഡി പദ്ധതിയിൽ വ്യാപക

ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതു, പട്ടികജാതി വിഭാഗങ്ങളിലെ സ്ത്രീകളുടെ ഗ്രൂപ്പുകൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ മൂന്ന് ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്ന പദ്ധതിയുടെ ഭാഗമായി 2020-2022 കാലയളവിൽ വ്യാജ അക്കൗണ്ടുകളും വ്യാജ ഇൻവോയിസുകളും ചമച്ച് 5.6 കോടി രൂപ തട്ടിയെടുത്തതായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) ചില ക്രമക്കേടുകളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വനിതാ ഗ്രൂപ്പിൽപ്പെട്ടവർക്ക് സംരംഭം തുടങ്ങുന്നതിനുള്ള തിരുവനന്തപുരം നഗരസഭയുടെ പദ്ധതികളിൽ വ്യാജ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകൾ ഹാജരാക്കി ആനുകൂല്യങ്ങൾ തട്ടിയെടുത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട തിരുവനന്തപുരം കോർപ്പറേഷൻ മേയർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം.721/2022 u/s 468, 471, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 3 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. കേസ്

അന്വേഷണ ഘട്ടത്തിലാണ്.

## കേരള സ്റ്റാർട്ടപ്പ് മിഷൻ

8 (*158) ശ്രീ. വി. ശശി:

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാങ്കേതികത അടിസ്ഥാനമായുള്ളതോ സാമൂഹിക പ്രതിബദ്ധതയുള്ളതോ ആയ നൂതന ആശയങ്ങളെ സംരംഭങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റാർട്ടപ്പ് മിഷൻ യുവ സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായി 'യുവ സംരംഭകത്വ പദ്ധതി' കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പാക്കിവരുന്നു. പൊതുജനങ്ങളിൽ നിന്നും ഉയർന്നുവരുന്ന നൂതന ആശയങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നതിന് വർഷംതോറും കേരള സ്റ്റാർട്ടപ്പ് മിഷൻ ഇന്നൊവേഷൻ ഡ്രൈവ് നടത്തുന്നുണ്ട്. അതിൽനിന്നും വിദഗ്ദ്ധ സമിതിയുടെ പരിശോധനയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന

ആശയങ്ങളെ ആദ്യ മാതൃകയായി വികസിപ്പിക്കുന്നതിനും ഉൽപ്പാദനത്തിനും വിപണി പ്രവേശനത്തിനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ ഗുണമേന്മ, ഉൽപ്പാദനം, വിപണി എന്നിവ ഉയർത്തുന്നതിനുമുള്ള ഇന്നൊവേഷൻ ഗ്രാന്റ് നൽകി പൂർണ്ണതോതിലുള്ള സംരഭമായി മാറ്റുന്നതിനുള്ള അവസരമൊരുക്കുന്നു. പ്രീ-ഇൻകുബേഷൻ, ഇൻകുബേഷൻ എന്നിവ ആവശ്യമായവർക്ക് ലോകോത്തര നിലവാരമുള്ള ഇൻകുബേറ്ററുകളിലൂടെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും അവ ലഭ്യമാക്കുന്നുമുണ്ട്.

(ബി) ഗവേഷണ വികസന സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, ഇന്നൊവേറ്റർമാർ, വിദ്യാർത്ഥികൾ, അധ്യാപകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെ കോർത്തിണക്കി ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ആശയങ്ങളെ ഉല്പന്നമാക്കി വിപണിയിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ആശയങ്ങളെ ഉൽപ്പന്നങ്ങളായി മാറ്റുന്നതിന് സഹായകരമായ റിസർച്ച് ഇന്നൊവേഷൻ നെറ്റ്‌വർക്ക് കേരള (RINK)എന്ന പദ്ധതി 'യുവ സരംഭകത്വ പദ്ധതി'യുടെ ഭാഗമായി നടപ്പാക്കിവരുന്നു. അതിന്റെ ഭാഗമായി;

1. ഗവേഷണ വികസന സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, ഇന്നൊവേറ്റർമാർ,

വിദ്യാർത്ഥികൾ, അധ്യാപകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെ പരസ്പരം ബന്ധപ്പെടുത്തുന്നതിനും സംവദിക്കുന്നതിനുമുള്ള RINK പ്ലാറ്റ്ഫോം നിലവിലുണ്ട്.

2. ഗവേഷണ/വികസന ഫലമായി ഉരുത്തിരിയുന്ന ആശയങ്ങളെയും ഉൽപ്പന്നങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യക്കാർക്ക് ലഭിക്കുന്നതിനുള്ള സംവിധാനം RINK പ്ലാറ്റ്ഫോമിൽ ഒരുക്കിയിട്ടുണ്ട്.

3. സാങ്കേതികത ആവശ്യമായവർക്ക് ആയത് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനുള്ള സഹായം ഈ പ്ലാറ്റ്ഫോമിലൂടെ നൽകിവരുന്നു.

4. ഗവേഷണഫലമായുണ്ടാകുന്ന ഉൽപ്പന്നങ്ങളെക്കുറിച്ച് വിശദമായി അറിയുന്നതിനുള്ള അവസരവും തുടർച്ചയായി നടത്തിവരുന്ന 'ഡെമോ ഡേ'-കളിലൂടെ ബന്ധപ്പെട്ടവർക്ക് ലഭ്യമാകുന്നുണ്ട്.

5. വിവിധ വർക്ക്ഷോപ്പുകളും പരിശീലന പരിപാടികളും RINK പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നു.

6. മഹാത്മഗാന്ധി സർവകലാശാലയുമായി സഹകരിച്ച് ഒരു റിസർച്ച് ഇൻകുബേറ്ററും നടപ്പാക്കിവരുന്നു.

(സി) പ്രാരംഭ ഘട്ടത്തിലെന്നപോലെ വളർച്ചയുടെ ഓരോ ഘട്ടത്തിലും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. പ്രാരഭഘട്ടത്തിലെന്നപോലെ വളർച്ചയുടെ ഓരോ ഘട്ടത്തിലും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള നിലവിലെ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ആശയം ആദ്യ മാതൃകയാക്കി വികസിപ്പിക്കുന്നതിന് 3 ലക്ഷം രൂപ വരെയുള്ള ഐഡിയ ഗ്രാന്റ്;
2. ഉൽപ്പന്നമാക്കി വികസിപ്പിക്കുന്നതിന് 4 ലക്ഷം രൂപയുടെ പ്രോഡക്ടൈസേഷൻ ഗ്രാന്റ്;
3. ഉൽപ്പന്നം വിപണിയിലെത്തിക്കുന്നതിന് 3 ലക്ഷം രൂപയുടെ മാർക്കറ്റ് ആക്സസ് ഗ്രാന്റ്;
4. ഉയർച്ചയിലെത്തുന്നതിന് 5 ലക്ഷം രൂപ വരെ സ്കെയിലപ് ഗ്രാന്റ്;
5. ഓരോ ഘട്ടത്തിലും വിദഗ്ധരിലൂടെ നൽകുന്ന മെന്റർഷിപ്പ്;
6. വളർച്ചയുടെ ഘട്ടത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി 15 ലക്ഷം രൂപ വരെ ലഘുവായ വ്യവസ്ഥയിൽ വായ്പ നൽകുന്ന സീഡ്

ഫണ്ട് പദ്ധതി;

7. ഉയർന്ന മൂലധന ലഭ്യത ഉറപ്പാക്കുന്നതിനായി സെബി (SEBI) അംഗീകാരമുള്ള തെരഞ്ഞെടുക്കപ്പെട്ട ഫണ്ടുകളിൽ സ്റ്റാർട്ടപ്പ് മിഷൻ നിക്ഷേപം നടത്തി അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക സ്റ്റാർട്ടപ്പുകൾക്ക് മൂലധനമായി ലഭ്യമാക്കുന്ന ഫണ്ട് ഓഫ് ഫണ്ട് പദ്ധതി;

8. ഉൽപ്പന്നം ദേശീയ അന്തർദേശീയ തലത്തിൽ പ്രദർശിപ്പിക്കുന്നതിനും അതിലൂടെ വിപണി കണ്ടെത്തുന്നതിനും സഹായകരമാകുന്നതിന് പ്രശസ്തമായ ദേശീയ അന്തർദേശീയ മേളകളിൽ സ്റ്റാർട്ടപ്പുകൾക്ക് പങ്കെടുക്കുന്നതിനുള്ള സഹായം.

**ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യാൻ കർശന ഇടപെടൽ**

9 (*159) ശ്രീ. വി. ജോയി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. പി. സുമോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യാൻ കർശന

ഇടപെടൽ നടത്തണമെന്ന് പോലീസിന് നിർദേശം നൽകിയിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവരെയും സ്ഥിരം കുറ്റവാളികളെയും ലഹരി മാഫിയ സംഘങ്ങളെയും അമർച്ച ചെയ്യുന്നതിനായി "ഓപ്പറേഷൻ ആഗ്" (Accelerated action against Anti Socials & Goondas) എന്ന പേരിലുള്ള പ്രത്യേക ഡ്രൈവ് നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 08-02-2023 വരെ സംസ്ഥാനത്ത് 4085 സ്പെഷ്യൽ ഡ്രൈവുകൾ നടത്തുകയുണ്ടായി. രജിസ്റ്റർ ചെയ്ത 2030 കേസുകളിലായി 2172 പേർ അറസ്റ്റിലായിട്ടുണ്ട്. വിവിധ കേസുകളിൽ വാറണ്ടുള്ള 900 പ്രതികളെ അറസ്റ്റ് ചെയ്തു. ഈ നടപടി തുടരാൻ സംസ്ഥാന പോലീസ് മേധാവി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിശേഷം 30-01-2023 വരെ കാപ്പ നിയമ പ്രകാരം 339 പേരെയും PIT NDPS പ്രകാരം 5 പേരെയും കരുതൽ തടങ്കലിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കുമരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി 16-12-2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് (സർക്കുലർ നം.34/2021/PHQ) പ്രകാരം എല്ലാ പോലീസ് ജില്ലകളിലെയും പോലീസ്

മോധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ നാർക്കോട്ടിക് സെൽ DySP/ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസ് ഉദ്യോഗസ്ഥരും പ്രസ്തുത SAGOC-ൽ അംഗങ്ങളാണ്.

അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ട സമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് SAGOC-യുടെ ഉദ്ദേശ്യലക്ഷ്യം. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ പോലീസ് സ്റ്റേഷനുകളിലും Anti-Organised Crimes Cell (AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമ നടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൂടാതെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കുവാനും

കൃത്യമായ പട്രോളിംഗ് നടത്താനും ആവശ്യമായ മേൽനടപടികൾ സ്വീകരിക്കാനും ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുണ്ടാ നിയമ പ്രകാരം കുറ്റവാളികൾക്കെതിരെ കാര്യക്ഷമമായി നടപടി സ്വീകരിക്കുന്നതിനായി സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്ന പേരിൽ ഒരു പദ്ധതിയും എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.

ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടകളുടെയും മയക്കുമരുന്ന് വിൽപ്പന സംഘങ്ങളുടെയും പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം, PIT NDPS എന്നീ നിയമങ്ങളിലെ കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാ ബേസ് ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് KAA(P)A, PIT NDPS എന്നീ നിയമപ്രകാരവും കൂടാതെ ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്.

(ബി) ആധുനിക പരിശീലനവും അത്യാധുനിക പശ്ചാത്തല സൗകര്യവുമൊരുക്കി പോലീസിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ?

ഉണ്ട്. State Plan 2022-23-ൽ Technology Upgradation of Cyber Crime Investigation സ്കീമിൽ Cyber Technology-യിൽ പോലീസ് ഉദ്യോഗസ്ഥർക്ക് Advanced Training നടത്തുന്നതിന് 30 ലക്ഷം രൂപ അനുവദിക്കുകയും ട്രെയിനിംഗ് നടത്തിവരികയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ State Plan 2023-24-ൽ പ്രസ്തുത സ്കീമിൽ Cyber Crime Investigation Training നൽകുന്നതിന് 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

അത്യാധുനിക പശ്ചാത്തല സൗകര്യമൊരുക്കി പോലീസിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- പോലീസ് സ്റ്റേഷനുകൾക്കെല്ലാം സ്വന്തം കെട്ടിടം

ഉറപ്പാക്കുന്നതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ പുലിക്കീഴ്/പെരുനാട്/മൂഴിയാർ (പത്തനംതിട്ട), വിയ്യപുരം (ആലപ്പുഴ), വാഗമൺ/മുല്ലപ്പെരിയാർ (ഇടുക്കി), പന്തീരങ്കാവ് (കോഴിക്കോട് സിറ്റി), മുഴക്കുന്ന്/മട്ടന്നൂർ/ആലക്കോട് (കണ്ണൂർ), തങ്കമണി (ഇടുക്കി), എഴുകോൺ (കൊല്ലം റൂറൽ) എന്നീ 12 പോലീസ് സ്റ്റേഷനുകൾക്കും പത്തനംതിട്ട വനിതാ പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഭരണാനുമതി നൽകുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ തുടർച്ചയ്ക്കായി 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 750 ലക്ഷം രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

- 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ മേൽപ്പറമ്പ് (കാസർഗോഡ്) കൊട്ടാരക്കര/ചിതറ/ശൂരനാട് (കൊല്ലം റൂറൽ), തേഞ്ഞിപ്പാലം (മലപ്പുറം), കണ്ണവം (കണ്ണൂർ സിറ്റി), വളയം, പെരുവണ്ണാമൂഴി (കോഴിക്കോട് റൂറൽ), കരുനാഗപ്പള്ളി (കൊല്ലം സിറ്റി), വാടാനപ്പള്ളി (തൃശ്ശൂർ റൂറൽ) എന്നീ 10 പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡും മലപ്പുറത്തും സൈബർ പോലീസ് സ്റ്റേഷൻ, കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷൻ എന്നീ

ഓഫിസുകൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ 590 ലക്ഷം രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

- 2023-24 സാമ്പത്തിക വർഷത്തിൽ ചങ്ങനാശ്ശേരി, മുണ്ടക്കയം (കോട്ടയം), നിലമ്പൂർ, പാണ്ടിക്കാട് (മലപ്പുറം), തൃശ്ശൂർ ടൗൺ (തൃശ്ശൂർ സിറ്റി), കല്ലടിക്കോട് (പാലക്കാട്), കിളികൊല്ലൂർ (കൊല്ലം സിറ്റി), അയിരൂർ (തിരുവനന്തപുരം റൂറൽ) എന്നീ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്.

ഇവ കൂടാതെ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ബറ്റാലിയനുകളിലേയ്ക്കും ജില്ലകളിലേയ്ക്കും ആവശ്യമായ പുതിയ വാഹനങ്ങൾ വാങ്ങാൻ 2280 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ പോലീസ് ട്രെയിനിംഗ് കോളേജിൽ ഒരു സ്റ്റേറ്റ് പോലീസ് Museum നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ തുടർച്ചയ്ക്കായി 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 36 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും 2023-24 സാമ്പത്തിക

വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 43.420 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നല്കിയിട്ടുള്ളതുമാണ്.

2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ എല്ലാ ജില്ലകളിലും Knowledge Repository സെന്ററുകൾ നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ തുടർച്ചയ്ക്കായി 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 36 ലക്ഷം രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 100 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ പോലീസ് വകുപ്പിൽ Artificial Intelligence Project-ന് 200 ലക്ഷം രൂപ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ തുടർച്ചയ്ക്കായി 2022-23 സാമ്പത്തിക വർഷം 200 ലക്ഷം രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 350 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് അംഗീകാരവും നൽകിയിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ തിരുവനന്തപുരത്തും എറണാകുളത്തും സൈബർ സെക്യൂരിറ്റി സെന്റർ സ്ഥാപിക്കുന്നതിനും എല്ലാ പോലീസ് ഓഫീസുകളിലും CCTNS എക്സ്റ്റെൻഡ് ചെയ്യുന്നതിനുമായി 300 ലക്ഷം രൂപ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ തുടർച്ചയ്ക്കായി 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 200 ലക്ഷം രൂപ വകയിരുത്തുകയും ഭരണാനുമതി നൽകിയിട്ടുള്ളതും 2023-24 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 350 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ റൂറൽ എന്നീ ജില്ലാ പോലീസ് ഓഫീസുകൾക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 280 ലക്ഷം രൂപ അനുവദിക്കുകയും ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. നിർമ്മാണ പ്രവൃത്തികളുടെ തുടർച്ചയ്ക്കായി 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 550 ലക്ഷം രൂപ വകയിരുത്തുകയും ഭരണാനുമതി നൽകിയിട്ടുള്ളതും 2023-24 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 500 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം

നൽകിയിട്ടുള്ളതുമാണ്.

2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ കൊല്ലം സിറ്റി, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ നിർമ്മിക്കുന്നതിനായി 107.29 ലക്ഷം രൂപ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തികളുടെ തുടർച്ചയ്ക്കായി 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 200 ലക്ഷം രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഇവ കൂടാതെ താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു.

- ബറ്റാലിയനുകളിൽ ആവശ്യമായ ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ചർ വർദ്ധിപ്പിക്കുക;
- ആൾക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധ സംവിധാനങ്ങളൊരുക്കുക;
- സൈബർ ഡോം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
- കോഴിക്കോട് സിറ്റി, തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ ജില്ലാ പരിശീലന

കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു

എ.പി. ബറ്റാലിയനിലേയ്ക്ക് ട്രെയിനിംഗ് സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിലേയ്ക്കായി 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 100 ലക്ഷം വകയിരുത്തുകയും 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ച് സമഗ്രമായ വിവരങ്ങൾ ശേഖരിക്കാൻ പര്യാപ്തമായ വിധത്തിൽ സ്പെഷ്യൽ ബ്രാഞ്ച് വിഭാഗത്തെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ച് സ്പെഷ്യൽ ബ്രാഞ്ച് സമഗ്രമായ വിവരങ്ങൾ ശേഖരിച്ചുവരുന്നുണ്ട്. ഇതിനുവേണ്ടി പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഉചിതമായ പരിശീലനം നൽകി ഈ വിഭാഗത്തെ സജ്ജമാക്കിവരുന്നുണ്ട്.

**ആശുപത്രികൾക്ക് ലോട്ട് ക്വാളിറ്റി അഷ്വറൻസ് സാംപ്ലിംഗ് നിലവാരം**

10 (*160) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ദെലീമ:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ മികവിനെ ഇകഴ്ത്താൻ സ്വകാര്യ ആശുപത്രികളുടെ താല്പര്യസംരക്ഷകരായ ചില കേന്ദ്രങ്ങൾ നടത്തിയതായി പറയപ്പെടുന്ന ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനും മികച്ച ചികിത്സ ലഭ്യമാക്കുന്നതിനും ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നിരവധിയായ പ്രവർത്തനങ്ങൾ സർക്കാർ നടത്തുന്നതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ ചികിൽസ തേടി വരുന്നവരുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ മാത്രം ലഭ്യമായിരുന്ന അത്യന്താധുനിക ചികിത്സയും ശസ്ത്രക്രിയകളും സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ചില ജനറൽ/ ജില്ലാ ആശുപത്രികളിലും നടത്തുന്നതിന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. സർക്കാർ ആശുപത്രികളുടെ ഈ മികവിനെ ഇകഴ്ത്തിക്കാട്ടാൻ വേണ്ടിയുള്ള ബോധപൂർവ്വമായ ചില ശ്രമങ്ങൾ ഇടയ്ക്കിടെ ഉണ്ടാകാറുണ്ടെങ്കിലും അതൊന്നുംതന്നെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങളെ

ബാധിക്കാതിരിക്കാനുള്ള ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സർക്കാർ മേഖലയിലുള്ള പ്രധാന ആശുപത്രികളെയെല്ലാം ലോട്ട് ക്വാളിറ്റി അഷ്വറൻസ് സാംപ്ലിംഗ് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി LQAS രീതി അവലംബിക്കുന്നില്ല.

സർക്കാർ ആശുപത്രികളുടെ ഗുണനിലവാരത്തിനായി മിനിസ്ട്രി ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടി ഇന്ത്യയിലെ ഗവൺമെന്റ് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (NQAS) പദ്ധതിയാണ് നടപ്പാക്കിവരുന്നത്. അന്തർദ്ദേശീയ നിലവാര നിർണ്ണയ ഏജൻസിയായ ദി ഇന്റർനാഷണൽ സൊസൈറ്റി ഫോർ ക്വാളിറ്റി ഇൻ ഹെൽത്ത് കെയർ (ISQua) അംഗീകരിച്ച അക്രെഡിറ്റേഷനാണ് എൻ.ക്യൂ.എ.എസ്. സംസ്ഥാന സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി ഈ പദ്ധതി നടപ്പാക്കിവരുന്നു. ഇതിനുവേണ്ടി ജില്ലാ ആശുപത്രി തലത്തിലും

താലൂക്കാശുപത്രി തലത്തിലും സാമൂഹികാരോഗ്യ കേന്ദ്രതലത്തിലും പ്രാഥമികാരോഗ്യ കേന്ദ്രതലത്തിലും നഗര പ്രാഥമികാരോഗ്യ കേന്ദ്രതലത്തിലും ഓരോ തലത്തിലുമുള്ള ചെക്ക് ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ മൂല്യനിർണയം നടത്തിയാണ് NQAS അക്രെഡിറ്റേഷൻ നൽകുന്നത്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ഗുണനിലവാരം NABH Accreditation മാർഗ്ഗരേഖ മുഖേനയാണ് മെച്ചപ്പെടുത്താനുള്ള ക്രമീകരണങ്ങൾ നടത്തി വരുന്നത്.

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സയും അനുബന്ധ സേവനങ്ങളും മെഡിക്കൽ വിദ്യാഭ്യാസവും കൂടുതൽ ഗുണനിലവാരമുള്ളതാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ Quality Improvement Initiative in Medical Colleges എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മുന്നോട്ടുപോക്ക് ത്വരിതപ്പെടുത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒരു മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. 'Quality Improvement Initiative' പദ്ധതിയുടെ ഭാഗമായി സർക്കാർ മെഡിക്കൽ കോളേജുകൾക്ക്

NAAC/KUHS/NABH Accreditation ലഭ്യമാക്കുന്നതിലേയ്ക്കായി ഒരു " സ്ഥാപന അധിഷ്ഠിത റോഡ് മാപ്പ്" തയ്യാറാക്കി Accreditation ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. മെഡിക്കൽ കോളേജുകളിലെ അക്കാഡമിക് കാര്യങ്ങൾ NAAC/KUHS Accreditation മാർഗ്ഗരേഖ പ്രകാരവും മെഡിക്കൽ കോളേജ് ആശുപത്രി സംബന്ധിച്ച കാര്യങ്ങൾ NABH Accreditation മാർഗ്ഗരേഖ പ്രകാരവും ആവശ്യമായ ക്രമീകരണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിവരുന്നു.

(സി) സംസ്ഥാനത്ത് നിലവിൽ എത്ര ആശുപത്രികൾക്ക് ലോട്ട് ക്വാളിറ്റി അഷ്വറൻസ് സാംപ്ലിംഗ് അംഗീകാരവും ലക്ഷ്യ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അംഗീകാരങ്ങൾക്കായി ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യവും സേവന നിലവാരവും സംബന്ധിച്ച് അറിയിക്കാമോ?

സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ലോട്ട് ക്വാളിറ്റി അഷ്വറൻസ് സാംപ്ലിംഗ് (LQAS) രീതി അവലംബിക്കുന്നില്ല. എന്നാൽ കേരളത്തിൽ 157 സർക്കാർ ആശുപത്രികൾക്ക് ഇതുവരെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 5

ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 8 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 39 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 101 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ് അംഗീകാരം ലഭിച്ചിട്ടുള്ള സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

സർവ്വീസ് പ്രൊവിഷൻ, പേഷ്യന്റ് റൈറ്റ്, ഇൻപുട്സ്, സപ്പോർട്ടീവ് സർവീസസ്, ക്ലിനിക്കൽ സർവീസസ്, ഇൻഫെക്ഷൻ കൺട്രോൾ, ക്വാളിറ്റി മാനേജ്മെന്റ്, ഔട്ട്കം എന്നീ 8 വിഭാഗങ്ങളിലായി നിരവധി ചെക്ക് പോയിന്റ്സ് വിലയിരുത്തിയാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്നത്. ജില്ലാതല പരിശോധന, സംസ്ഥാനതല പരിശോധന എന്നിവയ്ക്കുശേഷം എൻ.എച്ച്.എസ്.ആർ.സി. നിയോഗിക്കുന്ന ദേശീയതല പരിശോധകർ നടത്തുന്ന അസ്സസ്സ്മെന്റിനുശേഷമാണ് ആശുപത്രികളുടെ ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കുന്നത്. ഇവയിൽ ഓരോവിഭാഗത്തിലും 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടുന്ന സ്ഥാപനങ്ങൾക്കാണ് ഭാരതസർക്കാർ എൻ.ക്യു.എ.എസ്. അംഗീകാരം നൽകുന്നത്.

സംസ്ഥാനത്ത് നിലവിൽ 10 ആശുപത്രികൾക്ക് ലക്ഷ്യ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ആയതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുക, ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്നീ ഉദ്ദേശ്യത്തോടുകൂടിയാണ് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ലക്ഷ്യ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതിൻപ്രകാരം കേരള സർക്കാർ ലക്ഷ്യ അക്രഡിറ്റേഷൻ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ലോകോത്തര നിലവാരത്തിലുള്ള പ്രസവ ചികിത്സ ലഭ്യമാക്കുക, അണുബാധ കുറയ്ക്കുക, പ്രസവ സമയത്ത് മെച്ചപ്പെട്ട സംരക്ഷണം, ഇതുകൂടാതെ പ്രസവാനന്തരമുള്ള ശുശ്രൂഷ, ഗുണഭോക്താക്കളുടെ സംതൃപ്തി, ലേബർ റൂമുകളുടെയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തിയേറ്ററുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കേരളത്തിൽ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

ലക്ഷ്യ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാനദണ്ഡങ്ങൾ ലേബർ റൂമുകളുടെയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയേറ്ററുകളുടെയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാന സൗകര്യം ലഭ്യമാക്കുക, ആവശ്യ ഉപകരണങ്ങളുടെ ലഭ്യത, മതിയായ മാനവ വിഭവശേഷി, ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനശേഷി, ലേബർ റൂമിലെ ഗുണനിലവാര പ്രക്രിയകൾ, ഒബ്സ്റ്റെട്രിക്സിൽ പരിചരണം ശക്തിപ്പെടുത്തുക എന്നിവയാണ് ലക്ഷ്യ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാനദണ്ഡങ്ങൾ. മെഡിക്കൽ കോളേജ് ആശുപത്രി തലത്തിൽ സമർപ്പിത ഒബ്സ്റ്റട്രിക് ഐ.സി.യു.-കളും ജില്ലാ ആശുപത്രിയിൽ ഒബ്സ്റ്റട്രിക് എച്ച്.ഡി.യു.-കളും ലക്ഷ്യ പ്രോഗ്രാമിന് കീഴിൽ പ്രവർത്തിക്കുന്നു.

**റേഷൻ കടകളിലെ ക്രമക്കേടുകൾ തടയാൻ നടപടി**

11 (*161) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിൽ അരി തിരിമറി, പൂഴ്ത്തിവയ്പ്പ് തുടങ്ങിയ ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ക്രമക്കേടുകൾ കണ്ടെത്തുന്നതിനും അവ തടയുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ&ബി) പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ~~ഒരു~~ പരിശോധന സംവിധാനം പ്രവർത്തിക്കുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ആഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമെ വിജിലൻസ് ആഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ഭക്ഷ്യ കമ്മീഷൻ, കൂടാതെ സംസ്ഥാനതല പരിശോധനാസംഘവും റേഷൻ കടകളിലും ഗോഡൗണുകളിലും മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുന്ന പക്ഷം KTPDS (Control) Order, 2021 പ്രകാരം ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്യുക, സ്റ്റോക്കിൽ വ്യത്യാസംകണ്ട സാധനങ്ങളുടെ കമ്പോള നിരക്കിലെ വില ഈടാക്കുക തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാരുടെ പരിശോധന കൂടുതൽ കാര്യക്ഷമവും മികവുറ്റതുമാക്കുന്നതിനായി 'എഫ്.പി.എസ്. മൊബൈൽ' എന്ന സംവിധാനം നിലവിലുണ്ട്.

കൂടാതെ സംസ്ഥാന-ജില്ലാ-താലൂക്ക്-റേഷൻകട തലത്തിൽ

ജനപ്രതിനിധികൾ ഉൾപ്പെടുന്ന വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. എഫ്.സി.ഐ. ഗോഡൗണിൽ നിന്നും എൻ.എഫ്.എസ്.എ. ഗോഡൗണിലേയ്ക്കും എൻ.എഫ്.എസ്.എ. ഗോഡൗണിൽ നിന്നും റേഷൻ കടകളിലേയ്ക്കുമുള്ള സ്റ്റോക്ക് വിതരണത്തിലുണ്ടാകുന്ന ക്രമക്കേടുകൾ തടയുന്നതിനായി താലൂക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള ഫ്ലയിംഗ് സ്ക്വാഡുകൾ മൂന്ന് മാസത്തിലൊരിക്കൽ പരിശോധനാ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നുണ്ട്. ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം KTPDS (Control) Order, 2021 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു.

ഉത്സവ സീസണുകളിൽ പൊതുവിപണിയിലുണ്ടാകുന്ന വിലവർദ്ധനവും പൂഴ്ത്തിവയ്പും തടയുന്നതിനായി ഡെപ്യൂട്ടി കൺട്രോളർ/ജില്ല/ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. ഗുരുതര സ്വഭാവമുള്ള പരാതി/ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഡെപ്യൂട്ടി കൺട്രോളർ/ജില്ല സപ്ലൈ ഓഫീസർ തലത്തിലുള്ള ഉദ്യോഗസ്ഥർ ബന്ധപ്പെട്ട റേഷൻ കടകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) റേഷൻ കടകളിൽ കൃത്യമായ വിലവിവര പട്ടിക

പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

റേഷൻ കടകളിൽ വിലവിവര പട്ടിക (സ്റ്റോക്ക് ബോർഡ്) പ്രദർശിപ്പിക്കണമെന്ന് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 ൽ നിഷ്കർഷിച്ചിട്ടുണ്ട്. നിശ്ചിതമാതൃകയിലുള്ള സ്റ്റോക്ക് ബോർഡ് എല്ലാ റേഷൻ കടകളിലും പ്രദർശിപ്പിക്കണമെന്നും സ്റ്റോക്ക് ബോർഡിൽ വിതരണം നടത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ ഇനം തിരിച്ചുള്ള അളവുകളും ആയതിന് കാർഡുടമ നൽകേണ്ട വിലയും കൃത്യമായി രേഖപ്പെടുത്തണമെന്നും ആയത് ദിവസവും അപ്ഡേറ്റ് ചെയ്യണമെന്നും ലൈസൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞരീതിയിൽ സ്റ്റോക്ക് ബോർഡ് കൃത്യമായി സൂക്ഷിക്കാത്ത ലൈസൻസികൾക്ക് നോട്ടീസ് നൽകി പിഴ ഈടാക്കിവരുന്നുണ്ട്.

## സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയാൻ നടപടി

12 (*162) <u>ശ്രീ. ജോബ് മൈക്കിൾ:</u>

<u>ഡോ. എൻ. ജയരാജ്:</u>

<u>ശ്രീ. പ്രമോദ് നാരായൺ:</u>

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; രോഗനിരക്കും മരണനിരക്കും കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയുന്നതിനും രോഗനിരക്കും മരണനിരക്കും കുറച്ചുകൊണ്ടുവരുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഡെങ്കിപ്പനി**

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഏതാണ്ട് വർഷം മുഴുവനായുംതന്നെ റിപ്പോർട്ട് ചെയ്യപ്പെടുന്ന രോഗമാണ് ഡെങ്കിപ്പനി. ഡെങ്കിപ്പനി രോഗ വ്യാപന നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ കർമ്മപരിപാടി തയ്യാറാക്കി നടപ്പാക്കിവരുന്നു. എല്ലാ ജില്ലകളിലും പഞ്ചായത്ത്/വാർഡ് തലത്തിൽ കൊതുക് നശീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഉറവിട നശീകരണം, വാർഡുതല ശുചിത്വ സമിതി മുഖേന നടത്തിവരുന്നു. ഇതിനുപുറമെ ആരോഗ്യ ജാഗ്രതാ കലണ്ടർ അനുസരിച്ച് എല്ലാ മാസവും പ്രത്യേക ഉറവിട നശീകരണ ക്യാമ്പയിനുകൾ കെട്ടിട നിർമ്മാണ സ്ഥലങ്ങൾ, തോട്ടങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടത്തിവരുന്നു. കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങളിൽ

ആഭ്യന്തരവകുപ്പ്, പൊതുമരാമത്ത് വകുപ്പ്, തൊഴിൽ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്. അവശ്യംവേണ്ട സ്ഥലങ്ങളിൽ ഫോഗിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. രോഗ നിരീക്ഷണത്തിനായി ഗവൺമെന്റ്, പ്രൈവറ്റ് ആശുപത്രികളിൽനിന്നും ഫീൽഡിൽനിന്നുമുള്ള സ്ഥിരീകരിച്ച ഡെങ്കിപ്പനി ബാധിതരുടെയും ഡെങ്കിപ്പനി സംശയിക്കുന്ന രോഗികളുടെയും വിവരശേഖരണവും അതിന്മേലുള്ള തുടരന്വേഷണവും പ്രതിരോധ പ്രവർത്തനവും നടത്തിവരുന്നു. ആശുപത്രി കേന്ദ്രീകരിച്ചുള്ള രോഗപ്പകർച്ച തടയുന്നതിനായി കൊതുക് കടക്കാത്ത പ്രത്യേക പനി വാർഡ് സജ്ജീകരിച്ചിട്ടുണ്ട്. നിലവിലെ ഡെങ്കിപ്പനി മരണ നിരക്കായ 0.67% കൂടുന്നത് തടയുന്നതിനായി ഡോക്ടർമാർക്കായി ഡെങ്കിപ്പനി ചികിത്സയെ സംബന്ധിച്ച് പ്രത്യേക പരിശീലനവും നിർദേശങ്ങളും നൽകുന്നതോടൊപ്പം ആരോഗ്യ സ്ഥാപനങ്ങളിലേക്കും (സ്വകാര്യ മേഖല അടക്കം) ഡെങ്കിപ്പനിയുടെ മാനേജ്മെന്റിനായി ട്രീറ്റ്മെന്റ് ഗൈഡ്-ലൈൻസ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

**മലമ്പനി**

കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ

മലമ്പനി കേസുകളുടെ എണ്ണത്തിൽ വലിയ രീതിയിലുള്ള കുറവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്ന് വന്നവരിൽനിന്നോ സംസ്ഥാനത്തിന് പുറത്ത് യാത്രചെയ്ത് വന്നവരിൽനിന്നോ റിപ്പോർട്ട് ചെയ്യപ്പെട്ട മലമ്പനി കേസുകളിൽ (imported cases) തദ്ദേശീയമായ രോഗപ്പകർച്ച കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കേസുകൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ തുടർവ്യാപനം ഇല്ലാതാക്കുന്നതിനുവേണ്ടി അവശേഷിത കീടനാശിനി പ്രയോഗവും കൊതുക് സാന്ദ്രതാ പഠനവും രോഗവ്യാപന സാധ്യതാ പഠനവും കൊതുകുകൾ കീടനാശിനിക്കെതിരെ പ്രതിരോധം ആർജ്ജിച്ചിട്ടുണ്ടോയെന്ന് അറിയുന്നതിനുള്ള പഠനവും നടത്തിവരുന്നുണ്ട്. മലമ്പനി രോഗ നിർണ്ണയത്തിനുവേണ്ടി പ്രാഥമിക തലങ്ങളിൽ പരിശോധനാ സംവിധാനം ഉറപ്പാക്കുകയും ലബോറട്ടറി ടെക്നിഷ്യന്മാർക്ക് സ്കിൽ ഡെവലപ്മെന്റിന് വേണ്ടിയുള്ള പരിശീലനം നൽകുകയും ചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ ഇതര സംസ്ഥാന തൊഴിലാളികളിൽ പരിശോധനകൾ നടത്തി ഫലം അറിയുന്നതിന് റാപ്പിഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റ് കിറ്റുകൾ/ബ്ലഡ് സ്മിയർ ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തിവരുന്നുണ്ട്. മരുന്നുകളുടെ ലഭ്യത പ്രാഥമിക തലങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതുകൂടാതെ അതിഥി തൊഴിലാളി ക്യാമ്പുകൾ, ഗോത്ര മേഖലകൾ, നഗരചേരി പ്രദേശങ്ങൾ

എന്നിവിടങ്ങളിൽ മലമ്പനി രോഗ നിരീക്ഷണത്തിനായി എല്ലാ ജില്ലകളിലും മൊബൈൽ സ്ക്രീനിംഗ് ടീമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. മലമ്പനി എൻഡെമിക് പ്രദേശങ്ങൾ/രാജ്യങ്ങളിൽ യാത്രചെയ്ത് വരുന്നവരെ (യാത്ര/ജോലി) പ്രത്യേകം നിരീക്ഷിച്ചുവരുന്നുണ്ട്.

**മന്ത്**

മന്ത് രോഗവ്യാപനം തടയുന്നതിന് ജില്ലാ തലങ്ങളിൽ തദ്ദേശീയരായ ആളുകളെയും അതിഥിത്തൊഴിലാളികളെയും നിരീക്ഷണം നടത്തുകയും പോസിറ്റീവ് കേസുകൾക്ക് ചികിത്സ ഉറപ്പുവരുത്തുകയും ചെയ്തുവരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശീയ രോഗവാഹകരുടെ നിരക്ക് (മൈക്രോഫൈലേറിയ നിരക്ക്) വളരെ കുറഞ്ഞുവന്നിട്ടുണ്ട്. ഇതുവരെ മരണമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. 2022-ൽ 77515 തദ്ദേശീയരെ പരിശോധിച്ചതിൽ 17 പോസിറ്റീവ് കേസുകളും 206572 അതിഥി തൊഴിലാളികളെ പരിശോധിച്ചതിൽ 1619 പോസിറ്റീവ് കേസുകളും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ രോഗബാധിതരായിട്ടുള്ള (ഹൈഡ്രോസിൽ, ലിംഫെഡിമ) കേസുകളുടെ പരിചരണത്തിനായി 78 മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഹൈഡ്രോസീലക്ടമിയും നടത്തിവരുന്നുണ്ട്. 2022-ൽ 215

ഹൈഡ്രോസീലക്ടമി ശസ്ത്രക്രിയകൾ ചെയ്തിട്ടുണ്ട്. കൂടാതെ മോർബിഡിറ്റി മാനേജ്മെന്റ് കിറ്റുകളും സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. 2022-ൽ ആകെ 3774 കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും മന്തുരോഗ നിവാരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇതിനോടകംതന്നെ കൊല്ലം, കോട്ടയം ജില്ലകളിൽ മന്ത് നിവാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

**സ്ക്രബ്ബ് ടൈഫസ് അഥവാ ചെള്ളുപനി**

സംസ്ഥാനത്ത് പല ജില്ലകളിലും പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിൽ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒരു അസുഖമാണ് സ്ക്രബ്ബ് ടൈഫസ് അഥവാ ചെള്ളുപനി. ഈ രോഗത്തിന് കാരണമായ രോഗാണുവിന്റെ ഉറവിടം കണ്ടെത്തുക ദുഷ്കരമാണ്. എന്നിരുന്നാലും മനുഷ്യനിലേയ്ക്ക് രോഗത്തെ എത്തിക്കാൻ കാരണമാകുന്ന എലികളെയും അവയുടെ തൊലിപ്പുറത്ത് ജീവിക്കുന്ന ചെറുമൈറ്റുകളെയും നശിപ്പിക്കുന്നതിനായി രോഗബാധ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ പരിസര ശുചിത്വം ഉറപ്പാക്കുന്നതിനും പാഴ്ച്ചെടികളും മറ്റും വെട്ടി വൃത്തിയാക്കി ചെള്ളുകളെ നശിപ്പിക്കുന്നതിനുള്ള കീടനാശിനി വിതറുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. രോഗം സംശയിക്കുന്നവരെ രക്ത പരിശോധനയിലൂടെ

രോഗം നിർണ്ണയിക്കുന്നതിനുള്ള സംവിധാനം സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിലും ജില്ലാ പബ്ലിക് ഹെൽത്ത് ലാബുകളിലും മറ്റു സെന്ററുകളിലും സർവെയലൻസ് ലാബുകളിലും സജ്ജീകരിച്ചിട്ടുണ്ട്. രോഗ ചികിത്സയ്ക്കാവശ്യമായ ആന്റിബയോട്ടിക് (ഡോക്സിസൈക്ലിൻ) ലഭ്യത പ്രാഥമികാരാഗ്യ കേന്ദ്രം മുതൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

**കരിമ്പനി**

കരിമ്പനി ഇതിനോടകംതന്നെ നിവാരണ പ്രഖ്യാപനത്തിന് യോഗ്യത നേടിയിട്ടുണ്ടെങ്കിലും ചില ജില്ലകളിൽ (തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, മലപ്പുറം) ഇപ്പോഴും നാമമാത്രമായി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. രോഗ നിയന്ത്രണത്തിനായി മണലീച്ച നിയന്ത്രണപ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. റിപ്പോർട്ട് ചെയ്ത കേസുകൾക്ക് സമയബന്ധിതമായി ചികിത്സ നൽകുകയും ചെയ്യുന്നുണ്ട്.

**എലിപ്പനി**

എലി, പൂച്ച, കന്നുകാലികൾ തുടങ്ങിയവയുടെ മൂത്രംവഴി പകരുന്ന രോഗമാണ് എലിപ്പനി. മൂത്രംവഴി മണ്ണിലും വെള്ളത്തിലും എത്തുന്ന രോഗാണുക്കൾ മുറിവുകൾ വഴി ശരീരത്തിലെത്തിയാണ് രോഗമുണ്ടാക്കുന്നത്.

പനി, തലവേദന, പേശിവേദന, കണ്ണിൽ ചുവപ്പ്, മൂത്രത്തിന്റെ അളവ് കുറയുക, മഞ്ഞപ്പിത്ത ലക്ഷണങ്ങൾ തുടങ്ങിയവയാണ് എലിപ്പനിയുടെ രോഗലക്ഷണങ്ങൾ. ആരംഭത്തിൽത്തന്നെ ചികിത്സിച്ചാൽ പൂർണ്ണമായി സുഖപ്പെടുത്താവുന്ന രോഗമായതിനാൽ രോഗലക്ഷണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ ആരോഗ്യവകുപ്പിലെ വിവിധ തലങ്ങളിൽ സംയുക്തമായി പ്രവർത്തിച്ചുവരുന്നു. എലിമൂത്രം കലർന്ന് മലിനമായ വെള്ളവുമായും മണ്ണുമായും സമ്പർക്കത്തിൽ വരാൻ സാധ്യതയുള്ള ആളുകൾക്ക് (High risk category) ആഴ്ചയിൽ 200 mg ഡോക്സിസൈക്ലിൻ ഗുളികകൾ സൗജന്യമായി നൽകിവരുന്നു. ഇത്തരം വിഭാഗത്തിന് ആവശ്യമായ സുരക്ഷാ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്കരണം നൽകുന്നു. 2022 ഏപ്രിൽ 13 മുതൽ 'മൃത്യുഞ്ജയം' എന്ന എലിപ്പനി നിയന്ത്രണ പരിപാടി സംസ്ഥാനത്ത് നടത്തിവരുന്നതിന്റെ ഭാഗമായി എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഡോക്സീസൈക്ലിൻ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും രോഗലക്ഷണമുള്ളവർക്ക് യഥാസമയം ഡോക്സീസൈക്ലിൻ നൽകുകയും എലിപ്പനി രോഗം കണ്ടുപിടിക്കുന്നതിനായി ലബോറട്ടറി സംവിധാനം ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

**ക്ഷയരോഗം**

ക്ഷയരോഗ വ്യാപനം സംസ്ഥാനത്ത് തടയുന്നതിനായി പ്രാഥമിക ക്ഷയ രോഗലക്ഷണങ്ങൾ (presumptive TB) തിരിച്ചറിഞ്ഞ് ക്ഷയരോഗ പരിശോധനയ്ക്ക് വിധേയമാക്കുകയും ഒപ്പംതന്നെ സർക്കാർ ആശുപത്രികളിൽ ക്ലിനിക്കുകളിൽ എത്തുന്ന രോഗികളിൽ ക്ഷയരോഗ ലക്ഷണങ്ങൾ ഉണ്ടോയെന്ന് തിരിച്ചറിഞ്ഞ് ക്ഷയരോഗ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഇതുവഴി ക്ഷയരോഗം തുടക്കത്തിൽത്തന്നെ കണ്ടെത്തി ചികിത്സ തുടങ്ങി സമൂഹത്തിലെ ക്ഷയരോഗ വ്യാപനം ഒരു പരിധിവരെ ഫലപ്രദമായി തടയാൻ കഴിയും. ക്ഷയരോഗം കണ്ടെത്തുന്ന സമയത്ത് നൽകുന്ന കൗൺസിലിംഗ് വഴി ചുമ മര്യാദകൾ സംബന്ധിച്ച അവബോധവും രോഗികൾക്ക് നൽകുന്നത് രോഗപ്പകർച്ച കുറയ്ക്കുവാൻ സഹായകമാണ്. ക്ഷയരോഗ മരണ നിരക്ക് കുറയ്ക്കാനായി ക്ഷയരോഗികളിൽ മറ്റ് അനുബന്ധരോഗങ്ങളുടെ സ്ക്രീനിംഗ് നടത്തുകയും ഒപ്പംതന്നെ ക്ലിനിക്കൽ റിവ്യൂ നടത്തുകയും വഴി ക്ഷയരോഗത്തോടനുബന്ധിച്ചുള്ള മറ്റ് അസുഖങ്ങളുടെ തീവ്രത കുറയ്ക്കുവാനും അതുവഴി മരണ നിരക്ക് കുറയ്ക്കുവാനും സാധിക്കുന്നു.

**കുഷ്ഠരോഗം**

രോഗവ്യാപനം തടയുന്നതിനും രോഗനിരക്ക് കുറയ്ക്കുന്നതിനും വിവിധ

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കുഷ്ഠരോഗംമൂലം മരണമുണ്ടാകുന്നില്ല. സംസ്ഥാനത്ത് സമ്പൂർണ്ണ കുഷ്ഠരോഗ നിർമ്മാർജ്ജന സർവ്വേ (ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ) നടപ്പിലാക്കി. ഇറാഡിക്കേഷൻ ഓഫ് ലെപ്രസി ത്രൂ സെൽഫ് റിപ്പോർട്ടിംഗ് ആന്റ് അവയർനസ് (ELSA) നടപ്പിലാക്കി. കുഷ്ഠരോഗ നിർമ്മാർജ്ജന പ്രതിജ്ഞ എടുക്കുക എന്ന അജണ്ട ഉൾപ്പെടുത്തി പ്രത്യേക ഗ്രാമസഭ വിളിച്ചുകൂട്ടുന്ന സ്പർശ് ലെപ്രസി അവയർനസ് ക്യാമ്പയിൻ ഈ വർഷവും നടത്തുകയുണ്ടായി. കുട്ടികളിലെ കുഷ്ഠരോഗം കണ്ടുപിടിക്കുന്നതിനായി 'ബാലമിത്ര' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**കുരങ്ങുപനി**

മൃഗങ്ങളിൽ കാണുന്ന ചെള്ളുകളിലൂടെ പകരുന്ന രോഗമാണ് കുരങ്ങുപനി. കുരങ്ങുപനി വയനാട് ജില്ലയിൽ മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. രോഗപ്പകർച്ച തടയുന്നതിന് രോഗപ്പകർച്ച സാധ്യതയുള്ള പ്രദേശങ്ങളിൽ പ്രതിരോധ വാക്സിൻ നൽകിവരുന്നു. കൂടാതെ കുരങ്ങുമരണവും രോഗവും റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ ചെള്ള് നശീകരണത്തിനായി കീടനാശിനി പ്രയോഗം നടത്തുകയും കാട്ടിലേയ്ക്ക് പ്രവേശിക്കുന്ന ആളുകൾക്ക് പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുകയും ചെയ്യുന്നു.

മേയാനും മറ്റുമായി കാട്ടിലേക്ക് വിടുന്ന മൃഗങ്ങളുടെ സുരക്ഷയ്ക്കായി മൃഗങ്ങളുടെ ശരീരത്തിൽ പുരട്ടാൻ ടിക് റിപ്പല്ലന്റ് ലേപനങ്ങൾ നൽകിവരുന്നു. ആ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പ്രാദേശിക ഭാഷയിൽ ബോധവത്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

മേല്പറഞ്ഞ രോഗങ്ങൾക്ക് പുറമെ അപൂർവ്വമായി റിപ്പോർട്ട് ചെയ്തുവരുന്ന രോഗങ്ങളാണ് ജപ്പാൻ ജ്വരം, വെസ്റ്റ് നൈൽ പനി തുടങ്ങിയവ. ഇവയിൽ വൈറസ് രോഗങ്ങളായ ജപ്പാൻ ജ്വരം, വെസ്റ്റ് നൈൽ പനി എന്നിവ കൊതുക് പരത്തുന്ന രോഗങ്ങളാണ്. രോഗനിരീക്ഷണത്തിന്റെ ഭാഗമായി അക്യൂട്ട് എൻസഫലൈറ്റിസ് സിൻഡ്രോം ലക്ഷണമുള്ള രോഗികളുടെ വിവര ശേഖരണവും പരിശോധനയും നടന്നുവരുന്നു. രോഗം സ്ഥിരീകരിക്കുന്നവർക്ക് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ചുള്ള ചികിത്സ ഉറപ്പാക്കുകയും രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കൊതുക് നശീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ജില്ലാതലത്തിൽ ദ്രുതകർമ്മ സേന മുഖേന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തിവരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി ഫീൽഡ് തല പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

Epidemic Potential ഉള്ള രോഗങ്ങളുടെ Investigation ഡി.എം.ഒ.

ടീമും മെഡിക്കൽ കോളേജിലെ വിവിധ വകുപ്പുകളും കൂടി ചെയ്തുവരുന്നു.

മെഡിക്കൽ കോളേജുകളിലും, അനുബന്ധ സ്ഥാപനങ്ങളിലും റഗുലർ ആയി ഇൻഫെക്ഷൻ കൺട്രോളർ പ്രവർത്തനങ്ങൾ, ട്രെയിനിംഗ്, മോണിറ്ററിംഗ്, സൂപ്പർവിഷൻ, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്, മാലിന്യ നിർമ്മാർജ്ജനം, കൊതുക് നിയന്ത്രണം എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ പ്രവർത്തനങ്ങൾ അതാത് മാസങ്ങളിൽ ആശുപത്രി സൂപ്രണ്ടിന്റെയും Infection Control team, SPIED Cell-ന്റെയും നേതൃത്വത്തിൽ അവലോകനം നടത്തി ശരിയായ രീതിയിൽ നടന്നുവരുന്നുവെന്ന് ഉറപ്പുവരുത്തുകയും അത്തരം പ്രവർത്തനങ്ങളിൽ ജീവനക്കാർക്ക് അവബോധം വരുത്തുന്നതിനുവേണ്ട ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു.

(ബി) ജലജന്യ അണുബാധകൾ കൂടുതലായി കാണപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത്തരം സ്ഥലങ്ങളിൽ അണുബാധ തടയുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

നിലവിലുള്ള കണക്കുകൾ പ്രകാരം, മലപ്പുറം, കണ്ണൂർ, പാലക്കാട് ജില്ലകളിലാണ് ജലജന്യരോഗങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

ജലദൗർലഭ്യമുള്ള മേഖലകളിലും ജലം മലിനമാകാൻ സാധ്യതയുള്ള വെള്ളക്കെട്ടുകളോട് ചേർന്ന പ്രദേശങ്ങളിലും പലവിധത്തിൽ മലിനമാക്കപ്പെടുന്ന കിണറുകൾ, കുടിവെള്ള സ്രോതസ്സുകൾ എന്നിവയിലുമാണ് ജലജന്യ അണുബാധകൾ കൂടുതലായി കാണപ്പെടുന്നത്. ഈ സ്ഥലങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് ആരോഗ്യ ജാഗ്രത കലണ്ടർ അനുസരിച്ചും നിശ്ചിത ഇടവേളകളിലും ഹെൽത്തി കേരള പരിപാടിയുടെ ഭാഗമായും കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ/ സൂപ്പർ ക്ലോറിനേഷൻ നടത്തിവരുന്നു. കൂടാതെ ശേഖരിച്ചുവച്ചിരിക്കുന്ന കുടിവെള്ളം അണുവിമുക്തമാക്കുന്നതിനായി ക്ലോറിൻ ഗുളികകൾ വിതരണം ചെയ്യുന്നു. കിണർ കുടിവെള്ള വിതരണ പദ്ധതികൾ, ടാങ്കർ ലോറികൾ എന്നിവയിലൂടെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളിലും മെഡിക്കൽ കോളേജിലെ മൈക്രോ ബയോളജി ലാബുകളിലും വാട്ടർ അതോറിറ്റിയുടെ ലാബുകളിലും നടത്തി വരുന്നു. അണുബാധ മനുഷ്യരിൽ കണ്ടുപിടിക്കുന്നതിനായി എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളിലും മെഡിക്കൽ കോളേജ് ലാബുകളിലും ബാക്ടീരിയൽ കൾച്ചർ, സെൻസിറ്റിവിറ്റി ടെസ്റ്റ് തുടങ്ങിയവ ചെയ്യുന്നു. രോഗ ചികിത്സ

മെഡിക്കൽ കോളേജ് ഉൾപ്പെടെ എല്ലാ ആശുപത്രികളിലും ലഭ്യമാണ്. നോറോ, സാപ്പോ, ആസ്റ്റോ വൈറസ് കണ്ടുപിടിക്കുന്നതിനായി പി.സി.ആർ. ടെസ്റ്റ് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബുകളിലേയ്ക്ക് അയച്ച് സ്ഥിരീകരിച്ചുവരുന്നു.

ജലസ്രോതസുകൾ മലിനമാകാതിരിക്കാനുള്ള അനുബന്ധ പരിപാടികൾ ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ തുടങ്ങിയവയുമായി ചേർന്ന് നടത്തിവരുന്നു. ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ഗുളികകൾ, പരിശോധനാ കിറ്റ് എന്നിവയുടെ ലഭ്യത എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഉറപ്പുവരുത്തിയിട്ടുണ്ട്. ജലജന്യ രോഗങ്ങളെ പ്രതിരോധിക്കാൻ ആഹാര ശുചിത്വം, കുടിവെള്ള ശുചിത്വം, വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകുന്നു.

(സി) കോവിഡിന് സമാന ലക്ഷണമുള്ള ഇൻഫ്ലുവൻസ വൈറസ് പടരുന്നത് തടയാൻ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് പുറത്തിറക്കിയ മാർഗ്ഗരേഖയുടെ വിശദാംശം ലഭ്യമാക്കാമോ?

കോവിഡിന് സമാനമായ ലക്ഷണവുമായി വരുന്ന രോഗികളെ സ്ക്രീൻ ചെയ്യുന്നതിനും ഇൻഫ്ലുവൻസ രോഗം കണ്ടെത്തുന്നതിനും മതിയായ ചികിത്സ

നൽകുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരം രോഗം ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഗർഭിണികളിൽ H1N1 മൂലം രോഗാതുരതയും സങ്കീർണ്ണതകളും കൂടുതലായതിനാൽ ഫീൽഡ് തലത്തിൽ നിന്നും ഇൻഫ്ലുവൻസ രോഗ ലക്ഷണമുള്ളവരെ കണ്ടെത്തി യഥാസമയം ചികിത്സ ലഭ്യമാക്കാനുള്ള പ്രവർത്തനം ആശാവർക്കർ മുഖേന നടക്കുന്നു. High risk വിഭാഗത്തിലുള്ള ഗർഭിണികൾ, പ്രസവാനന്തര കാലഘട്ടത്തിലുള്ളവർ, കഠിനമായ രോഗാവസ്ഥയിലുള്ളവർ, പ്രായാധിക്യമുള്ളവർ തുടങ്ങിയ ആളുകൾ സാമൂഹിക അകലം പാലിക്കാനും രോഗലക്ഷണങ്ങളുള്ളവരുമായുള്ള സമ്പർക്കം ഒഴിവാക്കാനുമുള്ള നിർദ്ദേശം നൽകുകയും ആവശ്യമുള്ള ഒസൾട്ടാമിവിർ ഗുളിക എല്ലാ സർക്കാർ ആശുപത്രികളിലും കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇൻഫ്ലുവൻസ സംബന്ധിച്ച വിശദമായ പഠനം നടത്താനുള്ള സൗകര്യം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ നടപ്പിലാക്കിവരുന്നു.

ശ്വാസകോശ സംബന്ധമായ അണുബാധകൾ തടയുന്നതിന് മരുന്നുകൾ ഉപയോഗിക്കാതെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനായി ADVISORY WITH REGARD TO AUGMENTATION OF ADHERENCE TO

NON-PHARMACOLOGICAL INTERVENTIONS FOR PREVENTING RESPIRATORY INFECTIONS 24-12-2022-ലെ F2/31/2020-Health പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ലോകമെമ്പാടും കോവിഡ്, ഇൻഫ്ളുവൻസ തുടങ്ങിയ ശ്വാസകോശ രോഗങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ ഔഷധേതര ഇടപെടലുകളായ മാസ്ക്, ശാരീരിക അകലം, കൈകളുടെ ശുചിത്വം, ചുമ-തുമ്മൽ മര്യാദകൾ, വായു സഞ്ചാരമുള്ള മുറികൾ തുടങ്ങിയവയിലൂടെ ഫലപ്രദമായി രോഗത്തെ പ്രതിരോധിക്കുകയാണ് ലക്ഷ്യം.

(ഡി) രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി അതിവേഗം രോഗനിർണ്ണയം നടത്തുന്നതിന് എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് സംസ്ഥാനത്തെ പബ്ലിക് ലാബുകൾ മുഖേന നിലവിൽ ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി നൂതനമായ പരിശോധന സംവിധാനങ്ങൾ സംസ്ഥാനത്തെ പബ്ലിക് ലാബുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

- മോളിക്കുലർ പരിശോധന സംവിധാനങ്ങളായ ആർ.ടി.പി.സി.ആർ പരിശോധന സംവിധാനങ്ങൾ, ഓപ്പൺ ആന്റ് ക്ലോസ്ഡ് ആർ.ടി.പി.സി.ആർ. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, റീജിയണൽ

പബ്ലിക് ഹെൽത്ത് ലാബുകൾ എന്നിവയിൽ സജ്ജീകരിച്ചിട്ടുണ്ട്.

- കോവിഡ് പരിശോധനയുടെ 25 മിനിറ്റുകൾക്കുള്ളിൽ ഫലം ലഭിക്കുന്ന റാപ്പിഡ് ആർ.ടി.പി.സി.ആർ. - Accula - (Accula SARS Cov2-test) device എറണാകുളം റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിൽ സജ്ജീകരിച്ചിട്ടുണ്ട്.

- കോവിഡ് അടക്കമുള്ള പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള ക്ലോസ്ഡ് പി.സി.ആർ. സംവിധാനങ്ങളായ സി.ബി. നാറ്റ് മെഷീനും (4 Module, 7+1 Module) വിവിധ പബ്ലിക് ഹെൽത്ത് ലാബുകളിൽ സജ്ജമാണ്.

- ടി.ബി. അടക്കമുള്ള രോഗ നിർണ്ണയത്തിന് ട്രൂനാറ്റ് പരിശോധനാ സംവിധാനവും നിശ്ചിത ലാബുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

- എലിപ്പനി (ലെപ്റ്റോസ്പൈറോസിസ്) കണ്ടെത്തുന്നതിനുള്ള പി.സി.ആർ. പരിശോധനയും സ്റ്റേറ്റ് പബ്ലിക് ലാബ്, തെരഞ്ഞെടുക്കപ്പെട്ട റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ എന്നിവിടങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്.

- എച്ച്1 എൻ1 അടക്കമുള്ള പകർച്ചവ്യാധികളുടെ പി.സി.ആർ.

പരിശോധനാ സംവിധാനവും, നോറോ, സാപോവൈറസ് അടക്കമുള്ള വൈറൽ അതിസാര ബാധയുടെ രോഗനിർണ്ണയത്തിനായുള്ള GE Viral പാനൽ പി.സി.ആർ. പരിശോധനാ സംവിധാനവും സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിൽ സജ്ജീകരിച്ചിട്ടുണ്ട്.

- ഇതുകൂടാതെ നവ കേരളം കർമ്മ പദ്ധതി - ആർദ്രം മിഷന്റെ ഭാഗമായി ഹബ് ആന്റ് സ്പോക്ക് സംവിധാനംവഴി പരിശോധനാ സംവിധാനങ്ങൾ കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ട്.

- പകർച്ചവ്യാധികളുടെ ബാധയോടനുബന്ധിച്ച് വർദ്ധിക്കുന്ന അക്യൂട്ട് ഫേസ് റിയാക്ടന്റ്സ് (Acute Phase Reactants), ഡീ-ഡൈമർ (D-dimer) അടക്കമുള്ള പരിശോധനയ്ക്കുള്ള സംവിധാനങ്ങളും നിശ്ചിത ലാബുകളിൽ സജ്ജമാക്കിയിട്ടുണ്ട്.

- ELISA/CLIA സംവിധാനങ്ങൾ വഴിയുള്ള രോഗനിർണയ സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ഹെപ്പറ്റൈറ്റിസ് ബി, സി, എ, ഇ, സിഫിലിസ് ELISA test, Dengue NS1, dengue IgM antibody, leptospira IgM, Chikungunya IgM, Scrub typhus IgM എന്നീ വിവിധ പരിശോധനകളും രോഗനിർണ്ണയത്തിനായി പബ്ലിക്

ഹെൽത്ത് ലാബുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

- വൈഡാൽ (widal) പരിശോധന അടക്കമുള്ള സിറോളജിക്കൽ പരിശോധനയും, റാപ്പിഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റുകളും (RDT) പബ്ലിക് ഹെൽത്ത് ലാബുകളിൽ നിലവിൽ ലഭ്യമാണ്. മൈക്രോസ്കോപ്പ് ഉപയോഗിച്ചുള്ള കഫ പരിശോധനയ്ക്ക് പുറമെ ക്ഷയരോഗ നിർണ്ണയം കൂടുതൽ വേഗത്തിലും കൃത്യമായും നടത്തുന്നതിനായി CBNAAT, TRUENAT എന്നീ രണ്ട് ടെക്നോളജികൾ ഉപയോഗിച്ചുകൊണ്ടുള്ള ടെസ്റ്റുകൾ നിർദ്ദിഷ്ട സർക്കാർ ലാബുകളിൽ സൗജന്യമായി ലഭ്യമാണ്.

- തിരുവനന്തപുരത്തെ ഇന്റർമീഡിയറ്റ് റഫറൻസ് ലബോറട്ടറിയും കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കൾച്ചർ & ഡ്രഗ്ഗ് സെൻസിറ്റിവിറ്റി ലബോറട്ടറിയും ഒന്നാം നിര/രണ്ടാം നിര ക്ഷയരോഗ ചികിത്സാ മരുന്നുകളോടുള്ള ക്ഷയരോഗാണുക്കളുടെ പ്രതിരോധം (Multi drug resistant TB) കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം സൗജന്യമായി നൽകിവരുന്നുണ്ട്.

**വളർത്ത് നായ്ക്കൾക്ക് ലൈസൻസ്**

13 (*163) ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. വി. ശശി:

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>:

<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പേവിഷബാധയ്ക്കെതിരെ പ്രതിരോധം ശക്തമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പേവിഷബാധ ഉന്മൂലനം ചെയ്യുന്നതിന്റെ ഭാഗമായി തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനും വന്ധ്യംകരിക്കുന്നതിനുമായി സംസ്ഥാന സർക്കാർ അവലംബിച്ചുപോരുന്ന പദ്ധതിയാണ് എ.ബി.സി. (ആനിമൽ ബർത്ത് കൺട്രോൾ) പദ്ധതി. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനും വന്ധ്യംകരിക്കുന്നതിനും ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കിയ പ്രധാന നഗരങ്ങളിലൊക്കെയും വിജയകരമായതിനാൽ ഭാരത സർക്കാർ ഇന്ത്യയിലെ എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിലും മൃഗസംരക്ഷണ സംഘടനകളോടൊപ്പം ചേർന്നുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

പ്രസ്തുത പദ്ധതി ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പ് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് നഗരസഭകൾ സംഘടിപ്പിച്ച വാക്സിനേഷൻ ക്യാമ്പുകളുടെ എണ്ണം, വാക്സിൻ സ്വീകരിച്ച നായ്ക്കളുടെ എണ്ണം, വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്തുകൾ കൈക്കൊണ്ടിട്ടുള്ള പ്രതിരോധ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) തദ്ദേശ സ്വയംഭരണ വകുപ്പ് വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. 1994-ലെ കേരള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 437 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽനിന്നും ലഭിച്ച ലൈസൻസ് കൂടാതെയും പേവിഷത്തിനെതിരെ തന്റെ പട്ടിയെ വാക്സിനേറ്റ് ചെയ്യിപ്പിക്കാതെയും നായ്ക്കളെ വളർത്താൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കിക്കൊണ്ട് 08-08-2021-ലെ RC3/241/2021/LSGD പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതുപ്രകാരം നടപടി സ്വീകരിച്ചുവരുന്നതുമാണ്. ഇക്കാലയളവിൽ നഗരസഭാതലത്തിൽ രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം 30553-ഉം ഗ്രാമപഞ്ചായത്ത് തലത്തിൽ ആയത് 81373 -ഉം ആണ്.

## ജീവിതശൈലീ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ

14 (*164) <u>ശ്രീ. എച്ച്. സലാം:</u>
<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണവും ബോധവൽക്കരണവും എന്ന ലക്ഷ്യപ്രാപ്തിക്കായി നടപ്പാക്കുന്ന ജീവിതശൈലി ക്യാമ്പയിൻ പ്രവർത്തനങ്ങൾ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസസ് പദ്ധതിയെന്ന നിലയിൽ ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായോ; വിശദമാക്കുമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ആരോഗ്യവകുപ്പിനുകീഴിൽ ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതി നടപ്പാക്കിവരുന്നു. ജീവിതശൈലീ രോഗങ്ങളോടോപ്പം അതിന്റെ സങ്കീർണ്ണതകൾകൂടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും വിവിധ നൂതന പദ്ധതികൾ ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. രാജ്യത്തിനുതന്നെ മാതൃകയാകുന്ന ഈ പദ്ധതികളെക്കുറിച്ച് 2023 ജനുവരിയിൽ നടന്ന ദേശീയതല ചർച്ചയിൽവരെ പരാമർശിക്കുകയുണ്ടായി. ശ്വാസകോശ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള 'swass പദ്ധതി', നേത്രപടല അന്ധത കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള 'നയനാമൃതം പദ്ധതി', പെരിട്ടോണിയൽ ഡയാലിസിസ്, പാലിയേറ്റീവ് കെയർ പദ്ധതി എന്നിവയാണ് ദേശീയതലത്തിൽ രാജ്യത്തെ മികച്ച പ്രവർത്തനങ്ങളായി

വിലയിരുത്തപ്പെടുന്നത്. സംസ്ഥാന സർക്കാർ നവകേരള കർമ്മപദ്ധതി ആർദ്രം-2-ന്റെ ഭാഗമായി "അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന ക്യാമ്പയിനിലൂടെ നടപ്പാക്കിവരുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി ഇതിനോടകംതന്നെ ദേശീയ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ജീവിതശൈലീ രോഗ നിയന്ത്രണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

നവകേരള കർമ്മപദ്ധതി-ആർദ്രം-2-ന്റെ ഭാഗമായി ജീവിതശൈലിരോഗ നിയന്ത്രണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായുള്ള നടപടികൾ സംസ്ഥാന ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം വാർഷിക ആരോഗ്യ പദ്ധതിയെന്ന സാമൂഹിക ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗ നിർണ്ണയ പദ്ധതിയാണ്. 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന കാമ്പയിന്റെ ഭാഗമായി ശൈലി എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ആശാപ്രവർത്തകർ 30 വയസ്സിന് മുകളിൽ പ്രായമുള്ളവരിലെ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും അവയിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെക്കുറിച്ചുമുള്ള ഒരു

സർവ്വേ ഭവന സന്ദർശനത്തിലൂടെ നടപ്പിലാക്കുകയുണ്ടായി. 70 ലക്ഷത്തോളം ജനങ്ങളെ സ്ക്രീനിംഗിന് വിധേയമാക്കിയപ്പോൾ 14 ലക്ഷത്തോളം പേർക്ക് ജീവിതശൈലീരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ടെന്നും 4 ലക്ഷത്തോളം പേർക്ക് കാൻസർ രോഗലക്ഷണങ്ങളുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ കണ്ടെത്തുന്നവരിലെ രോഗസ്ഥിരീകരണം ഉറപ്പാക്കുന്നതിനും ചികിത്സ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കാൻസർ രോഗ ലക്ഷണങ്ങളുള്ളവരെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും തുടർചികിത്സ ഉറപ്പാക്കുന്നതിനും കാൻസർ കെയർ സ്യൂട്ട് എന്ന ഒരു സോഫ്റ്റ്‌വെയർ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ജനങ്ങളിലെ ജീവിതശൈലിയിൽ കാതലായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ ആർദ്രം പദ്ധതിയുടെ ഭാഗമായി ശ്വാസകോശ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള swass പദ്ധതി, നേത്രപടല അന്ധത കണ്ടത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള നയനാമൃതം പദ്ധതി, പക്ഷാഘാത ചികിത്സയ്ക്കുള്ള ശിരസ്സ് പദ്ധതി, ഡയബറ്റിക് ഫൂട്ട് കെയർ പ്രോഗ്രാം എന്നിവ ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതികളെ ഏകോപിപ്പിക്കുന്നതിന്

ആശുപത്രിതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകന മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. 23-01-2023-ലെ സ.ഉ. (സാധാ) നം.172/2023/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കുന്ന പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിന് എല്ലാ ജില്ലയിലും കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്.

(സി) ജീവിതശൈലീ രോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട് കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനായി ആരോഗ്യ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ജീവിതശൈലീരോഗ നിയന്ത്രണത്തിന് ഒരു അവിഭാജ്യ ഘടകമാണ് വ്യായാമം. സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങൾ വർദ്ധിക്കുന്നതിൽ വ്യായാമമില്ലായ്മ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഈ സ്ഥിതിക്ക് മാറ്റം വരുത്തുന്നതിന് ജനങ്ങളിൽ ഒരു കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നവകേരള കർമ്മപദ്ധതിയിൽ ഉൾപ്പെടുന്ന ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന ആരോഗ്യസംരക്ഷണ പദ്ധതിയിലൂടെ വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനും വ്യായാമത്തിലൂടെ ജീവിതശൈലീരോഗങ്ങൾ

ചെറുക്കുന്നതിനും ഉദ്ദേശിക്കുന്നു. ആരോഗ്യ വകുപ്പ് ഓപ്പൺ ജിമ്മുകൾ ആരംഭിക്കുന്നതിനും സ്കൂൾ NCD പ്രോഗ്രാമിലൂടെയും ക്യാമ്പസ് NCD പ്രോഗ്രാമിലൂടെയും കുട്ടികൾക്കിടയിൽ കായിക വിനോദങ്ങൾക്ക് ഊന്നൽ നൽകുന്നതിനും കായിക മത്സരങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ മേഖലയിലെ വിവിധ വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് കായിക സംസ്കാരം കൂടുതൽ ശാക്തീകരിക്കുന്നതിന് ആരോഗ്യവകുപ്പ് ലക്ഷ്യമിടുന്നു.

മെഡിക്കൽ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് പുതുക്കിയ CBME പാഠ്യപദ്ധതിയിൽ കായികാഭ്യാസത്തിനായി പ്രത്യേക സമയം മാറ്റിവച്ചിരിക്കുന്നു. അതോടൊപ്പം വർഷംതോറും കോളേജ് തലത്തിലും, സർവ്വകലാശാല തലത്തിലും മെഡിക്കൽ വിദ്യാർത്ഥികൾക്കായുള്ള കായിക മത്സരങ്ങൾ നടക്കുന്നുണ്ട്.

പൊതുജനങ്ങൾക്ക് കായിക പ്രവൃത്തികളുടെ പ്രയോജനം മനസ്സിലാക്കാനായി ബോധവൽക്കരണ പരിപാടികൾ എല്ലാ ആശുപത്രികളിലും ഹെൽത്ത് സെന്ററുകളിലും നൽകിവരുന്നു. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ആരോഗ്യ പരിപാടിയായ 'VIBGYOR' കോളേജുകളിൽ കൗമാരക്കാർക്കിടയിൽ നടത്തിവരുന്നു.

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പൊതു ജനങ്ങൾക്കായി യോഗ പരിശീലനം നൽകിവരുന്നു.

**ശബരിമല വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ നടപടി**

15 (*165) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

തീർത്ഥാടകർക്കായി ശബരിമല വിമാനത്താവളം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയുടെ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (ടി.ഇ.എഫ്.ആർ.) പൂർത്തീകരിച്ച് 'സൈറ്റ് ക്ലിയറൻസിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് MoCA) സമർപ്പിച്ചിട്ടുണ്ട്. 2022 നവംബർ മാസം ഡൽഹിയിൽ കേന്ദ്ര വ്യോമയാന സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഗ്രീൻഫീൽഡ് വിമാനത്താവളങ്ങൾക്കായുള്ള സ്റ്റിയറിംഗ് കമ്മിറ്റി യോഗം കൂടുകയും

ശബരിമല വിമാനത്താവള പദ്ധതിയുടെ സൈറ്റ് ക്ലിയറൻസ് അനുമതി അപേക്ഷയിന്മേൽ ചർച്ച നടക്കുകയും ചെയ്തു. പദ്ധതിയെ സംബന്ധിച്ച് നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി-യോട് വ്യോമയാന മന്ത്രാലയം വിവിധ ഘട്ടങ്ങളിലായി ആവശ്യപ്പെട്ട സ്പഷ്ടീകരണങ്ങൾ സമയബന്ധിതമായി നൽകിയിട്ടുമുണ്ട്. ആയതിനാൽ പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി (സൈറ്റ് ക്ലിയറൻസ്) ഉടൻ ലഭ്യമാകുമെന്ന് കരുതുന്നു.

പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠനം സമയബന്ധിതമായി പൂർത്തിയാക്കി പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കൂടാതെ, വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിലേക്കുള്ള നടപടികളും സ്വീകരിക്കും.

കോട്ടയം-പത്തനംതിട്ട ജില്ലകളുടെ അതിർത്തിയിൽ എരുമേലി ടൗണിന് സമീപം ചെറുവള്ളി എസ്റ്റേറ്റിലും, എസ്റ്റേറ്റിന് പുറത്ത് കുറച്ച് അധിക ഭൂമിയിലുമായി ഏകദേശം 2570 ഏക്കർ സ്ഥലത്താണ് വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി സർക്കാർ ആരംഭിച്ചുകഴിഞ്ഞു. 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമപ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ച് സാമൂഹിക ആഘാത

വിലയിരുത്തൽ പഠനം നടത്താനും പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്താൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കാനും ഉത്തരവായിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.)-യെ നിയോഗിച്ചിട്ടുണ്ട്.

വിമാനത്താവളത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി**

16 (*166) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നിത്യോപയോഗ സാധനങ്ങളുടെ വില അറുപത് ശതമാനത്തിലേറെ

വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(എ&ബി) ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ മൂല്യശോഷണത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും കേന്ദ്ര നയങ്ങളുടെയും ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും സർക്കാരിന്റെ ഫലപ്രദമായ വിപണിയിടപെടൽ പ്രവർത്തനങ്ങൾ വഴി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതി മൂലം 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ ഓട്ട്ലെറ്റുകൾ വഴി സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് നൽകിവരുന്നുണ്ട്. പ്രസ്തുത സബ്സിഡി വില്പന വില 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല.

ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുതുമൂലം 2021

ഏപ്രിൽ മുതൽ 2022 ഡിസംബർ വരെ ഏകദേശം 701.47 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. പ്രതിമാസം 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു.

സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങൾ കൂടാതെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നുണ്ട്.

ഇതുകൂടാതെ തേയില, മല്ലിപ്പൊടി, മുളകുപൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

ഇതിനുപുറമേ FMCG ഉല്പന്നങ്ങളും MRP-യെക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന

വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ട്.

90 മെഡിക്കൽ സ്റ്റോറുകൾ വഴി അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് ഇൻസുലിൻ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകൾക്കും 25% കിഴിവ് നൽകുന്നുണ്ട്.

കോവിഡ്-19 മഹാമാരിക്കാലത്ത് പൊതുജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിനുമായി മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്തംബർ വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻ കടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

2022-ലെ ഓണക്കാലത്തും 8569583 ഭക്ഷ്യക്കിറ്റുകൾ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സൗജന്യമായി വിതരണം ചെയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ

ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27-08-2022 മുതൽ 07-09-2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.

സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ക്രിസ്തുമസ് സീസണിൽ വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേക ക്രിസ്തുമസ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നു. ഇത്തവണ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ 22-12-2022 മുതൽ 02-01-2023 വരെയുള്ള കാലയളവിൽ പ്രത്യേക ക്രിസ്തുമസ്-പുതുവത്സര ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.

04-04-2022 മുതൽ 02-05-2022 വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലുള്ള എല്ലാ വിൽപ്പനശാലകളും വിഷു - ഈസ്റ്റർ - ഈദ്-ഉൽ ഫിത്തർ ഫെയറുകളായി പ്രവർത്തിച്ചു.

അരി വിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ 02-11-2022 മുതൽ 08-11-2022 വരെ 6 ദിവസത്തേയ്ക്ക് എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരി വണ്ടി'യുടെ സേവനം ക്രമീകരിച്ചത്.

റേഷൻകടകൾവഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന്

ജില്ലാതലത്തിൽ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ചേരുകയും വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകളും നടത്താറുണ്ട്. സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കാൻ 18-05-2022-ലെ സ.ഉ.(സാധാ) നം.173/2022/ഭ.പൊ.വി.വ. പ്രകാരം Centre for Price Research Kerala രൂപീകരിച്ചിട്ടുണ്ട്.

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) റേഷൻ കടകൾ വഴി സബ്സിഡി നിരക്കിൽ പലവ്യഞ്ജനങ്ങൾ വിതരണം ചെയ്യാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിനും റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാനം ലക്ഷ്യമിടുന്നതിന്റെയും ഭാഗമായി "കെ-സ്റ്റോർ" എന്ന പദ്ധതി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടമെന്ന നിലയിൽ എല്ലാ ജില്ലയിൽ നിന്നും കുറഞ്ഞത് 5 റേഷൻ കടകളെ തിരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

കെ-സ്റ്റോർ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൊതുജനസേവന കേന്ദ്രം, മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉല്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവ വിപണനം നടത്തുന്നതിനും 5,000/- രൂപ വരെയുള്ള ബാങ്കിംഗ് സേവനങ്ങൾ എന്നിവ കെ-സ്റ്റോറുകളിലൂടെ ലഭ്യമാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. കൂടാതെ ശബരി ഉൽപ്പന്നങ്ങളും ഇതുവഴി വിപണനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## മിശ്ര വിവാഹിതർക്കുള്ള സഹായങ്ങൾ

17 (*167) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി ദെലീമ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിശ്ര വിവാഹത്തിനായി നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സ്പെഷ്യൽ മാര്യേജ് ആക്ട്, 1954 പ്രകാരമുള്ള വിവാഹമാണെങ്കിൽ അപ്രകാരമുള്ള വിവാഹം നടത്തുന്നത് രജിസ്ട്രേഷൻ വകുപ്പിന് കീഴിലെ സബ് രജിസ്ട്രാറുടെ ഓഫീസിലാണ്. ആയതിൽ മിശ്രവിവാഹങ്ങളും ഉൾപ്പെടാറുണ്ട്. നടന്ന വിവാഹം രജിസ്റ്റർ ചെയ്യുക മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനം ചെയ്യുന്നത്.

(ബി) മിശ്ര വിവാഹിതർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ?

മിശ്രവിവാഹിതർക്ക് തങ്ങളുടെ വിവാഹം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാൻ നിലവിൽ തടസ്സങ്ങളൊന്നുമില്ല. കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 6, ചട്ടം 9 എന്നിവ പ്രകാരം മെമ്മോറാണ്ടം 1-ഉം വിവാഹം നടന്നതിന്റെ തെളിവായ വിവാഹ ഓഫീസറുടെ (സബ് രജിസ്ട്രാറുടെ) സർട്ടിഫിക്കറ്റും സഹിതം

വിവാഹം നടന്നിട്ടുള്ള സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതിചെയ്യുന്ന തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റിലെ തദ്ദേശ രജിസ്ട്രാർക്ക് അപേക്ഷ നൽകാവുന്നതാണ്.

(സി) മിശ്ര വിവാഹിതർക്ക് നൽകിവരുന്ന ധനസഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 08-02-2021-ലെ സർക്കാർ ഉത്തരവ് (എം.എസ്) 17/21 പ്രകാരം മിശ്രവിവാഹംകൊണ്ട് ദുരിതമനുഭവിക്കുന്ന പട്ടികവിഭാഗക്കാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനും മറ്റുമായി ഒരു ലക്ഷം രൂപവരെ വരുമാനമുള്ളവർക്ക് 75,000/- രൂപ ധനസഹായം അനുവദിക്കുന്നു.

തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ മിശ്രവിവാഹിതർ അംഗങ്ങളാണെങ്കിൽ അതത് ക്ഷേമപദ്ധതി പ്രകാരം അംഗങ്ങൾക്കനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അർഹതയ്ക്കനുസരിച്ച് ലഭിയ്ക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗം ഒഴികെയുള്ള മിശ്രവിവാഹം ചെയ്യതുമൂലം സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ദമ്പതിമാർക്ക് അതിജീവനത്തിനായി ധനസഹായം നൽകുന്ന പദ്ധതി മുഖേന മുപ്പതിനായിരം രൂപ സാമൂഹ്യനീതി

വകുപ്പ് ധനസഹായമായി അനുവദിച്ചുവരുന്നു. ധനസഹായമായി നൽകുന്ന തുക വ്യവസായം ആരംഭിക്കൽ, സ്ഥലം വാങ്ങൽ, ഭവനനിർമ്മാണം തുടങ്ങിയ മൂലധന നിക്ഷേപങ്ങൾക്കുവേണ്ടി വിനിയോഗിക്കാവുന്നതാണ്. വിവാഹശേഷം ഒരുവർഷം കഴിഞ്ഞും രണ്ടുവർഷത്തിനുള്ളിലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സുനീതി പോർട്ടൽ മുഖേന അതത് ജില്ലകളിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ പരിശോധിച്ച് ശിപാർശ ചെയ്യുന്നു. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അടിസ്ഥാനത്തിൽ തുക കൈമാറുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുമാണ് ചെയ്തുവരുന്നത്.

(ഡി) മിശ്ര വിവാഹം ചെയ്തവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഒരു വർഷംവരെ അവർക്ക് താമസിക്കാൻ സേഫ് ഹോമുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

WP(c) No.231/2010- Shakthi Vahini vs Union of India & others എന്ന കേസിന്മേൽ 31-05-2018-ൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംസ്ഥാന സർക്കാർ ഓരോ ജില്ലാ ആസ്ഥാനത്തും മിശ്ര വിവാഹിതർക്കായി ഒരു സുരക്ഷിതഭവനം (Safe Home) സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ

സാമൂഹികവും കുടുംബപരവുമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്ന മിശ്രവിവാഹിതരെ പുനരധിവസിപ്പിക്കുന്നതിനായി എൻ.ജി.ഒ.-കളുമായി സഹകരിച്ച് ജില്ലാ കേന്ദ്രങ്ങളിൽ സെയ്ഫ് ഹോം ആരംഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സാമൂഹ്യ പ്രശ്നങ്ങൾ നേരിടുന്ന മിശ്രവിവാഹ ദമ്പതികൾക്ക് പുനരധിവാസത്തിനുള്ള പിന്തുണ, കൗൺസലിംഗ്, നിയമസഹായം തുടങ്ങിയവ നൽകി അതിജീവനത്തിന് പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സെയ്ഫ് ഹോം ആരംഭിക്കുന്നതിനായി താല്പര്യമുള്ള എൻ.ജി.ഒ.-കളിൽനിന്നും താല്പര്യപത്രം ക്ഷണിച്ച് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഒഴികെയുള്ള മിശ്ര വിവാഹിതരായ ദമ്പതികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി എന്തൊക്കെ സഹായമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 08-02-2021- ലെ സ.ഉ. (കൈ) നം. 17/2021 പ്രകാരം മിശ്രവിവാഹ ദമ്പതികളിൽ ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും കുടുംബ വരുമാനപരിധി ഒരു ലക്ഷം രൂപയിൽ താഴെയുമാണെങ്കിൽ എഴുപത്തായ്യിരം രൂപ

സാമ്പത്തികസഹായമായി അനുവദിക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 01-06-2015-ലെ സ.ഉ. (കൈ)നം. 39/2015 ഉത്തരവ് പ്രകാരം മിശ്രവിവാഹംമൂലം ക്ലേശമനുഭവിക്കുന്നവർക്ക് സഹായം അനുവദിക്കുന്നതിന് വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷവും മൂന്ന് വർഷത്തിനുള്ളിലും അപേക്ഷ സമർപ്പിക്കണം. ഒരു ലക്ഷം രൂപ വരുമാനപരിധിയായി നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് തുടങ്ങിയവ സഹിതം അപേക്ഷ അതത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകേണ്ടതും ആയത് ബന്ധപ്പെട്ട ട്രൈബൽ ഓഫീസർ അന്വേഷണം നടത്തി മിശ്രവിവാഹധനസഹായത്തിന് അർഹരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ജില്ലാതല ഓഫീസിലേയ്ക്ക് ശിപാർശ ചെയ്യുകയും ആയതുപ്രകാരം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു.

പട്ടികജാതി/പട്ടികവർഗ്ഗം ഒഴികെയുള്ള മിശ്രവിവാഹം ചെയ്തതുമൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് ധനസഹായം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ടി

പദ്ധതി മുഖേന ഗുണഭോക്താക്കൾക്ക് മുപ്പതിനായിരം രൂപ അനുവദിച്ചുവരുന്നു. ധനസഹായമായി നൽകുന്ന തുക വ്യവസായം ആരംഭിക്കൽ, സ്ഥലം വാങ്ങൽ, ഭവനനിർമ്മാണം തുടങ്ങിയ മൂലധനനിക്ഷേപങ്ങൾക്കുവേണ്ടിയാണ് വിനിയോഗിക്കേണ്ടത്.

## ശബരി റെയിൽപാത നിർമ്മാണം

18 (*168) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-അഴുത ശബരി റെയിൽപ്പാതയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

അങ്കമാലി-ശബരി റെയിൽവേ പദ്ധതി നിർഘലനീഭവിപ്പിക്കുന്നതിന് (De-freeze) കേന്ദ്ര റെയിൽവേ മന്ത്രിക്ക് മുഖ്യമന്ത്രി തലത്തിലും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിതലത്തിലും കത്തയച്ചിട്ടുണ്ട്. കൂടാതെ 17-08-2022-ന് ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ അങ്കമാലി-ശബരി ഉൾപ്പെടെയുള്ള പദ്ധതികൾ ചർച്ച

ചെയ്തിരുന്നു. പ്രസ്തുത ചർച്ചയെ ആസ്പദമാക്കി ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാന് പദ്ധതിയുടെ അംഗീകാരം വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകുകയും ചെയ്തു. തുടർന്ന് 2023-24 കേന്ദ്ര ബജറ്റിൽ പദ്ധതിക്ക് മതിയായ തുക വകയിരുത്തി പിങ്ക് ബുക്കിൽ ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് നൽകിയിരുന്നു. സംസ്ഥാന സർക്കാരിന്റെ നിരന്തര ഇടപെടലിന്റെ ഫലമായി 2023-24 ലെ ബജറ്റിൽ ഉൾപ്പെടുത്തുകയും ആയതിന് 100 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പാതയുടെ നിർമ്മാണത്തിനായി അടങ്കൽ തുകയുടെ അമ്പത് ശതമാനമായ രണ്ടായിരം കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കുമെന്ന നയപ്രഖ്യാപന പ്രസംഗത്തിലെ ഉറപ്പ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

റെയിൽവേയുടെ ആവശ്യ പ്രകാരം പദ്ധതി ചെലവിന്റെ 50 ശതമാനം തുകയായ 2815 കോടി രൂപ സംസ്ഥാനം വഹിക്കുന്നതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അക്കാര്യം റെയിൽവേ ബോർഡിനെ അറിയിക്കുകയും ചെയ്തു.

(സി) പ്രസ്തുത പാതയുടെ പൂർത്തീകരണം സംബന്ധിച്ച് കെ-റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പദ്ധതി ചെലവിന്റെ 50 ശതമാനം സംസ്ഥാനം വഹിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിനും റെയിൽവേ ബോർഡ് കെ-റെയിലിനെ നിർദ്ദേശിച്ചിരുന്നു. ഇതുസംബന്ധിച്ച ലിഡാർ സർവ്വേ പൂർത്തിയാക്കുകയും അങ്കമാലി-എരുമേലി-ശബരി പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ പൂർത്തീകരിച്ചുകൊണ്ട് റെയിൽവേയ്ക്ക് തുടർ നടപടികൾക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ദക്ഷിണ റെയിൽവേ ഈ പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും റിപ്പോർട്ട് റെയിൽവേ ബോർഡിന് 21-07-2022 -ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

തുടർന്ന് 14-11-2022-ന് പദ്ധതിയുടെ ഡി.പി.ആർ., വിശദ എസ്റ്റിമേറ്റ് എന്നിവ ചർച്ച ചെയ്യുന്നതിനായി റെയിൽവേ ബോർഡ് ഗതി ശക്തി വിഭാഗം കെ.ആർ.ഡി.സി.എൽ. അധികൃതരുമായി ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് 23-12-2022-ന് റെയിൽവേയ്ക്ക് പുനഃസമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട്

ദക്ഷിണ റെയിൽവേ 10-01-2023-ന് തുടർ നടപടികൾക്കായി റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

റെയിൽവേയുടെ നിർദ്ദേശ പ്രകാരമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ സർക്കാർ നിർത്തിവച്ചത്. തുടർ നിർദ്ദേശം ലഭിക്കുന്നതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) എറണാകുളം ജില്ലയിലെ സ്മാർട്ട് സിറ്റി, ഇൻഫോപാർക്ക് തുടങ്ങിയ തൊഴിലധിഷ്ഠിത മേഖലകളുമായി തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം എന്നീ മേഖലകളെ ബന്ധിപ്പിക്കാൻ വേണ്ട മാറ്റങ്ങൾ ശബരി പാതയിൽ വരുത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

റെയിൽവേ ബോർഡ് പദ്ധതി അംഗീകരിക്കുന്ന മുറയ്ക്ക് ഫസ്റ്റ് & ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി വിഭാവനം ചെയ്യാൻ സാധിക്കും.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം**

19 (*169) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്)

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപ്പ് വർഷത്തെ പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്. നിർവ്വഹണം പുരോഗമിക്കുകയാണ്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും 2022-23 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള വികസന ഫണ്ട് തുകയായ 472827.44 ലക്ഷം രൂപയിൽ 42.47% തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ബ്ലോക്ക് പഞ്ചായത്തുകൾ 41.6% പദ്ധതിവിഹിതം ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ നാളിതുവരെയുള്ള പദ്ധതി വിനിയോഗം 37.23 ശതമാനമാണ്. കോർപ്പറേഷനുകളുടെ പദ്ധതി വിനിയോഗം 30.08 ശതമാനമാണ്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇത് നടപ്പിലാക്കാൻ ആവശ്യമായ ഫണ്ട് സർക്കാർ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പ്രാദേശിക സാമ്പത്തിക വികസനം, അതിദാരിദ്ര്യ നിർമ്മാർജ്ജനം, സാമൂഹ്യനീതി ഉറപ്പാക്കൽ, അതിജീവനക്ഷമത കൈവരിക്കൽ, സമ്പൂർണ്ണ ശുചിത്വയജ്ഞം എന്നീ പദ്ധതികൾ കൂടാതെ മൊബൈൽ വെറ്ററിനറി ക്ലിനിക്, എ.ബി.സി. പ്രോജക്ട്, വാട്ടർ കിയോസ്കുകൾ രൂപീകരിക്കൽ, ഐ.ടി. ഹബ്ബ്, ഐ.റ്റി. പാർക്ക്, വർക്ക് നിയർ ഹോം സെന്ററുകൾ, ജീവിത ശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ജീവതാളം പദ്ധതി മുതലായവ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 2023-24 വർഷത്തേയ്ക്ക് വികസന പ്രവർത്തനങ്ങൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(സി) ഫണ്ടുകളുടെ അപര്യാപ്തതമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്താൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഫണ്ടുകളുടെ അപര്യാപ്തതമൂലം നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിവിശേഷം നിലവിലില്ല.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർക്കുള്ള കുടിശ്ശിക തീർക്കാൻ ആവശ്യമായ നടപടി

സ്വീകരിക്കുമോ?

പ്രവൃത്തി പൂർത്തീകരിച്ച് ബിൽ ലഭ്യമാക്കുന്ന മുറയ്ക്ക് കരാറുകാർക്ക് തുക മാറി നൽകുന്നുണ്ട്.

**മാലിന്യ സംസ്കരണത്തിന് ജനകീയ പങ്കാളിത്തം**

20 (*170) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മിതിക്ക് അനിവാര്യമായ ശാസ്ത്രീയ സമ്പൂർണ്ണ മാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതിന് ജനകീയ പങ്കാളിത്തത്തോടെ പ്രചാരണ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ?

ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും മാലിന്യസംസ്കരണ ശീലത്തിലും മനോഭാവത്തിലും വലിയ മാറ്റം കൊണ്ടുവരാൻ വിപുലമായ ജനകീയ ക്യാമ്പയിൻ നടത്തുന്നതിന് രൂപം നൽകിയിട്ടുണ്ട്. ഒറ്റത്തവണ ഉപയോഗത്തിലുള്ള പ്ലാസ്റ്റിക് നിരോധനം

സംബന്ധിച്ചും ദ്രവമാലിന്യ പരിപാലന മേഖലയിൽ പൊതു ജലസ്രോതസുകളുടെ ജല ഗുണനിലവാരത്തിന്റെ അപകടാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്തി സംസ്കരണ പ്ലാന്റുകൾ, ബഹുജന പിന്തുണയോടെ സ്ഥാപിക്കുന്നതിന് 'മലംഭൂതം' എന്ന ക്യാമ്പയിനും ഖരമാലിന്യവുമായി ബന്ധപ്പെട്ട് 'വലിച്ചെറിയൽ മുക്തകേരളം' എന്ന ക്യാമ്പയിനും തുടക്കംകുറിച്ചിട്ടുണ്ട്. ശാസ്ത്രീയമായ മാലിന്യസംസ്കരണ സാങ്കേതികവിദ്യയും നൂതന ആശയങ്ങളും പരിചയപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് 2023 ഫെബ്രുവരി 4 മുതൽ 6 വരെ എറണാകുളത്ത് സംഘടിപ്പിച്ച ഗ്ലോബൽ എക്സ്പോയും ശ്രദ്ധേയമായ പരിപാടിയായിരുന്നു.

(ബി) ശുചിത്വബോധം വളർത്തുന്നതിനും വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

ജനങ്ങളിൽ ശുചിത്വബോധം വളർത്തുന്നതിനും വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും നടപ്പാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്ലാസ്റ്റിക്കും മറ്റ് പാഴ്‌വസ്തുക്കളും ശാസ്ത്രീയമായി സംസ്കരിക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നുണ്ടോ?

ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ കൂടുതൽ വിപുലീകരിക്കുന്നതിനും യന്ത്രവൽക്കരണം നടത്തുന്നതിനും ശേഖരിക്കുന്ന പാഴ് വസ്തുക്കൾ രണ്ടാംഘട്ട തരംതിരിവ് നടത്തി കൂടുതൽ വിപണന സാധ്യത ഉറപ്പുവരുത്തുന്നതിനായുള്ള ഫെസിലിറ്റികൾ എല്ലാ ജില്ലകളിലും പ്രവർത്തന സജ്ജമാക്കുന്നതിനും തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിലെ ഫെസിലിറ്റികൾ ഉടനെ പ്രവർത്തനം ആരംഭിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്.
2. സംയോജിത പാഴ്‌വസ്തു പരിപാലന കേന്ദ്രങ്ങൾ, രണ്ട് ചില്ലുമാലിന്യ പരിപാലന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.
3. സർക്കാർ ഓഫീസുകളിൽനിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്ന ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലനം

ചെയ്യുന്നതിനുള്ള ഫെസിലിറ്റി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

4. ഹരിതകർമ്മ സേന ശേഖരിക്കുന്ന, ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പാഴ്‌വസ്തുക്കൾ വില കൊടുത്ത് വാങ്ങുന്ന പദ്ധതിയുടെ തുടർപ്രവർത്തനമെന്ന നിലയിൽ 826 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

5. പുനഃചംക്രമണയോഗ്യമല്ലാത്തതും 60 മൈക്രോണിൽ താഴെ കനമുള്ളതും വിപണി മൂല്യമില്ലാത്തതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന പ്രക്രിയയുടെ ഭാഗമായി ഷ്രെഡ്ഡ് പ്ലാസ്റ്റിക്കുകളുടെ ഉല്പാദനം 164 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്.

6. ഇപ്രകാരം 2016 മുതൽ 2022 ഡിസംബർ മാസം വരെ 3293.145 ടൺ shredded plastic ഉല്പാദിപ്പിക്കുകയും, 2987.02 ടൺ LSGD-യുടെയും PWD-യുടെയും ഉൾപ്പെടെ 5285.54 കി. മീ. പോളിമറൈസ്ഡ് റോഡ് നിർമ്മാണം നടത്താൻ ഉപയോഗിച്ചിട്ടുമുണ്ട്.

## ഐ.ടി.ഐ. ലാബിൽ ആയുധം നിർമ്മിച്ച സംഭവം

21 (*171) ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-യിൽ ലാബ് പഠനത്തിന്റെ പേരിൽ ആയുധ നിർമ്മാണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ.ടി.ഐ. ലാബിൽ പ്രാക്ടിക്കൽ ക്ലാസുകളുടെ ഭാഗമായി ആയുധം നിർമ്മിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ രഹസ്യാന്വേഷണ വിഭാഗം എ.ഡി.ജി.പി. സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സമാനമായ സംഭവങ്ങൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ പോലീസ് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ?

(എ-ഡി) ഒപ്പ് വയ്ക്കാത്ത ഒരു പരാതി ഇ-മെയിലായി 08-07-2022-ൽ നെയ്യാറ്റിൻകര DySP-യ്ക്ക് ലഭിച്ചിരുന്നു. പോലീസ് അന്വേഷണത്തിൽ പ്രസ്തുത പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾക്ക് തെളിവുകളൊന്നും

ലഭിച്ചിട്ടില്ല.

## സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി

22 (*172) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

സിൽവർലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുകയും ആയത് റെയിൽവേ ബോർഡിന്റെ പരിശോധനയിലുമാണ്. പദ്ധതിയുടെ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചുവരികയാണ്. പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതിനുശേഷം സാമൂഹികാഘാത

വിലയിരുത്തൽ പഠനത്തിന് പുനർവിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്കെതിരെ ജനങ്ങൾ നടത്തിയ പ്രതിഷേധം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ജനങ്ങൾ നടത്തിയ പ്രതിഷേധത്തിന്റെ ഭാഗമായെടുത്ത കേസുകൾ പിൻവലിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(ബി&സി) രാഷ്ട്രീയ ലക്ഷ്യത്തോടെ ചില സമരങ്ങൾ നടന്നിട്ടുണ്ട്. അതിലുണ്ടായ അക്രമങ്ങൾക്കെതിരെ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മാലിന്യ സംസ്കരണത്തിന് നൂതന മാർഗങ്ങൾ**

23 (*173) <u>ശ്രീ. പ്രമോദ് നാരായൺ</u>:
<u>ശ്രീ. ജോബ് മൈക്കിൾ</u>:
<u>ഡോ. എൻ. ജയരാജ്</u>:
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിന് സ്വീകരിച്ചിട്ടുള്ള നൂതന മാർഗങ്ങൾ വിശദമാക്കാമോ?

വീടുകളിൽ നിന്നും ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യം ശേഖരിക്കുന്നതിലും ശേഖരിച്ച മാലിന്യങ്ങൾ കൃത്യമായ അളവിൽ പ്ലാന്റുകളിൽ എത്തിച്ച് സംസ്കരിക്കുന്നതിലും കേരളം വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യസംസ്കരണ പദ്ധതികളാണ് കൂടുതൽ അവലംബിച്ചുവരുന്നത്. ക്ലീൻ കേരള കമ്പനി രൂപീകരിച്ച് മാലിന്യസംസ്കരണ രംഗത്ത് കേരളം ഇതിനോടകം വലിയ ഇടപെടലുകൾ നടത്തി. അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ വേർതിരിച്ച് ആയത് MCF, RRF എന്നിവിടങ്ങളിൽ എത്തിച്ച് പുനഃചംക്രമണത്തിനുവേണ്ടി കൈമാറുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. കോഴിവേസ്റ്റ് കൈകാര്യം ചെയ്യുന്നതിനായി ചിക്കൻ റെൻഡറിംഗ് പ്ലാന്റുകളും ഇതിനോടകം സ്ഥാപിച്ചുകഴിഞ്ഞു. ഗാർഹിക/ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെ ഭാഗമായി കേരളാ എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ സഹായത്തോടെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളാ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് വഴി ബയോ മൈനിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സമ്പൂർണ്ണ ശുചിത്വ മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക തലത്തിൽ ഉറവിട മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം വേസ്റ്റ്-ടു-എനർജി പ്ലാന്റ് പോലെ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതികളും നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ അജൈവമാലിന്യ ശേഖരണവും സംസ്കരണവും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി കെൽട്രോണിന്റെ സഹായത്തോടെ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് സംസ്ഥാനത്തെ 62 നഗരസഭകളിൽ നടപ്പാക്കിവരുന്നുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച ശേഷം RRF യൂണിറ്റിലെത്തിച്ച് റീസൈക്കിൾ ചെയ്യാവുന്നവ റീസൈക്കിൾ ചെയ്തും റീസൈക്കിൾ ചെയ്യാൻ കഴിയാത്ത 50 മൈക്രോണിൽ താഴെയുള്ളവ shred ചെയ്ത് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ റോഡ് നിർമ്മാണത്തിനും, അല്ലാത്തവ സിമന്റ് പ്ലാന്റുകളിൽ എത്തിച്ച് ഫർണസുകളിലെ ഇന്ധനമായും ഉപയോഗിച്ചുവരുന്നു.

ശുചിമുറിമാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തുകളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് എസ്.റ്റി.പി./എഫ്.എസ്.റ്റി.പി.-കൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ്-2, അമൃത് പദ്ധതികൾ ഉൾപ്പെടുത്തിയും എസ്.റ്റി.പി./എഫ്.എസ്.റ്റി.പി.-കൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വകേരളം (അർബൻ), ശുചിത്വകേരളം (റൂറൽ) എന്നിവ പ്രകാരവും മലിനജല സംസ്കരണ/പരിപാലനത്തിന് സംവിധാനങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഇതിലൂടെ സംസ്ഥാനത്തുണ്ടാകുന്ന മലിനജലമെല്ലാം ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കപ്പെടുന്നു/പരിപാലിക്കപ്പെടുന്നു എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കും. നമ്മുടെ ജലാശയങ്ങൾ മാലിന്യമുക്തമാക്കാൻ ഇതിലൂടെ സാധിക്കും.

മാലിന്യ സംസ്കരണ രംഗത്തെ ആധുനിക സാങ്കേതികവിദ്യയും നൂതന ആശയങ്ങളും പരിചയപ്പെടുത്തുന്നതിനും പഠിപ്പിക്കുന്നതിനുമായി ഗ്ലോബൽ എക്സ്പോ 2023 ഫെബ്രുവരി 4 മുതൽ 6 വരെ കൊച്ചിയിൽ നടത്തുകയുണ്ടായി.

(ബി) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതു മാലിന്യസംസ്കരണ യാർഡുകൾ നിർമ്മിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

ഖരമാലിന്യ സംസ്കരണം സമയബന്ധിതമായി സാധ്യമാക്കുന്നതിന് ഇത്തരം യാർഡുകൾ അടിയന്തരമായി സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ?

നിലവിൽ ഇത്തരത്തിലുള്ള യാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടില്ല.

(സി) മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് സഹകരിക്കാൻ മുന്നോട്ടുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് നൽകിവരുന്ന പ്രോത്സാഹന നടപടി അറിയിക്കാമോ?

മാലിന്യസംസ്കരണ മേഖലയിൽ പ്രവൃത്തിപരിചയവും വൈദഗ്ധ്യവുമുള്ള സ്റ്റാർട്ടപ്പുകൾക്ക് സേവനദാതാവായി ശുചിത്വ മിഷൻ അംഗീകാരം നൽകിവരുന്നു.

(ഡി) മാലിന്യ സംസ്കകരണ രംഗത്ത് ജോലി ചെയ്യുന്നവരുടെ സാമൂഹിക, സാമ്പത്തിക ക്ഷേമ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്?

മാലിന്യസംസ്കരണ രംഗത്ത് ജോലിചെയ്യുന്ന ഹരിതകർമ്മ സേനാംഗങ്ങളുടെ സാമൂഹിക-സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായി

ഹരിതകർമ്മ സേനാംഗങ്ങൾക്ക് 2 മാസത്തിലൊരിക്കൽ ഹെൽത്ത് ചെക്കപ്പ് നടത്തുന്നതിനും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുമുള്ള പ്രാഥമിക നടപടി സ്വീകരിച്ചിട്ടുണ്ട്. അവരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി എല്ലാ എം.സി.എഫ്.-കളിലും അഗ്നിശമന ഉപകരണം സ്ഥാപിക്കുന്നതിനും വ്യക്തിസുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. സ്വാപ്ഷോപ്പ്, റിപ്പയറിംഗ് ഷോപ്പ് എന്നിവയുടെ നടത്തിപ്പ് ഹരിതകർമ്മ സേനയെ ഏൽപ്പിക്കുന്നതിനും അതുവഴി അധിക വരുമാനം ഹരിതകർമ്മ സേനകൾക്ക് ലഭ്യമാക്കുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ പൂട്ടിയ ഹോട്ടലുകളും റസ്റ്റോറന്റുകളും

24 (*174) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>

<u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ

പാലിക്കാത്തതിന്റെ പേരിൽ പൂട്ടിയ ഹോട്ടലുകളും റസ്റ്റോറന്റുകളും തുറക്കുന്നത് സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണർ നേരിട്ട് നടപടി സ്വീകരിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ പൂട്ടിയ ഹോട്ടലുകളും റസ്റ്റോറന്റുകളും തുറക്കുന്നതുസംബന്ധിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണർ നേരിട്ട് നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ ഒരിക്കൽ സസ്പെൻഡ് ചെയ്ത ലൈസൻസ് കമ്മീഷണറുടെ അനുമതിയോടുകൂടി മാത്രമേ പിന്നീട് അനുവദിക്കാൻ പാടുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തുടനീളമുള്ള റസ്റ്റോറന്റുകളിലെയും ഹോട്ടലുകളിലെയും മറ്റ് സ്ഥാപനങ്ങളിലെയും സാഹചര്യങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് പ്രായോഗികമായ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള ജീവനക്കാരെ പൂർണ്ണമായി ഉപയോഗപ്പെടുത്തി കാര്യക്ഷമമായ പ്രവർത്തനമാണ് വകുപ്പ് നടത്തിവരുന്നത്.

(സി) ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ പൂട്ടിയ ഹോട്ടലുകളും റസ്റ്റോറന്റുകളും തുറക്കുന്നതുസംബന്ധിച്ച് മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രതിനിധിയുൾപ്പെട്ടതും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ളതുമായ സമിതി തീരുമാനമെടുക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

FSSAI മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ നിയമവും ചട്ടങ്ങളും റെഗുലേഷനുകളും ഫലപ്രദമായി നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുന്നതിന് സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലും ഉപദേശക കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

**തിരുവനന്തപുരം കോർപ്പറേഷനിലെ ക്രമക്കേട് അന്വേഷിക്കാൻ നടപടി**

25 (*175) ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ സ്ത്രീകൾക്ക് ജീവനോപാധി നൽകാനുള്ള തിരുവനന്തപുരം കോർപ്പറേഷന്റെ സബ്സിഡി പദ്ധതിയിൽ വ്യാപക ക്രമക്കേട് നടന്നുവെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ സർക്കാരിന് സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ടോ?

സി&എ.ജി.-യുടെ ഇടക്കാല റിപ്പോർട്ടിൽ ചില പരാമർശങ്ങളുണ്ട്. അന്തിമ റിപ്പോർട്ട് വന്നാൽ മാത്രമേ കൃത്യമായ നിലപാട് സ്വീകരിക്കാനാകുകയുള്ളൂ.

(ബി) പ്രസ്തുത ക്രമക്കേട് സംബന്ധിച്ച റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പൊതു വിഭാഗം, പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന് (JLG) ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പ അനുവദിക്കുന്നതിന്റെ പേരിൽ മൂന്ന് ലക്ഷം രൂപ സബ്സിഡി നൽകുന്ന പദ്ധതിയിൽ വ്യാജ ഇൻവോയിസും വ്യാജ അക്കൗണ്ടും ചമച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ 5.6 കോടി രൂപ അപഹരിച്ചു, ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്ക് എന്നിവയിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിന് മുമ്പേ സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു, ഗുണഭോക്താക്കളുടെ അറിവുപോലുമില്ലാതെ അവരിൽ പലരിൽനിന്നും

രേഖകൾ കൈക്കലാക്കി സബ്സിഡി തുക അനുവദിച്ചു തുടങ്ങിയവയാണ് അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടിയ ക്രമക്കേടുകൾ. കൂടാതെ ലിസ്റ്റിലില്ലാത്ത ഗുണഭോക്താക്കൾക്കും അക്കൗണ്ട് തുറക്കപ്പെട്ടുവെന്നും ഗുണഭോക്താക്കൾക്ക് ആർക്കുംതന്നെ സബ്സിഡി തുക മുഴുവനായി ലഭിച്ചിട്ടില്ലെന്നും പന്ത്രണ്ടായിരം മുതൽ പതിനെണ്ണായിരം രൂപ വരെയാണ് സബ്സിഡി തുകയായി ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുള്ളതെന്നും 2020-21, 2021-22 വർഷം സബ്സിഡി നൽകിയത് 215 ഗ്രൂപ്പുകൾക്കാണെന്നും അതിൽ 10 എണ്ണം മാത്രമാണ് ദേശസാൽകൃത ബാങ്കുകൾക്ക് നൽകിതെന്നും സൂചിപ്പിക്കപ്പെട്ടിരുന്നു. ബാക്കിയുള്ള 205 ഗ്രൂപ്പുകളുടെ പേരിൽ സഹകരണ ബാങ്കുകളിൽ അക്കൗണ്ട് തുറന്ന് നിക്ഷേപിക്കുകയും ഈ തുക ഒരു അശ്വതി സപ്ലൈസിന്റെ പ്രൊപ്രൈറ്ററുടെ പേരിൽ തട്ടിയെടുത്തെന്നും 2020-21-ൽ 4.56 കോടി രൂപയും 2021-22-ൽ 1.89 കോടി രൂപയുമാണ് ഇത്തരത്തിൽ നഷ്ടപ്പെട്ടതെന്നും റിപ്പോർട്ടിൽ പരാമർശമുണ്ട്. സർവ്വീസ് സഹകരണ ബാങ്കുകൾക്ക് ബിസിനസ് സംരംഭങ്ങൾക്ക് വായ്പ അനുവദിക്കാൻ അധികാരമില്ലെന്നിരിക്കെ സർവ്വീസ് സഹകരണ ബാങ്കുകളിൽ വ്യാജ സേവിംഗ്സ് അക്കൗണ്ട് തുറന്നതായും ഇത് ക്രമരഹിതമാണെന്നും കണ്ടെത്തലുണ്ട്.

(സി) പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് യുക്തമായ ഏജൻസി അന്വേഷിക്കണമെന്ന് സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മേൽ വിഷയത്തിൽ സർക്കാർ തലത്തിൽ ഉചിതമായ ഏജൻസി മുഖേന സത്വരമായി അന്വേഷിച്ച് പരാമർശ പ്രോജക്ട് വഴി തിരുവനന്തപുരം നഗരസഭയ്ക്കുണ്ടായ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്തുന്നതിനും പൊതുപണം അപഹരിച്ച കുറ്റക്കാർക്കെതിരെ കർശന നടപടി കൈക്കൊള്ളണമെന്നും അക്കൗണ്ടന്റ് ജനറൽ ശുപാർശ ചെയ്തിരുന്നു. വിഷയത്തിന്റെ ഗൗരവ സ്വഭാവം പരിഗണിച്ച് സത്വരാന്വേഷണത്തിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനതല പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരുടെ പ്രത്യേക ടീമിനെ അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുമുണ്ട്. അന്വേഷണം നടന്നുവരുന്നു. അന്വേഷണ റിപ്പോർട്ട് കിട്ടിയാലുടൻ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ഏകാരോഗ്യം കാമ്പയിൻ**

26 (*176) <u>ശ്രീ. എ. പ്രഭാകരൻ</u>:

<u>ശ്രീ. എം. എം. മണി</u>:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ ഇവ ഉൾപ്പെടുന്ന പരിസ്ഥിതിക്ക് പരസ്പരം അനുയോജ്യമായ ആരോഗ്യസ്ഥിതി കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഏകാരോഗ്യം എന്ന കാമ്പയിൻ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ ഇവ ഉൾപ്പെടുന്ന പരിസ്ഥിതിക്ക് പരസ്പരം അനുയോജ്യമായ ആരോഗ്യസ്ഥിതി കൈവരിക്കുകയെന്ന ലക്ഷ്യം നേടുന്നതിനായി സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ആശയമായ 'ഏകാരോഗ്യം' (വൺ ഹെൽത്ത്) നവകേരളം കർമ്മപദ്ധതി ആർദ്രം 2.0-ന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിയിരുന്നു. മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ, പരിസ്ഥിതി ഇവയെ നിരന്തരം നിരീക്ഷിച്ചുകൊണ്ട് രോഗങ്ങളെ നേരത്തെ തിരിച്ചറിയുക, അവയുടെ വ്യാപനം തടയുക, ഏറ്റവും ഫലപ്രദമായി നേരിടുക എന്നിവയാണ് 'ഏകാരോഗ്യം' കൊണ്ട് ലക്ഷ്യമിടുന്നത്. നിപ്പ, H1N1, ക്യാസനൂർ ഫോറസ്റ്റ് രോഗം മുതലായ ജന്തുജന്യരോഗങ്ങളും ഡെങ്കി,

ചിക്കൻഗുനിയ പോലുള്ള കൊതുകുജന്യരോഗങ്ങളും കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പലപ്പോഴായി കേരളത്തെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള കോവിഡ്-19 പകർച്ചവ്യാധിയും സംസ്ഥാനത്ത് ഏകാരോഗ്യം എന്ന ആശയത്തിലൂന്നിയുള്ള പ്രവർത്തനങ്ങളുടെ ആവശ്യകതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഉയർന്ന ജനസാന്ദ്രത, പ്രവാസികളുടെയും തന്മൂലമുള്ള അന്തർദ്ദേശീയ യാത്രകളുടെയും വർദ്ധനവ്, പ്രായമായവരുടെ എണ്ണത്തിലുള്ള വർദ്ധനവ്, വിസ്തൃതമായ വനമേഖല ഇവയെല്ലാം സംസ്ഥാനത്തെ പകർച്ചവ്യാധികളുടെ അപകടസാധ്യത വർദ്ധിപ്പിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഇത്തരം സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് സംസ്ഥാനത്ത് ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ 'ഏകാരോഗ്യം' പരിപാടി (വൺ ഹെൽത്ത് പ്രോഗ്രാം) നടപ്പിലാക്കിയിട്ടുള്ളത്. ആദ്യഘട്ടമായി പമ്പാനദീതട ജില്ലകളായ കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട എന്നിവിടങ്ങളിലാണ് പരിപാടി നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ബാക്കിയുള്ള 10 ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും. പെട്ടെന്നുണ്ടാകുന്ന രോഗങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ ഇവയ്ക്കെതിരായി പ്രതിരോധം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട്

ലോകബാങ്ക് ധനസഹായം നൽകുന്ന Multi vector Resilience Programme and Results Operation എന്ന പദ്ധതിയിലുൾപ്പെടുത്തിയാണ് ഏകാരോഗ്യ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്.

(ബി) പ്രസ്തുത കാമ്പയിനുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;?

ഉണ്ട്. മനുഷ്യന്റെ ആരോഗ്യം മാത്രമല്ല, മറ്റു ജീവജാലങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം നിരന്തരമായി നിരീക്ഷിക്കുന്നതിനും വ്യതിയാനങ്ങൾ, പ്രത്യേകിച്ചും മനുഷ്യനെ ബാധിക്കുന്ന പകർച്ചവ്യാധികൾ നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ പ്രാദേശിക, ജില്ല, സംസ്ഥാനതലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സാധ്യമാക്കുന്ന സമഗ്ര സമീപനമാണ് ഏകാരോഗ്യം പരിപാടിയിൽ സ്വീകരിച്ചിരിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ വൺ ഹെൽത്ത് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ അതത് സ്ഥാപനതല അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിലും ബന്ധപ്പെട്ട വകുപ്പുപ്രതിനിധികളെ ഉൾപ്പെടുത്തി വൺ ഹെൽത്ത് കമ്മിറ്റികൾ

രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഏകാരോഗ്യ പരിപാടിയുടെ ഭാഗമായി പരിപാടിയുടെ ആശയം, വിവിധ ഘടകങ്ങൾ, നടപ്പാക്കുന്ന രീതി, പരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്ന വകുപ്പുകളുടെ ഉദ്യോഗസ്ഥർ, പഞ്ചായത്ത് പ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ എന്നിവരുടെയും ഉത്തരവാദിത്വങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടികൾ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും സന്നദ്ധ പ്രവർത്തകർക്കും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കും നൽകുന്നതായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണത്തിനായുള്ള വോളണ്ടിയർമാർ/മെന്റർമാർ എന്നിവരുടെ പരിശീലന ചുമതല കിലയ്ക്കും (KILA) മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥർമാർക്കുള്ള പരിശീലനങ്ങളുടെ ചുമതല സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ-കേരളക്കുമാണ് (SHSRC) നൽകിയിട്ടുള്ളത്. പ്രസ്തുത ക്യാമ്പയിനുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

1) വൺ ഹെൽത്ത് പദ്ധതിയുടെ സംസ്ഥാനതല പരിശീലകരുടെ പ്ലാനിംഗ് യോഗവും പരിശീലനവും 2022 ജൂലൈ 30-ന് തൃശ്ശൂർ കിലയിൽ

വച്ച് പൂർത്തിയാക്കി.

2) വൺ ഹെൽത്ത് പദ്ധതിയുടെ ഭാഗമായ വിവിധ വകുപ്പുകളുടെ തലവന്മാർക്കുള്ള സംസ്ഥാനതല പരിശീലനവും ആസൂത്രണ ശില്പശാലയും ആദ്യ ഘട്ടത്തിലെ നാല് ജില്ലകളിലെ വകുപ്പ് മേധാവികൾക്കുള്ള ജില്ലാതല പരിശീലനവും ആസൂത്രണ ശില്പശാലയും പൂർത്തിയാക്കി.

3) വൺ ഹെൽത്ത് പദ്ധതിയുടെ ഭാഗമായ ലാബുകളിലെ ജീവനക്കാർക്കുള്ള പരിശീലനം 2022 സെപ്റ്റംബർ മാസം പൂർത്തിയാക്കി.

4) പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ബ്ലോക്കുതല ശില്പശാലകൾ പൂർത്തിയാക്കി.

5) ഓണം വാരാഘോഷത്തിന്റെ ഭാഗമായി ജനങ്ങളിൽ പദ്ധതിയെപ്പറ്റിയുള്ള അവബോധം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൺ ഹെൽത്ത് പദ്ധതിയുടെ നിശ്ചല ചിത്രം പ്രദർശിപ്പിച്ചു.

6) പദ്ധതി ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും സെക്രട്ടറിമാർക്കും അനുബന്ധ മിഷനുകളിലെ പ്രതിനിധികൾക്കും എൻ.ജി.ഒ. പ്രതിനിധികൾക്കുമായുള്ള പരിശീലനങ്ങൾ കിലയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

7) വൺ ഹെൽത്ത് പദ്ധതിയുടെ ഭാഗമായ ലാബ് ശാക്തീകരണം, സർവയലൻസ് ശാക്തീകരണം എന്നിവയ്ക്കായി ലാബുകളിലെ ഗ്യാപ്പ് അനാലിസിസ്, സർവയലൻസ് ഗ്യാപ്പ് അനാലിസിസ് ഇവ ചെയ്യുന്നതിനായുള്ള ടൂൾ വികസിപ്പിച്ചു. വൺ ഹെൽത്ത് പദ്ധതിയിൽ ഭാഗഭാക്കാകുന്ന വിവിധ വകുപ്പുകൾക്കും ഭാഗമാകുന്ന വിവിധ വകുപ്പുകളിലെ ലാബ് മേധാവികൾക്കും ടൂൾ കൈമാറുകയും പദ്ധതി നടത്തിപ്പിനാവശ്യമായ ഗ്യാപ് ആൻഡ് നീഡ് അസസ്സ്മെന്റ് പൂർത്തിയാക്കുകയും ചെയ്തു. ഇതിന്റെയടിസ്ഥാനത്തിൽ പദ്ധതിയുടെ ഭാഗമായ ലാബ് ശാക്തീകരണം, സർവയലൻസ് ശാക്തീകരണം എന്നിവയ്ക്കുള്ള അടുത്ത വർഷത്തേക്കുള്ള വിശദമായ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

8) സ്റ്റേറ്റ് വൺ ഹെൽത്ത് സെന്റർ സജ്ജമാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്ററിനെ തെരഞ്ഞെടുക്കുകയും പ്രസ്തുത സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് കാമ്പസിൽ കണ്ടെത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

9) വൺ ഹെൽത്ത് പദ്ധതിയുടെ 2022-2023 വർഷത്തേയ്ക്കുള്ള

വിശദമായ രൂപരേഖയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം സിസ്റ്റം ഡെവലപ്മെന്റ് & ശാക്തീകരണം, മുന്നൊരുക്ക- ആസൂത്രണ പ്രവർത്തനങ്ങൾ, കപ്പാസിറ്റി ബിൽഡിംഗ്, ഐ.ടി പ്ലാറ്റ്ഫോം വികസിപ്പിക്കൽ-ശാക്തീകരണം, കമ്മ്യൂണിറ്റി സർവൈലൻസ് സംവിധാനം രൂപീകരിക്കലും ലാബ് ശൃംഖലകളുടെ ശാക്തീകരണവും, IEC പ്രവർത്തനങ്ങൾ, റാബിസ് ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളുടെ മാനേജ്മെന്റ്, ഗവേഷണം, അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

10) കോട്ടയം ജില്ലയിൽ ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം വർദ്ധിച്ച സാഹചര്യത്തിൽ ജില്ലാ ഭരണകൂടം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വൺ ഹെൽത്ത് (ഏകാരോഗ്യം) പദ്ധതിയിൽ നടത്തിയ ആദ്യ പരിപാടിയാണ് 'പാഠം ഒന്ന് ഒച്ച്.' ആദ്യ ഘട്ടത്തിൽ ഒരാഴ്ചത്തെ (ആഗസ്റ്റ് 25 മുതൽ 31 വരെ 2022) ക്യാമ്പയിൻ പ്രവർത്തനങ്ങളാണ് നടത്തിയത്. ക്യാമ്പയിന്റെ ഭാഗമായി ഒച്ചുകളെ ഫലപ്രദമായി നിയന്ത്രിക്കുന്ന വിവിധ രീതികൾ പരിചയപ്പെടുത്തുകയും പരിശീലനം നൽകുകയും ചെയ്തു. കഴിഞ്ഞ രണ്ട് വർഷങ്ങൾക്കിടയിൽ വ്യാപകമായുണ്ടായിരുന്ന ഒച്ചിന്റെ രൂക്ഷ ശല്യം ഒരു പരിധിവരെ നിയന്ത്രിക്കാൻ ഈ കാമ്പയിൻ കാലത്ത് സാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കാമ്പയിന്റെ ഭാഗമായി ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയ ഉപയോഗം സംബന്ധിച്ച് ബോധവൽക്കരണം നടപ്പിലാക്കുന്നുണ്ടോ; കുറിപ്പടിയില്ലാതെയുള്ള ആന്റിബയോട്ടിക്ക് വിൽപ്പന നിയന്ത്രിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉണ്ട്. ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് (AMR) സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സംബന്ധിച്ച ബോധവൽക്കരണം ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി നടത്തുന്നതിനുവേണ്ട ആസൂത്രണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇപ്രകാരം ആരോഗ്യപ്രവർത്തകർ, യുവജനങ്ങൾ, പൊതുസമൂഹം എന്നിവരിൽ ആന്റി മൈക്രോബിയൽ റസിസ്റ്റൻസിനെപ്പറ്റി അവബോധമുണ്ടാക്കാനുള്ള ഒരു ക്യാമ്പയിൻ തയ്യാറാക്കി പത്തനംതിട്ട, കോട്ടയം ജില്ലകളിലെ യുവജനങ്ങളെ ഇതേപ്പറ്റി ബോധവൽക്കരിച്ചു. അവരിലൂടെ ജനങ്ങളിലേയ്ക്ക് സന്ദേശമെത്തിക്കാൻ ഒരു ക്യാമ്പയിൻ രൂപകൽപ്പന ചെയ്യാനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യപടിയായി ബോധവൽക്കരണ പരിപാടിയുടെ പ്രചാരകരാകുന്നതിനായി മുന്നോട്ടുവന്നിട്ടുള്ള കോളേജ് വിദ്യാർത്ഥികൾക്കുള്ള പരിശീലനങ്ങളാണ്

നടന്നുവരുന്നത്. മുഖ്യധാരാ മാധ്യമങ്ങളും സമൂഹമാധ്യമങ്ങളും ഉപയോഗിച്ചുള്ള ബോധവൽക്കരണ പരിപാടികൾക്കുപുറമേ സന്നദ്ധ പ്രവർത്തകരുടെ സേവനങ്ങളും പ്രയോജനപ്പെടുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിലുള്ള Over the Counter Prescription Practice അളക്കാനുള്ള ശാസ്ത്രീയ പഠനവും ആസൂത്രണം ചെയ്യുന്നുണ്ട്. ജില്ലകളിലെ Antibiotic resistance Pattern മനസ്സിലാക്കുന്നതിനുവേണ്ടിയുള്ള ആന്റിബയോഗ്രാം മൈക്രോബയോളജി ലാബുകൾവഴി തയ്യാറാക്കൽ, ജില്ലകളിലെ AMR ലാബുകളെ ദ്രുതഗതിയിൽ പ്രവർത്തന സജ്ജമാക്കൽ, ഡോക്ടർമാരടക്കമുള്ള ആരോഗ്യപ്രവർത്തകർക്ക് ആന്റി ബയോഗ്രാമിനെപ്പറ്റിയും കൃത്യമായ ആന്റിബയോട്ടിക് ഉപയോഗത്തെപ്പറ്റിയും അവബോധമുണ്ടാക്കൽ എന്നിവയും ഈ പ്രവർത്തനങ്ങളുടെ ഭാഗമാണ്. ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ വില്പന നടത്തുന്ന സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് എതിരെ വകുപ്പുതല നടപടിക്രമങ്ങൾ അനുസരിച്ച് ഡ്രഗ് ലൈസൻസുകൾ സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ആന്റിബയോട്ടിക്കുകളുടെ Over the counter വിൽപ്പന തടയുന്നതിന്റെ ഭാഗമായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഓഫീസർമാർ വിൽപ്പന സ്ഥലങ്ങളിൽ

പതിവായി പരിശോധന നടത്താറുണ്ട്. ആന്റിബയോട്ടിക്കുകളുടെ വിൽപ്പന സംബന്ധിച്ച വിവരങ്ങൾ ഷെഡ്യൂൾ H&H1 രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധനകളിൽ ഉറപ്പുവരുത്താറുണ്ട്. നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ അച്ചടക്ക നടപടികൾ ലൈസൻസിംഗ് അതോറിറ്റികൾ സ്വീകരിക്കാറുണ്ട്.

മേൽ വിവരിച്ച നിയമനടപടികൾക്ക് പുറമെ, ആന്റിബയോട്ടിക്കുകളുടെ Over the counter വിൽപ്പനയുമായി ബന്ധപ്പെട്ട അപകടങ്ങളെക്കുറിച്ച് എല്ലാ ഫാർമസിസ്റ്റുകൾക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും സമീപഭാവിയിൽ ആന്റിബയോട്ടിക്കുകളുടെ Over the counter വിൽപ്പനയിൽ നിന്ന് സംസ്ഥാനത്തെ പൂർണ്ണമായും മുക്തമാക്കുകയും ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്വയംചികിത്സയുടെ അപകട സാധ്യതകളെക്കുറിച്ചും ആന്റിബയോട്ടിക്കുകളുടെ Over the counter വിൽപ്പനയുമായി ബന്ധപ്പെട്ട അപകടസാധ്യതകളെക്കുറിച്ചുമുള്ള ബോധവൽക്കരണ പോസ്റ്ററുകൾ പ്രദർശിപ്പിക്കാൻ എല്ലാ മെഡിക്കൽ ഷോപ്പുകൾക്കും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഡോക്ടറുടെ കുറിപ്പടിയോടു കൂടിയുള്ള ആന്റിബയോട്ടിക്കുകളുടെ വിൽപ്പന, ആന്റിബയോട്ടിക്കുകളുടെ യുക്തിസഹമായ ഉപയോഗം, ആന്റിബയോട്ടിക്കുകളുടെ വിൽപ്പന വിവരങ്ങൾ

ഷെഡ്യൂൾ എച്ച്1 രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതുസംബന്ധിച്ച് ബോധവൽക്കരണ പോസ്റ്ററുകൾ സംസ്ഥാനമൊട്ടാകെ എല്ലാ റീട്ടെയിൽ ഫാർമസികളിലും പ്രദർശിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

27 (*177) ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്താകെ വിലക്കയറ്റം രൂക്ഷമായപ്പോൾ സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടൽമൂലം കേരളത്തിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അരി വണ്ടി, മൊബൈൽ വാഹനങ്ങൾ എന്നിവ വഴി നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ ജനങ്ങൾക്ക് നൽകാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതുവിപണിയിൽ വില നിയന്ത്രിക്കുന്നതിന് സപ്ലൈകോ

നടത്തുന്ന തുടർച്ചയായ ഇടപെടലുകളുടെ പ്രയോജനം വലിയ തോതിൽ ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) ഉണ്ട്. സംസ്ഥാനത്ത് വിലക്കയറ്റം ദേശീയ ശരാശരിക്ക് താഴെയായി പിടിച്ചുനിർത്തുന്നതിന് പൊതുവിപണിയിൽ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വളരെയധികം സഹായകരമായിട്ടുണ്ട്. വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. സർക്കാരിന്റെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ (4 ഇനം അരി, പഞ്ചസാര, മുളക്, മല്ലി, 5 ഇനം പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ തുടങ്ങിയവ) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം 2021 ഏപ്രിൽ മുതൽ 2022 ഡിസംബർ വരെ ഏകദേശം 701.47 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

പ്രതിമാസം 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു.

സബ്സിഡിയിൽ വിൽക്കുന്നവ കൂടാതെ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു.

ഇതിനുപുറമേ, FMCG ഉൽപ്പന്നങ്ങളും MRP-യെക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നത് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്.

90 മെഡിക്കൽ സ്റ്റോറുകൾ വഴി അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകുന്നു.

മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻ കടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

2022-ലെ ഓണക്കാലത്തും 8569583 ഭക്ഷ്യക്കിറ്റുകൾ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സൗജന്യമായി വിതരണം ചെയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ

27-08-2022 മുതൽ 07-09-2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.

സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ക്രിസ്തുമസ് സീസണിൽ വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേക ക്രിസ്തുമസ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നു. ഇത്തവണ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ 22-12-2022 മുതൽ 02-01-2023 വരെയുള്ള കാലയളവിൽ പ്രത്യേക ക്രിസ്തുമസ്-പുതുവത്സര ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.

04-04-2022 മുതൽ 02-05-2022 വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലുള്ള എല്ലാ വിൽപ്പനശാലകളും വിഷു, ഈസ്റ്റർ, ഈദ്-ഉൽ-ഫിതർ ഫെയറുകളായി പ്രവർത്തിച്ചു.

അരി വിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തര സാഹചര്യത്തിൽ സപ്ലൈകോ വിൽപ്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ 02-11-2022 മുതൽ 08-11-2022 വരെ 6 പ്രവൃത്തിദിനങ്ങളിൽ (06-11-2022 ഞായർ ഒഴികെ) എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ

താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. ഇതിലൂടെ 1.31 ലക്ഷം കിലോ അരി കുറഞ്ഞ വിലയിൽ വിതരണം ചെയ്തു. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരി വണ്ടി'യുടെ സേവനം ക്രമീകരിച്ചത്.

സപ്ലൈകോയുടെ 21 മൊബൈൽ മാവേലി വാഹനങ്ങൾ വഴി അരിയും മറ്റ് അവശ്യസാധനങ്ങളും മിതമായ നിരക്കിൽ ഗ്രാമീണ മേഖലകളിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി.

ഇതിനുപുറമേ ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിയും നിലവിലുണ്ട്. വനത്തിനുള്ളിലെ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബ്ബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽനിന്നും റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുക എന്നതാണ് ടി പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

(ഡി) സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്ത് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിലക്കയറ്റം പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് ജില്ലാതലത്തിൽ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ചേരുകയും വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകളും നടത്താറുണ്ട്.

**റീബിൽഡ് കേരള**

28 (*178) ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീബിൽഡ് കേരള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് 14 വകുപ്പുകളിലായി 8197 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ മിക്കവയും ബഹുവർഷ പദ്ധതികളാണ്. 5590 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തു. ഇവയിൽ പല പദ്ധതികളും പൂർത്തിയായിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) റീബിൽഡ് കേരളയ്ക്കായി 2022-23 ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയ ആയിരത്തി അറുനൂറ് കോടി രൂപയിൽ അഞ്ച് ശതമാനത്തിൽ താഴെ മാത്രമാണ് ചെലവഴിച്ചതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

റീബിൽഡ് കേരളയ്ക്കായി 2022-23 ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയതിന്റെ 62 ശതമാനത്തോളം ചെലവഴിച്ചിട്ടുണ്ട്.

(സി) റീബിൽഡ് കേരളയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ ആർ.കെ.ഐ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും പദ്ധതി പ്രവർത്തനങ്ങളിലെ പുരോഗതി അവലോകനം ചെയ്തുവരുന്നുണ്ട്.

## സിറ്റി ഗ്യാസ് പദ്ധതി

29 (*179) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) വായു മലിനീകരണം കുറയ്ക്കാനും ഊർജ്ജപര്യാപ്തത നേടാനും സഹായകരമായ നിലയിൽ വിഭാവനം ചെയ്തിട്ടുള്ള സിറ്റി ഗ്യാസ് പദ്ധതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്ത് സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള കമ്പനികൾക്ക്, പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി, സി.എൻ.ജി. സ്റ്റേഷൻ

നിർമ്മിക്കുന്നതിനായുള്ള കെട്ടിട നിർമ്മാണ അനുമതി തുടങ്ങി ആവശ്യമായ എല്ലാ പിന്തുണയും നൽകുന്നതിന് എല്ലാ റവന്യൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള റോഡ് കുഴിക്കുന്നതിനായി (Road cutting) തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവരിൽ നിന്നുള്ള അനുമതി ലഭിക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. കൂടാതെ, മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ (Priority Projects) ഉൾപ്പെടുത്തി പദ്ധതിയുടെ പുരോഗതി കൃത്യമായി അവലോകനവും ചെയ്തുവരുന്നു.

തോന്നക്കലിലെ ലൈഫ് സയൻസ് പാർക്കിൽ സി.എൻ.ജി. മദർ സ്റ്റേഷന് സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്.

കഞ്ചിക്കോട്, കളമശ്ശേരി, ഇടയാർ അങ്കമാലി, CSEZ തുടങ്ങിയ പ്രദേശങ്ങളിൽ പ്രകൃതി വാതകത്തിന്റെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

(ബി) സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ലിക്വിഫൈഡ് കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് പ്ലാന്റുകൾ ആരംഭിച്ചിട്ടുണ്ടോ;

വിശദമാക്കുമോ?

ഉണ്ട്. കൊച്ചുവേളി, ചേർത്തല എന്നീ പ്രദേശങ്ങളിൽ ലിക്വിഡ് കംപ്രസ്സ്ഡ് നാച്ചുറൽ ഗ്യാസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) സിറ്റി ഗ്യാസ് പദ്ധതി പൂർണ്ണതോതിൽ നടപ്പാകുന്നതിലൂടെ ഉപഭോക്താക്കൾക്ക് ഉണ്ടാകാവുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സിറ്റി ഗ്യാസ് പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും തടസം കൂടാതെ വർഷത്തിൽ എല്ലാ ദിവസവും പ്രകൃതിവാതകം ആവശ്യാനുസരണം വീടുകളിൽ/വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് സാധിക്കും. വീടുകളിൽ LPG സിലിണ്ടറുകൾ കൈകാര്യം ചെയ്യുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനാകും.

പ്രകൃതി വാതകം മറ്റ് ഇന്ധനങ്ങളെയപേക്ഷിച്ച് പരിസ്ഥിതി സൗഹൃദമാണ്. പ്രകൃതി വാതകത്തിന്റെ സാന്ദ്രത, ഇതര പാചകവാതകത്തെക്കാൾ കുറവായതിനാൽ ഇതിന്റെ ഉപയോഗം താരതമ്യേന സുരക്ഷിതമാണ്. ഉപയോഗത്തിനനുസൃതമായി മീറ്റർ റീഡിംഗ് പ്രകാരമാണ് ബില്ലുകൾ അടയ്ക്കേണ്ടത്. സി.എൻ.ജി. വാഹനങ്ങളുടെ

ഉപയോഗം അന്തരീക്ഷ മലിനീകരണത്തിന്റെ തോത് കുറയ്ക്കാൻ സഹായിക്കും. പൈപ്പ് ലൈനുകൾ മുഖേനയുള്ള വാതകത്തിന്റെ വിതരണം സാധ്യമാകുന്നതുമൂലം റോഡ് മാർഗ്ഗമുള്ള വാതകത്തിന്റെ അപകടകരമായ നീക്കം ഒഴിവാക്കാനും സാധിക്കും.

**ആർദ്രം മിഷൻ**

30 (*180) ശ്രീ. പി. മമ്മിക്കുട്ടി:
ഡോ. കെ. ടി. ജലീൽ:
ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക തലത്തിലുള്ള ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിനായി നവകേരളം കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ആർദ്രം മിഷൻ മുഖേന നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ആർദ്രം മിഷൻ മുഖേന എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയെന്നും അവയുടെ അടിസ്ഥാന

സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ പൊതു ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ആർദ്രം മിഷൻ 2. ആരോഗ്യ വകുപ്പിന്റെ സമഗ്ര വികസനത്തിനായി ഏർപ്പെടുത്തിയ ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ആരോഗ്യരംഗം ജനസൗഹാർദ്ദവും രോഗീ സൗഹൃദവുമാക്കുക, ആധുനികവൽക്കരിക്കുക, ജനങ്ങളുടെ ചികിത്സാ ചെലവുകൾ കുറയ്ക്കുക, ഗുണമേന്മയുള്ള ചികിത്സ ഉറപ്പുവരുത്തുക തുടങ്ങിയവയാണ്.

സംസ്ഥാനത്ത് പ്രാഥമികതല ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിനായി നവകേരള കർമ്മപദ്ധതി ആർദ്രം 2-ൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായും കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായും മാറ്റുന്ന പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നുവരുന്നു. കൂടാതെ നഗര പ്രാഥമികാരോഗ്യ സംവിധാനങ്ങൾ

ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളും നഗരങ്ങളിൽ Health & Wellness Centre-കളും ആരംഭിക്കാനും സർക്കാർ ലക്ഷ്യമിടുന്നു.

പ്രാഥമികതല ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുക വഴി അവിടെ കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും ചികിത്സാസൗകര്യങ്ങളും ഏർപ്പെടുത്താൻ കഴിയും. ആശുപത്രിയിൽ ലഭ്യമായ സേവനങ്ങൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കാൻ വേണ്ട സൈനേജ്, നോട്ടീസ് ബോർഡുകൾ, വയോജന-സ്ത്രീ-ഭിന്നശേഷി സൗഹൃദമായ ഒ.പി. വിഭാഗം, ഒ.പി. വിഭാഗത്തിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ട കാത്തിരിപ്പ് കേന്ദ്രം, രജിസ്ട്രേഷൻ, ടോക്കൺ സിസ്റ്റം, ട്രയാജ് സംവിധാനം, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ, ലബോറട്ടറി സേവനം, ആധുനിക സൗകര്യത്തോടുകൂടിയ ഫാർമസി സംവിധാനം എന്നിവയും, കൂടാതെ പ്രീ ചെക്കപ്പ്, പോസ്റ്റ് ചെക്കപ്പ് സേവനങ്ങൾ, ശ്വാസകോശ രോഗികൾക്കായുള്ള ശ്വാസ്, ആശ്വാസ് സേവനങ്ങൾ, രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ ഒ.പി. സേവനങ്ങൾ ലഭ്യമാക്കൽ എന്നിവ പ്രാഥമിക തലത്തിൽ ഉറപ്പുവരുത്തുന്നതാണ്.

സംസ്ഥാനത്ത് പ്രാഥമിക തലത്തിലുള്ള ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിനായി നവകേരളം കർമ്മപദ്ധതി ആർദ്രം 2 മുഖേന നടത്തുന്ന പ്രവർത്തനപുരോഗതി ചുവടെ ചേർക്കുന്നു.

1) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി ഒന്നാംഘട്ടം

166 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 23 കോടി രൂപ (ഒരു പി.എച്ച്.സി.-ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) അനുവദിക്കുകയുണ്ടായി.

2) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി രണ്ടാംഘട്ടം

504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ആയതിൽ 204 എണ്ണം സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ടും (ഒരു പി. എച്ച്.സി.-ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) 300 എണ്ണം എൻ.എച്ച്.എം. ഫണ്ടും (ഒരു പി.എച്ച്.സി.-ക്ക് 15.50 ലക്ഷം രൂപ എന്ന നിരക്കിൽ) ആണ്. 504 എണ്ണത്തിൽ 403 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 31 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള 70 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ

ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള 101 സ്ഥാപനങ്ങളിൽ 7 എണ്ണം 2023 മാർച്ച് മാസത്തിലും 21 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

3) <u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി മൂന്നാംഘട്ടം</u>

212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് എൻ.എച്ച്.എം. ഫണ്ട് മുഖേന 32.86 കോടി രൂപയുടെ (ഒരു പി.എച്ച്.സി.-ക്ക് 15.50 ലക്ഷം രൂപ എന്ന നിരക്കിൽ) അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 28 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള 184 സ്ഥാപനങ്ങളിൽ 32 എണ്ണം 2023 മാർച്ച് മാസത്തിലും 28 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

4) <u>സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി ഒന്നാംഘട്ടം</u>

76 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 28.31 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൽ 20 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 35 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള 21 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള സ്ഥാപനങ്ങളിൽ 13 എണ്ണം 2023 മാർച്ച് മാസത്തിലും 8 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

5) <u>സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി രണ്ടാംഘട്ടം</u>

75 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 27.86 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ മൂന്ന് സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ

ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 75 സ്ഥാപനങ്ങളിൽ 4 എണ്ണം 2023 മാർച്ച് മാസത്തിലും 37 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

6) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ യു.എച്ച്.ടി.സി., പാങ്ങപ്പാറ, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ കെ.എം.സി.എച്ച്. ഏറ്റുമാനൂർ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ യു.എച്ച്.ടി.സി., അമ്പലപ്പുഴയുടെ ഒ.പി. നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) ആരോഗ്യ ഉപകേന്ദ്രങ്ങളെ വെൽനെസ് സെന്ററുകളായി ഉയർത്തുന്ന പ്രവൃത്തിയിൽ കൈവരിച്ച പുരോഗതി അറിയിക്കാമോ?

ആകെ 5409 സബ്സെന്ററുകളുള്ളതിൽ 4261 സബ്സെന്ററുകളിൽ എം.എൽ.എസ്.പി. (സ്റ്റാഫ് നഴ്സ്) പോസ്റ്റ് അനുവദിച്ചിട്ടുണ്ട്. 4261 സബ്സെന്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് എൻ.എച്ച്.എം. മുഖേന 7 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. 309 സബ്സെന്ററുകളുടെ

നവീകരണം പൂർത്തിയായി. അടുത്ത മൂന്നുമാസത്തിനുള്ളിൽ 204 എണ്ണം കൂടി പൂർത്തിയാകും. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വഴി സബ്സെന്ററുകളിൽ ആരോഗ്യ പരിശോധനകൾ നടത്തുന്നതിനും ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടത്തുന്നതിനും പഞ്ചായത്തുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

കെട്ടിടമില്ലാത്ത 513 സബ്സെന്ററുകൾക്ക് കെട്ടിടം പണിയുന്നതിന് 55 ലക്ഷം രൂപ വീതം അനുവദിക്കുവാനുള്ള പ്രൊപ്പോസൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2022-23 പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെട്ടിടമില്ലാത്ത ബാക്കി സബ്സെന്ററുകൾക്ക് പഞ്ചായത്തുകൾ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമുള്ള തുക വരുംവർഷങ്ങളിലെ പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതാണ്. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ആശാ വർക്കർമാർ വീടുകളിൽ ചെന്ന് 30 വയസ്സ് കഴിഞ്ഞവരിൽ ജീവിതശൈലീരോഗ സാധ്യത കണ്ടെത്തുന്നതിനുള്ള സർവ്വേ 'ശൈലി ആപ്' മുഖേന നടത്തിവരുന്നു. രോഗ സാധ്യതയുള്ളവരായി കണ്ടെത്തുന്നവർക്കുള്ള വിവിധ പരിശോധനകൾ

ജനകീയ ആരോഗ്യ ഉപകേന്ദ്രങ്ങളിൽ നടന്നുവരുന്നു. നിലവിലെ ആരോഗ്യ ഉപകേന്ദ്രങ്ങളെ വെൽനെസ്സ് സെന്ററുകളായി ഉയർത്തുമ്പോൾ എം.എൽ.എസ്.പി. സ്റ്റാഫ് നഴ്സിന്റെ സേവനവും അതോടൊപ്പം വിവിധ ക്ലിനിക്കുകൾ സംഘടിപ്പിക്കുക, കാൻസർ, എൻ.സി.ഡി, പകർച്ചവ്യാധികൾ, അന്ധത തുടങ്ങിയുള്ള പൊതുജനാരോഗ്യ പ്രശ്നങ്ങൾ, പ്രസ്തുത ഏരിയയിൽ ഉൾപ്പെടുന്ന വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ, കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ, ഗർഭിണികളുടെ പരിശോധന, മാനസികാരോഗ്യ പരിശോധനകൾ, കൗൺസിലിംഗ്, ദന്തരോഗ പരിശോധന, പാലിയേറ്റീവ് കെയർ രോഗികളുടെ പരിശോധന, അത്യാവശ്യ ഘട്ടങ്ങളിൽ പ്രാഥമിക ശുശ്രൂഷകൾ നൽകുന്ന സേവനം, ടെലികൗൺസിലിംഗ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സർക്കാർ ജീവനക്കാരുടെ വേതനവും കേന്ദ്ര പാരിറ്റിയും

1 (1953) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ഇന്ത്യയിലെ മറ്റ്

സംസ്ഥാനങ്ങളിലെ സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന അതേ അനുപാതത്തിലുള്ള ശമ്പള സ്കെയിലും ക്ഷാമബത്തയും മറ്റ് അലവൻസുകളും നിലവിൽ ലഭിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

വിവിധ സംസ്ഥാന സർക്കാരുകളുടെ നയപരമായ തീരുമാനപ്രകാരം വ്യത്യസ്ത രീതിയിലും വ്യത്യസ്ത തീയതികളിലുമായാണ് അതത് സംസ്ഥാനങ്ങളിലെ സർക്കാർ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളുമായി താരതമ്യം ചെയ്തുകൊണ്ടല്ല കേരളത്തിൽ ജീവനക്കാർക്ക് ശമ്പള സ്കെയിലും ക്ഷാമബത്തയും മറ്റ് അലവൻസുകളും അനുവദിക്കുന്നത്.

(ബി) മറ്റ് സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിലുകളും വേതന ഘടനയുമായി താരതമ്യം നടത്തിയാൽ സംസ്ഥാന സർക്കാർ ജീവനക്കാരുടേത് എത്രാമത്തെ സ്ഥാനത്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇന്ത്യയിലെ എത്ര സംസ്ഥാന സർക്കാരുകളാണ് കേന്ദ്ര പാരിറ്റി അടിസ്ഥാനമാക്കിയുള്ള ശമ്പള സ്കെയിലുകൾ അതത് സംസ്ഥാനങ്ങളിലെ സർക്കാർ ജീവനക്കാർക്ക് നൽകിവരുന്നതെന്നുള്ള വിവരം ലഭ്യമാക്കാമോ?

(ബി&സി) ഇത്തരത്തിൽ ഒരു താരതമ്യ പഠനം നടത്തിയിട്ടില്ല.

**അഭ്യസ്തവിദ്യർക്ക് ഡിജിറ്റൽ മേഖലയിൽ തൊഴിൽ നൽകുന്നതിന് പദ്ധതി**

2 (1954) <u>ഡോ. കെ. ടി. ജലീൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിരഹിതരായ അഭ്യസ്തവിദ്യർക്ക് ഡിജിറ്റൽ മേഖലയിൽ തൊഴിൽ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിനായി മിഷൻ മാതൃകയിൽ ഈ സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കേരള നോളജ് ഇക്കോണമി മിഷൻ. ഇതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ വിവിധ വിജ്ഞാന തൊഴിലുകളിലേയ്ക്ക് ബന്ധിപ്പിക്കുന്നതിനായി ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന സാങ്കേതിക പ്ലാറ്റ്ഫോമിന് രൂപം നൽകിയിട്ടുണ്ട്. ഈ പ്ലാറ്റ്ഫോം മുഖേന തൊഴിലന്വേഷകർക്ക് അവരുടെ കഴിവിനും നൈപുണ്യത്തിനും പൊരുത്തപ്പെടുന്ന ജോലികൾ കണ്ടെത്താൻ സാധിക്കുന്നതാണ്. കൂടാതെ, വൈജ്ഞാനിക മേഖലകളിലെ

തൊഴിലുകളിലേയ്ക്ക് ഇരുന്നൂറിലധികം നൈപുണ്യ കോഴ്സുകളും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനവും പ്ലാറ്റ്ഫോമിൽ സജ്ജീകരിച്ചിരിക്കുന്നു. നോളജ് മിഷൻ വിവിധ മേഖലകളിൽ നിന്നുമുള്ള വൈജ്ഞാനിക തൊഴിലുകൾ DWMS പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇതുവഴി എത്രപേർക്ക് തൊഴിൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പ്ലാറ്റ്ഫോം മുഖേന 2026-നുള്ളിൽ 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) നാളിതുവരെ എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ?

ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പദ്ധതി വഴി 31935 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

**സർക്കാർ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി**

3 (1955) <u>ശ്രീ. തോമസ് കെ. തോമസ്</u>:

<u>ശ്രീ കോവൂർ കുഞ്ഞുമോൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികൾ വ്യക്തമാക്കുമോ;

(ബി) പരമാവധി സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) എല്ലാ സർക്കാർ ഓഫീസുകളിലും ഫയൽ നീക്കം ത്വരിതപ്പെടുത്തുന്നതിനായി 'ഇ-ഓഫീസ്' സംവിധാനം നടപ്പിലാക്കിവരുന്നു. 'സേവന', 'എന്റെ ജില്ല', 'സഞ്ജയ' തുടങ്ങിയ വിവിധ ആപ്പുകൾവഴി ജനങ്ങൾക്ക് വിരൽത്തുമ്പിൽ വിജ്ഞാനവും വിവരവും ലഭ്യമാകുന്ന സേവന പദ്ധതികൾ സർക്കാർ നടപ്പിലാക്കിക്കഴിഞ്ഞു. സർക്കാർ ഓഫീസുകളൊക്കെയും സ്മാർട്ട് ഓഫീസ് ആക്കുന്നതിനും, സർക്കാർ സ്കൂളുകൾ സ്മാർട്ട് സ്കൂൾ ആക്കുന്നതിനുമുള്ള പദ്ധതികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. നേരിട്ട് സർക്കാർ ഓഫീസുകളിൽ പോകുന്നതിനുപകരം, ഓൺലൈൻ സംവിധാനങ്ങൾ ശക്തമാക്കുന്ന രീതിയിലാണ് സർക്കാർ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. സർക്കാരിന്റെ 'ഇ-സേവനം' സംവിധാനം മുഖേന ഇലക്ട്രിസിറ്റി ബില്ല്, വെള്ളക്കരം തുടങ്ങിയവയെല്ലാം അടയ്ക്കാനാകും. മനുഷ്യജീവന് ഭീഷണിയാകുന്ന തരത്തിൽ വനം വകുപ്പിന്റെ 'സർപ്പ' ആപ്പ്

വഴി ഏത് സമയത്തും പാമ്പിനെ പിടിക്കുന്നതിനുള്ള സഹായം വനം വകുപ്പിൽ നിന്നും ലഭിക്കുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫയൽ തീർപ്പാക്കുന്നതിൽ നല്ല പുരോഗതി കൈവരിച്ചെങ്കിലും ജനങ്ങൾക്കുണ്ടാകുന്ന പരാതി പരിഹരിക്കാൻ ചില സർക്കാർ ഓഫീസുകളിൽനിന്നും കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതികൾക്കുമുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും 07-10-2021-ലെ G.O.(P)No.1/2021/PIEMD ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ സർക്കാർ സേവനങ്ങൾക്ക് സമർപ്പിക്കേണ്ട അനുബന്ധ രേഖകളിൽ ഒഴിവാക്കാൻ പറ്റുന്നവ ഒഴിവാക്കാനും ഗസറ്റഡ് ഉദ്യോഗസ്ഥർ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ ആവശ്യമായ രേഖകളുടെ എണ്ണം പരിമിതപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന് പകരമായി സ്വയം സാക്ഷ്യപ്പെടുത്തൽ മതിയാകും. സേവനങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന അപേക്ഷാ ഫീസ് കഴിയുന്നത്ര ഒഴിവാക്കാനും,

അപേക്ഷാ ഫോറങ്ങൾ ലളിതമാക്കാനും ഒരിക്കൽ ലഭിച്ച സർട്ടിഫിക്കറ്റുതന്നെ ഏത് സർക്കാർ വകുപ്പുകളിലെ ആവശ്യങ്ങൾക്കും ഉപയോഗിക്കാമെന്ന തരത്തിലും ലളിതവത്കരിച്ച് ഉത്തരവായിട്ടുണ്ട്. സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി ഒരു പ്രത്യേക ഉദ്ദേശ്യത്തിന്/ഉപയോഗത്തിന് മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് ഒരു കാരണവശാലും രേഖപ്പെടുത്താൻ പാടില്ല. ചില വകുപ്പുകൾ നൽകുന്ന സേവനങ്ങൾ/ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി മറ്റു ചില സർട്ടിഫിക്കറ്റുകൾ/രേഖകൾ ഹാജരാക്കണമെന്ന് പല വകുപ്പുകളും നിർബന്ധം പിടിക്കാറുണ്ട്. ഇതിൽ നിന്നും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, EWS സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്, എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്കായി നിലവിലെ നിയമപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഒഴിവാക്കിയിട്ടുണ്ട്. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റെസിഡൻസ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, One and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബ അംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്ര വിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തര വകുപ്പ് അറ്റസ്റ്റേഷൻ സർട്ടിഫിക്കറ്റ് എന്നിവ

ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേയ്ക്ക് അയയ്ക്കുന്ന അപേക്ഷകൾ**

4 (1956) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേയ്ക്ക് അയയ്ക്കുന്ന അപേക്ഷകളിൽ യഥാസമയം തീർപ്പുകൽപ്പിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരാതികളിൽ തീർപ്പുകൽപ്പിച്ച് എടുക്കുന്ന തീരുമാനം അപേക്ഷകരെ അറിയിക്കാറുണ്ടോ; അപേക്ഷകർക്ക് പലപ്പോഴും വിവരം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ-സി) മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം ഏറ്റവും കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത്. പരാതി കൈപ്പറ്റുന്നത് മുതൽ പരാതി തീർപ്പാക്കുന്നതുവരെ പരാതിയുടെ ഓരോ നീക്കവും പരാതിക്കാർക്ക്

എസ്.എം.എസ്-ലൂടെയും ഓൺലൈനായും, 1076 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും അറിയാൻ കഴിയും. പരാതി തീർപ്പാക്കുന്ന വേളയിൽ പരാതിയിന്മേൽ കൈക്കൊണ്ട തീരുമാനം സംബന്ധിച്ച വിശദമായ മറുപടിയും ലഭ്യമാക്കുന്നു. 2016 ജൂൺ മാസത്തിൽ cmo.kerala.gov.in എന്ന വെബ് അധിഷ്ഠിത ഏകീകൃത പൊതുജന പരാതി പരിഹാര സംവിധാനം നിലവിൽ വന്നതുമുതൽ നാളിതുവരെ 483855 പരാതികളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ നടപടി തുടർന്നുവരുന്ന 9056 പരാതികൾ ഒഴികെ മറ്റുള്ളവയെല്ലാം തീർപ്പ് കൽപ്പിക്കാനായി. നിലവിൽ തീർപ്പാക്കൽ ശതമാനം 98.1% ആണ്. സംസ്ഥാനത്തെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പടെ പതിനായിരത്തോളം ഓഫീസുകൾ ഈ ശൃംഖലയുടെ ഭാഗമാണ്. ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും cmo.kerala.gov.in എന്ന വെബ് പോർട്ടലിലൂടെ മുഖ്യമന്ത്രിക്ക് പരാതികൾ സമർപ്പിക്കാനും തൽസ്ഥിതി അറിയാനും കഴിയും. ലഭിക്കുന്ന പരാതികൾ ഡിജിറ്റൽ രൂപത്തിൽ തുടർനടപടി സ്വീകരിക്കാനായി ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറുകയും അവ സമയബന്ധിതമായി തീർപ്പാക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. പരാതികൾ സംബന്ധിച്ച അന്വേഷണങ്ങൾക്കും സഹായങ്ങൾക്കുമായി എല്ലാ ഓഫീസുകളിലും

സി.എം.ഒ. പോർട്ടൽ ചാർജ്ജ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഓരോ ഓഫീസിലും തീർപ്പാക്കുന്ന പരാതികൾ മാർഗ്ഗനിർദ്ദേശമനുസരിച്ചാണെന്ന് ഉറപ്പുവരുത്തുന്നതിന്, തീർപ്പാക്കുന്ന പരാതികളിൽ ഒരു നിശ്ചിത എണ്ണം പുനഃപരിശോധിക്കണമെന്ന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ, തീർപ്പാക്കുന്ന എല്ലാ പരാതികളും പുനഃപരിശോധിച്ച് പരാതിക്കാർക്ക് മറുപടി നൽകിയെന്നും കൃത്യമായി പരിശോധന നടത്തിയെന്നും മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ ഉറപ്പുവരുത്തുന്നുണ്ട്. അപ്രകാരമല്ലാത്ത പരാതികൾ റീ ഓപ്പൺ ചെയ്ത് ന്യൂനത പരിഹരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നു. പരാതിയിന്മേൽ മറുപടി ലഭിച്ചില്ലെന്നോ, സ്വീകരിച്ച നടപടിയിൽ അതൃപ്തിയുണ്ടെന്നോ ടോൾഫ്രീ നമ്പറായ 1076-ൽ അറിയിച്ചാലും സത്വര നടപടി സ്വീകരിക്കുന്നതാണ്.

ഒരിക്കൽ സമർപ്പിച്ച പരാതിയിൽ കൈക്കൊണ്ട തീരുമാനത്തിൽ അസംതൃപ്തി രേഖപ്പെടുത്തി പരാതിക്കാർ വീണ്ടും പരാതി നൽകുന്ന സാഹചര്യമുണ്ടായാൽ, അവ പ്രത്യേകം പ്രാധാന്യം നൽകി പരിശോധിക്കുകയും, ശരിയായ പരിശോധന നടത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയുന്നു.

## സ്വാതന്ത്ര്യ സമരസേനാനിയുടെ തുടർ പെൻഷൻ

5 (1957) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണപ്പെട്ട സ്വാതന്ത്ര്യ സമരസേനാനികളുടെ തുടർ പെൻഷൻ ഭർത്താവ് മരിച്ച പെൺമക്കൾക്ക് നൽകാമെന്ന് സൂചിപ്പിച്ച് 2012-ൽ സർക്കാർ ഉത്തരവിറക്കിയിരുന്നെങ്കിലും പെൺമക്കൾക്ക് മക്കളുണ്ടെന്ന കാരണത്താൽ പെൻഷൻ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

02-05-2012-ലെ ജി.ഒ.(പി) 92/2012/ജി.എ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, സ്വാതന്ത്ര്യ സമരസേനാനി പെൻഷണറുടെ/തുടർ പെൻഷണറുടെ ആശ്രിതരും വാർഷിക വരുമാനം 24,000/- രൂപയിൽ കൂടാത്തവരുമായ വിധവ അല്ലെങ്കിൽ വിവാഹ മോചിതകളായ എറ്റവും അർഹതപ്പെട്ട (" Most deserving cases" ) പെൺമക്കൾക്ക്, അവരുടെ മരണം/പുനർ വിവാഹം വരെ തുടർ പെൻഷന് അർഹതയുണ്ട്.

ഭർത്താവിന്റെ മരണശേഷം/വിവാഹമോചിതയായ ശേഷം പെൻഷണറായ പിതാവിന്റെയോ മാതാവിന്റെയോ ആശ്രിതയായി

കഴിയുകയും സംരക്ഷണം നൽകാൻ മക്കളോ മറ്റാരെങ്കിലുമോ ഇല്ലാത്തവരും തൊഴിൽ ചെയ്ത് ഉപജീവനം നടത്താൻ പ്രായം/ആരോഗ്യം അനുവദിക്കാത്തവരുമാണെങ്കിൽ മാത്രമേ തുടർ പെൻഷന് അർഹതയുള്ളൂ.

(ബി) മക്കളുള്ള സ്വാതന്ത്ര്യ സമരസേനാനികളുടെ പെൺമക്കൾക്ക് ഒരു നിശ്ചിത വരുമാന പരിധി നിഷ്കർഷിച്ച് പെൻഷൻ നൽകുന്നതിനും പെൻഷൻ തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**വനം വകുപ്പിലെ ജോലിക്ക് യോഗ്യത ലഭിക്കാത്ത ആദിവാസി യുവാവ്**

6 (1958) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല്ല് നിരതെറ്റിയതുകാരണം വനം വകുപ്പിലെ ജോലിക്ക് യോഗ്യത ലഭിക്കാത്ത ആദിവാസി യുവാവിന്റെ ദുരനുഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശസ്ത്രക്രിയയിലൂടെ പരിഹരിക്കാൻ കഴിയുന്നതും എന്നാൽ നിർധനാവസ്ഥ കാരണം അതിന് കഴിയാതിരുന്നതുമായ യുവാവിന് ജോലി ലഭിക്കാതെ പോയ വിഷയം അനുഭാവപൂർവ്വം പരിഗണിക്കുന്നതിന്

നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ശാരീരികമായ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ ജോലിക്ക് തടസ്സമാകുന്ന സ്പെഷ്യൽ റൂളുകൾ പരിഷ്കരിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

(എ&ബി) പരിശോധിച്ചുവരുന്നു.

**സംസ്ഥാന സിവിൽ സർവീസ് കായികമേള**

7 (1959) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽവച്ച് നടന്ന സംസ്ഥാന സിവിൽ സർവീസ് കായികമേളയിൽ ചാമ്പ്യൻഷിപ്പ് നേടിയ ജില്ല ഏതാണെന്ന് വിശദമാക്കാമോ?

ഗവ. സെക്രട്ടേറിയറ്റ് ടീമാണ് ചാമ്പ്യൻഷിപ്പ് നേടിയത്.

(ബി) പ്രസ്തുത കായികമേളയിൽ ഏറ്റവും കൂടുതൽ ഇനങ്ങളിൽ ചാമ്പ്യൻ മാരായ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വ്യക്തമാക്കാമോ?

| ഇനം | വിഭാഗം | ചാമ്പ്യൻ |
|---|---|---|
| അത്‌ലറ്റിക്സ് | മെൻ - ഓപ്പൺ | ശ്രീ. അനീഷ് കുമാർ വി. (പാലക്കാട്)<br><br>ശ്രീ. അനീസ് റഹ്മാൻ ഇ. (മലപ്പുറം) |
| അത്‌ലറ്റിക്സ് | മെൻ - 40-50 | ശ്രീ. ഹോബി രവീന്ദ്രൻ (വയനാട്) |
| അത്‌ലറ്റിക്സ് | മെൻ - 50-60 | ശ്രീ. സുധീ വി.കെ. (കണ്ണൂർ)<br><br>ശ്രീ. സലീം വി. (വയനാട്)<br>ശ്രീ. സലിം കിളപറമ്പത്ത് (കണ്ണൂർ) |
| അത്‌ലറ്റിക്സ് | വിമൻ - ഓപ്പൺ | ശ്രീമതി ഡോണ കെ അഗസ്റ്റിൻ (കാസർഗോഡ്)<br>ശ്രീമതി നീന എലിസബത്ത് ബേബി (പത്തനംതിട്ട) |
| അത്‌ലറ്റിക്സ് | വിമൻ - 35-45 | ശ്രീമതി ശ്രീജ വി.പി. (കണ്ണൂർ)<br>ശ്രീമതി സുപ്രിയ എ.( വയനാട്) |
| അത്‌ലറ്റിക്സ് | വിമൻ - 45-60 | ശ്രീമതി  ഗീതാമണി കെ. കെ. (കണ്ണൂർ)<br>ശ്രീമതി സുജാത എം. (കോഴിക്കോട്) |
| സ്വിമ്മിംഗ് | മെൻ - ഓപ്പൺ | ശ്രീ. അനൂപ് വി.ആർ. (തിരുവനന്തപുരം) |
| സ്വിമ്മിംഗ് | മെൻ - വെറ്ററൻ | ശ്രീ. രാജേഷ് കുമാർ എൽ. ബി. (ആലപ്പുഴ) |
| സ്വിമ്മിംഗ് | വിമൻ - ഓപ്പൺ | ശ്രീമതി ശ്രീക്കുട്ടി ജെ. (തിരുവനന്തപുരം)<br>ശ്രീമതി ബീന എസ്. (തിരുവനന്തപുരം)<br>ശ്രീമതി ഹരിത എച്ച്.എൻ. (തിരുവനന്തപുരം) |
| സ്വിമ്മിംഗ് | വിമൻ - വെറ്ററൻ | ശ്രീമതി രമ്യ വി. (സെക്രട്ടേറിയറ്റ്) |

(സി) പ്രസ്തുത കായികമേള നടത്തിപ്പിലുണ്ടായ പാളിച്ചകൾ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കായികമേളയിൽ യൂണിഫോം വിഭാഗത്തിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചതായി ആരോപിച്ച് രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചുവരുന്നു.

(ഡി) 2023 വർഷത്തെ സിവിൽ സർവ്വീസ് കായികമേള ഏത് ജില്ലയിൽ വച്ച് നടത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തീരുമാനിച്ചിട്ടില്ല.

**കുന്നത്തുനാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

8 (1960) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നും നിലവിൽ ഏത്

ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നവ ഏതെല്ലാമെന്നും വിശദമാക്കുമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിച്ചതും എന്നാൽ നാളിതുവരെ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രവൃത്തികൾ കഴിവതുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കഴക്കൂട്ടം മണ്ഡലത്തിൽ സിറ്റി ഗ്യാസ് പദ്ധതി

9 (1961) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സിറ്റി ഗ്യാസ് പദ്ധതിയുമായി ബന്ധപ്പെട്ട് കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഉപഭോക്താക്കൾക്ക് വീടുകളിൽ കണക്ഷൻ എത്തിക്കുന്നതിന് തയ്യാറാക്കിയിരിക്കുന്ന ഷെഡ്യൂൾ വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ സിറ്റി ഗ്യാസ് വിതരണ സംവിധാനം എന്നുമുതൽ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം മേഖലകളിൽ എത്ര ഉപഭോക്താക്കൾക്കാണ് ആദ്യഘട്ടം സിറ്റി ഗ്യാസ് കണക്ഷൻ നൽകുന്നതെന്ന് വിശദമാക്കാമോ?

(എ-ഡി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ സിറ്റി ഗ്യാസ് പദ്ധതിയുടെ പൈപ്പ്ലൈൻ റെയിൽവേ പാത മുറിച്ച് കടക്കേണ്ടതുള്ളതിനാൽ ഇന്ത്യൻ റെയിൽവേയുടെ അനുമതി (Pipeline crossing permission) ലഭ്യമാകേണ്ടതുണ്ട്. പ്രസ്തുത അനുമതി ലഭ്യമാകുന്ന മുറയ്ക്ക്, മേയ് മാസത്തോടുകൂടി പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ തുടങ്ങാനും ജൂലൈ മാസത്തിൽ ഗാർഹിക കണക്ഷനുകൾ നൽകാനും സാധിക്കും.

ആദ്യഘട്ടത്തിൽ 6000 ഗാർഹിക കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്.

**റീബിൽഡ് കേരള പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം**

10 (1962) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ ആകെ എത്ര രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും ചെലവഴിച്ച തുക എത്രയാണെന്നും അവ പൂർത്തീകരിച്ച വർഷം ഏതാണെന്നുമുള്ള വിവരങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ?

(എ&ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് 14 വകുപ്പുകളിലായി 8197 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ മിക്കവയും ബഹുവർഷ പദ്ധതികളാണ്. 5590 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തു. ഇവയിൽ പല പദ്ധതികളും പൂർത്തിയായിട്ടുണ്ട്.

പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## സിറ്റി ഗ്യാസ് പദ്ധതി

11 (1963) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈപ്പുവഴി നാച്വറൽ ഗ്യാസ് വീടുകളിലെത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ എത്ര കണക്ഷനുകൾ ഇതുവരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

171 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) കണക്ഷൻ നൽകുന്ന പ്രദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

പദ്ധതി നടപ്പിലാക്കുന്നതിന് സിറ്റി ഗേറ്റ് സ്റ്റേഷൻ (CGS) സ്ഥാപിച്ചിട്ടുള്ളത് ഉണ്ണിക്കുളം പഞ്ചായത്തിലാണ്. ഉണ്ണിക്കുളം പഞ്ചായത്തിന് പുറമെ തൊട്ടടുത്തുള്ള പഞ്ചായത്തുകളായ പനങ്ങാട്, ബാലുശ്ശേരി എന്നീ പ്രദേശങ്ങൾക്കാണ് ആദ്യഘട്ടത്തിൽ മുൻഗണന നൽകിയിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തിരുവമ്പാടി മണ്ഡലത്തിലെ വീടുകളിൽ പ്രസ്തുത പദ്ധതി പ്രകാരം ഗ്യാസ് എത്തിക്കുന്നത് എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ആദ്യഘട്ടത്തിൽ പരിഗണനയിലില്ല.

**കെ-ഫോൺ പദ്ധതി**

12 (1964) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കെ-ഫോൺ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

കെ-ഫോൺ പദ്ധതി പുരോഗമിക്കുന്നതിന്റെ ഭാഗമായി നിലവിൽ;

1) ആകെ 7556 കിലോമീറ്റർ ബാക്ക്ബോൺ സ്ഥാപിക്കാനുള്ളതിൽ 6546 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്.

2) 22802 കി.മീ. എ.ഡി.എസ്.എസ്. (All-Dielectric Self Supporting Cable), ഒ.എഫ്.സി., ആക്സസ് കേബിൾ എന്നിവ സ്ഥാപിക്കാനുള്ളതിൽ 18615 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്.

3) 375 പോയിന്റ് ഓഫ് പ്രെസൻസുകളിൽ 343 എണ്ണം

പൂർത്തീകരിച്ചിട്ടുണ്ട്.

4) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി. 1), ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി.) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.

5) നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി/നോൺ ഐറ്റി സംബന്ധമായ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

6) 26057 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

7) 12367 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ ആദ്യഘട്ടത്തിൽ എത്ര കണക്ഷനുകൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഇതുവരെ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ 126 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിരിക്കുന്നത്. നിലവിൽ 48 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ

കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ആദ്യ ഘട്ടത്തിൽ, കല്ല്യാശ്ശേരി നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മാനദണ്ഡങ്ങൾ പ്രകാരമുള്ള, ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ചാണ് കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള തുടർനടപടി സ്വീകരിക്കുന്നത്.

## പശ്ചാത്തല വികസനത്തിനുള്ള സമഗ്ര പരിഷ്ക്കാരങ്ങൾ

13 (1965) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ പശ്ചാത്തല വികസനത്തിന് ഏതൊക്കെ മേഖലകളിലാണ് സമഗ്ര പരിഷ്ക്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് സർവതല സ്പർശിയായ സമഗ്ര പരിഷ്ക്കാരങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പിലാക്കിവരുന്ന

ധാരാളം പദ്ധതികൾ സർക്കാരിന്റെ വികസനമുദ്രയുടെ ഭാഗമായി എടുത്തുകാട്ടാവുന്നതാണ്. താഴെപ്പറയുന്നവയാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും നടപ്പാക്കി വരുന്നതുമായ പ്രധാന പദ്ധതികൾ:

- ഐ.ടി. മേഖല:- ഐ.ടി. മേഖലയിൽ സ്റ്റാർട്ടപ്പ് മിഷനുകൾക്ക് ഊന്നൽ നൽകി വരുന്നു. എല്ലാ സർക്കാർ ഓഫീസുകളിലും 'ഇ-ഓഫീസ്' സംവിധാനം സാർവ്വത്രികമായി നടപ്പിലാക്കി വരുന്നു. 'എം-സേവനം, 'ഇ-സേവനം', 'എന്റെ ജില്ല', 'സഞ്ജയ', 'സർപ്പ' തുടങ്ങിയ ആപ്പുകൾ വഴി സേവനങ്ങൾ ജനങ്ങളുടെ വിരൽത്തുമ്പിലെത്തുന്ന സംവിധാനം നടപ്പിലാക്കി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ കിടയറ്റ പ്രവർത്തന മികവ് ഐ.ടി. രംഗത്തെ കുതിച്ചുകയറ്റത്തിന്റെ ഒരു ഉത്തമോദാഹരണമാണ്. 2022 വർഷത്തെ ഡിജിറ്റൽ ഇന്ത്യാ നാഷണൽ അവാർഡ് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി കരസ്ഥമാക്കുകയുണ്ടായി.

- ദേശീയപാത വികസനം:- സംസ്ഥാനത്ത് ദേശീയപാത വികസനം ത്വരിതഗതിയിൽ നടത്തിവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളും നഷ്ടപരിഹാരം നൽകലും പാത വികസനവുമെല്ലാം കൃത്യമായും സമയബന്ധിതമായും നടന്നുവരുന്നു.

- <u>തുറമുഖ വികസനം</u>:- തുറമുഖവികസന രംഗത്തെ ഒരു നാഴികക്കല്ലാണ് വിഴിഞ്ഞം തുറമുഖം പദ്ധതി. കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

- <u>കൃഷി</u>:- മേഖലയിലെ ഉത്തേജനത്തിനായി പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കുട്ടനാട് പാക്കേജ്. ഇതിന്റെ മേൽനോട്ടത്തിനായി കുട്ടനാട് ഏകോപന സമിതി രൂപീകരിച്ചു.

- <u>ആരോഗ്യം</u>:- ആരോഗ്യ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ നിലവിൽ വന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളായും താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായും വികസിപ്പിച്ച് മികച്ച ചികിത്സ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ആയുർവ്വേദ മേഖലയുടെ വികസനത്തിനായി ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

- <u>തൊഴിൽ</u>:- തൊഴിൽ മേഖലയെ ശാക്തീകരിക്കുന്നതിന് കേരള നോളജ് എക്കോണമി മിഷൻ നടപ്പിലാക്കിവരുന്നു. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാർക്ക്

വർഷത്തിൽ കുറഞ്ഞത് 200 പ്രവൃത്തി ദിനങ്ങൾ ലഭിക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കി പുനരുജ്ജീവനത്തിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

- <u>ടൂറിസം</u>:- വികസനത്തിന്റെ ഭാഗമായി മൂന്നാർ സുസ്ഥിര വികസന പദ്ധതിക്ക് തുടക്കമായി. മുഴപ്പിലങ്ങാട് ബീച്ച് വികസനത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

- <u>ശബരിമല</u>:- ശബരിമല വികസനത്തിനായി മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ശബരിമല ഇടത്താവളം പദ്ധതിക്കും രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

- <u>റെയിൽവേ</u>:- റെയിൽവേ വികസനത്തിന്റെ ഭാഗമായി കൊച്ചി മെട്രോയുടെ ഫേസ്-1 വിപുലീകരണവും ഫേസ് 2-വിന്റെ നടപ്പാക്കൽ പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞു. തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- ശാസ്ത്ര വികസനത്തിനായി സയൻസ് പാർക്കുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചുവരുന്നു.

- പിന്നോക്ക ജില്ലാ വികസനത്തിന്റെ ഭാഗമായി ഇടുക്കി, വയനാട്,

കാസർഗോഡ് എന്നീ ജില്ലകൾക്കായി പ്രത്യേക വികസന പാക്കേജുകൾ പ്രഖ്യാപിച്ചുകഴിഞ്ഞു.

- ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും മികച്ച മുന്നേറ്റമാണ് സംസ്ഥാനം കൈവരിച്ചിരിക്കുന്നത്.
- സാധാരണ ജനങ്ങൾക്ക് ഇന്റർനെറ്റ് സംവിധാനം വേഗത്തിൽ ലഭ്യമാകുന്നതിന് കെ-ഫോൺ പദ്ധതി നടപ്പിലാക്കിവരുന്നു.
- സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- ഊർജ്ജ സംരക്ഷണത്തിനായി നിലാവ് പദ്ധതി നിലവിൽ വന്നുകഴിഞ്ഞു.
- സർക്കാർ മേഖലയിൽ വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- അങ്കണവാടികളെല്ലാം സ്മാർട്ട് അങ്കണവാടികളായി ഉയർത്തുന്ന പ്രക്രിയയും നടന്നുവരുന്നു.
- റവന്യൂ വകുപ്പിന്റെ 'ടേക്ക് എ ബ്രേക്ക്' പദ്ധതി വിജയകരമായി

നടപ്പിലാക്കി വരുന്നു.

- തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതിയും പുരോഗമിച്ചുവരുന്നു.

- വ്യവസായ ഇടനാഴി പ്രാവർത്തികമാക്കും. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതി വിജയകരമായി മുന്നോട്ടുപോകുന്നു. പൊതു കുളങ്ങളിൽ മീൻ വളർത്തൽ സാർവ്വത്രികമാക്കി.

- സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കിയത് സർക്കാരിന്റെ മറ്റൊരു നേട്ടമാണ്.

- കോസ്റ്റൽ ഹൈവേ, സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം (കണ്ണൂർ, കൊല്ലം), കോസ്റ്റൽ ഹൈവേ, സ്മാർട്ട് സിറ്റി (കൊച്ചി, തിരുവനന്തപുരം), വയനാട് ടണൽ റോഡ് എന്നിവയെല്ലാം നടപ്പിലാക്കിവരുന്നു. ഇൻലാൻഡ് വാട്ടർ വികസനത്തിന്റെ ഭാഗമായി കൊച്ചിൻ വാട്ടർ മെട്രോ, കൊച്ചിൻ അർബൻ ഡെവലപ്മെന്റ് & വാട്ടർ ട്രാൻസ്പോർട്ട്, കനാൽ ഡെവലപ്മെന്റ് എന്നീ പദ്ധതികൾ പുരോഗതിയുടെ പാതയിലാണ്.

- സർക്കാരിന്റെ അജണ്ടയിലുള്ള ഒരു മുഖ്യ പദ്ധതിയാണ് ശബരിമല എയർപോർട്ട് സ്ഥാപിക്കൽ.

- ജലജീവൻ മിഷൻ വഴി ജലവിതരണം സുഗമമായി നടപ്പിലാക്കി വരുന്നു.

- സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയുടെ ഭാഗമായി വേസ്റ്റ് ടു എനർജി പ്ലാന്റ് പദ്ധതി നടപ്പിലാക്കിവരുന്നു. സ്വീവേജ് ആൻഡ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുകഴിഞ്ഞു.

- സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റൊരു പദ്ധതിയാണ് റൂം ഫോർ റിവർ.

- സർവ്വതോന്മുഖമായ വികസനത്തിന്റെ പാതകൾ തുറക്കുന്ന രീതിയിൽ സംസ്ഥാനത്തിന്റെ വികസനത്തിനായി ധാരാളം പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തുവരുന്നു.

**ഇ-ഗവേണൻസ്**

14 (1966) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും സുതാര്യമായ ഭരണ നിർവ്വഹണത്തിനും ഇ-സേവനം വിപുലമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിപുലമാക്കിയിട്ടുണ്ട്. സർക്കാരിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന ഐ.ടി. മിഷൻ വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെ (https://services.kerala.gov.in/) ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 60 വകുപ്പുകളുടെ 500 സേവനങ്ങളുമായി ആരംഭിച്ച പോർട്ടലിൽ നിലവിൽ 80 വകുപ്പുകളിൽ നിന്നുള്ള 884 സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓഫീസുകൾ കയറിയിറങ്ങാതെ വീട്ടിലിരുന്നുകൊണ്ടുതന്നെ നിരവധി സേവനങ്ങൾ ഉപയോഗപ്പെടുത്തുവാൻ ഇ-സേവനം പോർട്ടൽ (https://services.kerala.gov.in/), എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. എം-സേവനം മൊബൈൽ ആപ്ലിക്കേഷനിൽ 80 വകുപ്പുകളുടെ 683 സേവനങ്ങൾ ലഭിക്കും. ഇ-സേവനം, എം-സേവനം എന്നിവയിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്താനുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറി സംവിധാനങ്ങൾക്ക് ദേശീയ അംഗീകാരം ലഭിച്ചിരുന്നോ; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസസ് നടത്തിയ പഠന പ്രകാരം (നാഷണൽ ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറി അസ്സെസ്സ്മെന്റ്) 2019-ലും 2021-ലും ഇ-ഗവേണൻസ് പ്രദാനം ചെയ്യുന്നതിൽ കേരള സംസ്ഥാനത്തിന്റെ പോർട്ടൽ (https://kerala.gov.in) ഒന്നാം സ്ഥാനത്ത് എത്തിയിരുന്നു. ഇതിനുപുറമെ ഡിജിറ്റൽ ഭരണത്തിലെ മാതൃകാപരമായ സംരംഭങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഡിജിറ്റൽ ഇന്ത്യ അവാർഡുകളുടെ ഏഴാം പതിപ്പിൽ കേരളത്തിൽ നിന്നുള്ള 3 സംരംഭങ്ങൾ വിജയികളായിട്ടുണ്ട്.

1. ഡിജിറ്റൽ വർക്ക്ഫ്ലോഴ്സ് മാനേജ്മെന്റ് സിസ്റ്റം (പ്ലാറ്റിനം അവാർഡ്, സ്റ്റാർട്ടപ്പ് മേഖലയുമായി സഹകരിച്ചുള്ള ഡിജിറ്റൽ സംരംഭങ്ങൾ)

2. കോട്ടയം ജില്ലയുടെ വെബ്സൈറ്റ് (ഗോൾഡ് അവാർഡ്, GIGW (Guidelines for Indian Government Websites), ആക്സസിബിളിറ്റി

മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്ന മികച്ച വെബ്, മൊബൈൽ സംരംഭങ്ങൾ ഉൾപ്പെടുന്ന വിഭാഗം)

3. ക്ഷീരശ്രീ പോർട്ടൽ (സിൽവർ അവാർഡ്, ഗ്രാസ്റൂട്ട് ലെവൽ വിഭാഗത്തിലെ ഡിജിറ്റൽ സംരംഭങ്ങൾ)

(സി) വിവരസുരക്ഷയും സ്വകാര്യതയും ഉറപ്പുവരുത്തിക്കൊണ്ട് ഇ-ഗവേണൻസിലെ മികവ് വർദ്ധിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനായി കേരള സംസ്ഥാന ഐ.ടി. മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് ഡാറ്റാ സെന്ററിലായി ഹോസ്റ്റ് ചെയ്തിരിക്കുന്നു. ഈ ആപ്ലിക്കേഷനുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അത്യാധുനിക സംവിധാനങ്ങൾ സ്റ്റേറ്റ് ഡാറ്റാ സെന്ററുകളിൽ സജ്ജമാക്കിയിട്ടുണ്ട്.

പുതുതായി രൂപകല്പന ചെയ്ത ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഹോസ്റ്റ് ചെയ്യുന്നതിന് മുമ്പായി സെക്യൂരിറ്റി ഓഡിറ്റ് നടത്തി ആപ്ലിക്കേഷനുകളിലെ സുരക്ഷാ ന്യൂനതകളെല്ലാം പരിഹരിച്ച "സേഫ് ടു

ഹോസ്റ്റ് സർട്ടിഫിക്കറ്റ്" സമർപ്പിച്ചെങ്കിൽ മാത്രമേ ഹോസ്റ്റ് ചെയ്യാനുള്ള അനുമതി ലഭിക്കുകയുള്ളൂ.

ഒരു മുൻകരുതൽ നടപടിയായി, നിലവിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളുടെ സുരക്ഷാ ന്യൂനതകൾ സെർട്ട്-കെ (CERT-K) നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് കണ്ടെത്തുകയും അതിലെ സുരക്ഷാ പാളിച്ചകൾ യഥാസമയം അതാത് വകുപ്പുകളെ അറിയിക്കുകയും വേണ്ട സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.

വിവിധ വകുപ്പുകളിലുള്ള വിവര സാങ്കേതിക മേഖലയിലെ ഉദ്യോഗസ്ഥർക്ക് സൈബർ സെക്യൂരിറ്റി സംബന്ധമായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സുരക്ഷാ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു.

**പൊതുഭരണ വകുപ്പിലെ ഒഴിവുകൾ**

15 (1967) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പൊതുഭരണ വകുപ്പിൽ 2023 ജനുവരി മുതൽ മേയ് 31 വരെ അണ്ടർ

സെക്രട്ടറി മുതലുള്ള ഉയർന്ന തസ്തികകളിൽ വിരമിക്കൽമൂലം എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് അറിയിക്കുമോ?

അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളിൽ വിരമിക്കൽ മുഖേന 45 ഒഴിവുകളുണ്ടാകും.

**സർക്കാർ ജീവനക്കാരുടെ വിശദാംശങ്ങൾ**

16 (1968) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി നിലവിൽ എത്ര സർക്കാർ ജീവനക്കാരുണ്ട്; ആയതിന്റെ വകുപ്പ് തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ?

2023-24-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം I (സ്റ്റാഫിന്റെ വിശദാംശങ്ങൾ) പ്രകാരം വിവിധ വകുപ്പുകളിലായി വിവിധ തസ്തികകളിൽ ആകെ 526169 സർക്കാർ ജീവനക്കാർ നിലവിലുണ്ട്. ആയതിന്റെ വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) സർക്കാർ സർവ്വീസിലുള്ള ആകെ ജീവനക്കാരിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെട്ട ജീവനക്കാരുടെ എണ്ണം വകുപ്പുതിരിച്ച് ലഭ്യമാക്കാമോ;

(സി) സ്റ്റാട്ട്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാരിൽ നിന്നും അടുത്ത 5 വർഷത്തിനകം വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം വകുപ്പുതിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി എത്ര രൂപ ചെലവഴിക്കേണ്ടിവരുമെന്ന് വിശദമാക്കാമോ?

(ബി &സി) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ ജീവനക്കാരുടെ പൊതു ഓൺലൈൻ സ്ഥലംമാറ്റം

17 (1969) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പൊതു ഓൺലൈൻ സ്ഥലംമാറ്റം ഏതെല്ലാം വകുപ്പിലാണ് നാളിതുവരെ നടപ്പിലാക്കിയതെന്ന് വകുപ്പ് തിരിച്ചുള്ള വിവരം അറിയിക്കാമോ;

(ബി) പൊതു ഓൺലൈൻ സ്ഥലംമാറ്റം ഏതൊക്കെ വകുപ്പുകളിലാണ് നടപ്പിലാക്കാത്തതെന്ന വിവരം നൽകാമോ; ഇതിനുള്ള കാരണം

വ്യക്തമാക്കുമോ?

(എ&ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, രജിസ്ട്രേഷൻ, കാർഷിക വികസന കർഷകക്ഷേമം, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണം, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫയർ & റെസ്ക്യൂ സർവ്വീസസ്, ഫാക്ടറീസ് & ബോയിലേഴ്സ്, മോട്ടോർ വാഹനം, സാങ്കേതിക വിദ്യാഭ്യാസം, എൻ.സി.സി. ഡയറക്ടറുടെ കാര്യാലയം, ഭൂവിനിയോഗ ബോർഡ്, സാമ്പത്തിക സ്ഥിതി വിവരകണക്ക്, ഭാരതീയ ചികിത്സാ, ഹോമിയോപ്പതി, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്, ഇൻഷ്വറൻസ്, ഭൂജല വകുപ്പ്, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം, ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് (അദ്ധ്യാപകരുടേത് ഒഴികെ) എന്നീ വകുപ്പുകളിലാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

മറ്റ് വകുപ്പുകളിൽ ഓൺലൈൻ സ്ഥലംമാറ്റ സംവിധാനം നടപ്പിലാക്കുന്നതിനായി എൻ.ഐ.സി. മുഖേന അതത് വകുപ്പുകൾ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനും സ്പാർക്കിൽ ജീവനക്കാരുടെ വിവരങ്ങൾ

പൂർണ്ണമായും അപ്ഡേറ്റ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പൊതു സ്ഥലംമാറ്റത്തിൽ ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമെന്ന് അറിയിക്കാമോ?

ഉണ്ട്. 25-02-2017-ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ ഖണ്ഡിക 11 പ്രകാരം ഒഴിവുകളിലേയ്ക്കുള്ള സ്ഥലമാറ്റത്തിനും നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി പരിരക്ഷിക്കപ്പെട്ട/ പ്രഥമഗണനീയ വിഭാഗങ്ങൾക്കുള്ള മുൻഗണനാ പ്രകാരമുള്ള സ്ഥലമാറ്റം അതത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ 20 ശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പരിരക്ഷിക്കപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും മൊത്തം ശതമാനം സ്ഥലംമാറ്റത്തിനുവേണ്ടിയുള്ള ഒഴിവുകളുടെ മൊത്തം സംഖ്യാബലത്തിന്റെ പരമാവധി 30 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നു. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി

18 (1970) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി 15-06-2022-ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുമ്പോൾ ആകെ എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നുവെന്നതിന്റെ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടിയിൽ 1745294 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നു. വകുപ്പുതിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) ഇവയിൽ എത്ര ഫയലുകൾ പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടതായിരുന്നുവെന്ന് വ്യക്തമാക്കാമോ?

എല്ലാ ഫയലുകളും പ്രത്യക്ഷമായോ പരോക്ഷമായോ പൊതുജനങ്ങളുമായി ബന്ധപ്പെട്ടതാണ്.

(സി) പ്രസ്തുത പരിപാടിയിലുൾപ്പെടുത്തി 15-06-2022 മുതൽ 31-12-2022 വരെയുള്ള കാലയളവിൽ എത്ര ഫയലുകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത പരിപാടിയിലുൾപ്പെടുത്തി 955671 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. അവ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട എത്ര ഫയലുകൾ പ്രസ്തുത കാലയളവിൽ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതേത്തുടർന്ന് പൊതുജനങ്ങൾക്ക് ആനുകൂല്യങ്ങൾ, നഷ്ടപരിഹാരം എന്നീ ഇനങ്ങളിൽ എത്ര തുക വിതരണം ചെയ്തുവെന്നതിന്റെ വകുപ്പുതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനാണ് തീവ്രയജ്ഞ പരിപാടി നടപ്പാക്കിയത്. ഏതെങ്കിലും വിഭാഗത്തിലുള്ള ഫയലുകൾ പ്രത്യേകമായി പരിശോധിച്ച് തീർപ്പാക്കിയിട്ടില്ല. ആയതിനാൽ ആനുകൂല്യങ്ങൾ, നഷ്ടപരിഹാരം എന്നിവ സംബന്ധിച്ച വിവരം ലഭ്യമല്ല.

**അന്തർ വകുപ്പ് സ്ഥലം മാറ്റം**

19 (1971) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പിൽ പി.റ്റി.സി.എം. തസ്തികയിൽ നിയമനം നേടി എഫ്.റ്റി.എം. ആയി സ്ഥാനക്കയറ്റം ലഭിച്ചവർക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റത്തിന് അർഹതയുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത നിയമനത്തിന് അനുവദിക്കുന്ന സർക്കാർ

വകുപ്പുതല ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ&ബി) കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ, ചട്ടം 17 (ഡി) യിലെ വ്യവസ്ഥപ്രകാരം അർഹതയുണ്ട്. വിശേഷാൽ ചട്ടത്തിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

### ഡൽഹിയിൽ സർക്കാരിന്റെ പ്രത്യേക പ്രതിനിധി

20 (1972) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാബിനറ്റ് പദവിയോടെ ഡൽഹിയിൽ സംസ്ഥാനത്തിന്റെ പ്രത്യേക പ്രതിനിധിയെ നിയോഗിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രത്യേക പ്രതിനിധിയുടെ ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ?

സൗഹാർദ്ദപൂർണ്ണമായ കേന്ദ്ര-സംസ്ഥാന ബന്ധം നിലനിർത്തുക, കേന്ദ്ര സർക്കാരിലും അനുബന്ധ മന്ത്രാലയങ്ങളിൽനിന്നും സംസ്ഥാനത്തിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യങ്ങൾ നേടിയെടുക്കുക, സംസ്ഥാന സർക്കാരിന്റെ നയങ്ങളും നിലപാടുകളും കേന്ദ്രസർക്കാർ മുമ്പാകെ വളരെ വ്യക്തമായി അവതരിപ്പിച്ച് കേന്ദ്രത്തിൽനിന്ന് അനുകൂല നടപടികൾ ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായാണ് പ്രത്യേക പ്രതിനിധിയെ നിയമിച്ചത്.

(സി) ഡൽഹിയിൽ പ്രവർത്തിക്കുന്ന ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെയും റസിഡന്റ് കമ്മീഷണറുടെയും അധികാരത്തിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഇല്ല.

(ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ കാലയളവിൽ പ്രത്യേക പ്രതിനിധിയുടെ പ്രവർത്തനത്തിനുവേണ്ട ചെലവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ശമ്പളത്തിന് പകരം ഓണറേറിയം നൽകിയാൽ മതിയാകുമെന്ന് പ്രത്യേക പ്രതിനിധി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

**ഡൽഹിയിലെ സർക്കാർ പ്രതിനിധിക്ക് 2016 മുതൽ ചെലവഴിച്ച തുക**

21 (1973) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എത്ര ഉദ്യോഗസ്ഥന്മാർ നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്; ഇവർ വഹിക്കുന്ന ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഡൽഹിയിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ സേവനമനുഷ്ഠിച്ചുവരുന്ന ഉദ്യോഗസ്ഥരുടെയും അവരുടെ ചുമതലകളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡൽഹിയിൽ സർക്കാർ പ്രതിനിധിയെ നിയമിച്ചതുവഴി സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്ര സർക്കാരിലും അനുബന്ധ മന്ത്രാലയങ്ങളിലും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാനും സംസ്ഥാന സർക്കാരിന്റെ നയങ്ങളും നിലപാടുകളും കേന്ദ്രസർക്കാർ മുമ്പാകെ വളരെ വ്യക്തമായി അവതരിപ്പിച്ച് കേന്ദ്രത്തിൽനിന്ന് അനുകൂല നടപടികൾ ഉറപ്പാക്കാനും കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ഡൽഹിയിലെ സർക്കാർ പ്രതിനിധിയുടെ പ്രവർത്തനംവഴി കഴിഞ്ഞിട്ടുണ്ട്.

(സി) ഡൽഹിയിൽ പ്രവർത്തിക്കുന്ന സർക്കാർ പ്രതിനിധികളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശമ്പളം, അലവൻസുകൾ, ഓഫീസ്, സ്റ്റാഫുകൾ, വാഹനം തുടങ്ങി വിവിധയിനങ്ങളിൽ എത്ര രൂപയാണ് സർക്കാർ 2016-നുശേഷം ഓരോ വർഷവും ചെലവഴിച്ചതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

ഡൽഹിയിൽ പ്രവർത്തിക്കുന്ന സർക്കാർ പ്രതിനിധികളുടെ ശമ്പളം, അലവൻസുകൾ, ഓഫീസ്, സ്റ്റാഫുകൾ, വാഹനം തുടങ്ങി വിവിധയിനങ്ങളിൽ 2016-നുശേഷം സർക്കാർ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഡൽഹിയിലെ സർക്കാർ പ്രതിനിധിയായി പുതുതായി സർക്കാർ ആരെയെങ്കിലും നിയമിക്കുന്നുണ്ടോ; എങ്കിൽ ഇതിലൂടെ സർക്കാർ എന്താണ് ലക്ഷ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിയമനം വഴി സർക്കാരിന് പ്രതിവർഷം എത്ര രൂപയുടെ സാമ്പത്തിക ബാധ്യതയാണുണ്ടാകുന്നത്; വിശദാംശം ലഭ്യമാക്കാമോ?

20-01-2023-ലെ സ.ഉ.(കൈ) നം. 9/2023/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം മുൻ എം.പി. പ്രൊഫ. കെ. വി. തോമസിനെ ക്യാബിനറ്റ് റാങ്കോടെ ഡൽഹിയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിക്ക് ശമ്പളം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകേണ്ടതില്ലെന്നും ഓണറേറിയം നൽകിയാൽ മതിയാകുമെന്നും അദ്ദേഹം അറിയിച്ചിട്ടുണ്ട്.

**ആശ്രിത നിയമന വ്യവസ്ഥയിൽ ഭേദഗതി**

22 (1974) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ആശ്രിത നിയമന വ്യവസ്ഥയിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആശ്രിത നിയമന വ്യവസ്ഥയിലെ ഭേദഗതി സംബന്ധിച്ച് സർവീസ് സംഘടനകൾ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-സി) ആശ്രിതനിയമനവുമായി ബന്ധപ്പെട്ട കോടതി ഉത്തരവുകളുടെ പശ്ചാത്തലത്തിൽ ടി വിഷയവുമായി ബന്ധപ്പെട്ട് സർവ്വീസ് സംഘടനകളുമായി ഒരു യോഗം ചീഫ് സെക്രട്ടറി വിളിച്ചുചേർത്തിരുന്നു. യോഗത്തിൽ സർവീസ് സംഘടനകൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ

പരിശോധനയിലാണ്.

## സർക്കാർ വാഹനങ്ങളുടെ വിവരം

23 (1975) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലായി ആകെ എത്ര വാഹനങ്ങളുണ്ട്; അവയിൽ പ്രവർത്തനക്ഷമമായിട്ടുള്ളവ എത്രയെന്നും അല്ലാത്തവ എത്രയെന്നുമുള്ള വിവരം നൽകാമോ;

(ബി) ഇതിൽ പതിനഞ്ച് വർഷത്തിലധികം കാലപ്പഴക്കമുള്ള എത്ര വാഹനങ്ങളുണ്ടെന്നുള്ള വിവരം വകുപ്പുകൾ തിരിച്ചും വാഹനത്തിന്റെ ഇനം തിരിച്ചും ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെയും കഴിഞ്ഞ സർക്കാരിന്റെയും കാലത്ത് പുതിയതായി എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾക്കുവേണ്ടിയാണ് വാഹനങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് വാഹനങ്ങളുടെ ഇനം തിരിച്ച് വിവരം ലഭ്യമാക്കുമോ?

(എ-സി) വാഹനങ്ങളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള

വാഹനങ്ങളുടെ വിവരങ്ങൾ ഡാറ്റാബേസിൽ സൂക്ഷിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ VEELS എന്ന സോഫ്റ്റ്‌വെയർ നിലവിലുണ്ട്. പ്രസ്തുത സോഫ്റ്റ്‌വെയറിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഉപയോഗശൂന്യമായ വാഹനങ്ങളുടെ വിവരങ്ങൾ കൂടി VEELS സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

## ഇ-ഓഫീസ് മുഖേന പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുകൾ

24 (1976) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ ഇ-ഓഫീസ് മുഖേന പ്രസിദ്ധപ്പെടുത്തുമ്പോൾ ഡിജിറ്റൽ സൈൻ ഉൾപ്പെടുത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതുകൂടി ഉൾപ്പെടുത്തി ഇ-ഓഫീസ് മുഖേന ഉത്തരവുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) മുമ്പ് പ്രസിദ്ധപ്പെടുത്തിയിരുന്ന സർക്കാർ ഉത്തരവുകളിൽ അത് പരിശോധിച്ച ഫയൽ നമ്പറുകൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും നിലവിൽ

അവ ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതുകൂടി ഉൾപ്പെടുത്തി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പൊതുജനങ്ങൾക്ക് സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രസിദ്ധപ്പെടുത്തുന്ന ഇ-ഓഫീസ് വെബ്സൈറ്റിൽ വകുപ്പുകളുടെ പേരുകൾ മൂന്നോ നാലോ അക്ഷരങ്ങൾ മാത്രമായി ചുരുക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുജനത്തിന് സ്വീകാര്യമാകുംവിധം വകുപ്പുകളുടെ പേരുകൾ മുഴുവനായി രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ പരിഹരിക്കുന്നതിന് ഇ-ഓഫീസ് സോഫ്റ്റ്‌വെയർ വികസിപ്പിച്ച നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.)-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സംസ്ഥാനത്ത് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവ്**

25 (1977) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ

കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒരു വകുപ്പ് മേധാവിക്ക് ഒട്ടനവധി വകുപ്പുകളുടെ അധിക ചുമതലകൾ നൽകിയിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) അഖിലേന്ത്യ സർവ്വീസിൽ കേരള കേഡറിലുള്ള എത്ര ഓഫീസർമാർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവുകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നേരിട്ടുള്ള നിയമനത്തിൽ കൂടിയും സ്ഥാനക്കയറ്റത്തിലൂടെയുള്ള നിയമനം മുഖേനയും കൂടുതൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ സംസ്ഥാന കേഡറിൽ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ ഐ.എ.എസ്. വിഭാഗത്തിൽ സെലക്ഷൻ പ്രക്രിയയിലൂടെയും കേഡറിൽ നിയമിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കേരള കേഡറിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ 19

പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 9 പേർ സംസ്ഥാന ഡെപ്യൂട്ടേഷനിലും ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ 22 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 4 പേർ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും ഒരു ഉദ്യോഗസ്ഥൻ ഇന്റർകേഡർ ഡെപ്യൂട്ടേഷനിലും ഐ.എഫ്.എസ്. ഉദ്യോഗസ്ഥരിൽ 13 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 3 പേർ സംസ്ഥാന ഡെപ്യൂട്ടേഷനിലും നിലവിൽ സേവനമനുഷ്ഠിച്ചുവരുന്നു.

## സി.എം.എൽ.ആർ.ആർ.പി. പദ്ധതി

26 (1978) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കാൻ സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിൽ എത്ര തുകയാണ് ആകെ മാറ്റിവച്ചിരുന്നതെന്നും ഇതിൽ എത്ര തുക സംസ്ഥാനത്താകെ വിനിയോഗിച്ചുവെന്നും ജില്ലകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ?

1000 കോടി രൂപയുള്ള ഭരണാനുമതിയാണ് നൽകിയത്. വിനിയോഗിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർക്കുന്നു.

(ബി) സി.എം.എൽ.ആർ.ആർ.പി.-യിൽ ഫണ്ട് അനുവദിച്ചിട്ടും നാളിതുവരെ വിവിധ കാരണങ്ങളാൽ പ്രവൃത്തി നിർവഹിക്കാനാകാത്തതിനാൽ എത്ര തുകയുടെ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നുണ്ടെന്ന് ജില്ലകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) സി.എം.എൽ.ആർ.ആർ.പി.-യിൽ ഇനിയും തുക ശേഷിക്കുന്നുണ്ടെങ്കിൽ മുമ്പ് സമർപ്പിച്ചിരുന്ന പട്ടികയിൽനിന്നും കൂടുതൽ പ്രവൃത്തികൾക്കായി അനുമതി നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് അറിയിക്കുമോ;

(ഡി) സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിൽ കൂടുതൽ ഫണ്ട് ലഭ്യമാക്കണമെന്നഭ്യർത്ഥിച്ച് പ്രളയത്തിൽ ഏറെ നാശനഷ്ടം നേരിട്ട നിലമ്പൂർ നിയോജക മണ്ഡലത്തിൽ നിന്നും അനുമതി ലഭിച്ചിട്ടില്ലാത്ത എത്ര പ്രൊപ്പോസലുകളുണ്ടെന്നും ആയത് ഇനി പരിഗണിക്കാനാവുമോയെന്നും അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

(സി&ഡി) പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ പരിഗണനയിലില്ല.

**വികസന പദ്ധതികൾക്ക് മാനുഷിക മുഖം**

27 (1979) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ മാനുഷിക മുഖത്തോടുകൂടിയാകണമെന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

സർവ്വതലസ്പർശിയായ വികസന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(ബി) വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ പുനരധിവാസത്തിനും ജീവനോപാധികളുടെ സംരക്ഷണത്തിനും മുന്തിയ പരിഗണന നൽകിയിട്ടുണ്ടോ?

മതിയായ പുനരധിവാസ സംവിധാനങ്ങളൊരുക്കിയും ജീവനോപാധികൾക്ക് സുരക്ഷ ഉറപ്പുവരുത്തിയും കൊടുക്കേണ്ട

നഷ്ടപരിഹാരത്തുക കൃത്യമായി നൽകിയും ആസൂത്രണത്തോടെയാണ് വികസന പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നത്. കൊച്ചി മെട്രോ, വാട്ടർ മെട്രോ, ദേശീയപാത വികസനം എല്ലാം ഇത്തരത്തിൽ തുടർന്നുവരുന്നു.

(സി) സംസ്ഥാനത്തിന്റെ സ്ഥായിയായ സാമ്പത്തിക വളർച്ചയ്ക്ക് അടിത്തറ പാകുന്ന പശ്ചാത്തലസൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ പശ്ചാത്തലസൗകര്യ വികസനത്തിന് എല്ലാ മേഖലകളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സർവ്വതലസ്പർശിയായ സമഗ്ര പരിഷ്കാരങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ സർക്കാരിന്റെ വികസനമുദ്രയുടെ ഭാഗമായി എടുത്തു കാട്ടാവുന്നതാണ്. താഴെപ്പറയുന്നവയാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും, നടപ്പാക്കി വരുന്നതുമായ പ്രധാന പദ്ധതികൾ:

- <u>ഐ.ടി മേഖല</u>:- ഐ.ടി മേഖലയിൽ സ്റ്റാർട്ടപ്പ് മിഷനുകൾക്ക് ഊന്നൽ നൽകിവരുന്നു. എല്ലാ സർക്കാർ ഓഫീസുകളിലും 'ഇ-ഓഫീസ്' സംവിധാനം സാർവത്രികമായി നടപ്പിലാക്കി വരുന്നു. 'എം സേവനം', 'ഇ സേവനം', 'എന്റെ ജില്ല', 'സഞ്ജയ', 'സർപ്പ' തുടങ്ങിയ ആപ്പുകൾ

വഴി സേവനങ്ങൾ ജനങ്ങളുടെ വിരൽത്തുമ്പിൽ എത്തുന്ന സംവിധാനം നടപ്പിലാക്കി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ കിടയറ്റ പ്രവർത്തന മികവ് ഐ.ടി. രംഗത്തെ കുതിച്ചുകയറ്റത്തിന്റെ ~~ഒരു~~ ഉത്തമോദാഹരണമാണ്. 2022 വർഷത്തെ ഡിജിറ്റൽ ഇന്ത്യ നാഷണൽ അവാർഡ് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി കരസ്ഥമാക്കുകയുണ്ടായി.

- ദേശീയപാത വികസനം:- സംസ്ഥാനത്ത് ദേശീയപാത വികസനം ത്വരിതഗതിയിൽ നടത്തിവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളും നഷ്ടപരിഹാരം നൽകലും പാത വികസനവുമെല്ലാം കൃത്യമായും സമയബന്ധിതമായും നടന്നു വരുന്നു.

- തുറമുഖ വികസനം:- തുറമുഖവികസന രംഗത്തെ ഒരു നാഴികക്കല്ലാണ് വിഴിഞ്ഞം തുറമുഖ പദ്ധതി. കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

- കൃഷി:- മേഖലയിലെ ഉത്തേജനത്തിനായി പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കുട്ടനാട് പാക്കേജ്. ഇതിന്റെ മേൽനോട്ടത്തിനായി കുട്ടനാട് ഏകോപന സമിതി രൂപീകരിച്ചു.

- <u>ആരോഗ്യം</u>:- ആരോഗ്യ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ നിലവിൽ വന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളായും താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായും വികസിപ്പിച്ച് മികച്ച ചികിത്സ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ആയുർവ്വേദ മേഖലയുടെ വികസനത്തിനായി ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

- <u>തൊഴിൽ</u>:- തൊഴിൽ മേഖലയിൽ കുതിച്ചു ചാട്ടത്തിനായി കേരള നോളജ് എക്കോണമി മിഷൻ നടപ്പിലാക്കിവരുന്നു. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാർക്ക് വർഷത്തിൽ കുറഞ്ഞത് 200 പ്രവൃത്തി ദിനങ്ങൾ ലഭിക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കി പുനരുജ്ജീവനത്തിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

- <u>ടൂറിസം</u>:- വികസനത്തിന്റെ ഭാഗമായി മൂന്നാർ സുസ്ഥിര വികസന പദ്ധതിക്ക് തുടക്കമായി. മുഴപ്പിലങ്ങാട് ബീച്ച് വികസനത്തിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- ശബരിമല:- ശബരിമല വികസനത്തിനായി മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ശബരിമല ഇടത്താവളം പദ്ധതിക്കും രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

- റെയിൽവേ:- റെയിൽവേ വികസനത്തിന്റെ ഭാഗമായി കൊച്ചി മെട്രോയുടെ ഫേസ്-1 വിപുലീകരണവും ഫേസ് 2-വിന്റെ നടപ്പാക്കൽ പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞു. തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- ശാസ്ത്രവികസനത്തിനായി സയൻസ് പാർക്കുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചുവരുന്നു.

- പിന്നോക്ക ജില്ലാ വികസനത്തിന്റെ ഭാഗമായി ഇടുക്കി, വയനാട്, കാസർകോട് എന്നീ ജില്ലകൾക്കായി പ്രത്യേക വികസന പാക്കേജുകൾ പ്രഖ്യാപിച്ചുകഴിഞ്ഞു.

- ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും മികച്ച കുതിച്ചുചാട്ടമാണ് സംസ്ഥാനം കൈവരിച്ചിരിക്കുന്നത്.

- സാധാരണ ജനങ്ങൾക്ക് ഇന്റർനെറ്റ് സംവിധാനം വേഗത്തിൽ ലഭ്യമാക്കുന്നതിന് കെ-ഫോൺ പദ്ധതി നടപ്പിലാക്കിവരുന്നു.

- സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- ഊർജ്ജ സംരക്ഷണത്തിനായി നിലാവ് പദ്ധതി നിലവിൽ വന്നുകഴിഞ്ഞു.
- സർക്കാർ മേഖലയിൽ വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- അങ്കണവാടികളെല്ലാം സ്മാർട്ട് അങ്കണവാടികളായി ഉയർത്തുന്ന പ്രക്രിയയും നടന്നുവരുന്നു.
- തദ്ദേശസ്വയംഭരണ വകുപ്പിന്റെ 'ടേക്ക് എ ബ്രേക്ക്'' പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.

**ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി**

28 (1980) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ്

നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പദ്ധതിയിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ

(1) വുമൺ എംപവർമെന്റ് & ഫെസിലിറ്റേഷൻ സെന്റർ (ആലപ്പുഴ ബീച്ച് റോഡിൽ)

(2) സദ്ഭാവനാമണ്ഡപം - കോമൺ സർവ്വീസ് സെന്റർ (ലോറി സ്റ്റാന്റിന് സമീപം, ആലപ്പുഴ) എന്നീ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം സി.ആർ.ഇസഡ്. ക്ലിയറൻസിനുശേഷം വുമൺ എംപവർമെന്റ് & ഫെസിലിറ്റേഷൻ സെന്ററിന് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെന്ററിന് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

(ബി&സി) പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ 2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച വുമൺ എംപവർമെന്റ് ആന്റ് ഫെസിലിറ്റേഷൻ സെന്റർ (1423.34 ലക്ഷം രൂപ) എന്ന പ്രവൃത്തിയ്ക്ക് G+4 പ്ലാൻ പ്രകാരം കേന്ദ്ര സർക്കാർ

അനുമതി നൽകിയിരുന്നു. എന്നാൽ ആലപ്പുഴ ബീച്ച് റോഡിൽ അനുവദിക്കപ്പെട്ട ടി പദ്ധതിയുടെ നിർവ്വഹണം ആരംഭിക്കുന്നതിന് CRZ-ന്റെ ക്ലിയറൻസ് ആവശ്യമായി വരികയും ആയത് നിലവിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ CRZ ക്ലിയറൻസ് ലഭിക്കുന്നതിലേയ്ക്ക് F.A.R പെർമിസിബിൾ ലിമിറ്റ് (1.5)-നുള്ളിൽ നിൽക്കത്തക്ക രീതിയിൽ പ്ലാൻ മാറ്റേണ്ടി വരികയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള പ്ലാനിൽനിന്നും ഒരു നില ഒഴിവാക്കി ഗ്രൗണ്ട് ഫ്ലോർ +3 ഫ്ലോർ ആക്കിക്കൊണ്ട് CRZ ക്ലിയറൻസ് ലഭിക്കുകയും ചെയ്തു. ഇതനുസരിച്ചിട്ടുള്ള റിവൈസ്ഡ് പ്രൊപ്പോസൽ ഭരണാനുമതിക്കായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ അനുമതി നൽകിയിരിക്കുന്ന പ്ലാനിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഈ സാഹചര്യത്തിൽ ജില്ലയിൽനിന്നും ലഭിച്ചിരിക്കുന്ന പ്രൊപ്പോസൽ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

## റീബിൽഡ് കേരള ഫേസ് ടു പദ്ധതി

29 (1981) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ റീബിൽഡ് കേരള ഫേസ് ടു പദ്ധതിയുടെ

പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ 'ഫേസ് ടൂ' എന്ന തരത്തിൽ നാളിതുവരെ പദ്ധതികൾക്കൊന്നും ഭരണാനുമതി നൽകിയിട്ടില്ല.

**പുതുക്കാട് നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പ്രവൃത്തികൾ**

30 (1982) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട എത്ര പ്രവൃത്തികൾക്കാണ് അനുമതി നൽകിയതെന്നും പ്രവൃത്തികളുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

പുതുക്കാട് മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) ഫേസ്-II-ൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ള തൃക്കൂർ ഗ്രാമപഞ്ചായത്തിലെ എസ്.എം.എസ്. റോഡ് നിർമ്മാണത്തിന് അനുമതി ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കാമോ;

(സി) ഫേസ് II-ൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളിൽ അനുമതിയും ഫണ്ടും അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ 'ഫേസ് II' ആയി റോഡുകൾ പുനർനിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടില്ല. ഫണ്ട് ലഭ്യത പരിഗണിച്ചുമാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാകുകയുള്ളൂ.

**റീബിൽഡ് കേരള പദ്ധതി**

31 (1983) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും നീക്കിവച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

| സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 2019-20 | 1000 കോടി | 7,33,65,480 |
| 2020-21 | 1000 കോടി | 577,60,00,000 |
| 2021-22 | 1830 കോടി | 773,30,00,000 |

| | | |
|---|---|---|
| 2022-23 | 1600 കോടി | 982,60,00,000 (06.02.23 വരെ) |

(ബി) പ്രസ്തുത പദ്ധതിക്ക് ലോകബാങ്ക് സഹായമായി എത്ര തുക ലഭിച്ചിട്ടുണ്ട്; ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലാണ് തുക ലഭിച്ചതെന്നും പ്രസ്തുത തുക ഓരോ സാമ്പത്തിക വർഷവും എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ലഭിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ?

(ബി&സി) റീബിൽഡ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള ലോകബാങ്ക് സഹായം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലഭിച്ച തുക (രൂപ) |
|---|---|
| 2019-20 | 1779.58 കോടി |
| 2022-23 | 125.66 കോടി |

വികസന നയ വായ്പ (Development Policy Loan) ആയി ലോകബാങ്ക് 1779.58 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക

വർഷം ലഭിച്ച 125.66 കോടി രൂപ പൂർത്തീകരിച്ച ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്ന ഫലപ്രാപ്തി അധിഷ്ഠിത പരിപാടി (Program for Results-PfR)-കളുടെ ഭാഗമായാണ്. ഈ വായ്പകളെല്ലാം ബഡ്ജറ്ററി സപ്പോർട്ടായാണ് സർക്കാരിന് ലഭിക്കുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് ബഡ്ജറ്റ് വിഹിതമായാണ് തുക അനുവദിക്കുന്നത്. ലോകബാങ്ക് വായ്പ സഹായമായി ഇതുവരെ ലഭിച്ചത് ആകെ 1905.24 കോടി രൂപയാണ്. റീബിൽഡ് കേരള പദ്ധതി മുഖേന ഏറ്റെടുത്തിട്ടുള്ള ഭൂരിഭാഗം പദ്ധതികളും ബഹുവർഷ പദ്ധതികളാണ്. ഇത്തരത്തിൽ ഏകദേശം 8107 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതി ആരംഭിച്ചതുമുതൽ വിവിധ പദ്ധതികൾക്കായി നാളിതുവരെ 2340 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ പുരോഗതിയനുസരിച്ച് കൂടുതൽ തുക അനുവദിക്കുന്നതാണ്. ഈ സാഹചര്യത്തിൽ തുക വകമാറ്റി ചെലവഴിച്ചെന്നത് അടിസ്ഥാനരഹിതമാണ്.

## റീബിൽഡ് കേരള പദ്ധതി

32 (1984) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതുവരെ എത്ര പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതുവരെ പൂർത്തീകരിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) റീബിൽഡ് കേരള പദ്ധതിയിൽ പുതിയ പദ്ധതികൾക്ക് അനുമതി നൽകുന്നുണ്ടോ; 2022-23-ൽ എത്ര പദ്ധതികൾക്കാണ് ആർ.കെ.ഐ.-യിൽ അനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ?

വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൽ, റീബിൽഡ് കേരള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇനിഷ്യേറ്റീവിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായവ ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി, മന്ത്രിസഭ എന്നീ തലങ്ങളിൽ പരിശോധിച്ച് പദ്ധതിയുടെ യോഗ്യത, ഫണ്ട് ലഭ്യത എന്നിവ വിലയിരുത്തി പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്.

2022-23ൽ ആർ.കെ.ഐ. അനുമതി നൽകിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ**

33 (1985) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

1974-ലെ ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം, 1981-ലെ വായു മലിനീകരണ നിവാരണ നിയന്ത്രണ നിയമം, 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമം, കൂടാതെ പരിസ്ഥിതി സംരക്ഷണ നിയമ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള താഴെപ്പറയുന്ന ചട്ടങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കിവരുന്നു.

1. The Solid Waste Management Rules, (re-notified) 2016.

2. The Plastic Waste Management Rules (re-notified) 2016.

3. The Biomedical Waste Management Rules (re-notified) 2016.

4. The Hazardous Waste (M&TM) Rules (re-notified).

5. The e-waste Management Rules (re-notified).

6. The Batteries (M&H) Rules, 2001.

7. The C&D Waste Management Rules, 2016.

8. The Noise Pollution (R&C) Rules, 2000.

9. Environment Impact Assessment Notification 2006.

പ്രസ്തുത നിയമങ്ങളും ചട്ടങ്ങളും പ്രകാരം നിബന്ധനകൾക്ക് വിധേയമായി സ്ഥാപനാനുമതി/പ്രവർത്താനുമതി ഓതറൈസേഷൻ/രജിസ്ട്രേഷൻ എന്നിവ ബോർഡ്, വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ, ഹോട്ടലുകൾ, തദ്ദേശ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് നൽകി

വരുന്നു. ടി അനുമതികൾ/ഓതറൈസേഷൻ നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധന നടത്തുകയും ആയത് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ഇതിൽ ഉൾപ്പെടുന്നുണ്ട്.

കൂടാതെ മലിനീകരണ പ്രശ്നങ്ങളെക്കുറിച്ച് പരാതികൾ നേരിട്ടും അല്ലാതെയും (ദേശീയ ഹരിത ട്രിബ്യൂണൽ, ഹൈക്കോർട്ട്, അപ്പലേറ്റ് അതോറിറ്റി) നിരവധി കേസുകളിന്മേലുള്ള നടപടികളും ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടവയാണ്.

ഒറ്റത്തവണ പ്ലാസ്റ്റിക്ക് നിരോധന നിയമം നടപ്പാക്കൽ, സാനിറ്റേഷൻ സർവ്വേകൾ എന്നിവ മറ്റു വകുപ്പുകളുമായി ചേർന്ന് സംയോജിതമായി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ അന്തരീക്ഷ, ശബ്ദ, ജലഗുണനിലവാര പരിശോധനകളും ബോർഡ് നടത്തുന്നുണ്ട്. സംസ്ഥാനത്തെ നദികൾ, കായലുകൾ, കിണറുകൾ എന്നിവയിലെ 280 മോണിറ്ററിംഗ് സ്റ്റേഷനുകളിൽ മാസന്തോറും ജല പരിശോധനകൾ നടത്തിവരുന്നുണ്ട്. 36 കേന്ദ്രങ്ങളിൽ കൂടാതെ 9 തത്സമയ വായു മോണിറ്ററിംഗ് കേന്ദ്രങ്ങൾ, 3 തത്സമയ ജല മോണിറ്ററിംഗ് കേന്ദ്രങ്ങൾ, 2 തത്സമയ ശബ്ദ മോണിറ്ററിംഗ് കേന്ദ്രങ്ങൾ എന്നിവയും ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ബോർഡിന്റെ കേന്ദ്ര, മേഖല, ജില്ലാ ലാബുകളിൽ ജല, വായു, Sediment, Effluent അനാലിസിസ്

എന്നിവ നടത്തുകയും കൂടാതെ വാർഷിക ജല-വായു ഡയറക്ടറി പ്രസിദ്ധീകരിക്കുകയും നദീ ഭാഗങ്ങളിലെ മലിനീകരിക്കപ്പെട്ട ഭാഗങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തയ്യാറാക്കി നടപ്പിലാക്കിവരുന്നുമുണ്ട്. സംസ്ഥാന ജില്ലാതല മോണിറ്ററിംഗ് ടെക്നിക്കൽ കമ്മിറ്റികളിലും ബോർഡ് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പ്ലാൻ, നോൺ-പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികളും ബോർഡ് നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ഏതൊക്കെ തസ്തികകളിൽ താൽക്കാലിക/കരാർ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്; ഇപ്രകാരം എത്ര ഉദ്യോഗസ്ഥർ എത്രകാലമായി ഇവിടെ ജോലി ചെയ്തുവരുന്നുവെന്ന വിശദാംശം തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് സയന്റിസ്റ്റ്, ജൂനിയർ സയന്റിഫിക്ക് അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, എൽ.ഡി. ടൈപ്പിസ്റ്റ്, അസിസ്റ്റന്റ് ഗ്രേഡ് 2, ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ്, ഓഫീസ് അറ്റൻഡന്റ്, ഓഫീസ് അറ്റൻഡർ, ലാബ് അറ്റൻഡർ എന്നീ തസ്തികളിൽ താൽക്കാലിക കരാർ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്.

തസ്തിക തിരിച്ചുള്ള വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) മലിനീകരണ നിയന്ത്രണ ബോർഡിൽ മേൽപ്പറഞ്ഞ തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടുണ്ട്. എൻട്രി കേഡർ തസ്തികകളിലെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടുള്ളതാണ്. ആയതിൽ അസിസ്റ്റന്റ് ഗ്രേഡ് 2, ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ കേരള പി.എസ്.സി. മുഖേന സ്ഥിര നിയമനം നടത്തി വരുന്നുണ്ട്. എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് കേരള പിഎസ്.സി. പ്രിലിമിനറി പരീക്ഷ നടത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി കേരള പി.എസ്.സി. ഉദ്യോഗാർത്ഥികളുടെ സാധ്യതാ പട്ടിക 16-01-2023-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സയന്റിസ്റ്റ് & ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്ക് പരീക്ഷ നടത്തുന്നതിലേയ്ക്കായി കെ.പി. എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം

34 (1986) <u>ശ്രീ. എം. നൗഷാദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാനും ശക്തിപ്പെടുത്താനുമുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാർ മുമ്പാകെയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാനും ശക്തിപ്പെടുത്താനുമായി ബോർഡിൽ 14 അധിക അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തികയും ഒരു നിയമ ഓഫീസർ തസ്തികയും ബോർഡിൽ ഒരു സ്ഥിര ആഭ്യന്തര പരിശോധനാ വിഭാഗം രൂപീകരിക്കുന്നതിലേയ്ക്കായി ഒരു അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ തസ്തികയും 2 സീനിയർ സൂപ്രണ്ട് തസ്തികയും 8 അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയും കൂടാതെ ഐ.റ്റി. എഞ്ചിനീയറുടെ അധിക തസ്തികയും അതോടൊപ്പം പരിസ്ഥിതി നിയമങ്ങൾ/ചട്ടങ്ങൾ, <u>ബഹു.</u> ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുകൾ എന്നിവ ഫീൽഡ് തലത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമായി പ്രോജക്ട് അസ്സിസ്റ്റന്റുമാരെ

നിയമിക്കുന്നതുസംബന്ധിച്ച വിഷയവും സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ സംരംഭകരെയും വ്യാപാരികളെയും അപ്രായോഗികവും അശാസ്ത്രീയവും നിയമവിരുദ്ധവുമായ നിബന്ധനകൾ ഉന്നയിച്ച് ലൈസൻസിനായുള്ള അപേക്ഷകൾ യഥാസമയം തീർപ്പാക്കാതെ വൈകിപ്പിച്ച് ബുദ്ധിമുട്ടിയ്ക്കുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ബോർഡിൽ ആകെ അനുവദിച്ച തസ്തികകൾ, അവയിൽ നിലവിലുള്ള ഒഴിവുകൾ, ആകെയുള്ള തസ്തികകളിലെ നിയമനം എന്നിവ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ?

ബോർഡിൽ ആകെ അനുവദിച്ച തസ്തികകളുടെ എണ്ണം 434 (10 സൂപ്പർ ന്യൂമററി തസ്തികകൾ ഉൾപ്പെടെ). ഇതിൽ 194 സ്ഥിരം നിയമനം, 2 ഡെപ്യൂട്ടേഷൻ തസ്തിക ഒഴിച്ച് ശേഷിച്ച 238 തസ്തികകളിൽ പി.എസ്.സി. മുഖേന സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

35 (1987) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കുള്ള പരീക്ഷ ഇനിയും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കെ.എ.എസ്. എൻട്രി കേഡർ തസ്തികയുടെ കേഡർ സ്ട്രെംഗ്ത് 105 ആയി നിശ്ചയിച്ചിട്ടുണ്ട്. ഈ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നൽകിയ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യ ബാച്ചിന്റെ പരിശീലനം നടന്നുവരുന്നു. ഒറ്റ ബാച്ചായാണ് ഒന്നര വർഷത്തെ പരിശീലനം നൽകുന്നത്. പുതിയ ബാച്ചിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ഒഴിവുകൾ നിലവിലില്ല.

(ബി) എങ്കിൽ പരീക്ഷ എഴുതാനുള്ള പരമാവധി പ്രായപരിധി സ്ട്രീം 2-ൽ 40 വയസ്സും സ്ട്രീം 3-ൽ 50 വയസ്സുമാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ പരമാവധി പ്രായപരിധി സ്ട്രീം 2-ൽ 40 വയസ്സും സ്ട്രീം 3-ൽ 50 വയസ്സുമാണ്.

## പി.എസ്.സി. നിയമനം

36 (1988) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജനുവരി മുതൽ ഡിസംബർ 2022 വരെ എത്ര പേർക്ക് കേരള പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്; ആയതിന്റെ വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അഡ്വൈസ് മെമ്മോ ലഭിച്ചവരിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചു; കണക്കുകൾ ലഭ്യമാക്കുമോ?

(എ&ബി) 22393 (ഇരുപത്തി രണ്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിലേയ്ക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്. ആയതിനാൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് ലഭ്യമല്ല.

(സി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം എൻ.ജെ.ഡി. ആയി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിൽ ഉദ്യോഗാർഥികൾ ജോയിൻ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

5956 (അയ്യായിരത്തി തൊള്ളായിരത്തി അമ്പത്തിയാറ്) എൻ.ജെ.ഡി.

ഒഴിവുകൾ വിവിധ വകുപ്പുകളിൽ നിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**യഥാസമയം ഒഴിവ് റിപ്പോർട്ട് ചെയ്യാത്തതുമൂലം ജോലി നഷ്ടപ്പെട്ട സംഭവം**

37 (1989) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം ഒഴിവ് റിപ്പോർട്ട് ചെയ്യാതെ റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്ന ദിവസം അർദ്ധരാത്രിക്ക് ശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്തതുമൂലം ജോലി നഷ്ടപ്പെട്ട യുവതിയുടെ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

പരാതി പരിശോധിച്ചു വരുന്നു.

(ബി) സമാനമായ എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; ഇവയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) ഇപ്രകാരം ബോധപൂർവ്വം വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും നടപടി സ്വീകരിക്കുമോ?

(ബി&സി) സമാനമായ വിഷയത്തിൽ മറ്റൊരു പരാതി ലഭിച്ചിരുന്നു.

ഈ പരാതിയിൽ ഒഴിവ് റിപ്പോർട്ട് ചെയ്യാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിവിധ വകുപ്പുകളിൽ പി.എസ്.സി. വഴി നടന്ന നിയമനം

38 (1990) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നിയമനങ്ങളിൽ മുന്നോക്ക വിഭാഗക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം നടപ്പിലാക്കിയത് എന്നുമുതലുള്ള നിയമനങ്ങളിലാണെന്ന് വ്യക്തമാക്കാമോ?

23-10-2020 മുതൽ പി.എസ്.സി. പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളെ തുടർന്നുള്ള നിയമനങ്ങളിലാണ് മുന്നോക്ക വിഭാഗക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം ബാധകമാക്കിയിട്ടുള്ളത്.

(ബി) 2020 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ വിവിധ സർക്കാർ വകുപ്പുകളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന

നടത്തിയ നിയമനങ്ങളുടെ വിശദാംശം തസ്തിക, വകുപ്പ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിയമനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗം, മുസ്ലിം, ഈഴവ, മറ്റു പിന്നാക്ക വിഭാഗങ്ങൾ, ഇ.ഡബ്ല്യൂ.എസ്., പൊതുവിഭാഗം എന്നീ വിഭാഗങ്ങളിലുൾപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചുവെന്നതിന്റെ വകുപ്പ്, തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) ടി കാലയളവിൽ 75031 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. ഇവയുടെ വിഭാഗം തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

വിവിധ വകുപ്പുകളിലെ വ്യത്യസ്ത തസ്തികകളിലേയ്ക്കാണ് മേൽ പ്രകാരം നിയമനം നടത്തിയിട്ടുള്ളത്. ആയതിനാൽ വകുപ്പ്, തസ്തിക തിരിച്ചുള്ള കണക്കുകൾ പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

## മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ നിയമനത്തിനുള്ള നടപടി

39 (1991) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ നിലവിലുള്ള മെഡിക്കൽ ലബോറട്ടറി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെക്നീഷ്യൻ തസ്തികയിലേയ്ക്കുള്ള (കാറ്റഗറി നമ്പർ 077/2018) ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ?

45 (നാൽപ്പത്തിയഞ്ച്) നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ലിസ്റ്റ് ലഭ്യമാക്കാമോ?

2 NJD ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കോവിഡ് മഹാമാരിമൂലം പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും വേണ്ടത്ര നിയമനങ്ങൾ നടന്നിട്ടില്ലായെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് മഹാമാരിമൂലം PSC നിയമനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല.

(ഡി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും കൂടുതൽ പേർക്ക് നിയമനം നൽകുന്നതിലേയ്ക്കായി റാങ്ക് ലിസ്റ്റിന്റെ കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

## തൃശ്ശൂർ ജില്ലയിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള പ്രത്യേക നിയമനം

40 (1992) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വനം-വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള (കാറ്റഗറി നം. 092/2022) പ്രത്യേക നിയമനത്തിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

28-12-2022-ൽ നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും 10 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഒ.എം.ആർ. പരീക്ഷയുടെ അടിസ്ഥാനത്തിൽ ശാരീരിക അളവെടുപ്പിനും കായികക്ഷമതാ പരീക്ഷയ്ക്കും പരിഗണിക്കുവാൻ അർഹരായവരുടെ 14-11-2022-ന് പ്രസിദ്ധീകരിച്ച സോപാധിക ചുരുക്കപ്പട്ടികയിൽ ഉൾപ്പെടാത്ത നാല് ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പർ 19-11-2022-ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 107805, 107930, 107973, 107983 എന്നീ രജിസ്റ്റർ നമ്പരുകൾ 14-11-2022-ന് പ്രസിദ്ധീകരിച്ച സോപാധിക ചുരുക്കപ്പട്ടികയിൽ

ഉൾപ്പെടാത്തതിന്റെ കാരണം വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാർക്കിന്റെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തുവാൻ കമ്മീഷൻ തീരുമാനിച്ച നിശ്ചിത എണ്ണം ഉദ്യോഗാർത്ഥികളെയും അപേക്ഷയിൽ മുൻഗണന അവകാശപ്പെട്ട/ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തിരുന്ന ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തിയാണ് 14-11-2022-ൽ സോപാധിക ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരുന്നത്. ടി ലിസ്റ്റിൽ ഉൾപ്പെടാൻവേണ്ട മാർക്ക് ലഭിക്കാത്തതിനാലും അപേക്ഷയിൽ മുൻഗണന അവകാശപ്പെടാത്തതിനാലുമാണ് 107805, 107930, 107973, 107983 എന്നീ രജിസ്റ്റർ നമ്പറുകളിലുള്ള ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ ഉൾപ്പെടാതിരുന്നത്.

(ഡി) 14-11-2022-ന് പ്രസിദ്ധീകരിച്ച സോപാധിക ചുരുക്കപ്പട്ടികയിൽ ഉൾപ്പെടാത്ത രജിസ്റ്റർ നമ്പറുകൾ 19-11-2022-ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ എങ്ങനെയാണ് ഉൾപ്പെടുത്തിയതെന്ന് അറിയിക്കുമോ?

14-11-2022-ൽ പ്രസിദ്ധീകരിച്ച സോപാധിക ചുരുക്കപ്പട്ടികയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികളും ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ കമ്മീഷൻ

അനുവദിച്ച സമയത്തിനുള്ളിൽ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്തിരുന്നില്ല. ആയതിനാൽ അത്തരം ഉദ്യോഗാർത്ഥികളെ ഒഴിവാക്കി പകരം അവരേക്കാൾ മാർക്ക് കുറഞ്ഞവരും പ്രൊഫൈലിൽ ആവശ്യമായ പ്രമാണങ്ങൾ അപ്‌ലോഡ് ചെയ്തിരുന്നവരുമായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയാണ് 19-11-2022-ലെ അന്തിമ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചത്. ഇപ്രകാരമാണ് 107805, 107930, 107973, 107983 രജിസ്റ്റർ നമ്പറുകൾ 19-11-2022-ൽ പ്രസിദ്ധീകരിച്ച അന്തിമ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്.

## സ്പാർക്ക് ലിങ്ക്ഡ് ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

41 (1993) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ സർക്കാർ ഓഫീസുകളിലും സ്പാർക്ക് ലിങ്ക്ഡ് ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇത്തരത്തിൽ നിലവിൽ സ്പാർക്ക് ലിങ്ക്ഡ് ബയോമെട്രിക്

പഞ്ചിംഗ് സംവിധാനം ഏതെല്ലാം ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പഞ്ചിംഗ് ഏർപ്പെടുത്തിയ ഓഫീസുകളിൽ സ്പാർക്കുവഴി ശമ്പളം നൽകുന്നുവെങ്കിലും സെക്രട്ടേറിയേറ്റ് ഒഴികെയുള്ള മറ്റ് ഓഫീസുകളിൽ ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കാത്തതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

(എ-സി) നിയമസഭാ സെക്രട്ടേറിയറ്റ് ഉൾപ്പടെയുള്ള വിവിധ സർക്കാർ വകുപ്പുകളിൽ പഞ്ചിംഗ് മെഷീനുകളുടെ സ്ഥാപനവും സ്പാർക്കുമായി ബന്ധിപ്പിക്കുന്നതടക്കമുള്ള നടപടികളും പുരോഗമിച്ചുവരുന്നു. എല്ലാ കളക്ടറേറ്റുകളിലും/വകുപ്പുമേധാവികളുടെ ഓഫീസുകളിലും 2023 ജനുവരി ഒന്നിനും കൂടാതെ, മറ്റെല്ലാ ഓഫീസുകളിലും മാർച്ച് 31-ന് മുമ്പായും പദ്ധതി നടപ്പിലാക്കി സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിന് വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനായി വിവിധ വകുപ്പുമേധാവികളുടെ ഓഫീസുകളിലും സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. എന്നാൽ എല്ലാ ഓഫീസുകളിലും ഒരുമിച്ച് മെഷീനുകൾ സ്ഥാപിക്കുന്നത് കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും 2023 മാർച്ച് 31-ന് തന്നെ പദ്ധതി എല്ലാ ഓഫീസുകളിലും നടപ്പിൽ

വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

02-02-2023 വരെ സ്പാർക്ക് ലിങ്കിഡ് ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നിലവിൽ വന്നിട്ടുള്ള ഓഫീസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## 2022-ൽ സർക്കാർ സർവീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

42 (1994) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ എണ്ണം അറിയിക്കുമോ; വകുപ്പ് തിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ജീവനക്കാരുടെ വിവരമനുസരിച്ച് 2022-ൽ സംസ്ഥാനത്ത് 19016 പേർ വിരമിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) 2022-ൽ വിരമിച്ച എത്ര പേർക്ക് പുനർനിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കണക്കുകൾ ലഭ്യമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2016-നശേഷം നാളിതുവരെ സെക്രട്ടേറിയറ്റിൽ നിന്നും വിരമിച്ച എത്ര പേർക്ക് ഏതൊക്കെ തസ്തികകളിലേയ്ക്ക് പുനർനിയമനം നൽകിട്ടുണ്ടെന്ന് വിശദമാക്കാമോ?

(ബി&സി) വിരമിക്കുന്ന ജീവനക്കാർക്ക് പുനർനിയമനം നൽകുകയെന്നത് സർക്കാർ നയമല്ല. എന്നാൽ അനിവാര്യമായ സാഹചര്യങ്ങളിൽ ചട്ടപ്രകാരം വിവിധ സ്ഥാപനങ്ങളിൽ പുനർനിയമനം നടത്താറുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

**ഇ-ഓഫീസ് സംവിധാനം**

43 (1996) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, കളക്ടറേറ്റുകൾ, സബ് കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ, 140 സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, 869 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഫയൽ സംവിധാനം

നടപ്പിലാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽനിന്നും അപേക്ഷ ലഭിയ്ക്കുന്ന മുറക്ക് ഇ-ഫയൽ സംവിധാനം നടപ്പിലാക്കിവരുന്നു. ഇതിനോടകം ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയ വകുപ്പുകളിൽ/ഓഫീസുകളിൽ, ഇ-ഓഫീസിന്റെ പുതിയ പതിപ്പിലേയ്ക്ക് (ver 7.0) മൈഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇ-ഓഫീസിലൂടെ തയ്യാറാക്കുന്ന ഉത്തരവുകൾ/ കത്തുകൾ മുതലായവ ഇ-ഓഫീസ് മുഖേന തന്നെ മറ്റുവകുപ്പുകളിലേക്ക്/ ഓഫീസുകളിലേയ്ക്ക് അയക്കുവാനുള്ള സൗകര്യവും ഇ-ഓഫീസിന്റെ പുതിയ പതിപ്പിൽ ലഭ്യമാണ്.

(ബി) സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നെങ്കിലും ഫയലുകൾ തീർപ്പാക്കാൻ ഇപ്പോഴും കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫയലുകളുടെ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിനായി ഒരു ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞം സർക്കാർ സംഘടിപ്പിക്കുകയും ആയതിലെ കർമ്മപദ്ധതിയുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ

സെക്രട്ടേറിയറ്റിലും, വകുപ്പ് തലങ്ങളിലുമായി 54.76 ശതമാനം ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

**ഐ.ടി. മേഖലയിലെ ഹാർഡ്‌വെയർ ഉല്പാദനം**

44 (1997) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ എത്ര കോടി രൂപയുടെ ഐ.ടി. ഹാർഡ്‌വെയർ ഉല്പാദനമാണ് സംസ്ഥാനത്ത് നടന്നത്; വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ 5,06,00,000/- (അഞ്ചുകോടി ആറു ലക്ഷം) രൂപയുടെ ഉല്പാദനമാണ് സംസ്ഥാനത്ത് നടന്നത്.

(ബി) ആയത് മുൻവർഷത്തെ അപേക്ഷിച്ച് എത്ര കൂടുതലാണ്; വിശദാംശം ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തെക്കാൾ 2021-22 സാമ്പത്തിക വർഷത്തിൽ 18% ഉല്പാദനം കൂടുതൽ നടത്തിയിട്ടുണ്ട്.

(സി) പ്രസ്തുത ഉല്പാദനം 2025-26 ആകുമ്പോഴേയ്ക്കും എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

2025-26 സാമ്പത്തിക വർഷത്തിൽ 20,00,00,000/- (ഇരുപത്

കോടി) രൂപയായി ഉല്പാദനം ഉയർത്താൻ ലക്ഷ്യമിടുന്നു.

(ഡി) സംസ്ഥാനത്തെ സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കുവാൻ നൂതനമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സർക്കാർ ഐ.ടി. പാർക്കുകളെ കേന്ദ്രീകരിച്ചാണ് കൂടുതലായും ഐ.ടി. വികസനത്തിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നത്. ഐ.ടി. പാർക്കുകളിൽ സ്വകാര്യ സംരംഭകരെയും കമ്പനികളെയും ആകർഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

45 (1998) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ എത്ര വീടുകൾക്കും ഏതെല്ലാം ഓഫീസുകൾക്കുമാണ് കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 139 ഓഫീസുകളിൽ/

സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ/സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം ആയി+ ചേർക്കുന്നു. നിലവിൽ 39 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഓരോ നിയമസഭാമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമായ 98 ഗുണഭോക്താക്കളുടെ പട്ടിക പരിശോധിച്ച് കണക്ഷൻ നൽകുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) വീടുകളിൽ കെ-ഫോൺ കണക്ഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

നിലവിൽ ഓരോ നിയമസഭാമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകാൻ സർക്കാർ തീരുമാനിക്കുകയും അതിനുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കെ-ഫോണിന്റെ പോയിന്റ് ഓഫ് പ്രസൻസ് (POP)-ന് ഏറ്റവും അടുത്തുള്ള 100 ബി.പി.എൽ. കുടുംബങ്ങൾക്കാണ് ആദ്യം കണക്ഷൻ നൽകുന്നത്. കൂടാതെ, എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് യഥാക്രമം 10%, 3% എന്നിങ്ങനെ മുൻഗണന നൽകാനും തീരുമാനിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മാനദണ്ഡങ്ങൾ പ്രകാരമുള്ള ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ചാണ് കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള തുടർനടപടി സ്വീകരിച്ചുവരുന്നത്.

## കൊച്ചി ഇൻഫോപാർക്ക്

46 (1999) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ഇൻഫോപാർക്ക് രണ്ടാംഘട്ട പദ്ധതി പ്രദേശത്തേയ്ക്കുള്ള പ്രധാന പാത നാലുവരിയാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

രണ്ടാംഘട്ട പദ്ധതി പ്രദേശത്തേയ്ക്കുള്ള നാലുവരിപ്പാത നിർമ്മിക്കുന്നതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ

ഭരണകൂടത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ ഉടനെതന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) അഭ്യസ്തവിദ്യരും തദ്ദേശീയരുമായ യുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിന് ഇൻഫോപാർക്ക് മുഖേന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ധനസഹായത്തോടെ ഐ.ടി. കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി 'ഇഗ്നൈറ്റ്' എന്ന പേരിൽ നടന്നുവരുന്നുണ്ട്. സംസ്ഥാനത്തെ മറ്റ് സർക്കാർ ഐ.ടി. പാർക്കുകളോടൊപ്പം ഇൻഫോപാർക്കും ഇതിന്റെ നടത്തിപ്പ് ചുമതലകളിൽ ഭാഗഭാക്കാണ്. കേരള സർക്കാർ പങ്കാളിത്തമുള്ള ഐ.സി.ടി. അക്കാദമി പാർക്കിലെ കമ്പനികൾക്കായി നടത്തുന്ന നൈപുണ്യ വികസന പരിപാടികൾക്ക് ഇൻഫോപാർക്കിന്റെ സഹകരണം നൽകിവരുന്നുണ്ട്.

**പുതിയതായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി**

47 (2000) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ

ജില്ലയിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണ് പുതിയതായി അനുവദിച്ചിട്ടുള്ളതെന്ന് സ്ഥലപ്പേര് ഉൾപ്പെടെയുള്ള വിശദാംശം നൽകാമോ?

13 ലൊക്കേഷനുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ലൊക്കേഷനുകളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയതായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ 3 ലൊക്കേഷനുകളിലേയ്ക്ക് പുതിയതായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷകരെ ക്ഷണിക്കുന്നതിനായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലൊക്കേഷനുകളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

**അക്ഷയ കേന്ദ്രങ്ങൾ**

48 (2001) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇ-ഓഫീസ് സംവിധാനം ശക്തമാകുന്നതോടെ നിലവിലുള്ള അക്ഷയ കേന്ദ്രങ്ങൾ ജനങ്ങളുടെ ആവശ്യങ്ങൾക്ക് മതിയാകാതെ വരുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നഗര പ്രദേശങ്ങടക്കമുള്ള ചില സ്ഥലങ്ങളിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങളുടെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ച് പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ലൊക്കേഷനുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ നടന്നുവരുന്നു. കൂടാതെ നിലവിൽ അനുവദിച്ചിട്ടുള്ള ലൊക്കേഷനുകളിൽ ഒഴിവുള്ള സ്ഥലങ്ങളിലേക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

## പാലക്കാട് ജില്ലയിൽ അനുവദിച്ച അക്ഷയ കേന്ദ്രങ്ങൾ

49 (2002) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട്

ജില്ലയിൽ അനുവദിച്ച അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

12 ലൊക്കേഷനുകൾ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ലൊക്കേഷനുകളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത ജില്ലയിൽ ഇനി ഏതെല്ലാം സ്ഥലങ്ങളിൽ അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റി അംഗീകാരം ലഭിച്ച 19 ലൊക്കേഷനുകൾ അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത ലൊക്കേഷനുകളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

## തിരുവനന്തപുരം ജില്ലയിലെ അക്ഷയ കേന്ദ്രങ്ങൾ

50 (2003) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

255 അക്ഷയ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത ജില്ലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അക്ഷയ കേന്ദ്രങ്ങളിൽ ഏതെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് എത്രയെണ്ണമുണ്ടെന്നും എവിടെയെല്ലാമാണെന്നും വിശദമാക്കാമോ?

ഉണ്ട്. നിലവിൽ 29 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല. അവയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രവർത്തനം നിലച്ച പ്രസ്തുത കേന്ദ്രങ്ങളിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രവർത്തനം നിലച്ച കേന്ദ്രങ്ങളിലേയ്ക്കുള്ള പുതിയ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സി-ഡിറ്റ് സ്പെഷ്യൽ റൂൾസ്

51 (2004) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലഘട്ടത്തിൽ സി-ഡിറ്റ് സർക്കാരിന്റെ അനുമതിക്കായി സ്പെഷ്യൽ റൂൾസിന്റെ കരട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരടിൽ മാറ്റം വരുത്തി എത്ര തവണ സമർപ്പിച്ചിട്ടുണ്ടെന്നും ഓരോ തവണയും വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

സമർപ്പിച്ചിരുന്നു. 6 തവണ കരടിൽ മാറ്റം നിർദ്ദേശിച്ചുകൊണ്ട് സി-ഡിറ്റ് കത്ത് നൽകിയിരുന്നു. പ്രസ്തുത കത്തുകളുടെ പകർപ്പ് അനുബന്ധം1-ആയി+ ചേർക്കുന്നു.

(ബി) പ്രസ്തുത കരട് റൂൾസും അവയിൽ വരുത്തിയ മാറ്റങ്ങളും ഏതെല്ലാം ഭരണസമിതി യോഗങ്ങളിലാണ് അംഗീകരിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത യോഗ തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

സി-ഡിറ്റിന്റെ 27-03-2017-ൽ കൂടിയ 22-ാമത് ഗവേണിംഗ് ബോഡി, 30-01-2019-ൽ കൂടിയ 76-ാമത് എക്സിക്യൂട്ടിവ് കമ്മിറ്റി, 19-02-2019-ൽ 24-ാമത് ഗവേണിംഗ് ബോഡി, 16-03-2020-ൽ കൂടിയ 25-ാമത് ഗവേണിംഗ് ബോഡി എന്നീ യോഗങ്ങളിലാണ് മാറ്റങ്ങൾ അംഗീകരിച്ചത്. സി-ഡിറ്റ് ലഭ്യമാക്കിയ പ്രസ്തുത യോഗ തീരുമാനങ്ങളുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(സി) സ്പെഷ്യൽ റൂൾസിന്റെ അംഗീകാരത്തിനുവേണ്ടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സി-ഡിറ്റിൽനിന്ന് നേരിട്ട് ധനകാര്യ വകുപ്പിലേയ്ക്ക് കത്തയച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരമാണ് സി-ഡിറ്റ് രജിസ്ട്രാർ മാതൃവകുപ്പ് വഴിയല്ലാതെ ധനകാര്യ വകുപ്പിന് കത്ത് അയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സി-ഡിറ്റ് രജിസ്ട്രാർക്ക് നൽകിയ 24-11-2018-ലെ കത്തുപ്രകാരമാണ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 06-12-2018-ൽ സി-ഡിറ്റ് രജിസ്ട്രാർ ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത കത്തിന്റെ പകർപ്പ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിനും ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സി-ഡിറ്റ് സമർപ്പിച്ച സ്പെഷ്യൽ റൂൾസ് സർക്കാർ അംഗീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

അംഗീകരിച്ചിട്ടില്ല; 05-02-2021-ന് സി-ഡിറ്റിലെ സർവ്വീസ് സംഘടനകളുമായി സർക്കാർ നടത്തിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഒരു നിർദ്ദേശം സമർപ്പിക്കുവാൻ സി-ഡിറ്റിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

## പയ്യന്നൂർ മണ്ഡലത്തിലെ 25 ഏക്കർ ഭൂമി പൊതു ആവശ്യത്തിന് കൈമാറാൻ നടപടി

52 (2005) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം വില്ലേജിലെ പുല്ലുപാറയിൽ ആരംഭിക്കാനിരുന്ന ഐ.ടി. പാർക്ക് പദ്ധതി ഉപേക്ഷിച്ചതിനാൽ പ്രസ്തുത ആവശ്യത്തിനായി കണ്ടെത്തിയ 25 ഏക്കർ ഭൂമി മറ്റ് പൊതു ആവശ്യത്തിന് കൈമാറുന്നതിന് നടപടികൾ പരിഗണനയിലുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി വ്യവസായ വകുപ്പിന് കൈമാറി വ്യവസായ പാർക്ക് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

പ്രസ്തുത ഭൂമി ചെറുകിട വ്യവസായ പാർക്കിന് അനുയോജ്യമാണെന്ന സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം ചെറുകിട വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനായി വ്യവസായ വകുപ്പിന് കൈമാറ്റം ചെയ്യുന്നത് പരിശോധിച്ചുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി

53 (2006) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 205 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 37 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ബി.പി.എൽ. കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി ലഭ്യമാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ പട്ടിക പരിശോധിച്ച് കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണ്. പദ്ധതിയുടെ പുരോഗതി വിലയിരുത്തിയ ശേഷമേ പദ്ധതി വിപുലീകരിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ നടപടി കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

(ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ബി.പി.എൽ. കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വിദൂര മലയോര മേഖലകളിലും ആദിവാസി മേഖലകളിലുള്ളവർക്കും കൂടി പ്രയോജനം

ലഭിക്കത്തക്കവിധം കെ-ഫോൺ പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 205 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 37 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ബി.പി.എൽ. കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി ലഭ്യമാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ പട്ടിക പരിശോധിച്ച് കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണ്. പദ്ധതിയുടെ പുരോഗതി വിലയിരുത്തിയശേഷമേ പദ്ധതി വിപുലീകരിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ നടപടി കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

## സി-ഡിറ്റ് രജിസ്ട്രാർ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ

54 (2007) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സി-ഡിറ്റ് രജിസ്ട്രാറും ജോയിന്റ് ഡയറക്ടറുമായിരുന്ന ഡോ.

പി. വി. ഉണ്ണികൃഷ്ണൻ അദ്ദേഹത്തിന്റെ സർവ്വീസ് കാലയളവിൽ മാതൃസ്ഥാപനമായ സി-ഡിറ്റിൽ എത്ര വർഷം സേവനം അനുഷ്ഠിച്ചുവെന്നും എത്ര വർഷം മറ്റ് സ്ഥാപനങ്ങളിൽ അന്യത്ര സേവനത്തിൽ ആയിരുന്നുവെന്നും അറിയിക്കാമോ?

ഡോ. പി. വി. ഉണ്ണികൃഷ്ണൻ 05-06-1990 മുതൽ 25-10-1991 വരെ സി-ഡിറ്റിലും, 26-10-1991 മുതൽ 21-08-1996 വരെ KSFDC-ൽ അന്യത്ര സേവനത്തിലും, 22-08-1996 മുതൽ 08-11-1999 വരെ സി-ഡിറ്റിലും, 09-11-1999 മുതൽ 23-11-2006 വരെ IKM-ലും, 23-11-2006 മുതൽ 19-09-2011 വരെ State Planning Board-ൽ അന്യത്ര സേവനത്തിലും, 20-9-2011 മുതൽ 30-04-2018 വരെ സി-ഡിറ്റിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 30-04-2018 മുതൽ 31-12-2019 വരെ കെ-ഡിസ്കിൽ സ്ട്രാറ്റജി അഡ്വൈസർ ആയി അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തിട്ടുണ്ട്.

(ബി) അദ്ദേഹത്തിന്റെ സേവന കാലയളവിന് തുടർച്ചയില്ലായെന്നും അനർഹമായും ക്രമവിരുദ്ധമായുമാണ് പ്രൊമോഷൻ നൽകിയതെന്നുമുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അദ്ദേഹത്തിന്റെ സർവ്വീസ് തുടർച്ചയും അദ്ദേഹത്തിന് നൽകിയിട്ടുള്ള അസസ്സ്മെന്റ് പ്രൊമോഷനുകളും (സയന്റിസ്റ്റ് സി, ഇ 1, ഇ 2, എഫ്, ജി, എച്ച്) സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കുമോ?

ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഏത് ഗ്രേഡിൽ നിന്ന് റിട്ടയർ ചെയ്തുവെന്ന് കണക്കാക്കിയാണ് അദ്ദേഹത്തിന് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകിയതെന്നും പ്രസ്തുത ഗ്രേഡ് നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്നും അദ്ദേഹത്തിന്റെ അസസ്സ്മെന്റ് പ്രൊമോഷൻ പ്രക്രിയ നടത്തിയത് വിജിലൻസ് ശിപാർശ ചെയ്ത അച്ചടക്ക നടപടി അവസാനിപ്പിക്കുന്നതിന് മുമ്പാണോയെന്നും അറിയിക്കാമോ?

സയന്റിസ്റ്റ് ജി ഗ്രേഡിൽ നിന്നാണ് റിട്ടയർ ചെയ്തത്. ഇത് അനുസരിച്ചാണ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കണക്കാക്കിയിരുന്നത്. ഇതിന്റെ സാധൂകരണം സർക്കാരിന്റെ പരിഗണനയിലായതിനാൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ സയന്റിസ്റ്റ് എഫ് അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ച് നൽകുകയാണ് ചെയ്തത്. സർവ്വീസ് ചട്ടപ്രകാരം Assessment promotion വഴി ഗ്രേഡ് നൽകാൻ സർക്കാർ അനുമതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യമില്ല. വിജിലൻസ് കേസ് തുടർനടപടികളില്ലാതെ തീർപ്പാക്കി സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി കണക്കാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിനെത്തുടർന്നാണ് അസസ്സ്മെന്റ് പ്രൊമോഷൻ അനുവദിച്ച് നൽകിയത്.

(ഇ) റിട്ടയർ ചെയ്തതിനുശേഷം അദ്ദേഹത്തെ കെ-ഡിസ്കിൽ മെമ്പർ സെക്രട്ടറിയായും പ്ലാനിംഗ് വകുപ്പിൽ എക്സ്-ഒഫീഷ്യോ സെക്രട്ടറിയായും നിയമിച്ചിരിക്കുന്നത് എത്ര കാലയളവിലേക്കാണെന്നത് നിയമന, സേവന, വേതന വ്യവസ്ഥകൾ സഹിതം വിശദമാക്കുമോ?

കാലയളവ് നിശ്ചയിച്ചിട്ടില്ല. മെമ്പർ സെക്രട്ടറി, എക്സ്-ഒഫീഷ്യോ സെക്രട്ടറി എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ സേവന-വേതന വ്യവസ്ഥകളുടെ നിർണ്ണയം പൂർത്തിയായിട്ടില്ല.

## സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വിശദാംശങ്ങൾ

55 (2008) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. വി. അൻവർ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ കാര്യക്ഷമമായി പ്രവർത്തനമാരംഭിച്ചിട്ടുണ്ടോയെന്നും നിലവിൽ എത്ര സ്റ്റാർട്ടപ്പ് സംരംഭങ്ങളുണ്ടെന്നും വ്യക്തമാക്കാമോ; നിലവിലുള്ള സ്റ്റാർട്ടപ്പുകളുടെ നിക്ഷേപവും സൃഷ്ടിച്ച തൊഴിലവസരങ്ങളും 2015 വർഷത്തേതുമായി താരതമ്യം ചെയ്ത് അറിയിക്കാമോ?

സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. സ്റ്റാർട്ടപ്പുകളുടെ എണ്ണം, നിക്ഷേപം, തൊഴിലവസരം എന്നിവയെ സംബന്ധിച്ച 2015 വർഷത്തേതും നിലവിലെയും സ്ഥിതി വിവരം ചുവടെ ചേർക്കുന്നു.

| | **2015-ലെ സ്ഥിതി** | **നിലവിലെ സ്ഥിതി** |
|---|---|---|
| സ്റ്റാർട്ടപ്പുകളുടെ എണ്ണം | 300 | 4500 |
| നിക്ഷേപം | 207 കോടി രൂപ | 4500 കോടി രൂപ |
| തൊഴിലവസരം | 3000 | 40000 |

(ബി) ഏറ്റവും പുതിയ ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം പ്രകാരം ഏഷ്യയിൽ ഒന്നാമതും ലോകത്തിൽ 4-ാം സ്ഥാനത്തുമുള്ള കേരള സ്റ്റാർട്ടപ്പ് മിഷൻ സംസ്ഥാനത്തെ സംരംഭകത്വ വികസനത്തിനും ഇൻക്യുബേഷൻ പ്രവർത്തനങ്ങൾക്കുമായി നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന്

വിശദമാക്കാമോ?

ആശയ രൂപീകരണഘട്ടം മുതൽ സ്കെയിലപ് ഘട്ടം വരെ ചിട്ടയായ ഇൻക്യുബേഷൻ, മെന്റർഷിപ്പ്, ഫണ്ടിംഗ്, ബിസിനസ്സ് അവസരങ്ങൾ എന്നിവ കേരളാ സ്റ്റാർട്ടപ്പ് മിഷൻ നൽകി വരുന്നു. വിദ്യാർത്ഥികൾ മുതൽ കോർപ്പറേറ്റ് പ്രൊഫഷണലുകൾ വരെയുള്ളവർക്ക് സംരംഭങ്ങൾ തുടങ്ങുവാനാവശ്യമായ സഹായങ്ങൾ നൽകുന്ന കേരളാ സ്റ്റാർട്ടപ്പ് മിഷൻ പദ്ധതിയാണ് യുവ സംരംഭകത്വ പദ്ധതി.

(സി) സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കാവശ്യമായ മൂലധനം ലഭ്യമാക്കുന്നതിന് പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ?

സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കാവശ്യമായ മൂലധനം ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ആശയം ആദ്യ മാതൃകയാക്കി വികസിപ്പിക്കുന്നതിന് 3 ലക്ഷം രൂപ വരെയുള്ള 'ഐഡിയ ഗ്രാന്റ്'.
2. ഉൽപ്പന്നമാക്കി വികസിപ്പിക്കുന്നതിന് 4 ലക്ഷം രൂപയുടെ 'പ്രോഡക്ടൈസേഷൻ ഗ്രാന്റ്'.
3. ഉൽപ്പന്നം വിപണിയിലെത്തിക്കുന്നതിന് 3 ലക്ഷം രൂപയുടെ 'മാർക്കറ്റ്

ആക്സസ് ഗ്രാന്റ്.

4. ഉയർച്ചയിലെത്തുന്നതിന് 5 ലക്ഷം രൂപ വരെ 'സ്കെയിലപ് ഗ്രാന്റ് .

5. വളർച്ചയുടെ ഘട്ടത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി 15 ലക്ഷം രൂപ വരെ ലഘുവായ വ്യവസ്ഥയിൽ വായ്പ നൽകുന്ന സീഡ് ഫണ്ട് പദ്ധതി. ഉയർച്ചയുടെ മറ്റു ഘട്ടങ്ങളിലുള്ളവർക്ക് 25 ലക്ഷം രൂപവരെ ലഭിക്കും.

6. ഉയർന്ന മൂലധന ലഭ്യത ഉറപ്പാക്കുന്നതിനായി സെബി (SEBI) അംഗീകാരമുള്ള തെരഞ്ഞെടുക്കപ്പെട്ട ഫണ്ടുകളിൽ സ്റ്റാർട്ടപ്പ് മിഷൻ നിക്ഷേപം നടത്തി അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക സ്റ്റാർട്ടപ്പുകൾക്ക് മൂലധനമായി ലഭ്യമാക്കുന്ന 'ഫണ്ട് ഓഫ് ഫണ്ട് പദ്ധതി.

7. ഇതര ഫണ്ടുകൾ, ഉയർന്ന ശേഷിയുള്ള വ്യക്തിഗത നിക്ഷേപകർ എന്നിവരുമായി ബന്ധപ്പെടുത്തി സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുന്ന പദ്ധതി.

## കെ-ഡിസ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

56 (2009) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഡിസ്ക് രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഏത് ചട്ടപ്രകാരമാണ് കെ-ഡിസ്ക് രൂപീകരിച്ചതെന്നും വിശദമാക്കുമോ?

1985-ലെ ട്രാവൻകൂർ-കൊച്ചിൻ സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കെ-ഡിസ്കിന്റെ (കേരള ഡെവലപ്പ്മെന്റ് &ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തിന്റെ വികസന മേഖലകൾ നേരിടുന്ന വെല്ലുവിളികളെ ശാസ്ത്രസാങ്കേതികവിദ്യയുടെ യുക്തിഭദ്രമായ ഉപയോഗത്തിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, കിടമത്സരം പ്രോത്സാഹിപ്പിക്കൽ, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ എന്നിവവഴി നവീകരണത്തിനുള്ള പ്രോത്സാഹനം നൽകൽ, സംസ്ഥാനത്തുടനീളം പുരോഗതി കൈവരിക്കുന്നതിനാവശ്യമായ പരീക്ഷണങ്ങൾക്കും വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനും സർഗ്ഗാത്മകമായ കഴിവുകൾ കൈവരിക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുക, കൂടാതെ വിവര മൂലധനം പ്രത്യേകിച്ചും ചെറുപ്പക്കാരിൽ വളർത്തിയെടുക്കുന്നതിനായി അവരുടെ ലക്ഷ്യങ്ങൾ

കഴിവുകൾ, സമീപനം എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു Knowledge economy talent pool ഉണ്ടാക്കിയെടുക്കുക.

ചെറുപ്പക്കാരുടെ കഴിവുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്ഥാപനങ്ങളുടെ തലത്തിൽ, വൻതോതിലുള്ള നവീകരണ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും പൊതു-ധനകാര്യ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യമായ സൗകര്യങ്ങളൊരുക്കൽ എന്നിവയും കെ-ഡിസ്ക് ലക്ഷ്യമിടുന്നു. തന്ത്രപരമായ സമീപനങ്ങളിലൂടെ സർവ്വകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ അക്കാദമിക് സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ കേരള സ്റ്റാർട്ടപ്പ് മിഷന്റെ (KSUM) സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുക എന്നിവയും കെ-ഡിസ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു. സുപ്രധാന മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി കേരളത്തിലെ സർവ്വകലാശാലകളുടെ സഹായത്തോടുകൂടി ഒരു ഡിജിറ്റൽ വിപ്ലവവും കെ-ഡിസ്കിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

(ബി) കെ-ഡിസ്കുമായി ബന്ധപ്പെട്ട ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് സർക്കാർ വകുപ്പുകളാണോ; അല്ലെങ്കിൽ പ്രസ്തുത ഉത്തരവുകൾ

പുറപ്പെടുവിക്കുന്നത് ആരാണെന്നും ഏത് ചട്ടപ്രകാരമാണെന്നും വിശദമാക്കുമോ?

പ്ലാനിംഗ് (ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ) വകുപ്പ്, പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ് എന്നിവയാണ് കെ-ഡിസ്കുമായി ബന്ധപ്പെട്ട ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്.

## കെ-ഡിസ്ക്

57 (2010) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കെട്ടിടത്തിൽ 3.60 കോടി രൂപയുടെ നവീകരണം നടത്തി ആസ്ഥാന മന്ദിരമൊരുക്കാൻ കെ-ഡിസ്കിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

കെ-ഡിസ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാനായുള്ള പ്രവർത്തനങ്ങൾക്കായി, ആസ്ഥാനമന്ദിരത്തിൽ ആധുനിക ഓഫീസ് സംവിധാനങ്ങളൊരുക്കുന്നതിന് 17-01-2022-ലെ GO(Rt)No.2/2022/ പി.എൽ.ജി.&ഇ.എ. (DVPMT & INNOVATION) പ്രകാരവും 13-04-2022-ലെ 284/2021/K-DISC നമ്പർ ഓഫീസ് നടപടിക്രമം

പ്രകാരവും അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത ആസ്ഥാനമന്ദിരത്തിൽ വാട്ടർ കർട്ടൻ സ്ഥാപിക്കാൻ എത്ര തുക ചെലവഴിച്ചുവെന്നും ഈ പ്രവൃത്തി ആരുടെ നിർദ്ദേശപ്രകാരമായിരുന്നുവെന്നും അറിയിക്കാമോ; കെട്ടിടം വാടകയ്ക്കെടുത്തത് ഓപ്പൺ ടെണ്ടർ വഴിയാണോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്താൻ രൂപീകരിച്ചിട്ടുള്ള റിക്വയർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ വിലയിരുത്തിയാണ് വാട്ടർ കർട്ടൻ സ്ഥാപിച്ചത്. പ്രവൃത്തിയുടെ അടങ്കൽ തുക 13,20,000/- രൂപയാണ്.

KIIFB, ASAP എന്നീ സ്ഥാപനങ്ങൾ മുമ്പ് പ്രവർത്തിച്ചിരുന്ന കെട്ടിടം ഒഴിഞ്ഞശേഷം അതേ വാടക നിരക്കിൽ കെ-ഡിസ്ക് എടുക്കുകയാണ് ചെയ്തിട്ടുള്ളത്.

(സി) കെ-ഡിസ്ക് വിവിധ പദ്ധതികളുടെ പ്രചാരണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; ഒരോ പദ്ധതിയുടെയും പ്രചാരണ ചെലവ് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ-ഡിസ്കിലെ വിവിധ പദ്ധതികളുടെ പ്രചാരണത്തിനായി ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു+.

(ഡി) കെ-ഡിസ്ക് ഐ.സി.ടി. അക്കാദമിയുമായി ചേർന്ന് നടത്തിയ സോഫ്റ്റ്‌വെയർ വികസന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്നും ഇനി എത്ര തുക കരാറുകാരന് നൽകാനുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് തുടങ്ങിയോ; ഇല്ലെങ്കിൽ ഇവ ഉപയോഗിച്ച് തുടങ്ങുന്നതിന് എത്ര തുക ഇനി ചെലവഴിക്കേണ്ടിവരുമെന്ന് വിശദമാക്കാമോ?

സോഫ്റ്റ്‌വെയർ വികസന പദ്ധതികൾക്കായി ചെലവഴിച്ചതും ഇനി നൽകാൻ ബാക്കിയുള്ളതുമായ തുകകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്.

**തിരുവമ്പാടി മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

58 (2011) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തിരുവമ്പാടി മണ്ഡലത്തിൽ ഏതെല്ലാം ഓഫീസുകളിലാണ് സൗജന്യ ഇന്റർനെറ്റ് സേവനം നൽകുന്ന പദ്ധതിയായ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ 195 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ/സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു+. നിലവിൽ 10 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ വീടുകൾക്ക് കണക്ഷൻ നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ?

ആദ്യഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകാൻ സർക്കാർ തീരുമാനിക്കുകയും അതിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും നിശ്ചയിക്കുകയും ചെയ്തിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മാനദണ്ഡങ്ങൾ പ്രകാരമുള്ള ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കുന്ന മുറയ്ക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയത് പരിശോധിച്ചാണ് കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള തുടർനടപടി സ്വീകരിക്കുന്നത്. തിരുവമ്പാടി മണ്ഡലത്തിലെ ഗുണഭോക്താക്കളുടെ പ്രസ്തുത പട്ടിക ലഭ്യമാകേണ്ടതുണ്ട്.

**കെ-ഡിസ്ക്**

59 (2012) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്ക് മെമ്പർ സെക്രട്ടറി സ്ഥാനത്തേയ്ക്ക് വിജ്ഞാപനം ക്ഷണിച്ചതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത സ്ഥാനത്തേയ്ക്ക് എത്രപേർ അപേക്ഷിച്ചുവെന്നും തെരഞ്ഞെടുപ്പ് നടത്തിയ രീതി എങ്ങനെയെന്നും വ്യക്തമാക്കാമോ?

2013-ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ പുനഃസംഘടിപ്പിച്ചാണ് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) രൂപീകരിച്ചത്.

24-02-2021-ലെ G.O.(MS)No.8/2021/P&EA പ്രകാരം അംഗീകരിച്ച The Memorandum of Association and Rules & Regulation of KDISC ഖണ്ഡിക XXI-ൽ കെ-ഡിസ്ക് മെമ്പർ സെക്രട്ടറിയുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇന്നൊവേഷൻ

കൗൺസിലിന്റെ സ്ട്രാറ്റജിക് അഡ്വൈസറെ കെ-ഡിസ്കിന്റെ മെമ്പർ സെക്രട്ടറിയായി 01-06-2021-ലെ G.O.(MS) No.3/2021/P&EA ഉത്തരവ് പ്രകാരം നിയമിക്കുകയാണുണ്ടായത്.

(ബി) കെ-ഡിസ്ക് നടത്തിയിട്ടുള്ള സെമിനാറുകൾ, മീറ്റിംഗുകൾ, മറ്റ് യോഗങ്ങൾ എന്നിവയ്ക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ കെ-ഡിസ്കിന്റെ കീഴിലുള്ള 5 പദ്ധതികളിൽ സെമിനാറുകൾ, മീറ്റിംഗുകൾ, മറ്റ് യോഗങ്ങൾ എന്നിവയ്ക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) കെ-ഡിസ്കിലേയ്ക്കുള്ള നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ഒഴിവാക്കിയത് എന്തുകൊണ്ടാണെന്നും സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ കരാർ നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ആശ്രയിക്കണമെന്ന പൊതുഭരണ വകുപ്പിന്റെ ഉത്തരവ് കെ-ഡിസ്കിന് ബാധകമാണോയെന്നും എങ്കിൽ പ്രസ്തുത ഉത്തരവ് ലംഘിച്ച് നടത്തിയ കരാർ നിയമനങ്ങൾ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

കെ-ഡിസ്കിലെ നിയമനങ്ങൾ സി.എം.ഡി. മുഖേനയാണ് നടത്തിവരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കെ-ഡിസ്കിന് എതെല്ലാം ജില്ലകളിൽ ഓഫീസുകളുണ്ടെന്നും പ്രസ്തുത ഓഫീസുകളിലല്ലാതെ മാറ്റെവിടെയെങ്കിലും ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഇവരുടെ ജോലി സമയം എങ്ങനെ നിരീക്ഷിക്കുന്നുവെന്നും വിശദമാക്കാമോ?

കെ-ഡിസ്കിന് ഓഫീസുള്ളത് തിരുവനന്തപുരം ജില്ലയിലാണ്. 14 ജില്ലകളിലും ഫീൽഡ് പ്രവർത്തനങ്ങൾക്ക് നിയമിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ജോലിസമയം ZOHO | BI TRI X എന്ന സംവിധാനങ്ങളിലൂടെ നിരീക്ഷിക്കുന്നുണ്ട്.

**ഐ.ടി. രംഗത്തുണ്ടായ നേട്ടങ്ങൾ**

60 (2013) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഐ.ടി. വ്യവസായരംഗത്തെ ലോകോത്തര കമ്പനികൾ ഉൾപ്പെടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്ന വിധത്തിൽ മികച്ച അടിസ്ഥാന

സൗകര്യങ്ങളും വ്യവസായ അന്തരീക്ഷവും 3 സർക്കാർ ഐ.ടി. പാർക്കുകളിലും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

തിരുവനന്തപുരം ടെക്നോപാർക്കിൽ 82-ഉം കൊച്ചി ഇൻഫോപാർക്കിൽ 171-ഉം കോഴിക്കോട് സൈബർ പാർക്കിൽ 28-ഉം ഉൾപ്പെടെ മൊത്തം 281 ഐ.ടി. കമ്പനികൾ പുതുതായി ആരംഭിക്കുകയുണ്ടായി. പാർക്കുകൾ നേരിട്ടും അവിടെയുള്ള ഉപസംരംഭകർ മുഖേനെയും ഈ സർക്കാരിന്റെ കാലത്ത് വികസിപ്പിച്ച 62000 ച.അടി. ഉൾപ്പെടെ ആകെ 201.69 ലക്ഷം ച.അടി. അടിസ്ഥാന സൗകര്യങ്ങളാണ് ഐ.ടി. പാർക്കുകളിൽ നിലവിലുള്ളത്.

ദേശീയ പാത 66-നോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ സൈബർപാർക്ക്, ഇൻഫോപാർക്ക്, ടെക്നോപാർക്ക് എന്നിവയുടെ ഉപഗ്രഹ ക്യാമ്പസ്സുകളായി 5 ജി സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി. പാർക്കുകൾ സ്ഥാപിക്കാൻവേണ്ട നടപടികൾ നടന്നുവരുന്നു. നിലവിലെ പാർക്കുകളിൽനിന്ന് അകലെയായി ആ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അയ്യായിരം മുതൽ അമ്പതിനായിരം വരെ ചതുരശ്ര അടി വിസ്തൃതിയിൽ

ഐ.ടി. സ്പേസുകൾ "വർക്ക് നിയർ ഹോം" പദ്ധതി പ്രകാരം സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഐ.ടി. വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഡിജിറ്റൽ യൂണിവേഴ്സിറ്റി വിവരസാങ്കേതിക രംഗത്ത് നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. India Innovation Centre for Graphene, Centre of Excellence in Intelligent Internet of Things (IIOT) എന്നിവ കൂടാതെ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടിയും തുടങ്ങിയിട്ടുണ്ട്.

(ബി) ഈ കാലയളവിൽ സോഫ്റ്റ്‌വെയർ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരളത്തിലെ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാധ്യതകൾ തുടങ്ങിയവ പല തലത്തിൽ സംരംഭകരിലേയ്ക്ക്

എത്തിക്കുകവഴി കൂടുതൽ നിക്ഷേപങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ടെക്നോപാർക്കിന്റെ ഐ.ടി. കയറ്റുമതിയിൽ ഏകദേശം 10 ശതമാനത്തിന്റെയും കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 27 ശതമാനത്തിന്റെയും കോഴിക്കോട് സൈബർപാർക്കിൽ ഏകദേശം 113 ശതമാനത്തിന്റെയും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

**വയനാട്ടിലെ പ്രളയ ദുരിതാശ്വാസത്തിനായി നീക്കിവച്ച തുക**

61 (2014) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് വയനാട്ടിലെ ആദിവാസികൾക്കായി എത്ര തുക നീക്കിവെച്ചുവെന്നും ഇതിൽ എത്ര തുക വിതരണം ചെയ്തുവെന്നും അറിയിക്കുമോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്തങ്ങൾ നേരിടുന്നതിനും ആയതിന്റെ പ്രതികരണ പ്രവർത്തനങ്ങൾക്കുമായാണ് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നുള്ള തുക വിനിയോഗിക്കുന്നത്. സംസ്ഥാന ദുരന്ത

പ്രതികരണനിധിയിൽനിന്ന് തുക ഒരു പ്രത്യേക വിഭാഗത്തിനായി പ്രത്യേകം നീക്കിവയ്ക്കാൻ മാനദണ്ഡപ്രകാരം സാധിക്കുകയില്ല. ആയതിനാൽ ആദിവാസികൾക്കായി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. പ്രളയ ദുരന്തം ബാധിക്കപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരമാണ് ധനസഹായം അനുവദിക്കുന്നത്. ഇതിനുപുറമെ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള സഹായധനവും അനുവദിച്ചുവരുന്നു.

## കുറ്റ്യാടി-പെരിങ്ങത്തൂർ എയർ പോർട്ട് റോഡ് അലൈൻമെന്റ്

62 (2015) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കുറ്റ്യാടി-പെരിങ്ങത്തൂർ എയർപോർട്ട് റോഡ് അലൈൻമെന്റ് സർക്കാർ അപ്രൂവ് ചെയിതിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) നാദാപുരം മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കുറ്റ്യാടി പെരിങ്ങത്തൂർ എയർപോർട്ട് റോഡ് അലൈൻമെന്റ് സർക്കാർ തലത്തിൽ അപ്രൂവൽ നൽകിയിട്ടില്ല. 30-12-2017-ലെ സ.ഉ. (കൈ)

നം.74/2017/പൊ.മ.വ. പ്രകാരം കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കണക്റ്റിവിറ്റി റോഡ് പാക്കേജിന് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിലുൾപ്പെടുന്ന കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മുതൽ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ വരെയുള്ള 53.15 കി.മീ. ദൈർഘ്യമുള്ള റോഡിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായ iDeCK എന്ന സ്ഥാപനത്തെ ചുമതലപെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മുതൽ നാദാപുരം വരെയുള്ള ഭാഗം നഗരപ്രദേശങ്ങളിൽ കൂടിയാണ് കടന്നുപോകുന്നത്. iDeCK തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരം 24 മീറ്റർ വീതിയിലാണ് റോഡ് നിർമ്മാണം വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത റോഡിനുവേണ്ടി 24 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുമ്പോൾ നിരവധി പേർ ഭവന രഹിതരാകുമെന്നും ആകയാൽ കുറ്റ്യാടി ബൈപ്പാസ്, നിലവിലെ സ്റ്റേറ്റ് ഹൈവേ എന്നിവ വൺവേ ആയി നിലനിർത്തി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയിൽ കുറവ് വരുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട നാദാപുരം, കുറ്റ്യാടി എം.എൽ.എ-മാരുടെ നേതൃത്വത്തിൽ ചേർന്ന സർവ്വകക്ഷി യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. കുറ്റ്യാടിയിൽ

നിലവിൽ RBDCK 12 മീറ്റർ വീതിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കുറ്റ്യാടി ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗതിയിലാണ്. 12 മീറ്റർ സ്ഥലമെടുപ്പ് നടത്തുന്ന അതേ സ്ഥലത്ത് വീണ്ടും 24 മീറ്ററായി സ്ഥലമേറ്റെടുക്കൽ നടത്തി വികസിപ്പിക്കുന്നതിന് പ്രാദേശികമായി എതിർപ്പുകളും പ്രസ്തുത യോഗത്തിൽ ഉയർന്നിരുന്നു. മേൽ വിഷയം സംബന്ധിച്ച് 13-07-2022-ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ബഹുമാനപ്പെട്ട നാദാപുരം, കുറ്റ്യാടി എം.എൽ.എ-മാരുടെ സാന്നിധ്യത്തിൽ ഒരു യോഗം ചേരുകയുണ്ടായി. ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

**കൊച്ചി മെട്രോ ലാഭകരമാക്കാനുള്ള പദ്ധതികൾ**

63 (2016) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ എത്ര കിലോമീറ്ററാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും എത്ര കിലോമീറ്ററാണ് പുതുതായി രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

28.20 കിലോമീറ്റർ ദൈർഘ്യത്തിലാണ് കൊച്ചി മെട്രോ റെയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

11.2 കിലോമീറ്റർ ദൈർഘ്യമാണ് പുതുതായി രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(ബി) മെട്രോ ലാഭകരമാക്കാനും കൂടുതൽ യാത്രക്കാരെ ഇതിലേയ്ക്ക് ആകർഷിക്കാനും എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മെട്രോ ലാഭകരമാക്കാനും കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനുമായി Fare box/Non Fare box ഇനങ്ങളിൽ ചുവടെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**Fare box വരുമാനം.**

1. തിരക്കില്ലാത്ത സമയങ്ങളിൽ മെട്രോയിൽ യാത്ര ചെയ്യുന്നതിന് നിരക്ക് കുറച്ചു;
2. കൂടുതൽ യാത്രക്കാരെ മെട്രോയിലേയ്ക്ക് ആകർഷിക്കുന്നതിനായി നഗരപ്രാന്തപ്രദേശങ്ങളിൽ നിന്നും ഫീഡർ സർവീസ് ആരംഭിച്ചു;
3. വിമാനയാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ കുറഞ്ഞ സമയത്തിനുള്ളിൽ മെട്രോയിലൂടെ അവരുടെ ലക്ഷ്യസ്ഥാനങ്ങളിൽ എത്തുന്നതിന് എയർപോർട്ട് കണക്ടിവിറ്റി ഫീഡർ സർവ്വീസ് ആരംഭിച്ചു;

4. സ്ഥിരം യാത്രക്കാർക്കുവേണ്ടി പ്രതിവാര/പ്രതിമാസ യാത്രാപാസ്സുകൾ അവതരിപ്പിച്ചു. കൂടാതെ, വിദ്യാർത്ഥികളെ മെട്രോയിലേയ്ക്ക് ആകർഷിക്കാൻ വിദ്യാർത്ഥി പാസ്സ് തുടങ്ങി.

## Non Fare box വരുമാനം

1. മെട്രോ ഏറ്റെടുത്ത സ്ഥലങ്ങളിൽ വിവിധ ആസ്തി വികസന പദ്ധതികൾ ആവിഷ്കരിച്ചു;

2. മെട്രോ സ്റ്റേഷനുകളിലും ലഭ്യമായ അനുബന്ധ പ്രദേശങ്ങളിലും വാണിജ്യ സ്ഥാപനങ്ങൾ/ഓഫീസുകൾ തുടങ്ങുന്നതിനായി കരാർ നൽകി;

3. മെട്രോ തൂണുകളിൽ LED പരസ്യ ബോർഡുകൾ സ്ഥാപിച്ചു;

4. മെട്രോയുടെ പാർക്കിംഗ് സ്ഥലത്ത് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഫീസ് ഈടാക്കി;

5. നഗര സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി മെട്രോ തൂണുകളുടെ ഇടയിലുള്ള മീഡിയനുകൾ വിവിധ ഏജൻസികൾക്ക് നൽകി;

6. വിവിധ സ്ഥാപനങ്ങൾക്ക് അവരുടെ പരസ്യം നൽകുന്നതിനായി Train wrapping പദ്ധതി ആവിഷ്കരിച്ചു;

7. മെട്രോ സ്റ്റേഷനുകളിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പരസ്യത്തിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചു;

8. മെട്രോസ്റ്റേഷനുകളുടെ പേരിനോടൊപ്പം സ്ഥാപനങ്ങൾക്ക് അവരുടെ പേര് ചേർക്കുന്നതിനായി 'semi-naming' പദ്ധതി ആവിഷ്കരിച്ചു;

9. സ്റ്റേഷനുകളുടെ അകത്തും പുറത്തും പരസ്യം നൽകുന്നതിനുള്ള ടെണ്ടർ നടപടി സ്വീകരിച്ചു;

10. Expo പോലുള്ള പരിപാടികൾ നടത്തുന്നതിനായി മെട്രോ സ്റ്റേഷനുകളുടെ സ്ഥലം പാട്ടത്തിന് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു;

11. നഗര മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായുള്ള Non Motorized Transport പദ്ധതി വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏറ്റെടുത്ത് നടത്തിവരുന്നു.

**സിൽവർ ലൈൻ പദ്ധതി**

64 (2017) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.ക്യൂ.എം.എസ്. ലിമിറ്റഡ് തയ്യാറാക്കിയ സിൽവർലൈൻ പദ്ധതിയുടെ ഏറ്റവും പുതിയ എൻവയോൺമെന്റൽ ഇംപാക്ട് അസെസ്സ്മെന്റ് (ഇ.ഐ.എ.) റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

എൻവയോൺമെന്റൽ ഇംപാക്ട് അസെസ്സ്മെന്റ് (ഇ.ഐ.എ.) പഠന റിപ്പോർട്ട് അന്തിമമായിട്ടില്ല.

(ബി) സിൽവർലൈൻ പദ്ധതിക്കായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയെ സംബന്ധിച്ചുള്ള റെയിൽവെയുടെയും കെ.ആർ.ഡി.സി.എൽ.-ന്റെയും സംയുക്ത സർവ്വേ റിപ്പോർട്ട് ലഭ്യാക്കുമോ?

സിൽവർലൈൻ പദ്ധതിക്കായി എത്ര റെയിൽവെ ഭൂമിയാണ് വിനിയോഗിക്കേണ്ടിവരിക എന്നത് കണക്കാക്കുന്നതിന് കെ.ആർ.ഡി.സി.എൽ. ലാന്റ് സർവ്വെ നടത്തുകയും പ്രസ്തുത വിവരങ്ങൾ റെയിൽവെ ബോർഡിന് സമർപ്പിക്കുന്നതിനായി ദക്ഷിണ റെയിൽവെയ്ക്ക് കൈമാറുകയും ചെയ്തു. റെയിൽവെ ലാൻഡ് മാപ്പിംഗ് സംബന്ധിച്ച സംഗ്രഹം അനുബന്ധമായി ചേർക്കുന്നു+.

(സി) സംസ്ഥാന സർക്കാർ കെ.ആർ.ഡി.സി.എൽ.-ന് ഇതുവരെ അടച്ച ആകെ തുക എത്രയാണെന്നതിന്റെ വിവരം നൽകുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ സെല്ലുകൾക്കായി നിയോഗിച്ചിട്ടുള്ള റവന്യൂ ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ;

(ഇ) സിൽവർലൈൻ പ്രോജക്ടിന്റെ നിക്ഷേപത്തിന് മുമ്പുള്ള പ്രവർത്തനങ്ങൾക്കായി കെ.ആർ.ഡി.സി.എൽ. നാളിതുവരെ ചെലവഴിച്ച ആകെ തുക സംബന്ധിച്ച വിവരം നൽകുമോ;

(എഫ്) ഇന്ത്യൻ റെയിൽവേ സിൽവർലൈൻ പദ്ധതിയ്ക്ക്/കെ.ആർ.ഡി.സി.എൽ.-ന് ഇതുവരെ നൽകിയ വിഹിതത്തിന്റെ വിവരം നൽകുമോ?

(സി-എഫ്) സംസ്ഥാന സർക്കാർ 51 കോടി ഓഹരി മൂലധന തുകയായി കെ.ആർ.ഡി.എൽ. സെൽ-ന് നിക്ഷേപിച്ചിരുന്നു. ഇതുകൂടാതെ സിൽവർ ലൈൻ പദ്ധതിയുടെ ഭൂമി എറ്റെടുക്കൽ പ്രാരംഭ നടപടിക്രമങ്ങൾ (എസ്.ഐ.എ., 11 എൽ.എ. യൂണിറ്റുകൾ തുടങ്ങുന്നതിനും) നടത്തുന്നതിന് 20.5 കോടി രൂപയും കെ.ആർ.ഡി.സി.എൽ.-ന് സർക്കാർ അനുവദിച്ചിരുന്നു.

സിൽവർലൈൻ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ സെല്ലുകൾക്കായി നിയോഗിച്ചിട്ടുള്ള റവന്യൂ ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി നാളിതുവരെ 10,76,60,434/- രൂപ ചെലവാക്കിയിട്ടുണ്ട്.

നാളിതുവരെ ചെലവായത് 65,72,35,496.65/- (അറുപത്തിയഞ്ച് കോടി എഴുപത്തിരണ്ട് ലക്ഷത്തി മുപ്പത്തയ്യായിരത്തി നാനൂറ്റി തൊണ്ണൂറ്റിയാറ് രൂപ അറുപത്തിയഞ്ച് പൈസ) രൂപയാണ്.

## സിൽവർ ലൈൻ പദ്ധതി നിർത്തലാക്കി വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടി

65 (2018) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കാത്ത പശ്ചാത്തലത്തിൽ സിൽവർ ലൈൻ പദ്ധതി നിർത്തലാക്കി വിജ്ഞാപനം പുറപ്പെടുവിക്കുമോ; വിശദാംശം നൽകുമോ;

(ബി) സിൽവർ ലൈൻ പദ്ധതിക്കായി പുറപ്പെടുവിച്ച വിജ്ഞാപനം റദ്ദ് ചെയ്തുകൊണ്ട് നിർദിഷ്ട ഭൂമിയുടെ സ്വതന്ത്രമായ വിനിയോഗം സാധ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 4(1) വിജ്ഞാപനത്തിന്റെ കാലാവധി പൂർത്തിയായിട്ടുള്ളതാണ്. 6(1) വിജ്ഞാപനം സർക്കാർ മരവിപ്പിച്ചിട്ടില്ല. സിൽവർലൈൻ പദ്ധതിക്കായി വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയുടെ സ്വതന്ത്രമായ വിനിയോഗത്തിന് നിലവിൽ വിലക്കില്ല.

(സി) സിൽവർ ലൈൻ വിരുദ്ധ പ്രക്ഷോഭത്തിൽ പങ്കെടുത്തവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സിൽവർ ലൈനിനെതിരെ രാഷ്ട്രീയ ലക്ഷ്യത്തോടെ അക്രമം നടത്തിയർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേസ്സുകളിൽ നിയമ നടപടി തുടരുകയാണ്.

**ലൈറ്റ് മെട്രോ പദ്ധതി**

66 (2019) ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ . മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ആരംഭിക്കാൻ തീരുമാനിച്ച ലൈറ്റ് മെട്രോ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള ലൈറ്റ് മെട്രോ പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL)-നെ നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദപദ്ധതി രേഖ (Detailed Project Report-DPR) പുതുക്കുന്നതിനായി, Comprehensive Mobility Plan (CMP), Alternative Analysis Report (AAR)/ Feasibility Study Report (FSR) എന്നിവ തയ്യാറാക്കി വരുന്നു.

(ബി) ഇതിന്റെ പ്രാരംഭ നടപടികൾക്കായി ഡി.എം.ആർ.സി.-യെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ?

ഡി.എം.ആർ.സി.-യെ ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ നടപടികൾക്കായുള്ള കൺസൾട്ടന്റായി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി എന്നേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

ലൈറ്റ് മെട്രോ പദ്ധതി നാല് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## സിൽവർ ലൈൻ പദ്ധതി

67 (2020) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുടെ കൺസൾട്ടൻസി, സാമൂഹിക ആഘാത പഠനം, ലിഡാർ സർവ്വേ, കല്ലിടൽ, സർവ്വേ കല്ലുകൾ വാങ്ങിയത് തുടങ്ങി വിവിധ ഇനങ്ങളിലായി നാളിതുവരെ ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനായി റവന്യൂ വകുപ്പിന് മുൻകൂറായി നൽകിയ തുക എത്രയാണ്; നാളിതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക എത്രയാണെന്നും ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന തുക ഏത് രീതിയിൽ വിനിയോഗിക്കുമെന്നും വ്യക്തമാക്കുമോ?

സിൽവർലൈൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പ്രാരംഭ നടപടിക്രമങ്ങൾ (എസ്.ഐ.എ., 11 എൽ.എ. യൂണിറ്റുകൾ തുടങ്ങുന്നതിനും) നടത്തുന്നതിന് അനുവദിച്ച 20.50 കോടി രൂപയിൽ, ഭൂമി ഏറ്റെടുക്കൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽലഭ്യമാണ്.

പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിരുന്ന 11 എൽ.എ. ഓഫീസുകളിലേയ്ക്ക് കമ്പ്യൂട്ടർ, ഫർണിച്ചർ & ആക്സസറീസ് വാങ്ങി ബാക്കി തുകയായ 19.50 കോടി രൂപ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്.

സിൽവർ ലൈൻ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ സെല്ലുകൾക്കായി നിയോഗിച്ചിട്ടുള്ള റവന്യൂ ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി നാളിതുവരെ 10,76,60,434/- രൂപ ചെലവാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## കേരള ഇൻലാൻഡ് വെസ്സൽസ് നിയമം

68 (2021) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻലാൻഡ് വെസ്സൽസ് നിയമ പ്രകാരം എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരണം നടന്നിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കേരള ഇൻലാൻഡ് വെസ്സൽസ് നിയമം 2015-ലെ ഭേദഗതി പ്രകാരം പോലീസ് എൻഫോഴ്സ്മെന്റ് രൂപീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽലഭ്യമാണ്.

(എ&ബി) 2010-ലെ കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസിന് 2015-ൽ വരുത്തിയ ഭേദഗതി പ്രകാരം ഇൻലാൻഡ് വെസ്സൽസ് എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ഭേദഗതി പ്രകാരം ബോട്ടുകൾ നിയമ ലംഘനം നടത്തുന്നത് തടയാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

നിലവിൽ എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരണം നടന്നിട്ടില്ലെങ്കിലും ഓരോ പോർട്ട് ഓഫ് രജിസ്ട്രിയുടെ നിയന്ത്രണത്തിലുള്ള പോർട്ട് ഓഫീസിലെ ഉദ്യോഗസ്ഥർ ത്വരിതാടിസ്ഥാനത്തിൽ അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകൾ പരിശോധിക്കുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ പിഴ ചുമത്തി വെസ്സലുകൾ പിടിച്ചെടുക്കൽ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത എൻഫോഴ്സ്മെന്റ് വിംഗിൽ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരണത്തിനായുള്ള പ്രൊപ്പോസൽ കേരള മാരിടൈം ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**നാദാപുരം മണ്ഡലത്തിലെ ഇൻലാൻഡ് നാവിഗേഷൻ പ്രവൃത്തികൾ**

69 (2022) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് മുഖേന നടത്തിവരുന്ന കരിങ്ങാളിമുക്ക് പാലം, വേങ്ങോളി പാലം, കായപ്പനച്ചി ബോട്ട് ടെർമിനൽ തുടങ്ങിയ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

**<u>കരിങ്ങാലിമുക്ക്</u>**

<u>ലോക്ക്</u>: പൈലിംഗും 6 ഷട്ടർ നിർമ്മാണവും പൂർത്തിയായി. ലോക്ക് വാൾ നിർമ്മാണം പുരോഗമിക്കുന്നു.

<u>ബ്രിഡ്ജ്</u>: പൈലിംഗും ഇടതുകര അബർട്ട്മെന്റും പൂർത്തിയായി. വലതുകര അബർട്ട്മെന്റും പിയർ നിർമ്മാണവും പുരോഗമിക്കുന്നു.

**<u>വെങ്ങോലി</u>**

പാലം ഗർഡർ നിർമ്മാണം, ഇടതുഭാഗത്ത് അപ്രോച്ച് റോഡ്- അണ്ടർ പാസ് നിർമ്മാണം റീടെയിനിംഗ് വാൾ നിർമ്മാണം എന്നിവ പൂർത്തിയായി. മണ്ണ് ഫില്ലിംഗ്, വലത് ഭാഗത്ത് അണ്ടർ പാസ്, റീടെയിനിംഗ് വാൾ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. ഡക്ക് നിർമ്മാണം ആരംഭിച്ചു.

**<u>കായപ്പനിച്ചി ബോട്ട് ടെർമിനൽ നിർമ്മാണം</u>**

കായപ്പനിച്ചി ബോട്ട് ടെർമിനൽ പ്രാഥമിക നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു.

## ദേശീയ ജലപാത വികസനം

70 (2023) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ നടക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് നീലേശ്വരം വരെ വെസ്റ്റ് കോസ്റ്റ് കനാൽ (പശ്ചിമതീര കനാൽ) എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിൽ തിരുവനന്തപുരം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയാണ്. പശ്ചിമതീര കനാലിന്റെ ചെ. 0.00 മുതൽ ചെ. 55.17 കി.മീ. വരെയുള്ള ഭാഗമാണ് തിരുവനന്തപുരം ജില്ലയിൽ വരുന്നത്. ജലപാത വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടന്നുവരുന്നത്.

| | |
|---|---|
| 1. | കോവളം മുതൽ പള്ളിത്തുറ വരെ കനാലിന്റെ വീതി 35 മീറ്റർ ആക്കുന്നതിനുള്ള അതിർത്തി കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. |
| 2. | പള്ളിത്തുറ മുതൽ കഠിനംകുളം കായൽ വരെയുള്ള ഭാഗത്ത് കല്ലിടൽ പ്രവൃത്തി നടന്നുവരുന്നു. |
| 3. | ടി. എസ്. കനാലിനു കുറുകെ, കരിക്കകം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. |
| 4. | വേളി പൗണ്ട് കടവ് ഭാഗത്ത് ചെ. 16.09 കി. മീ. മുതൽ 22.25 കി.മീ. വരെ കനാലിന്റെ വീതിയും ആഴം കൂട്ടൽ പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. |
| 5. | സെന്റ് ആൻഡ്രൂസ് പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| 6. | അനക്കപ്പിള്ള മുതൽ ചാന്നാങ്കര വരെയുള്ള പ്രവൃത്തി 80% പൂർത്തീകരിച്ചു. |
| 7. | ചാന്നാങ്കര പാലത്തിന് സമീപമുള്ള തീരസംരക്ഷണ പ്രവൃത്തിക്കായി കരാർ ഒപ്പ് വച്ചിട്ടുണ്ട്. |
| 8. | ചിലക്കൂർ ടണൽ ഉൾപ്പെടുന്ന ചെ. 46.00 കി.മീ. മുതൽ 49.00 കി.മീ. വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തിയിൽ ടണൽ ക്ലീനിംഗ് പൂർത്തീകരിച്ചു. അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |
| 9. | കഠിനംകുളം, അരിവാളം, വള്ളക്കടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പുരോഗതിയിലാണ്. കൂടാതെ വർക്കല റാത്തിക്കൽ ജുമാമസ്ജിദിന് സമീപം പാർശ്വഭിത്തി നിർമ്മാണത്തിന്റെ ദർഘാസ് നടപടികൾ പൂർത്തീകരിക്കുകയും ടി ഭാഗത്തെ ഡ്രെയിൻ നിർമ്മാണത്തിന്റെ കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.<br>മേൽപ്പറഞ്ഞവ കൂടാതെ ടൂറിസവുമായി ബന്ധപ്പെട്ട് മുരുക്കുംപുഴ |

| | |
|---|---|
| | ബോട്ടുജെട്ടിയുടെ നിർമ്മാണ പ്രവൃത്തിയുടെ കരാർ ഒപ്പുവച്ചിട്ടുള്ളതും പുത്തൻകടവ് ബോട്ടുജെട്ടി നിർമ്മാണം, പണയിൽ കടവ് ബോട്ടുജെട്ടി നിർമ്മാണം, കായിക്കരകടവ് ബോട്ടുജെട്ടി നിർമ്മാണം എന്നിവ ആരംഭിച്ചിട്ടുള്ളതുമാണ്. |

**വൈശ്യം നടപ്പാലം കോൺക്രീറ്റ് പാലമാക്കുന്നതിന് നടപടി**

71 (2024) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ വെട്ടം ഗ്രാമപഞ്ചായത്തിൽ പടിയത്ത് പറമ്പ് ആശാൻപടിയുമായി ബന്ധിപ്പിക്കുന്ന വൈശ്യം നടപ്പാലം ദേശീയ ജലപാത-3-ന്റെ മാനദണ്ഡങ്ങളനുസരിച്ച് കോൺക്രീറ്റ് പാലമാക്കി നിർമ്മിക്കുന്നതിന് മണ്ണ് പര്യവേഷണ പ്രവൃത്തികൾ പൂർത്തിയാക്കി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വൈശ്യം നടപ്പാലം വെട്ടം ചിറ്റേപ്പുറത്ത് പാലം എന്ന പേരിൽ ദേശീയ ജലപാത 3-ന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് കോൺക്രീറ്റ് പാലമായി നിർമ്മിക്കുന്നതിന് മണ്ണ് പര്യവേഷണ പ്രവൃത്തികൾ പൂർത്തിയാക്കി ഡിസൈൻ ലഭിക്കുന്നതിന് Reconstruction of Theendappadi foot

bridge at Ch. 333.351 in West Coast Canal in Vettom Gramapanchayath, Malappuram District എന്ന ഇൻഡന്റ് ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് (IDRB)-ലേയ്ക്ക് നൽകിയിട്ടുണ്ട്. IDRB-യിൽനിന്നും ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്.

(ബി) പ്രസ്തുത പാലത്തിന്റെ ഡിസൈൻ ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡിൽനിന്ന് ലഭ്യമാക്കി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി നൽകുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി നൽകാനാകുമെന്ന് അറിയിക്കുമോ?

(ബി&സി) ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് (IDRB)-ൽനിന്നും ഡിസൈൻ ലഭ്യമായതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

**ദേശീയ ജലപാത വികസനം**

72 (2025) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സംസ്ഥാനത്തെ ഏതെല്ലാം നദികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

കോവളം മുതൽ കാസർഗോഡ് ബേക്കൽ വരെ നീണ്ടുകിടക്കുന്ന 616 കി.മീ. ദൈർഘ്യമുള്ള വെസ്റ്റ് കോസ്റ്റ് കനാൽ എന്നറിയപ്പെടുന്ന ജലപാതയിൽ കൊല്ലം മുതൽ കോഴിക്കോട് കല്ലായിപ്പുഴ വരെ 328 കി.മീ. കേന്ദ്രസർക്കാർ ദേശീയ ജലപാത NW-3 ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ ഭാഗത്തെ വികസന പ്രവർത്തനങ്ങൾ ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)-യുടെ അധീനതയിലാണ് നടന്നുവരുന്നത്. ജലപാതയുടെ ബാക്കി വരുന്ന കൊല്ലം മുതൽ കോവളം വരെയും കോഴിക്കോട് കല്ലായിപ്പുഴ മുതൽ കാസർഗോഡ് ബേക്കൽ വരെയും നിലവിൽ സംസ്ഥാന ജലപാതയാണ്. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ഭാഗത്തുകൂടി ഒഴുകുന്ന ദേശീയ ജലപാത NW3-ൽ ഉൾപ്പെട്ട നദികളുടെ ഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

i) തോട്ടപ്പള്ളി സ്പിൽവേയ്ക്കും വിയപുരത്തിനുമിടയിലുള്ള ലീഡിംഗ് ചാനലും വിയപുരം മുതൽ വേമ്പനാട് കായൽ വരെയുള്ള പമ്പാനദി.

ii) പെരിയാർ, കരിവന്നൂർപ്പുഴ, കാഞ്ഞിരമുക്കപ്പുഴ, ഭാരതപ്പുഴ, തിരൂർ-പൊന്നാനിപ്പുഴ, കീരനല്ലൂർപ്പുഴ, കടലുണ്ടിപ്പുഴ, വടക്കുംപാട് പുഴ, ചാലിയാർ പുഴ, കല്ലായിപ്പുഴ.

ദേശീയ ജലപാത NW-8 ആയിട്ടുള്ള ആലപ്പുഴ- ചങ്ങനാശ്ശേരി കനാലിലൂടെ പമ്പ, മണിമല എന്നീ നദികളുടെ കൈവഴികൾ കടന്നുപോകുന്നു.

ദേശീയ ജലപാത NW-9 ആയിട്ടുള്ള ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാലിലൂടെ മീനച്ചിലാറിന്റെ കൈവഴികൾ കടന്നുപോകുന്നു.

ദേശീയ ജലപാത NW-13 ആയിട്ടുള്ള പൂവാർ മുതൽ ഇരയിമൻതുറ വരെയുള്ള എ.വി.എം. കനാലിന്റെ പൂവാർ മുതൽ 2.8 കി.മീ. സംസ്ഥാനത്തിലൂടെ കടന്നുപോകുന്നു.

ദേശീയ ജലപാത NW-59 ആയിട്ടുള്ള കോട്ടയം-വൈക്കം കനാലിലൂടെ മീനച്ചിലാറും അതിന്റെ കൈവഴികളും കടന്നുപോകുന്നു.

(ബി) പ്രസ്തുത ജലപാത വഴി ചരക്കുനീക്കം ഉൾപ്പെടെയുള്ളവയ്ക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ട കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി സർക്കാർ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)-യുടെ അധീനതയിൽ വരുന്ന ദേശീയ ജലപാത-3-ന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗത്ത് ആവശ്യമായ ടെർമിനലുകൾ നിർമ്മിച്ച് വികസിപ്പിച്ചിട്ടുണ്ട്.

കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ദേശീയജലപാതയുടെ വികസനത്തിനായുള്ള രൂപരേഖ IWAI തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ജലപാതയിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിൽ വരുന്ന കൂട്ടായി ലോക്ക് കം ബ്രിഡ്ജ് എന്ന പ്രവൃത്തിയുടെ രൂപരേഖ ഉൾനാടൻ ജലഗതാഗത വകുപ്പ് IWAI-ക്ക് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. മലപ്പുറം ജില്ലയിൽ വരുന്ന വെളിയംകോട് ലോക്ക് കം ബ്രിഡ്ജിന്റെ പ്രവൃത്തി NABARD ധനസഹായത്തോടുകൂടി നടന്നുവരുന്നു. ദേശീയ ജലപാത-3-ന്റെ ഭാഗമായി പൊന്നാനി ചേറ്റുവ കനാൽ 12.698 കി.മീ നീളത്തിൽ ആഴം കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.

(സി) ഇക്കാര്യത്തിന്മേലുള്ള കേന്ദ്ര നിലപാട് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാതയുടെ വികസനത്തിനായുള്ള രൂപരേഖ IWAI തയ്യാറാക്കിയതിന്മേൽ സംസ്ഥാന

സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞതിന് മറുപടി IWAI-യ്ക്ക് നൽകിയിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയുമുള്ള ജലപാതകളെ ദേശീയ ജലപാതകളായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇപ്പോൾ ഇത് ഏറ്റെടുക്കാൻ കഴിയില്ലെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്.

**പ്രദേശിക പത്രപ്രവർത്തകർക്കുള്ള ക്ഷേമനിധി**

73 (2026) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; ക്ഷേമനിധി എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 02-02-2016-ലെ സ.ഉ. (പി) നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന നിലവിൽവന്ന കേരള

അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീമിൽ പ്രാദേശിക പത്രപ്രവർത്തകർക്ക് അംഗമാകാൻ സാധിക്കും.

വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955-ന്റെ പരിധിയിൽ വരാത്തവരും ഫ്രീലാൻസ് പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെ ടി പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് 19-08-2019-ലെ സ.ഉ.(സാധാ).നം 1005/2019/തൊഴിൽ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് "രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന" പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കാൻ അർഹതയില്ലാത്ത

സാഹചര്യത്തിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സാ സഹായമായി നൽകുന്നതാണ്.

പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ആരംഭിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പ്രവാസി ക്ഷേമനിധി കുടിശ്ശിക വിഹിതം

74 (2027) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധി വിഹിതം അടക്കുന്നതിൽ കുടിശ്ശിക വരുത്തിയവർക്ക് ഉയർന്ന പലിശ അടക്കേണ്ടി വരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവാസി ക്ഷേമനിധി അംശദായ അടവിൽ ഒരു വർഷമോ അതിലധികമോ കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ടവർക്ക് മാത്രമാണ് അംഗത്വം പുനഃസ്ഥാപിക്കുന്നതിനായി പലിശയും പിഴപ്പലിശയും നൽകേണ്ടിവരുന്നത്.

(ബി) കോവിഡ് സമയത്ത് മുടങ്ങിയിരുന്ന അംശദായ അടവുകൾക്ക് നവംബർ വരെ ഫൈൻ ഒഴിവാക്കിക്കൊടുത്തതുപോലെ കുടിശ്ശിക വരുത്തിയവർക്കും പരമാവധി ഇളവുകൾ നൽകുമോ;

(സി) പ്രവാസി പെൻഷന് അംശദായമായി ഉയർന്ന തുക വാങ്ങുകയും വിഹിതം മുടങ്ങുമ്പോൾ വലിയ തുക ഫൈൻ ഈടാക്കി പ്രവാസികളെ ചൂഷണം ചെയ്യുകയും ചെയ്യുന്ന സർക്കാർ നയം പുനഃപരിശോധിക്കുമോ?

(ബി&സി) അംശദായം തുടർച്ചയായി ഒരു വർഷമോ അതിലധികമോ അടയ്ക്കാൻ വീഴ്ചവരുത്തി അംഗത്വം നഷ്ടപ്പെടുന്നവർക്ക് മാത്രമാണ് അംഗത്വം പുനഃസ്ഥാപിക്കുന്നതിനായി പലിശയും പിഴപ്പലിശയും നൽകേണ്ടി വരുന്നത്.

## വിദേശത്തേയ്ക്കുള്ള തൊഴിലന്വേഷകരെ സഹായിക്കുന്നതിനുള്ള നടപടികൾ

75 (2028) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ എം നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ വിദേശയാത്രയുടെ ഫലമായി വിദേശത്തുള്ള തൊഴിൽ സാധ്യതകളിൽ കേരളീയർക്കുള്ള അവസരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

സുരക്ഷിതവും സുതാര്യവും നിയമപരവുമായ മാർഗ്ഗങ്ങളിലൂടെ കേരളത്തിൽനിന്നും യോഗ്യതയും പ്രാവീണ്യവുമുള്ള ആരോഗ്യപ്രവർത്തകർക്ക് യു.കെ.-യിലേയ്ക്കുള്ള സുഗമമായ തൊഴിൽ കുടിയേറ്റം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിനുവേണ്ടി നോർക്ക റൂട്ട്സും യു.കെ.-യിൽ എൻ.എച്ച്.എസ്. പ്രവർത്തനങ്ങൾ ലഭ്യമാക്കുന്ന 42 ഇന്റഗ്രേറ്റഡ് കെയർ ബോർഡുകളിൽ ഒന്നായ മാനസികാരോഗ്യ സേവന രംഗത്ത് പ്രവർത്തിക്കുന്ന നാവിഗോയും Humber and North Yorkshire Health & Care Partnership-ഉം തമ്മിൽ മുഖ്യമന്ത്രിയുടെ വിദേശ പര്യടനവേളയിൽ ധാരണാപത്രത്തിൽ ഒപ്പിടുകയുണ്ടായി. തുടർന്ന് 2022 നവംബർ മാസത്തിൽ കൊച്ചിയിൽവച്ച് സംഘടിപ്പിച്ച യു.കെ. എംപ്ലോയ്മെന്റ് ഫെസ്റ്റിൽ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ വിഭാഗം തുടങ്ങി ആരോഗ്യമേഖലയിലെ ഒഴിവുകളിലേയ്ക്കും സോഷ്യൽ വർക്കർ വിഭാഗത്തിലേയ്ക്കും യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

ആസ്ട്രേലിയയിലെ നോർത്തേൺ ടെറിറ്ററി പ്രവിശ്യ, കാനഡയിലെ Newfoundland Labrador പ്രവിശ്യ, വെയിൽസ്, ഫിൻലാൻഡ് എന്നിവിടങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിനായി വിവിധ സർക്കാർ/ സർക്കാർ ഇതര ഏജൻസികളുമായി ചർച്ചകൾ പുരോഗമിച്ചുവരുന്നു.

(ബി) അനധികൃത റിക്രൂട്ട്മെന്റും വിസ തട്ടിപ്പും നിരവധി തൊഴിലന്വേഷകരെ ദുരിതത്തിലാക്കിയിട്ടുള്ളതിനാൽ സുരക്ഷിതവും സൗജന്യവുമായി തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് നോർക്കയുടെ റിക്രൂട്ടിംഗ് പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അനധികൃത റിക്രൂട്ട്മെന്റും വിസ തട്ടിപ്പും ഒഴിവാക്കി അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും മറ്റ് അനുബന്ധ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി നോർക്ക റൂട്ട്സ് മുഖാന്തരം താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

I) ജോബ് പോർട്ടൽ-ഇടനിലക്കാരെ ഒഴിവാക്കി തൊഴിൽ അന്വേഷകരെ വിദേശ തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെടുത്തുന്നതിനായിട്ടുള്ള ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

II) മാർക്കറ്റ് റിസർച്ച് പദ്ധതി - റിക്രൂട്ട്മെന്റ്, പരിശീലനം, നൈപുണ്യവികസനം, നിയമ സഹായം, ഇൻഷ്വറൻസ് സഹായം

എന്നിവ യുക്തിസഹമാക്കാൻ മാർക്കറ്റ് റിസർച്ച് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

III) സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം - വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് സംഘടിപ്പിച്ചുവരുന്ന പരിശീലന പരിപാടിയിൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം, ആശയവിനിമയ വൈദഗ്ദ്ധ്യം, വിസ, തൊഴിൽ കരാർ എന്നിവ സംബന്ധിച്ച് ബോധവത്കരണം നൽകുന്നു.

IV) പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ - തൊഴിൽ അന്വേഷകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

V) ഇൻഫർമേഷൻ & ടെക്നോളജി മേഖലയിൽ പ്രാവീണ്യം ലഭ്യമാക്കുന്നതിനായി ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ICTAK)യുമായി ചേർന്ന് പരിശീലനം ലഭ്യമാക്കുകയും അസാപ് (ASAP)-മായി സഹകരിച്ച് വിദേശഭാഷ പരിശീലന പരിപാടികൾ നടത്തിവരുകയും ചെയ്യുന്നു. ഭാഷാപരിശീലനത്തിനായി നോർക്ക റൂട്ട്സ് നേരിട്ട് നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്. ഭാവിയിൽ ഇത് കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിൽ തുടങ്ങാനും ആലോചിക്കുന്നു.

കൂടാതെ, അന്തർദ്ദേശീയ തലത്തിൽ ഉടലെടുക്കുന്ന തൊഴിൽ സാധ്യതകൾ, കുടിയേറ്റത്തിന്റെ വ്യാപ്തി എന്നിവ നിരീക്ഷിക്കുന്നതിനായി കോഴിക്കോട് ഐ.ഐ.എം.-ന്റെ സഹകരണത്തോടെ പഠനം നടത്തിവരുന്നു.

(സി) യു.കെ.-യിലേയ്ക്കും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും ആരോഗ്യ മേഖലയിലുൾപ്പെടെയുള്ള തൊഴിലന്വേഷകരെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി നോർക്ക മറ്റ് സ്ഥാപനങ്ങളുമായി ചേർന്ന് വൈദഗ്ധ്യ പരിശീലനം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

വിദേശരാജ്യങ്ങളിൽ ജോലിതേടുന്ന ഉദ്യോഗാർത്ഥികൾക്ക് നോർക്ക റൂട്ട്സ് നടപ്പിലാക്കുന്ന സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം മുഖാന്തരം തൊഴിൽ വൈദഗ്ധ്യവും ആശയവിനിമയ വൈദഗ്ധ്യവും ലഭ്യമാക്കുന്നുണ്ട്. അസാപ്പുമായി (ASAP) സഹകരിച്ച് വിദേശഭാഷ പരിശീലനവും ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ICTAK)യുമായി ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടികളിലൂടെ ഇൻഫർമേഷൻ & ടെക്നോളജി മേഖലയിൽ പ്രാവീണ്യവും ഉറപ്പുവരുത്തുന്നുണ്ട്.

നഴ്സിംഗ് മേഖലയിലെ തൊഴിലന്വേഷകർക്ക് വിദേശ രാജ്യങ്ങളിലെ ലൈസൻസിംഗ് പരീക്ഷകൾ പാസാകുന്നതിന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)മായി സഹകരിച്ച് പ്രത്യേക പരിശീലനം നൽകുന്നുണ്ട്.

**നോർക്കയിൽ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനുള്ള നടപടി**

76 (2029) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ സർവ്വകലാശാലകൾ നൽകുന്ന ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്സ് നോർക്കയിൽ സാക്ഷ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**നോർക്ക റൂട്ട്സ് വഴി നൽകുന്ന സേവനങ്ങൾ**

77 (2030) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യൂ ടി. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്സ് വഴി പ്രവാസികൾക്ക് നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) നോർക്ക റൂട്സ് വഴി പ്രവാസികൾക്ക് കൂടുതൽ സേവനങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) നോർക്ക റൂട്ട്സ് വഴി പ്രവാസികൾക്ക് നൽകുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 'നോർക്ക ശുഭയാത്ര', 'നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ്', വിമാനയാത്രാ ചെലവുകൾ നിയന്ത്രിക്കുന്നതിന് വിമാനങ്ങൾ ചാർട്ടർ ചെയ്യാനുള്ള കോർപ്പസ് ഫണ്ട് രൂപീകരണം എന്നീ മൂന്ന് പദ്ധതികൾകൂടി പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**സൗദി അറേബ്യയിൽ റിയാദ് കേന്ദ്രമാക്കി നോർക്കയുടെ ആഫീസ്**

78 (2031) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദി പ്രവാസികളുടെ വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമമായ ഇടപെടലുകൾ നടത്താനും സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ തുടങ്ങിയ വിവിധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യങ്ങൾ വേഗത്തിൽ നിറവേറ്റുന്നതിനും വിവിധ പ്രവാസി ക്ഷേമ പദ്ധതികളുടെ ഗുണഫലങ്ങൾ പ്രവാസികളുടെ ഇടയിൽ എത്തിക്കാനും സൗദി അറേബ്യയിൽ റിയാദ് കേന്ദ്രമാക്കി നോർക്കയുടെ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ലോക കേരള സഭാംഗങ്ങൾ വഴിയും പ്രവാസി സംഘടനകൾ വഴിയും പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിനാൽ സൗദി അറേബ്യയിലെ റിയാദ് ഉൾപ്പെടെ വിദേശരാജ്യങ്ങളിൽ നോർക്കയുടെ ഓഫീസ് സ്ഥാപിക്കുന്നത് സംബന്ധിച്ച ശിപാർശകൾ ഇപ്പോൾ പരിഗണനയിലില്ല.

(ബി) പ്രവാസികളുടെയും അവരുടെ കുട്ടികളുടെയും തുടർ വിദ്യാഭ്യാസത്തിന് സഹായകമായ രീതിയിൽ സംസ്ഥാനത്തെ പുതിയ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഒരു കേന്ദ്രവും പരീക്ഷാ സെന്ററും സൗദി അറേബ്യയിൽ റിയാദ് കേന്ദ്രമാക്കി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ആക്ട് പ്രകാരം കേരളത്തിന് പുറത്ത് സർവ്വകലാശാലയുടെ കേന്ദ്രവും പരീക്ഷ സെന്ററും സ്ഥാപിക്കാൻ വ്യവസ്ഥയില്ല.

**ലോക കേരള സഭ**

79 (2032)<u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയുടെ മൂന്നാം സമ്മേളനത്തിൽ ഉയർന്നുവന്ന പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ശിപാർശകളിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

(എ&ബി) 2022 ജൂണിൽ നടന്ന ലോക കേരള സഭയുടെ മൂന്നാം സമ്മേളനത്തിൽ പ്രവാസികളുടെ ക്ഷേമത്തിനായി നിരവധി ശിപാർശകൾ സർക്കാരിൽ ലഭിച്ചിരുന്നു. പ്രസ്തുത ശിപാർശകൾ 23-09-2022-ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം അവലോകനം ചെയ്ത് പ്രായോഗികവും ക്രിയാത്മകവുമായ 67 എണ്ണം തെരഞ്ഞെടുത്തു. ഇതിൽ 56 ശിപാർശകളിന്മേൽ വിവിധ സർക്കാർ വകുപ്പുകളിലൂടെ തുടർനടപടി സ്വീകരിച്ചുവരുന്നു. ബാക്കി 11 ശിപാർശകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ

80 (2033) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ആകെ എത്ര ഗുണ്ടാ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും 2016 ജൂൺ മുതൽ 2022 ഡിസംബർ വരെ എത്ര ഗുണ്ടാ ആക്രമണങ്ങൾ നടന്നിട്ടുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

വിവിധ ജില്ലകളിലായി 29 വരെ സംഘങ്ങളുണ്ടെന്ന് കണക്കാക്കുന്നു. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവരെയും സ്ഥിരം കുറ്റവാളികളെയും ലഹരിമാഫിയ സംഘങ്ങളെയും അമർച്ച ചെയ്യുന്നതിനായി "ഓപ്പറേഷൻ ആഗ്" (Accelerated action against Anti Socials & Goondas)) എന്ന പേരിലുള്ള പ്രത്യേക ഡ്രൈവ് നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 08-02-2023 വരെ സംസ്ഥാനത്ത് 4085 സ്പെഷ്യൽ ഡ്രൈവുകൾ നടത്തുകയുണ്ടായി. രജിസ്റ്റർ ചെയ്ത 2030 കേസുകളിലായി 2172 പേർ അറസ്റ്റിലായിട്ടുണ്ട്. വിവിധ കേസുകളിൽ വാറണ്ടുള്ള 900 പ്രതികളെ അറസ്റ്റ് ചെയ്തു. ഈ നടപടി തുടരാൻ സംസ്ഥാന പോലീസ് മേധാവി

കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-01-2023 വരെ കാപ്പ നിയമ പ്രകാരം 339 പേരെയും PIT NDPS പ്രകാരം 5 പേരെയും കരുതൽ തടങ്കലിലാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) 2016 ജൂൺ മുതൽ 2022 ഡിസംബർ വരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; വർഷം തിരിച്ച് വിവരം ലഭ്യമാക്കുമോ?

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) 2016 ജൂൺ മുതൽ 2022 ഡിസംബർ വരെയുള്ള സ്ത്രീപീഡന കേസുകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ?

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) 2016 ജൂൺ മുതൽ 2022 ഡിസംബർ വരെ പോലീസ് പ്രതികളായ സ്ത്രീപീഡന കേസുകൾ എത്ര; വർഷം തിരിച്ച് വിവരം ലഭ്യമാക്കുമോ?

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പോപ്പുലർ ഫ്രണ്ട് ഹർത്താലിനെ തുടർന്നുള്ള സ്വത്ത് കണ്ടുകെട്ടൽ നടപടികൾ

81 (2034) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോപ്പുലർ ഫ്രണ്ട് ഹർത്താലുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനുണ്ടായ നഷ്ടം നികത്തുന്നതിനായി സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള വ്യക്തികളുടെ പട്ടിക തയ്യാറാക്കിയത് ഏത് വകുപ്പാണെന്ന് വിശദമാക്കുമോ;

(ബി) എത്ര വ്യക്തികളുടെ സ്വത്ത് കണ്ടുകെട്ടുന്നതിനാണ് പട്ടിക തയ്യാറാക്കിയതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സ്വത്ത് കണ്ടുകെട്ടുന്നതിന് എന്ത് മാനദണ്ഡപ്രകാരമാണ് നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഹർത്താലിനെത്തുടർന്ന് സംസ്ഥാനത്തിന് എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ?

(എ-ഡി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 18-01-2023-ലെ ഉത്തരവുപ്രകാരം, WP(C)244/2019 നമ്പർ കേസിലെ 12, 13 എതിർകക്ഷികളുടെയും പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ എന്ന സംഘടന

ഭാരവാഹികളുടെയും സ്ഥാവര സ്വത്തുക്കൾ റവന്യൂ റിക്കവറി നിയമത്തിലെ 35 -ാം വകുപ്പ് പ്രകാരം ജപ്തി ചെയ്ത് ലേല നടപടികൾ കൈക്കൊള്ളുന്നതിന് ഉത്തരവായിരുന്നു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പോപ്പുലർ ഫ്രണ്ട് സംഘടനാ ഭാരവാഹികളുടെ ലിസ്റ്റ് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ വസ്തുവകകളുടെ വിശദാംശങ്ങൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അറ്റാച്ച്മെന്റ് നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനായി ആഭ്യന്തര വകുപ്പിൽനിന്നും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

വ്യക്തികളുടെ സ്വത്ത് കണ്ടുകെട്ടുന്നതിനായി തയ്യാറാക്കിയ പട്ടികയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

സംസ്ഥാനത്തൊട്ടാകെ 209 സ്വത്തുക്കൾ ജപ്തി ചെയ്തിരുന്നു. പ്രസ്തുത ജപ്തി നടപടികളെ തുടർന്ന് ലഭിച്ച പരാതികൾ അതത് ജില്ലാ പോലീസ് മേധാവികൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർമാർക്ക് നൽകുകയും ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 160 വ്യക്തികളുടെ പേരിൽ നിലവിൽ ജപ്തി നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സംസ്ഥാനത്തിന്റെ നഷ്ടം നികത്തുന്നതിനായി ഇതിനോടകം എത്ര രൂപയുടെ സ്വത്ത് കണ്ടുകെട്ടിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) ഓരോ ജില്ലയിൽനിന്നും എത്ര തുകയ്ക്കുള്ള സ്വത്തുക്കൾ കണ്ടുകെട്ടിയിട്ടുണ്ടെന്നും എത്ര പേരുടെ സ്വത്തുക്കളാണ് കണ്ടുകെട്ടിയിട്ടുള്ളതെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(ഇ&എഫ്) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## സി.എ.ജി. പരിശോധന

82 (2035) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ ആഭ്യന്തര വകുപ്പിന് കീഴിലുള്ള എത്ര സ്ഥാപനങ്ങളിൽ അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയിട്ടുണ്ട്; പ്രസ്തുത പരിശോധനകളിലൂടെ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിശോധനകൾ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ലഭിച്ച റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ആഭ്യന്തര വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ തിരിച്ച് 25-05-2016 മുതലുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**അന്തിക്കാട് സ്റ്റേഷനിലെ എസ്.ഐ. ഓട്ടോറിക്ഷ ഡ്രൈവർമാരെ മർദ്ദിച്ചതായുള്ള പരാതി**

83 (2036) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷനിലെ എസ്.ഐ. ശ്രീ. ഹാരിഷ് രണ്ട് ഓട്ടോറിക്ഷ ഡ്രൈവർമാരെ മർദിച്ചതുമായി ബന്ധപ്പെട്ട് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 01-02-2023-ൽ ലഭിച്ച പ്രസ്തുത പരാതിയിൽ പ്രാഥമികാന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇരിങ്ങാലക്കുട ഡിവൈ.എസ്.പി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പോലീസുകാരുടെ ഗുണ്ടാ ബന്ധം**

84 (2037) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് ഗുണ്ടാ ബന്ധമുള്ളതായി കണ്ടെത്തിയിട്ടുള്ള പോലീസുകാരുടെ എണ്ണം എത്ര?

പോലീസ് ഉദ്യോഗസ്ഥരിൽ നിലവിൽ ഗുണ്ടാ ബന്ധമുണ്ടെന്ന് വ്യക്തമായ 8 പേരാണുള്ളത്.

(ബി) ഈ കാലയളവിൽ പോലീസുകാരുടെ ഗുണ്ടാ ബന്ധം സംബന്ധിച്ച് ആകെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്?

(സി) അപ്രകാരം ലഭിച്ച പരാതികൾക്കുപുറമെ ഗുണ്ടാ ബന്ധത്തിന്റെ പേരിൽ ആകെ എത്ര പോലീസുകാർക്കെതിരെയാണ് വകുപ്പുതല നടപടികളുൾപ്പെടെ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്?

(ബി&സി) പരിശോധനയിൽ പോലീസുകാരുടെ ഗുണ്ടാബന്ധം വ്യക്തമക്കുന്ന ഒരു പരാതി സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പരാതിയിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ഉൾപ്പെടെ 8 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഗുണ്ടാ ബന്ധത്തിന്റെ പേരിൽ നാളിതുവരെ ഏതെങ്കിലും പോലീസുകാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ; എങ്കിൽ അവരുടെ പേരുവിവരം ലഭ്യമാകുമോ?

ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ സർവ്വീസിൽനിന്ന് ആരെയും നീക്കം ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച പരിശോധനകൾ കർശനമായി നടന്നുവരികയാണ്.

## പോലീസ് സ്റ്റേഷനുകളുടെ ചുമതല സംബന്ധിച്ച്

85 (2038) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളുടെ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് കൈമാറിയതോടെ സബ് ഇൻസ്പെക്ടർമാർ നിഷ്ക്രിയരായെന്നും ഗുണ്ടാ ആക്രമണങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുവെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പോലീസ് സബ് ഇൻസ്പെക്ടർമാർ നിഷ്ക്രിയരായെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസ് സ്റ്റേഷൻ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് കൈമാറിക്കൊണ്ട് മുൻ സർക്കാർ നടപ്പാക്കിയ പരിഷ്കരണത്തെക്കുറിച്ച് പരിശോധിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നും സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(ഡി) പോലീസ് സ്റ്റേഷൻ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് കൈമാറിയ നടപടി പുനഃപരിശോധിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി-ഡി) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം പഠിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി. ശ്രീ. കെ. പത്മകുമാർ, ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർ അംഗങ്ങളായി ഒരു കമ്മിറ്റി സംസ്ഥാന പോലീസ് മേധാവി രൂപീകരിച്ചിരുന്നു.

ശ്രീ. ടി. കെ. വിനോദ്കുമാർ, ഐ.പി.എസ്., എ.ഡി.ജി.പി. (ഇന്റലിജൻസ്), ശ്രീ. എം. ആർ. അജിത്കുമാർ, ഐ.പി.എസ്. എ.ഡി.ജി.പി. (എൽ&ഒ), ശ്രീമതി ഹർഷിത അട്ടല്ലൂരി, ഐ.പി.എസ്.,

ഐ.ജി.പി. ക്രൈം ബ്രാഞ്ച്, ശ്രീ. ഹരിശങ്കർ ഐ.പി.എസ്., എ.ഐ.ജി. പോലീസ് ആസ്ഥാനം.

പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) സംസ്ഥാനത്ത് സബ് ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായിട്ടുള്ള പോലീസ് സ്റ്റേഷനുകളുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് സബ് ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായിട്ടുള്ള നഗരൂർ (തിരുവനന്തപുരം റൂറൽ), അച്ചൻകോവിൽ (കൊല്ലം റൂറൽ), കൊപ്പം (പാലക്കാട്), പുതൂർ (പാലക്കാട്), പിണറായി (കണ്ണൂർ സിറ്റി) എന്നീ 5 Law & Order പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. ഇവ കൂടാതെ പാറശ്ശാല, കൊല്ലം, പുനലൂർ, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ റെയിൽവെ പോലീസ് സ്റ്റേഷനുകളിൽ സബ് ഇൻസ്പെക്ടർമാർ SHO-മാരാണ്. 14 വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിലുള്ളതിൽ തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, തൃശ്ശൂർ സിറ്റി, ആലപ്പുഴ, കൊല്ലം സിറ്റി, തൃശ്ശൂർ റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി, കോട്ടയം എന്നിവിടങ്ങളിൽ സബ് ഇൻസ്പെക്ടർമാരാണ് SHO-മാരായിട്ടുള്ളത്.

## പോലീസ് സേനയുടെ ഇടപെടൽ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

86 (2039) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാനപാലനം, കുറ്റാന്വേഷണം എന്നിവയ്ക്കുപുറമേ പൗരസേവനത്തിലും രാജ്യത്ത് ഏറ്റവും മികവ് പുലർത്തുന്ന സേനയായി മാറാൻ കേരള പോലീസിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

കഴിഞ്ഞിട്ടുണ്ട്. ജനമൈത്രി പദ്ധതിയുടെ ഭാഗമായി പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം ശക്തമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താതെ തന്നെ ഓൺലൈൻ മുഖേന പരാതി സമർപ്പിക്കുന്നതിന് Thuna, Aparajitha Online എന്നീ സംവിധാനങ്ങളും Traffic Fine അടക്കുന്നതിലേയ്ക്കായി ഇ-ചെലാൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സീനിയർ സിറ്റിസൺ, വനിതകൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ പരാതികളിൽ അടിയന്തര പരിഹാരം ലഭ്യമാക്കുന്നതിന് എല്ലാ സ്റ്റേഷനുകളിലും പബ്ലിക് റിലേഷൻസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

കാണാതായ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി Track Child ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനും സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിനും സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമ വിഷയങ്ങൾ എന്നിവയിൽ പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽനിന്നുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർക്കും ഘട്ടംഘട്ടമായി നൽകിയിട്ടുണ്ട്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ പരാതി നൽകുന്നതിനായി പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം.

പൊതു, സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീസുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് സംവിധാനം, ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ സംവിധാനം, ഹെൽപ്പ് ഡെസ്ക് സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുള്ളതും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതുമാണ്.

സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധം വർദ്ധിപ്പിക്കുന്നതിന് വേണ്ടി Self Defence പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. അടിയന്തര പോലീസ് സഹായം ലഭ്യമാകുന്ന പോലീസിന്റെ 1515, 112, 1090, 1091 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ വിളിച്ച് പോലീസ് സഹായം തേടാവുന്നതാണ്. സ്ത്രീകളുടെ പ്രശ്നപരിഹാരത്തിനായി Domestic Conflict Resolution Centre (DCRC) വനിതാ സെല്ലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഏതെങ്കിലും സാഹചര്യത്തിൽ

അപകടത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിർഭയം ആപ്പ് (NIRBHAYAM APP) ആരംഭിച്ചിട്ടുണ്ട്.

വയോജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾക്കായി Elder Helpline സാമൂഹ്യ ക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ പോലീസ് സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന പൗരന്മാർക്കായി CARE, Senior Citizen Help Desk എന്നീ സംവിധാനങ്ങൾ വഴി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ജനമൈത്രി ബീറ്റ് സംവിധാനം വഴി ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഇവർക്കാവശ്യമായ സുരക്ഷ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും SI/Addl.SI/ASI റാങ്കിൽപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥരെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി നിയോഗിച്ചിട്ടുണ്ട്.

(ബി) ഫിക്കി അഖിലേന്ത്യാതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള വിവിധ അവാർഡുകൾ കേരള പോലീസിന് ലഭിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം മേഖലകളിലെ മികവിനാണ് അവാർഡ് ലഭിച്ചത്; വിശദാംശം നൽകുമോ?

കേരള പോലീസ് സൈബർ ഡോമിന് സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് 2018-ൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ്

കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി) സ്മാർട്ട് പോലീസിംഗ് അവാർഡ് ലഭിച്ചു.

കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്ന വിഭാഗത്തിൽ കേരള പോലീസിന്റെ കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ സെന്ററിനും അടിയന്തര ഘട്ടങ്ങളിൽ എത്രയുംവേഗം സഹായം ലഭ്യമാക്കുന്നതിന് രൂപംനൽകിയ എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റത്തിനുമാണ് 2020-ലെ ഫിക്കി സ്മാർട്ട് പോലീസിംഗ് അവാർഡ് ലഭിച്ചത്.

ഫിക്കി നൽകുന്ന 2021-ലെ സ്മാർട്ട് പോലീസിംഗ് അവാർഡും സ്പെഷ്യൽ ജ്യൂറി അവാർഡും കേരള പോലീസിന് ലഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗ് വിഭാഗത്തിൽ കേരള പോലീസ് അസിസ്റ്റന്റ് ചാറ്റ് ബോട്ട് സർവ്വീസ്, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്ന വിഭാഗത്തിൽ ചിരി ഹെൽപ്പ് ലൈൻ, ദുരന്ത മേഖലകളിലെ അടിയന്തര ഇടപെടൽ വിഭാഗത്തിൽ ഇതിനായി പ്രത്യേകം രൂപീകരിച്ച ഡിസാസ്റ്റർ ആൻഡ് എമർജൻസി റെസ്പോൺസ് സംവിധാനവും പരിശീലന വിഭാഗത്തിൽ മൈൻഡ്ഫുൾ ലൈഫ് മാനേജ്മെന്റും മറ്റ് പോലീസ് സംരംഭങ്ങൾ പരിഗണിച്ചതിൽ സെന്റർ ഫോർ എംപ്ലോയി എൻഹാൻസ്മെന്റ് ആൻഡ് ഡെവലപ്മെന്റ് അവാർഡിന് അർഹമായി. കേരളാ പോലീസിന്റെ വിവിധ മേഖലകളിലെ

ആശയനിർവ്വഹണ നേട്ടങ്ങൾ കണക്കിലെടുത്ത് സ്മാർട്ട് ഇന്നൊവേറ്റീവ് പോലീസിംഗ് എന്ന വിഭാഗത്തിൽ സ്പെഷ്യൽ ജൂറി അവാർഡും 2021-ൽ കേരളാ പോലീസിന് ലഭിച്ചു.

(സി) സംസ്ഥാനത്തെ പ്രധാനകേന്ദ്രങ്ങളും തെരുവുകളും ക്യാമറ നിരീക്ഷണത്തിലാക്കാനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനരീതി അറിയിക്കാമോ?

ഉണ്ട്. പ്രധാന കേന്ദ്രങ്ങളിലും തെരുവുകളിലും ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽനിന്നും ലഭിക്കുന്ന ദൃശ്യങ്ങൾ അതത് പോലീസ് കൺട്രോൾ റൂമുകളിൽ ലഭിക്കുന്ന വിധത്തിലാണ് ഒരുക്കിയിട്ടുള്ളത്. ഇവ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള സംവിധാനം ടി കൺട്രോൾ റൂമുകളിലുണ്ട്. ടി ക്യാമറകളിലൂടെ ലഭിക്കുന്ന ദൃശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) അടിയന്തര സഹായത്തിന് വിളിച്ചാലുടൻ സേവനം ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ പോലീസ് സേനയുടെ ഇടപെടൽ ശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പോലീസ് ആസ്ഥാനത്ത് ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ 112 എന്ന ടോൾ ഫ്രീ സംവിധാനത്തിലൂടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന Emergency Response Support System (ERSS) കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നു. ഈ സംവിധാനം ഉപയോഗിച്ച് പൊതുജനങ്ങൾക്ക് കേരളത്തിൽ ഏത് സ്ഥലത്തുനിന്നും അടിയന്തര പോലീസ് സേവനം ആവശ്യപ്പെടാവുന്നതാണ്.

**ഡി.ജെ. പാർട്ടികളിൽ പോലീസ് നിരീക്ഷണം ഏർപ്പെടുത്താൻ നടപടി**

87 (2040) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന ഡി.ജെ. പാർട്ടികളിൽ വ്യാപകമായി മദ്യവും മയക്കുമരുന്നും ഉപയോഗിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നടക്കുന്ന ഡി.ജെ. പാർട്ടികളിൽ വ്യാപകമായി മദ്യവും മയക്കുമരുന്നും ഉപയോഗിച്ചുവരുന്നതായി കണ്ടെത്തിയിട്ടില്ല.

(ബി) ഇത്തരം പാർട്ടികളിൽ പോലീസ് നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഡി.ജെ. പാർട്ടികൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ, അത്തരം പാർട്ടികൾ നടത്തുന്ന സ്ഥലത്ത്, ശക്തമായ പോലീസ് പരിശോധനയും നിരീക്ഷണവും ഏർപ്പെടുത്തിവരുന്നു. ഡി.ജെ. പാർട്ടി നടക്കുന്ന വിവരം സംഘാടകർ മുൻകൂട്ടി അറിയിക്കണമെന്നും മദ്യവും മയക്കുമരുന്നും ഉപയോഗിക്കരുതെന്നും സംഘാടകരുടെ പൂർണ്ണവിവരങ്ങൾ ലഭ്യമാക്കണമെന്നും ഡി.ജെ. പാർട്ടി നടക്കുന്നയിടങ്ങളിൽ സംഘാടകർക്ക് പോലീസ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഡി.ജെ. പാർട്ടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ നടത്തിവരുന്ന ഡി.ജെ. പാർട്ടികളിലെ ലഹരി ഉപയോഗമടക്കമുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയേണ്ടതുസംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനായി ടൂറിസം വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം

നൽകുകയും ടൂറിസം വകുപ്പ് സെക്രട്ടറി 20-12-2022-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

1) ഡി.ജെ. പാർട്ടിക്ക് ആതിഥേയത്വം വഹിക്കുന്ന ഹോട്ടലുകളും റസ്റ്റോറന്റുകളും ഡി.ജെ. പാർട്ടി നടത്തുന്നതിന് 24 മണിക്കൂറിന് മുമ്പ് പാർട്ടി നടത്തുന്നവരുടെയോ/പാർട്ടിക്ക് ബുക്ക് ചെയ്തവരുടെയോ പേരും അഡ്രസ്സും (നിശ്ചിത ID പ്രൂഫ് സഹിതം) അധികാര പരിധിയിലുള്ള പോലീസ് സ്റ്റേഷനിലും എക്സൈസ് റേഞ്ച് ഓഫീസിലും ഇ-മെയിൽ മുഖേന മാത്രം അറിയിക്കേണ്ടതാണ്.

2) ഹോട്ടലുകളും റസ്റ്റോറന്റുകളും സ്വന്തമായി ഡി.ജെ. പാർട്ടി നടത്തുന്ന പക്ഷം ഡി.ജെ. പാർട്ടി നടത്തുന്നതിനുള്ള ഉത്തരവാദിത്തം മാനേജരുടെ പേരിലോ അല്ലെങ്കിൽ ഹോട്ടലിലെ പേ റോളിലുള്ള ജീവനക്കാരന്റെ പേരിലോ നിക്ഷിപ്തമാക്കേണ്ടതും പ്രസ്തുത വിവരം മേൽ വിവരിച്ച പ്രകാരം ഇ-മെയിൽ മുഖേന മാത്രം അറിയിക്കേണ്ടതുമാണ്. ഡി.ജെ. പാർട്ടി നടക്കുന്നയിടങ്ങളിൽ മയക്കുമരുന്ന് ഉപയോഗിക്കുന്നത് തടയുന്നതിനായി മുൻകൂട്ടി അറിയിക്കാതെ പരിശോധിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നത്.

3) ആഡംബര ഹോട്ടലുകളുടെ പരിസരങ്ങളിൽനിന്നും മയക്കുമരുന്ന് പിടിച്ചെടുത്താൽ പ്രസ്തുത ഹോട്ടലുകൾക്കെതിരെ കർശന നടപടിയെടുക്കുമെന്ന മുന്നറിയിപ്പ് എക്സൈസും കസ്റ്റംസ് വകുപ്പും നൽകേണ്ടതാണ്.

4) ലഹരിക്കടത്ത് നടത്തുന്നവരും കരിമ്പട്ടികയിൽപ്പെട്ടവരും ഡി.ജെ. പാർട്ടികളിൽ പങ്കെടുക്കുന്നത് തടയാനായി ഇത്തരക്കാരുടെ വിവരങ്ങൾ പാർട്ടി സംഘാടകർക്കും/ഹോട്ടലുടമകൾക്കും നൽകേണ്ടതും ഇത്തരക്കാർ ഒഴിവാക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.

കൂടാതെ ഡി.ജെ. പാർട്ടി നടത്തുന്നതുസംബന്ധിച്ച് ഒരു പൊതു മാനദണ്ഡം നിശ്ചയിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ടവരുടെ യോഗം അടിയന്തരമായി വിളിച്ചുചേർക്കാനും പ്രസ്തുത യോഗത്തിൽ തീരുമാനം കൈക്കൊള്ളുകയുണ്ടായി.

**ലാബിൽ വടിവാൾ നിർമ്മിച്ച സംഭവത്തിൽ പോലീസ് അന്വേഷണം**

88 (2041) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി കെ. കെ. രമ:

<u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പാഠ്യപദ്ധതി പ്രവർത്തി പരിചയത്തിന്റെ പേരിൽ ആയുധ നിർമ്മാണം നടക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ധനുവച്ചപുരം ഐ.ടി.ഐ.-യിലെ വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ ലാബിൽ വാൾ നിർമ്മിച്ചതായി കണ്ടെത്തിയതിൽ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ വിശദമാക്കാമോ; പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) സമാനമായ സംഭവങ്ങൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ-ഡി) ഒപ്പ് വയ്ക്കാത്ത ഒരു പരാതി ഇ-മെയിലായി 08-07-2022-ൽ നെയ്യാറ്റിൻകര DySP-യ്ക്ക് ലഭിച്ചിരുന്നു. പോലീസ് അന്വേഷണത്തിൽ പ്രസ്തുത പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾക്ക് തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

## സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

89 (2042) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ പോലീസ് സ്റ്റേഷനുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; ഇവയിൽ എത്ര സ്റ്റേഷനുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 549 പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. ഇവയിൽ 46 പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

(ബി) എത്ര പോലീസ് സ്റ്റേഷനുകളിലാണ് ശിശു സൗഹൃദ കേന്ദ്രവുംകൂടി ഉൾപ്പെടുന്നതെന്നും ഇവയിലൂടെ കുട്ടികൾക്ക് പോലീസിന്റെ മഹത്വം മനസ്സിലാക്കാനുള്ള എന്തൊക്കെ അവസരങ്ങളാണ് നടപ്പാക്കി വരുന്നതെന്നും വിശദാംശം ലഭ്യമാക്കുമോ?

142 പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കിയിട്ടുണ്ട്. പോലീസുകാർ കുട്ടികളുടെ സംരക്ഷണത്തിനുള്ള ആളുകളാണെന്നും കുട്ടികളുടെ ഏതു പ്രശ്നത്തിനും പോലീസ് അവരുടെകൂടെ ഉണ്ടാകുമെന്നും അവരുടെ മാനസികവും ശാരീരികവുമായ ഏതുതരത്തിലുള്ള ബുദ്ധിമുട്ടും ഒരു സുഹൃത്തിനോടെന്നപോലെ പോലീസുകാരോട്

തുറന്നുപറയാനും ഏതവസരത്തിലും പോലീസ് സ്റ്റേഷനിലേയ്ക്ക് കടന്നുചെല്ലാനുമുള്ള മാനസികാവസ്ഥ കുട്ടികളിൽ സൃഷ്ടിക്കാൻ ഇത്തരം ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ സഹായിക്കുന്നു.

(സി) അഗതികൾക്ക് എല്ലാ ദിവസവും സൗജന്യ ഭക്ഷണം നൽകിവരുന്നതും മത്സര പരീക്ഷകളിൽ വിജയിക്കാൻ പരിശീലനം നൽകിവരുന്നതും പൊതുവായനശാലകൾ നടത്തിവരുന്നതുമായ പോലീസ് സ്റ്റേഷനുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഇത്തരം സേവനങ്ങൾ നടത്തിവരുന്ന ജില്ലകളിലെ വിവിധ പോലീസ് സ്റ്റേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഇടുക്കി ജില്ലയിലെ മറയൂർ, തൊടുപുഴ, കാഞ്ഞാർ എന്നീ സ്റ്റേഷനുകളുടെ പരിധിയിലുള്ള SSLC/Plus Two പരീക്ഷകളിൽ തോറ്റതും drop out ആയതുമായ 39 കുട്ടികൾക്ക് HOPE പദ്ധതി പ്രകാരം തുടർ പഠനത്തിനുള്ള അവസരവും പരിശീലനവും നൽകിവരുന്നു. കൂടാതെ മറയൂർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ആദിവാസി മേഖലയിലെ കുട്ടികൾക്കായി ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ പി.എസ്.സി. കോച്ചിംഗ് ക്ലാസ് നടത്തിവരുന്നു.

തൃശ്ശൂർ ജില്ലയിലെ കൊരട്ടി പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ പൊതുജനങ്ങളുടെയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ പാഥേയം എന്ന പേരിൽ ഭക്ഷണ വിതരണം നടത്തിവരുന്നു. മലക്കപ്പാറ, പീച്ചി എന്നീ പോലീസ് സ്റ്റേഷനുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ പി.എസ്.സി. കോച്ചിംഗ് ക്ലാസ് നടത്തിവരുന്നു.

കോഴിക്കോട് ജില്ലയിൽ മാറാട് പോലീസ് സ്റ്റേഷന്റെ കീഴിൽ പൊതുജനങ്ങൾക്കായി ഒരു വായനശാല പ്രവർത്തിക്കുന്നു.

വയനാട് പോലീസ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സൗജന്യ പി.എസ്.സി. കോച്ചിംഗ് ക്ലാസ് നടത്തിവരുന്നു.

കണ്ണൂർ ജില്ലയിൽ അഗതികൾക്കായി 'അക്ഷയ പാത്രം' എന്ന പേരിൽ സൗജന്യ ഭക്ഷണവിതരണവും തലശ്ശേരി പോലീസ് സ്റ്റേഷനിൽ സൗജന്യ പി.എസ്.സി. കോച്ചിംഗ് സെന്ററും നടത്തിവരുന്നുണ്ട്.

## രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട കേസുകളിൽ ഹാജരായ അഭിഭാഷകർ

90 (2043) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് ഏതൊക്കെ കേസുകളിൽ സംസ്ഥാന സർക്കാർ പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടുണ്ട്; ഓരോ കേസിലും ഹാജരായ അഭിഭാഷകർ ആരൊക്കെയാണ്; ഓരോരുത്തർക്കും ഫീസിനത്തിലും യാത്രാബത്തയായും മറ്റ് ആനുകൂല്യങ്ങളായും അനുവദിച്ച തുക എത്രയാണ്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ കേസുകൾക്ക് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടുള്ള കേസുകളുടെയും ഫീസിനത്തിൽ അനുവദിച്ച തുകയുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹാജരായതിന് യാത്രപ്പടി, താമസം, ഭക്ഷണം എന്നിങ്ങനെ ചെലവഴിച്ച തുകയുടെയും മേൽ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഹാജരായ കേസുകളുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ധനുവച്ചപുരം ഐ.ടി.ഐ. ലാബിലെ ആയുധ നിർമ്മാണത്തിനെതിരെ നടപടി**

91 (2044) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനുവച്ചപുരം ഐ.ടി.ഐ.-യിലെ ലാബിൽ ആയുധങ്ങൾ നിർമ്മിച്ചതായി ആക്ഷേപമുയർന്ന സംഭവത്തിൽ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിന്മേൽ ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; പോലീസ് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ഒപ്പുവയ്ക്കാത്ത ഒരു പരാതി ഇ-മെയിലായി 08-07-2022-ൽ നെയ്യാറ്റിൻകര ഡിവൈ.എസ്.പി.-ക്ക് ലഭിച്ചിരുന്നു. പോലീസ് അന്വേഷണത്തിൽ പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾക്ക് തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

**പോലീസ് വകുപ്പിലെ സബ് ഇൻസ്പെക്ടർമാരുടെ നിയമനം**

92 (2045) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ സബ് ഇൻസ്പെക്ടർമാരുടെ എത്ര തസ്തിക നിലവിലുണ്ടെന്ന് അറിയിക്കാമോ?

പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ കേഡറിൽ (KCP) ആകെ 2022 തസ്തികകൾ നിലവിലുണ്ട്.

(ബി) 31-12-2022-ലെ കണക്ക് പ്രകാരം പോലീസ് വകുപ്പിൽ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ, കോൺസ്റ്റാബുലറി വിഭാഗത്തിൽനിന്ന് സ്ഥാനക്കയറ്റം ലഭിച്ച് നിലവിൽ പ്രവൃത്തിയെടുത്തുവരുന്ന സബ് ഇൻസ്പെക്ടർമാരുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് നിയമനം ലഭിച്ച് നിലവിൽ പ്രവൃത്തിയെടുത്തുവരുന്ന സബ് ഇൻസ്പെക്ടർമാരുടെയും എണ്ണം വ്യക്തമാക്കാമോ?

31-12-2022-ലെ കണക്ക് പ്രകാരം പോലീസ് സേനയിൽ സബ് ഇൻസ്പെക്ടർ കേഡറിൽ (കെ.സി.പി.) പ്രമോഷൻ വഴി നിയമനം ലഭിച്ച 918 എസ്.ഐ.-മാരും നേരിട്ട് നിയമനം ലഭിച്ച 697 എസ്.ഐ.-മാരും നിലവിലുണ്ട്.

(സി) ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ചുമതല പോലീസ് ഇൻസ്പെക്ടർമാരെ ഏൽപ്പിച്ച

ഉത്തരവിനെത്തുടർന്ന് എത്ര സബ് ഇൻസ്പെക്ടർമാരെയാണ് പ്രമോട്ട് ചെയ്ത് പോലീസ് ഇൻസ്പെക്ടർമാരാക്കിയത്; അപ്രകാരം പ്രമോഷനിൽ ഉൾപ്പെട്ട കോൺസ്റ്റാബുലറി വിഭാഗത്തിൽനിന്ന് സ്ഥാനക്കയറ്റം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് നിയമനം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെയും എണ്ണം വ്യക്തമാക്കാമോ?

നേരിട്ട് നിയമനം ലഭിക്കുന്ന സബ് ഇൻസ്പെക്ടർമാരുടെയും Police Constabulary വിഭാഗത്തിൽനിന്നും പ്രമോഷനായി വരുന്ന സബ് ഇൻസ്പെക്ടർമാരുടെയും സംയോജിത സീനിയോരിറ്റി ലിസ്റ്റ് അടിസ്ഥാനമാക്കി യോഗ്യതയുള്ളവർക്കാണ് ഇൻസ്പെക്ടർ തസ്തികയിൽ പ്രമോഷൻ നൽകിവരുന്നത്. കേരള സിവിൽ പോലീസ് വിഭാഗത്തിൽ 29-01-2018-ലെ സ.ഉ. (കൈ) നം. 150/2018/ആഭ്യന്തരം പ്രകാരം അപ്ഗ്രേഡ് ചെയ്ത് 268 ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികകകളാണ് സൃഷ്ടിക്കപ്പെട്ടത്.

(ഡി) ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ 01-01-2012 മുതൽ 31-12-2022 വരെ കോൺസ്റ്റാബുലറി വിഭാഗത്തിൽനിന്ന് സ്ഥാനക്കയറ്റം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

വഴി നേരിട്ട് നിയമനം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെയും എണ്ണം വ്യക്തമാക്കാമോ?

ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ 01-01-2012 മുതൽ 31-12-2022 വരെ കോൺസ്റ്റാബുലറി വിഭാഗത്തിൽനിന്ന് സ്ഥാനക്കയറ്റം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് നിയമനം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെയും ആകെ എണ്ണം ചുവടെ ചേർക്കുന്നു.

പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ച എസ്.ഐ.-മാരുടെ എണ്ണം - 1091

സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ച എസ്.ഐ-മാരുടെ എണ്ണം - 4109

(ഇ) ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ 01-01-2012 മുതൽ 31-12-2022 വരെ കോൺസ്റ്റാബുലറി വിഭാഗത്തിൽനിന്ന് സ്ഥാനക്കയറ്റം ലഭിച്ച എത്ര സബ് ഇൻസ്പെക്ടർമാർക്ക് പോലീസ് ഇൻസ്പെക്ടർമാരായി പ്രമോഷൻ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രമോഷൻ വഴിയുള്ളവരും നേരിട്ട് നിയമനം ലഭിച്ചവരുമടങ്ങുന്ന സബ് ഇൻസ്പെക്ടർമാരുടെ സംയോജിത പട്ടികയാണ് നിലവിലുള്ളത്. വേർതിരിച്ച് പട്ടിക സൂക്ഷിക്കുന്നില്ല.

(എഫ്) കേരള സിവിൽ പോലീസ് കേഡർ നിലവിൽ വന്നപ്പോൾ ജില്ലാ റിസർവ്, ആംഡ് പോലീസ് ബറ്റാലിയൻ എന്നീ യൂണിറ്റുകളിലെ എത്ര സബ് ഇൻസ്പെക്ടർമാരെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇപ്രകാരം പുതുതായി സൃഷ്ടിച്ച സബ് ഇൻസ്പെക്ടർ തസ്തികളിൽ കോൺസ്റ്റാബുലറി വിഭാഗത്തിൽനിന്ന് സ്ഥാനക്കയറ്റം ലഭിച്ച സബ് ഇൻസ്പെക്ടർമാർ/നേരിട്ട് നിയമനം ലഭിക്കുന്ന സബ് ഇൻസ്പെക്ടർമാർ എന്ന അനുപാതം പാലിച്ചിട്ടുണ്ടോ; എങ്കിൽ രണ്ട് വിഭാഗത്തിൽനിന്നും എത്ര പേരെ വീതം ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരള സിവിൽ പോലീസ് കേഡർ (KCP) തെരഞ്ഞെടുത്ത് ഓപ്ഷൻ നൽകിയ 34 പേരെ സിവിൽ പോലീസ് കേഡറിലേയ്ക്ക് മാറ്റി നിയമിച്ചു. ഈ നിയമനം സ്ഥാനക്കയറ്റമല്ല.

(ജി) ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ കോൺസ്റ്റാബുലറി വിഭാഗത്തിൽനിന്ന് സ്ഥാനക്കയറ്റം ലഭിച്ച സബ് ഇൻസ്പെക്ടർ വിരമിക്കുന്ന ഒഴിവിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് സബ് ഇൻസ്പെക്ടർമാരെ നിയമിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള പോലീസ് സേനയിൽ പ്രമോഷൻ വഴി നിയമിതരായ എസ്.ഐ.-മാരുടെയും നേരിട്ട് നിയമിതരായ എസ്.ഐ.-മാരുടെയും അനുപാതം കൃത്യമായും 1:1 എന്ന രീതിയിൽ നിലനിർത്തിയാണ് നിയമനം നടത്തി വരുന്നത്.

## പ്ലസ് വൺ വിദ്യാർത്ഥി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവം

93 (2046) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ക്ലാപ്പന സ്വദേശിയായ പ്ലസ് വൺ വിദ്യാർത്ഥി പോലീസിനെതിരെ ആത്മഹത്യാക്കുറിപ്പെഴുതി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) അടിപിടിക്കേസിൽ നൽകിയ പരാതി ഒത്തുതീർപ്പാക്കാൻ ഓച്ചിറ പോലീസ് ശ്രമിച്ചുവെന്നും ഇതിന് വിസമ്മതിച്ചപ്പോൾ പോലീസ് ഭീഷണിപ്പെടുത്തിയെന്നുമുള്ള വിദ്യാർത്ഥിയുടെ ആരോപണം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) പരാതി പോലീസ് ഒത്തുതീർപ്പാക്കാൻ ശ്രമിക്കുകയോ വിദ്യാർത്ഥിയെ പോലീസ് ഉദ്യോഗസ്ഥർ ഭീഷണിപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിദ്യാർത്ഥി പിതാവിനോടൊപ്പമാണ് സ്റ്റേഷനിൽ ഹാജരായത്. പരാതിയിൽ മൊഴി രേഖപ്പെടുത്തി ക്രൈം നം. 94/2023 u/s 143, 147, 148, 341, 324 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**ലഹരിക്കടത്ത് കേസിന്മേലുള്ള അന്വേഷണം**

94 (2047) ശ്രീമതി. ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കടത്ത് കേസിൽ ആരോപണ വിധേയനായ ആലപ്പുഴ ജില്ലയിലെ പ്രമുഖ രാഷ്ട്രീയപാർട്ടിയുടെ നേതാവിനെതിരെ അനധികൃത സ്വത്ത് സമ്പാദനം ഉൾപ്പെടെ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പരാതിയിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യക്തിക്കെതിരെ കേന്ദ്ര ഏജൻസികൾക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ചോദ്യം വ്യക്തമല്ലാത്തതിനാൽ മറുപടി ലഭ്യമാക്കാൻ നിർവ്വാഹമില്ല.

**ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘം നിക്ഷേപ തട്ടിപ്പ് കേസിന്മേലുള്ള അന്വേഷണം**

95 (2048) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.എൻ.എൽ. എഞ്ചിനിയേഴ്സ് സഹകരണ സംഘം നിക്ഷേപത്തട്ടിപ്പ് കേസിൽ പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടോയെന്ന് അറിയിക്കാമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1266/2022 U/s 408, 409, 420, 477(A) r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് തുടരന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും ക്രൈം ബ്രാഞ്ച് ക്രൈം നം.

81/CB/EOW/TVM/R/2023 U/s 408,409,420,477 (A) r/w 34 IPC ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തി വരുന്നതുമാണ്.

(ബി) പ്രസ്തുത കേസിലെ പോലീസ് അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാന ക്രൈം ബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗമാണ് കേസിന്റെ അന്വേഷണം നടത്തിവരുന്നത്. ക്രൈം ബ്രാഞ്ച് എസ്.പി.-യുടെ നേതൃത്വത്തിൽ രണ്ട് ഡിവൈ.എസ്.പി-മാർ മൂന്ന് ഡിറ്റക്ടീവ് ഇൻസ്പെക്ടർമാർ ഉൾപ്പെടെ 13 പേരടങ്ങുന്ന പ്രത്യേക സംഘത്തെ അന്വേഷണത്തിനായി നിയോഗിച്ചിട്ടുണ്ട്. കേസിലെ പ്രതികളുടെ വസ്തുവകകളുടെ ക്രയവിക്രയം തടയണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട അധികാരികൾക്കും ബഹുമാനപ്പെട്ട കോടതിക്കും അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. കേസിലെ രണ്ടാം പ്രതിയായ പ്രദീപ് കുമാറിനെ അറസ്റ്റ് ചെയ്തിട്ടുള്ളതും അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നതുമാണ്.

(സി) പ്രസ്തുത തട്ടിപ്പിനിരയായവർക്ക് നഷ്ടപ്പെട്ട പണം തിരിച്ചുനൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ക്രമക്കേട് നടത്തിയവരുടെ വസ്തുവകകളിൽനിന്നും തുക ഈടാക്കി നിക്ഷേപകർക്ക് നൽകുന്നതിനുള്ള നിയമാനുസൃതമായ നടപടികൾ സഹകരണ വകുപ്പ് സ്വീകരിച്ചുവരുന്നു.

**വാമനപുരം മണ്ഡലത്തിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ**

96 (2049) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നിലവിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) യൂണിറ്റുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വാമനപുരം നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന 12 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ നിലവിലുണ്ട്.

1. ഗവ.എച്ച്.എസ്.എസ്.,വെഞ്ഞാറമൂട്

2. ഗവ. ഗേൾസ് എച്ച്.എസ്.എസ്., കന്യാകുളങ്ങര

3. ഗവ. എച്ച്.എസ്.എസ്., മുതുമല

4. ഗവ. വൊക്കേഷണൽ എച്ച്.എസ്.എസ്., കല്ലറ

5. ഗവ. എച്ച്.എസ്.എസ്., ഭരതന്നൂർ

6. ഗവ. ഗേൾസ് എച്ച്.എസ്.എസ്., നെടുമങ്ങാട് (എച്ച്.എസ്. വിംഗ്)

7. ഗവ.ഗേൾസ് എച്ച്.എസ്.എസ്., നെടുമങ്ങാട് (എച്ച്.എസ്.എസ്. വിംഗ്)

8. എസ്.എൻ.വി.എച്ച്.എസ്.എസ്., ആനാട്

9. പി.എച്ച്.എം.കെ.എം.വി. എച്ച്.എസ്.എസ്., പനവൂർ

10. ബി.ആർ.എം. എച്ച്.എസ്., ഇളവട്ടം

11. എ.വി.എൻ.എം.ആർ.എസ്., ഞാറനീലി

12. എസ്.കെ.വി., നന്ദിയോട്

(ബി) പുതുതായി എസ്.പി.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഏതെല്ലാം സ്കൂളുകളിൽനിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അപേക്ഷകളുടെ നിലവിലെ പുരോഗതിയും അറിയിക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല.

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ സ്കൂളുകളിലെ എസ്.പി.സി. പദ്ധതി**

97 (2050) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ കീഴിൽ നിലവിൽ എത്ര സ്കൂളുകൾ വരുന്നുണ്ടെന്ന് സർക്കാർ-എയ്ഡഡ് മേഖല തരംതിരിച്ച് വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ സെന്റ് മേരീസ് എച്ച്.എസ്.എസ്. വല്ലാർപാടം (എയ്ഡഡ്) സ്കൂളിൽ എസ്.പി.സി. യൂണിറ്റ് നിലവിലുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഈ അദ്ധ്യയന വർഷം എത്ര സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സർക്കാർ-എയ്ഡഡ് മേഖല തിരിച്ച് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല.

(സി) എസ്.പി.സി. പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

എസ്.പി.സി. പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിനോ ഹയർ സെക്കണ്ടറി വിഭാഗത്തിനോ കുറഞ്ഞത് 500 വിദ്യാർത്ഥികളെങ്കിലും ഉണ്ടായിരിക്കണം. പ്രവർത്തനക്ഷമമായ അധ്യാപക രക്ഷാകർതൃ സമിതി ഉണ്ടായിരിക്കണം. അധ്യാപക-രക്ഷാകർതൃ സമിതി

സജീവമായി പ്രവർത്തിക്കുകയും ശിശു സൗഹാർദ്ദപരമായ മനോഭാവവും സന്നദ്ധതയുമുള്ള രണ്ട് അദ്ധ്യാപകരെ സ്കൂളിൽ പദ്ധതി പ്രവർത്തനങ്ങൾ നയിക്കുന്നതിനായി നിയോഗിക്കേണ്ടതും അധ്യാപകർ കഴിവതും 50 വയസ്സിൽ താഴെയുള്ളവരും ശാരീരികക്ഷമതയുള്ളവരും ആക്ടീവായിട്ടുള്ളവരുമായിരിക്കണം. ആൺകുട്ടികളും പെൺകുട്ടികളുമുള്ള സ്കൂളുകളുടെ കാര്യത്തിൽ (Co-ed Schools), പ്രോഗ്രാം നയിക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകരിൽ ഒരാൾ വനിതയായിരിക്കണം. കായികക്ഷമത പരിശീലനത്തിനുള്ള ഗ്രൗണ്ട്, എസ്.പി.സി. ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള മുറി, കേഡറ്റുകൾക്ക് എസ്.പി.സി. യൂണിഫോം, പി.റ്റി. ഡ്രസ്സ് എന്നിവ മാറ്റാനുള്ള സൗകര്യം മറ്റ് അവശ്യ സൗകര്യങ്ങൾ എന്നിവയുണ്ടായിരിക്കണം.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

98 (2051) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

മലമ്പുഴ നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന 5 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ നിലവിലുണ്ട്.

1. ഗവ. വൊക്കേഷണൽ എച്ച്.എസ്.എസ്., മലമ്പുഴ (എച്ച്.എസ്. വിംഗ്)

2. ജി.എ.പി.എച്ച്.എസ്. എലപ്പുള്ളി (എച്ച്.എസ്. വിംഗ്)

3. ഗവ. ആശ്രമം സ്കൂൾ മലമ്പുഴ (എച്ച്.എസ്. വിംഗ്)

4. ഗവ. ടെക്നിക്കൽ സ്കൂൾ മരുത റോഡ് (എച്ച്.എസ്. വിംഗ്)

5. ഗവ. വൊക്കേഷണൽ എച്ച്.എസ്.എസ്., കഞ്ചിക്കോട് (എച്ച്.എസ്. വിംഗ്)

(ബി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം കൂടുതൽ വിപുലീകരിക്കുന്നതിനും കൂടുതൽ സ്കൂളുകളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം കൂടുതൽ വിപുലീകരിക്കുന്ന കാര്യം പരിശോധനയിലാണ്.

**ആലത്തൂർ നിയോജക മണ്ഡലത്തിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ്**

99 (2052) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകളുള്ളതെന്ന് വിശദമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ 3 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ നിലവിലുണ്ട്. അവ താഴെ പറയുന്നു.

1. സി.എ.എച്ച്.എസ്., കുഴൽമന്ദം (എച്ച്.എസ്. വിംഗ്)

2. ഗവ. എച്ച്.എസ്.എസ്., എരിമയൂർ (എച്ച്.എസ്. വിംഗ്)

3. ഗവ. ഗേൾസ് എച്ച്.എസ്.എസ്., ആലത്തൂർ (എച്ച്.എസ്. എസ്. വിംഗ്).

(ബി) പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല.

## പി.എഫ്.ഐ. ഹർത്താലിൽ പൊതുമുതൽ നശിപ്പിച്ചവർക്കെതിരെ സ്വീകരിച്ച നടപടികൾ

100 (2053) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എഫ്.ഐ. ഹർത്താലിനോടനുബന്ധിച്ച് എത്ര രൂപയുടെ പൊതുമുതൽ നശിപ്പിക്കപ്പെട്ടുവെന്നും ഇതിനെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽപ്പെട്ട പ്രതികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത നഷ്ടം അക്രമകാരികളിൽ നിന്നും തിരിച്ചുപിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

(എ-സി) പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ എന്ന സംഘടന 23-09-2022-ന് നടത്തിയ ഹർത്താലിനിടെ പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 62 കേസുകളിലായി 5 കോടി 20 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ബന്ധപ്പെട്ട കക്ഷികളിൽനിന്നും സംഘടനാ ഭാരവാഹികളിൽനിന്നും റവന്യൂ റിക്കവറി നടപടിക്രമപ്രകാരം കണ്ടുകെട്ടുന്നതിന് ഹൈക്കോടതി 29-09-2022-ൽ ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർനടപടി സ്വീകരിച്ചു.

ഇതുസംബന്ധിച്ച് പോലീസ് അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ യഥാർത്ഥ നഷ്ടവും ഉൾപ്പെട്ട പ്രതികളുടെ മുഴുവൻ വിവരവും ലഭ്യമാകുകയുള്ളൂ.

(ഡി) പി.എഫ്.ഐ. ഹർത്താൽ നടക്കുന്നതിന് മുമ്പ് മരണപ്പെട്ട വ്യക്തികളുടെയും സംഭവ ദിവസം വിദേശത്തായിരുന്നവരുടെയും പി.എഫ്.ഐ.-യുമായി ബന്ധമില്ലാത്തവരുടെയും സ്വത്തുക്കൾ പ്രസ്തുത സംഭവത്തിന്റെ പേരിൽ കണ്ടുകെട്ടി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തി കോടതിക്ക് തെറ്റായ വിവരം നൽകിയ ഉദ്യാഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോടതി ഉത്തരവിനെത്തുടർന്നുള്ള കണ്ടുകെട്ടൽ നടപടിക്കുള്ള പട്ടികയിൽ ചില പിഴവുകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. അങ്ങനെ കണ്ടെത്തിയ വസ്തുക്കളുടെ അറ്റാച്ച്മെന്റ് നിർത്തിവയ്ക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആഭ്യന്തര വകുപ്പ് അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ഇ) സംസ്ഥാനത്ത് വിവിധ ഹർത്താൽ, പ്രതിഷേധങ്ങളുടെ പേരിൽ സമാന രീതിയിൽ വന്ന നാശനഷ്ടങ്ങളും ഇതുപോലെ ജപ്തി നടപടി സ്വീകരിച്ച് നഷ്ടം ഇടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതു തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല.

## വനിതാ പോലീസ് ജീവനക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ

101 (2054) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ സഹപ്രവർത്തകരിൽനിന്നും വനിതാ പോലീസ് ജീവനക്കാർക്ക് നേരെയുള്ള എത്ര അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്രയെണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ?

2016 മുതൽ സഹപ്രവർത്തകരിൽനിന്നും വനിതാ പോലീസ് ജീവനക്കാർക്ക് നേരെയുണ്ടായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കേസിലെ FIR ബഹുമാനപ്പെട്ട കോടതി റദ്ദ് ചെയ്തിട്ടുള്ളതാണ്. ബാക്കി മൂന്ന് കേസുകളിൽ മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒരു കേസിന്റെ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള വിവരം ഇപ്രകാരമാണ്.

- തൃശ്ശൂർ സിറ്റി - റിപ്പോർട്ട് ചെയ്ത ഒരു കേസിലെ പ്രതിയെ അറസ്റ്റ് ചെയ്തു. ഈ കേസിൽ ചാർജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

- പാലക്കാട് - ഒരു കേസ് റിപ്പോർട്ട് ചെയ്തിരുന്നു. ഈ കേസ് ബഹുമാനപ്പെട്ട കോടതി റദ്ദാക്കിയിട്ടുണ്ട്.

- വയനാട് - രണ്ട് കേസ് റിപ്പോർട്ട് ചെയ്യുകയും രണ്ട് പ്രതികളെ അറസ്റ്റ് ചെയ്യുകയുമുണ്ടായി.

**എസ്.സി.-എസ്.ടി. അട്രോസിറ്റീസ് ആക്ട് പ്രകാരം എടുത്ത കേസുകൾ**

102 (2055) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളെ മർദ്ദിച്ചതിനും പീഡിപ്പിച്ചതിനും എസ്.സി.-എസ്.ടി. അട്രോസിറ്റീസ് ആക്ട് പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും എത്ര പരാതികൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (20-05-2016 മുതൽ 19-05-2021 വരെ) 1077 പരാതികളും ഈ സർക്കാരിന്റെ കാലത്ത് (20-05-2021 മുതൽ 31-01-2023 വരെ) 278 പരാതികളും ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതികളിന്മേൽ എത്ര കേസുകളെടുത്തു; അതിൽ എത്ര സ്ത്രീപീഡനക്കേസുകളുണ്ടായിരുന്നു; എത്ര കേസുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് 360 സ്ത്രീപീഡന കേസുകളുൾപ്പെടെ 747 കേസുകൾ  രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 137 സ്ത്രീപീഡന കേസുകളുൾപ്പെടെ 257 കേസുകൾ  രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോടതിയിൽ തീർപ്പായ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം; ഇടുക്കി-2, പാലക്കാട്-3, മലപ്പുറം-1, കോഴിക്കോട് റൂറൽ-2, വയനാട്-10, കണ്ണൂർ റൂറൽ-1, കാസർഗോഡ്-4.

**ആദിവാസി ഭൂമി വ്യാജരേഖ നിർമിച്ച് തട്ടിയെടുത്ത പരാതികൾ**

103 (2056) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഭൂമിക്ക് വ്യാജരേഖ നിർമ്മിച്ച് തട്ടിയെടുത്ത സംഭവത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പരാതികൾ ലഭിച്ചു; വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആകെ 39 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതികളിന്മേൽ എത്ര ക്രിമിനൽ കേസ്സുകളെടുത്തു; ഓരോ കേസിലും പ്രതികളാക്കപ്പെട്ടവർ ആരെല്ലാമാണ്; ഏതെല്ലാം ആധാരമെഴുത്തുകാർ ഇതിൽ പ്രതികളായി; കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിലെ ഷോളയൂർ പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ പ്രതികളാരെന്ന് തിരിച്ചറിഞ്ഞിട്ടില്ല. ആധാരം എഴുത്തുകാർ കേസുകളിൽ പ്രതികളായിട്ടില്ല.

**അശ്ലീല വീഡിയോകൾ പങ്കുവച്ചവർക്കെതിരെ നടപടി**

104 (2057) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ അശ്ലീല വീഡിയോകൾ സൂക്ഷിച്ചതിന് ആലപ്പുഴ ജില്ലയിലെ രാഷ്ട്രീയ നേതാവിനെതിരെ നടപടിയെടുക്കുന്നതിനായി ചേർന്ന യോഗത്തിൽ പ്രസ്തുത വ്യക്തി കുറ്റക്കാരനാണെന്ന് ബോധ്യപ്പെടുത്തുന്നതിനുവേണ്ടി മറ്റ് രാഷ്ട്രീയ നേതാക്കളുമായി പ്രസ്തുത വീഡിയോ പങ്കുവെച്ചുവെന്ന മാധ്യമ വാർത്ത ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത വീഡിയോ പങ്കുവച്ചവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ശ്രീമതി ജെബി മേത്തർ എം.പി., ഡി.ജി.പി.-ക്ക് നൽകിയ പരാതിയിന്മേൽ മേൽപ്പറഞ്ഞ രാഷ്ട്രീയ നേതാവിനെതിരെ കേസെടുത്തിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു; കേസെടുത്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) ആലപ്പുഴ ജില്ലാ ക്രൈം ബ്രാഞ്ച് DySP പ്രസ്തുത സംഭവം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിവരുന്നു.

(സി) രാഷ്ട്രീയ പാർട്ടി പ്രവർത്തകരും നേതാക്കളും ക്രിമിനൽ കുറ്റങ്ങൾക്ക് ആരോപണ വിധേയരാകുമ്പോൾ ക്രിമിനൽ നടപടി ചട്ടം അനുസരിച്ചുള്ള നടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മേൽപ്പറഞ്ഞ വ്യക്തിക്കെതിരെ അടിയന്തരമായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുമോയെന്ന് വിശദമാക്കാമോ?

ഇല്ല. പരാതിയിൽ അന്വേഷണം നടന്നുവരികയാണ്.

## അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും പേരിലുള്ള ക്രൂരകൃത്യങ്ങൾക്കെതിരെ നടപടി

105 (2058) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും പേരിൽ കൊടുംക്രൂരകൃത്യങ്ങൾ ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) അന്ധവിശ്വാസത്തിൽ അധിഷ്ഠിതമായ ദുരാചാരങ്ങൾ നിരോധിക്കാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളുടെ മറവിൽ നടത്തുന്ന ചൂഷണങ്ങൾ തടയുന്നതിനായി "THE KERALA PREVENTION OF INHUMAN EVIL PRACTICE, SORCERY AND BLACK MAGIC BILL, 2022" എന്ന പേരിൽ ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായ നിയമപരിഷ്കരണ കമ്മീഷൻ സമർപ്പിച്ച കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു. അന്ധവിശ്വാസങ്ങളുടെ മറവിൽ കുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ നിലവിലെ നിയമങ്ങൾക്കനുസൃതമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## അനധികൃത നിക്ഷേപ പദ്ധതികൾ

106 (2059) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത നിക്ഷേപ പദ്ധതികൾ പ്രചരിപ്പിക്കുന്നവർക്കെതിരെ ഏതൊക്കെ നിയമങ്ങൾ പ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

2019-ലെ BUDS Act, Money Lenders Act, Co-Operative Act, Kerala Protection of Interests of Depositors in Financial Establishment Act 2013, The Prize Chits and Money Circulation Schemes (Banning) Act 1978, IPC 420 തുടങ്ങിയ വിവിധ നിയമങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(ബി) അത്തരത്തിലുള്ള ഓരോ നിയമപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അനധികൃത നിക്ഷേപ പദ്ധതികൾ പ്രോത്സാഹിപ്പിച്ചവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും അവ ആർക്കൊക്കെ എതിരെയെന്നും ഇനംതിരിച്ച് വ്യക്തമാക്കുമോ?

അനധികൃത നിക്ഷേപങ്ങൾ സംബന്ധിച്ച കേസുകളിലെ നിയമ നടപടികൾ പ്രധാനമായും ബഡ്സ് ആക്ട് പ്രകാരമാണ് സ്വീകരിച്ചുവരുന്നത്. ഈ നിയമപ്രകാരമുള്ള കേരള ബാനിംഗ് ഓഫ് അൺറെഗുലേറ്റഡ് ഡെപ്പൊസിറ്റ് സ്കീംസ് റൂൾസ്, 25-11-2021-ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ബഡ്സ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം കോംപീറ്റന്റ് അതോറിറ്റിയായി ശ്രീ. സഞ്ജയ് കൗൾ, ഐ.എ.എസ്.-നെ നിയമിച്ചിട്ടുണ്ട്.

പോലീസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 24 സ്ഥാപനങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കൾ താൽക്കാലികമായി കണ്ടുകെട്ടുന്നതിന് കോംപീറ്റന്റ് അതോറിറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം വസ്തുവകകൾ കണ്ടുകെട്ടുന്നതിനും ബന്ധപ്പെട്ട ഡെസിഗ്നേറ്റഡ് കോടതികളിൽ കേസ് ഫയൽ ചെയ്യുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പോപ്പുലർ ഫിനാൻസ്, യൂണിവേഴ്സൽ ട്രേഡിംഗ് സൊല്യൂഷൻസ്, ആർ വൺ ഇൻഫോ ട്രേഡ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കെതിരെ ബഡ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പോപ്പുലർ ഫിനാൻസ്

നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളുടെ അന്വേഷണം സി.ബി.ഐ.-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അനധികൃത പണമിടപാട് സ്ഥാപനങ്ങളുടെയും ഓൺലൈൻ തട്ടിപ്പുകളുടെയും വട്ടിപ്പലിശ സംഘങ്ങളുടെയും കെണിയിൽപ്പെട്ട് എത്രപേർ ആത്മഹത്യ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) മേൽപ്പറഞ്ഞ ഓരോ സംഭവങ്ങളിലും ഏതൊക്കെ നിയമപ്രകാരം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

(സി&ഡി) സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട നാല് സംഭവങ്ങളിൽ രണ്ട് കേസുകൾ അന്വേഷണാവസ്ഥയിലാണ്. ആവശ്യപ്പെട്ട മറ്റ് വിവരങ്ങൾ പ്രത്യേകം ശേഖരിക്കേണ്ടതുണ്ട്. ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

**ഗുണ്ടാ ആക്രമണങ്ങൾക്കെതിരെ നടപടി**

107 (2060) <u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>:
<u>ശ്രീ. സജീവ് ജോസഫ്</u>:

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലപുരം പോലീസ് സ്റ്റേഷനുനേരെ ബോംബെറിഞ്ഞ കേസിൽ ഒളിവിൽ കഴിഞ്ഞിരുന്ന പ്രതികൾ മുഖ്യമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയുടെ അനുജനെ മർദ്ദിച്ച് കിണറ്റിൽ തള്ളിയിട്ട് കൊലപ്പെടുത്താൻ ശ്രമിച്ചുവെന്ന സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

(ബി) പ്രസ്തുത സംഭവത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും എല്ലാ പ്രതികളെയും പിടികൂടാൻ സാധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. ഇതുസംബന്ധിച്ച് ആര്യനാട് പോലീസ് സ്റ്റേഷൻ ക്രൈം നം.48/2023 u/s 447, 341, 294(b), 323, 324, 307 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്

(സി) സംസ്ഥാനത്ത് ഗുണ്ടകളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരാനും ഗുണ്ടാ ആക്രമണങ്ങൾ കുറയ്ക്കാനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്നവരെയും സ്ഥിരം കുറ്റവാളികളെയും ലഹരിമാഫിയ സംഘങ്ങളെയും അമർച്ച ചെയ്യുന്നതിനായി "ഓപ്പറേഷൻ ആഗ്" (Accelerated Action against Anti Socials and Goondas) എന്ന പേരിലുള്ള പ്രത്യേക ഡ്രൈവ് ആരംഭിച്ചു. സംസ്ഥാനത്ത് 08-02-2023 വരെ 4085 സ്പെഷ്യൽ ഡ്രൈവുകൾ നടത്തുകയുണ്ടായി. രജിസ്റ്റർ ചെയ്ത 2030 കേസുകളിലായി 2172 പേർ അറസ്റ്റിലായിട്ടുണ്ട്. ഇതിനുപുറമെ വിവിധ കേസുകളിൽ വാറണ്ടുകൾ നിലനിൽക്കുന്ന 900 പ്രതികളെ അറസ്റ്റ് ചെയ്തു. ഈ നടപടി തുടരാൻ സംസ്ഥാന പോലീസ് മേധാവി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കുമരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി 16-12-2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നം.34/2021/PHQ ഉത്തരവ് പ്രകാരം എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മോധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ DySP/ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസ് ഉദ്യോഗസ്ഥരും പ്രസ്തുത

SAGOC-യിൽ അംഗങ്ങളാണ്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ടസമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുത SAGOC-യുടെ ഉദ്ദേശ്യലക്ഷ്യം. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ പോലീസ് സ്റ്റേഷനുകളിലും Anti Organised Crime Cell (AOCC) ആരംഭിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുയും ആവശ്യമായ നിയമ നടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കാനും കൃത്യമായ പട്രോളിംഗ് നടത്താനും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കാനും പ്രസ്തുത ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുണ്ടാ നിയമപ്രകാരം കുറ്റവാളികൾക്കെതിരെ കാര്യക്ഷമമായി നടപടി സ്വീകരിക്കുന്നതിനായി 15-12-2021-ലെ സംസ്ഥാന പോലീസ്

മേധാവിയുടെ നം. ഡി3/31443/2021/PHQ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടകളുടെയും മയക്കുമരുന്ന് വിൽപ്പന സംഘങ്ങളുടെയും പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം, PIT NDPS എന്നീ നിയമങ്ങളിലെ കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചുവരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ്, ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് KAA(P)A, PIT NDPS എന്നീ നിയമ പ്രകാരവും കൂടാതെ ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്. കുറ്റവാളികളെ അമർച്ച ചെയുന്നതിന് നടപ്പിലാക്കിയ ഓപ്പറേഷൻ കാവൽ എന്ന പദ്ധതി വളരെ

കാര്യക്ഷമമായിത്തന്നെ നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-01-2023 വരെ കാപ്പ നിയമ പ്രകാരം 339 പേരെയും PIT NDPS പ്രകാരം 5 പേരെയും കരുതൽ തടങ്കലിലാക്കിയിട്ടുണ്ട്.

**സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി**

108 (2061) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ ഉൾപ്പെടെ ഔദ്യോഗിക വെബ്സൈറ്റുകളും സോഷ്യൽ മീഡിയ അക്കൗണ്ടുകളും ഹാക്ക് ചെയ്യപ്പെടുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇത്തരം കേസുകളിൽ പ്രതികളെ തിരിച്ചറിയാൻ സാധിച്ചിട്ടുണ്ടോ?

കേരള പോലീസിന്റെ ഉൾപ്പെടെ ഔദ്യോഗിക വെബ്സൈറ്റുകളും സോഷ്യൽ മീഡിയ അക്കൗണ്ടുകളും ഹാക്ക് ചെയ്യപ്പെടുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് 6 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(ബി) ഇത്തരം സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

വിവിധ മേഖലകളിലെ ദൈനംദിന പ്രവർത്തനങ്ങൾ വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായതിനാൽ ഈ കാലഘട്ടത്തിൽ അതുവഴിയുള്ള തട്ടിപ്പുകളും മറ്റ് കുറ്റകൃത്യങ്ങളും വർദ്ധിച്ചിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിലെ കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥർക്ക് Cyber Crime Investigation and Cyber Forensic പരിശീലനം നൽകിയിട്ടുള്ളതും വിദഗ്ദ്ധ പരിശീലനം പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് കണ്ണൂർ റൂറൽ ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുള്ളതും ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമാണ്. സ്റ്റേഷനിൽ റിപ്പോർട്ടാകുന്ന IT Act പ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ സഹായിക്കുന്നതിന് ഒരോ പോലീസ് ജില്ലകളിലും സൈബർ സെല്ലുകളും പ്രവർത്തിച്ചുവരുന്നു. സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും സൈബർ കുറ്റാന്വേഷണത്തിനുമായി സൈബർ സെൽ, സൈബർ ഡോം, സൈബർ പോലീസ് സ്റ്റേഷൻ എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

പോലീസിന്റെ ഓദ്യോഗിക വെബ്സൈറ്റ് സുരക്ഷിതമായ സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് ഹോസ്റ്റ് ചെയ്തിരിക്കുന്നത്. അംഗീകൃത KSWAN ഐ.പി. അഡ്രസ് ഉപയോഗിച്ച് മാത്രമേ വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതിനുപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ ആന്റി വൈറസ് സോഫ്റ്റ്‌വെയറുകൾ, ഫയർവാൾ പ്രൊട്ടക്ഷൻ എന്നിവ ഉപയോഗിച്ച് സുരക്ഷിതമാക്കിയിട്ടുണ്ട്. പോലീസിന്റെ ഓദ്യോഗിക സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഹാക്ക് ചെയ്യപ്പെടാതിരിക്കുന്നതിന് പ്രസ്തുത സോഷ്യൽ മീഡിയ അക്കൗണ്ടുകൾക്ക് അനുവദിച്ചിരിക്കുന്ന എല്ലാ സുരക്ഷാ മാർഗ്ഗങ്ങളും അക്റ്റിവേറ്റ് ചെയ്തിട്ടുള്ളതും അവയുടെ പാസ്‌വേഡുകൾ നിശ്ചിത കാലയളവിൽ മാറ്റി ഉപയോഗിച്ചും വരുന്നു. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് ആവശ്യമായ പരിശീലനം ലഭിച്ച പോലീസുദ്യോഗസ്ഥരുടെ സേവനം സൈബർ പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാണ്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, മറ്റു സംഘടനകൾ എന്നിവയുമായി സഹകരിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഹാക്ക് ചെയ്യപ്പെടാതിരിക്കാൻ Two Step Verification

പോലെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉപയോഗിക്കാൻ ഇത്തരം ക്ലാസുകളിലൂടെ അവബോധം നൽകിവരുന്നു.

**പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.-മാരായിട്ടുള്ള സർക്കിൾ ഇൻസ്പെക്ടർമാർ**

109 (2062) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും എസ്.എച്ച്.ഒ.-മാരായി സർക്കിൾ ഇൻസ്പെക്ടർമാരാണോ ഉള്ളത്?

അല്ല.

(ബി) എസ്.എച്ച്.ഒ.-മാരായി സർക്കിൾ ഇൻസ്പെക്ടർമാർ അല്ലാത്ത എത്ര സ്റ്റേഷനുകൾ ഉണ്ട്; വിശദമാക്കാമോ?

സംസ്ഥാനത്ത് സബ് ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായിട്ടുള്ള 5 Law & Order പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്.

1. നഗരൂർ (തിരുവനന്തപുരം റൂറൽ)
2. അച്ചൻ കോവിൽ (കൊല്ലം റൂറൽ)
3. കൊപ്പം (പാലക്കാട്)
4. പുത്തൂർ (പാലക്കാട്)
5. പിണറായി (കണ്ണൂർ സിറ്റി)

ഇവ കൂടാതെ 13 റെയിൽവെ പോലീസ് സ്റ്റേഷനുകൾ നിലവിലുള്ളതിൽ

1. പാറശ്ശാല
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. തൃശ്ശൂർ
7. പാലക്കാട്
8. കണ്ണൂർ
9. കാസർഗോഡ്

എന്നിവിടങ്ങളിൽ സബ് ഇൻസ്പെക്ടർമാർ എസ്.എച്ച്.ഒ.-മാരാണ്.

14 വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിലുള്ളതിൽ

1. തിരുവനന്തപുരം സിറ്റി
2. കൊച്ചി സിറ്റി
3. കോഴിക്കോട് സിറ്റി
4. തൃശ്ശൂർ സിറ്റി
5. ആലപ്പുഴ
6. കൊല്ലം സിറ്റി
7. തൃശ്ശൂർ റൂറൽ
8. മലപ്പുറം
9. കണ്ണൂർ സിറ്റി

10. കോട്ടയം

എന്നിവിടങ്ങളിൽ സബ് ഇൻസ്പെക്ടർമാരാണ് എസ്.എച്ച്.ഒ.-മാരായിട്ടുള്ളത്.

**ചാലക്കുടി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി**

110 (2063) ശ്രീ എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ റൂറൽ ചാലക്കുടി പോലീസ് സ്റ്റേഷനിൽ ശ്രീ. തമ്പിയെന്ന വ്യക്തി 22-12-2022-ൽ 15290010-2022-5-00065 നമ്പരായി നൽകിയ പരാതിയിൽ അന്വേഷണം നടത്തി നാളിതുവരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്ത നടപടി ജില്ലാ പോലീസ് മേധാവി നേരിട്ട് പരിശോധിച്ച് തുടർനടപടി സ്വീകരിക്കാനും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിലുണ്ടായ കാലതാമസം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രീ. തമ്പിയെന്ന വ്യക്തി 22-12-2022-ൽ നൽകിയ പരാതിയിൽ അന്വേഷണം നടത്തി FIR രജിസ്റ്റർ ചെയ്യുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് ജില്ലാ പോലീസ് മേധാവി നേരിട്ട് പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും വിശദീകരണം തേടിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ മേൽനമ്പരായി ലഭിച്ച പരാതിയുടെ പകർപ്പും ആയതിന്മേലുള്ള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ?

പരാതി സംബന്ധിച്ച് ചാലക്കുടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 121/2023 U/s 435, 427 IPC കേസ് അന്വേഷണ ഘട്ടത്തിലായതിനാൽ പകർപ്പുകൾ ലഭ്യമാക്കാൻ സാധിക്കുകയില്ല.

(സി) ഈ കേസിൽ സംസ്ഥാന പോലീസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ലളിതകുമാരി v/s സ്റ്റേറ്റ് ഓഫ് കർണ്ണാടക കേസിന്റെ വിധി പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) അതീവ ഗൗരവസ്വഭാവമുള്ള ഒരു പരാതി കിട്ടിയിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ അതിന്മേൽ ഗൗരവമായ ഇടപെടലും അന്വേഷണവും നടത്താത്ത സംഭവത്തിൽ ജില്ലാ പോലീസ് മേധാവി സംഭവസ്ഥലം സന്ദർശിച്ച് വീഴ്ച വരുത്തിയ ഉദ്യാഗസ്ഥർക്കെതിരെയും തെറ്റായി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചവർക്കെതിരെയും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(സി&ഡി) പരാതിയിൽ അന്വേഷണം നടത്തി FIR രജിസ്റ്റർ ചെയ്യുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് ജില്ലാ പോലീസ് മേധാവി നേരിട്ട് പരിശോധന നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ISHO-യിൽനിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചശേഷം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പരാതിയിൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ എത്ര വർഷമായി പ്രസ്തുത സ്റ്റേഷനിലും ചാലക്കുടി സബ്ഡിവിഷനിലും തുടർച്ചയായി ജോലി നോക്കുന്നുവെന്ന് വ്യക്തമാക്കാമോ?

പരാതിയിൽ അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥൻ 05-04-2022 മുതൽ 16-01-2023 വരെ ചാലക്കുടി പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തിട്ടുണ്ട്. ചാലക്കുടി സബ് ഡിവിഷനിലെ കൊരട്ടി പോലീസ് സ്റ്റേഷനിൽ 20.06.2019 മുതൽ 11.01.2020 വരെയും പുതുക്കാട് പോലീസ് സ്റ്റേഷനിൽ 13-01-2020 മുതൽ 06-05-2020 വരെയും 20-10-2020 മുതൽ 04-04-2022 വരെയും ജോലി ചെയ്തിട്ടുണ്ട്.

(എഫ്) ചാലക്കുടി പോലീസ് സ്റ്റേഷനിലും ചാലക്കുടി പോലീസ് സബ് ഡിവിഷന്റെ കീഴിലും വിവിധ സ്റ്റേഷനുകളിലായി മൂന്ന് വർഷത്തിലധികമായി തുടർച്ചയായി ജോലി നോക്കുന്നവരുടെ വിശദാംശം

ലഭ്യമാക്കാമോ; ഇവർ മൂന്ന് വർഷത്തിലധികമായി തുടർച്ചയായി ജോലി നോക്കാനുണ്ടായ സാഹചര്യവും സർക്കാർ പരിശോധിക്കുമോ; വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 1146/21

111 (2064) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 1146/21 കേസിൽ ഫോറൻസിക് ലാബിൽനിന്നുള്ള റിപ്പോർട്ട് കൈപ്പറ്റുന്നതിനായി കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് കൈപ്പറ്റിയിട്ടുണ്ടോ; വിശദമാക്കാമോ?

കോടതി ഉത്തരവ് ലഭിക്കുകയും തൃപ്പൂണിത്തുറ ഫോറൻസിക് ലാബിൽ നിന്നും റിപ്പോർട്ട് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രതികളെ കണ്ടെത്തുന്നതിനായി സയന്റിഫിക് എക്സ്പെർട്ട്, ഫിംഗർ പ്രിന്റ് എക്സ്പെർട്ട് എന്നിവരുടെ സേവനങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേസന്വേഷണത്തിന് എപ്രകാരം സഹായകരമായിരുന്നുവെന്ന് അറിയിക്കാമോ; റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ;

(സി) സി.സി.ടി.വി. ക്യാമറ ദൃശ്യങ്ങൾ പോലീസ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിലുള്ള അന്വേഷണ പുരോഗതി വിശദമാക്കാമോ?

(ബി&സി) സയന്റിഫിക് എക്സ്പെർട്ട്, ഫിംഗർ പ്രിന്റ് എക്സ്പെർട്ട് എന്നിവരുടെ പരിശോധന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കൃത്യസ്ഥലത്തിന് സമീപത്തുള്ള സി.സി.ടി.വി. ക്യാമറ ദൃശ്യങ്ങളും പരിശോധിക്കുകയുണ്ടായി. കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

(ഡി) സംസ്ഥാന പോലീസിന് ഒരു വർഷമായിട്ടും പ്രതികളെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ അന്വേഷണം മറ്റേതെങ്കിലും ഏജൻസിക്ക് കൈമാറുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പ്രതികളെ കണ്ടെത്തുന്നതിനായി ശാസ്ത്രീയമായ തെളിവുകളും മറ്റും ശേഖരിച്ച് കേസന്വേഷണം തുടർന്നുവരുന്നു. അന്വേഷണം മറ്റേതെങ്കിലും ഏജൻസിക്ക് കൈമാറുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## മലപ്പുറം ജില്ലയിൽ പുതിയ പോലിസ് സ്റ്റേഷനുകൾ തുടങ്ങുന്നതിനുള്ള നടപടികൾ

112 (2065) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുതുതായി പോലിസ് സ്റ്റേഷനുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എടപ്പാൾ ടൗൺ കേന്ദ്രീകരിച്ച് പുതിയ പോലിസ് സ്റ്റേഷൻ നിർമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കരുനാഗപ്പള്ളി ലഹരി കടത്ത്**

113 (2066) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ലഹരി കടത്ത് കേസിൽ ആരോപണ വിധേയനായ ആലപ്പുഴയിലെ ഒരു പ്രമുഖ രാഷ്ട്രീയ നേതാവിനെ കുറ്റവിമുക്തനാക്കിക്കൊണ്ട് പോലീസ് റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ലഹരി കടത്തിനായി ഉപയോഗിച്ചത് പ്രസ്തുത വ്യക്തിയുടെ വാഹനമല്ലെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് ഇദ്ദേഹത്തെ കുറ്റവിമുക്തനാക്കിയതെന്ന് അറിയിക്കുമോ; പ്രസ്തുത പോലീസ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) നിരോധിത പുകയില ഉൽപ്പന്നങ്ങൾ കടത്തിയതുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ U/s 118(1) of KP Act, 6 r/w 24 of COTPA Act, 77 of JJ Act പ്രകാരമുള്ള വകുപ്പുകൾ ചേർത്ത് ക്രൈം നം. 40/2023 ആയി രജിസ്റ്റർ ചെയ്ത കേസ് അന്വേഷണ ഘട്ടത്തിലാണ്.

**പയ്യന്നൂർ പോലീസ് സബ് ഡിവിഷൻ പരിധിയിൽ ഡമ്പിംഗ് യാർഡിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ**

114 (2067) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ പോലീസ് സബ് ഡിവിഷൻ പരിധിയിൽ കേസുകളിലും മറ്റും ഉൾപ്പെടുന്നതും പോലീസ് പിടിച്ചെടുക്കുന്നതുമായ വാഹനങ്ങൾ സൂക്ഷിക്കുന്നതിന് ആവശ്യമായ ഡമ്പിംഗ് യാർഡ് ഉണ്ടാക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി പയ്യന്നൂർ താലൂക്കിൽ കോറോം വില്ലേജിൽ കണ്ടെത്തിയ റവന്യൂ ഭൂമി വിട്ടുകിട്ടുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അതിന്റെ നിലവിലെ അവസ്ഥ എന്താണെന്നും അറിയിക്കാമോ?

(എ&ബി) പ്രസ്തുത ആവശ്യത്തിനായി പയ്യന്നൂർ താലൂക്കിൽ കോറോം വില്ലേജിൽ റീസർവ്വേ 4-ൽ ഉൾപ്പെട്ട ഏറ്റവും കുറഞ്ഞത് ഒരേക്കർ സ്ഥലം പോലീസ് വകുപ്പിന് കൈമാറിക്കിട്ടുന്നതിന് ജില്ലാ കളക്ടർക്ക് പോലീസ് വകുപ്പ് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ ജനമൈത്രി പോലീസ്**

115 (2068) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകൾ ഏതെല്ലാമാണ്; പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി കമ്മിറ്റികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ നിയോജക മണ്ഡലത്തിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകൾ ചുവടെ ചേർക്കുന്നു.

1. കുഴൽമന്ദം

2. ആലത്തൂർ

3. മംഗലം ഡാം

4. കോട്ടായി (പകുതി ഭാഗം)

5. വടക്കാഞ്ചേരി (പകുതി ഭാഗം)

പ്രസ്തുത പോലീസ് സ്റ്റേഷനുകളിലെല്ലാം ജനമൈത്രി സമിതികൾ നിലവിലുണ്ട്.

(ബി) ജനമൈത്രി കമ്മിറ്റികൾ യഥാസമയം പുനഃസംഘടിപ്പിക്കാറുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. മുതിർന്ന പൗരന്മാർക്കും സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും പ്രാതിനിധ്യം ഉറപ്പുവരുത്തിയും വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരിൽനിന്നും സ്ഥലത്തെ റസിഡൻഷ്യൽ ഭാരവാഹികളെയും റിട്ടയേർഡ് സർക്കാർ ഉദ്യോഗസ്ഥർ, പോലീസ്, പട്ടാള ഉദ്യോഗസ്ഥർ, പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ മെമ്പർമാർ സന്നദ്ധ സംഘടനകൾ, സ്വയംസഹായ സംഘടനകൾ എന്നിവരിൽനിന്നുമാണ് സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

(സി) ആലത്തൂർ നിയോജകമണ്ഡലത്തിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള ജനമൈത്രി കമ്മിറ്റികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ ജനമൈത്രി സമിതി അംഗങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**കല്ലടിക്കോട് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ**

116 (2069) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കല്ലടിക്കോട് പോലീസ് സ്റ്റേഷൻ ഇറിഗേഷൻ വകുപ്പ് കണ്ടം ചെയ്ത കെട്ടിടത്തിലാണ് 2013 മുതൽ പ്രവർത്തിച്ചുവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കല്ലടിക്കോട് പോലീസ് സ്റ്റേഷൻ 2013 മുതൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അനുവദിച്ചിട്ടുണ്ട്. മണ്ണാർക്കാട് താലൂക്കിലെ കരിമ്പ 1 വില്ലേജിൽ സർവ്വേ നം.168/1A2-ൽ ഉൾപ്പെട്ടതും ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ളതുമായ 0.1740 ഹെക്ടർ ഭൂമി കല്ലടിക്കോട് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥയ്ക്കും നിബന്ധനകൾക്കും വിധേയമായി ഭൂമിയുടെ കൈവശാവകാശം പോലീസ് വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്.

(സി) നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം അപകടാവസ്ഥയിലാണെന്നിരിക്കെ പുതിയ കെട്ടിടം പണിയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ കല്ലടിക്കോട് പോലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മ്യൂസിയം പോലീസ് സ്റ്റേഷനിലെ സി.സി.185/2021 നമ്പർ കേസ്**

117 (2070) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-9-2021-ൽ തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം. 1140/2021 പ്രകാരം രജിസ്റ്റർ ചെയ്ത സി.സി.185/2021 നമ്പർ കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട തിരുവനന്തപുരം CJM കോടതിയിൽ പ്രതി കുറ്റം സമ്മതിച്ച് പിഴത്തുക ഒടുക്കി പ്രസ്തുത കേസ് ബഹുമാനപ്പെട്ട കോടതി തീർപ്പാക്കിയിട്ടുള്ളതാണ്.

(ബി) കേസ് രജിസ്റ്റർ ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പ്രസ്തുത കേസിൽ സ്വീകരിച്ചിരുന്നോയെന്ന് അറിയിക്കുമോ?

കേസ് രജിസ്റ്റർ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പ്രസ്തുത കേസിൽ പാലിച്ചിട്ടുണ്ട്.

(സി) ലഹരി ഉപയോഗിച്ചിരുന്നതായി ആരോപിക്കപ്പെട്ട വ്യക്തിയെ വൈദ്യപരിശോധനയ്ക്ക് വിധേയനാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം. 1140/2021 പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ പ്രതി പൊതുസ്ഥലത്ത് ഏതോ ലഹരിക്ക്

അടിമപ്പെട്ട് പൊതുജന ശല്യമുണ്ടാക്കിയതായി കാണുകയാൽ കേരള പോലീസ് ആക്ടിലെ 118 (a) വകുപ്പാണ് പ്രതിക്കെതിരെ ചുമത്തിയിട്ടുള്ളത്.

(ഡി) പ്രസ്തുത കേസ് സംബന്ധിച്ച എഫ്.ഐ.ആർ.-ന്റെ പകർപ്പ് ബന്ധപ്പെട്ട വ്യക്തി കൈപ്പറ്റിയിരുന്നോ; എങ്കിൽ ആയതിന്റെ രേഖ വെളിപ്പെടുത്തുമോ?

പ്രതിയുടെ അമ്മയായ ശ്രീമതി വസന്ത, വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നതും അതിൻ പ്രകാരം എഫ്.ഐ.ആർ.-ന്റെ പകർപ്പ് കൈപ്പറ്റിയിട്ടുമുണ്ട്.

വിവരാവകാശ നിയമ പ്രകാരം ശ്രീമതി വസന്ത നൽകിയ അപേക്ഷയ്ക്ക് മ്യൂസിയം പോലീസ് സ്റ്റേഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

(ഇ) മ്യൂസിയം പോലീസ് വ്യാജ കേസ് രജിസ്റ്റർ ചെയ്ത് പിഴ ഈടാക്കുന്നതായുള്ള ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഇത്തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബഡ്സ് ആക്ട് പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ

118 (2071) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബഡ്സ് റൂൾസ് നിലവിൽ വന്നത് എന്നാണ്; ബഡ്സ് നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് ചുമതലപ്പെട്ട സംസ്ഥാനതല ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ?

25-11-2021-ലെ സ.ഉ.(പി)നം.76/2021/ആഭ്യന്തരം (എസ്.ആർ.ഒ. നം.871/2021) വിജ്ഞാപനപ്രകാരമാണ് കേരള ബാനിംഗ് ഓഫ് അൺറെഗുലേറ്റഡ് ഡെപ്പൊസിറ്റ് സ്കീംസ് റൂൾസ്, 2021 നിലവിൽ വന്നത്. ബഡ്സ് ആക്ട്, 2019 വകുപ്പ് 7(1)-ൽ നിഷ്കർഷിച്ച പ്രകാരം കോംപീറ്റന്റ് അതോറിറ്റിയായി ശ്രീ സഞ്ജയ് കൗൾ ഐ.എ.എസ്.-നെ നിയമിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നാളിതുവരെ നിക്ഷേപ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് ബഡ്സ് ആക്ട് പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

പോലീസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 24 സ്ഥാപനങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കൾ ബഡ്സ് ആക്ട്, 2019 വകുപ്പ് 7(3) പ്രകാരം താൽക്കാലികമായി കണ്ടുകെട്ടുന്നതിന് കോംപീറ്റന്റ്

അതോറിറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർനടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു. പോപ്പുലർ ഫിനാൻസ്, യൂണിവേഴ്സൽ ട്രേഡിംഗ് സൊല്യൂഷൻസ്, ആർ വൺ ഇൻഫോ ട്രേഡ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പോപ്പുലർ ഫിനാൻസ് നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളുടെ അന്വേഷണം സി.ബി.ഐ.-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. നിക്ഷേപ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന പരാതികളിൽ പോലീസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഡ്സ് ആക്ട് പ്രകാരം വസ്തുവകകൾ കണ്ടുകെട്ടുന്നതിനും ബന്ധപ്പെട്ട ഡെസിഗ്നേറ്റഡ് കോടതികളിൽ കേസ് ഫയൽ ചെയ്യുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പഞ്ചിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ**

119 (2072) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന് കീഴിലുള്ള ഏതൊക്കെ ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്ന് ഡയറക്ടറേറ്റ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

ആഭ്യന്തര വകുപ്പിന് കീഴിൽ പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയ ഓഫീസുകൾ, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വകുപ്പ് | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|
| പോലീസ് | 3,28,468/- |
| കേരളാ പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ | 1,54,047/- |
| പ്രോസിക്യൂഷൻ ഡയറക്ടറേറ്റ് | 9,50,160.5/- |
| കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി | 2,21,244/- |
| ജയിൽ | 24,750/- |

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ ഇനിയും പഞ്ചിംഗ് സംവിധാനം നടപ്പിലാക്കാത്ത ഓഫീസുകളുണ്ടോ; എങ്കിൽ അടിയന്തരമായി പഞ്ചിംഗ് നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

ഉണ്ട്. ഈ വകുപ്പിന് കീഴിൽ ഇനിയും പഞ്ചിംഗ് സംവിധാനം നടപ്പിലാക്കാത്ത ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൊബൈൽ ഫോൺ/ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാര നടപടി**

120 (2073) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോൺ/ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ കഴിഞ്ഞ മൂന്ന് വർഷം സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത കുട്ടികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മൊബൈൽ ഫോൺ/ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 28 കുട്ടികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) ഇവയുടെ ഉപയോഗംമൂലം ലൈംഗിക ചൂഷണം, ലഹരി കച്ചവടം തുടങ്ങി മറ്റ് നിയമ വിരുദ്ധ പ്രവർത്തനങ്ങൾ കാരണം എത്ര കുട്ടികളെ കുറ്റക്കാരായി കണ്ടെത്തി ആഭ്യന്തര വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഇവയുടെ ഉപയോഗംമൂലം ലൈംഗിക ചൂഷണം, ലഹരി കച്ചവടം തുടങ്ങി മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കുറ്റാരോപിതരായി കണ്ടെത്തിയ 9 കുട്ടികളിൽ 7 പേർ FIR-ൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഗുരുതരമായ ഡിജിറ്റൽ അടിമത്വത്തിന് വിധേയരായ കുട്ടികളെ രക്ഷിക്കാൻ ഇക്കാലയളവിൽ എത്ര ഡിജിറ്റൽ ലഹരി വിമോചന കേന്ദ്രങ്ങൾ സംസ്ഥാനത്ത് തുടങ്ങേണ്ടി വന്നു; എവിടെയെല്ലാം; ഇതുവഴി നാളിതുവരെ എത്ര കുട്ടികളെ ചികിത്സിച്ച് രക്ഷപ്പെടുത്തി; നിലവിൽ എത്ര കുട്ടികൾക്ക് ചികിത്സ നൽകിവരുന്നു; വിശദാംശം വ്യക്തമാക്കുമോ?

പോലീസ് വകുപ്പിൽ സോഷ്യൽ പോലീസിംഗ് ഡിവിഷന്റെ ഭാഗമായി ഓൺലൈൻ ദുരുപയോഗത്തിൽപ്പെട്ട കുട്ടികൾക്കും ഓൺലൈൻ അതിക്രമങ്ങൾക്ക് ഇരയായ കുട്ടികൾക്കും കൗൺസിലിംഗ് നൽകുന്നതിനും ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ അവബോധം സൃഷ്ടിച്ചെടുക്കുന്നതിനും അതുവഴി സുരക്ഷിത ഇന്റർനെറ്റിന്റെ സാധ്യതകൾ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നതിനുംവേണ്ടി 2022-23 പ്ലാൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 6 ഡീ-അഡിക്ഷൻ സെന്ററുകൾ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി,

കണ്ണൂർ സിറ്റി എന്നീ പോലീസ് ജില്ലകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**നിരത്തുകളിൽ സ്ഥാപിക്കുന്ന ക്യാമറകൾ**

121 (2074) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആഭ്യന്തര വകുപ്പ് ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും നിരത്തുകളിൽ സ്ഥാപിക്കുന്നതിനുള്ള ക്യാമറകൾ വാങ്ങിയിട്ടുണ്ട്; ഓരോ സ്ഥാപനവും സപ്ലൈ ചെയ്ത ക്യാമറകളുടെ എണ്ണം, മോഡൽ, ക്യാമറകളുടെ വില എന്നിവ ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലേയ്ക്കും അനുയോജ്യമായ മോഡൽ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; ക്യാമറകൾക്ക് ആവശ്യമായ സ്പെസിഫിക്കേഷൻ മുൻകൂട്ടി നിശ്ചയിച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) വിതരണത്തിനുള്ള ഏജൻസിയെ കണ്ടെത്തുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ എത്ര സ്ഥാപനങ്ങൾ ടെണ്ടർ

നടപടിയിൽ പങ്കെടുത്തിരുന്നുവെന്നും ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരം ക്യാമറകൾ വിതരണം ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനിക്കാണോ കരാർ നൽകിയത്; അല്ലെങ്കിൽ ക്യാമറ വിതരണത്തിനുള്ള ഏജൻസിയെ കണ്ടെത്തിയ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-ഡി) വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**ധനുവച്ചപുരം, അമ്പൂരി ഗ്രാമപഞ്ചായത്തുകളിൽ പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടി**

122 (2075) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ ധനുവച്ചപുരം, അമ്പൂരി ഗ്രാമപഞ്ചായത്തിലെ അമ്പൂരി ജംഗ്ഷൻ എന്നിവിടങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ഗ്രാമപഞ്ചായത്ത് സ്ഥലസൗകര്യം ലഭ്യമാക്കി നൽകിയാൽ പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) നിവേദനം ജില്ലാ പോലീസ് മേധാവിയുടെ പരിശോധനയിലാണ്. സംസ്ഥാനത്ത് പുതിയ എയ്ഡ് പോസ്റ്റുകൾ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കായി വിനിയോഗിച്ച തുക**

123 (2076) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കായി ആകെ വിനിയോഗിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കും യാത്രാ സംവിധാനങ്ങൾക്കുമായി വാഹനങ്ങൾ വാങ്ങുന്നതിന് ആകെ വിനിയോഗിച്ച തുക എത്രയാണെന്നും എത്ര വാഹനങ്ങൾ വാങ്ങിയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുകകൾ എത്രയാണെന്ന് പൊതുജനങ്ങളെ അറിയിക്കുന്നത് മുഖ്യമന്ത്രിയുടെ സുരക്ഷയെ ബാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് മുഖ്യമന്ത്രിയുടെ സുരക്ഷയെ ബാധിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ളതാണ്. മുഖ്യമന്ത്രിക്ക് ഇസഡ് പ്ലസ് സുരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അതിനായി, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരമുള്ള സുരക്ഷാ സംവിധാനങ്ങളാണ് മുഖ്യമന്ത്രിക്ക് നൽകിവരുന്നത്.

മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഇസെഡ് പ്ലസ് കാറ്റഗറിയിലെ സംരക്ഷിത വ്യക്തികൾക്ക് സുരക്ഷാ സംവിധാനങ്ങൾ നൽകുകയെന്നത് പോലീസ് സേനയുടെ ഔദ്യോഗിക കൃത്യനിർവ്വഹണ ചുമതലയുടെ ഭാഗമാണ്. മതിയായ കാവൽ ഏർപ്പെടുത്തുക, സംസ്ഥാനത്തിനകത്തും പുറത്തും എല്ലാ ഘട്ടത്തിലും സുരക്ഷയ്ക്കായി മതിയായ ഉദ്യോഗസ്ഥരെ വിന്യസിക്കുക, മുഖ്യമന്ത്രിയുടെ സഞ്ചാര സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി മുൻകൂട്ടി

നിശ്ചയിച്ചുള്ള ക്യാമ്പും യാത്രാ സൗകര്യങ്ങളുമടക്കമുള്ള സുരക്ഷാ സംവിധാനങ്ങളൊരുക്കുക, അത്യാഹിത സാഹചര്യമുണ്ടാകുന്ന പക്ഷം അത് നേരിടുന്നതിനാവശ്യമായ മുൻകരുതൽ സംവിധാനങ്ങളൊരുക്കുക, ഇതിലേയ്ക്ക് ആവശ്യമായ ഉയർന്ന ഉദ്യോഗസ്ഥരടക്കമുള്ളവരെ ചുമതലപ്പെടുത്തുക മുതലായവ സുരക്ഷാ നടപടികളുടെ ഭാഗമാണ്. ഈ ചെലവുകൾ പ്രത്യേകമായി കണക്കാക്കി സൂക്ഷിക്കാറില്ല. ഇസഡ് പ്ലസ് കാറ്റഗറിയിൽ ഉൾപ്പെട്ട വ്യക്തികളുടെ സുരക്ഷാക്രമീകരണങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ സംരക്ഷിത വ്യക്തികളുടെ സുരക്ഷയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പരസ്യപ്പെടുത്താനും നിർവ്വാഹമില്ല.

**പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട കേസുകൾ പിൻവലിക്കാൻ നടപടി**

124 (2077) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ സംസ്ഥാനത്ത് 835 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകൾ ഏതൊക്കെ വകുപ്പുകൾ അനുസരിച്ചാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഐ.പി.സി. 143, 147, 149, 188, 283 മുതലായ വകുപ്പുകൾ അനുസരിച്ചാണ് പ്രസ്തുത കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) ഇവയിൽ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്നും ഇനി എത്ര കേസുകൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ; എങ്കിൽ നിലവിലുള്ള കേസുകൾ പിൻവലിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) സമാന സ്വാഭാവമുള്ള മറ്റ് കേസുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

(സി&ഡി) പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിന് 26-02-2021-ലെ സ.ഉ.(കൈ)നം. 70/2021/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. സിആർ.പി.സി. 321

പ്രകാരം കേസുകൾ പിൻവലിക്കുന്നതിനായി 59 കേസുകളിൽ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുന്നത് ബന്ധപ്പെട്ട കോടതികളാണ്.

സമാനസ്വഭാവമുള്ള പൗരത്വ സമരവുമായി ബന്ധപ്പെട്ട മറ്റുകേസുകളും പിൻവലിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

## അതിഥി തൊഴിലാളികൾ

125 (2078) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഥി തൊഴിലാളികൾ മാതൃസംസ്ഥാനത്തുനിന്ന് വരുമ്പോഴും പോകുമ്പോഴും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പ്രസ്തുത വിവരം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അതിഥി തൊഴിലാളികൾ മാതൃസംസ്ഥാനത്ത് നിന്ന് വരുമ്പോഴും പോകുമ്പോഴും ടി ആളുകളുടെ പേരും മറ്റ് വിവരങ്ങളും Migrant Labour Register-ലും മേൽവിലാസങ്ങൾ, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് വിവരങ്ങൾ എന്നിവ ഡാറ്റാ ഷീറ്റിലും രേഖപ്പെടുത്തി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചുവരുന്നുണ്ട്.

(ബി) വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി ഇതര സംസ്ഥാനത്തുനിന്നും എത്തിയ എത്ര അതിഥി തൊഴിലാളികളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് എണ്ണം നൽകുമോ?

വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലെ അതിഥി തൊഴിലാളികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് താഴെ കൊടുക്കുന്നു.

| പഞ്ചായത്ത് | എണ്ണം |
|---|---|
| വാമനപുരം | 250 |
| നെല്ലനാട് | 500 |
| പുല്ലമ്പാറ | 150 |
| പാങ്ങോട് | 150 |
| കല്ലറ | 60 |
| പെരിങ്ങമല | 22 |
| നന്ദിയോട് | 16 |
| പനവൂർ | 74 |
| ആനാട് | 21 |

(സി) ഏതെങ്കിലും കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പോലീസ് കേസ് നിലവിലുള്ള അതിഥി തൊഴിലാളികൾ പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വെഞ്ഞാറമൂട് ബിസ്മി ലോഡ്ജ് മാർക്കറ്റിന് സമീപം വാടകയ്ക്ക് താമസിക്കുന്ന അബ്ദുൾ അസീസ്, വയസ് 48, S/o. ഹാജി എം. എ. മൊഹിദീൻ, (സോണിപ്ലാസ, ഫസ്റ്റ് ഫ്ലോർ, അനീസുദീൻ റോഡ് ബന്ദർ, മാംഗ്ളൂർ, ദക്ഷിണ കന്നഡ, മാംഗ്ളൂർ, കർണാടക) എന്നയാൾ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ: 878/22 U/s 341 IPC & 12 r/w 11(iv) of POCSO Act കേസ്സിലെ പ്രതിയാണ്.

## കൊല്ലം ജില്ലയിൽ ഹോം ഗാർഡ് തസ്തികയിലേക്കുള്ള നിയമനം

126 (2079) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ കൊല്ലം ജില്ലയിൽ ഹോം ഗാർഡ് തസ്തികയിലേയ്ക്ക് 198 പേരടങ്ങുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും 44 പേർക്ക് നിയമനം നൽകിയശേഷം ആർക്കെങ്കിലും നിയമനം നൽകിയിരുന്നോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

(എ&ബി) കൊല്ലം ജില്ലയിൽ 2018-ൽ നിലവിൽവന്ന 232 പേർ ഉൾപ്പെട്ട ഹോംഗാർഡ് ലിസ്റ്റിൽനിന്നും നാളിതുവരെയുണ്ടായ 38

ഒഴിവുകളിലേയ്ക്ക് നിയമന ഉത്തരവ് നൽകിയതിൽ 7 പേർ ജോലിക്ക് ഹാജരാകാത്തതിനാൽ 45-ാം റാങ്കുവരെ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ലിസ്റ്റിൽ ഇനിയും നിയമനം ലഭിക്കാൻ ബാക്കിയുള്ളവർക്ക് അടിയന്തരമായി നിയമനം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ നിയമനം നൽകാൻ സാധിക്കുകയുള്ളൂ.

**കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

127 (2080) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തരം, അഗ്നിശമനം എന്നീ വകുപ്പുകളുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരങ്ങൾ നൽകാമോ; ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എത്രകാലമായി ഈ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ തുടരുന്നുവെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

(എ-സി) ക്രോഡീകരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

**മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകളുടെ വിശദാംശം**

128 (2081) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മന്ത്രിമാർക്കെതിരെയാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാന മന്ത്രിസഭയിലെ ഒരു മന്ത്രിക്കെതിരെയും വിജിലൻസ് കേസുകൾ നിലവിലില്ല.

**വടക്കാഞ്ചേരി ലൈഫ് മിഷൻ അഴിമതിക്കേസിലെ വിജിലൻസ് അന്വേഷണം**

129 (2082) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ലൈഫ് മിഷൻ അഴിമതിക്കേസിൽ വിജിലൻസ് അന്വേഷണം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ; അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ?

വടക്കാഞ്ചേരി ലൈഫ് മിഷൻ അഴിമതി സംബന്ധിച്ച് വിജിലൻസ് ഡയറക്ടറുടെ 23-09-2020-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ തൃശ്ശൂർ യൂണിറ്റിൽ ഒരു പ്രാഥമിക അന്വേഷണം നടത്തിയിരുന്നു. പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) അന്വേഷണം പൂർത്തീകരിച്ച് വിജിലൻസ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കുമോ; റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ അന്വേഷണത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

അന്വേഷണം പൂർത്തിയായിട്ടില്ല.

## വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതി - വിജിലൻസ് അന്വേഷണത്തിന്റെ പുരോഗതി

130 (2083) <u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീ. സജീവ് ജോസഫ്</u>:
<u>ഡോ. മാത്യു കുഴൽനാടൻ</u>:

<u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതി സംബന്ധിച്ച് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെയുള്ളവർക്കെതിരെ ആരോപിക്കപ്പെട്ട ക്രമക്കേടുകളെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ; ഇതുസംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 1- ൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ അന്വേഷണം പൂർത്തീകരിക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഈ കേസിന്റെ അന്വേഷണത്തിന് ഉതകുന്ന ചില തെളിവുകൾ ലഭ്യമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ ബഹുമാനപ്പെട്ട കോടതി മുഖേന സ്വീകരിച്ചുവരുന്നു.

(സി) പ്രളയ ദുരിതബാധിതരായ ജനങ്ങളുടെ പേരിൽ സമാഹരിച്ച പണം തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പ്രളയദുരിതബാധിതരുടെ പേരിൽ സമാഹരിച്ച പണം തട്ടിയെടുത്തതായി ആരോപിക്കപ്പെട്ട എറണാകുളം കളക്ടറേറ്റിലെ ക്ലർക്കായ ശ്രീ. വിഷ്ണുപ്രസാദിനെതിരെ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. അതോടൊപ്പം, അനധികൃത സ്വത്ത് സമ്പാദനത്തിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം സ്പെഷ്യൽ സെല്ലിൽ ഒരു വിജിലൻസ് അന്വേഷണവും നടന്നുവരുന്നുണ്ട്.

കോഴിക്കോട് ജില്ലയിൽ പ്രളയദുരിതാശ്വാസ ധനസഹായ ഇനത്തിൽ SDRF, CMDRF ശീർഷകങ്ങളിൽനിന്നായി ധനസഹായ വിതരണം നടത്തുന്നതിൽ ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയുണ്ടായിരുന്ന ജൂനിയർ

സൂപ്രണ്ടായ ശ്രീ. ഉമാകാന്തൻ ഒ. എന്ന ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. മേൽ ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ**

131 (2084) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) പ്രസ്തുത ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന വിവരം ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട കോഴിക്കോട് വിജിലൻസ് കോടതിയിൽ സമർപ്പിച്ച പരാതിയിൽ, ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവ് പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു അന്വേഷണം നടത്തി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിജിലൻസിന് സമർപ്പിച്ച മറ്റൊരു പരാതി ഉന്നത വിദ്യാഭ്യാസം, റവന്യൂ എന്നീ വകുപ്പുകൾക്ക് കൈമാറിയിരുന്നു.

ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇതുസംബന്ധിച്ച പരാതികൾ നിലവിൽ സർക്കാരിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിശോധനയിലാണ്.

**പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കാൻ നടപടി**

132 (2085) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള ഹൈക്കോടതിയുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് കോടതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മുൻഗണനാപട്ടികയിൽ 47-ാമതായി പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ്

കോടതി ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാം ഘട്ടമായി സംസ്ഥാനത്ത് അനുവദിച്ച 28 അതിവേഗ പ്രത്യേക കോടതികൾ, 7 കുടുംബകോടതികൾ, 2 എസ്.സി./ എസ്.റ്റി. കോടതികൾ എന്നിവ ആരംഭിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്.

**പോക്സോ സ്പെഷ്യൽ കോടതികൾ ആരംഭിക്കാൻ നടപടി**

133 (2086) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൂടുതൽ പോക്സോ സ്പെഷ്യൽ കോടതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

രണ്ട് ഘട്ടങ്ങളായി സംസ്ഥാനത്ത് 56 അതിവേഗ പ്രത്യേക കോടതികൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 53 കോടതികൾ നിലവിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോടതി, പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോക്സോ നിയമം സെക്ഷൻ 28(1) പ്രകാരം പ്രത്യേക പോക്സോ കോടതികളായി ഓരോ ജില്ലയിലും ഡിസ്ട്രിക്ട് സെഷൻസ്

കോടതികളെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടുതൽ പോക്സോ സ്പെഷ്യൽ കോടതികൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**ടേൺ ടേബിൾ ലാഡർ വാങ്ങുന്നതിന് നടപടി**

134 (2087) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ബഹുനില മന്ദിരങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് സഹായകരമായ രീതിയിൽ ഫയർസ്റ്റേഷൻ ഡിവിഷനുകൾ കേന്ദ്രീകരിച്ച് ടേൺ ടേബിൾ ലാഡർ (റ്റി.റ്റി.എൽ.) വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരളത്തിലെ ബഹുനില കെട്ടിടങ്ങളിലുണ്ടാകുന്ന തീപിടുത്തം ഉൾപ്പെടെയുള്ള അപകടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ടേൺ ടേബിൾ ലാഡറിന് സമാന സ്വഭാവമുള്ള ഏരിയൽ ലാഡർ പ്ലാറ്റ്ഫോം എന്ന ഉപകരണം ഒരെണ്ണം വാങ്ങുന്നതിനായി 2022-2023 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വാഹനം വാങ്ങുന്നതിനുള്ള പർച്ചേസ് നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരികയാണ്.

**ഫയർ സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകളിൽ അവ സ്ഥാപിക്കാൻ നടപടി**

135 (2088) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ഫയർ സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകൾ ചുവടെ ചേർക്കുന്നു.

1) മല്ലപ്പള്ളി (പത്തനംതിട്ട ജില്ല)

2) അട്ടപ്പാടി (പാലക്കാട് ജില്ല)

3) കൊണ്ടോട്ടി (മലപ്പുറം ജില്ല)

4) തിരൂരങ്ങാടി (മലപ്പുറം ജില്ല)

5) വെള്ളരിക്കുണ്ട് (കാസർഗോഡ് ജില്ല)

(ബി) പ്രസ്തുത താലൂക്കുകളിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സ്വീകരിച്ചിട്ടില്ല.

## ഫയർസ്റ്റേഷനുകളുടെ ആധുനികവൽക്കരണം

136 (2089) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർസ്റ്റേഷനുകൾ ആധുനികവൽക്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ നൽകിയ ഭരണാനുമതികളുടെ അടിസ്ഥാനത്തിൽ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു+.

(ബി) ഇതിനായി ഈ സാമ്പത്തിക വർഷം നീക്കിവച്ചിട്ടുള്ള ഫണ്ട് സംബന്ധിച്ച വിവരവും ചെലവായ തുകയും അറിയിക്കുമോ; വിശദമാക്കുമോ?

വകുപ്പിന്റെ ആധുനികവൽക്കരണത്തിനും നിർമ്മാണ പ്രവർത്തനത്തിനുമായി ആകെ 7755 ലക്ഷം രൂപ വകയിരുത്തുകയും ആയതിൽ നാളിതുവരെ 1717.71202 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈപ്പിൻ മണ്ഡലത്തിലെ അഗ്നിരക്ഷ നിലയത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കൽ

137 (2090) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ അഗ്നിരക്ഷ നിലയത്തിനുവേണ്ടി എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എളങ്കുന്നപ്പുഴ വില്ലേജ് റീസർവ്വെ 412/6-ൽപ്പെട്ട 7.10 ആർ ഭൂമി ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) കൊച്ചി തഹസിൽദാർ 19-09-2022-ലെ എസ്3-8345/17 നമ്പർ കത്ത് പ്രകാരം സ്ഥലം കൈമാറ്റത്തിന് അർത്ഥനാപത്രം സമർപ്പിക്കാനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) അർത്ഥനാപത്രം സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണവും ആയത് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

(എ-സി) പ്രസ്തുത ഭൂമി ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കായി എറണാകുളം ജില്ലാ കളക്ടർക്ക് വകുപ്പിൽനിന്നും കത്ത് നൽകിയിരുന്നു. ഭൂമി വകുപ്പിന് കൈമാറി

ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള അർത്ഥനാപത്രം കൊച്ചി താലൂക്ക് ആഫീസിൽനിന്നും എറണാകുളം റീജിയണൽ ഫയർ ഓഫീസർക്ക് നൽകുകയും 01-02-2023-ലെ കത്ത് പ്രകാരം അഗ്നിരക്ഷാ സേവന വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പ് മേധാവി തുടർനടപടി സ്വീകരിച്ചുവരുന്നു.

**ആലത്തൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം**

138 (2091) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫയർ ആൻഡ് റസ്ക്യൂ കേന്ദ്രത്തിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ തകർച്ച നേരിടുന്ന പ്രസ്തുത കെട്ടിടത്തിൽനിന്നും വാടക കെട്ടിടത്തിലേയ്ക്ക് ഫയർ സ്റ്റേഷൻ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ആലത്തൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനായി എരിമയൂർ-2 വില്ലേജിൽ കുനിശ്ശേരി

എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടകയ്ക്ക് ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് Non-Availability Certificate, കെട്ടിടത്തിന്റെ വാടക നിർണ്ണയ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആലത്തൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

ആലത്തൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആലത്തൂർ താലൂക്കിൽ കുഴൽമന്ദം-1 വില്ലേജിൽ ബ്ലോക്ക് നം. 17-ൽ റീ.സർവ്വേ നം.672/6 ൽപ്പെട്ട 20.23 ആർ (50 സെന്റ്) സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്ലാൻ വകുപ്പ് മേധാവി അംഗീകരിച്ച് തുടർ നടപടികൾക്കായി പാലക്കാട് ജില്ലാ ഫയർ ആഫീസർ മുഖേന ആലത്തൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

## ഉപ്പള ഫയർ സ്റ്റേഷൻ നിർമ്മാണം

139 (2092) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച ഭൂമി ബന്ധപ്പെട്ട വകുപ്പിന് ഏറ്റെടുക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഗ്നിരക്ഷാ വകുപ്പിന് അനുവദിച്ച മംഗൾപാടി വില്ലേജിലെ റീ.സ.നം.53/2-ൽപ്പെട്ട 1.5 ഏക്കർ സ്ഥലത്ത് അതിര് നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പ് ശ്രമിച്ചെങ്കിലും ഒരുകൂട്ടം തദ്ദേശവാസികൾ ഈ സർവ്വേ നമ്പറിൽ ഉൾപ്പെട്ട കുറച്ചുഭാഗം അളക്കുന്നതിന് തടസ്സമുന്നയിച്ചതിനെത്തുടർന്ന് സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത ഭൂമി ബന്ധപ്പെട്ട വകുപ്പിന് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിന് ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) പ്രസ്തുത ഭൂമി സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ കാര്യാലയത്തിലുള്ള ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കുമോ?

മുൻ ഉത്തരവ് ഭേദഗതി വരുത്തി തർക്കരഹിതമായ ഭൂമി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുവദിക്കുന്നതിനായി എൽ.ആർ. കെ2/278/23 നമ്പർ ഫയലിൽ 04-02-2023-ന് ലാന്റ് റവന്യൂ കമ്മീഷണർ റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് സാമൂഹികാഘാത വിലയിരുത്തൽ പഠനമുൾപ്പെടെയുള്ള തുടർനടപടിക്രമങ്ങളുമായി മുമ്പോട്ടുപോകുന്നതാണ്.

**കഞ്ചിക്കോട് കേന്ദ്രീകരിച്ച് സാറ്റലൈറ്റ് ഫയർ സ്റ്റേഷൻ**

140 (2093) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും സ്ഥലങ്ങളിൽ പുതുതായി ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

സർക്കാർ തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(ബി) അധിക സാമ്പത്തിക ബാധ്യതയോ തസ്തികയോ സൃഷ്ടിക്കാതെ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിച്ച് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കേന്ദ്രീകരിച്ച് ഒരു സാറ്റലൈറ്റ് ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

കഞ്ചിക്കോട് കേന്ദ്രീകരിച്ച് ഒരു സാറ്റലൈറ്റ് ഫയർ സ്റ്റേഷൻ തുടങ്ങുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണം**

141 (2094) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ ഫയർ ആൻഡ് റസ്ക്യൂ സർവ്വീസ് മേധാവി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രസ്തുത ഫയൽ ഇപ്പോൾ എവിടെയാണുള്ളതെന്ന് അറിയിക്കാമോ; ഫയലിന്റെ നമ്പർ ലഭ്യമാക്കാമോ?

(എ-സി) നരിക്കുനി വില്ലേജിൽ റീ സർവ്വെ നം.60/8-ൽപ്പെട്ട 18 സെന്റ് സ്ഥലത്ത് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ 485.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഫയർ ആൻഡ് റസ്ക്യൂ സർവ്വീസ് മേധാവി സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമുപയോഗിച്ച് മറ്റ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞിരുന്നതിനാൽ പ്രസ്തുത പ്രൊപ്പോസലിൽ അടുത്ത സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷന്റെ അടിസ്ഥാനത്തിൽ

തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് വകുപ്പ് മേധാവിയെ അറിയിച്ചിട്ടുണ്ട്.

**സബ് ജയിലുകളുടെ സുഗമമായ പ്രവർത്തനം**

142 (2095) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സബ് ജയിലുകളിലെ സൂപ്രണ്ട് തസ്തിക ഗസറ്റഡ് തസ്തിക അല്ലാത്തതിനാൽ അന്തേവാസികൾക്കുള്ള ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിന്റെയും ഇലക്ട്രിസിറ്റി, വെള്ളം തുടങ്ങിയവയുടെയും ബില്ലുകൾ നേരിട്ട് മാറിയെടുക്കാൻ സാധിക്കാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ ബില്ലുകൾ മാറിയെടുക്കുന്നതിന് സാധിക്കാത്ത സാഹചര്യമില്ല.

(ബി) സബ് ജയിലുകളുടെ സുഗമമായ പ്രവർത്തനത്തിന് സൂപ്രണ്ട് തസ്തികയായ അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-I എന്നത് ഡെപ്യൂട്ടി ജയിലർ ആക്കി മാറ്റാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## തടവുകാരുടെ കയ്യിൽ നിന്നും മൊബൈൽ ഫോൺ പിടികൂടിയത്

143 (2096) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അടുത്ത കാലത്ത് വിയ്യൂർ സെൻട്രൽ ജയിലിൽനിന്നും ചാർജ്ജുള്ള മൊബൈൽ ഫോണും കഞ്ചാവും കണ്ടെത്തുകയുണ്ടായോ; ഒരാഴ്ചക്കിടയിൽ രണ്ടുതവണ ജയിലിൽനിന്നും ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായോ; വ്യക്തമാക്കാമോ;

(ബി) ടി. പി. ചന്ദ്രശേഖരൻ കേസിലെ ഒന്നാം പ്രതിയുടെ സെല്ലിനരികിൽ നിന്നാണോ ഇപ്പോൾ കഞ്ചാവും മൊബൈൽ ഫോണും പിടികൂടിയത്; കുറ്റവാളികൾക്ക് ഇത്തരം വസ്തുക്കൾ എത്തിച്ചുനൽകുന്നത് ജീവനക്കാരുടെ സഹായത്തോടെയാണോ; എങ്കിൽ കുറ്റക്കാരായ ജീവനക്കാർക്കെതിരെ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) കരുതൽ തടങ്കലിലുള്ള ഒരു അന്തേവാസിയുടെ ബാഗിൽ നിന്നും കണ്ടെത്തിയ സംഭവത്തിൽ ക്രൈം നമ്പർ 60/2023, ക്രൈം നമ്പർ

70/2023 എന്നിങ്ങനെ രണ്ട് കേസുകൾ വിയ്യൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

(സി) പ്രസ്തുത പ്രതിയുടെ കൈയിൽ നിന്നും ഇതിനുമുമ്പ് ഇത്തരം അനധികൃത വസ്തുക്കൾ പിടികൂടിയിട്ടുണ്ടോ; എങ്കിൽ എത്ര തവണയാണ് അത്തരത്തിൽ പിടികൂടിയിട്ടുള്ളത്; വർഷവും പിടികൂടിയ വസ്തുക്കളും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ബാധകമല്ല.

(ഡി) 2010-ന് ശേഷം ഇത്തരത്തിലുള്ള എത്ര കേസുകളാണ് വിയ്യൂർ സെൻട്രൽ ജയിലിൽ ആകെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) മറ്റ് സഹതടവുകാരെ ആക്രമിക്കുന്നതടക്കം കൊടും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരെ സൂക്ഷിച്ചിരിക്കുന്ന 'എച്ച്' ബ്ലോക്കിൽ നിന്നാണോ മയക്കുമരുന്നും മൊബൈൽ ഫോണുകളും കണ്ടെത്തിയിട്ടുള്ളത്; ഇവിടെ മയക്കുമരുന്ന് ഉപയോഗം നടക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൊട്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർ എന്ന രീതിയിൽ തരം തിരിച്ചിട്ടുള്ള തടവുകാർ ഇല്ല.

(എഫ്) ടി. പി. ചന്ദ്രശേഖരൻ കൊലപാതകക്കേസിലെ മറ്റൊരു പ്രതിയായ കിർമാണി മനോജ് വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും പരോളിലിറങ്ങിയതിനുശേഷം കണ്ണൂർ സെൻട്രൽ ജയിലിലേയ്ക്കാണോ തിരികെ പോയത്; വ്യക്തമാക്കാമോ?

കണ്ണൂർ സെൻട്രൽ പ്രിസൺ കറക്ഷണൽ ഹോമിലേയ്ക്ക് ജയിൽ മേധാവി മാറ്റം അനുവദിച്ചിട്ടുണ്ട്.

(ജി) പരോളിൽ പുറത്ത് വിടുന്ന ജയിലിലേയ്ക്കുതന്നെ കുറ്റവാളികൾ തിരികെയെത്തണമെന്ന് നിലവിലെ ജയിൽ ചട്ടങ്ങൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ പ്രതിക്ക് മാത്രമായി ജയിൽ ചട്ടങ്ങളിൽ ഇളവ് വരുത്താനിടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഇല്ല.

**മണ്ണാർക്കാട് സബ് ജയിലിന്റെ ചുറ്റുമതിൽ നിർമ്മാണം**

144 (2097) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് സബ് ജയിലിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി ആകെ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

1,48,00,000/- രൂപ (ഒരു കോടി നാല്പത്തിയെട്ട് ലക്ഷം രൂപ മാത്രം)

(ബി) ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കും; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രവൃത്തി നടത്തുന്നതിനുള്ള സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

## നെട്ടുകാൽത്തേരിയിലെ ഡയറി & സയൻസ് കോളേജ്, ഡയറി ഡെവലപ്മെന്റ് ബോർഡ് ഫാം നിർമ്മാണം

145 (2098) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഡയറി & സയൻസ് കോളേജ്, ഡയറി ഡെവലപ്മെന്റ് ബോർഡ് ഫാം എന്നിവ ആരംഭിക്കുന്നതിനായി കൈമാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) നെട്ടുകാൽത്തേരിയിൽ ഡയറി സയൻസ് കോളേജ് നിർമ്മാണത്തിനായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ്; ആയതിലേയ്ക്കായി എത്ര ഏക്കർ ഭൂമിയാണ് ആഭ്യന്തര വകുപ്പ് കൈമാറ്റം ചെയ്തു നൽകുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ നെട്ടുകാൽത്തേരിയിൽ ഡയറി ഡെവലപ്മെന്റ് ബോർഡിന് ഫാം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ആയതിലേയ്ക്കായി എത്ര ഏക്കർ ഭൂമിയാണ് ആഭ്യന്തര വകുപ്പ് കൈമാറ്റം ചെയ്തു നൽകുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഡയറി ഡെവലപ്മെന്റ് ബോർഡിന് സ്ഥലം കൈമാറുന്ന ഘട്ടത്തിൽത്തന്നെ ഡയറി സയൻസ് കോളേജ് നിർമ്മാണത്തിനായുള്ള ഭൂമിയും കൈമാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം നൽകുമോ;

(ഇ) മുഴുവൻ നടപടിക്രമങ്ങളും പൂർത്തിയാക്കി നെട്ടുകാൽത്തേരിയിൽ ഡയറി സയൻസ് കോളേജ്, ഡയറി ഡെവലപ്മെന്റ് ബോർഡ് ഫാം എന്നിവ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

(എ-ഇ) ജയിൽ വകുപ്പിന്റെ കൈവശമുള്ള നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ സ്ഥലം കൈമാറുന്ന കാര്യത്തിൽ ഒരു തീരുമാനവും ആഭ്യന്തര വകുപ്പ് കൈക്കൊണ്ടിട്ടില്ല.

**അച്ചടി വകുപ്പിലെ ജീവനക്കാരുടെ എണ്ണത്തിലുള്ള അനുപാതം**

146 (2099) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ സങ്കേതിക വിഭാഗം ജീവനക്കാരും മിനിസ്റ്റീരിയൽ ജീവനക്കാരും തമ്മിൽ എണ്ണത്തിലുള്ള അനുപാതം എപ്രകാരമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്നും ഏത് വർഷത്തിലാണ് അവസാനമായി പ്രസ്തുത അനുപാതം പുതുക്കി നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

അനുപാതം നിശ്ചയിച്ചിട്ടില്ല.

(ബി) അച്ചടി വകുപ്പിലെ സർക്കാർ പ്രസ്സുകളിൽ മൊത്തമായി മിനിസ്റ്റീരിയൽ വിഭാഗത്തിലും സങ്കേതിക വിഭാഗത്തിലും എത്ര വീതം തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) അച്ചടി വകുപ്പിലെ സർക്കാർ പ്രസ്സുകളിൽ ആധുനികവൽക്കരണംമൂലം സാങ്കേതിക വിഭാഗത്തിലെ എത്ര തസ്തികകളാണ് നിലവിൽ ഒഴിവാക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആധുനികവൽക്കരണത്തിന്റെ ഭാഗമായി സാങ്കേതിക വിഭാഗത്തിൽ 17-06-2003-ലെ സ.ഉ.(കൈ) 895/2003/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന തസ്തികകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

1. കമ്പോസിറ്റർ ഗ്രേഡ് -II

2. മോണോ കീ ബോർഡ് ഓപ്പറേറ്റർ ഗ്രേഡ് -II

3. മോണോ കീ കാസ്റ്റർ ഓപ്പറേറ്റർ ഗ്രേഡ് -II

4. മോണോ സൂപ്പർ കാസ്റ്റർ ഓപ്പറേറ്റർ ഗ്രേഡ് -II

5. ലിനോ ടൈപ്പ് ഓപ്പറേറ്റർ ഗ്രേഡ് -II

6. ഇന്റർടൈപ്പ്/ലിനോ ടൈപ്പ് ഓപ്പറേറ്റർ ഗ്രേഡ് -II

7. ഗ്യാലി പ്രസ്സ്മാൻ ഗ്രേഡ് -II

15-03-2010-ലെ സ.ഉ.(കൈ) 50/2010/ഉ.വി.വ പ്രകാരം രണ്ടാം ഗ്രേഡ് പ്രിന്റർ തസ്തിക വാനിഷിംഗ് കാറ്റഗറി തസ്തികയായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) അച്ചടി വകുപ്പിന് കീഴിലുള്ള സർക്കാർ പ്രസ്സുകളിൽ ആധുനികവൽക്കരണ നടപടികൾ തുടങ്ങിയതിനുശേഷം സാങ്കേതിക വിഭാഗം തസ്തികകൾക്ക് ആനുപാതികമായല്ല മിനിസ്റ്റീരിയൽ വിഭാഗം തസ്തികകൾ നിലനിൽക്കുന്നത് എന്ന അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുപാതം പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

147 (2100) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമത്തിനായി 2022-23 വർഷം സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; ഇതിൽ 31-1-2023 വരെ ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് 2022-23 വർഷം എത്ര ശതമാനം തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

22.3% തുകയാണ് ചെലവഴിച്ചിട്ടുള്ളത്.

(സി) ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് നടപ്പ് വർഷം കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

3.89 കോടി രൂപ മുൻ വർഷങ്ങളിൽ അംഗീകരിച്ച പദ്ധതികളുടെ രണ്ടാം ഗഡുവായി ലഭിച്ചിട്ടുണ്ട്.

**യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം**

148 (2101) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>:

<u>ശ്രീ. എം. വിജിൻ</u>:

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>:

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽനിന്നും വേറിട്ട ചിന്തകൾ കണ്ടെത്തി അവർക്ക് പിന്തുണയൊരുക്കി വിദ്യാർത്ഥികളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്ന യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന്റെ പുരോഗതി അറിയിക്കാമോ?

2018-ൽ തുടങ്ങിയ യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം അഥവാ YIP, ഇപ്പോൾ അഞ്ചാം പതിപ്പിലാണ്. കേരള ഡെവലപ്പ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ആണ് പദ്ധതികൾക്ക് നേതൃത്വം നൽകുന്നത്. 13 മുതൽ 37 വയസ്സുവരെയുള്ള സ്കൂൾ, കോളേജ്, ഗവേഷണ വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ള ഈ പരിപാടിയിൽ ഇതുവരെ 18,000 ടീമുകൾ ഭാഗമായിട്ടുണ്ട്. വിജയികളായ ടീമുകളെ പരിചയപ്പെടുത്തുന്ന YIP ഹാൾ ഓഫ് ഫെയിം വീഡിയോകൾ കെ-ഡിസ്ക് ഒഫീഷ്യൽ എന്ന യൂട്യൂബ് ചാനലിൽ ലഭ്യമാണ്. YIP 2021-ൽ 31,363 വിദ്യാർത്ഥികളടങ്ങുന്ന 9404 ടീമുകൾ പങ്കെടുത്തിരുന്നു. പ്രാഥമിക മൂല്യനിർണ്ണയത്തിൽ 1318 ടീമുകൾ തെരഞ്ഞെടുക്കപ്പെട്ടു. ഇതിൽ 948 ടീമുകൾ വിശദമായ സ്റ്റേക്ക്ഹോൾഡർ സർവ്വേ ചെയ്യുന്ന ഘട്ടത്തിലാണ്. അതേത്തുടർന്ന് ജില്ലാതല തെരഞ്ഞെടുപ്പ് നടക്കും. YIP-യിൽ സമർപ്പിക്കപ്പെട്ട ആശയങ്ങളിൽ ചിലതിന് പേറ്റന്റിന്റെ സാധ്യത തേടുന്നുണ്ട്. വൈ.ഐ.പി.-ക്ക് രജിസ്റ്റർ ചെയ്ത 7000 വിദ്യാഭ്യാസ സ്ഥാപനങ്ങൾ, 60 ഡൊമൈൻ പങ്കാളി സ്ഥാപനങ്ങൾ, 16000 ഫെസിലിറ്റേറ്റർമാർ, 75 സാങ്കേതിക മെന്റർമാർ, 170 ഡൊമൈൻ മെന്റർമാർ, ആയിരത്തിലേറെ ഇവാല്യൂവേറ്റർമാർ എന്നിവരടങ്ങുന്ന വിപുലമായ ആവാസവ്യവസ്ഥയുണ്ട്.

പൂർത്തിയാക്കിയ ആദ്യ രണ്ട് പതിപ്പുകളായ YIP 2018-ലും YIP 2019-ലും യഥാക്രമം 17, 12 ടീമുകൾ സംസ്ഥാനതല വിജയികളായി പ്രോജക്റ്റുകൾ പൂർത്തിയാക്കി. YIP 2020-ൽ 41 ടീമുകൾ സംസ്ഥാനതലത്തിൽ വിജയികളായി പ്രോജക്റ്റ് ചെയ്യാൻ തയ്യാറെടുക്കുന്നു. നോർമൽ ഇന്നൊവേഷൻ ട്രാക്ക്, ആക്സിലറേറ്റഡ് ഇന്നൊവേഷൻ ട്രാക്ക്, എന്ന രണ്ടു ചലഞ്ചുകളിലൂടെയാണ് ഈ ടീമുകളെ കണ്ടെത്തിയത്.

2022 ഡിസംബർ 15-ന് ആരംഭിച്ച YIP 2022 അഥവാ YIP 5.0 ലക്ഷ്യമിടുന്നത്, നിലവിലുള്ളതിനേക്കാൾ കൂടുതൽ സർക്കാർ സ്ഥാപനങ്ങളുടെയും ഈ സ്ഥാപനങ്ങളിൽ നിന്നുള്ള കൂടുതൽ മെന്റർമാരുടെയും പങ്കാളിത്തമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നതവിദ്യാഭ്യാസ വകുപ്പ്, തൊഴിൽ-നൈപുണ്യ വകുപ്പ്, സർവ്വകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവയിൽനിന്ന് കൂടുതൽ സഹകരണം ഉറപ്പാക്കുന്നതിലൂടെ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ, മൽസ്യത്തൊഴിലാളി കുടുംബങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങി, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽപ്പെട്ടവരുടെയും പെൺകുട്ടികളുടെയും പരമാവധി പങ്കാളിത്തം ഈ പരിപാടിയിൽ ഉറപ്പാക്കുന്നു. സ്കൂൾ വിഭാഗത്തിലെ പരിപാടി സമഗ്രശിക്ഷ കേരളയും പൊതുവിദ്യാഭ്യാസ

വകുപ്പുമായി ചേർന്ന് വൈ.ഐ.പി. - ശാസ്ത്രപഥം എന്ന പേരിൽ ആരംഭിച്ചു. പ്രാഥമിക ഘട്ടം കഴിഞ്ഞപ്പോൾ 2034 സ്കൂളുകളിൽ നിന്ന് 6447 വിദ്യാർത്ഥി കൂട്ടായ്മകൾ ആശയങ്ങൾ സമർപ്പിച്ചു. അവരുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി, വിജയികൾക്ക് ബ്ലോക്കുതല ദ്വിദിന പരിശീലന ക്യാമ്പുകൾ ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചത് എപ്പോഴാണ്; എത്ര വർഷമാണ് പദ്ധതിയുടെ കാലാവധി; വ്യക്തമാക്കാമോ?

യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന്റെ ആദ്യ പതിപ്പ് ആരംഭിച്ചത് 2018- ലാണ്. ഓരോ പതിപ്പിന്റെയും കാലാവധി പരമാവധി 3 വർഷമാണ്.

(സി) യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന് സ്കോളർഷിപ്പിന്റെ പിന്തുണ ഒരുക്കുന്നുണ്ടോ; ഏതൊക്കെ വിഷയങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്; വിശദമാക്കാമോ?

യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിൽ സംസ്ഥാന തലത്തിൽ വിജയികളായി വരുന്ന വിദ്യാർത്ഥി ടീമുകൾക്ക് തുടർന്ന് പ്രോജക്ട് ചെയ്യാനായി ഫണ്ടിംഗിന്റെ രൂപത്തിൽ സ്കോളർഷിപ്പ് സഹായങ്ങളും വിദഗ്ധരുടെ മെന്ററിംഗ് പിന്തുണയും നൽകുന്നു. ഡൊമൈൻ, സാങ്കേതികവിദ്യ, ബൗദ്ധിക സ്വത്ത് സംരക്ഷണം, ബിസിനസ്സ് പ്ലാൻ

രൂപീകരണം, പ്രോട്ടോടൈപ്പിംഗ് എന്നീ അഞ്ച് വിഷയങ്ങളിലാണ് മെന്ററിംഗ് നൽകുന്നത്. വൈ.ഐ.പി.-യിൽ സുപ്രധാനമായത് ഇനിപ്പറയുന്ന 22 ഡൊമൈനുകളിലെ യഥാർത്ഥ ജീവിതപ്രശ്ന പരിഹാരമാണ്.

1. കൃഷി, വനം, സസ്യശാസ്ത്രവും

2. മൃഗസംരക്ഷണവും പൗൾട്രി സേവനങ്ങളും

3. ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ്

4. പരമ്പരാഗത വ്യവസായങ്ങളും ചെറുകിട ഇടത്തര സംരംഭങ്ങളും

5. ക്ഷീരോൽപ്പാദനവും ഭക്ഷ്യ സാങ്കേതികവിദ്യകളും

6. കോംപ്ലിമെന്ററി ആന്റ് ഓൾറ്റെർനെറ്റീവ് മെഡിസിൻ - ആയുഷ്

7. പ്രായമായവരുടെ പ്രശ്നങ്ങൾ

8. കുട്ടികളുടെ പ്രശ്നങ്ങൾ

9. ജലസംരക്ഷണവും കുടിവെള്ളവും

10. പാർപ്പിടം, പൈതൃകം & സംസ്കാരം

11. റിന്യൂവബിൾ ഊർജ്ജ സംരക്ഷണം, ഇ-മൊബിലിറ്റി, കാർബൺ

ആഗിരണം.

12. നഗരാസൂത്രണം, ഗതാഗതം, തുറമുഖം, തുറമുഖ എഞ്ചിനീയറിംഗ്

13. കാലാവസ്ഥാ വ്യതിയാന സ്വീകരണം, ദുരന്ത നിവാരണം,

പാരിസ്ഥിതിക ശാസ്ത്രം

14. ഖര, ദ്രാവക, അപകടകരമായ മാലിന്യങ്ങളുടെ നിർമ്മാർജനവും

മാനേജ്മെന്റും

15. ഭിന്നശേഷിക്കാർക്കുള്ള സഹായക സാങ്കേതികവിദ്യകളും

ധരിക്കാവുന്ന ഉപകരണങ്ങളും

16. മഹാമാരിയനന്തര ഇന്നൊവേഷനുകളും സാംക്രമിക രോഗങ്ങൾ

കൈകാര്യം ചെയ്യലും

17. ആധുനിക വൈദ്യശാസ്ത്രവും ബയോമെഡിക്കൽ

സാങ്കേതികവിദ്യയും

18. ഡാറ്റാ സയൻസസും ഭാവി സാങ്കേതികവിദ്യകളും

19. പാർശ്വവൽകൃത പിന്നാക്ക മേഖലകളുടെ പ്രശ്നങ്ങൾ

20. ബയോടെക്നോളജി, മോളിക്യുലർ ബയോളജി ജനിതകശാസ്ത്രവും

21. ഡിജിറ്റൽ, ക്രിയേറ്റീവ് കലാരൂപങ്ങൾ AR/ VR & ഗെയിം രൂപകല്പന

22. ഇന്നൊവേഷൻ കളക്ടീവുകളും കോ-ഓപ്പറേറ്റീവുകളും

**മിഷൻ മോഡ് പ്രോജക്ടുകളിലെ നിയമനം**

149 (2102) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാനത്തെ വിവിധ മിഷൻ മോഡ് പ്രോജക്ടുകൾ, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പ്രോജക്ട്സ് എന്നിവിടങ്ങളിൽ കരാർ/താൽക്കാലിക വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുള്ള ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മിഷൻ മോഡ് പ്രോജക്ടുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനേ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ-സി) മിഷൻ മോഡ് പ്രോജക്ടുകൾ, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പ്രോജക്ടുകൾ തുടങ്ങിയവ ഒരു നിശ്ചിത കാലയളവിലേയ്ക്ക് മാത്രമുള്ളതാണ്. ഇവയിൽ സ്ഥിര നിയമനങ്ങൾ പ്രായോഗികമല്ലാത്തതിനാൽ കരാർ/ഡെപ്യൂട്ടേഷൻ/താൽക്കാലിക നിയമനങ്ങളാണ് നടത്തിവരുന്നത്. 2016 മുതൽ ഇപ്രകാരം വിവിധ പ്രോജക്ടുളിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

**ചിറയിൻകീഴ് നിയോജമണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി**

150 (2103) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നിലിവലെ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

(സി) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ പുതുതായി ഏതെങ്കിലും പ്രവൃത്തികൾ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല.

**മൂലധന നിക്ഷേപം ആകർഷിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ**

151 (2104) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേയ്ക്ക് മൂലധനനിക്ഷേപം ആകർഷിക്കുന്നതിൽ മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തിയ വിദേശയാത്രകൾ എത്രത്തോളം ഗുണകരമായെന്ന് വിശദമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) സംസ്ഥാനത്തിലേയ്ക്ക് മൂലധന നിക്ഷേപം ആകർഷിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(എ&ബി) 2019-ൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പുമന്ത്രി ഉൾപ്പെട്ട സംഘം ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിൽ നടത്തിയ സന്ദർശനത്തിൽ, M/s. നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയുടെയും M/s. ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ പെൻപോളിൽ 105 കോടി രൂപയുടെ നിക്ഷേപം നടത്താനുള്ള പദ്ധതിയുടെയും നിക്ഷേപ വാഗ്ദാനം ലഭിച്ചിരുന്നു.

ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡി.പി.ആർ.) അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടുള്ള കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥലം അനുവദിച്ച് നൽകിയിട്ടുമുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.

അതുപോലെ ടെറുമോ പെൻപോളിന്റെ നിക്ഷേപ നിർദ്ദേശവുമായി ബന്ധപ്പെട്ട പുതിയ ഫാക്ടറി (ബ്ലഡ് ബാഗ് കപ്പാസിറ്റി എക്സ്പാൻഷൻ പ്രോജക്ട്) 2022 ഫെബ്രുവരിയിൽ തിരുവനന്തപുരം പുളിയറക്കോണത്ത് പ്രവർത്തനമാരംഭിച്ചതായും അതിന്റെ ഭാഗമായി 17 മില്യൺ യു.എസ്. ഡോളറിന്റെ (ഏകദേശം 137 കോടി രൂപ) നിക്ഷേപമുണ്ടായതായും കമ്പനി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

2021 ഒക്ടോബർ 1 മുതൽ 2022 മാർച്ച് 31 വരെ ദുബായിയിൽ നടന്ന 'ദുബായ് വേൾഡ് എക്സ്പോ 2020-ൽ' ഇന്ത്യ പവലിയന്റെ ഭാഗമായി 'കേരള വീക്ക് ' 2022 ഫെബ്രുവരി 4 മുതൽ 10 വരെ നടത്തപ്പെടുകയുണ്ടായി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ്, നോർക്ക, ടൂറിസം, സ്റ്റാർട്ടപ്പ് മിഷൻ, കേസ് (KASE), ഒഡേപെക് എന്നീ വകുപ്പുകളും ഏജൻസികളും, സംരംഭകരുമായി വിവധ തലത്തിലുള്ള കൂടിക്കാഴ്ചകളും ആശയവിനിമയങ്ങളും നടത്തിയിരുന്നു. അതിനോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ 2022 ഫെബ്രുവരി 5-ന് ദുബായിയിൽ വച്ച് 'ഇൻവെസ്റ്റർ മീറ്റ്' സംഘടിപ്പിച്ചിരുന്നു. കേരളത്തെ വ്യവസായ സൗഹൃദ

സംസ്ഥാനമായി ഉയർത്തിക്കാട്ടി വിദേശ നിക്ഷേപകരെ കേരളത്തിലേയ്ക്ക് നിക്ഷേപം ആകർക്കുന്നതിനായി അറബ്, രാജ്യാന്തര വ്യവസായികളെ ഉൾപ്പെടുത്തിയുള്ള നിക്ഷേപക സംഗമമാണ് നടന്നത്. ദുബായ് സന്ദർശനത്തിന്റെ ഫലമായി ഇതിനകം 170 കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യു.കെ, നോർവേ തുടങ്ങിയ രാജ്യങ്ങളിൽ നടത്തിയ സന്ദർശനത്തിന്റെ ഭാഗമായി നിരവധി നിക്ഷേപ നിർദ്ദേശങ്ങൾ ഉണ്ടാവുകയും ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. നിക്ഷേപനിർദ്ദേശങ്ങളിൽ ഉൾപ്പെടുന്ന സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കുന്നതിന്റെ സാധ്യതകൾ ചർച്ചചെയ്യുന്നതിനായി നോർവേ കമ്പനികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. നോർവീജിയൻ സംരംഭകരുടെ പ്രത്യേക സംഗമം കേരളത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

വിദേശയാത്രയുടെ ഭാഗമായി ഉരുത്തിരിഞ്ഞ നിക്ഷേപ നിർദ്ദേശങ്ങളിൽ സാധ്യതയുള്ളവയുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## മണലൂർ മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി

152 (2105) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ഇ-ഹെൽത്ത് സംവിധാനം നിലവിൽ വന്നിട്ടുള്ളതെന്ന് അറിയിക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ വെങ്കിടങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രം, മണലൂർ കുടുംബാരോഗ്യ കേന്ദ്രം എന്നീ ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി പൂർണ്ണമായും കടലാസ്സ് രഹിതമായാണ് പ്രവർത്തിക്കുന്നത്. നെറ്റ് വർക്കിംഗ്, കണക്ടിവിറ്റി എന്നീ വർക്കുകൾ പൂർത്തിയായ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഹാർഡ്‌വെയറുകൾ ലഭിക്കുന്നമുറയ്ക്ക് ഇ-ഹെൽത്ത് പദ്ധതി കാലതാമസം കൂടാതെ ആരംഭിക്കുന്നതാണ്.

2022-23 സാമ്പത്തിക വർഷം ഇ-ഹെൽത്ത് പദ്ധതി നിർവ്വഹണത്തിനായി തയ്യാറാക്കിയ ആശുപത്രികളുടെ പുതുക്കിയ പട്ടികയിൽ മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടാണശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം, വാടാനപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നീ ആശുപത്രികൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ ആശുപത്രികളിൽ ഇ-ഹെൽത്ത്

പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഇ-ഹെൽത്ത് സംവിധാനത്തിലൂടെ ഓൺലൈൻ അപ്പോയ്മെന്റ്, കൺസൾട്ടേഷൻ, ലബോറട്ടറി റിപ്പോർട്ടുകൾ (എസ്.എം.എസ്. അലർട്ട്), പേഷ്യന്റ് രജിസ്ട്രേഷൻ, ടോക്കൺ അധിഷ്ഠിത ക്യൂ നിയന്ത്രണം, റഫറൽ & അഡ്വാൻസ് ബുക്കിംഗ്, ഫാർമസി, ബില്ലിംഗ്, ഇൻപേഷ്യന്റ് മാനേജ്മന്റ് (ഡയറ്റ് മാനേജ്മെന്റ്, ബെഡ് മാനേജ്മെന്റ്, വാർഡ്/ ബെഡ് ട്രാൻസ്ഫർ), ഡിസ്ചാർജ് സമ്മറി എന്നീ സേവനങ്ങൾ നൽകിവരുന്നു.

ഇ-ഹെൽത്ത് മുഖേന ലഭിക്കുന്ന വിവിധ ആശുപത്രി സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) മണ്ഡലത്തിലെ മറ്റ് ആരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ആശുപത്രികളുടെ അടിസ്ഥാന ഭൗതിക സാഹചര്യം വിലയിരുത്തിയാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. മണലൂർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിയോജകമണ്ഡലത്തിലെ ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ അരിമ്പൂർ, എളവള്ളി, ചൂണ്ടൽ എന്നിവിടങ്ങളിൽ പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാകുന്നമുറക്ക് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്.

## പാലിയേറ്റീവ് കെയർ പദ്ധതി

153 (2106) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിയേറ്റീവ് കെയറിന്റെ പ്രാധാന്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിക്കാൻ പദ്ധതിയുണ്ടോ?

2019-ൽ നിലവിൽവന്ന പരിഷ്കരിച്ച പാലിയേറ്റീവ് കെയർ നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പാലിയേറ്റീവ് കെയർ പദ്ധതി വിവിധ മേഖലകളിലേയ്ക്ക് വികസിപ്പിക്കുന്നതിന് ലക്ഷ്യംവച്ചിരുന്നു. അതിന്റെ മുന്നോടിയായി കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളും പാലിയേറ്റീവ് കെയർ ശാക്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി എല്ലാ മെഡിക്കൽ കോളേജുകളിലെയും പാലിയേറ്റീവ്

വിഭാഗത്തിലെ മേധാവികളുടെ യോഗം സംസ്ഥാന തലത്തിൽ നടത്തുകയും നടപ്പിലാക്കേണ്ട പദ്ധതികളുടെ കരട് തയ്യാറാക്കുകയുമുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 350-ൽപ്പരം എൻ.ജി.ഒ.-കളും സാമൂഹ്യാധിഷ്ഠിത സംഘടനകളും ആരോഗ്യ വകുപ്പും ചേർന്നാണ് പാലിയേറ്റീവ് പരിചരണം സംസ്ഥാനത്ത് പ്രാവർത്തികമാക്കിവരുന്നത്.

ആശുപത്രികളിലെപ്പോലെതന്നെ ഗൃഹപരിപാലനത്തിലും ഊന്നൽ നൽകുന്നതാണ് പുതുക്കിയ 2019-ലെ പാലിയേറ്റീവ് പരിപാലന നയം. 2019-ലെ പുതുക്കിയ പാലിയേറ്റീവ് കെയർ നയത്തിന്റെ ഭാഗമായി ചില മെഡിക്കൽ കോളേജുകളിൽ ഔട്ട് പേഷ്യന്റ്, ഇൻപേഷ്യന്റ്, ഹോം കെയർ സേവനങ്ങൾ നൽകിവരുന്നു. മെഡിക്കൽ കോളേജുകളിലെ അനസ്തേഷ്യ, കമ്മ്യൂണിറ്റി മെഡിസിൻ, റേഡിയോ തെറാപ്പി, സർജറി, മെഡിസിൻ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ തുടങ്ങിയ വിഭാഗങ്ങളുടെ ഏകോപനത്തിലൂടെയാണ് സേവനങ്ങൾ നൽകിവരുന്നത്.

പാലിയേറ്റീവ് കെയർ ആവശ്യമായ രോഗികൾക്ക് വേദന സംഹാരികളായ മരുന്നുകൾ മെഡിക്കൽ കോളേജുകൾവഴി നൽകിവരുന്നു. പാലിയേറ്റീവ് പരിചരണത്തിൽ പരിശീലനം ഡോക്ടർമാർക്കും നഴ്സുമാർക്കും

ഉറപ്പുവരുത്തുന്നു. കൂടുതൽ രോഗികൾക്ക് സേവനമെത്തിക്കാനും ലക്ഷ്യമിടുന്നുണ്ട്.

മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള പാലിയേറ്റീവ് പരിചരണ യൂണിറ്റുകളെ പാലിയേറ്റീവ് മെഡിസിൻ വിഭാഗമായി ഉയർത്താനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. 10 മെഡിക്കൽ കോളേജുകൾക്ക് 10 ലക്ഷം രൂപ വീതം അനുവദിച്ച് സ്വതന്ത്ര ചുമതലയുള്ള പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ ((RHTC) അർബൻ ഹെൽത്ത് ടെയിനിംഗ് സെന്റർ (UHTC) എന്നിവ വഴിയും പാലിയേറ്റീവ് പരിചരണ സേവനങ്ങൾ നൽകിവരുന്നു. ഈ സെന്ററുകളിൽ ഇതിനായി മൊബൈൽ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഉണ്ടെങ്കിൽ മെഡിക്കൽ കോളേജുകൾക്ക് പ്രസ്തുത ആവശ്യത്തിലേക്ക് എത്ര തുക അനുവദിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഈ സാമ്പത്തിക വർഷത്തിൽ പത്ത് മെഡിക്കൽ കോളേജുകൾക്ക് 10 ലക്ഷം രൂപ വീതം ഒരു കോടി രൂപയുടെയുള്ള പ്രൊപ്പോസൽ സർക്കാർ

പരിശോധിച്ചുവരുന്നു. മെഡിക്കൽ കോളേജുകളിൽ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനും മരുന്നുകളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനുമാണ് ഈ തുക വിനിയോഗിക്കേണ്ടത്.

## കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കാസ്പ്)

154 (2107) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കാസ്പ്)-യിൽ നിലവിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് വിശദമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 42 ലക്ഷം ഗുണഭോക്താക്കളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) ഒരു ഗുണഭോക്താവിന് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ചെലവാക്കുന്ന വിഹിതം എത്രയാണെന്ന് അറിയിക്കാമോ?

കാരുണ്യ സുരക്ഷാ പദ്ധതിയിൽ ഒരു കുടുംബത്തിന് 631.2 രൂപ നിരക്കിൽ 2200554 കുടുംബങ്ങൾക്ക് ആകെ 138.89 കോടി രൂപ കേന്ദ്ര സർക്കാർ ഓരോ വർഷവും ചെലവഴിക്കുന്നു. എന്നാൽ സംസ്ഥാന

സർക്കാർ ഓരോ ഗുണഭോക്താവിനും ചികിത്സക്കായി ചെലവാകുന്ന തുക പൂർണമായും അനുവദിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഈയിനത്തിൽ ചെലവാക്കിയ തുകയുടെ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22, 2022-2023 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ 1802.50 കോടി രൂപയും കേന്ദ്ര സർക്കാർ 277.78 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) നിയമപ്രകാരം കേന്ദ്ര സർക്കാർ നൽകേണ്ട വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

നിയമപ്രകാരം കേന്ദ്ര സർക്കാർ നൽകുന്ന വിഹിതത്തിൽ കുറവുണ്ടായിട്ടില്ല.

## മിഠായി പദ്ധതി

155 (2108) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിലെ മിഠായി പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങളും അവയുടെ മാനദണ്ഡങ്ങളും വിശദമാക്കുമോ?

സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന മിഠായി പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങളും അവയുടെ മാനദണ്ഡങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

(ബി) എല്ലാ ജില്ലാ-താലൂക്ക് ആശുപത്രികളിലും മിഠായി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ടൈപ്പ്-1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നൽകുന്നതിന് ആരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയായ 'മിഠായി' തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ എല്ലാ ജില്ലകളിലെയും കുട്ടികൾക്കും മരുന്നുകൾക്കും മറ്റുചികിത്സക്കുമായി ദീർഘദൂരം സഞ്ചരിക്കേണ്ട സാഹചര്യമുണ്ടായിരുന്നതിനാൽ 25-04-2022 മുതൽ ക്ലിനിക്കിന്റെ സേവനം ലഭ്യമല്ലാതിരുന്ന 9 ജില്ലകളിലും സാറ്റലൈറ്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കോക്ലിയാർ ഇംപ്ലാന്റ് ശ്രവണ സഹായ ഉപകരണങ്ങൾ

156 (2109) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശ്രുതി മധുരം, കാതോരം, ഐ.എഫ്.എം.എ. എന്നീ പദ്ധതികൾ പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ ചെയ്തിട്ടുള്ള കുട്ടികളുടെ ശ്രവണ സഹായ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ച് ഉപയോഗിക്കാൻ കഴിയാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് എന്ത് പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

14-02-2020-ലെ സ.ഉ.(ആർ.ടി) നം. 79/2020/സാ.നീ.വ. പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ കേടുപാടുകൾ സംഭവിച്ച ശ്രവണ സഹായ ഉപകരണങ്ങൾക്കുപകരം പുതിയ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും സ്പീച്ച് പ്രോസസ്സർ സർവ്വീസ് ചെയ്തു നൽകുന്നതിനുമായി മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ശ്രവണ സഹായികളുടെ

കേട്ടുപാടുകൾ പരിഹരിച്ചുനൽകുന്നു. ടി ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞവരായിരിക്കണം.

2. 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം.

3. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.

4. കേരളത്തിലുള്ളവരായിരിക്കണം.

5. നിശ്ചിത രീതിയിലുള്ള അപേക്ഷ അനുബന്ധ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കണം.

6. ശ്രുതിതരംഗം പദ്ധതി പ്രകാരം എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ മുഖേനയായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.

7. വാറണ്ടി/എക്സ്റ്റൻഡഡ് വാറണ്ടി എന്നിവ ഉപകരണങ്ങൾക്ക് നിലവിലുണ്ടെങ്കിൽ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.

8. ഈ പദ്ധതി പ്രകാരം വാങ്ങി നൽകുന്ന ഉപകരണങ്ങൾ കേട്ടുകൂടാതെ സൂക്ഷിക്കുമെന്ന് അപേക്ഷകർ അപേക്ഷയിൽ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

9. ഒരു തവണ മെയിന്റനൻസിന്റെ ആനുകൂല്യം ലഭിച്ചു കഴിഞ്ഞാൽ കമ്പനി നൽകുന്ന വാറണ്ടി പിരീഡ് കഴിഞ്ഞതിനുശേഷം മാത്രമേ വീണ്ടും മെയിന്റനൻസിനായി അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

(ബി) ശ്രവണ സഹായ ഉപകരണങ്ങളുടെ ഗുണമേന്മ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; തകരാറിലായ ശ്രവണ സഹായ ഉപകരണങ്ങൾ വിതരണം ചെയ്ത കമ്പനികൾ അവരുടെ നിർമ്മാണവും വിതരണവും നിർത്തിയത് മൂലം ഗുണഭോക്താക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

28-09-17-ലെ സ.ഉ. (എം.എസ്) നം. 640/17/സാനീവ ഉത്തരവ് പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് രക്ഷിതാക്കളുടെ സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയ 25 വയസ്സുവരെയുള്ളവർക്ക് സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്ത്

നൽകുന്നതിനുള്ള ധ്വനി പദ്ധതി കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്നു. പ്രസ്തുത ഉപകരണങ്ങളുടെ ഗുണമേന്മ ടെണ്ടർ വേളയിൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. മേൽ പദ്ധതി പ്രകാരം സ്പീച് പ്രോസസ്സർ വാറന്റി കഴിയുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് സൗജന്യമായി പ്രോസസ്സർ അപ്ഗ്രേഡുചെയ്ത് നൽകുന്നുണ്ട്.

(സി) ഐ.എഫ്.എം.എ. പ്രകാരം സർജറി ചെയ്തിട്ടുള്ളവരുടെ ഇംപ്ലാന്റ് ഒഴികെ ബാഹ്യമായി ഘടിപ്പിക്കുന്ന ശ്രവണ സഹായ ഉപകരണങ്ങൾ കേടായത് കാരണമുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) കേടാകുന്ന ശ്രവണ സഹായികൾക്ക് പകരം പൊതുവിപണിയിൽനിന്നും ഇത്തരം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയും അർഹതയുള്ളവർക്ക് ആയതിന് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനുള്ള ഉത്തരവും പുറപ്പെടുവിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഇൻഷുറൻസ് വിഹിതം

157 (2110) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ) ഇൻഷുറൻസ് വിഹിതത്തിന്റെ 20% ഹെൽത്ത് ഏജൻസിക്ക് നൽകണമെന്ന ഉത്തരവ് മരവിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇൻഷുറൻസ് വിഹിതത്തിന്റെ 15% ആശുപത്രി ജീവനക്കാർക്ക് ഇൻസെന്റീവായി നൽകാനുള്ള നീക്കം താൽക്കാലികമായി ഉപേക്ഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ & ബി) കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതിയുടെ ഫണ്ട് ഉപയോഗത്തിനായുള്ള മാർഗ്ഗനിർദേശങ്ങൾ പുതുക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

(സി) സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികൾക്ക് പരിശോധനകൾക്കും മരുന്നുകൾ വാങ്ങുന്നതിനും പുറത്തുള്ള സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ

ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനായി അതത് സർക്കാർ ആശുപത്രികളിൽത്തന്നെ പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം വാർഷിക ഇൻഡന്റ് മുഖേന ലഭ്യമാകുന്ന ഏതെങ്കിലും മരുന്നുകൾക്ക് താൽക്കാലികമായി ലഭ്യതക്കുറവുണ്ടാകുന്ന സാഹചര്യത്തിലോ അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെടാത്തതും കെ.എം.എസ്.സി.എൽ. മുഖാന്തരം ലഭ്യമാകാത്തതുമായ മരുന്നുകളുണ്ടെങ്കിൽ അവ സർക്കാരിന്റെ വിവിധ പദ്ധതികളായ KASP, RBSK, JSSK തുടങ്ങിയവയുടെയും HMC-യുടെയും ഫണ്ടുപയോഗിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽനിന്നും ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമെ വേറെ ഏതെങ്കിലും മരുന്നുകൾ ആവശ്യമായി വരികയാണെങ്കിൽ ആശുപത്രിയുടെ സമീപത്തുള്ള നീതി/മാവേലി മെഡിക്കൽ സ്റ്റോറുകളിൽ നിന്നോ മറ്റു മെഡിക്കൽ സ്റ്റോറിൽ നിന്നോ ലഭ്യമാകുന്നു. ആശുപത്രികളിൽ ലഭ്യമല്ലാത്ത പരിശോധനകൾ KASP, RBSK, JSSK തുടങ്ങിയ പദ്ധതികളിലെ ഫണ്ടുപയോഗിച്ച് മറ്റ് ലാബുകളിൽനിന്നും രോഗികൾക്ക് സേവനം ലഭ്യമാക്കാറുണ്ട്.

## അമ്മയും കുഞ്ഞും കോംപ്ലക്സ് നിർമ്മാണം

158 (2111) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജെ.വി.കെ. (പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം) പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ പുതുക്കാട് താലൂക്ക് ആശുപത്രിയിൽ അമ്മയും കുഞ്ഞും കോംപ്ലക്സ് നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ മുപ്പത് വർഷത്തിനുശേഷം ഗൈനക് ഐ.പി. പുനഃരാംരംഭിച്ച സാഹചര്യത്തിൽ അമ്മയും കുഞ്ഞും കോംപ്ലക്സ് നിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) തൃശ്ശൂർ ജില്ലയിൽ ആരോഗ്യ മേഖലയിലെ ഏതെല്ലാം പ്രോജക്ടുകളാണ് പി.എം.ജെ.വി.കെ.-യിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി കേന്ദ്രാനുമതി ലഭ്യമാക്കാൻ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ-സി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പരിശോധനയിലാണുള്ളത്.

## കുറ്റിപ്പുറം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

159 (2112) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ മരാമത്ത് പണികൾ, വാല്യം II-ൽ ക്രമ നമ്പർ 2670 ആയി ഉൾപ്പെടുത്തി 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും എന്നാണ് കെട്ടിട നിർമ്മാണത്തിന്റെ ഭരണാനുമതിക്കുവേണ്ടിയുള്ള ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും സർക്കാരിലും ലഭിച്ചതെന്ന് അറിയിക്കുമോ?

ഭരണാനുമതിക്ക് വേണ്ടിയുള്ള ശിപാർശ 05-02-2021-ൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും 10-02-2021-ൽ സർക്കാരിലും ലഭിച്ചു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കാനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; ഭരണാനുമതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് ശിപാർശ ലഭ്യമായപ്പോൾ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വന്നതിനാൽ പ്രസ്തുത ശിപാർശ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കാൻ തീരുമാനിച്ചിരുന്നു. കെട്ടിടനിർമ്മാണത്തിന് 4210-01-110-74 PV എന്ന ശീർഷകത്തിൽ ഭരണാനുമതി ലഭിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നെങ്കിലും 2021-22 സാമ്പത്തികവർഷം പ്രസ്തുത ഹെഡിൽ തുകയില്ലാത്തതിനാൽ ആ സാമ്പത്തികവർഷം നൽകാൻ കഴിഞ്ഞില്ല. തുടർന്ന് 4210-01-110-74-01 PV ശീർഷകത്തിലെ ഫണ്ട് ലഭ്യതക്ക് വിധേയമായി ടി പ്രവൃത്തി Departmental Working Group Meeting-ൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി ഫയൽ സമർപ്പിച്ചിട്ടുള്ളത് എന്നൊക്കെയാണെന്നും പ്രസ്തുത ഫയലിൽ ധന വകുപ്പിന്റെ റിമാർക്സ് എന്തായിരുന്നുവെന്നും വിശദമാക്കുമോ?

13-02-2021, 10-06-2021, 13-09-2021 എന്നീ തീയതികളിൽ ധനകാര്യ വകുപ്പിന് ഫയൽ നൽകിയിരുന്നു. 13-02-2021-ൽ നൽകിയിരുന്നപ്പോൾ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വന്നതിനാൽ പ്രസ്തുത ശിപാർശ അടുത്ത സാമ്പത്തികവർഷം പരിഗണിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. 10-06-2021-ൽ നൽകിയിരുന്നപ്പോൾ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെയും കൊണ്ടോട്ടി താലൂക്ക് ആശുപത്രിയുടെയും നിർമ്മാണ പ്രവൃത്തികൾ അടുത്ത Departmental Working Group Meeting-ൽ ഉൾപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷത്തെ 4210-01-110-74-PV എന്ന ശീർഷകത്തിലെ തുക വിനിയോഗിച്ച് ചെയ്യാവുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നു.

13-09-2021-ൽ നൽകിയിരുന്നപ്പോൾ 4210-01-110-74-01 PV ശീർഷകത്തിലെ ഫണ്ട് ലഭ്യതക്ക് വിധേയമായി ടി പ്രവൃത്തി ധനകാര്യവകുപ്പ് മുമ്പ് നിർദ്ദേശിച്ച പ്രകാരം Departmental Working Group

Meeting-ൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ആ വകുപ്പ് അറിയിച്ചിട്ടുള്ളതാണ്.

(ഡി) ധനവകുപ്പിന്റെ റിമാർക്സിൻമേൽ ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ 4210-01-110-74-PV എന്ന ശീർഷകത്തിലെ ഫണ്ട് വിനിയോഗിച്ച്, വകുപ്പുതല വർക്ക് ഗ്രൂപ്പ് മീറ്റിംഗിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പിന് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ എന്നാണ് നിർദ്ദേശം നൽകിയതെന്നും അതിന്മേൽ ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കുമോ?

(ഡി & ഇ) ധനകാര്യ വകുപ്പിന്റെ 29-06-2021, 05-10-2021 എന്നീ തീയതികളിലെ നിർദ്ദേശപ്രകാരം കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ Departmental Working Group Meeting-ൽ ഉൾപ്പെടുത്താനായി അടിയന്തര ശിപാർശ സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് 11-07-2021, 27-10-2021 എന്നീ

തീയതികളിലെ കത്തുകൾ പ്രകാരം ഫയൽ നം. HEALTH-P3/29/2021-HEALTH-ൽ നിർദ്ദേശം നൽകിയിരുന്നു.

(എഫ്) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തുകളുടെയും അതിന്മേൽ സ്വീകരിച്ച നടപടികളുടെയും വിശദാംശം ലഭ്യമാക്കുമോ?

02-02-2021, 04-06-2021, 28-10-2021, 09-12-2022 എന്നീ തീയതികളിലെ കത്തുകൾ എം.എൽ.എ. സമർപ്പിച്ചിരുന്നു. എം.എൽ.എ.-യുടെ കത്തുകളിന്മേൽ നടപടി സ്വീകരിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ Departmental Working Group Meeting-ൽ ഉൾപ്പെടുത്താനായി അടിയന്തര ശിപാർശ സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

## ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതി

160 (2113) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ ക്യാൻസർ സെന്ററിൽ നടപ്പിലാക്കി വന്നിരുന്ന ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതി നിർത്തിവയ്ക്കാനുള്ള കാരണം വിശദമാക്കാമോ?

ആർ.സി.സി.-യുടെ ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതിക്ക് വിവിധ ഘട്ടങ്ങളുണ്ടായിരുന്നു. 1986-ൽ കേവലം 101 രൂപ അംഗത്വ ഫീസോടുകൂടി ആരംഭിച്ച ഈ പദ്ധതി 1991-ൽ അവസാനിച്ചിരുന്നു. ഈ ഒന്നാംഘട്ട പദ്ധതിക്കുശേഷം 1992-ൽ 500 രൂപ അംഗത്വ ഫീസോടുകൂടി രണ്ടാംഘട്ട പദ്ധതി ആരംഭിക്കുകയും അത് 1997 മാർച്ച് മാസത്തിൽ അവസാനിക്കുകയും ചെയ്തു. 1997 ഏപ്രിൽ മാസത്തിൽ 500/- രൂപ, 10,000/- രൂപ എന്നീ രണ്ട് തരം അംഗത്വ ഫീസോടുകൂടി തുടങ്ങിയ മൂന്നാം ഘട്ടപദ്ധതി 2014 ഓഗസ്റ്റ് മാസത്തിൽ അവസാനിച്ചിരുന്നു.

ക്യാൻസർ ചികിത്സാ-ക്ഷേമ പദ്ധതികൾ വിരളമായിരുന്ന കാലത്ത് ആർ.സി.സി-യുടെ ആഭിമുഖ്യത്തിൽ തുടങ്ങിയ പദ്ധതിയാണ് ക്യാൻസർ കെയർ ഫോർ ലൈഫ്. രോഗികൾക്ക് സൗജന്യ ക്യാൻസർ ചികിത്സ ലഭിക്കാൻ മറ്റ് പദ്ധതികളില്ലായിരുന്ന കാലത്ത് ഈ പദ്ധതി അത്യധികം പ്രയോജനപ്രദമായിരുന്നു. എന്നാൽ ഇപ്പോൾ സർക്കാരിന്റെ ആഭിമുഖ്യത്തിൽ വിവിധ ക്യാൻസർ-ചികിത്സാ ക്ഷേമ പദ്ധതികൾ

നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാ പദ്ധതി (18 വയസ്സുവരെയുള്ള), കാരുണ്യ ബെനവലന്റ് പദ്ധതി, പട്ടികവർഗ്ഗ വിഭാഗത്തിനുള്ള പ്രത്യേക ക്യാൻസർ ചികിത്സാ പദ്ധതി തുടങ്ങി വിവിധ ക്ഷേമ പദ്ധതികൾ ഇപ്പോൾ രോഗികൾക്ക് ലഭ്യമാണ്. ഇതുകൂടാതെ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ഇൻഷ്വറൻസ് കമ്പനികൾ ക്യാൻസർ ചികിത്സക്കുള്ള ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഈ പശ്ചാത്തലത്തിലാണ് നാലാംഘട്ട ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതിക്കുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതെങ്കിലും തുടർ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ല. മുമ്പ് സൂചിപ്പിച്ച കാലഘട്ടങ്ങളിൽ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നവർക്ക് ഇപ്പോഴും സൗജന്യ ചികിത്സ നൽകുന്നുണ്ട്.

(ബി) ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായ ഈ പദ്ധതി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് പകരം മറ്റേതെങ്കിലും പദ്ധതിക്ക് തുടക്കം കുറിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

(ബി&സി) ഈ പദ്ധതി പുനരാരംഭിക്കുകയോ പകരം മറ്റൊരു പദ്ധതി തുടങ്ങുകയോ ചെയ്യണമെങ്കിൽ നിലവിലെ സാഹചര്യത്തിൽ കൂടുതൽ വിശദമായ പഠനങ്ങൾ നടത്തേണ്ടതുണ്ട്.

**ആഫ്റ്റർ കെയർ ഹോം വികസനം**

161 (2114) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ആഫ്റ്റർ കെയർ ഹോം വികസനത്തിന് 1.5 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ ആഫ്റ്റർ കെയർ ഹോമിലെ ഡോർമിറ്ററിക്ക് അനുബന്ധമായി ഒരു ബ്ലോക്കുകൂടി പണിയുന്നതിന് 21-05-2022-ലെ സ.ഉ. (സാധാ) നം. 230/2022/WCDD പ്രകാരം 1,49,70,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ മുഴുവൻ തുകയും പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തി

ആരംഭിക്കുന്നതിന് സോയിൽ ടെസ്റ്റ് നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഘടകങ്ങളാണ് അടങ്ങിയിരിക്കുന്നതെന്ന് അറിയിക്കുമോ?

വിസിറ്റിംഗ് റൂം/റിസപ്ഷൻ റൂം (എൻട്രൻസ് വിത്ത് റാമ്പ്, ബാത്ത് അറ്റാച്ച്ഡ്), റിക്രിയേഷൻ ഹാൾ (ടി.വി./ലൈബ്രറി ഉൾപ്പെടെ), കുട്ടികളുടെ റൂമുകൾ, സിക്ക് റൂം, ബാത്ത് അറ്റാച്ച്ഡ് സ്റ്റാഫ് റൂം കൗൺസിലിംഗ് റൂം എന്നിവയാണ് പ്രസ്തുത നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർദ്രം പദ്ധതി**

162 (2115) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പുതിയ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളും സൃഷ്ടിച്ച തസ്തികകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | പ്രവൃത്തി | നിലവിലെ സ്ഥിതി | അനുവദിച്ച തസ്തികകൾ |
|---|---|---|---|
| എഫ്.എച്ച്.സി. മാടപ്പള്ളി | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. | അസിസ്റ്റന്റ് സർജൻ -1<br>സ്റ്റാഫ് നഴ്സ് - 2<br>ലാബ് ടെക്നീഷ്യൻ -1<br>ഫാർമസിസ്റ്റ് -1 |
| എഫ്.എച്ച്.സി. പായിപ്പാട് | | | ഡോക്ടർ - 1 |
| എഫ്.എച്ച്.സി. തൃക്കൊടിത്താനം | | | സ്റ്റാഫ് നഴ്സ് - 1 |
| എഫ്.എച്ച്.സി. വാഴപ്പള്ളി | | | |
| ജനറൽ ആശുപത്രി ചങ്ങനാശ്ശേരി | ഒ.പി.ഡി. ട്രാൻസ്ഫോർമേഷൻ | നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. | ജൂനിയർ കൺസൾട്ടന്റ് (O&G)-1<br>ദന്തൽ മെക്കാനിക് Gr II-1<br>സ്റ്റാഫ് നഴ്സ് -3<br>ലാബ് ടെക്നീഷ്യൻ -1 |
| എഫ്.എച്ച്.സി. സചിവോത്തപുരം | ബ്ലോക്ക് എഫ്.എച്ച്.സി. ആക്കി ഉയർത്തൽ | നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. | |

**ചികിത്സാ ധനസഹായം അവകാശിക്ക് കൈമാറുന്നതിന് നടപടി**

163 (2116) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് 2016-ൽ എ. ഇ. പൗലോസ്, അരിക്കൽ കുരൻ വീട്, പൊയ്ക്കാട്ടുശ്ശേരി, ചെങ്ങമനാട് പി.ഒ. എന്ന വ്യക്തി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ അനുവദിച്ച തുക, ചികിത്സയിലിരിക്കെ ടിയാൻ മരണപ്പെട്ടതിനാൽ അവകാശിയായ ഭാര്യ ശ്രീമതി റാണി പൗലോസിന് തുക അനുവദിക്കണമെന്നുള്ള അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ വ്യക്തമാക്കുമോ?

~~ശ്രീ.~~ എ. ഇ. പൗലോസ് Society for Medical Assistance to the poor' പദ്ധതി പ്രകാരം ധനസഹായത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ആയത് പരിഗണിച്ച് ടിയാന് തുക അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ മരണപ്പെട്ടത് അറിയിച്ചതിനാൽ അനന്തരവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ Relationship സർട്ടിഫിക്കറ്റ് ആയിരുന്നു ആദ്യം

സമർപ്പിച്ചിരുന്നത്. ആയത് തിരിച്ചയച്ച് അനന്തരവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നു.

കോവിഡ് മഹാമാരി കാലഘട്ടമായതിനാൽ ഈ കാലയളവിൽ തപാലുകൾ സെക്ഷനിൽ ലഭ്യമാകുവാനും മറ്റും കാലതാമസം നേരിട്ടിരുന്നു. എന്നിരുന്നാലും അനന്തരവകാശ സർട്ടിഫിക്കറ്റിന്റെയും മകളുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ പൗലോസിന്റെ നിയമപരമായ അവകാശിക്ക് തുക അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി തുക Credit ചെയ്യുവാൻ അവകാശിയുടെ ബാങ്ക് അക്കൗണ്ട് ലഭ്യമായിരുന്നില്ല. പദ്ധതിയിൽ DBT (Direct Beneficiary Transfer) മുഖേനയാണ് തുക Credit ചെയ്യുന്നത്. 03-10-2022-ലെ കത്തിൻ പ്രകാരം ശ്രീമതി റാണി പൗലോസ്, ബാങ്ക് പാസ് ബുക്കിന്റെ മുൻപേജിന്റെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പുവർ പദ്ധതി ഗുണഭോക്താക്കളുടെ ഇരട്ടിപ്പിക്കൽ ഒഴിവാക്കുന്നതിലേയ്ക്കായി KASP പദ്ധതിയിൽ ലയിപ്പിച്ചു. ടി പദ്ധതിക്ക് ആവശ്യമായ തുക സംബന്ധിച്ച് സർക്കാരിൽ ലഭ്യമായ പ്രൊപ്പോസൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ബി) എ. ഇ. പൗലോസ് എന്നയാൾക്ക് അനുവദിച്ച തുക അവകാശികൾക്ക് ലഭിക്കാത്തതുമായി ബന്ധപ്പെട്ട അപേക്ഷയിൽ പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം) (E/6475509/22/M(H,W&CD) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പ്രസ്തുത അപേക്ഷ 18-09-2022-ലെ പി3/142/2022/ആ.കു.വ. കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് തുടർ നടപടികൾക്കായി നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് അനന്തരാവകാശിയായ മാതാവിന് തുക കൈമാറുന്നതിന് തടസ്സമില്ലെന്ന സ്വന്തം മക്കളുടെ സാക്ഷ്യപത്രം RL 560117915IN നമ്പർ രജിസ്റ്റേഡ് പോസ്റ്റായി 11-03-2020-ന് ആരോഗ്യ ഡയറക്ടർക്ക് അയച്ചുനൽകിയിട്ടും 2016-ൽ അനുവദിച്ച തുക നാളിതുവരെ കൈമാറാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) അനന്തരാവകാശിയായ ശ്രീമതി റാണി പൗലോസിന് ലഭിക്കേണ്ട തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകാൻ കാലതാമസം നേരിട്ടതും അവകാശിയുടെ ബാങ്ക് അക്കൗണ്ട് ലഭ്യമല്ലാതിരുന്നതും പദ്ധതിയിൽ ഫണ്ട് ഇല്ലാത്തതുമാണ് തുക Credit ചെയ്യാൻ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ. ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ ലഭിച്ചാൽ ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത് പുനഃസമർപ്പിക്കുന്നതിലേക്കായി അസ്സൽ അപേക്ഷ ഉൾപ്പെടെ അപേക്ഷകർക്ക് തിരിച്ചയയ്ക്കുകയാണ് ചെയ്തിരുന്നത്. പൗലോസിന്റെ അപേക്ഷയും ഇപ്രകാരം മടക്കിയിരുന്നതിനാൽ കത്തിന്റെ പകർപ്പുകൾ ലഭ്യമല്ല. തുടർന്ന് ലഭിച്ച രേഖകളുടെ അടിസ്ഥാനത്തിൽ എ. ഇ. പൗലോസിന്റെ നിയമപരമായ അവകാശിക്ക് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുക നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(ഇ) പ്രസ്തുത തുക അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണം ഉദ്യോഗസ്ഥ തലത്തിലെ വീഴ്ചയാണോയെന്ന് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത തുക അനുവദിക്കുന്നതിന് കാലതാമസം നേരിട്ടതിന് ഉദ്യോഗസ്ഥ തലത്തിൽ വീഴ്ചയുണ്ടായതായി കാണുന്നില്ല. ഫണ്ട് ലഭ്യതക്കുറവും ആവശ്യമായ രേഖകൾ ലഭ്യമല്ലാതിരുന്നതുമാണ് കാലതാമസം നേരിട്ടതിന് കാരണമായി കാണുന്നത്.

**കായംകുളം മണ്ഡലത്തിലെ ആർദ്രം പദ്ധതി**

164 (2117) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിലെ താലൂക്ക് ആശുപത്രി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ആർദ്രം ഒന്നാം ഘട്ടത്തിൽ കണ്ടല്ലൂർ പി.എച്ച്.സി.-യിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ സൃഷ്ടിച്ചു. നിലവിൽ കണ്ടല്ലൂർ പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു.

ആർദ്രം രണ്ടാം ഘട്ടത്തിൽ ഭരണിക്കാവ് പി.എച്ച്.സി.-യിൽ അസിസ്റ്റന്റ് സർജൻ - 1, ലാബ് ടെക്നീഷ്യൻ -1 എന്നീ തസ്തികകൾ സൃഷ്ടിച്ചു.

നിലവിൽ ഭരണിക്കാവ് പി.എച്ച്.സി. കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. പി.എച്ച്.സി. ദേവികുളങ്ങര അസിസ്റ്റന്റ് സർജൻ - 1, സ്റ്റാഫ് നഴ്സ് - 1 എന്നീ തസ്തികകൾ സൃഷ്ടിച്ചു. നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. പി.എച്ച്.സി. ചെട്ടികുളങ്ങര ഒരു ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ചു, നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. പി.എച്ച്.സി. കൃഷ്ണപുരം അസിസ്റ്റന്റ് സർജൻ-1, ലാബ് ടെക്നീഷ്യൻ -1 എന്നീ തസ്തിക സൃഷ്ടിച്ചു, നിലവിൽ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. പി.എച്ച്.സി. പത്തിയൂർ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ് -1 എന്നീ തസ്തികകൾ സൃഷ്ടിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. കായംകുളം താലൂക്ക് ആശുപത്രി JC (ജനറൽ മെഡിസിൻ) - 1, JC (ജനറൽ സർജറി) - 1, മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ - 1, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ - 1, സ്റ്റാഫ് നഴ്സ് - 2, ലാബ് ടെക്നീഷ്യൻ - 1 എന്നീ തസ്തികകൾ സൃഷ്ടിച്ചു.

## അപൂർവ രോഗത്തിനുള്ള ചികിത്സ ധനസഹായ അപേക്ഷ

165 (2118) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അപൂർവ രോഗത്തിനുള്ള ചികിത്സയുടെ ധനസഹായത്തിനായി ശ്രീ. നസീർ, ചാലിയന്റെ പറമ്പത്ത് ഹൗസ്, അത്തൂർ പി.ഒ. സമർപ്പിച്ച അപേക്ഷയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ?

അപൂർവ രോഗത്തിനുള്ള ചികിത്സയുടെ ധനസഹായത്തിനായി ശ്രീ. നസീർ, ചാലിയന്റെ പറമ്പത്ത് ഹൗസ്, അത്തൂർ പി.ഒ. സമർപ്പിച്ച അപേക്ഷയിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആറ്റിങ്ങൽ മണ്ഡലത്തിലെ ആർദ്രം പദ്ധതി

166 (2119) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ആർദ്രം പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കിളിമാനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-1, ഫാർമസിസ്റ്റ്-1 എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

കരവാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് അസിസ്റ്റന്റ് സർജൻ - 1, സ്റ്റാഫ് നഴ്സ് -1, അടയമൺ പ്രാഥകമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് അസിസ്റ്റന്റ് സർജൻ-1, പുളിമാത്ത് പ്രാഥകമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് അസിസ്റ്റന്റ് സർജൻ-1, ചെറുന്നിയൂർ പ്രാഥകമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് അസിസ്റ്റന്റ് സർജൻ-1, ലാബ് ടെക്നിഷ്യൻ-1 എന്നിങ്ങനെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **നം.** | **സ്ഥാപനത്തിന്റെ പേര്** | **പ്രവൃത്തി** | **നിലവിലെ സ്ഥിതി** |
|---|---|---|---|
| 1 | പി.എച്ച്.സി., കിളിമാനൂർ | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | പി.എച്ച്.സി., ചെറുന്നിയൂർ | | |

<table>
<tr><td>3</td><td>പി.എച്ച്.സി., കരവാരം</td><td rowspan="5">കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ</td><td rowspan="2"></td></tr>
<tr><td>4</td><td>പി.എച്ച്.സി., പുളിമാത്ത്</td></tr>
<tr><td>5</td><td>പി.എച്ച്.സി., ഒറ്റൂർ</td><td rowspan="3">നിർമ്മാണ പ്രവൃത്തികൾക്കായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു</td></tr>
<tr><td>6</td><td>പി.എച്ച്.സി., അടയമൺ</td></tr>
<tr><td>7</td><td>പി.എച്ച്.സി., നഗരൂർ</td></tr>
<tr><td>8</td><td>പി.എച്ച്.സി., കേശവപുരം</td><td rowspan="2">സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ</td><td>നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.</td></tr>
<tr><td>9</td><td>പി.എച്ച്.സി., മണമ്പൂർ</td><td>നിർമ്മാണ പ്രവൃത്തികൾക്കായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു</td></tr>
<tr><td>10</td><td>ആറ്റിങ്ങൽ താലൂക്ക് ആശുപത്രി</td><td>ഒ.പി.ഡി. പരിവർത്തനം</td><td>നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.</td></tr>
<tr><td>11</td><td>CHC വക്കം</td><td>അടിസ്ഥാന സൗകര്യ വികസനം</td><td>നിലവിൽ നിർമ്മാണം നടന്നുവരുന്നു</td></tr>
</table>

## പൂഞ്ഞാർ മണ്ഡലത്തിലെ ആർദ്രം പദ്ധതി

167 (2120) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി പ്രകാരം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് പ്രാഥമികാരോഗ്യകേന്ദ്രം എന്ന സ്ഥാപനത്തിനെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോരുത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഡോക്ടർ-1, സ്റ്റാഫ് നഴ്സ്- 1, ലാബ് ടെക്നീഷ്യൻ- 1 എന്നിങ്ങനെ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുവേണ്ടി ടി സ്ഥാപനത്തിന് എൻ.എച്ച്.എം. മുഖേന 15.5 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്.

ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പറത്താനം പ്രാഥമികാരോഗ്യകേന്ദ്രം, G.V.R. പൂഞ്ഞാർ, തിടനാട് പ്രാഥമികാരോഗ്യകേന്ദ്രം, തിക്കോയി പ്രാഥമികാരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനും തെരഞ്ഞെടുത്തിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടത്തിൽ ഉയർത്തപ്പെട്ട സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എൻ.എച്ച്.എം. മുഖേന 15.5 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നുവരുന്നു.

കൂടാതെ എരുമേലി സാമൂഹ്യാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി 37.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

| ആരോഗ്യസ്ഥാപനം | പ്രവൃത്തി | നിലവിലെ സ്ഥിതി |
|---|---|---|
| ജി.വി.ആർ., പൂഞ്ഞാർ | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ | കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി |
| എഫ്.എച്ച്.സി., പൂഞ്ഞാർ<br>എഫ്.എച്ച്.സി., ഈരാറ്റുപേട്ട<br>എഫ്.എച്ച്.സി., മുണ്ടക്കയം<br>എഫ്.എച്ച്.സി., കൂട്ടിക്കൽ<br>എഫ്.എച്ച്.സി., പാറത്തോട്<br>എഫ്.എച്ച്.സി., തീക്കോയി | ,, | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |
| എഫ്.എച്ച്.സി., കോരുത്തോട്<br>എഫ്.എച്ച്.സി., തിടനാട് | ,, | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു |
| എഫ്.എച്ച്.സി., പറത്താനം<br>സി.എച്ച്.സി., എരുമേലി | സാമൂഹ്യാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചുവെന്ന് അറിയിക്കാമോ?

ഡോക്ടർ-2, സ്റ്റാഫ് നഴ്സ് -2, ഫാർമസിസ്റ്റ്-1, ലാബ് ടെക്നീഷ്യൻ-1.

**തിരൂർ ജില്ലാശുപത്രിയിൽ ഓങ്കോളജി വിഭാഗം ആരംഭിക്കാൻ നടപടി**

168 (2121) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂർ ജില്ലാശുപത്രിയിൽ നബാർഡ് സഹായത്തോടെ നിർമ്മിച്ച കെട്ടിടത്തിൽ ഓങ്കോളജി വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കാനാകാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ?

നിലവിലെ കരാറനുസരിച്ച് പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നര ക്കോടിയുടെ അഡീഷണൽ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും Tranche close ആയതിനാൽ അനുമതി ലഭിച്ചിട്ടില്ല. ഓങ്കോളജി പ്രവർത്തനക്ഷമമാക്കുന്നതിന്

കൺസൾറ്റൻസിയായ മലബാർ കാൻസർ സെന്റർ സ്ഥല സന്ദർശനം നടത്തിയിട്ടുണ്ട്. അതുസംബന്ധിച്ച ഫീസിബിലിറ്റി പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിലെ തീരുമാനങ്ങൾ അറിയിക്കുമോ?

പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്യാൻസർ ചികിത്സയുടെ കാര്യത്തിൽ, നിലവിലുള്ള സൗകര്യങ്ങൾ തുടരാം. ആവശ്യകതകൾ വിലയിരുത്തുന്നതിന് മലബാർ കാൻസർ സെന്ററിന്റെ വൈദഗ്ധ്യത്തിൽ ഒരു സാധ്യതാ പഠനം നടത്തും.

2. നബാർഡ് പദ്ധതി പൂർത്തീകരിക്കുന്നതിന് 3.5 കോടി അധികമായി നൽകാനുള്ള നിർദ്ദേശം സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി. നബാർഡുമായി ഫോളോ അപ്പ് ചെയ്യണം, കൂടാതെ ആശുപത്രി അധികൃതരുമായി കൂടിയാലോചിച്ച് എസ്.റ്റി.പി.-ക്ക് ബദൽ സ്ഥലം കണ്ടെത്തണം. 2022 ഓഗസ്റ്റിനുള്ളിൽ പൂർത്തീകരിച്ച് കൈമാറുമെന്ന് PWD ഉറപ്പാക്കണം.

3. ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ജോയിന്റ് സെക്രട്ടറി, ടെക്നിക്കൽ കമ്മിറ്റി എന്നിവരടങ്ങുന്ന ഒരു സംഘം സൈറ്റ് സന്ദർശിക്കുകയും

ബന്ധപ്പെട്ട എൽ.എസ്.ജി. സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ആവശ്യകതകൾക്ക് അനുയോജ്യമായ പരിഷ്കാരങ്ങൾ ചർച്ച ചെയ്യുകയും വേണം.

4. കിഫ്ബിയുടെ സഹായത്തോടെ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, എസ്.റ്റി.പി. എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ ഏറ്റെടുക്കണം.

5. മൈക്രോബയോളജി ലാബിനായി 43 ലക്ഷം രൂപയുടെ എൻ.എച്ച്.എം. ഫണ്ട് വിനിയോഗിക്കും.

6. കിഫ്ബി, എൻ.എച്ച്.എം, ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നുള്ള ഫണ്ടുകൾ ആവശ്യകതകൾക്കനുസൃതമായി ആശുപത്രിയെ സമ്പൂർണ്ണമായ ഒന്നാക്കി മാറ്റുന്നതിന് വിനിയോഗിക്കും.

(സി) പ്രസ്തുത ഓങ്കോളജി വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഓങ്കോളജി പ്രവർത്തനക്ഷമമാക്കുന്നതിന് കൺസൾട്ടൻസിയായ മലബാർ കാൻസർ സെന്റർ സ്ഥല സന്ദർശനം നടത്തിയിട്ടുണ്ട്. അത് സംബന്ധിച്ച ഫീസിബിലിറ്റി പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ ആശുപത്രികളിൽ റാബിസ് വാക്സിൻ ലഭ്യത

169 (2122) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.എച്ച്.സി.-കൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും റാബിസ് വാക്സിൻ ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള 616 ആരോഗ്യ സ്ഥാപനങ്ങളിൽ പേവിഷ ബാധയ്ക്കെതിരെയുള്ള പ്രഥമ ശുശ്രൂഷയും ആന്റി-റാബീസ് വാക്സിനും ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൗകര്യങ്ങൾ വിവിധ തലങ്ങളിലുള്ള ആശുപത്രികളിൽ ലഭ്യമാക്കിയിരിക്കുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. ഇവയിൽ 47 സ്ഥാപനങ്ങളിൽ കാറ്റഗറി 3 മുറിവുള്ളവർക്ക് നൽകുന്ന ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) റാബിസ് വാസ്കിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആയതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പേവിഷബാധയ്ക്ക് പ്രതിരോധ മരുന്നുകളായി ആന്റി റാബീസ് വാക്സിനുകളും, ഇമ്മ്യൂണോഗ്ലോബുലിനുമാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പേവിഷബാധയ്ക്ക് എതിരെയുള്ള രണ്ട് തരം വാക്സിനുകളാണ് സംസ്ഥാനത്ത് ഉപയോഗത്തിലുള്ളത്.

1. Purified chick embryo cell rabies vaccine

2. Purified vero.cell Vaccine

ഈ വാക്സിനുകളെല്ലാംതന്നെ സെൻട്രൽ ഡ്രഗ് ലബോറട്ടറി(CDL)യിൽ പരിശോധന കഴിഞ്ഞ് റിലീസ് സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മാത്രമാണ് സംസ്ഥാനത്ത് രോഗികൾക്ക് നൽകിവരുന്നത്. പേവിഷബാധ മരണങ്ങളെത്തുടർന്ന് വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും പുനഃപരിശോധനയ്ക്കായി Central Drug laboratory (CDL)-യിൽ അയച്ച് ഗുണനിലവാരം വീണ്ടും ഉറപ്പാക്കിയിട്ടുണ്ട്. വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും ഗുണനിലവാരമുള്ളതാണെന്ന് CDL വീണ്ടും certify ചെയ്തിട്ടുണ്ട്. കേരളത്തിലെ റാബീസ് മൂലമുള്ള മരണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും നിയോഗിക്കപ്പെട്ട കേന്ദ്ര

സംഘത്തിന്റെ റിപ്പോർട്ട് പ്രകാരം CDSCO ശേഖരിച്ച വാക്സിൻ സാമ്പിളുകൾ സ്റ്റാൻഡേർഡ് ക്വാളിറ്റിയുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നായയുടെ കടിയേറ്റവർക്ക് നൽകുന്ന ആന്റിബോഡിയായ ഇമ്മ്യൂണോഗ്ലോബുലിൻ സർക്കാർ ആശുപത്രികൾ വഴി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) സർക്കാർ ആശുപത്രികൾ വഴി ഇമ്മ്യൂണോഗ്ലോബുലിൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

(സി&ഡി) തെരഞ്ഞെടുത്ത സർക്കാർ ആശുപത്രികൾ വഴി ഇമ്മ്യൂണോഗ്ലോബുലിൻ വിതരണം ചെയ്യുന്നുണ്ട്. വിവരം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

## കുടുംബാരോഗ്യ കേന്ദ്രങ്ങൾ

170 (2123) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) സംസ്ഥാനത്ത് പ്രാഥമികാരോഗ്യ മേഖലയിൽ പ്രാദേശികമായ ആരോഗ്യ സംരക്ഷണ, പരിപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി എല്ലാവർക്കും സമഗ്രവും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനും ജനസൗഹൃദ ആരോഗ്യ സ്ഥാപനങ്ങൾ സൃഷ്ടിച്ചും ആരോഗ്യകരമായ ജീവിതം കൈവരിക്കാനുള്ള പ്രവർത്തനങ്ങൾക്കായാണ് ആർദ്രം മിഷൻ രൂപീകരിച്ചിട്ടുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്ന പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന തുക

അനുവദിക്കുകയും 166 സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യ വികസനം നടത്തി കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 504 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ആയതിൽ 204 എണ്ണത്തിന് സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ടും 300 എണ്ണം എൻ.എച്ച്.എം. ഫണ്ടും ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ഘട്ടം ഘട്ടമായി നടന്നുവരുന്നു. 504 എണ്ണത്തിൽ 403 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. 31 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള 70 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ആർദ്രം മൂന്നാംഘട്ടത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് എൻ.എച്ച്.എം. മുഖേന ഓരോ സ്ഥാപനത്തിനും 15.5 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 28 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

ബാക്കിയുള്ളവയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ ഘട്ടംഘട്ടമായി പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്തെ റവന്യൂ ബ്ലോക്കിലെ തെരഞ്ഞെടുക്കപ്പെടുന്ന ഒരു സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി ഒന്നാംഘട്ടമായി 76 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താനും രണ്ടാംഘട്ടമായി 76 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താനും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി ചുവടെ പറയും പ്രകാരം അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**<u>ആർദ്രം ഒന്നാം ഘട്ടം</u>**

അസിസ്റ്റന്റ് സർജൻ - 170 തസ്തിക

സ്റ്റാഫ് നഴ്സ് - 340 തസ്തിക

ലാബ് ടെക്നീഷ്യൻ - 170 തസ്തിക

ഫാർമസിസ്റ്റ് - 150 തസ്തിക

**<u>ആർദ്രം രണ്ടാം ഘട്ടം</u>**

അസിസ്റ്റന്റ് സർജൻ - 374 തസ്തിക

സ്റ്റാഫ് നഴ്സ് - 400 തസ്തിക

ലാബ് ടെക്നീഷ്യൻ - 200 തസ്തിക

അസിസ്റ്റന്റ് സർജൻ - 26 തസ്തിക

(സി) പരിവർത്തനം നടത്തപ്പെടുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളെ ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന തലത്തിലും ജില്ലാ അടിസ്ഥാനത്തിലും കുടുംബാരോഗ്യ കേന്ദ്രങ്ങളെ ദേശീയ ഗുണനിലവാരത്തിലേയ്ക്ക് അക്രഡിറ്റേഷൻ നേടുന്നതിന് തയ്യാറാക്കാൻ കൃത്യമായ വാർഷിക പദ്ധതികൾ തയാറാക്കി ഒരുക്കങ്ങൾ നടത്തുന്നു. ഇതിൻപ്രകാരം തെരഞ്ഞെടുക്കപെട്ട സ്ഥാപനങ്ങളിൽ ക്വാളിറ്റി ടീമുകൾ രൂപീകരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. എൻ.ക്യൂ.എ.എസ്.

ചെക്ക് ലിസ്റ്റ് അടിസ്ഥാനമാക്കി സ്ഥാപനതല അസസ്സ്മെന്റുകൾ നടത്തി താഴെപ്പറയുന്ന 8 ഏരിയകളിലെ വിടവുകൾ കണ്ടെത്തുന്നു.

1. സേവന വ്യവസ്ഥ
2. രോഗിയുടെ അവകാശങ്ങൾ
3. അടിസ്ഥാന/സേവന സൗകര്യങ്ങൾ
4. പിന്തുണ സേവനങ്ങൾ
5. ക്ലിനിക്കൽ സേവനങ്ങൾ
6. അണുബാധ നിയന്ത്രണം
7. ഗുണനിലവാര മാനേജ്മെന്റ്
8. പ്രതീക്ഷിക്കുന്ന ഫലം

തുടർന്ന് ഇത്തരം വിടവുകൾ നികത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാ/സംസ്ഥാന തലത്തിലും ഈ വിടവുകൾ പരിഹരിക്കുന്നതിനുള്ള ഫണ്ടുകളും മാനവ വിഭവശേഷിയും മറ്റ് അനുബന്ധ സേവനങ്ങളും ലഭ്യമാക്കാൻ സഹായിക്കുന്നു. എൻ.ക്യു.എ.എസ്. സർട്ടിഫിക്കേഷൻ നേടുന്നതിനായി സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊഴിൽനൈപുണ്യ പരിശീലനവും നൽകുന്നു. തുടർന്നും അസസ്സ്മെന്റ് നടത്തി 70 ശതമാനത്തിന് മുകളിൽ സ്കോർ നേടുന്നപക്ഷം ജില്ലാ അസസ്സ്മെന്റിനും അതിൽ 70 ശതമാനത്തിന് മുകളിൽ സ്കോർ ഉണ്ടെങ്കിൽ

തുടർന്ന് സംസ്ഥാനതലത്തിലും 70 ശതമാനത്തിന് മുകളിൽ സ്കോർ ഉണ്ടെങ്കിൽ ദേശീയതല അസസ്സ്മെന്റിന് അപേക്ഷ നൽകുകയും ചെയ്യുന്നു. ദേശീയ തലത്തിൽ നിയോഗിക്കപ്പെടുന്ന പരിശോധനാ സംഘം വന്ന് പരിശോധന നടത്തുന്നതാണ്. ഈ പരിശോധനയിലും മേല്പറഞ്ഞ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സ്കോർ ആശുപത്രിക്ക് നേടാനായാൽ എൻ.ക്യൂ.എ.എസ് സർട്ടിഫിക്കേഷൻ ആ ആരോഗ്യ സ്ഥാപനത്തിന് നൽകപ്പെടുന്നതാണ്.

(ഡി) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആധുനിക ലാബ് സൗകര്യങ്ങളും ഫാർമസികളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആർദ്രം പദ്ധതിയിലൂടെ കൂടുതൽ അടിസ്ഥാനസൗകര്യം, ചികിത്സാ സൗകര്യം എന്നിവ ഏർപ്പെടുത്തുകയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ആയതുവഴി ആശുപത്രിയെ ആശ്രയിക്കുന്ന പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ലബോറട്ടറി സംവിധാനം, അതിലൂടെ പ്രാഥമികതലത്തിൽ രോഗ നിർണ്ണയം നടത്താനും ജീവിതശൈലി രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിൽ മുഖ്യപങ്കുവഹിക്കുവാനും സാധിച്ചിട്ടുണ്ട്.

കുടുംബാരോഗ്യകേന്ദ്രത്തിലെ സേവന മേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പി. സേവനങ്ങൾ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ആക്കുകയും നഴ്സസ് പ്രീ ചെക്കപ്പ്, കൗൺസിലിംഗ്, ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, സ്വകാര്യതയോട് കൂടിയ കൺസൽട്ടേഷൻ സൗകര്യങ്ങൾ എന്നിവ ചെയ്തുവരുന്നു.

രണ്ടുഘട്ടങ്ങളിലായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റി അവയ്ക്ക് ലബോറട്ടറി സംവിധാനം ശക്തിപ്പെടുന്നതിന് മെച്ചപ്പെട്ട പേഷ്യന്റ് കെയർ നൽകുന്നതിനും ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുംവേണ്ടി യഥാക്രമം 19.94 കോടി രൂപയും 8.93 കോടി രൂപയും KMSCL-ന് കൈമാറിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിതരണം നടന്നുവരുന്നു.

## ശ്രീ അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എജ്യൂക്കേഷൻ സൊസൈറ്റി

171 (2124) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ അവിട്ടം തിരുനാൾ ആശുപത്രി കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ശ്രീ അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എജ്യൂക്കേഷൻ സൊസൈറ്റിയുടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയ്ക്ക് വീതം ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് വാടകയ്ക്ക് നൽകിയിരിക്കുന്നതെന്നും വാടക തുക എവിടെയാണ് അടയ്ക്കുന്നതെന്നും വ്യക്തമാക്കുമോ?

സൊസൈറ്റിയുടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നില്ല.

(ബി) പ്രസ്തുത സൊസൈറ്റിയുടെ കീഴിൽ എസ്.എ.ടി. ആശുപത്രി കോമ്പൗണ്ടിൽ നിർമ്മിക്കുന്നതും നിർമ്മിച്ചതുമായ കെട്ടിടങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അനുമതി ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

സൊസൈറ്റിയുടെ കീഴിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെയും അനുമതി ഉത്തരവിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗോൾഡൻ ജൂബിലി മന്ദിരം.- സർക്കാർ ഉത്തരവ് - GO(Rt)No.967/2005/H&FWD dated 31-03-2005.

2. ഫാർമസി (In house Drug Bank) മന്ദിരം - തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 05-11-1997-ലെ ഡി1/26101/97/MCT നമ്പർ ഉത്തരവ്.

3. സ്റ്റോർ - സർക്കാർ കത്ത് നം.എ 3/81/2018/ആ.കു.വ. തീയതി 15-05-2018.

പകർപ്പുകൾ അനുബന്ധമായി[+] ചേർക്കുന്നു.

(സി) സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇലക്ട്രോ എൻസഫലോഗ്രാം യൂണിറ്റിലെ ഉപകരണങ്ങളും ഫെർട്ടിലിറ്റി ക്ലിനിക്കിലെ ഉപകരണങ്ങളും സർക്കാർ വാങ്ങി നൽകിയിട്ടുള്ളതാണോയെന്ന് വ്യക്തമാക്കുമോ; ആണെങ്കിൽ ഇവിടങ്ങളിൽനിന്നും നൽകുന്ന സേവനങ്ങൾക്ക് രോഗികളിൽനിന്നും തുക ഈടാക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ തുക ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ ഇലക്ട്രോ എൻസഫലോഗ്രാം യൂണിറ്റിലേയ്ക്ക് സർക്കാരും ശ്രീ അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എജ്യൂക്കേഷൻ സൊസൈറ്റിയും ഉപകരണങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വാങ്ങിയിട്ടുണ്ട്. ഈ യൂണിറ്റിലെ ലാബിന്റെ പ്രവർത്തനത്തിനാവശ്യമായ സജ്ജീകരണങ്ങളും സാധന സാമഗ്രികളും വാങ്ങുന്നതിനുള്ള ചെലവുകൾ സൊസൈറ്റിയാണ് വഹിക്കുന്നത്. ഈ മെഷീനുകൾ പ്രവർത്തിക്കുന്നതിന് ജീവനക്കാരെയും പ്രസ്തുത സൊസൈറ്റി നൽകിയിരിക്കുന്നതിനാൽ ഇവിടെ നിന്നുള്ള ഫീസ് സൊസൈറ്റിക്കാണ് ലഭിക്കുന്നത്. ഈ വിഭാഗത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള ഒരു സംവിധാനമെന്ന നിലയിൽ ബന്ധപ്പെട്ട വകുപ്പ് മേധാവി എസ്.എ.ടി. ആശുപത്രി സൂപ്രണ്ടുമായി ആലോചിച്ചെടുത്ത തീരുമാനപ്രകാരമാണ് ഇത്തരത്തിൽ ഫീസ് ഈടാക്കുന്നതെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഫെർട്ടിലിറ്റി ക്ലിനിക്കിലെ പ്രധാനപ്പെട്ട ഉപകരണങ്ങൾ സർക്കാർ ലഭ്യമാക്കിയതാണ്. 25-04-20212-ലെ GO(Rt)No.1416/2012/H&FWD സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ നടത്തിപ്പ് ചുമതല സൊസൈറ്റിയെ ഏൽപിക്കുകയും സൊസൈറ്റി 21 ജീവനക്കാരെ പ്രസ്തുത ക്ലിനിക്കിലേയ്ക്ക് നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ ക്ലിനിക്കിൽ നിന്നുള്ള ഫീസും സൊസൈറ്റിക്ക് ലഭിക്കുന്നുണ്ട്.

## എസ്.എ.റ്റി. ആശുപത്രിയിലെ സൊസൈറ്റിയുടെ പ്രവർത്തനം

172 (2125) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിലെ ശ്രീ അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി, പ്രസ്തുത ആശുപത്രിയിലെ ഫെർട്ടിലിറ്റി ക്ലിനിക്, ഇ.ഇ.ജി. യൂണിറ്റ്, ലബോറട്ടറി, ഫാർമസി, കാന്റീൻ എന്നിവിടങ്ങളിലെ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ മുഴുവൻ വരവ് ചെലവ് കണക്കുകളും തരം തിരിച്ച് ലഭ്യമാക്കുമോ?

ശ്രീ അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി, ഫെർട്ടിലിറ്റി ക്ലിനിക്, ഇ.ഇ.ജി. യൂണിറ്റ്, ലബോറട്ടറി, ഫാർമസി, കാന്റീൻ എന്നിവിടങ്ങളിലെ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ മുഴുവൻ വരവ് ചെലവ് കണക്കുകളും തരം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) ശ്രീ അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ ചാരിറ്റി ഫണ്ടിലേയ്ക്ക് സംഭാവന ലഭിക്കുന്നുണ്ടോയെന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച തുകയും ചെലവാക്കിയ തുകയും തരം തിരിച്ച് ലഭ്യമാക്കുമോ?

ശ്രീ അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ ചാരിറ്റി ഫണ്ടിലേയ്ക്ക് സംഭാവന ലഭിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | വരവ് | ചെലവ് |
|---|---|---|
| 2020-21 | 81,643.00 | 50,526.00 |
| 2021-22 | 82,500.00 | 52,031.00 |

(സി) ഫെർട്ടിലിറ്റി ക്ലിനിക്, ഇ.ഇ.ജി. യൂണിറ്റ്, ലബോറട്ടറി എന്നിവിടങ്ങളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾക്ക് രോഗികളിൽ നിന്നും ഈടാക്കുന്ന ഫീസ് തുക ഇനം തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു +.

## ഇ-ഹെൽത്ത് സംവിധാനം

173 (2126) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുൾപ്പെടെ എത്ര ആശുപത്രികളിലാണ് ഇ-ഹെൽത്ത് സംവിധാനം നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ, ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള 507 ആശുപത്രികൾ/ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ഇ-ഹെൽത്ത് സംവിധാനം ആരംഭിച്ചിട്ടുള്ളത്. ഇ-ഹെൽത്ത് നടപ്പിലാക്കിയിട്ടുള്ള ആശുപത്രികൾ/ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) ഇ-ഹെൽത്ത് സംവിധാനത്തിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

ഇ-ഹെൽത്ത് സംവിധാനത്തിലൂടെ ഓൺലൈൻ അപ്പോയിന്റ്മെന്റ്, കൺസൾട്ടേഷൻ, ലബോറട്ടറി റിപ്പോർട്ടുകൾ (എസ്.എം.എസ്. അലർട്ട്), പേഷ്യന്റ് രജിസ്ട്രേഷൻ, ടോക്കൺ അധിഷ്ഠിത ക്യൂ നിയന്ത്രണം, റഫറൽ & അഡ്വാൻസ് ബുക്കിംഗ്, ഫാർമസി, ബില്ലിംഗ്, ഇൻ-പേഷ്യന്റ് മാനേജ്മെന്റ് (ഡയറ്റ് മാനേജ്മെന്റ്, ബെഡ് മാനേജ്മെന്റ്, വാർഡ്/ ബെഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ട്രാൻസ്ഫർ), ഡിസ്ചാർജ് സമ്മറി എന്നീ സേവനങ്ങൾ നൽകിവരുന്നു. ഇ-ഹെൽത്ത് മുഖേന ലഭിക്കുന്ന വിവിധ ആശുപത്രി സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് സംവിധാനം നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ 106 ആശുപത്രികൾ/ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് +.

(ഡി) കൂടുതൽ ആശുപത്രികളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ആശുപത്രികളുടെ അടിസ്ഥാന ഭൗതിക സാഹചര്യം വിലയിരുത്തിയാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. 2022-23 സാമ്പത്തിക വർഷം ഇ-ഹെൽത്ത് പദ്ധതി നിർവ്വഹണത്തിനായി തയ്യാറാക്കിയ ആശുപത്രി/ആരോഗ്യ കേന്ദ്രങ്ങളുടെ പുതുക്കിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്+. പുതുക്കിയ പട്ടികയിലെ ആശുപത്രി/

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

## ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടി

174 (2127) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് ഹോമിയോ ഡിസ്പെൻസറി നിലവിലില്ലാത്തത്; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ പുതിയ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രസ്തുത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ കായണ്ണ ഗ്രാമപഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന് പുറമ്പോക്ക് ഭൂമി അനുവദിക്കാൻ നടപടി

175 (2128) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നെടുമ്പാശ്ശേരി വില്ലേജിൽ ബ്ലോക്ക് 9-ൽ

ഉൾപ്പെട്ട 50 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ലഭ്യമാക്കണമെന്ന അപേക്ഷയിൽ (E-5697757/21/M (H,W&CD) ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിലുള്ള കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നെടുമ്പാശ്ശേരി വില്ലേജിൽ ബ്ലോക്ക് 9-ൽ ഉൾപ്പെട്ട 50 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ലഭ്യമാക്കണമെന്ന അപേക്ഷയിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

സർവ്വേ നം. 536/2-ൽ ഉൾപ്പെട്ട 40 സെന്റ് സ്ഥലം (റവന്യൂ പുറമ്പോക്ക്) വിട്ടുകിട്ടുന്നതിനായി എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടി സർവ്വേ നമ്പറിൽ 20 സെന്റ് സ്ഥലമാണ് ലഭ്യമായിട്ടുള്ളതെന്നും ആയതിനാൽ അപേക്ഷ പുതുക്കി നൽകണമെന്നും നെടുമ്പാശ്ശേരി വില്ലേജ് ഓഫീസർ അറിയിക്കുകയുണ്ടായി. ആയതുപ്രകാരം നെടുമ്പാശ്ശേരി വില്ലേജ് സർവ്വേ നമ്പർ 536/2-ൽപ്പെട്ട നിലവിൽ റവന്യൂ പുറമ്പോക്കായിട്ടുള്ള 20

സെന്റ് സ്ഥലം ആരോഗ്യ വകുപ്പിന് വിട്ടുകിട്ടുന്നതിനുമുള്ള പുതുക്കിയ അപേക്ഷ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ആലുവ തഹസിൽദാർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച കത്തിടപാടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന് മേൽ പരാമർശിച്ച ഭൂമി, വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പ് റവന്യൂ വകുപ്പിന് നിശ്ചിത മാതൃകയിൽ അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ ആവശ്യമായ അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനമാരംഭിക്കാൻ നടപടി

176 (2129) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കുവേണ്ടി സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന 9.41 കോടി രൂപയുടെ കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ആശുപത്രിയുമായി ബന്ധപ്പെട്ട വാട്ടർ ടാങ്ക്, പമ്പ് റൂം, ഇലക്ട്രിക്കൽ പ്രവൃത്തികൾ, ജനറേറ്റർ റൂം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ലിഫ്റ്റ്, ഫയർ & സേഫ്റ്റിക്കുള്ള പൈപ്പ് ലൈൻ, വൈദ്യുതി കണക്ഷൻ എന്നിവയും ഇപ്പോൾ പൂർത്തിയാക്കിയിട്ടുണ്ട്.

അമ്മയും കുഞ്ഞും ആശുപത്രി കാഞ്ഞങ്ങാടിന് ഫയർ ആന്റ് സേഫ്റ്റി NOC ലഭ്യമാക്കുന്നതിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി അംഗീകാരം ലഭ്യമായി, കെട്ടിട നമ്പറിനുവേണ്ടി കാഞ്ഞങ്ങാട് മുനിസിപ്പലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

KMSCL മുഖേന ആശുപത്രി ഉപകരണങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്നു.

ഫർണിച്ചർ, മൈനർ ഉപകരണങ്ങൾ എന്നിവ ഡി.എം.ഒ. മുഖാന്തരം വാങ്ങിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

എൻ.എച്ച്.എം. ROP 2021-22 അനുവദിച്ച 2.85 കോടി രൂപയുടെ സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സിസ്റ്റം, മോഡുലാർ ഓപ്പറേഷൻ തീയേറ്റർ എന്നിവയുടെ പ്രവൃത്തി ഫെബ്രുവരി അവസാന വാരത്തോടുകൂടിയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നവീകരണം മാർച്ച് അവസാനത്തോടുകൂടിയും പൂർത്തിയാകുന്നതാണ്.

അമ്മയും കുഞ്ഞും ആശുപത്രി കാഞ്ഞങ്ങാടിന് നിലവിൽ 12 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ടാറ്റാ ട്രസ്റ്റ് ഗവ. ആശുപത്രിയിലെ തസ്തികകൾ താൽക്കാലികമായി പുനർവിന്യസിക്കാനും 3 ഗൈനക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കാനും ആരോഗ്യ വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കുന്നുണ്ട്.

സൂപ്രണ്ടിനെ നിയമിക്കുവാനായി തിരുവനന്തപുരം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തിക താൽക്കാലികമായി പുനർവിന്യസിക്കാൻ ഉത്തരവായിട്ടുണ്ട്.

മാർച്ച് അവസാനവാരത്തോടുകൂടി ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പ് മന്ത്രിയും വകുപ്പ് തലത്തിലും നിരവധി തവണ യോഗങ്ങൾ വിളിച്ചുചേർക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

**വയനാട് മെഡിക്കൽ കോളേജിൽ അടിസ്ഥാന ചികിത്സ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി**

177 (2130) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജിൽ ആവശ്യത്തിന് ചികിത്സാ സംവിധാനങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഇല്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. മാനന്തവാടി ജില്ലാ ആശുപത്രിയാണ് വയനാട് മെഡിക്കൽ കോളേജായി ഉയർത്തിയത്. മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മെഡിക്കൽ കോളേജിന്റെ വികസന

പ്രവർത്തനങ്ങൾകൂടി പൂർണ്ണമാകുമ്പോഴേക്കും അത്യാധുനികമായ ചികിത്സാ സൗകര്യങ്ങൾ ഉൾപ്പെടെ പൊതുജനങ്ങൾക്ക് നൽകാനാകുന്നതാണ്.

(ബി) കടുവ ആക്രമണത്തിൽ പരിക്കേറ്റ വ്യക്തിക്ക് യഥാസമയം പര്യാപ്തമായ ചികിത്സ നൽകുന്നതിന് വയനാട് മെഡിക്കൽ കോളേജിന് സാധിച്ചില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) വയനാട് മെഡിക്കൽ കോളേജിൽ ആവശ്യമായ ചികിത്സാ സംവിധാനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

(ബി&സി) കടുവ ആക്രമണത്തിൽ പരിക്കേറ്റ വ്യക്തിക്ക് വയനാട് മെഡിക്കൽ കോളേജിൽ ലഭ്യമായ അടിയന്തര ചികിത്സകളെല്ലാം നൽകിയിട്ടുണ്ട്. എന്നാൽ അടിയന്തരമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ സംവിധാനമായ വാസ്കുലർ സർജറി ചെയ്യേണ്ട സർജന്റെ സേവനം ലഭ്യമാക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തിട്ടുള്ളത്.

വയനാട് മെഡിക്കൽ കോളേജിൽ ആവശ്യമായ ചികിത്സാ സംവിധാനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള

നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ പടിയെന്നോണം വയനാട് മെഡിക്കൽ കോളേജിന്റെ ഒരു മാസ്റ്റർ പ്ലാൻ മെഡിക്കൽ കോളേജിന്റെ നിർമ്മാണ ചുമതലയുള്ള വാപ്കോസ് തയ്യാറാക്കുകയും അത് ഡി.എം.ഇ. തലത്തിൽ അംഗീകരിച്ച് സമർപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ പരിഗണയിലുമാണ്. മാസ്റ്റർ പ്ലാൻ അംഗീകരിച്ച് മറ്റ് നടപടികൾ സ്വീകരിച്ച് വയനാട് മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

178 (2131) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കിയതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ ന്യൂറോളജി വിഭാഗം ആരംഭിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ നവജാത ശിശുക്കൾക്ക് പ്രത്യേക പരിചരണം നൽകുന്ന ജില്ലയിലെ ആദ്യത്തെ എസ്.എൻ.സി.യു.-വിന്റെയും കേന്ദ്രീകൃത ഓക്സിജൻ ബെഡ്ഡോട് കൂടിയ പീഡിയാട്രിക് വാർഡിന്റെയും ഉദ്ഘാടനം നടത്തി പ്രവർത്തനമാരംഭിച്ചു.

50 ലക്ഷം രൂപ ഉപയോഗിച്ച് ആധുനിക നിലവാരത്തിലുള്ള സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ് കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ നിർമ്മിച്ചു. ഇതിൽ 34 ലക്ഷം രൂപയുടെ സിവിൽ പ്രവൃത്തിയും 16 ലക്ഷം രൂപയുടെ ഉപകരണങ്ങളുമാണ് അനുവദിച്ചിട്ടുള്ളത്. പുതുതായി നിർമ്മിച്ച സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിൽ റിസപ്ഷൻ, സ്റ്റാഫ് റൂം, എസ്.എൻ.സി.യു. റൂം, മെയിൻ എസ്.എൻ.സി.യു, സ്റ്റെപ്പ് ഡൗൺ എസ്.എൻ.സി.യു, ഐസൊലേഷൻ റൂം, സ്റ്റോറേജ് റൂം, ഫീഡിംഗ് റൂം, വാഷിംഗ് ഏരിയ, സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് തുടങ്ങിയ സൗകര്യങ്ങളോടുകൂടിയാണ് എസ്.എൻ.സി.യു. തയ്യാറായിട്ടുള്ളത്. തൂക്കക്കുറവുള്ള നവജാത ശിശുക്കളുടെ സംരക്ഷണം, ബിലിറൂബിൻ കൂടിയ

കുട്ടികൾക്കുള്ള ഫോട്ടോതെറാപ്പി സൗകര്യം, ഇൻഫെക്ഷനുള്ള കുട്ടികൾക്കുള്ള പരിചരണം തുടങ്ങിയ സേവനങ്ങൾ ഇവിടെ ലഭ്യമാകും. സീനിയർ പീഡിയാട്രിഷ്യന്റെ നേതൃത്വത്തിലുള്ള വിദഗ്ധ ഡോക്ടർമാരുടെയും പരിശീലനം ലഭിച്ച സ്റ്റാഫ് നഴ്സുമാരുടെയും സേവനം ഇവിടെ ഉറപ്പുവരുത്തിയിട്ടുണ്ട്.

ഇ.സി.ആർ.പി.-യിലൂടെ 36 ലക്ഷം ഉപയോഗിച്ചാണ് പീഡിയാട്രിക് വാർഡ് നിർമ്മാണം പൂർത്തീകരിച്ചത്. സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സപ്പോർട്ടോടുകൂടിയുള്ള 15 ബെഡുകൾ സജ്ജമാക്കിയിട്ടുള്ളത് സെൻട്രലൈസ്ഡ് ആയതിനാൽ ഓക്സിജൻ തുടങ്ങിയ മെഡിക്കൽ ഗ്യാസുകൾ വളരെ സൗകര്യപ്രദമായി എളുപ്പത്തിൽ കുട്ടികൾക്ക് നൽകാൻ സാധിക്കും. പീഡിയാട്രിക് വാർഡ് നെഗറ്റീവ് പ്രഷർ സൗകര്യം ചെയ്തിട്ടുണ്ട്. നെഗറ്റീവ് പ്രഷർ സൗകര്യം COVID-19 പോലുള്ള വൈറസുകൾ, ബാക്ടീരിയകൾ, ഫംഗസുകൾ തുടങ്ങിയവകൊണ്ടുണ്ടാകുന്ന മാരകമായ അസുഖങ്ങളെ ആശുപത്രിയിലുള്ള മറ്റു രോഗികളിലേയ്ക്ക് പകരാതിരിക്കാൻ സഹായിക്കുന്നു. ന്യൂറോളജി വിഭാഗത്തിൽ ന്യൂറോളജിസ്റ്റ്-1 കാത്ത്ലാബിൽ കാർഡിയോളജിസ്റ്റ്-1, കാത്ത്ലാബ് ടെക്നീഷ്യൻ-2, EEG ടെക്നീഷ്യൻ-1,

KASP മുഖാന്തരം സ്റ്റാഫ് നഴ്സ്-6, എച്ച്.എം.സി. മുഖേന ആശുപത്രി അറ്റൻഡന്റ്-4, എൻ.എച്ച്.എം. വഴി Echo Technician-1 എന്നിവരെ നിയമിച്ചിട്ടുണ്ട്.

ന്യൂറോളജി ഒ.പി.-യിൽ പ്രതിമാസം ശരാശരി 465 രോഗികൾക്ക് ചികിൽസ നൽകിവരുന്നു. ന്യൂറോളജി വിഭാഗത്തിൽ EEG മെഷീൻ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. 12-10-2022-ന് പ്രവർത്തനമാരംഭിച്ച കാർഡിയോളജി ഒ.പി.-യിൽ പ്രതിമാസം ശരാശരി 248 രോഗികൾ ചികിൽസയ്ക്കെത്തുന്നുണ്ട്. 14-12-2022-ൽ ആരംഭിച്ച ആൻജിയോഗ്രാം ചികിൽസ ജനവരി 2023-ൽ 20 രോഗികൾക്ക് ചെയ്തിട്ടുണ്ട്. 10-01-2023-ൽ ആരംഭിച്ച ആൻജിയോപ്ലാസ്റ്റി ചികിൽസ 2 രോഗികൾക്ക് ചെയ്തിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എം.&ഡി.എച്ച്.എസ്. പദ്ധതികളിലായി 77.33 ലക്ഷം രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 8 കോടി രൂപ ചെലവിൽ നിർമ്മിച്ച കാത്ത് ലാബ് & സി.സി.യു. പ്രവർത്തനക്ഷമമാക്കി.

കാസർഗോഡ് ജില്ലാ പഞ്ചായത്ത് മുഖേന ക്യാൻസർ ലാബ് സജ്ജീകരിക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു.

## കുറ്റ്യാടി മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിലുള്ള ഒഴിവുകൾ

179 (2132) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന ആരോഗ്യകേന്ദ്രങ്ങളിലുള്ള ഡോക്ടർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും ഒഴിവുകൾ സംബന്ധിച്ച വിശദവിവരം നൽകുമോ?

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന ആരോഗ്യകേന്ദ്രങ്ങളിലുള്ള ഡോക്ടർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു. നിലവിലുള്ള ഒഴിവുകൾ സ്ഥാനക്കയറ്റം, പി.എസ്.സി. വഴിയുള്ള നിയമനം തുടങ്ങിയവ മുഖാന്തരം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമല്ലാത്തതിനാൽ സാധാരണക്കാർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയിൽ അടിയന്തരമായി ഗൈനക്കോളജിസ്റ്റ് തസ്തികയിൽ നിയമനം നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

(ബി&സി) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി താലൂക്കാശുപത്രിയിൽ രണ്ട് ഗൈനക്കോളജിസ്റ്റ് തസ്തികയാണുള്ളത്. അവധിയിലുള്ള ഗൈനക്കോളജിസ്റ്റിനോട് എത്രയും വേഗം ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഒരു ഗൈനക്കോളജിസ്റ്റിനെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എൻ.എച്ച്.എം.-ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**നിലമ്പൂർ ജില്ലാശുപത്രിയിൽ പുതിയ ബ്ലോക്ക് നിർമ്മിക്കാൻ നടപടി**

180 (2133) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാശുപത്രിയിൽ 16.5 കോടി രൂപ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് മാതൃ-ശിശു വിഭാഗത്തിന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി 2022 നവംബർ 11-ന് ലഭിച്ചിട്ടും സാങ്കേതികാനുമതി പോലുള്ള തുടർനടപടികൾ പൂർത്തീകരിക്കാനാകാത്തതിന്റെ കാരണം വിശദമാക്കാമോ?

നിലമ്പൂർ ജില്ലാശുപത്രിയിൽ 16.5 കോടി രൂപ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് മാതൃ-ശിശു വിഭാഗത്തിന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്ന പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനായി ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അഞ്ച് കോടി രൂപയിൽ കൂടുതലുള്ള പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകേണ്ടത് ആരാണെന്നും അതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

ധനകാര്യ വകുപ്പിന്റെ 04-07-2019-ലെ സ.ഉ.(പി) നം.77/2019/ഫിൻ നമ്പർ ഉത്തരവുപ്രകാരം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി ചെയർമാനും എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത രണ്ട് എഞ്ചിനീയർമാർ, നിർവ്വഹണ ഏജൻസിയുടെ എഞ്ചിനീയർ, എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്ത വകുപ്പുകളിൽ കമ്മിറ്റിയെ

സഹായിക്കാനായി വിരമിച്ച എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട സമിതിയാണ് അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകേണ്ടത്.

(സി) ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ 21-11-2022-ൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ എൻ.എച്ച്.എം./7039/ഇ.എൻ.ജി.ജി.3/2022/എസ്.പി.എം.എസ്.യു. നമ്പർ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; മേൽ കത്തിൽ പരാമർശിച്ച വിഷയത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് രൂപീകരിക്കാനാകുമെന്ന് അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനായി ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി യോഗം കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പിനുകീഴിൽ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി 30-05-2022-ലെ സ.ഉ.(സാധാ)നം.1230/2022/ആകുവ പ്രകാരം രൂപീകരിക്കുകയും 07-12-2022-ലെ സ.ഉ.(സാധാ). നം.2888/2022/ആ.കു.വ. പ്രകാരം ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പിനുകീഴിൽ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി രൂപീകരിക്കാത്തതുകാരണം നിലമ്പൂർ ജില്ലാശുപത്രിയിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടുപയോഗിച്ച് നടക്കേണ്ട പ്രവൃത്തി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനായി ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി യോഗം കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പിന് കീഴിൽ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി 30-05-2022-ലെ സ.ഉ.(സാധാ) നം.1230/2022/ആ.കു.വ. പ്രകാരം രൂപീകരിക്കുകയും 07-12-2022-ലെ സ.ഉ.(സാധാ). നം.2888/2022/ആ.കു.വ. പ്രകാരം ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്.

## കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

181 (2134) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ കാർഡിയോളജി യൂണിറ്റ്, കാത്ത് ലാബ്, നെഫ്രോളജി യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

താലൂക്ക് ആശുപത്രിയുടെ സ്റ്റാൻഡേഡൈസേഷൻ മാർഗ്ഗരേഖ പ്രകാരം സൂപ്പർസ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, നെഫ്രോളജി ഉൾപ്പെടുന്നില്ല. ആർദ്രം മിഷന്റെ ഭാഗമായി ജില്ലകളിലെ തെരഞ്ഞെടുത്ത ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി അടക്കമുള്ള സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. ജില്ലാതല ആശുപത്രിയായ കൊല്ലം ജില്ലാശുപത്രിയിൽ ടി സേവനങ്ങൾ നൽകിവരുന്നു. നിലവിൽ കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കാർഡിയോളജി യൂണിറ്റ്, കാത്ത് ലാബ്, നെഫ്രോളജി യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള ഭൗതിക സാഹചര്യം നിലവിലില്ല.

**ഒറ്റപ്പാലം ആശുപത്രിയിൽ ആയുർവ്വേദ ഇൻഫെർട്ടിലിറ്റി ചികിത്സ**

182 (2135) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം സർക്കാർ ആയുർവ്വേദ ആശുപത്രിയിൽ ആയുർവ്വേദ ഇൻഫെർട്ടിലിറ്റി ചികിത്സ ആരംഭിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലോ നിവേദനമോ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിലില്ല.

**നിലമ്പൂർ ജില്ലാശുപത്രിയിൽ രക്ത ബാങ്ക്**

183 (2136) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാശുപത്രിയിൽ രക്ത ബാങ്ക് ആരംഭിക്കുന്നതിനാവശ്യമായ ലൈസൻസുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ലൈസൻസുകളാണ് ഇതിനകം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

നിലമ്പൂർ ജില്ലാശുപത്രിയിൽ രക്ത ബാങ്ക് സ്ഥാപിക്കുന്നതിനായി 299/28C/KER/DC-CLAA/2023 നമ്പർ പ്രകാരം ലൈസൻസ് ലഭിച്ചിട്ടുണ്ട്.

(ബി) രക്ത ബാങ്ക് പ്രവർത്തനമാരംഭിക്കുന്നതിനായി ഏതെല്ലാം തസ്തികകളാണ് ആവശ്യമുള്ളതെന്നും ആയത് അനുവദിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; ആവശ്യമായ തസ്തികകൾ നിലവിലില്ലെങ്കിൽ പുതുതായി സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

രക്ത ബാങ്ക് പ്രവർത്തനമാരംഭിക്കുന്നതിനായി ചുവടെ കൊടുക്കുന്ന തസ്തികകൾ ആവശ്യമാണ്.

1) മെഡിക്കൽ ഓഫീസർ

2) നഴ്സിംഗ് ഓഫീസർ

3) ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ

4) ടെക്നിക്കൽ സൂപ്പർവൈസർ

5) സോഷ്യൽ വർക്കർ

6) നഴ്സിംഗ് അസിസ്റ്റന്റ്

7) ഹോസ്പിറ്റൽ അറ്റൻഡന്റ്

ഇതിൽ മെഡിക്കൽ ഓഫീസർ (ജൂനിയർ കൺസൾട്ടന്റ് - ബ്ലഡ് ബാങ്ക്) തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യമായ മറ്റ് തസ്തികകൾ സംബന്ധിച്ച

പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത രക്ത ബാങ്ക്, ആവശ്യമായ ജീവനക്കാരുൾപ്പെടെ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

നിലമ്പൂർ ജില്ലാശുപത്രിയിൽ രക്ത ബാങ്ക് പ്രവർത്തനമാരംഭിക്കുന്നതിനായി കെട്ടിടം, ഉപകരണങ്ങൾ പൂർണ്ണമായി സജ്ജമാണ്. ഒരു ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്) (മെഡിക്കൽ ഓഫീസർ) തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

ടെക്നിക്കൽ സൂപ്പർവൈസർ - നിലവിൽ സർക്കാർ സർവ്വീസിലുള്ളതും നിശ്ചിത യോഗ്യതയുള്ളതുമായ ഒരു ടെക്നീഷ്യനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ ടെക്നിക്കൽ സൂപ്പർവൈസറായി നിയമിച്ചിട്ടുണ്ട്.

ലാബ് ടെക്നീഷ്യൻ (ബ്ലഡ് ബാങ്ക്)- നിലവിൽ നിശ്ചിത യോഗ്യതയുള്ള ഒരു ടെക്നീഷ്യൻ നിലമ്പൂർ ആശുപത്രിയിലുണ്ട്. അതോടൊപ്പം സർക്കാർ സർവ്വീസിലുള്ള നിശ്ചിത യോഗ്യയുള്ള ഒരു ടെക്നീഷ്യനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിലമ്പൂർ ജില്ലാശുപത്രിയിൽ നിയമിച്ചിട്ടുണ്ട്. അതോടൊപ്പം 5 ടെക്നീഷ്യൻമാരെ എൻ.എച്ച്.എം. മുഖേന നിയമിക്കാനുള്ള

നടപടികളും 2 ടെക്നീഷ്യൻമാരെ എച്ച്.എം.സി. മുഖേന നിയമിക്കാനുള്ള നടപടികളും പുരോഗമിക്കുന്നു. ഒരു ടെക്നീഷ്യനെ നിയമിക്കുന്നതിനായി KSACS-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

നഴ്സിംഗ് ഓഫീസർ - നിലവിൽ ഒരു നഴ്സിംഗ് ഓഫീസറെ എൻ.എച്ച്.എം. മുഖേന നിയമിക്കുന്നതിനുള്ള നടപടി പൂർത്തിയാകുന്നു.

കൗൺസിലർ- ഒരു കൗൺസിലറെ എൻ.എച്ച്.എം. മുഖേന ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഒരു കൗൺസിലറെ നിയമിക്കുന്നതിനുള്ള അപേക്ഷ KSACS-ന് സമർപ്പിച്ചിട്ടുണ്ട്.

ഹോസ്പിറ്റൽ അറ്റൻഡന്റ്- ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 ജീവനക്കാരെ ആശുപത്രി ഔട്ട് സോഴ്സിംഗ് മുഖേന നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

നിലമ്പൂർ ജില്ലാ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്)-ന്റെയും ജോലിക്രമീകരണം മുഖേനയും ഔട്ട് സോഴ്സിംഗ് മുഖേനയും എൻ.എച്ച്.എം. മുഖാന്തരവും നിയമിക്കപ്പെടുന്ന പരിശീലനം ലഭിച്ച മറ്റ് ജീവനക്കാരുടേയും സേവനം ഉപയോഗപ്പെടുത്തി

ബ്ലഡ് ബാങ്ക് അധികം വൈകാതെതന്നെ പ്രവർത്തനമാരംഭിക്കുന്നതാണ്. പ്രവർത്തനത്തിനാവശ്യമായ കൂടുതൽ ജീവനക്കാരെ എൻ.എച്ച്.എം. മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

**കണ്ണമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർ തസ്തികയിലെ ഒഴിവ്**

184 (2137) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ കണ്ണമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർ തസ്തികയിലെ ഒഴിവ് നികത്താത്തതുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ എന്നത്തേയ്ക്ക് നിയമനം നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കണ്ണമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിലെ ഒഴിവുണ്ടായിരുന്ന അസിസ്റ്റന്റ് സർജൻ തസ്തികയിൽ പി.എസ്.സി. വഴി ഡോക്ടറെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

## കണ്ണൂർ ജില്ലാശുപത്രിയുടെ സമഗ്ര വികസനത്തിന് നടപടി

185 (2138) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് ജില്ലാശുപത്രിയിൽ രോഗികൾക്ക് ആനുപാതികമായി ഡോക്ടർമാരും മറ്റ് ജീവനക്കാരുമില്ലാത്തതിനാൽ രോഗികൾക്ക് വലിയ പ്രയാസം നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൂപ്പർ സ്പെഷ്യാലിറ്റി മേഖലയിൽ തസ്തിക ഇല്ലാത്തതുകാരണം കാർഡിയോളജി, നെഫ്രോളജി വിഭാഗങ്ങളിൽ അസിസ്റ്റന്റ് സർജന്മാർ ജോലി ചെയ്യുന്ന സാഹചര്യത്തിൽ എത്രയുംവേഗം ഈ മേഖലകളിൽ സ്ഥിരം തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(എ&ബി) ഈ ആശുപത്രിയിൽ നിലവിൽ കാർഡിയോളജി, നെഫ്രോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽനിന്നുള്ള സേവനം നല്ല രീതിയിൽ ലഭ്യമാക്കുന്നുണ്ട്. സ്ഥിരം തസ്തികകൾ ഇല്ലെങ്കിലും സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യതകളുള്ള ഡോക്ടർമാരെ മറ്റ് ആശുപത്രികളിൽനിന്നും

വർക്കിംഗ് അറേഞ്ച്മെന്റ് മുഖാന്തരവും NHM മുഖാന്തരവും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ ആശുപത്രികളിൽ അവശ്യം വേണ്ടിവരുന്ന സ്പെഷ്യലിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കണ്ണൂർ ജില്ലാശുപത്രിയുടെ സമഗ്ര വികസനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ ജില്ലാശുപത്രിയുടെ സമഗ്ര വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി 57 കോടി രൂപ ചെലവിൽ പുതിയ കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിവരുന്നു. ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുംവേണ്ടി RBSK, ആരോഗ്യ കിരണം, JSSK, JSY, മെഡിസെപ്പ്, KASP, ആരോഗ്യ ഇൻഷുറൻസ് പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന എക്സ്റേ, സി.ടി. സ്കാൻ, ലബോറട്ടറി, ഫാർമസി, ഇ.സി.ജി., ട്രോമ കെയർ യൂണിറ്റ് എന്നിവയുടെ സേവനം ലഭ്യമാണ്. എൻ.എച്ച്.എം., എച്ച്.എം.സി, കെ.എ.എസ്.പി. തുടങ്ങിയ പദ്ധതികൾ പ്രകാരം ആവശ്യാനുസരണം താത്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്.

## തിരൂരങ്ങാടി താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്ന നടപടി

186 (2139) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി മാറ്റേണ്ടതിന്റെ പ്രാധാന്യവും അവശ്യ സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും ഇതുസംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോയെന്നും വിശദമാക്കാമോ?

ആർദ്രം മാനദണ്ഡമനുസരിച്ച് ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രി, ഒരു താലൂക്കിൽ ഒരു താലൂക്കുതല ആശുപത്രി, ഒരു റവന്യൂ ബ്ലോക്കിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം എന്നിങ്ങനെ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. ആയതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിരിക്കുന്നത് തിരൂർ ജില്ലാശുപത്രിയെയാണ്. ആയതിനാൽ തിരൂരങ്ങാടി താലൂക്കാശുപത്രിയെ

ജനറൽ ആശുപത്രിയാക്കി മാറ്റുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**വള്ളിക്കുന്ന് മണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി**

187 (2140) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയോജകമണ്ഡലമായ വള്ളിക്കുന്നിലെ മൂന്നിയൂർ, പെരുവള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ആയുഷ് വിഭാഗം ശിപാർശ നൽകിയെങ്കിലും നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നൽകിയ ശിപാർശ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മൂന്നിയൂർ, പെരുവള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ചുവരുന്നു.

**പട്ടിമറ്റം പി.എച്ച്.സി.-യിൽ ലാബ്**

188 (2141) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പട്ടിമറ്റം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ലാബും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പ്രകാരം പി.എച്ച്.സി.-യിൽ ലാബ് സൗകര്യമൊരുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചുവരുന്നു.

**പയ്യന്നൂർ താലൂക്കാശുപത്രിയിൽ മെഡിക്കൽ ബോർഡ് രൂപീകരണം**

189 (2142) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്കാശുപത്രിയിൽ മെഡിക്കൽ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ മെഡിക്കൽ ബോർഡ് രൂപീകരിക്കുന്നതിനും നിശ്ചിത ഇടവേളകളിൽ യോഗം ചേരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ താലൂക്കാശുപത്രിയിൽ മെഡിക്കൽ ബോർഡ് രൂപീകരിക്കുന്ന കാര്യം വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ വെൽനസ് സെന്ററുകൾ**

190 (2143) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ വെൽനസ് സെന്ററാക്കി ഉയർത്തിയിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത വെൽനസ് സെന്ററുകൾ പൂർണ്ണമായും പ്രവർത്തന സജ്ജമാണോയെന്നും ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

(എ&ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ ഒന്നാം ഘട്ടത്തിൽ 5 ഉപകേന്ദ്രങ്ങളെയാണ് ഹെൽത്ത് ആന്റ് വെൽനസ് സെന്ററാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ താഴെ പറയുന്ന 4 ഉപകേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു.

എച്ച്.ഡബ്ല്യൂ.സി. പോട്ടോർ (എഫ്.എച്ച്.സി. പാമ്പൂർ)

എച്ച്. ഡബ്ല്യൂ. സി. തിരൂർ (എഫ്.എച്ച്.സി. പൂമല)

എച്ച്. ഡബ്ല്യൂ. സി. അടാട്ട് (എഫ്.എച്ച്.സി. അടാട്ട്)

എച്ച്.ഡബ്ല്യൂ.സി. പോരാമംഗലം (എഫ്.എച്ച്.സി. മുണ്ടൂർ)

ഒരു ഉപകേന്ദ്രത്തിന്റെ (എച്ച്.ഡബ്ല്യൂ.സി. കരുമാത്ര - എഫ്.എച്ച്.സി. തെക്കുംകര) നിർമ്മാണം പുരോഗമിച്ചുവരുന്നു. ഉപകേന്ദ്രങ്ങളുടെ സുഗമമായ നടത്തിപ്പിന് നിലവിൽ 17 എം.എൽ.എസ്. പി.-മാരെ നിയമിച്ചിട്ടുണ്ട്.

(സി) നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഓരോ വെൽനസ് സെന്ററിലും ഉള്ളതെന്ന വിവരം ലഭ്യമാക്കാമോ?

കാത്തിരിപ്പ് കേന്ദ്രം, ക്ലിനിക്ക് കം ഓഫീസ് റൂം, പ്രതിരോധ കുത്തിവയ്പ്പ് മുറി, സ്റ്റോർ റൂം, ശുചിമുറികൾ, മുലയൂട്ടൽ മുറി തുടങ്ങിയ സൗകര്യങ്ങൾ ഓരോ വെൽനസ് സെന്ററുകളിലും ഒരുക്കിയിട്ടുണ്ട്.

**ഐസൊലേഷൻ വാർഡ് നിർമ്മാണം**

191 (2144) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗരസഭയിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ് എന്നുമുതൽ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. നിലവിൽ പില്ലർ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പ്ലിന്ത് ബീം കോൺക്രീറ്റ്

പൂർത്തിയാക്കി, ഫാബ്രിക്കേഷനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തി 2023 ഏപ്രിൽ മാസത്തോടുകൂടി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) ഷൊർണ്ണൂർ നഗരസഭയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കോവിഡ് മഹാമാരിയെത്തുടർന്ന് നിർത്തിവച്ച ഐ.പി. ചികിത്സകൾ എന്നുമുതൽ പുനരാരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഷൊർണ്ണൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 2020 വരെ കിടത്തി ചികിത്സ പ്രവർത്തിച്ചിരുന്നതാണ്. കോവിഡ് മഹാമാരിയെത്തുടർന്ന് നിർത്തിവച്ച കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനായി 14-12-2022-ലെ ആശുപത്രി വികസന സമിതി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.എം. മുഖേന സ്റ്റാഫ് നഴ്സുമാരെ നിയമിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർത്തിവച്ച ഐ.പി. ചികിത്സ പുനരാരംഭിക്കാൻ കഴിയുന്നതാണ്.

**വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ**

192 (2145) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ അവസാനമായി പരിഷ്കരിച്ചത് ഏത് വർഷത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേണിന്റെ തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്തിട്ടുണ്ട്. ഈ ആശുപത്രിയിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു.

Civil Surgeon - 1
Assistant Surgeon - 2
Optometrist - 1
Health Supervisor - 1
Heath Clerk - 1
Clerk - 2
Clerk Typist - 1
Office Attendant - 1
Health Inspector - 1
Junior Health Inspector Gr.I&2 - 4

Lady Health Inspector - 1

Junior Public Health Nurse Gr.2 - 10

Nursing Officer Gr.I&2 - 2

Pharmacist Gr. I &2 - 1

Lab Technician Gr. I &2 - 2

Nursing Assistant - 3

Hospital Attendant Gr.2 - 3

Part Time Sweeper - 1

Driver - 1

(സി) നിലവിൽ ഈ ആശുപത്രിയിൽ ജോലി നോക്കി വരുന്നവരുടെ തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

| Category | Sanctioned Post | Vacancy | NHM | HMC | KASP |
|---|---|---|---|---|---|
| Civil Surgeon | 1 | | | | |
| Assistant Surgeon | 2 | | 3 | | |
| Optometrist | 1 | | | | |
| Health Supervisor | 1 | 1 | | | |
| Head Clerk | 1 | | | | |
| Clerk | 2 | 1 | | | |
| Clerk Typist | 1 | | | | |

| | | | | | |
|---|---|---|---|---|---|
| Office Attendant | 1 | | | | |
| Health Inspector | 1 | | | | |
| Junior Health Inspector Gr.I &2 | 4 | | | | |
| Lady Health Inspector | 1 | | | | |
| Junior Public Health Nurse Gr.2 | 10 | | | | |
| Nursing Officer Gr.I&2 | 2 | | 4 | 5 | |
| Pharmacist Gr.I&2 | 1 | | | 3 | 2 |
| Lab Technician Gr.I&2 | 2 | | | 3 | |
| Nursing Assistant | 3 | | | | |
| Hospital Attendant Gr.2 | 3 | | | | |
| Part Time Sweeper | 1 | | | | |
| PRO | | | 1 | | |
| Palliative Nurse | | | 1 | | |
| Physiotherapist | | | 1 | | |
| School Health Nurse | | | 1 | | |
| MLSP | | | 3 | | |
| ECG Technician | | | | 1 | |

| | | | | | |
|---|---|---|---|---|---|
| Data Entry Operator | | | | 1 | |
| Cleaning Staff | | | | 4 | |
| Doby | | | | 1 | |
| Driver | 1 | 1 | | | |
| RBSK Nurse | | | 1 | | |
| Medical Officer | | | 4 | | |

(ഡി) നിലവിലെ അംഗബലം ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർ അധിവസിക്കുന്ന മലയോര മേഖലയിലെ വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് പര്യാപ്തമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ അവശ്യംവേണ്ടുന്ന അധിക തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

## മെഡിക്കൽ ഓഫീസർ (വിഷ) തസ്തിക

193 (2146) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ ആയുർവ്വേദ ആശുപത്രികളിൽ മെഡിക്കൽ ഓഫീസർ (വിഷ) തസ്തിക നിലവിലില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) മെഡിക്കൽ ഓഫീസറുടെ (വിഷ) സേവനം മേൽപ്പറഞ്ഞ ജില്ലകളിൽ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സ്ഥിരം തസ്തികകൾ ഇല്ലെന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ, മലപ്പുറം ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ നാഷണൽ ആയുഷ് മിഷൻ മുഖേന മെഡിക്കൽ ഓഫീസറുടെ (വിഷ) സേവനം ലഭ്യമാക്കിവരുന്നുണ്ട്.

വയനാട് ജില്ലയിൽ മെഡിക്കൽ ഓഫീസറുടെ (വിഷ) സേവനം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## പുളിയം പറമ്പ് സബ്സെന്റർ ആരംഭിക്കാൻ നടപടി

194 (2147) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങൾക്ക് കീഴിൽ പുതുതായി സബ്സെന്റർ ആരംഭിക്കുന്നതിനുവേണ്ടി സ്ഥാപന മേധാവികൾ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ 2022 ജൂലൈ മാസം സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) വള്ളിക്കുന്ന് മണ്ഡലത്തിൽനിന്നും ശിപാർശ ചെയ്യപ്പെട്ട ഏക സബ്സെന്റർ എന്ന നിലയിൽ പുളിയം പറമ്പ് സബ്സെന്റർ പദ്ധതിക്ക് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പുതുതായി സബ്സെന്ററുകൾ ആരംഭിക്കുന്നതിനായി പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ആരോഗ്യവകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിരുന്നു.

മലപ്പുറം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾക്കുകീഴിൽ പുതുതായി 43 സബ്സെന്ററുകൾ ആരംഭിക്കുന്നതിനായി 30-07-2022 -ലെ കത്ത് പ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ പല സബ്സെന്ററുകളുടെ പ്രൊപ്പോസലുകളും അപൂർണ്ണമായിരുന്നതിനാൽ ന്യൂനതകൾ പരിഹരിച്ച്, പുതുക്കിയ പ്രൊപ്പോസലുകൾ അടിയന്തരമായി സമർപ്പിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടുകൊണ്ട് എല്ലാ ജില്ലകളിൽനിന്നുമുള്ള പ്രൊപ്പോസലുകൾ ക്രോഡീകരിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## പ്രൈമറി ഹെൽത്ത് സെന്ററുകൾ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്ന നടപടി

195 (2148) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്ററുകൾ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും ടി സ്ഥാപനങ്ങളിൽ 830 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 504 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ടി സ്ഥാപനങ്ങളിൽ 1000 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

ആർദ്രം മൂന്നാം ഘട്ടത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി നാഷണൽ ഹെൽത്ത് മിഷനും പ്ലാൻഫണ്ടും വഴി ഓരോ സ്ഥാപനത്തിലും

തുക അനുവദിച്ചിരുന്നു. ഇതുകൂടാതെ NHM ROP, Plan Fund, MLAADS, MP Fund തുടങ്ങിയവ വഴിയും തുക അനുവദിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പുകളും സ്വരൂപിച്ചിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളുടെ CSR Fund ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ലാബ് ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ലഭ്യമാക്കിയിട്ടുണ്ട്. ഇ-ഹെൽത്ത് കേരള പ്രോജക്ട് വഴി കംപ്യൂട്ടർവൽക്കരണവും നടത്തി. ഇവയെല്ലാം ഒത്തുചേർത്തുകൊണ്ടുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി Primary waiting area, Reception counter, Secondary waiting area, OP room ensuring privacy to patients, laboratory, Pharmacy with waiting area, other amenities such as drinking water, Television in waiting area, disabled friendly toilet, Garden, Yoga Hall ഇവ ഓരോ സ്ഥാപനത്തിലും ഏർപ്പെടുത്തിയാണ് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നത്.

(ബി) കണ്ണൂർ ജില്ലയിലെ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ ഈ സർക്കാർ വന്നതിനുശേഷം ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്; ലിസ്റ്റ് സഹിതം വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

| | |
|---|---|
| 1. | പ്രാഥമികാരോഗ്യകേന്ദ്രം, നാറത്ത് |
| 2. | പ്രാഥമികാരോഗ്യകേന്ദ്രം, പുതിയങ്ങാടി ഫിഷറീസ് |
| 3. | പ്രാഥമികാരോഗ്യകേന്ദ്രം, പറശ്ശിനിക്കടവ് |
| 4. | പ്രാഥമികാരോഗ്യകേന്ദ്രം, വള്ളിത്തോട് |
| 5. | പ്രാഥമികാരോഗ്യകേന്ദ്രം കുന്നോത്തുപറമ്പ |
| 6. | പ്രാഥമികാരോഗ്യകേന്ദ്രം കുറ്റ്യാട്ടൂർ |

**ആലത്തൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ്**

196 (2149) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്ഥാപിക്കുന്ന ഐസൊലേഷൻ വാർഡ് ഏത് ആശുപത്രിയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ആലത്തൂർ മണ്ഡലത്തിൽനിന്നും കുഴൽമന്നം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ആലത്തൂർ മണ്ഡലത്തിൽ തന്നെയുള്ള അനുയോജ്യമായ സ്ഥല ലഭ്യതയുള്ള മറ്റു സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എത്ര തുകയാണ് പ്രസ്തുത പ്രവൃത്തിക്കുവേണ്ടി നീക്കിവച്ചിരിക്കുന്നതെന്നും പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി പ്രവർത്തിക്കുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ഏജൻസിയായി നിശ്ചയിച്ചിരിക്കുന്നത് തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ്. ഒരു ഐസൊലേഷൻ വാർഡ്

നിർമ്മാണത്തിനായി 1,75,96,748/- (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുന്നൂറ്റി നാൽപ്പത്തി എട്ട് രൂപ മാത്രം) രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്.

## വനിത-ശിശുവികസന വകുപ്പിന്റെ പുതിയ പദ്ധതികൾ

197 (2150) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശുവികസന വകുപ്പ് പുതുതായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

അങ്കണവാടികളിൽ ആഴ്ചയിൽ രണ്ടുദിവസം കോഴിമുട്ട, പാൽ വിതരണം ചെയ്യുന്ന പദ്ധതി, കോവിഡ് മൂലം മാതാപിതാക്കൾ മരിച്ച കുട്ടികൾക്കുള്ള ധനസഹായ പദ്ധതി, ഇടുക്കി ചിൽഡ്രൻസ് ഹോം നിർമ്മാണം എന്നിവയാണ് വനിത-ശിശുവികസന വകുപ്പിൽ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ.

(ബി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിശദമാക്കാമോ?

അങ്കണവാടികളിൽ ആഴ്ചയിൽ രണ്ടു ദിവസം കോഴിമുട്ട, പാൽ വിതരണം എന്ന പദ്ധതിയിൽ അങ്കണവാടികളിലെ മൂന്നു വയസ്സിനും ആറു വയസ്സിനും ഇടയിൽ പ്രായമുള്ള ഏകദേശം നാല് ലക്ഷം കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം പാലും മുട്ടയും നൽകുന്നതിന് 61.35 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ആഗസ്റ്റ് 2022 മുതൽ ഒരു കുട്ടിയ്ക്ക് 135 മില്ലി പാലും മുട്ടയും നൽകി വരികയും ചെയ്യുന്നു. പാൽ വിതരണത്തിന് 31,50,00,000/- രൂപയും മുട്ട വിതരണത്തിന് 30,00,00,000/- രൂപയും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും പദ്ധതി 2022 ആഗസ്റ്റ് ഒന്നാം തീയതി മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കോവിഡ് മൂലം മാതാപിതാക്കൾ മരിച്ച കുട്ടികൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം കോവിഡ് 19 മഹാമാരിമൂലം മാതാപിതാക്കളിൽ ഒരാളെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപ്പെട്ട കുട്ടികളെ സഹായിക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പാക്കേജിൽ കുട്ടിയുടെ പേരിൽ 3 ലക്ഷം രൂപ നിക്ഷേപിക്കുക, ഓരോ കുട്ടിയ്ക്കും 18 വയസ് തികയുന്നതുവരെ പ്രതിമാസം 2000/-രൂപ അനുവദിക്കുക, മറ്റ് അടിയന്തര സഹായങ്ങൾ തുടങ്ങിയ കാര്യങ്ങളാണ് ഉദ്ദേശിക്കുന്നത്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി 8 കുട്ടികൾക്ക് 3 ലക്ഷം രൂപ നിരക്കിൽ സ്ഥിര നിക്ഷേപമായി 24,00,000/-

രൂപയും പ്രതിമാസ തുകയായി 21,74,000/- രൂപയും ചേർത്ത് ആകെ 45,74,000/- രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം നിർമ്മിക്കുന്നതിന് 2022-23 ബജറ്റിൽ 130 ലക്ഷം രൂപ പ്രഖ്യാപിക്കുകയും അതിനായി 4235-02-102-84 ശീർഷകത്തിൽ 1000/- രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇടുക്കി വില്ലേജിലെ 40 സെന്റ് സ്ഥലം ചിൽഡ്രൻസ് ഹോം നിർമ്മാണത്തിനായി അനുവദിച്ച് ഉത്തരവാകുകയും സ്ഥലം വനിത-ശിശുവികസന വകുപ്പിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ**

198 (2151) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികൾക്ക് പ്രതിമാസം എത്ര രൂപയാണ് പെൻഷനായി നൽകിവരുന്നത്; ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ചത് എന്നാണ്; വ്യക്തമാക്കുമോ?

നിലവിൽ ക്യാൻസർ രോഗികൾക്കുള്ള പെൻഷനായി പ്രതിമാസം 1000/- രൂപ നൽകിവരുന്നുണ്ട്. 10-07-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2352/2014/ആ.കു.വ. പ്രകാരമാണ് ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ പ്രതിമാസം 1,000/- രൂപയായി ഏറ്റവുമൊടുവിൽ വർദ്ധിപ്പിച്ചിട്ടുള്ളത്.

(ബി) മറ്റ് സാമൂഹ്യക്ഷേമ പെൻഷനുകളിൽ വർദ്ധനവ് നടത്തിയപ്പോൾ സമാനമായി ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ വർദ്ധിപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് പെൻഷൻ വർദ്ധനയെന്ന ആവശ്യം പരിഗണിക്കാതിരുന്നത്; വ്യക്തമാക്കുമോ;

(സി) ഭാരിച്ച ചികിത്സാ ചെലവുകൾ കാരണം നിർദ്ധനരായ രോഗികൾ വളരെയധികം പ്രയാസപ്പെടുന്ന സാഹചര്യത്തിൽ പെൻഷൻ തുക വർദ്ധിപ്പിച്ച് നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിയ്ക്കുമോയെന്ന് അറിയിക്കുമോ?

(ബി&സി) ക്യാൻസർ രോഗികളുടെ പെൻഷൻ 1,000/- രൂപയിൽ നിന്നും വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പെരിന്തൽമണ്ണ താലൂക്കിന് കീഴിൽ നിലവിൽ എത്ര പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്; പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ അടിയന്തരമായി കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; പുതിയതായി പെൻഷൻ ലഭിക്കുന്നതിന് എത്ര അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്; അപേക്ഷ സമർപ്പിച്ച എത്ര പേർക്ക് പെൻഷൻ അനുവദിക്കാൻ അവശേഷിക്കുന്നുണ്ട്; വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിന് കീഴിൽ 680 പേർക്ക് പെൻഷൻ വിതരണം ചെയ്തുവരുന്നുണ്ട്. ഓൺലൈൻ അപേക്ഷകരായ 408 പേർക്ക് 2023 ജനവരി വരെയുള്ള കുടിശ്ശിക തീർത്ത് പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. മാന്വൽ അപേക്ഷകരായ 272 പേർക്ക് 2022 ഡിസംബർ വരെയുള്ള പെൻഷൻ കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടുണ്ട്. പുതിയതായി ലഭിച്ച 62 അപേക്ഷകളിൻമേൽ പെൻഷൻ അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ

199 (2152) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ നിലവിലുണ്ട്; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് നിലവിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 103 ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ലഭ്യമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം-10, കൊല്ലം-9, പത്തനംതിട്ട-5, ആലപ്പുഴ-6, കോട്ടയം-4, ഇടുക്കി-3, എറണാകുളം-9, തൃശ്ശൂർ-10, പാലക്കാട്-8, മലപ്പുറം-8, കോഴിക്കോട്-8, വയനാട്-5, കണ്ണൂർ-11, കാസർഗോഡ്-7.

(ബി) കിഡ്നി രോഗികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിൽ പുതിയ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ആർദ്രം Standardisation പ്രകാരം താലൂക്കുതല ആശുപത്രി മുതലാണ് Speciality services ആരംഭിക്കുന്നത്. താലൂക്കുതലം മുതൽ dialysis ഇല്ലാത്തിടങ്ങളിൽ എല്ലാ സാമ്പത്തിക വർഷവും "Strengthening of Dialysis units" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്ന് വരുന്ന പ്രസ്തുത പദ്ധതിക്ക്

വേണ്ടിയുള്ള പ്രൊപ്പോസൽ പ്രകാരമാണ് പുതിയ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നത്.

(സി) മലപ്പുറം ജില്ലയിലെ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അത് എവിടെയെല്ലാമാണെന്നും അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ താഴെ പറയുന്ന 9 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

(1) ഗവൺമെന്റ് ജനറൽ ആശുപത്രി, മഞ്ചേരി, (2) ജില്ലാ ആശുപത്രി, നിലമ്പൂർ (3) ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ (4) ജില്ലാ ആശുപത്രി, തിരൂർ (5) താലൂക്ക് ആസ്ഥാന ആശുപത്രി, തിരൂരങ്ങാടി (6) താലൂക്ക് ആസ്ഥാന ആശുപത്രി, പൊന്നാനി (7) സാമൂഹികാരോഗ്യ കേന്ദ്രം, മാറാഞ്ചേരി (8) സാമൂഹികാരോഗ്യ കേന്ദ്രം, ചുങ്കത്തറ (9) ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി.

(ഡി) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്

200 (2153) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാർക്ക് ഡിസെബിലിറ്റി സർട്ടിഫിക്കറ്റിനായി ജില്ലാ മെഡിക്കൽ ഓഫീസറുടെ യു.ഡി. ഐ.ഡി. പോർട്ടലിൽ ലഭിച്ച എത്ര അപേക്ഷകൾ ഇതുവരെ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുപരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് പരീക്ഷയുടെ ആവശ്യത്തിലേയ്ക്ക് ഉപയോഗിക്കത്തക്ക നിലയിൽ പ്രസ്തുത സർട്ടിഫിക്കറ്റുകൾ ഡി.എം.ഒ. തലത്തിൽ വെരിഫൈ ചെയ്ത് അപ്‌ലോഡ് ചെയ്യുന്നതിന് നിലവിലുള്ള തടസ്സം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സാമൂഹ്യ സുരക്ഷാ മിഷനുമായി ചേർന്ന് നിലവിലുള്ള തടസ്സങ്ങൾ പരിഹരിച്ച്, സമയബന്ധിതമായി ഭിന്നശേഷിക്കാർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) കൊല്ലം ജില്ലയിൽ പൊതു പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ലേണിംഗ് ഡിസെബിലിറ്റി പരിശോധിച്ച് താമസം കൂടാതെ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. ഇനിയും ലേണിംഗ് ഡിസെബിലിറ്റിയുള്ള കുട്ടികൾ അപേക്ഷ നൽകിയാൽ പരിശോധന നടത്തി കാലതാമസം കൂടാതെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണ്. സാമൂഹ്യ സുരക്ഷാ മിഷൻ ആയിരുന്നു യു.ഡി.ഐ.ഡി. കാർഡ് വിതരണം ചെയ്യുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസിൽ താൽക്കാലിക ജീവനക്കാരെ നൽകിയിരുന്നത്. നൽകിയ ജീവനക്കാരുടെ കാലാവധി സെപ്തംബർ 2022-ന് അവസാനിച്ചിട്ടുള്ളതും അവരെ പിരിച്ചുവിട്ടിട്ടുള്ള സാഹചര്യവുമാണ് നിലവിലുള്ളത്. എന്നിരുന്നാലും ലഭിച്ച അപേക്ഷകൾ പരിശോധിച്ച് കാലതാമസം കൂടാതെ യു.ഡി.ഐ.ഡി കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 7687 അപേക്ഷകൾ നിലവിൽ തീർപ്പാക്കാനുണ്ട്. NHM മുഖാന്തരം ഒരു

മെഡിക്കൽ ഓഫീസറുടെയും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും സേവനം ലഭ്യമാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

**ജീവിതശൈലീ രോഗപ്രതിരോധ കാമ്പയിൻ**

201 (2154) <u>ശ്രീ. എം. എം. മണി:</u>
<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്ത് രാജ്യത്തെ ഏറ്റവും മികച്ച പദ്ധതിയായി സംസ്ഥാനത്തെ ജീവിതശൈലീ രോഗപ്രതിരോധ കാമ്പയിനെ ചീഫ് സെക്രട്ടറിമാരുടെ ദേശീയ സമ്മേളനത്തിൽ വിശേഷിപ്പിക്കുകയുണ്ടായോ; ആരോഗ്യമേഖലയിൽ സംസ്ഥാനം നടപ്പിലാക്കുന്ന മറ്റേതെല്ലാം പദ്ധതികളാണ് മാതൃകാ പദ്ധതികളെന്ന് പ്രസ്തുത സമ്മേളനം വിലയിരുത്തിയത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ആരോഗ്യ വകുപ്പിൻകീഴിൽ

നവകേരള കർമ്മ പദ്ധതി ആർദ്രം 2-ന്റെ ഭാഗമായി ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി നടപ്പിലാക്കിവരുന്നു. രാജ്യത്താകമാനം നടത്തിവരുന്ന പ്രവർത്തന രേഖയ്ക്കതീതമായി ജീവിതശൈലീ രോഗങ്ങളോടോപ്പം അതിന്റെ സങ്കീർണ്ണതകൾകൂടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും വിവിധ നൂതന പദ്ധതികൾ സംസ്ഥാന ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. രാജ്യത്തിനുതന്നെ മാതൃകയാകുന്ന ഈ പദ്ധതികളെക്കുറിച്ച് ജനുവരിയിൽ നടന്ന ചീഫ് സെക്രട്ടറിമാരുടെ ദേശീയ സമ്മേളനത്തിൽ പരാമർശിക്കുകയുണ്ടായി. ശ്വാസകോശ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള 'ശ്വാസ്' പദ്ധതി, നേത്രപടല അന്ധത കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള 'നയനാമൃതം പദ്ധതി, പെരിട്ടോണിയൽ ഡയാലിസിസ്, പാലിയേറ്റിവ് കെയർ പദ്ധതി എന്നീ പരിപാടികളാണ് ദേശീയതലത്തിൽ രാജ്യത്തെ മികച്ച പ്രവർത്തനങ്ങളായി വിലയിരുത്തപ്പെടുന്നത്. സംസ്ഥാന സർക്കാർ നവകേരള കർമ്മ പദ്ധതി - ആർദ്രം 2-ന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന "അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന ക്യാമ്പയിനിലൂടെ നടപ്പാക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി ഇതിനോടകം ദേശീയ

ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. 'ശൈലി' എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ആശാപ്രവർത്തകർ വീടുവീടാന്തരം ജീവിതശൈലീരോഗ സർവ്വേ ഇതിനോടകം 70 ലക്ഷം പേരിൽ നടത്തിക്കഴിഞ്ഞു. 14 ലക്ഷത്തോളം പേർക്ക് ജീവിതശൈലീരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ടെന്നും 4 ലക്ഷത്തോളം പേർക്ക് ക്യാൻസർ രോഗ ലക്ഷണങ്ങളുണ്ടെന്നും കണ്ടെത്തുകയും ഇവരെ തുടർ പരിശോധനക്കായി ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. രോഗ നിയന്ത്രണത്തോടൊപ്പം ആരോഗ്യ ബോധവത്കരണവും നടപ്പിലാക്കിവരുന്നുണ്ട്. ആരോഗ്യപരമായ ഭക്ഷണരീതി, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള മുക്തി തുടങ്ങിയ വിഷയങ്ങളിലാണ് ആരോഗ്യ ബോധവത്കരണം പ്രധാനമായും നടന്നുവരുന്നത്.

(ബി) "അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" പദ്ധതിയുടെ ഭാഗമായി വീടുകളിലെത്തി അരക്കോടിയിലധികം ജനങ്ങളെ രോഗനിർണ്ണയത്തിന് വിധേയമാക്കിയ സംരംഭത്തിന് ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കുമോ?

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി ആരംഭിച്ച വാർഷിക ആരോഗ്യ പദ്ധതിയെന്ന സാമൂഹിക ജനസംഖ്യാധിഷ്ഠിത

ജീവിതശൈലീരോഗ നിർണ്ണയ പദ്ധതിയാണ് 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്'. ഈ പദ്ധതിയുടെ ഭാഗമായി ശൈലി എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ആശാപ്രവർത്തകർ 30 വയസിനു മുകളിൽ പ്രായമുള്ളവരിലെ ജീവിതശൈലീരോഗങ്ങളെക്കുറിച്ചും അവയിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെക്കുറിച്ചുമുള്ള ഒരു സർവ്വേ ഭവന സന്ദർശനത്തിലൂടെ നടപ്പിലാക്കുകയുണ്ടായി. 70 ലക്ഷത്തോളം ജനങ്ങളെ സ്ക്രീനിംഗിനു വിധേയമാക്കിയപ്പോൾ 14 ലക്ഷത്തോളം പേർക്ക് ജീവിത ശൈലീരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ടെന്നും 4 ലക്ഷത്തോളം പേർക്ക് ക്യാൻസർ രോഗലക്ഷണങ്ങളുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ കണ്ടെത്തുന്നവരിലെ രോഗ സ്ഥിരീകരണം ഉറപ്പാക്കുന്നതിനും ചികിത്സ ആരഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്യാൻസർ രോഗ ലക്ഷണങ്ങളുള്ളവരെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും തുടർ ചികിത്സ ഉറപ്പാക്കുന്നതിനും ക്യാൻസർ കെയർ സ്യൂട്ട് എന്ന ഒരു സോഫ്റ്റ് വെയർ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പദ്ധതികളെ ഏകോപിപ്പിക്കുന്നതിന് ആശുപത്രിതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകന മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു.

(സി) പ്രസ്തുത കാമ്പയിനിൽ കണ്ടെത്തിയ വിവരങ്ങൾ അറിയിക്കാമോ; അതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനും പ്രതിരോധിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ശൈലി അപ്ലിക്കേഷനിലൂടെ നടത്തിയ 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന സ്ക്രീനിംഗ് കാമ്പയിനിലൂടെ 03-02-2023 വരെ കണ്ടെത്തിയ വിവരം ചുവടെ ചേർക്കുന്നു.

സ്ക്രീനിംഗ് ചെയ്ത ആളുകളുടെ എണ്ണം - 7121062

റിസ്ക് ഫാക്ടർ ഉള്ളവർ - 1415840

ക്യാൻസർ സ്ക്രീനിംഗിന് റഫർ ചെയ്തവർ - 466102

TB പരിശോധനയ്ക്ക് റഫർ ചെയ്തവർ - 64465

ശ്വാസകോശ സംബന്ധമായ രോഗങ്ങളുള്ളവർ - 239934

രക്താതിമർദ്ദമുള്ളവർ - 781101

പ്രമേഹമുള്ളവർ - 631603

രക്താതിമർദ്ദവും പ്രമേഹവുമുള്ളവർ - 275602

ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പ്രാഥമികാരോഗ്യ തലത്തിൽത്തന്നെ രോഗസ്ഥിരീകരണം നടത്തിയവർക്ക് ചികിത്സ ആരംഭിക്കുന്നതിനും വിദഗ്ധ ചികിത്സ വേണ്ടിവരുന്നവരെ ഉയർന്ന ചികിത്സാ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നു. ക്യാൻസർ രോഗലക്ഷണങ്ങളുള്ളവരെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും തുടർ ചികിത്സ ഉറപ്പാക്കുന്നതിനും ക്യാൻസർ കെയർ സ്യൂട്ട് എന്ന ഒരു സോഫ്റ്റ്‌വെയർ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രാഥമികതലം മുതൽ മെഡിക്കൽ കോളേജുകൾ വരെ ജീവിത ശൈലീ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ ശാക്തീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ശ്രദ്ധ ചെലുത്തുന്നുണ്ട്.

**അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസവും ഗവേഷണവും**

202 (2155) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ ഉന്നത വിദ്യാഭ്യാസവും ഗവേഷണവും അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി NAAC/KUHS അക്രഡിറ്റേഷൻ ലഭ്യമാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് NAAC/KUHS അക്രഡിറ്റേഷൻ ഗൈഡ്‌ലൈൻ പ്രകാരം ആവശ്യമായ ക്രമീകരണങ്ങൾ അടിയന്തരമായി നടപ്പാക്കിവരുന്നു. അതോടൊപ്പംതന്നെ രോഗീപരിചരണത്തിലെ ഗുണനിലവാരം ഉയർത്തുന്നതിനായി NABH അക്രഡിറ്റേഷൻ നേടുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

മെഡിക്കൽ കോളേജുകളിലെ ഗവേഷണം മെച്ചപ്പെടുത്തുന്നതിനായി 'സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് പ്രവർത്തിച്ചുവരുന്നു.

ആയതിന്റെ പ്രവർത്തനത്തിലേയ്ക്കായി ഈ വർഷം 2.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. SBM-ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു സംസ്ഥാനതല ഓഫീസ് സജ്ജമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടുപോകുന്നുണ്ട്. സംസ്ഥാനത്ത് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR) മാതൃകയിൽ മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മത്സരാടിസ്ഥാനത്തിൽ ഗവേഷണത്തിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാനും അവയിൽ തെരഞ്ഞെടുക്കപ്പെടുന്ന മികച്ച പ്രൊപ്പോസലിന് ഗ്രാന്റ് അനുവദിക്കാനും SBMR ലക്ഷ്യംവയ്ക്കുന്നു. SBMR ഗ്രാന്റ് ഉപയോഗിച്ച് പൂർത്തിയാക്കുന്ന പഠനങ്ങൾ അന്താരാഷ്ട്ര നിലവാരമുള്ള ജേണലുകളിൽ പ്രസിദ്ധപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്.

SBMR-ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മെഡിക്കൽ ഗവേഷണ രംഗത്ത് പ്രാവീണ്യം ലഭിച്ച മറ്റ് സ്ഥാപനങ്ങളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുകയും ആനുകാലിക പ്രസക്തിയുള്ള ആരോഗ്യ സംബന്ധമായ ഗവേഷണ വിഷയങ്ങൾ കാലാനുസൃതമായി കണ്ടെത്തി അതിൽ ഊന്നൽ നൽകിക്കൊണ്ട് പഠനങ്ങൾ നടത്താനും ഉദ്ദേശിക്കുന്നുണ്ട്.

അതുപോലെ തന്നെ മെഡിക്കൽ ഇന്നൊവേഷൻ ടെക്നോളജിയിൽ കൺസോർഷ്യം രൂപീകരിച്ച് മെഡിക്കൽ മേഖലയിലെ പുതിയ ഗവേഷണവും നൂതന ചികിത്സാ ഉപകരണങ്ങളും പുതിയ ആശയങ്ങളും കൈക്കൊണ്ട് അവയെ പ്രാവർത്തികമാക്കുന്നതിനായി K-DISC-ന്റെ സഹകരണത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു. K-DISC സംഘടിപ്പിക്കുന്ന യംഗ് ഇന്നൊവേറ്റേഴ്സ് മീറ്റിൽ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളും ഗവേഷണരംഗത്തെ പുതിയ ആശയങ്ങളുമെത്തിച്ച് അതിന് സാങ്കേതികവിദ്യയുടെ സഹായത്തോടെ നൂതനമായ പരിഹാരങ്ങൾ കാണാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

SBMR-ന്റെ ഭാഗമായി ഗവേഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഫാക്കൽറ്റിക്കുവേണ്ടി സെമിനാറുകളും മെഡിക്കൽ തുടർവിദ്യാഭ്യാസ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. മെഡിക്കൽ പി.ജി. വിദ്യാർത്ഥികൾക്ക് ഗവേഷണത്തിലുള്ള നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗവേഷണ രീതിശാസ്ത്രത്തിൽ പ്രത്യേക ട്രെയിനിംഗും നൽകിവരുന്നു.

(ബി) ആരോഗ്യ മേഖലയെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കത്തക്ക നിലയിൽ സ്വകാര്യമേഖലയിൽ നിന്നുൾപ്പെടെയുള്ള വലിയ നിക്ഷേപ

സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശിപാർശകളൊന്നുംതന്നെ ഇപ്പോൾ പരിഗണനയിലില്ല.

(സി) മെഡിക്കൽ ടൂറിസ്റ്റ് ഹബ്ബായി സംസ്ഥാനത്തെ മാറ്റുന്നതിന് എന്തെല്ലാം പുതിയ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ആരോഗ്യ മേഖലയിൽ അലോപ്പതി മരുന്നുകളുടെ ചില്ലറ വില്പന

203 (2156) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ അലോപ്പതി മരുന്നുകളുടെ ചില്ലറ വില്പനയുമായി ബന്ധപ്പെട്ട് സർക്കാർ സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ആരോഗ്യ മേഖലയിൽ അലോപ്പതി മരുന്നുകളുടെ ചില്ലറ വില്പനയുമായി ബന്ധപ്പെട്ട് സർക്കാർ സംവിധാനം നിലവിലുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രവർത്തിപ്പിക്കുന്ന കാരുണ്യ ഫാർമസികളിലൂടെ

അലോപ്പതി മരുന്നുകളുടെ ചില്ലറ വില്പന നടത്തി വരുന്നു. നിലവിൽ 71 കാരുണ്യ ഫാർമസികളും 5 കാരുണ്യ മരുന്ന് സംഭരണശാലകളും സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നു. ഇവയിൽ 6 ഫാർമസികൾ 24 മണിക്കൂറും പ്രവർത്തിക്കുന്നവയാണ്. കൂടാതെ, ശബരിമല തീർത്ഥാടനസമയത്ത് പമ്പയിലും സന്നിധാനത്തുമായി ഓരോ കാരുണ്യ ഫാർമസികൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം താലൂക്കാസ്ഥാന ആശുപത്രിയിൽ കാരുണ്യ ഫാർമസി ഉടൻതന്നെ ആരംഭിക്കുന്നതാണ്. പൊതുവിപണിയിലെ മറ്റേതൊരു ഫാർമസിയിൽ ലഭിക്കുന്നതിനേക്കാളും വിപണിവിലയിൽ നിന്ന് 10% മുതൽ 93% വരെ വിലക്കുറവിൽ കാരുണ്യ ഫാർമസിയിൽനിന്ന് മരുന്നുകൾ വിതരണം ചെയ്തുവരുന്നു. ആകയാൽ, മറ്റ് സ്വകാര്യ ഫാർമസികളുടെയും ഇടനിലക്കാരുടെയും ചൂഷണവും മരുന്നിന്റെ പൊതുവിപണിയിലെ വിലക്കയറ്റവും തടയുന്നതിന് പരമാവധി കഴിഞ്ഞിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 395 കോടി രൂപയുടെ മരുന്നും മറ്റനുബന്ധ സാമഗ്രികളുമാണ് കാരുണ്യ ഫാർമസികളിലൂടെ കേരളത്തിലെ ജനങ്ങൾക്ക് വിതരണം ചെയ്തത്. ക്യാൻസർ, വൃക്കരോഗം മുതലായ മാരക അസുഖങ്ങൾ

ബാധിച്ചവർക്കും അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കും ആവശ്യമായ മരുന്നുകളും മിതമായ വിലയ്ക്ക് ലഭ്യമാക്കിവരുന്നുണ്ട്.

(ബി) പൊതുമേഖലയിൽ കണ്ണടകളുടെ ചില്ലറ വില്പനയ്ക്ക് ഏതൊക്കെ സ്ഥാപനങ്ങളാണ് സർക്കാരിന്റെ കീഴിലുള്ളതെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിലും കോഴിക്കോട് മെഡിക്കൽ കോളേജിലും ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിന്റെ കണ്ണട ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു.

(സി) സ്ത്രീശാക്തീകരണ രംഗത്ത് ഏറെ സംരംഭങ്ങൾക്ക് നേതൃത്വം വഹിക്കുന്ന വനിത വികസന കോർപ്പറേഷന് ഈ രണ്ട് മേഖലകളിലും എന്തെങ്കിലും സംരംഭങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആരോഗ്യ മേഖലയിൽ അലോപ്പതി മരുന്നുകളുടെ ചില്ലറ വില്പനയുമായി ബന്ധപ്പെട്ട് വനിത വികസന കോർപ്പറേഷന് സംരംഭങ്ങൾ നിലവിലില്ല. സർക്കാർ ആശുപത്രികളോട് ചേർന്ന് കണ്ണടകളുടെ ചില്ലറ വില്പനയ്ക്ക് കോർപ്പറേഷൻ ആരംഭിച്ച ഷീ ഒപ്റ്റിക്കൽസ് എന്ന പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ തുടർന്നുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല.

(ഡി) എല്ലാ സർക്കാർ അലോപ്പതി ആശുപത്രികളോടും ചേർന്ന് മരുന്നുകളുടെ ചില്ലറ വില്പനയ്ക്കുള്ള മെഡിക്കൽ സ്റ്റോറും ഒഫ്താൽമോളജി

വിഭാഗമുള്ള ആശുപത്രികളിൽ കണ്ണട വില്പനശാലകളും വനിത വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ ശിപാർശകളൊന്നും പരിഗണനയിലില്ല.

**അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി**

204 (2157) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ നാൽപ്പത്തിയെട്ട് മണിക്കൂറിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം സംസ്ഥാന സർക്കാർ രൂപീകരിച്ച സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ നാൽപ്പത്തിയെട്ട് മണിക്കൂറിൽ സൗജന്യ ചികിത്സ നൽകുന്നതിനുള്ള ഗോൾഡൻ ഔവർ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി റോഡപകടങ്ങളിൽപ്പെടുന്ന തദ്ദേശീയരും വിദേശീയരുമായ ആളുകൾക്ക്

എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികളിൽ 48 മണിക്കൂർ സൗജന്യ ചികിത്സ ഉറപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തോടെയുള്ള റിപ്പോർട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ആശുപത്രികളിൽ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ട്രോമകെയർ പദ്ധതി നിലവിൽ സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ഘട്ടം ഘട്ടമായി ആരംഭിച്ചിട്ടുണ്ട്. ട്രോമ കെയറിന്റെ സ്റ്റേറ്റ് പ്ലാൻ അനുസരിച്ച് സ്റ്റേറ്റ് ഹൈവേയുടെയും നാഷണൽ ഹൈവേയുടെയും അരികിലുള്ള തെരഞ്ഞെടുക്കപ്പെട്ട 52 സ്ഥാപനങ്ങളിൽ ട്രോമ കെയർ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിൽ എറണാകുളം ജനറൽ ആശുപത്രിക്കും കണ്ണൂർ ജില്ലാ ആശുപത്രിക്കും 12-ാം പഞ്ചവത്സര പദ്ധതി പ്രകാരമുള്ള വിഹിതം ലഭിക്കുകയും ഇപ്പോൾ ലെവൽ 3 ട്രോമകെയർ സെന്ററുകളായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന മെഡിക്കൽ കോളേജുകളിലും അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

(സി) നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ തെരഞ്ഞെടുത്ത ദേശീയപാതയിലെ അപകട മേഖലകൾക്ക് സമീപത്തായി ട്രോമ സ്റ്റെബിലൈസേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

" Health System Strengthening for Trauma Care" 2016-2020 സ്റ്റേറ്റ് ആക്ഷൻ പ്ലാൻ പ്രകാരം 29 സ്ഥാപനങ്ങളെയാണ് ആരോഗ്യ വകുപ്പിന് കീഴിൽ കണ്ടെത്തിയിരിക്കുന്നത്. ഇതിന് പുറമേ കണ്ടെത്തിയ 23 സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി എല്ലാ സ്ഥാപനങ്ങളിലും ട്രോമാ കെയർ സെന്ററുകൾ പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്ത് 2020-നുശേഷം നിരോധിക്കപ്പെട്ട മരുന്നുകൾ

205 (2158) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2020-നുശേഷം നിരോധിക്കപ്പെട്ടിട്ടുള്ള മരുന്നുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 2020-നുശേഷം മരുന്നുകളൊന്നും നിരോധിക്കപ്പെട്ടിട്ടില്ല.

**ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുക**

206 (2159) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ സംസ്ഥാന സർക്കാർ 10 ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 14,68,81,000/- (പതിനാല് കോടി അറുപത്തിയെട്ട് ലക്ഷത്തി എൺപത്തിയൊന്നായിരം രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമെ PMCARES Fund-ഉം കേന്ദ്ര പെട്രോളിയം മന്ത്രാലയം ഫണ്ടും ഉപയോഗിച്ച് 33 ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഇവയിൽ നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്ത എത്ര പ്ലാന്റുകളുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കാമോ?

സംസ്ഥാന സർക്കാർ അനുമതി നൽകിയ 10 ഓക്സിജൻ പ്ലാന്റുകളിൽ ഇതുവരെ പ്രവർത്തനമാരംഭിക്കാത്ത 6 ഓക്സിജൻ പ്ലാന്റുകളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

താലൂക്കാശുപത്രി, കൊയിലാണ്ടി

താലൂക്കാശുപത്രി, തളിപ്പറമ്പ

ജില്ലാ ആശുപത്രി, മാവേലിക്കര

ജനറൽ ആശുപത്രി, തലശ്ശേരി

താലൂക്കാശുപത്രി, തിരുവല്ല

ജനറൽ ആശുപത്രി, കോട്ടയം

(സി) പ്രസ്തുത പ്ലാന്റുകൾക്കായി എത്ര കോടി രൂപയുടെ ഉപകരണങ്ങളാണ് വാങ്ങി നൽകിയതെന്ന് അറിയിക്കാമോ?

സംസ്ഥാന സർക്കാർ അനുമതി നൽകിയ 10 ഓക്സിജൻ പ്ലാന്റുകളിൽ പ്രവർത്തനമാരംഭിക്കാത്ത 6 ഓക്സിജൻ പ്ലാന്റുകൾക്കായി 8,57,60,000/- (എട്ടുകോടി അമ്പത്തിയേഴ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയുടെ ഉപകരണങ്ങളാണ് വാങ്ങിയത്.

(ഡി) അവ യഥാസമയം പ്രവർത്തനമാരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

സംസ്ഥാന സർക്കാർ അനുമതി നൽകിയ 10 ഓക്സിജൻ പ്ലാന്റുകളിൽ പ്രവർത്തനമാരംഭിക്കാത്ത 6 ഓക്സിജൻ പ്ലാന്റുകൾ യഥാസമയം പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) താലൂക്കാശുപത്രി, കൊയിലാണ്ടി**

പ്ലാന്റ് സ്ഥാപിച്ചു കഴിഞ്ഞു. പ്ലാന്റിൽ നിന്ന് ആശുപത്രിയിലേയ്ക്കുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അത് പൂർത്തിയാകുന്നതോടെ പ്രവർത്തനസജ്ജമാകുന്നതാണ്.

**2) താലൂക്കാശുപത്രി, തളിപ്പറമ്പ**

ഹൈ ടെൻഷൻ കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അത് ലഭിക്കുന്നമുറയ്ക്ക് അനുബന്ധ സൗകര്യങ്ങളും പൂർത്തിയാക്കി പ്ലാന്റ് പ്രവർത്തനസജ്ജമാകുന്നതാണ്.

**3) ജില്ലാ ആശുപത്രി, മാവേലിക്കര**

സിവിൽ പ്രവൃത്തി പൂർത്തിയായി. ഇലക്ട്രിക്കൽ പ്രവൃത്തിയും ഓക്സിജൻ പൈപ്പ്ലൈനിന്റെ പ്രവൃത്തിയും നടന്നുവരുന്നു. ഒരു മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കും.

**4) ജനറൽ ആശുപത്രി, തലശ്ശേരി**

തലശ്ശേരിയിൽ നിലവിൽ ഒരു ഓക്സിജൻ പ്ലാന്റുണ്ട്. പുതിയ പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്ത അവസ്ഥയാണ്.

**5) താലൂക്കാശുപത്രി, തിരുവല്ല**

പ്ലാന്റ് പ്രവർത്തിപ്പിക്കാൻ ആവശ്യമായ ജനറേറ്റർ സ്ഥാപിക്കുന്നതിനുവേണ്ട തുകയായ 36,68,000/- രൂപ എം.എൽ.എ. ഫണ്ടിൽ നിന്ന് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**6) ജനറൽ ആശുപത്രി, കോട്ടയം**

വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസംമൂലമാണ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കാൻ ഇതുവരെ സാധിക്കാത്തത്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഓൺലൈൻ ഒ.പി. ടിക്കറ്റ് എടുക്കുന്നവർ നേരിടുന്ന ബുദ്ധിമുട്ട്

207 (2160) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ഒ.പി. ടിക്കറ്റ് എടുക്കുന്നവർക്ക് മെഡിക്കൽ കോളേജുകളിൽ നേരിട്ട് എത്തിയശേഷം വീണ്ടും ക്യൂ നിന്ന് പേര് രജിസ്റ്റർ ചെയ്യേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഓൺലൈൻ ഒ.പി. ടോക്കൺ എടുക്കുന്ന പഴയ ഒ.പി. ടിക്കറ്റുള്ളവരുടെ ഒ.പി. ടിക്കറ്റിൽ എഴുതാൻ ആവശ്യമായ സ്ഥലമുണ്ടെങ്കിൽ പുതിയ ഒ.പി. ടിക്കറ്റ് എടുക്കേണ്ട ആവശ്യമില്ല. അവർക്ക് നേരിട്ട് ഡോക്ടറെ കാണാൻ സാധിക്കുന്നതാണ്. ചില മെഡിക്കൽ കോളേജുകളിൽ ഓൺലൈൻ ഒ.പി. ടിക്കറ്റ് എടുക്കുന്നവർക്ക് ടിക്കറ്റ് പ്രിന്റ് ചെയ്ത് നൽകുന്നതിനായി പ്രത്യേക കൗണ്ടർ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ രോഗികൾ ഒരേസമയം എത്തുമ്പോൾ ഇപ്രകാരം ഒ.പി. ടിക്കറ്റ് പ്രിന്റ് ചെയ്ത് ലഭിക്കുന്നതിനുവേണ്ടി ക്യൂ നിൽക്കേണ്ട സാഹചര്യം ഉണ്ടാകാറുണ്ട്.

(ബി) എങ്കിൽ ആയതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഓൺലൈൻ ഒ.പി. ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള മെഡിക്കൽ കോളേജുകളിൽ മിക്ക മെഡിക്കൽ കോളേജുകളിലും ഓൺലൈൻ ബുക്ക് ചെയ്തുവരുന്ന രോഗികൾക്കായി പ്രത്യേക കൗണ്ടർ സജ്ജമാക്കിയിട്ടുണ്ട്. അതിലൂടെ തിരക്ക് കുറയ്ക്കുന്നതിന് സാധിക്കുന്നു.

**ഫാർമസി ജീവനക്കാർക്കെതിരായ പരാതിയിന്മേൽ നടപടി**

208 (2161) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിക്ക് കീഴിലുള്ള മാതൃസ്പർശം ഫാർമസിയിലെ ജീവനക്കാർക്കെതിരെ എന്തെങ്കിലും പരാതി നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം ജീവനക്കാർക്കെതിരെ എന്തെല്ലാം പരാതിയാണുള്ളതെന്ന് വ്യക്തമാക്കാമോ?

മാതൃസ്പർശം ഫാർമസിയുടെ ചുമതല വഹിച്ചിരുന്ന വ്യക്തിക്കെതിരെ ചില മരുന്ന് വിതരണക്കാരിൽനിന്നും വിതരണ ഉത്തരവ് നൽകുന്നതിനായി പണം ആവശ്യപ്പെട്ടുവെന്ന പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതികളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾക്ക് വ്യക്തമായ തെളിവുകൾ ഒന്നുംതന്നെ ഹാജരാക്കിയിട്ടില്ല. എന്നിരുന്നാലും ടി വ്യക്തിയെ ഫാർമസിക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിൽനിന്നും മാറ്റിനിർത്തിയിട്ടുണ്ട്.

(സി) മാതൃസ്പർശം ഫാർമസി ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

2021-22 കാലഘട്ടത്തിൽ ലാഭമുണ്ടായിട്ടുണ്ട്.

(ഡി) പ്രസ്തുത ഫാർമസിയിലെ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

<u>2020-21</u>

വരവ് - 1,46,08,737/- (ക്രെഡിറ്റ് റേറ്റ് ഉൾപ്പെടെ)

ചെലവ് - 2,16,51,865/-

2021-2022

വരവ് - 2,22,59,928/- (ക്രെഡിറ്റ് റേറ്റ് ഉൾപ്പെടെ)

ചെലവ് - 2,19,31,897/-

**കടുവ ആക്രമണത്തിൽ മരണമടഞ്ഞയാൾക്ക് ചികിത്സ വൈകിയ സംഭവം**

209 (2162) ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ കടുവ ആക്രമണത്തിൽ മരണമടഞ്ഞയാൾക്ക് ചികിത്സ വൈകിയെന്ന പരാതിയിൽ ആരോഗ്യ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ?

അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) കടുവയുടെ ആക്രമണത്തിൽ മാരകമായി മുറിവേറ്റിരുന്ന വ്യക്തിക്ക് നൽകേണ്ട ശുശ്രൂഷ വയനാട് മെഡിക്കൽ കോളേജിന്റെ ഭാഗത്തുനിന്നും നൽകിയില്ലെന്ന പരാതി ഗൗരവത്തോടെ കാണുന്നുണ്ടോ?

കടുവ ആക്രമണത്തിൽ പരുക്കേറ്റ വ്യക്തിക്ക് വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ ലഭ്യമായ അടിയന്തര ചികിത്സകളെല്ലാം നൽകിയിട്ടുണ്ട്. അടിയന്തരമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനമായ വാസ്കുലാർ സർജറി ചെയ്യേണ്ട വാസ്കുലാർ സർജന്റെ സേവനം ലഭ്യമാക്കുന്നതിനാണ് പരിക്കേറ്റയാളെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തിട്ടുള്ളത്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗികൾക്ക് നൽകുന്ന ചികിത്സയുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചുവരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ കൂടുതൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളൊരുക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ എല്ലാംതന്നെ

ഏമർജൻസി മെഡിസിൻ വിഭാഗം സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. എല്ലാ മെഡിക്കൽ കോളേജിലും രോഗികളുടെ ചികിത്സയിൽ താമസം നേരിടാതിരിക്കാനും മികച്ച രോഗീപരിചരണം ഉറപ്പു വരുത്താനും 'ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ്" പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. അതിന്റെ ഭാഗമായുള്ള പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളെ രോഗീസൗഹൃദ-ജനസൗഹൃദമാക്കുന്നതിനുവേണ്ടി ആരംഭിച്ച ആർദ്രം മിഷനുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. പദ്ധതി നടത്തിപ്പിനും പ്രവർത്തന അവലോകനത്തിനുമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഒരു മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി മറ്റു മെഡിക്കൽ കോളേജുകളിലേയ്ക്കും ഉടൻതന്നെ വ്യാപിപ്പിക്കുക എന്ന ലക്ഷ്യമാണുള്ളത്.

രോഗികൾക്ക് സേവനം നൽകുന്നതുമായി ബന്ധപ്പെട്ട് ഗ്യാപ് അനാലിസിസ് നടത്തി അതിലെ അപാകതകൾ കണ്ടെത്തി അതിന്റെയടിസ്ഥാനത്തിൽ പരിഹാരങ്ങൾ നിർദ്ദേശിക്കുന്ന ഒരു മാർഗ്ഗരേഖയുണ്ടാക്കാനുള്ള ശ്രമങ്ങൾ ഈ പദ്ധതി വഴി നടന്നുവരുന്നു.

## കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കോബാൾട്ട് തെറാപ്പി മെഷീൻ

210 (2163) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കോബാൾട്ട് തെറാപ്പി മെഷീൻ പ്രവർത്തനരഹിതമായത് എപ്പോഴാണ്; ഇതുകാരണം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ പുതിയ കോബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതുസംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ കോബാൾട്ട് തെറാപ്പി മെഷീൻ 05-8-2020 മുതൽ പ്രവർത്തനരഹിതമാണ്. ഇതുകാരണം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി പ്രസ്തുത മെഷീനിലെ സോഴ്സായ Theratron 780 E മാറ്റി പുതിയ സോഴ്സ് സ്ഥാപിക്കുന്നതിനായി 24-5-2022-ലെ സർക്കാർ ഉത്തരവ് (സാധാ). 1178/2022/ആ.കു.വ. പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ടി

മെഷീന് 23 വർഷത്തിലേറെ പഴക്കമുള്ളതിനാൽ പുതിയ സോഴ്സ് സ്ഥാപിച്ചാലും മെഷീന്റെ പ്രവർത്തനക്ഷമതയ്ക്ക് മാറ്റമുണ്ടാകില്ലെന്ന് കണ്ണൂർ മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗം മേധാവി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കാസ്പ് ഫണ്ടിൽനിന്ന് ഏകദേശം 4 കോടി രൂപ വകയിരുത്തി പുതിയ കോബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## ഇടുക്കി ജില്ലയിലെ ഡി.പി.എച്ച്.എൻ., എം.സി.എച്ച്. ഓഫീസർ തസ്തികകളിലെ ഒഴിവ്

211 (2164) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡി.പി.എച്ച്.എൻ. (ഡിസ്ട്രിക്ട് പബ്ലിക് ഹെൽത്ത് നഴ്സ്), എം.സി.എച്ച്. ഓഫീസർ (മദർ & ചൈൽഡ് ഹെൽത്ത് ഓഫീസർ) തസ്തികകളിൽ ആരൊക്കെയാണ് നിലവിൽ സേവനമനുഷ്ഠിക്കുന്നതെന്ന് അറിയിക്കാമോ?

ഇടുക്കി ജില്ലയിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡി.പി.എച്ച്.എൻ. (ഡിസ്ട്രിക്ട് പബ്ലിക് ഹെൽത്ത് നഴ്സ്), എം.സി.എച്ച്. ഓഫീസർ (മദർ &

ചൈൽഡ് ഹെൽത്ത് ഓഫീസർ) തസ്തികകളിൽ ആരും സേവനമനുഷ്ഠിക്കുന്നില്ല.

(ബി) പ്രസ്തുത തസ്തികകളിൽ ആരും സേവനമനുഷ്ഠിക്കുന്നില്ലെങ്കിൽ അവ എന്നുമുതലാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും ആയതിന്റ കാരണവും അറിയിക്കാമോ?

2008 മുതൽ പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്തുന്നതിന് സ്പെഷ്യൽ റൂൾസ് പ്രകാരം മതിയായ യോഗ്യതയുള്ള ജീവനക്കാരുടെ അഭാവം മൂലമാണ് ടി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത്.

(സി) ഇടുക്കി ജില്ലയിലെ പ്രസ്തുത തസ്തികകളിൽ ആളുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

എസ്.ആർ.ഒ. നമ്പർ 794/2014, തീയതി 20-12-2014 ആയി പുറപ്പെടുവിച്ച കേരള പബ്ലിക് ഹെൽത്ത് നഴ്സസ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഡിസ്ട്രിക്ട് പബ്ലിക് ഹെൽത്ത് നഴ്സ്, എം.സി.എച്ച്. ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നേടാൻ നിശ്ചിത യോഗ്യത നേടിയ ഫീഡർ തസ്തികകളിലെ ജീവനക്കാരെ ലഭ്യമാകുന്ന മുറക്ക് നിലവിലെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുന്നതാണ്.

## ഫണ്ട് കൈകാര്യം ചെയ്യുന്ന ക്ലാർക്കുമാർക്ക് നൽകി വരുന്ന ഓണറേറിയം

212 (2165) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എച്ച്.എം.സി./എച്ച്.ഡി.സി. ഫണ്ട്, എൻ.എച്ച്.എം. ഫണ്ട് എന്നിവ കൈകാര്യം ചെയ്യുന്ന ക്ലാർക്കുമാർക്ക് നൽകി വരുന്ന ഓണറേറിയം എത്രയാണെന്ന് ഇനം തിരിച്ച് അറിയിക്കാമോ?

ആരോഗ്യ വകുപ്പിൽ എച്ച്.എം.സി./എച്ച്.ഡി.സി. ഫണ്ട്, എൻ.എച്ച്.എം. ഫണ്ട് എന്നിവ കൈകാര്യം ചെയ്യുന്ന ക്ലാർക്കുമാർക്ക് പ്രതിമാസം 200/- രൂപ ഓണറേറിയം നൽകിവരുന്നു.

(ബി) പ്രസ്തുത തുക എപ്പോഴാണ് അവസാനമായി വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

തുക വർദ്ധിപ്പിച്ചിട്ടില്ല.

(സി) ആയത് കലോചിതമായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഓണറേറിയം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

**മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ തീർപ്പാക്കൽ**

213 (2166) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകളിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള സ്വകാര്യ ആശുപത്രി ബില്ലുകളും രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള സർക്കാർ ആശുപത്രികളിലെ ബില്ലുകളും ആരോഗ്യ വകുപ്പ് ഡയറക്ടേറ്റിൽ പരിശോധിച്ച് നടപടി സ്വീകരിക്കുകയാണ് ചെയ്തുവന്നിരുന്നത്. എന്നാൽ 18-12-2014-ലെ സർക്കുലർ നമ്പർ 107/2014/ധന പ്രകാരം മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകളിലെ അനുവദനീയ തുക കണക്കാക്കി നൽകാൻ

നിർദ്ദേശിച്ചിട്ടുള്ളതിനാൽ നിലവിൽ അനുവദനീയ തുക രേഖപ്പെടുത്തിയാണ് ബില്ലുകൾ അതത് വകുപ്പുകൾക്ക് നൽകിവരുന്നത്. ഇത്തരത്തിൽ അധിക ജോലികൂടി വന്നതുകാരണം അപേക്ഷ പരിശോധനയിൽ ഉദ്ദേശിച്ച അത്രയും വേഗത കൈവരിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. എന്നാലും ഡയറക്ടറേറ്റിൽ ലഭ്യമാകുന്ന അപേക്ഷകൾ സീനിയോറിറ്റി പ്രകാരംതന്നെ പരമാവധി വേഗത്തിൽ പരിശോധന പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) എന്നുവരെയുള്ള അപേക്ഷകളിലാണ് നിലവിൽ തീരുമാനമെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

2022 ഫെബ്രുവരി മാസം വരെയുള്ള ഫയലുകളിലാണ് തീരുമാനമെടുത്തിട്ടുള്ളത്.

(സി) എത്ര അപേക്ഷകളാണ് നിലവിൽ തീരുമാനമാകാതെയുള്ളത്; വ്യക്തമാക്കുമോ?

2023 ഫെബ്രുവരി 2 വരെ ലഭിച്ച അപേക്ഷകളിൽ 2199 എണ്ണം തീരുമാനമാകാതെയുണ്ട്.

(ഡി) അദാലത്ത് പോലുള്ള നടപടികൾ സ്വീകരിച്ച് പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് വരുന്ന കാലതാമസം പരിഹരിക്കാൻ ബില്ലുകൾ തീർപ്പുകല്പിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ അദാലത്തുകൾ നടത്തിവരുന്നു. ആയതിലേയ്ക്ക് എം.ആർ. സെക്ഷനിലെ മുഴുവൻ ജീവനക്കാരെയും കൂടാതെ സെക്ഷനുകളിലെ ജീവനക്കാരെയും അവധി ദിവസങ്ങളിലും നിയമിച്ച് ഫയലുകളിൽ തീർപ്പുകല്പിച്ചുവരുന്നുണ്ട്.

**പബ്ലിക് ഹെൽത്ത് നഴ്സായി പ്രൊമോഷൻ**

214 (2167) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് വൺ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് പബ്ലിക് ഹെൽത്ത് നഴ്സായി പ്രൊമോഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

2021 ജനുവരി 1 മുതൽ നാളിതുവരെ 346 പേർക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I തസ്തികയിൽനിന്നും പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നും ഇനിയും എത്ര പേർക്കുകൂടി പ്രൊമോഷൻ നൽകുമെന്നും അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ പബ്ലിക് ഹെൽത്ത് നഴ്സ് ഒഴിവിന് ആനുപാതികമായി പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(ബി &സി) പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ 2021 ജനുവരി 1 മുതൽ നാളിതുവരെ ഉണ്ടായിട്ടുള്ള 643 ഒഴിവുകളിൽ 346 ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തിയിട്ടുണ്ട്. നിലവിൽ 297 ഒഴിവുകൾ നിലവിലുണ്ട്. ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസർ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്നവർക്കാണ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത്. സീനിയോറിറ്റി അടിസ്ഥാനമാക്കി,

ട്രെയിനിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് ഒഴിവുകൾ സ്ഥാനക്കയറ്റം നൽകി നികത്തുന്നതാണ്. തസ്തിക നിലവിലുണ്ട്.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക**

215 (2168) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിനുകീഴിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ടെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും വ്യക്തമാക്കാമോ?

(എ&ബി) മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന് കീഴിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലില്ല.

(സി) തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലുണ്ടോ; എങ്കിൽ അവയുടെ എണ്ണം വ്യക്തമാക്കാമോ?

തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ 2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലുണ്ട്.

(ഡി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ?

അവിട്ടം തിരുനാൾ ആശുപത്രിയിലെ രണ്ട് ഒഴിവുകൾ ഉൾപ്പെടെ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്ത തീയതി ചുവടെ ചേർക്കുന്നു. 15-12-2020, 25-01-2021, 28-06-2021, 22-09-2021 എന്നിവയാണ്.

(ഇ) ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. പി.എസ്.സി നിയമനം നടക്കുന്നതുവരെ DHS-ൽ നിന്നുമുള്ള ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർക്ക് ഡെപ്യൂട്ടേഷൻ

വ്യവസ്ഥയിൽ ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ നിയമനം നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ വിവിധ ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

216 (2169) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യം, കുടുംബക്ഷേമം, മെഡിക്കൽ വിദ്യാഭ്യാസം, ആയുഷ്, വനിതാ ശിശുക്ഷേമം, ഭക്ഷ്യസുരക്ഷ എന്നീ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും വിവരം ലഭ്യമാക്കാമോ; പ്രസ്തുത ഓഫീസുകളും സ്ഥാപനങ്ങളും ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ആരോഗ്യ കുടുംബക്ഷേമം, മെഡിക്കൽ വിദ്യാഭ്യാസം, ആയുഷ്, വനിത-ശിശുക്ഷേമം, ഭക്ഷ്യസുരക്ഷ എന്നീ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ആയുഷ് വകുപ്പ്, വനിതാ ശിശുക്ഷേമ വകുപ്പ്

ടി സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിലെ ഉക്കിനടുക്കയിലാണ് കാസർഗോഡ് ഗവ. മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നത്.

ഭക്ഷ്യസുരക്ഷ വകുപ്പ്

ഭക്ഷ്യ സുരക്ഷ വകുപ്പിൽ കാസർഗോഡ് ജില്ലയിൽ 5 നിയോജക മണ്ഡലങ്ങളിലായി 5 ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകളും ഒരു ഭക്ഷ്യ സുരക്ഷ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയവും (ജില്ലാ ഓഫീസ്) ആണ് നിലവിലുള്ളത്. ഇതിൽ ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം, മഞ്ചേശ്വരം സർക്കിൾ ഓഫീസ്, കാസർഗോഡ് സർക്കിൾ ഓഫീസ് എന്നിവ കാസർഗോഡ് സിവിൽ സ്റ്റേഷനിലും ഉദുമ സർക്കിൾ ഉദുമയിലുള്ള റൊമാനാ ബിൽഡിംഗിലും കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സർക്കിളുകൾ നീലേശ്വരം വില്ലേജ് ഓഫീസ് കോമ്പൗണ്ടിലും പ്രവർത്തിച്ചുവരുന്നു.

<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ</u>

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കീഴിലുള്ള കാസർഗോഡ് ജില്ല മരുന്ന് സംഭരണശാല ഹോസ്ദുർഗ്ഗ് (കാഞ്ഞങ്ങാട്) സ്ഥിതി ചെയ്യുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളും ഓഫീസുകളും എത്ര കാലമായി പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്ഥാപനങ്ങളിലും ഓഫീസുകളിലും അനുവദിച്ച തസ്തികകങ്ങൾ ഏതൊക്കെയാണെന്നും സ്ഥാപനവും ഓഫീസും തിരിച്ച് വ്യക്തമാക്കാമോ?

<u>ആരോഗ്യ കുടുംബക്ഷമേ വകുപ്പ്, ആയുഷ് വകുപ്പ്, വനിത-ശിശുക്ഷേമ വകുപ്പ്</u>

ടി സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഭക്ഷ്യസുരക്ഷ വകുപ്പ്

ഭക്ഷ്യ സുരക്ഷാ വകുപ്പിൽ കാസർഗോഡ് ജില്ലയിൽ 5 നിയോജക മണ്ഡലങ്ങളിലായി 5 ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകളും ഒരു ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയവും (ജില്ലാ ഓഫീസ്) ആണ് നിലവിലുള്ളത്. 2013 മുതൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ജില്ലാ ഓഫീസിൽ ഒരു ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ, ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ, ഒരു ക്ലർക്ക്, ഒരു ക്ലർക്ക് ടൈപ്പിസ്റ്റ്, ഒരു ഓഫീസ് അസിസ്റ്റന്റ്, ഒരു ഡ്രൈവർ എന്നീ തസ്തികകൾ നിലവിലുണ്ട്. ഉദുമ, തൃക്കരിപ്പൂർ സർക്കിളുകളിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസറും ഒരു ക്ലർക്കും കാഞ്ഞങ്ങാട്, കാസർഗോഡ്, മഞ്ചേശ്വരം സർക്കിളുകളിൽ ഓരോ ഭക്ഷ്യ സുരക്ഷാ ഓഫീസറുടെയും ഓരോ ക്ലർക്കിന്റെയും ഓരോ ഓഫീസ് അറ്റൻഡന്റിന്റെയും തസ്തികകൾ നിലവിലുണ്ട്.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

ജില്ലാ മരുന്നു സംഭരണശാല 2008 മുതൽ (14 വർഷം) പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ഥാപനത്തിൽ വെയർഹൗസ് മാനേജർ, അസിസ്റ്റന്റ്

വെയർഹൗസ് മാനേജർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പായ്ക്കർ എന്നീ തസ്തികകൾ നിലവിലുണ്ട്.

(സി) ഈ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികൾ ഏതൊക്കെയാണെന്നും എത്ര കാലമായി പ്രസ്തുത ഒഴിവുകൾ നിലനിൽക്കുന്നുവെന്നും സ്ഥാപനവും ഓഫീസും തിരിച്ച് വ്യക്തമാക്കാമോ?

ആരോഗ്യ കുടുംബക്ഷേമം, വനിത-ശിശുക്ഷേമം, ആയുഷ് (ഹോമിയോ) വകുപ്പുകളിലെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ആയുഷ് വകുപ്പ്- ഭാരതീയ ചികിത്സ വകുപ്പ്

ടി സ്ഥാപനങ്ങളിലും ഓഫീസുകളിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

I. മെഡിക്കൽ ഓഫീസർ – 9 ഒഴിവുകൾ (2022 ഡിസംബർ മുതൽ)

1. ജി.എ.എച്ച്., കാസർഗോഡ്

2. ഡി.എ.എച്ച്., പടന്നക്കാട്

3. ജി.എ.ഡി., മുള്ളേരിയ

4. ജി.എ.ഡി., ആദൂർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

5. ജി.എ.ഡി., ബദിയടുക്ക

6. ജി.എ.ഡി., കുമ്പഡാജെ

7. ജി.എ.ഡി., കമ്പല്ലൂർ,

8. ജി.എ.ഡി., ദേലംപാടി

9. ജി.എ.ഡി., ബെള്ളൂർ

II. <u>കുക്ക്</u>- 4 ഒഴിവുകൾ (09-04-2022 മുതൽ)

1. ജി.എ.എച്ച്., ചീമേനി

2. ജി.എ.എച്ച്., കൊയോങ്കര

3. ഡി.എ.എച്ച്., പടന്നക്കാട്

4. ജി.എ.എച്ച്., കാസർഗോഡ്

III. <u>ഫാർമസിസ്റ്റ്</u>- 4 ഒഴിവുകൾ

1. ജി.എ.ഡി., ആദൂർ (01-11-2019 മുതൽ)

2. ജി.എ.ഡി., പെർള (07-12-2020 മുതൽ)

3. ജി.എ.ഡി., ബദിയടുക്ക (21-08-2022 മുതൽ)

4. ജി.എ.ഡി., ബേള (30-10-2022 മുതൽ)

IV. <u>പാർട്ട് ടൈം സ്വീപ്പർ </u>- 6 ഒഴിവുകൾ

ജി.എ.ഡി., മുദിയക്കാൽ (12/2022)

ജി.എ.ഡി., കൊട്ടോടി (12/2022)

ജി.എ.ഡി., ബേഡടുക്ക (01-11-2022)

ജി.എ.ഡി., കമ്പല്ലൂർ (01-11-2022)

ജി.എ.ഡി., മൊഗ്രാൽ പുത്തൂർ (14-12-2022)

ജി.എ.ഡി., ഭീമനടി (15-12-2022)

<u>ഭക്ഷ്യസുരക്ഷ വകുപ്പ്</u>

ഭക്ഷ്യ സുരക്ഷ വകുപ്പിൽ കാസർഗോഡ് ജില്ലയിൽ ഉദുമ, തൃക്കരിപ്പൂർ എന്നീ സർക്കിൾ ഓഫീസുകളിലായി രണ്ട് ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ടി തസ്തികകൾ രണ്ട് വർഷമായി ഒഴിഞ്ഞുകിടക്കുന്നു.

<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ</u>

പ്രസ്തുത സ്ഥാപനത്തിൽ തസ്തികകൾ ഒന്നുംതന്നെ ഒഴിഞ്ഞു കിടക്കുന്നില്ല.

**ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ്**

217 (2170) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റുമാരുടെ ഗ്രേഡ്-I, ഗ്രേഡ്-II തസ്തികകൾക്ക് അനുവദിക്കപ്പെട്ട അനുപാതം എത്രയാണെന്ന് അറിയിക്കാമോ?

ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ്-I, ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികകൾക്ക് 1:2 അനുപാതത്തിലാണ് തസ്തികകൾ അനുവദിച്ചിരിക്കുന്നത്.

(ബി) പ്രസ്തുത അനുപാതത്തിലാണോ നിലവിൽ തസ്തികകളുള്ളതെന്ന് അറിയിക്കാമോ?

പ്രസ്തുത അനുപാതത്തിലാണ് നിലവിൽ തസ്തികകളുള്ളത്.

(സി) ഫാർമസിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

31-07-2013 വരെ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ഫാർമസിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്.

(ഡി) സീനിയോറിറ്റി ലിസ്റ്റ് കൃത്യമായ കാലയളവുകളിൽ പുതുക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഫാർമസിസ്റ്റ് നിയമനം ജില്ലാതല നിയമനമായതിനാൽ ഫാർമസിസ്റ്റുമാരുടെ സർവ്വീസ് വിവരങ്ങൾ പരിശോധിച്ച് ക്രോഡീകരിക്കേണ്ടതുണ്ട്. 01-08-2013 മുതൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ഫാർമസിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) സീനിയോറിറ്റി ലിസ്റ്റും റേഷ്യോ പ്രമോഷനും അവസാനമായി നടപ്പിലാക്കി ഉത്തരവായത് എന്നാണെന്ന് അറിയിക്കുമോ?

ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 16-06-2014-ലെ ഉത്തരവ് പ്രകാരം അവസാനമായി അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 03-03-2018-ലെ ഉത്തരവ് പ്രകാരം അവസാനമായി റേഷ്യോ പ്രൊമോഷനും നൽകി ഉത്തരവായിട്ടുണ്ട്.

## ആദിവാസികൾക്കും അരിവാൾ രോഗികൾക്കുമായി വയനാട്ടിൽ നടപ്പാക്കിയ പദ്ധതികൾ

218 (2171) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ആദിവാസികൾക്കായി ആരോഗ്യ വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

പോഷകാഹാരക്കുറവ് (Protein energy Malnutrition, Severe Acute Malnutrition), വിളർച്ച (Anemia), അരിവാൾ രോഗം (Sickle Cell Disease) എന്നിവ നേരത്തെ തന്നെ കണ്ടെത്തി ചികിത്സയും മറ്റ് സഹായങ്ങളും നൽകാനുള്ള പദ്ധതികൾ നടന്നുവരുന്നു. ഗർഭകാല ശുശ്രൂഷ എല്ലാ ഗർഭിണികൾക്കുമെത്തിക്കുക, പ്രസവ സേവനങ്ങൾ, പ്രസവാനന്തര സേവനങ്ങൾ എല്ലാ അമ്മമാർക്കും ലഭ്യമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു.

നിലവാരമുള്ള പ്രസവശുശ്രൂഷ ഉറപ്പാക്കുന്നതിനുവേണ്ടി ദേശീയ മാനദണ്ഡങ്ങളായ NAS, LaQSHYA എന്നിവ ചില ആരോഗ്യ സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരുന്നു. ആശുപത്രി വിട്ടതിനുശേഷമുള്ള

ശിശുപരിപാലനം, മുലയൂട്ടൽ, പ്രതിരോധ കുത്തിവയ്പുകൾ, അമ്മയ്ക്കും കുഞ്ഞിനുമുള്ള പോഷകാഹാരം ലഭ്യമാക്കൽ എന്നിവ ജെ.പി.എച്ച്.എൻ. ആശാ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ മുഖേന ഉറപ്പുവരുത്തുന്നു.

RBSK നഴ്സുമാർ മുഖേന കുഞ്ഞുങ്ങളിലും സ്കൂൾ കുട്ടികളിലും കൗമാര പ്രായക്കാർക്കുമിടയിലുള്ള പോഷകാഹാരക്കുറവ്, വിളർച്ച എന്നിവ കണ്ടെത്തി വേണ്ട പ്രതിവിധികളും നൽകിവരുന്നു. എൻ.എച്ച്.എം. മുഖേന നിയമിതരായ എം.എൽ.എസ്.പി. നഴ്സുമാർ മുഖേന വിവിധ സേവനങ്ങൾ നൽകിവരുന്നു. ആശുപത്രികളിൽ എത്താത്തവർക്കുവേണ്ടി ഇ-സഞ്ജീവനി മുഖേന ഒ.പി. സേവനങ്ങൾ നൽകാൻ ആരംഭിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ പോഷകാഹാരക്കുറവുള്ള കുട്ടികൾക്കുവേണ്ടി പ്രത്യേക പരിചരണത്തിനായി Nutrition Rehabilitation Centre (NRC)കൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പ്, ആരോഗ്യ കേരളം, KMSCL എന്നിവ മുഖേന മൊബൈൽ ഹെൽത്ത് യൂണിറ്റുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. സ്ഥിരം ആരോഗ്യപ്രവർത്തകർക്ക് പുറമെ പട്ടികവർഗ്ഗ കോളനികളിൽ പ്രത്യേക സേവനങ്ങൾ എത്തിക്കുന്നതിനും സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ സമയബന്ധിതമായി

ലഭ്യമാക്കുന്നതിനും ആരോഗ്യകേരളം മുഖേന പ്രത്യേകം തെരഞ്ഞെടുത്ത ഊരുമിത്രം ആശാ പ്രവർത്തകരുടെ (Hamlet ASHA) സേവനവും ലഭ്യമാണ്. നിലവിലുള്ള ആരോഗ്യപ്രവർത്തനങ്ങൾ ജില്ലാ ഭരണകൂടവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വനിത-ശിശുക്ഷേമ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നീ വകുപ്പുകളുമായി ചേർന്നാണ് ലഭ്യമാക്കിവരുന്നത്.

അരിവാൾകോശ രോഗം കേരളത്തിൽ, പ്രധാനമായും വയനാട് ജില്ലയിൽ ഇതുവരെ 1942 രോഗികളെ കണ്ടെത്തിയിട്ടുണ്ട്. രോഗികൾക്കായി അവരുടെ ഏറ്റവുമടുത്ത ആരോഗ്യകേന്ദ്രങ്ങളിൽ ആരോഗ്യപരിശോധന നടത്തുകയും മരുന്നുകളും പോഷകാഹാര കിറ്റും നൽകിവരുന്നു. സിക്കിൾ സെൽ ക്രൈസിസ് ആകുന്ന രോഗികൾക്കായി പ്രത്യേക വാർഡുകളും High Dependency Unit (HD) മാനന്തവാടി ജില്ലാ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇവിടെ സിക്കിൾസെൽ അനീമിയ പേഷ്യന്റ്സിനുവേണ്ടി പ്രത്യേകം സ്റ്റാഫ് നഴ്സ്, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരെ നിയമിച്ചിട്ടുണ്ട്. കോളനികളിലും സ്കൂളുകളിലും സിക്കിൾ സെൽ അനീമിയയുള്ള ആളുകളെ നേരത്തെ കണ്ടുപിടിക്കാനുള്ള സ്ക്രീനിംഗ് നടന്നുവരുന്നു.

<u>ഊരും ഉയിരും പദ്ധതി</u>:- കോളനികൾ കേന്ദ്രീകരിച്ച് ശനി, ഞായർ ദിവസങ്ങളിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആയതിൽ സ്ത്രീകൾ, പുരുഷൻമാർ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ എന്നിവരുടെ പരിശോധനയും രക്തസാമ്പിളുകൾ ശേഖരിക്കുകയും ചെയ്തുവരുന്നു. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനങ്ങൾ ഈ ക്യാമ്പുകളിൽ ഉപയോഗപ്പെടുത്തുന്നു. സാംക്രമിക രോഗങ്ങളുടെയും ജീവിതശൈലീ രോഗങ്ങളുടെ പരിശോധനയും വായിലെ അൾസർ എന്നിവയും മറ്റ് ആരോഗ്യ പ്രശ്നങ്ങളും കണ്ടെത്തുന്നു. കൂടാതെ തൈറോയ്ഡ് ടെസ്റ്റുകൾ, വൈറ്റമിൻ ഡി ലെവൽ RBS, കഫം CBNAAT എന്നിവയുടെ സാമ്പിളുകളും ശേഖരിക്കുന്നു.

Presumptive TB Detection Campaign - ജില്ലയിലെ ആദിവാസി കോളനികൾ സന്ദർശിച്ച് ആദിവാസി വിഭാഗങ്ങളിൽ ടി.ബി. രോഗനിർണ്ണയം നടത്തുന്നതിനായി Portable X-ray Screening Test നടത്തിവരുന്നു. ട്രൈബൽ ഏരിയയിലെ സ്ഥാപനങ്ങളിൽ ആന്റി റാബീസ് ക്ലിനിക് സ്ഥാപിക്കുന്നതിന് 2022-2023 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ 34 സ്ഥാപനങ്ങൾക്ക് ഒരു ലക്ഷം രൂപവീതം അനുവദിച്ചിട്ടുമുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള

ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗ സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതി ആരോഗ്യവകുപ്പിൽ നടപ്പാക്കിവരുന്നു. പദ്ധതിയിലൂടെ ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സ തേടുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നു.

(ബി) വയനാട്ടിലെ അരിവാൾ രോഗികൾക്കായുള്ള പെൻഷൻ ഇനത്തിൽ ഇതുവരെ എത്ര രൂപ നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ?

അരിവാൾ രോഗബാധിതർക്ക് ധനസഹായം അനുവദിക്കുന്ന 'സമാശ്വാസം - 4' പദ്ധതിയിൽ വയനാട് ജില്ലയിൽ നടപ്പുസാമ്പത്തിക വർഷം ആരംഭത്തിൽ 195 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. നിലവിൽ 191 ഗുണഭോക്താക്കളാണുള്ളത്. ലൈഫ് സർട്ടിഫിക്കറ്റും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കിയ ഗുണഭോക്താക്കൾക്ക് പ്രതിമാസം 2,000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. നടപ്പ് സാമ്പത്തിക വർഷം ആകെ 27,06,000/- രൂപ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

## രോഗപ്രതിരോധ പ്രവർത്തനങ്ങൾ

219 (2172) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രോഗങ്ങൾ വരാതിരിക്കാനും പടരാതിരിക്കാനുംവേണ്ടി എന്തൊക്കെ പ്രതിരോധ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ?

രോഗങ്ങൾ വരാതിരിക്കാനും പടരാതിരിക്കാനുംവേണ്ടി സംസ്ഥാനത്ത് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ജലജന്യ രോഗങ്ങളായ കോളറ, ടൈഫോയിഡ്, മഞ്ഞപ്പിത്തം, ഷിഗെല്ല തുടങ്ങിയ രോഗങ്ങൾ പടരാതിരിക്കാനായി കുടിവെള്ള സ്രോതസ്സുകളുടെ റാൻഡം പരിശോധന, കിണർവെള്ള ക്ലോറിനേഷൻ, എന്നിവയ്ക്ക് പുറമെ രോഗപ്രതിരോധ മാർഗ്ഗങ്ങൾ, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനുള്ള ആരോഗ്യ ശീലങ്ങൾ, വ്യക്തി ശുചിത്വം പാലിക്കാനുള്ള സന്ദേശങ്ങൾ എന്നിവ അവബോധ പരിപാടികളിലൂടെയും IEC പ്രവർത്തനങ്ങളിലൂടെയും പൊതുജനങ്ങളിൽ എത്തിക്കുന്നു. ഇത്തരം ജലജന്യ രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും സർവൈലൻസ് സംവിധാനം ശക്തമാക്കുന്നതിനും ആവശ്യമായ പരിശോധനാ സംവിധാനങ്ങൾ ജില്ലകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

കൊതുകജന്യ രോഗങ്ങളായ മലേറിയ, ഡെങ്കിപ്പനി, മന്ത്, ചിക്കൻഗുനിയ, സിക്ക തുടങ്ങിയവ പ്രതിരോധിക്കാനായി

സമയാസമയങ്ങളിൽ വെക്ടർ പഠനങ്ങൾ, ഉറവിട നശീകരണം, ശാസ്ത്രീയമായ രീതിയിലുള്ള കൊതുക് നിർമ്മാർജ്ജന മാർഗ്ഗങ്ങൾ എന്നിവയ്ക്ക് ആരോഗ്യ വകുപ്പ് നേതൃത്വം നൽകുന്നുണ്ട്. മലേറിയയുടെ സാന്നിധ്യം സമൂഹത്തിൽ നേരത്തെ കണ്ടെത്തുന്നതിനായി പൊതുജനങ്ങളിൽ, നിശ്ചിത ശതമാനം ആളുകളിൽ ആക്ടീവ്/പാസീവ് രക്ത പരിശോധന സ്ക്രീനിംഗ് നടത്തിവരുന്നുണ്ട്. അതിഥി തൊഴിലാളികളിൽ MIST പദ്ധതി വഴി മന്ത് രോഗ സ്ക്രീനിംഗ് നടത്താനും ഇതുവഴി യഥാസമയം ചികിത്സ ഉറപ്പിക്കാനും രോഗപ്പകർച്ച തടയുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. മലേറിയ, ഡെങ്കി, മന്ത് എന്നിവയുടെ രോഗനിർണയത്തിന് ആവശ്യമായ പരിശോധനാ കിറ്റുകളുടെ ലഭ്യത സംസ്ഥാനത്ത് ഉറപ്പുവരുത്തിയിട്ടുണ്ട്. മറ്റ് പ്രാണിജന്യ രോഗങ്ങളായ സ്ക്രബ്ബ് ടൈഫസ്, കരിമ്പനി (ലീഷ്മാനിയസിസ്) എന്നിവ കണ്ടെത്താനുള്ള സർവൈലൻസ് സംവിധാനം ശക്തിപ്പെടുത്തുകയും ഇവയുടെ പ്രതിരോധത്തിനായി ചെള്ളുകളുടെയും മണലീച്ചയുടെയും നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കുട്ടികളിൽ പോളിയോ, ഡിഫ്ത്തീരിയ, TB, വില്ലൻ ചുമ, ടെറ്റനസ്, ഹെപ്പറ്റൈറ്റിസ് B, ന്യൂമോണിയ, വയറിളക്കം, അഞ്ചാം പനി, റുബെല്ല

തുടങ്ങിയവ തടയുന്നതിനായുള്ള വാക്സിനേഷൻ പ്രവർത്തനങ്ങൾ മുടങ്ങാതെ നടത്തിവരുന്നുണ്ട്. ഇതിനുപുറമെ പേവിഷബാധ തടയാനുള്ള വാക്സിൻ, മൃഗങ്ങളിൽനിന്ന് പരിക്കേറ്റവർക്കും ഉറപ്പുവരുത്തുന്നുണ്ട്. ജപ്പാൻ ജ്വരം പകരാൻ സാധ്യതയുള്ള ജില്ലകളിൽ ഇതിനെതിരെയുള്ള വാക്സിനും ലഭ്യമാക്കിയിട്ടുണ്ട്.

ക്ഷയരോഗം നേരത്തെ കണ്ടെത്താനും ചികിത്സ നൽകാനും സമ്പർക്കം വന്നവരിൽ പരിശോധന നടത്താനും കുട്ടികൾക്ക് പ്രതിരോധ മരുന്നുകൾ നൽകാനും വേണ്ട നടപടികൾ TB നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നുണ്ട്. മറ്റ് വായുജന്യ രോഗങ്ങളായ എച്ച്1 എൻ 1, ഇൻഫ്ലുവൻസ തുടങ്ങിയവ കണ്ടെത്തുന്നതിനായി ILI (influenza like illness), SARI സർവൈലൻസ് ശക്തിപ്പെടുത്തുകയും ഇവയുടെ വൈറൽ പരിശോധനാ സംവിധാനം സംസ്ഥാനത്ത് നോഡൽ ലാബുകളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 രോഗം തടയുന്നതിനായി കോവിഡ് വാക്സിനേഷൻ പൊതുജനത്തിന് ലഭ്യമാക്കിയിരുന്നു. പുതിയ ജനിതക വകഭേദങ്ങൾ നേരത്തെ കണ്ടെത്തുന്നതിനായി ജനിതക സർവൈലൻസും സംസ്ഥാനത്ത് നടന്നുവരുന്നുണ്ട്.

എലിപ്പനി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഹൈ റിസ്ക് വിഭാഗത്തിൽപ്പെടുന്നവർക്ക് 'ഡോക്സിസൈക്ലിൻ' പ്രതിരോധ മരുന്നുകൾ നൽകുകയും പൊതുജനങ്ങളിൽ എലിപ്പനിയുടെ ലക്ഷണങ്ങളെക്കുറിച്ചും പ്രതിരോധ രീതികളെക്കുറിച്ചുമുള്ള അവബോധമുണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊരു ജന്തുജന്യ രോഗമായ കുരങ്ങുപനി റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (വയനാട് ജില്ലയിൽ) ഇതിന്റെ സർവൈലൻസ് ശക്തമാക്കുകയും വാക്സിനേഷൻ നൽകുകയും ചെയ്യുന്നുണ്ട്.

HIV സ്ക്രീനിംഗ് പ്രവർത്തനങ്ങൾ, ഹൈ റിസ്ക് വിഭാഗങ്ങളിൽ ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. സുരക്ഷിത രക്തദാനം, സുരക്ഷിത ലൈംഗികബന്ധം എന്നീ സന്ദേശങ്ങൾ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങളിൽ എത്തിക്കുന്നുണ്ട്.

ഇതിന് പുറമെ ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനായി വിവിധ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടത്തിവരുന്നുണ്ട്. പ്രമേഹം, രക്താതിസമ്മർദ്ദം, ക്യാൻസർ, ഹൃദ്രോഗങ്ങൾ, സ്ട്രോക്ക് തുടങ്ങിയവ കണ്ടെത്തുന്നതിനും അവ വരാൻ സാധ്യതയുള്ളവരെ മുൻകൂട്ടി കണ്ടെത്തുന്നതിനുമായിട്ടുള്ള സ്ക്രീനിംഗ് പ്രവർത്തനങ്ങൾ 'ശൈലി' പദ്ധതി

വഴി സമൂഹത്തിൽ നടത്തിവരുന്നുമുണ്ട്. ജീവിതശൈലി രോഗങ്ങളുടെ സ്ക്രീനിങ് ക്യാമ്പുകൾക്ക് പുറമെ, ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ വഴി ഹൈറിസ്ക് വ്യക്തികളുടെ ക്യാൻസർ സ്ക്രീനിംഗ് പ്രവർത്തനങ്ങളും സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ശരിയായ ഭക്ഷണശീലങ്ങൾ പാലിക്കുന്നതിന്റെയും കൃത്യമായ വ്യായാമത്തിന്റെയും ആരോഗ്യപരമായ ജീവിത ശൈലി തുടരുന്നതിന്റെയും ആവശ്യകത ആരോഗ്യ സന്ദേശങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകിവരുന്നുണ്ട്.

**കിടപ്പുരോഗികൾക്കും മുതിർന്ന പൗരന്മാർക്കുമുള്ള സേവനങ്ങൾ**

220 (2173) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കിടപ്പുരോഗികൾക്കും അവശരായ മുതിർന്ന പൗരന്മാർക്കും അവരുടെ വീടുകളിൽ അടിയന്തര മരുന്നുകളുടെ വിതരണം, മെഡിക്കൽ സംഘങ്ങളുടെ ഭവന സന്ദർശനം, സാന്ത്വന പരിചരണം തുടങ്ങിയ സേവനങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയെപ്പറ്റി വിശദമാക്കാമോ?

സംസ്ഥാനത്തെ കിടപ്പുരോഗികൾക്കും അവശത അനുഭവിക്കുന്ന മുതിർന്ന പൗരൻമാർക്കും ഭവന സന്ദർശനത്തിലൂടെ വൈദ്യസഹായം നൽകുന്ന പ്രാഥമികതല സാന്ത്വന പരിചരണ പദ്ധതി എല്ലാ പഞ്ചായത്തുകളിലും പ്രവർത്തനസജ്ജമാണ്. ഈ പദ്ധതിയിലൂടെ കിടപ്പിലായ എല്ലാ രോഗികൾക്കും ഒരു പാലിയേറ്റിവ് കെയർ നഴ്സിന്റെ നേതൃത്വത്തിലുള്ള സാന്ത്വന പരിചരണം മുടക്കം കൂടാതെ നൽകിവരുന്നുണ്ട്. കിടപ്പിലായ രോഗികൾക്ക് ആവശ്യമായ കത്തീറ്റർ മാറ്റം, റെയിൽസ് ട്യൂബ് മാറ്റം, വ്യണങ്ങളുടെ സംരക്ഷണം തുടങ്ങിയ പ്രഥമിക സേവനങ്ങൾ നൽകുന്നതിനോടൊപ്പം തന്നെ മരുന്നുകളും നൽകിവരുന്നുണ്ട്. ഇത് കുടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പാലിയേറ്റീവ് കെയർ നയം 2019-ൽ പുറത്തിറക്കുകയുണ്ടായി. 'അരികെ' എന്ന പേരിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ ആരോഗ്യ പ്രവർത്തകരോടൊപ്പം വിവിധ വകുപ്പുകളും സന്നദ്ധ സേവകരും അണിചേരുന്നുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 16-11-2022-ലെ സ.ഉ.(സാധാ) നം. 2744/2022/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു ഹൈ പവർ കമ്മിറ്റിയും പാലിയേറ്റീവ് കെയർ വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

## ആർ.ടി.പി.സി.ആർ. കിറ്റുകൾ

221 (2174) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോവെൽ ഇൻക് എന്ന സ്ഥാപനത്തിൽനിന്നും 560/- രൂപ നിരക്കിൽ 02-02-2021-ൽ ആർ.ടി.പി.സി.ആർ. കിറ്റുകൾ വാങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ബയോവെൽ ഇൻക് എന്ന സ്ഥാപനത്തിൽ നിന്നും 560/- രൂപ നിരക്കിൽ 01-02-2021-ലെ M-1230/2019-2020 വിതരണ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ആർ.ടി.പി.സി.ആർ. കിറ്റുകൾ വാങ്ങിയിട്ടുണ്ട്.

(ബി) ഇതേ തീയതിയിൽത്തന്നെ ഇൻവൊല്യൂഷൻ ഹെൽത്ത് കെയർ എന്ന സ്ഥാപനത്തിൽ നിന്നും 66/- രൂപ നിരക്കിൽ ആർ.ടി.പി.സി.ആർ. കിറ്റുകൾ വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇൻവൊല്യൂഷൻ ഹെൽത്ത് കെയർ എന്ന സ്ഥാപനത്തിൽ നിന്നും 66.08/- രൂപ നിരക്കിൽ 01-02-2021-ലെ M-1231/2019-2020 നമ്പർ

വിതരണ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ആർ.ടി.പി.സി.ആർ. കിറ്റുകൾ വാങ്ങിയിട്ടുണ്ട്.

(സി) കുറഞ്ഞ നിരക്കിൽ ആർ.ടി.പി.സി.ആർ. കിറ്റ് മാർക്കറ്റിൽ ലഭ്യമായിട്ടും ഉയർന്ന നിരക്കിൽ ബയോവെൽ ഇൻക് എന്ന സ്ഥാപനത്തിൽ നിന്നും ആയത് വാങ്ങിയതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത വാങ്ങലിന് സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കെ.എം.എസ്.എസി.എൽ-ന്റെ ആർ.ടി.പി.സി.ആർ. കിറ്റിന്റെ ക്വട്ടേഷനിലെ L1 bidder ആയിരുന്ന M/s. Cygen Pharma and Surgicals വിതരണം ചെയ്തിരുന്നത് M/s. Seegene എന്ന സ്ഥാപനം നിർമ്മിച്ച കിറ്റുകളായിരുന്നു.

സെൻട്രൽ യൂണിവേഴ്സിറ്റി കാസർഗോഡ് സ്ഥാപിച്ചിരുന്ന ആർ.ടി.പി.സി.ആർ. മെഷീനിൽ M/s. Seegene എന്ന സ്ഥാപനം നിർമ്മിച്ച കിറ്റുകൾ ഉപയോഗിക്കാൻ സാധ്യമല്ലെന്ന് ലാബ് അധികൃതർ അറിയിച്ചതായും M/s. Cygen Pharma and Surgicals, പ്രസ്തുത ലാബ് സന്ദർശിച്ച് ലാബിൽ സ്ഥാപിച്ചിട്ടുള്ള M/s. Roche Diagnostics India Pvt. Ltd.-ന്റെ മെഷീനിൽ അവരുടെ കിറ്റ് ഉപയോഗിക്കുമ്പോൾ നിറവ്യത്യാസം

ഉണ്ടാകുന്നുവെന്ന് അറിയിച്ചതായും അതുപോലെ വിവിധ ലാബുകളിലെ ആർ.ടി.പി.സി.ആർ. റിപ്പോർട്ടിന്റെ ഫലം ഒത്തുനോക്കുന്നതിനുവേണ്ടിയും മറ്റൊരു കമ്പനിയുടെ കിറ്റ് ആവശ്യമാണെന്നും കെ.എം.എസ്.സി.എൽ. സർക്കാരിനെ അറിയിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ, ആർ.റ്റി.പി.സി.ആർ. ഫലം ഒത്തുനോക്കുന്നതിനായി (cross verification), ക്വട്ടേഷനിൽ പങ്കെടുത്തതും L1 bidder അല്ലാത്തതുമായ മറ്റ് വ്യത്യസ്ത നിർമ്മാതാക്കളിൽനിന്നും ആകെ കിറ്റുകളുടെ 5 ശതമാനത്തിൽ കൂടാത്ത എണ്ണം കിറ്റുകൾ വാങ്ങുന്നതിനും കൂടാതെ, L1 bidder വിതരണം ചെയ്യുന്ന RTPCR കിറ്റുകൾ ഉപയോഗിക്കാൻ പറ്റാത്ത മെഷീനുകളുള്ള ലാബുകളിലേയ്ക്ക് പ്രസ്തുത മെഷീനുകൾക്ക് അനുയോജ്യമായ കിറ്റുകൾ ക്വട്ടേഷനിൽ പങ്കെടുത്ത മറ്റേതെങ്കിലും നിർമ്മാതാക്കളിൽനിന്നും വാങ്ങുന്നതിനും 23-11-2020-ലെ G.O(Rt)No. 2193/2020/H&FWD പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

അപ്രകാരം സെൻട്രൽ യൂണിവേഴ്സിറ്റി കാസർഗോഡ് ലാബിലെ ആർ.ടി.പി.സി.ആർ. മെഷീനിൽ ഉപയോഗിക്കാൻ സാധിക്കുന്ന, M/s. Altona Diagnostics നിർമ്മിക്കുന്ന കിറ്റ്, M/s. Biowel Inc എന്ന

സ്ഥാപനത്തിൽ നിന്നും വാങ്ങിയതായി കെ.എം.എസ്.എസി.എൽ. അറിയിച്ചിട്ടുണ്ട്.

## എൻ-95 മാസ്ക് വാങ്ങിയ നടപടി

222 (2175) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആന്റ് എക്യൂപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി.-യിൽ നിന്നും എൻ-95 മാസ്ക് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തീരുമാനമെടുത്തിരുന്നോ; എങ്കിൽ കരാർ പ്രകാരം ഒരു എൻ-95 മാസ്കിന്റെ വില, കരാർ തീയതി എന്നിവ വിശദമാക്കാമോ?

സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആന്റ് എക്യൂപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി.-യിൽ നിന്നും N-95 മാസ്ക് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തീരുമാനമെടുത്തിരുന്നു. 25-03-2020-ലെ പർച്ചേസ് ഓർഡർ പ്രകാരം ഒരു N-95 മാസ്കിന്റെ വില 157/- രൂപയാണ്.

(ബി) പ്രസ്തുത സ്ഥാപനം ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണോ; സ്ഥാപനത്തിന്റെ ബില്ലിൽ ജി.എസ്.ടി. നമ്പർ രേഖപ്പെടുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കെ.എം.എസ്.സി.എൽ.-ൽ നിന്നും ലഭ്യമായ വിവരപ്രകാരം പ്രസ്തുത സ്ഥാപനം ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതല്ല. ആയതിനാൽ ജി.എസ്.ടി. നമ്പർ ലഭ്യമല്ല. സ്ഥാപനത്തിന്റെ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജി.എസ്.ടി. നമ്പരാണ്.

(സി) വിദേശത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിൽനിന്നും സാമഗ്രികൾ വാങ്ങാനുള്ള കരാറിൽ സംസ്ഥാന സർക്കാർ ഏർപ്പെടുമ്പോൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമാണോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടില്ല.

**കായംകുളം താലൂക്കാശുപത്രിയിലെ ലബോറട്ടറികൾ**

223 (2176) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിലെ ലബോറട്ടറികളിൽ എന്തെല്ലാം ടെസ്റ്റുകൾക്കുള്ള സൗകര്യങ്ങളാണുള്ളതെന്നും ഓരോ ടെസ്റ്റിനും ഈടാക്കുന്ന തുക എത്ര വീതമാണെന്നും വിശദമാക്കാമോ?

കായംകുളം താലൂക്കാശുപത്രിയിലെ ലബോറട്ടറികളിൽ നടത്തുന്ന വിവിധ ടെസ്റ്റുകളും അവയുടെ നിരക്കുകളും അനുബന്ധമായി+ ചേർക്കുന്നു.

## ആരോഗ്യ, ശാസ്ത്ര, സാങ്കേതികശാസ്ത്ര രംഗങ്ങളിലെ ഗവേഷണ പ്രവർത്തനങ്ങൾ

224 (2177) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ, ശാസ്ത്ര, സാങ്കേതികശാസ്ത്ര രംഗങ്ങളിലെ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നൽകിവന്നിരുന്ന വിവിധ സ്കോളർഷിപ്പുകളും പുരസ്കാരങ്ങളും അവസാനിപ്പിച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന പശ്ചാത്തലത്തിൽ ആരോഗ്യ മേഖലയിലെ ഗവേഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആരോഗ്യ മേഖലയിലെ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വളരെ വലിയ പ്രാമുഖ്യം സംസ്ഥാന സർക്കാർ നൽകിവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അധ്യാപകരുടെയും അനധ്യാപകരുടെയും വിദ്യാർഥികളുടെയും പഠന, ഗവേഷണത്തിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി നടപ്പുസാമ്പത്തിക വർഷം 2,50,00,000/- (രണ്ടു കോടി അമ്പത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. വിവരാധിഷ്ഠിത പഠന, ഗവേഷണത്തിലൂടെ സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പകർച്ചവ്യാധി വ്യാപനം തടയുക, പ്രതിരോധ പ്രവർത്തങ്ങൾ ശക്തമാക്കുക, പകർച്ചവ്യാധി പ്രവചനവും നിരന്തര നിരീക്ഷണവും, ഡിസീസ് മോഡലിംഗ്, ആരോഗ്യ സാങ്കേതികവിദ്യകളുടെ വിലയിരുത്തൽ, തെളിവുകൾ അടിസ്ഥാനമാക്കിയുള്ള ആരോഗ്യ നയ ശിപാർശകൾ വികസിപ്പിക്കുക, അക്കാദമിക്, മെഡിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ, വികസന എജൻസികൾ എന്നിവയുമായി സഹകരിക്കുകയും പ്രവർത്തനങ്ങൾ സമന്വയിപ്പിക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ ഒരു കേരള മോഡൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ (സി.ഡി.സി.) സജ്ജീകരിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അനുമതി നൽകുകയും ഇതിന്റെ

ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി പബ്ലിക് ഹെൽത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ (പി.എച്ച്.എഫ്.ഐ.) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ രോഗങ്ങൾ കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത രോഗത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്കും ചികിത്സക്കുമുള്ള മാർഗ്ഗരേഖ തയ്യാറാക്കലും ഈ സെന്ററിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. മെഡിക്കൽ ഇന്നൊവേഷൻ ടെക്നോളജിയിൽ കൺസോർഷ്യം രൂപീകരിച്ച് മെഡിക്കൽ മേഖലയിലെ പുതിയ ഗവേഷണങ്ങളും നൂതന ചികിത്സാ ഉപകരണങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പുതിയ ആശയങ്ങളും ഉൾക്കൊണ്ട് അവ യാഥാർഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സെന്റർ ഫോർ ഡിസീസ് കൺട്രോളിന്റെ സഹായത്തോടെ ഇപ്പോൾ നടന്നുവരുന്നു. ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ കണ്ടെത്തുകയും അവ സെന്റർ ഫോർ ഡിസീസ് കൺട്രോളിന്റെ " യംഗ് ഇന്നൊവേറ്റേഴ്സ്" പ്രോഗ്രാമിൽ അവതരിപ്പിക്കുകയും സങ്കീർണ്ണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പോംവഴികൾ കണ്ടെത്തുന്നതിനായി സെന്റർ ഫോർ ഡിസീസ് കൺട്രോൾ പരിശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബോർഡ് ഓഫ്

മെഡിക്കൽ റിസർച്ച് വിപുലീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതല ഓഫീസ് സജ്ജമാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനതല ഓഫീസ് സജ്ജമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പൂർത്തിയായിവരുന്നു. കേരളത്തിൽ മികവുറ്റ രീതിയിൽ പ്രവർത്തിച്ചുവരുന്ന ഗവേഷണ സ്ഥാപനങ്ങളിലെ ഗവേഷകരെക്കൂടി ഉൾപ്പെടുത്തി സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് എക്സ്പെർട്ട് കമ്മിറ്റി വിപുലീകരിച്ച് ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ (ഐ.സി.എം.ആർ.) മാതൃകയിൽ മത്സരാധിഷ്ഠിത ഗവേഷണ പ്രൊപ്പോസലുകൾ ക്ഷണിച്ച് അവയിൽനിന്ന് മികച്ച പ്രൊപ്പോസലുകൾ കണ്ടെത്തി, ഗവേഷണം ചെയ്യുന്നതിനുള്ള അനുമതിയും ഫണ്ടും നൽകുന്നതിനും സമകാലീന പ്രസക്തമായ ആരോഗ്യ വിഷയങ്ങൾ കൂടുതൽ പഠന വിധേയമാക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.

(സി) ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ

മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആരോഗ്യ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും സർക്കാർ ഊർജ്ജിതമായ ഇടപെടൽ നടത്തിവരുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് NAAC/ KUHS/NABH അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചികിത്സാർത്ഥം എത്തുന്ന രോഗികൾക്ക് മികച്ച ചികിത്സയും പഠിതാക്കൾക്ക് മികച്ച പഠന സൗകര്യവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ " Quality Improvement initiative" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ ഈ പദ്ധതി ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽക്കൂടി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ആരോഗ്യ മേഖലയിൽ ഗവേഷണ, അനുബന്ധ പ്രവർത്തനങ്ങൾക്ക് നിർണ്ണായകമായ പങ്ക് വഹിക്കാൻ സാധിക്കുന്ന തരത്തിൽ സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കുന്നതിനായി നടത്തുന്ന

പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനായി കേരള സർക്കാർ കേന്ദ്രസർക്കാരിന്മേൽ ശക്തമായ സമ്മർദം ചെലുത്തിവരുന്നു. ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ത്വരിതഗതിയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും കൂടാതെ സ്വകാര്യ വ്യക്തികളുടെ സ്ഥലവും ഉൾപ്പെടെ കോഴിക്കോട് ജില്ലാ കളക്ടർ കണ്ടെത്തിയ 40.6802 ഹെക്ടർ സ്ഥലം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഏറ്റെടുക്കുന്നതിനായി തീരുമാനിക്കുകയും പ്രസ്തുത സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിനായി റവന്യൂ വകുപ്പിനെയും ഇതിനുവേണ്ട തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനെയും 17-11-2021-ലെ G.O.(Rt.)No. 2523/2021/H&FWD പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി കൊയിലാണ്ടി,

ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാറെ ചുമതലപ്പെടുത്തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ലാൻഡ് അക്വിസിഷൻ, സ്പെഷ്യൽ തഹസിൽദാർ സ്വീകരിച്ചുവരികയും ചെയ്യുന്നു. 26-07-2022-ലെ G.O.(Rt.) No. 772/2022/ID പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിലുള്ള 151.58 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക ചെലവുകൾക്കായി 92,62,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി കണ്ണൂരിലെ ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജിനെ ചുമതലപ്പെടുത്തുകയും പ്രസ്തുത സ്ഥാപനം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ഈ റിപ്പോർട്ട് പരിശോധിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

## പീഡിയാട്രിക് വിഭാഗത്തിൽ മെഡിക്കൽ ബിരുദാനന്തര കോഴ്സ്

225 (2178) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ കേരളത്തിലെ സർക്കാർ-പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ പീഡിയാട്രിക് വിഭാഗത്തിൽ മെഡിക്കൽ ബിരുദാനന്തര കോഴ്സിന് അഡ്മിഷൻ ലഭിച്ചവരുടെ പേരും വിലാസവും ഉൾപ്പെടുന്ന വിവരങ്ങൾ കോളേജുകൾ തിരിച്ച് ലഭ്യമാക്കുമോ?

2016 മുതൽ കേരളത്തിലെ സർക്കാർ-പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ പീഡിയാട്രിക് വിഭാഗത്തിലേയ്ക്ക് സംസ്ഥാന എൻട്രൻസ് കമ്മീഷണർ അലോട്ട് ചെയ്തവരുടെ വിശദാംശങ്ങൾ ഉൾപ്പെട്ട ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## ശമ്പള പരിഷ്കരണംമൂലമുണ്ടായ അപാകതകൾ പരിഹരിക്കുന്നതിന് നടപടി

226 (2179) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ എൻട്രി കേഡറിൽ ജോലിയിൽ കയറുന്ന സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിഭാഗത്തിൽപ്പെടുന്ന അസിസ്റ്റന്റ് പ്രൊഫസർമാർക്കും ലക്ചറർമാർക്കും ശമ്പള പരിഷ്കരണത്തിനുമുൻപ് (31-12-2015) ജോലിയിൽ കയറിയ ഡോക്ടർക്കും ശമ്പള പരിഷ്കരണം പ്രാബല്യത്തിൽവന്ന 01-01-2016-നുശേഷം ജോലിയിൽ കയറിയ ഡോക്ടർക്കും തമ്മിൽ 5,300/- മുതൽ 18,400/- രൂപ വരെ അടിസ്ഥാന ശമ്പളത്തിൽ വ്യത്യാസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അപാകത പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി, നോൺ മെഡിക്കൽ വിഭാഗം ഫാക്കൽറ്റികളുടെ ശമ്പളം 01-01-2016-ൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് നൽകി സർക്കാർ 11-09-2020-ലെ സ.ഉ. (പി) 54/2020/ആ.കു.വ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിനുശേഷം വിവിധ വിഷയങ്ങൾ ചൂണ്ടിക്കാട്ടി വിവിധ അംഗീകൃത സർവ്വീസ് സംഘടനകൾ സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

(ബി) യു.ജി.സി. മാനദണ്ഡങ്ങൾ മെഡിക്കൽ അധ്യാപകർക്ക് ബാധകമല്ലെന്ന് യു.ജി.സി. തന്നെ വ്യക്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ശമ്പള

പരിഷ്കരണ ഉത്തരവിൽ ഇപ്പോൾ അസോസിയേറ്റ് പ്രൊഫസർ ആകുന്നതിനുള്ള സ്ഥാനക്കയറ്റ മാനദണ്ഡം 8 വർഷത്തെ അനുഭവ പരിചയമാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ; ഇതിൽ അപാകതയുണ്ടെങ്കിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ശമ്പള പരിഷ്കരണ ഉത്തരവിൽ അസിസ്റ്റന്റ് പ്രൊഫസറിൽനിന്നും അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് 8 വർഷം സേവന കാലാവധി ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ദേശീയ മെഡിക്കൽ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**മഞ്ചേരി നഴ്സിംഗ് സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി**

227 (2180) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി നഴ്സിംഗ് സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഡി.എച്ച്.എസ്. അനുമതി ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അനുമതി ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പ്രസ്തുത

നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മഞ്ചേരി മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന മഞ്ചേരി നഴ്സിംഗ് സ്കൂളിന് ചെരണി ടി.ബി. സെന്റർ കോമ്പൗണ്ടിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 13-03-2017-ലെ സ.ഉ. (ആർ.റ്റി.) നം. 643/2017/ആ.കു.വ. ഉത്തരവ് പ്രകാരം 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2016-ൽ മഞ്ചേരി നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച പ്ലാൻ പ്രകാരം വിസ്തീർണ്ണം 5063 ച.മീ. (അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് - 2205 ച.മീ., ഹോസ്റ്റൽ ബ്ലോക്ക് 2858 ച.മീ.) ആയിരുന്നു. എന്നാൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ മാർഗ്ഗരേഖയനുസരിച്ച് പുനഃസമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 5063 ചതുരശ്ര മീറ്ററിൽനിന്നും 7264 ച.മീ. ആയി ഉയർന്നു. (ഹോസ്റ്റൽ ബ്ലോക്ക് 3070 ച.മീ. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് 4194 ച.മീ.). പുതുക്കിയ പ്ലാൻ അനുസരിച്ച് 14 കോടി രൂപയുടെ ഭരണാനുമതി തുക ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മാത്രമേ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. ഹോസ്റ്റൽ ബ്ലോക്കുകൂടി നിർമ്മിക്കുന്നതിന് അധിക തുക ആവശ്യമായി വരും. ആയതിനാൽ, ഭരണാനുമതി തുക ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ മാത്രം നിർമ്മാണ

പ്രവർത്തനങ്ങൾ ആരംഭിക്കുന്ന വിഷയത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സർക്കാർ ആയുർവ്വേദ കോളേജിലെ ഡോക്ടർ ബിരുദ ദാനം**

228 (2181) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആയുർവ്വേദ കോളേജിലെ ഡോക്ടർ ബിരുദദാന ചടങ്ങിൽ ക്രമക്കേടുകൾ നടന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത കോളേജിൽ ഡോക്ടർ ബിരുദം സ്വീകരിച്ചവരിൽ പലരും പരീക്ഷപോലും പാസ്സാകാത്തവരാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ-സി) അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## കൂത്തുപറമ്പ് ആയുർവ്വേദ ആശുപത്രി ഐ.പി. ബ്ലോക്ക് നിർമ്മാണം

229 (2182) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് ആയുർവ്വേദ ആശുപത്രിയിൽ ഐ.പി. ബ്ലോക്ക് നിർമ്മാണത്തിനായി നഗരസഭ സ്ഥലം നൽകിയിട്ടുണ്ടെങ്കിലും നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിൽ കൂത്തുപറമ്പ് ഗവ. ആയുർവ്വേദ ഡിസ്പെൻസറിയിൽ ഐ.പി. ബ്ലോക്ക് നിർമ്മാണത്തിന് ഫണ്ട് വകയിരുത്തിയിട്ടില്ല.

(ബി) കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ കൂത്തുപറമ്പ് ആയുർവ്വേദ ആശുപത്രിയിൽ ഐ.പി. ബ്ലോക്ക് യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ;

(സി) ആയുഷ് പോലെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉപയോഗപ്പെടുത്തി ഐ.പി. ബ്ലോക്ക് നിർമ്മാണം ഉടൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

(ബി &സി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രിയിലെ ക്രമക്കേടുകൾ**

230 (2183) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രിയിൽ അനധികൃത നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആശുപത്രി വികസന സമിതിയുടെ മിനിട്ട്സിലെ തീരുമാനമനുസരിച്ച് അത്യാവശ്യ സന്ദർഭങ്ങളിൽ വികസന സമിതി മുഖാന്തരം നിയമനം നടത്താവുന്നതാണെങ്കിലും ആളെ എടുക്കുന്നത് സംബന്ധിച്ച് പത്രപരസ്യം, ഇന്റർവ്യൂ, റാങ്ക് ലിസ്റ്റ് എന്നിവയടക്കം നിയമനത്തിനായി പാലിക്കേണ്ട ഒരുതരത്തിലുള്ള നടപടിയും പാലിക്കാതെയാണ് സ്വന്തക്കാരെയും ഇഷ്ടക്കാരെയും ആശുപത്രിയിൽ അനധികൃതമായി നിയമിച്ചിരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ അന്വേഷണം നടത്തുമോ; ഇത്തരത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) 125 വർഷമായി ആശുപത്രി ഒ.പി. വഴിയുള്ള കഷായ വിതരണം

സർക്കാർ അനുമതിയില്ലാതെ സൂപ്രണ്ടിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏകപക്ഷീയമായി നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഒ.പി.-യിൽ എത്തുന്ന രോഗികൾക്ക് സൗജന്യമായി ലഭ്യമാക്കേണ്ട മരുന്നുകൾ കുറിപ്പടിയിലുൾപ്പെടുത്താതെ സൂപ്രണ്ട് സെക്രട്ടറിയായിട്ടുള്ള സൊസൈറ്റി നടത്തുന്ന മെഡിക്കൽ സ്റ്റോറിൽനിന്നും വാങ്ങിപ്പിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത രീതി അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സർക്കാർ ഫണ്ട് ഉപയോഗിച്ച് പാവപ്പെട്ട രോഗികളുടെ ചികിത്സയ്ക്കായി വാങ്ങിയ കണ്ണ് പരിശോധനക്കുള്ള ഒപ്റ്റിക്കൽ കൊഹറൻസ് ടോമോഗ്രഫി (ഒ.സി.റ്റി.) മെഷീൻ അടക്കമുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് 1,000/- രൂപ മുതൽ ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-ഇ) പരാമർശ വിഷയങ്ങൾ സംബന്ധിച്ച് ഒരു പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## മരുന്നുകളുടെ വിതരണം

231 (2184) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും ആശുപത്രികളിലേയ്ക്കും മരുന്ന് വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് നൽകിയിട്ടും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും (കെ.എം.എസ്.സി.എൽ.) വിവിധ കാരുണ്യ ഫാർമസികളും മരുന്ന് നൽകാൻ കാലതാമസം വരുത്തുന്നതുകൊണ്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മുൻകൂർ പണം അടച്ചവർക്ക് ഇൻഡെന്റ് ലഭിക്കുന്നത് മുതൽ നിശ്ചിത സമയത്തിനകം മരുന്ന് വിതരണം നടത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) നടപ്പുസാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് 56.6 കോടി രൂപ മൂല്യം വരുന്ന മരുന്നുകളും മറ്റനുബന്ധ സാമഗ്രികളും സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവ വിതരണം നടത്തുന്നതിനുള്ള

സത്വര നടപടികൾ കൈക്കൊണ്ടുവരുന്നു.

## സർക്കാർ സർവ്വീസിൽ വനിത സംവരണം

232 (2185) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ വനിത സംവരണം ഹൊറിസോണ്ടലായോ വെർട്ടിക്കലായോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. KS&SSR ഭാഗം രണ്ടിലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങളിൽ സംവരണം അനുവദിച്ചുവരുന്നത്. പ്രസ്തുത ചട്ടങ്ങളിൽ വനിതാ സംവരണം ഉൾപ്പെടുത്തിയിട്ടില്ല.

(ബി) തമിഴ്നാട്ടിൽ 40 ശതമാനം വനിത സംവരണം ഹൊറിസോണ്ടലായി നടപ്പാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ സർക്കാർ സർവ്വീസിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് ഹൊറിസോണ്ടൽ റിസർവേഷൻ നടപ്പാക്കിയിട്ടുണ്ടെന്ന്

വിശദമാക്കുമോ?

വനിതാ-ശിശുവികസന വകുപ്പിൽ ശിശുവികസന പദ്ധതി ഓഫീസർ, പ്രോഗ്രാം ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വിമൺ പ്രൊട്ടക്ഷൻ ഓഫീസർ, കെയർടേക്കർ ഫീമെയിൽ, മേട്രൺ ഗ്രേഡ് II എന്നീ തസ്തികകളിൽ ഹൊറിസോണ്ടൽ റിസർവേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) എങ്കിൽ അതുസംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിമൻസ് ഹബ്**

233 (2186) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ വനിത ശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

വനിത ശിശുവികസന വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട എല്ലാ പദ്ധതികളും ആലപ്പുഴ നിയോജകമണ്ഡലത്തിലും നടപ്പിലാക്കിവരുന്നു. വകുപ്പ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രധാനമായും നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2022-23 ബഡ്ജറ്റിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച വിമൻസ് ഹബ്ബിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച WOMENS HUB-ന് പ്രാരംഭ പ്രോജക്ട് റിപ്പോർട്ട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കിയിട്ടില്ല. WOMENS HUB-നായി കണ്ടെത്തിയിട്ടുള്ള ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ഒരേക്കർ സ്ഥലം വകുപ്പിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. സ്ഥലം വകുപ്പിന്റെ പേരിൽ ലഭ്യമായാലുടൻ DPR തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ചിറയിൻകീഴ് മണ്ഡലത്തിലെ അങ്കണവാടികൾ

234 (2187) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ എത്രയെന്ന് അറിയിക്കാമോ?

സ്വന്തമായി കെട്ടിടം ഇല്ലാത്ത 101 അങ്കണവാടികളുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്, 17 എണ്ണം. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## സ്ഥാപനങ്ങൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ്

235 (2188) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിത ശിശുവികസന വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ക്ഷേമത്തിനായി പ്രത്യേകം മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതെന്ന് അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉണ്ട്. Dietary Articles, Medicines, Clothings, Recreation/ Tour, Cosmetics / Study Materials, Uniforms, Contingencies എന്നിവയ്ക്കാണ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്.

(ബി) പ്രസ്തുത ഗ്രാന്റ് ഏത് വർഷം വരെ നൽകിയിട്ടുണ്ട്; കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത ഗ്രാന്റ് കുടിശ്ശികയില്ലാതെ ആവശ്യാനുസരണം അനുവദിച്ചുവരുന്നു.

(സി) കോഴിക്കോട് ജില്ലയിലെ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിലെ സ്ഥാപനങ്ങൾക്ക് നടപ്പുസാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തുക |
|---|---|
| ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് | 5,00,000/- |
| ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് | 6,00,000/- |
| ഗവ. ആഫ്റ്റർ കെയർ ഹോം | 6,42,500/- |
| ഗവ. ഷോർട്ട് സ്റ്റേ ഹോം | 1,50,000/- |
| ഗവ. മഹിളാ മന്ദിരം | 7,00,000/- |

## സമ്പൂർണ്ണ സാന്ത്വന പരിചരണ സംസ്ഥാനം

236 (2189) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തെ സമ്പൂർണ്ണ സാന്ത്വന പരിചരണ സംസ്ഥാനമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ആതുര ശുശ്രൂഷ രംഗത്തെ പുതുക്കിയ പാലിയേറ്റീവ് പരിചരണ നയം 2019-ൽ നിലവിൽവന്നു. 'അരികെ' എന്ന സമഗ്ര സാന്ത്വന ചികിത്സാ പരിപാടിയാണ് പുതുക്കിയ നയം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. നിലവിൽ പ്രവർത്തിച്ചുവരുന്ന പാലിയേറ്റീവ് കെയർ പദ്ധതിയെ ശാക്തീകരിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളുടെയും ഇതര വകുപ്പുകളുടെയും സഹകരണം ഉറപ്പിക്കുകയുമാണ് പാലിയേറ്റീവ് നയത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം. ഇതിലൂടെ നിലവിലുള്ള സാന്ത്വന ചികിത്സാ പദ്ധതിയുടെ ന്യൂനതകൾ പരിഹരിക്കുകയും കൂടുതൽ പ്രവർത്തകർക്ക് സാന്ത്വന ചികിത്സാ രംഗത്ത് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കുകയും ചെയ്യാൻ കഴിയും.

ഇതിനായി സർക്കാർ തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും പ്രത്യേകം കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 16-11-2022-ലെ സ.ഉ.(സാധാ) നം. 2744/2022/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു ഹൈ പവർ കമ്മിറ്റിയും പാലിയേറ്റീവ് കെയർ വർക്കിംഗ് ഗ്രൂപ്പും രൂപീകരിക്കുകയും പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യ യോഗം കൂടുകയും പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും തുടർനടപടി സ്വീകരിച്ചുവരികയുമാണ്.

കേരളം രാജ്യത്തിനാകെ മാതൃകയാകുന്ന രീതിയിൽ സാന്ത്വന പരിചരണ രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്. സാന്ത്വന പരിചരണ പദ്ധതി ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രാഥമികാരോഗ്യതലം മുതൽ ജില്ലാ/ജനറൽ/മെഡിക്കൽ കോളേജ് ആശുപത്രികൾ വരെ സജ്ജമാണ് എന്നത് കേരളത്തിന്റെ മാത്രം ഒരു സവിശേഷതയാണ്. സംസ്ഥാന സർക്കാർ പുറത്തിറക്കിയ പുതുക്കിയ പാലിയേറ്റീവ് കെയർ നയം പ്രകാരം ഈ മേഖലയിലുള്ള ഇതര വകുപ്പുകളെയും അക്കാദമിക് സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടുകൂടി

കൂടുതൽ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അങ്ങനെ ഒരു സമ്പൂർണ്ണ സാന്ത്വന പരിചരണ സംസ്ഥാനമായി കേരളം മാറുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**പാലമേൽ ഗ്രാമപഞ്ചായത്തിൽ മാതൃക അങ്കണവാടി**

237 (2190) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത ശിശു വികസന വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനുമായി വനിതാ ശിശുവികസന വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേൽ ഗ്രാമപഞ്ചായത്തിൽ മാതൃക അങ്കണവാടി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേൽ ഗ്രാമ പഞ്ചായത്തിൽ മാതൃക അങ്കണവാടി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പഞ്ചായത്തിൽ നിന്നോ ഐ.സി.ഡി.എസ്.-ൽ നിന്നോ ലഭിച്ചിട്ടില്ല. സംസ്ഥാനത്ത് 01-04-2019 മുതൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുള്ളതിനാൽ മാതൃക അങ്കണവാടി പദ്ധതി പ്രകാരം നിലവിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നില്ല. മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേൽ ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലവും വകുപ്പ് വിഹിതത്തിന് പുറമെയുള്ള LSGD വിഹിതം വകയിരുത്തിക്കൊണ്ടുള്ള ഭരണസമിതി തീരുമാനവും ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

## ശ്രുതിമധുരം, കാതോരം പദ്ധതികൾ

238 (2191) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ശ്രുതിമധുരം, കാതോരം തുടങ്ങി വിവിധ പദ്ധതികൾ പ്രകാരം കേൾവി/സംസാരശേഷി ഇല്ലാത്ത എത്ര കുട്ടികൾക്ക് നാളിതുവരെ എന്തെല്ലാം ഉപകരണങ്ങളും സഹായങ്ങളും നൽകി വരുന്നുവെന്ന വിശദാംശം ലഭ്യമാക്കുമോ?

ശ്രുതിമധുരം പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല.

ശ്രുതിതരംഗം, കാതോരം പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇത്തരത്തിൽ അവശതകളുള്ള എത്ര കുട്ടികൾ സംസ്ഥാനത്തുണ്ടെന്നും അതിൽ തീവ്ര അവശത അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ എന്തെല്ലാം സഹായങ്ങളും ചികിത്സകളും നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

സംസാര ഭാഷാ വൈകല്യം, കേൾവി വൈകല്യം എന്നിവയുള്ള 19 വയസ്സിൽ താഴെ പ്രായമുള്ള 16,191 കുട്ടികളുള്ളതായാണ് 2015-ലെ ഭിന്നശേഷി സെൻസസ് പ്രകാരം കണ്ടെത്തിയിട്ടുള്ളത്. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ എന്നിവവഴി സംസാര ഭാഷാ വികസനത്തിനുള്ള തെറാപ്പികളും പരിശീലനങ്ങളും നൽകിവരുന്നു.

**വാമനപുരം മണ്ഡലത്തിലെ അങ്കണവാടികൾ**

239 (2192) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികളുണ്ടെന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വന്തമായി കെട്ടിടമില്ലാത്ത ഏതെല്ലാം അങ്കണവാടികളുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വിവരം നൽകാമോ?

വാമനപുരം മണ്ഡലത്തിൽ ആകെ 251 അങ്കണവാടികളുണ്ട്. വാമനപുരം മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 16 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) ജലത്തിനായി കിണറോ പൈപ്പ് കണക്ഷനോ ഇല്ലാത്ത ഏതെല്ലാം അങ്കണവാടികൾ മണ്ഡലത്തിലുണ്ടെന്ന് വ്യക്തമാക്കാമോ; ഇത്തരം അങ്കണവാടികളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; ആയതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

വാമനപുരം മണ്ഡലത്തിൽ ജലത്തിനായി കിണറോ പൈപ്പ് കണക്ഷനോ ഇല്ലാത്ത 9 അങ്കണവാടികളുണ്ട്. പ്രസ്തുത അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ ഇത്തരം അങ്കണവാടികളിൽ ജലലഭ്യത ഉറപ്പുവരുത്താൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തുകയും അതനുസരിച്ച് തുടർനടപടികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വീകരിച്ചുവരികയും ചെയ്യുന്നു.

**സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന ഭക്ഷ്യ വിഷബാധകൾ**

240 (2193) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനകൾ കാര്യക്ഷമമല്ലാത്തതിനാലാണ് ഭക്ഷ്യവിഷബാധ സംസ്ഥാനത്ത് തുടർക്കഥയാകുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധന കാര്യക്ഷമമായി നടന്നുവരുന്നു. ഈ സാമ്പത്തിക വർഷം നാളിതുവരെ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെ 64086 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 7550 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 4722 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,81,87,000/- രൂപ (ഒരു കോടി എൺപത്തി ഒന്ന് ലക്ഷത്തി എൺപത്തി ഏഴായിരം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 6458 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454

സാമ്പിളുകൾ Unsafe ആയും 220 സാമ്പിളുകൾ Substandard ആയും, 301 സാമ്പിളുകൾ Misbranded ആയും പരിശോധനാഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്.

(ബി) ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്ന ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, ഇതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് സംസ്ഥാനത്ത് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥാപനങ്ങളാണ് രജിസ്ട്രേഷൻ എടുത്തിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷണപദാർത്ഥങ്ങൾ വിൽക്കുന്ന ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, ഇതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നിർബന്ധമാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100/- രൂപയും ലൈസൻസിന് 2,000/- രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി

ഫീസായി നിശ്ചയിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ (ആക്ടീവ്) നേടിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | ലൈസൻസ് | രജിസ്ട്രേഷൻ |
|---|---|---|
| തിരുവനന്തപുരം | 5387 | 32281 |
| കൊല്ലം | 3071 | 30538 |
| പത്തനംതിട്ട | 1490 | 14213 |
| ആലപ്പുഴ | 2216 | 26847 |
| കോട്ടയം | 3195 | 24374 |
| ഇടുക്കി | 1362 | 10530 |
| എറണാകുളം | 7212 | 43005 |
| തൃശ്ശൂർ | 3917 | 35529 |
| പാലക്കാട് | 2689 | 22721 |
| മലപ്പുറം | 3538 | 29788 |
| കോഴിക്കോട് | 5148 | 30835 |
| വയനാട് | 1010 | 10353 |
| കണ്ണൂർ | 3621 | 25310 |
| കാസർഗോഡ് | 1465 | 9709 |
| ആകെ | 45321 | 346033 |

(സി) ഭക്ഷ്യസുരക്ഷ ഉദ്യോഗസ്ഥരുടെ പരിശോധനയിലെ വീഴ്ചകളാണ്

ഇത്തരത്തിൽ ഭക്ഷ്യവിഷബാധയുണ്ടാകുന്നതിന് പ്രധാന കാരണമെന്നത് വസ്തുതയാണോ; എങ്കിൽ എന്ത് കാരണത്താലാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കാര്യക്ഷമമായ പരിശോധനകൾ നടത്തിവരുന്നു. ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടാകുന്ന പക്ഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സമീപകാലത്ത് ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

സമീപകാലത്ത് ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ വിശദാംശവും നടപടിയും അനുബന്ധമായി ചേർക്കുന്നു+;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നുവെന്നും അവർ എപ്പോഴെല്ലാം പരിശോധന നടത്തിയിട്ടുണ്ടെന്നും അതിലെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നുവെന്നും അതിനെതിരെ അവർ എന്തൊക്കെ മേൽനടപടികൾ സ്വീകരിച്ചുവെന്നുമുള്ള വിശദവിവരം വെളിപ്പെടുത്തുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ബന്ധപ്പെട്ട സർക്കിളുകളിലെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരാണ് ഭക്ഷ്യ വിഷബാധയുമായി ബന്ധപ്പെട്ട സ്ഥാപനം പരിശോധന നടത്തുന്നത്. ഭക്ഷ്യ വിഷബാധ അറിയുന്ന സമയം കാലതാമസമുണ്ടാകാതെതന്നെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ സ്ഥാപനം പരിശോധിച്ച് ലഭ്യമായ ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് വിശദമായ പരിശോധനയ്ക്ക് ലാബുകളിലേയ്ക്ക് അയക്കുന്നു. ഭക്ഷ്യ വിഷബാധ പ്രസ്തുത സ്ഥാപനത്തിൽനിന്നും കൂടുതൽ പേർക്ക് വ്യാപിക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. ഭക്ഷ്യ വിഷബാധ ബാധിച്ച ആളുകൾ ഹോസ്പിറ്റലൈസ്ഡ് ആയിട്ടുണ്ടെങ്കിൽ അവരുടെയും ഡോക്ടറുടെയും മൊഴി രേഖപ്പെടുത്തുന്നു. ഭക്ഷ്യവസ്തുവിന്റെ സാമ്പിൾ ശേഖരിച്ചത് സുരക്ഷിതമല്ലെന്നുള്ള റിപ്പോർട്ട് ലഭിക്കുന്ന പക്ഷം കച്ചവട സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നു.

(എഫ്) ഭക്ഷ്യവിഷബാധമൂലം അപകടങ്ങളും മരണങ്ങളും ഉണ്ടാകുമ്പോൾ മാത്രം വകുപ്പ് കാര്യക്ഷമമാകാതെ കൃത്യമായ ഇടവേളകളിലെ പരിശോധനകൾ ഉറപ്പുവരുത്തുന്നതിനും സത്വര നടപടികൾ സ്വീകരിക്കുന്നതിനും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഇത്തരത്തിൽ ഭക്ഷ്യയോഗ്യമല്ലാത്ത ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നതിന്

ശ്രമിക്കുന്ന ഹോട്ടലുകളുടെ പേരുവിവരങ്ങൾ പത്ര മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധനകൾ നിരന്തരം കാര്യക്ഷമമായി നടന്നുവരുന്നു. ഓരോ മാസവും ശരാശരി 4000 പരിശോധനകളിൽ കുറയാതെ നടന്നുവരുന്നു. ഭക്ഷ്യ യോഗ്യമല്ലാത്ത ഭക്ഷ്യ സാധനങ്ങൾ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് വരുന്നു. ഈ വിവരം വാർത്തയായി പത്രമാധ്യമങ്ങൾക്കും നൽകിവരുന്നു.

(ജി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കുമോ?

കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | പരിശോധനയുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5068 |
| കൊല്ലം | 3011 |
| പത്തനംതിട്ട | 3218 |
| ആലപ്പുഴ | 1250 |
| കോട്ടയം | 4010 |

| | |
|---|---|
| ഇടുക്കി | 1989 |
| എറണാകുളം | 4475 |
| തൃശ്ശൂർ | 1589 |
| പാലക്കാട് | 1699 |
| മലപ്പുറം | 3675 |
| കോഴിക്കോട് | 3623 |
| വയനാട് | 945 |
| കണ്ണൂർ | 1828 |
| കാസർഗോഡ് | 743 |
| **ആകെ** | **37123** |

**തട്ടുകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം**

241 (2194) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തട്ടുകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് തട്ടുകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. രാത്രി കാലങ്ങളിൽ വഴിയോരത്തുള്ള തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ സർക്കിൾ തലത്തിലും പ്രത്യേക പരിശോധനകളും നടന്നുവരുന്നു.

(ബി) തെരുവ് കച്ചവടകേന്ദ്രങ്ങളിലെ വൃത്തിയും ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരവും ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഏകദേശം 20 മുതൽ 50 വരെ തട്ടുകടകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ശുദ്ധവും വൃത്തിയുള്ളതുമായ ആഹാരം പാകം ചെയ്ത് പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്. ഈ പദ്ധതി പ്രകാരം ഇതുവരെ ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി നാല് സ്ട്രീറ്റ് ഫുഡ് ഹബ്ബുകളുടെ ഓഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്.

## ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി

242 (2195) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവ കേന്ദ്രീകരിച്ച് നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നിവ ഭക്ഷ്യ സുരക്ഷാ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. എൻഫോഴ്സമെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ, അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

ഗുണനിലവാരമില്ലാത്ത ഭക്ഷണം നൽകുന്ന എത്ര ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള ജീവനക്കാരെ പൂർണ്ണമായി ഉപയോഗപ്പെടുത്തി കാര്യക്ഷമമായ പ്രവർത്തനമാണ് വകുപ്പ് നടത്തിവരുന്നത്. നിലവിൽ എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങളുടെ ഭാഗമായി പരിശോധനകൾ നടത്തുന്നതിനും സാമ്പിളുകൾ ശേഖരിക്കുന്നതിനും പരാതികൾ പരിശോധിക്കുന്നതിനും കോടതി സംബന്ധമായ കേസുകൾ ഫയൽ ചെയ്യുന്നതിനും ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ തസ്തിക മാത്രമാണുള്ളത്.

വകുപ്പിനെ കൂടുതൽ ശാക്തീകരിക്കുന്നതിനായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകളടങ്ങിയ വിശദമായ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി പരിശോധന

243 (2196) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ഫുഡ് അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി പരിശോധന നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ലാബുകളിലാണ് ഈ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; മൈക്രോബയോളജി പരിശോധനാ സംവിധാനം നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി എന്നിവിടങ്ങളിൽ മൈക്രോ ബയോളജി പരിശോധന നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ 3 മൈക്രോബയോളജിസ്റ്റ് തസ്തികയും ഒരു മൈക്രോബയോളജി റിസർച്ച് ഓഫീസർ തസ്തികയും എറണാകുളം,

കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ മൈക്രോ ബയോളജിസ്റ്റ് വീതം തസ്തികയും നിലവിലുണ്ട്.

(ബി) മൈക്രോബയോളജി സംവിധാനം ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; പ്രസ്തുത തുകയിൽ നാളിതുവരെ എത്ര തുക ഏതൊക്കെ ഇനങ്ങളിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനം FSSAI നേരിട്ടാണ് നിർവ്വഹിക്കുന്നത്. ഈ പ്രവൃത്തിക്കായി റേറ്റ് കോൺട്രാക്റ്റ് ഉറപ്പിച്ചിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിക്കുന്നതും FSSAI-യുടെ മേൽനോട്ടത്തിലാണ്. ഇതിനായി FSSAI ഒരു കോടി രൂപ വീതം നേരിട്ട് അതത് ലാബ് മേധാവികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. FSSAI നേരിട്ട് ക്ഷണിച്ച റേറ്റ് കോൺട്രാക്റ്റിനായുള്ള ടെണ്ടറിൽ ഉൾപ്പെട്ട ബിഡ്ഡർമാർ നടപടിക്രമങ്ങൾ പാലിച്ചതിനുശേഷം മാത്രമേ തുക വിനിയോഗിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത റേറ്റ് കോൺട്രാക്റ്റ് നിലവിൽ വന്നത് 14-06-2022-

ലാണ്. ഇപ്രകാരം ടെണ്ടറിൽ പങ്കെടുത്ത് L1 ആയ ബിഡ്ഡറുമായി വകുപ്പ് റേറ്റ് കോൺട്രാക്ട് ഉറപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് അവർ തയ്യാറാക്കിയ layout FSSAI അംഗീകരിക്കുകയും പ്രസ്തുത കമ്പനിക്ക് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

## രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യങ്ങളുടെ വിൽപ്പന

244 (2197) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകളിൽ മാസങ്ങൾ പഴക്കമുള്ള മത്സ്യങ്ങൾ വിപണനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

'ഓപ്പറേഷൻ മത്സ്യ'യുടെ ഭാഗമായി ഹാർബറുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങൾ, മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ നടത്തിയ

മത്സ്യ പരിശോധനകളിൽ 20000 കിലോ ഭക്ഷ്യ യോഗ്യമല്ലാത്ത മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്.

(ബി) മത്സ്യം കേടാകാതിരിക്കാൻ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ ചേർക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലബോറട്ടറികളിൽ മത്സ്യ സാമ്പിളുകളുമായി ബന്ധപ്പെട്ട് 1861 മത്സ്യ സാമ്പിളുകൾ പരിശോധിച്ചതിൽ ഒരു സാമ്പിളിൽ ഫോർമാലിന്റെ സാന്നിധ്യം കണ്ടെത്തിയിരുന്നു.

(സി) രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യങ്ങളുടെ വിൽപ്പന തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യങ്ങളുടെ വിൽപ്പന തടയുന്നതിനും മത്സ്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമായി ഹാർബറുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങൾ, മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി മത്സ്യ പരിശോധനകൾ നടത്തുകയും അവയുടെ

സാമ്പിളുകൾ ശേഖരിച്ച് ലാബിൽ അയച്ച് പരിശോധനകൾ നടത്തുകയും ചെയ്തുവരുന്നു. ഇത്തരം പരിശോധനകളിൽ രാസപദാർത്ഥങ്ങളുടെ സാന്നിധ്യം കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. Central Institute of Fisheries Technology (CIFT) വികസിപ്പിച്ചെടുത്തതും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി അംഗീകരിച്ചതുമായ അമോണിയ/ഫോർമാലിൻ കിറ്റ് ഉപയോഗിച്ചും തത്സമയ മത്സ്യ പരിശോധനകൾ നടത്തിവരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിൽ മത്സ്യങ്ങളിലെ ഫോർമാലിൻ എന്ന രാസവസ്തു പരിശോധിക്കുന്നതിനായി HPLC (High Performance Liquid Chromotograph) എന്ന ഉപകരണം ഉപയോഗിച്ചുവരുന്നു. ഇപ്രകാരം നിരന്തര പരിശോധനകൾ നടത്തിവരുന്നതിനാൽ മത്സ്യത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് സാധിക്കുന്നുണ്ട്.

**പാകം ചെയ്ത ഭക്ഷണം കഴിക്കുന്നതിനുള്ള സമയ നിബന്ധന**

245 (2198) <u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽനിന്നും വൻതോതിൽ പഴകിയ ഭക്ഷണം പിടികൂടിയ സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്ത തീയതിയും എത്ര സമയത്തിനുള്ളിൽ കഴിക്കണമെന്നതും രേഖപ്പെടുത്തിയ സ്ലിപ്പോ സ്റ്റിക്കറോ ഭക്ഷണപ്പൊതിയിൽ രേഖപ്പെടുത്തണമെന്ന് ഹോട്ടലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷണം പാകം ചെയ്ത തീയതിയും സമയവും എത്ര സമയത്തിനുള്ളിൽ കഴിക്കണമെന്നതും രേഖപ്പെടുത്തിയ സ്ലിപ്പോ സ്റ്റിക്കറോ ഭക്ഷണപ്പൊതിയിൽ രേഖപ്പെടുത്തണമെന്ന് ഹോട്ടലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഹോട്ടലുകളിൽനിന്നും പായ്ക്കറ്റുകളിൽ പാഴ്സലുകളായി വിതരണം ചെയ്യുന്ന ഭക്ഷണം തയ്യാറാക്കി 2 മണിക്കൂറിനുള്ളിൽ ഉപയോഗിക്കണമെന്ന നിർദ്ദേശത്തോടുകൂടി ഭക്ഷണം പാകം ചെയ്ത സമയം, തീയതി എന്നിവ ഉൾപ്പെടെ രേഖപ്പെടുത്തി നൽകണമെന്നും കൂടാതെ ഒരു ഭക്ഷണ സാധനം ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് വാഹനത്തിൽ

കയറ്റിക്കൊണ്ടുപോകുന്ന അവസരത്തിൽ വാഹനത്തിനുള്ളിലെ ഭക്ഷണം സൂക്ഷിച്ചിരിക്കുന്ന കണ്ടെയ്നർ 600C താപനില നിലനിർത്തുന്നതിന് സംവിധാനമൊരുക്കണമെന്ന് കർശന നിർദ്ദേശവും കൂടാതെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ സെക്ഷൻ 30(2)(a) പ്രകാരം ഇത്തരത്തിൽ രേഖപ്പെടുത്തലുകളില്ലാതെ വിതരണം ചെയ്യുന്ന ഭക്ഷണങ്ങൾക്ക് വിലക്കും ഏർപ്പെടുത്തിക്കൊണ്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് കച്ചവട സ്ഥാപനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധനകൾ നടത്തി ഉറപ്പാക്കുന്നുമുണ്ട്.

(സി) പ്രസ്തുത ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

പ്രസ്തുത ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശാക്തീകരിക്കുന്നതിന് നടപടി**

246 (2199) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് രൂപീകൃതമായത്

എന്നാണെന്ന് അറിയിക്കാമോ;

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഫീൽഡുതലത്തിൽ പരിശോധന ചുമതലയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും താലൂക്ക് തലത്തിൽ എത്ര ഉദ്യോഗസ്ഥരാണ് ഇതിനായി നിലവിലുള്ളതെന്നും ഇവരുടെ ചുമതലയെന്താണെന്നും അറിയിക്കാമോ?

(എ&ബി) 2009-ലാണ് സംസ്ഥാന ഭക്ഷ്യസുരക്ഷ കമ്മീഷണറേറ്റ് രൂപീകൃതമായത്. ഭക്ഷ്യസുരക്ഷാ വകുപ്പിൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം സെക്ഷൻ 37 പ്രകാരം നിയമിതരായ ഭക്ഷ്യസുരക്ഷാ ഓഫീസർമാരാണ് ഫീൽഡുതലത്തിൽ പരിശോധന ചുമതലയുള്ള ഉദ്യോഗസ്ഥർ. നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യസുരക്ഷാ സർക്കിളുകളിൽ ഓരോ ഭക്ഷ്യസുരക്ഷാ ഓഫീസർ വീതമാണുള്ളത്. താലൂക്ക് തലത്തിൽ ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ നിലവിലില്ല.

(സി) 2020-2022 കാലയളവിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളുടെ വിശദാംശം നൽകാമോ?

2020-2022 കാലയളവിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) സംസ്ഥാനത്ത് ഹോട്ടൽ ഭക്ഷണത്തിൽനിന്നും മറ്റുമുള്ള ഭക്ഷ്യവിഷബാധമൂലം ആളുകൾ മരിക്കുകയും ആശുപത്രിയിലാകുകയും ചെയ്യുന്ന സംഭവങ്ങൾ തുടർച്ചയായുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ഹോട്ടൽ ഭക്ഷണത്തിൽനിന്നും മറ്റുമുള്ള ഭക്ഷ്യവിഷബാധയുണ്ടായ ചില സാഹചര്യങ്ങളുണ്ടായിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ ഹോട്ടലുകളിലും ബേക്കറി ഉൾപ്പെടെ ഭക്ഷ്യസാധനങ്ങൾ വിൽക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലും നൽകുന്ന ഭക്ഷണം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; അതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം, 2011-ലെ റൂൾസ് ആൻഡ് റെഗുലേഷൻസ് പ്രകാരം സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രധാന ലക്ഷ്യം സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുകയെന്നതാണ്. അതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. എൻഫോഴ്സ്മെന്റ്

പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ, അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശാക്തീകരിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുമായി അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട കേസുകൾ**

247 (2200) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ നിന്നുള്ള മൈക്രോബയോളജി റിസൾട്ടുകൾ ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട എത്ര ക്രിമിനൽ കേസുകളിൽ നാളിതുവരെ തെളിവായി ഹാജരാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി പരിശോധന സംവിധാനമില്ലാത്തതിനാൽ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട കേസുകൾ തെളിയിക്കപ്പെടാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനം FSSAI നേരിട്ടാണ് നിർവ്വഹിക്കുന്നത്. ഈ പ്രവൃത്തിക്കായി റേറ്റ് കോൺട്രാക്റ്റ് ഉറപ്പിച്ചിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിക്കുന്നതും FSSAI-യുടെ മേൽനോട്ടത്തിലാണ്. ഇതിനായി FSSAI ഒരു കോടി രൂപ വീതം നേരിട്ട് അതത് ലാബ് മേധാവികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. FSSAI നേരിട്ട് ക്ഷണിച്ച റേറ്റ് കോൺട്രാക്ടിനായുള്ള ടെണ്ടറിൽ ഉൾപ്പെട്ട ബിഡ്ഡർമാർ നടപടിക്രമങ്ങൾ പാലിച്ചതിനുശേഷം മാത്രമേ തുക വിനിയോഗിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത റേറ്റ് കോൺട്രാക്ട് നിലവിൽ വന്നത് 14-06-2022-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലാണ്. ഇപ്രകാരം ടെണ്ടറിൽ പങ്കെടുത്ത L1 Bidder-മായി വകുപ്പ് റേറ്റ് കോൺട്രാക്ട് ഉറപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് അവർ തയ്യാറാക്കിയ layout FSSAI അംഗീകരിക്കുകയും പ്രസ്തുത കമ്പനിക്ക് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

## ഭക്ഷ്യസാമ്പിളുകളുടെ പരിശോധന സംബന്ധിച്ച നടപടിക്രമങ്ങൾ

248 (2201) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ ഒരു മാസം സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കേണ്ട ഭക്ഷ്യ സാമ്പിളുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; ഭക്ഷ്യ സാമ്പിളുകളുടെ പരിശോധന സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

FSSAI-യുടെ നിർദ്ദേശമനുസരിച്ച് ഭക്ഷ്യ സുരക്ഷാ ഓഫീസർ ഒരു മാസം 10 സ്റ്റാറ്റ്യൂട്ടറി സാമ്പിളാണ് ശേഖരിക്കേണ്ടത്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം റൂൾ 2.4.1 അനുസരിച്ചുള്ള നടപടിക്രമം പാലിച്ചുകൊണ്ട് സാമ്പിളുകൾ പരിശോധനയ്ക്കായി ലബോറട്ടറിയിലേയ്ക്ക്

അയയ്ക്കുന്നു. ലാബ് പരിശോധനയിൽ Unsafe ആകുന്ന പക്ഷം കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും Substandard/Misbranded ആകുന്ന പക്ഷം അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഭക്ഷ്യ പദാർത്ഥങ്ങളിൽ വിഷാംശം കണ്ടെത്തിയാൽ സ്വീകരിക്കുന്ന തുടർനടപടി വ്യക്തമാക്കുമോ; സ്റ്റാറ്റ്യൂട്ടറി സാമ്പിൾ കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ അധികമായി ശേഖരിക്കേണ്ട സാമ്പിളുകളുടെ പരിശോധനയിൽ വിഷാംശം കണ്ടെത്തിയാൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ലബോറട്ടറി പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ കണ്ടെത്തുന്നപക്ഷം കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നു. ഭക്ഷ്യസുരക്ഷാ ഓഫീസർ അധികമായി ശേഖരിക്കുന്ന സാമ്പിളുകളുടെ പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ കണ്ടെത്തുന്നപക്ഷം അത്തരം ഭക്ഷ്യ സാമ്പിളുകളുടെ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ഭക്ഷ്യവിഷബാധ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ ശേഖരിക്കേണ്ട

സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വിഷാംശം കണ്ടെത്തുന്ന എല്ലാ സാമ്പിളുകളിലും തുടർനടപടി ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഒരു ഭക്ഷ്യസുരക്ഷാ ഓഫീസർ ഒരു മാസം 10 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിക്കണമെന്നാണ് FSSAI നിർദ്ദേശിച്ചിട്ടുള്ളത്. FSSAI-യുടെ സെൻട്രൽ അഡ്വൈസറി കമ്മിറ്റിയാണ് സ്റ്റാറ്റ്യൂട്ടറി സാമ്പിൾ എണ്ണം സംബന്ധിച്ച് നിർദ്ദേശം നൽകുന്നത്. സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കുന്ന സാമ്പിളുകളിൽ വിഷാംശമോ ആരോഗ്യത്തിന് ഹാനികരമാകുന്ന മറ്റേതെങ്കിലും വസ്തുക്കളോ കണ്ടെത്തുന്നപക്ഷം എല്ലാ സാമ്പിളിലും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർ നിയമ നടപടികൾ ഉറപ്പാക്കിവരുന്നു.

**അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി പരിശോധന**

249 (2202) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി പരിശോധനയ്ക്ക് സംവിധാനമില്ലാത്തതിനാൽ ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട ക്രിമിനൽ കേസുകളിൽ തെളിവ്

നൽകാൻ സാധിക്കാത്ത ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനം FSSAI നേരിട്ടാണ് നിർവ്വഹിക്കുന്നത്. ഈ പ്രവൃത്തിക്കായി റേറ്റ് കോൺട്രാക്റ്റ് ഉറപ്പിച്ചിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിക്കുന്നതും FSSAI-യുടെ മേൽനോട്ടത്തിലാണ്. ഇതിനായി FSSAI ഒരു കോടി രൂപ വീതം നേരിട്ട് അതത് ലാബ് മേധാവികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. FSSAI നേരിട്ട് ക്ഷണിച്ച റേറ്റ് കോൺട്രാക്ടിനായുള്ള ടെണ്ടറിൽ ഉൾപ്പെട്ട ബിഡ്ഡർമാർ നടപടിക്രമങ്ങൾ പാലിച്ചതിനുശേഷം മാത്രമേ തുക വിനിയോഗിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത റേറ്റ് കോൺട്രാക്ട് നിലവിൽ വന്നത് 14-06-2022-

ലാണ്. ഇപ്രകാരം ടെണ്ടറിൽ പങ്കെടുത്ത L1 Bidder-മായി വകുപ്പ് റേറ്റ് കോൺട്രാക്ട് ഉറപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് അവർ തയ്യാറാക്കിയ layout FSSAI അംഗീകരിക്കുകയും പ്രസ്തുത കമ്പനിക്ക് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

**ഇന്റർ ഡിസ്ട്രിക്ട് സ്ക്വാഡ്, ക്വിക്ക് റെസ്പോൺസ് സ്ക്വാഡ് എന്നിവ സജീവമാക്കാൻ നടപടി**

250 (2203) ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ കാര്യക്ഷമമായ ഭക്ഷ്യ സുരക്ഷ പരിശോധനയ്ക്ക് ഇന്റർ ഡിസ്ട്രിക്ട് സ്ക്വാഡുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനം അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

ഇന്റർ ഡിസ്ട്രിക്ട് സ്ക്വാഡുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. ഭക്ഷ്യസുരക്ഷ ഓഫീസർമാർ പരിശോധന നടത്തേണ്ടത് FoSCoRIS എന്ന ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് ചുമതലയുള്ള സ്ഥലത്ത്

ലഭിച്ചിരിക്കുന്ന യൂസർ ഐ.ഡി., പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് മാത്രമേ ഇത്തരം പരിശോധനകൾ നടത്താൻ കഴിയുകയുള്ളൂ. ഇന്റർ ഡിസ്ട്രിക് സ്ക്വാഡുകൾ നടത്തുന്ന പരിശോധനകൾ FoSCoRIS വഴി എൻട്രി വരുത്താൻ കഴിയാത്തതിനാൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ജില്ലകളിൽ സ്ക്വാഡുകൾ കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നുണ്ട്.

(ബി) റസ്റ്റോറന്റുകളിലെയും ഹോട്ടലുകളിലെയും ഫ്രീസറുകൾ ഉൾപ്പെടെയുള്ളവ രാത്രികാലങ്ങളിലും പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി നിയോഗിച്ചിരുന്ന ക്വിക്ക് റെസ്പോൺസ് സ്ക്വാഡ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഭക്ഷ്യ വിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച ഓപ്പറേഷൻ ഷവർമ്മ എന്ന പദ്ധതിയുടെ ഭാഗമായി മാത്രം 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 8224 പരിശോധനകൾ നടത്തുകയും 1081 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകുകയും 36,42,500/- രൂപ (മുപ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. സർക്കാർ

അടുത്ത കാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യസ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യസ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ഭക്ഷ്യവിഷബാധകൾ റിപ്പോർട്ട് ചെയ്യുന്നത് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇന്റർ ഡിസ്ട്രിക്ട് സ്ക്വാഡ്, ക്വിക്ക് റെസ്പോൺസ് സ്ക്വാഡ് എന്നിവ സജീവമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തുണ്ടാകുന്ന ഭക്ഷ്യ വിഷബാധ പോലുള്ള അടിയന്തര ഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികളെടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിനുമുമ്പായിത്തന്നെ തടയുന്നതിനുമായി രഹസ്യസ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ഭക്ഷ്യ സുരക്ഷ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

## നെല്ല് സംഭരണത്തിന്റെ കുടിശ്ശിക

251 (2204) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ചതിന്റെ പണം നൽകാത്തതിനാൽ കുട്ടനാട് മേഖലയിൽ ഉൾപ്പെടെ പാടശേഖര സമിതികളും കർഷകരും കൃഷിയിൽനിന്നും പിന്മാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022-23 സീസണിൽ 06-02-2023 വരെ 2.030 ലക്ഷം മെട്രിക് ടൺ നെല്ല് 76611 കർഷകരിൽനിന്നായി സംഭരിച്ചിട്ടുണ്ട്.

(ബി) നെല്ല് സംഭരിച്ച ഇനത്തിൽ വിതരണം ചെയ്യാനുള്ള കുടിശ്ശികയുടെ വിശദാംശം നൽകുമോ; കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

സപ്ലൈകോ നാളിതുവരെ (27-01-2023) നെല്ല് സംഭരിച്ച ഇനത്തിൽ 46314 കർഷകർക്കായി 369.36 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 28698 കർഷകർക്ക് 195 കോടി രൂപ നൽകാനുണ്ട്. തുക നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## സുഭിക്ഷ ഹോട്ടലുകൾ

252 (2205) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയിലൂടെ സംസ്ഥാനത്ത് നാളിതുവരെ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

അമ്പത് (50) സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടൽ ഒഴികെ 49 ഹോട്ടലുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം - 07
2. കൊല്ലം - 02
3. പത്തനംതിട്ട - 05
4. ആലപ്പുഴ - 07
5. കോട്ടയം - 02
6. ഇടുക്കി - 03

7. എറണാകുളം - 04

8. തൃശ്ശൂർ - 08

9. പാലക്കാട് - 02

10. മലപ്പുറം - 01

11. കോഴിക്കോട് - 03

12. വയനാട് - 02

13. കണ്ണൂർ - 02

14. കാസർഗോഡ് - 02

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(സി) സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവിനായി ഓരോ ഹോട്ടലിനും പരമാവധി 10 ലക്ഷം രൂപവരെ അനുവദിക്കുന്നു. സുഭിക്ഷ ഹോട്ടലിൽനിന്നും 20/- രൂപ നിരക്കിൽ വിതരണം ചെയ്യുന്ന

ഉച്ചഭക്ഷണത്തിന് ഊണൊന്നിന് 5/- രൂപ നിരക്കിൽ സർക്കാർ സബ്സിഡി അനുവദിക്കുന്നതാണ്. ഹോട്ടലിന്റെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കെട്ടിട വാടക (വാടക രഹിത കെട്ടിടം ലഭ്യമാകാത്ത പക്ഷം), മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ചെലവുകൾ (ആവശ്യമെങ്കിൽ) എന്നിവയും അനുവദിച്ചുനൽകുന്നു. കിടപ്പുരോഗികൾ, അശരണർ എന്നിവർക്ക് ഉച്ചഭക്ഷണം വീടുകളിൽ എത്തിച്ചുനൽകുന്നതിന് ഊണൊന്നിന് ഭക്ഷണത്തിന്റെ വിലയായ 25/- രൂപയും കൈകാര്യ ചെലവായ 5/- രൂപയും പുറമേ ട്രാൻസ്പോർട്ടേഷൻ ചാർജ്ജും എ.ഡി.എം അദ്ധ്യക്ഷനായ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി അനുവദിക്കുന്നുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിലെ കൂടുതൽ സ്ഥലങ്ങളിൽ കുടുംബശ്രീയുടെ സഹായത്തോടെ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അപേക്ഷകൾ ലഭിക്കുന്ന പക്ഷം വിശദമായ പരിശോധനകൾക്കുശേഷം സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലുകൾ**

253 (2206) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച സുഭിക്ഷ ഹോട്ടലുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കോലഞ്ചേരിയിൽ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടത്തിൽ ചൈതന്യ കുടുംബശ്രീ യൂണിറ്റ് സുഭിക്ഷ ഹോട്ടൽ നടത്തുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ?

വേറെ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല.

## പ്രധാൻ മന്ത്രി ഗരീബ് കല്യാൺ അന്ന യോജന പ്രകാരമുള്ള സൗജന്യ റേഷൻ

254 (2207) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻ മന്ത്രി ഗരീബ് കല്യാൺ അന്ന യോജന

(പി.എം.ജി.കെ.എ.വൈ.) പ്രകാരമുള്ള സൗജന്യറേഷൻ കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം റേഷൻ ഗുണഭോക്താക്കൾക്കും റേഷൻ വ്യാപാരികൾക്കുമുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

2022 ഡിസംബർ 23-ലെ കേന്ദ്ര മന്ത്രിസഭായോഗം 2020 ഏപ്രിൽ മുതൽ രാജ്യത്ത് നടപ്പിലാക്കിവന്നിരുന്ന PMGKAY പദ്ധതി നിർത്തലാക്കുകയുണ്ടായി. പ്രധാൻ മന്ത്രി ഗരീബ് കല്യാൺ അന്ന യോജന പദ്ധതിയിലൂടെ എ.എ.വൈ., പ്രയോറിറ്റി വിഭാഗങ്ങളിൽപ്പെടുന്നവർക്ക് ഒരാൾക്ക് 5 കി.ഗ്രാം ഭക്ഷ്യധാന്യമെന്ന തോതിൽ സൗജന്യനിരക്കിൽ ഭക്ഷ്യധാന്യം ലഭ്യമായിരുന്ന പദ്ധതി, കോവിഡ്-19 മഹാമാരിക്കെതിരായുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2020 ഏപ്രിൽ മാസത്തിലാണ് ആരംഭിച്ചത്. 2020 ഏപ്രിൽ മുതൽ ഏഴ് പാദങ്ങളിലേയ്ക്കായി ദീർഘിപ്പിച്ച പ്രസ്തുത സൗജന്യ ധാന്യവിതരണത്തിലെ ഏഴാം പാദ വിതരണം 2022 ഡിസംബർ മാസത്തിലാണ് അവസാനിച്ചത്.

2022 ഡിസംബറിനുശേഷം പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണം ദീർഘിപ്പിക്കുന്നത് സംബന്ധിച്ചുള്ള യാതൊരു അറിയിപ്പും കേന്ദ്ര സർക്കാരിൽനിന്ന്

ലഭ്യമായിട്ടില്ല. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ എല്ലാ വിഭാഗങ്ങൾക്കും നൽകിവരുന്നത് തുടരുന്നുണ്ട്.

(ബി) അഞ്ചുവർഷം മുമ്പ് നടപ്പാക്കിയ റേഷൻ വ്യാപാരി വേതന പാക്കേജ് കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

റേഷൻ വ്യാപാരി വേതന പാക്കേജ് പരിഷ്കരണം നിലവിൽ പരിഗണനയിലില്ല. മാത്രവുമല്ല, 2020 ഏപ്രിൽ മാസം മുതൽ 2022 ഡിസംബർ മാസം വരെ നടപ്പിലാക്കിയ PMGKAY പദ്ധതിയിലൂടെ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ ഏകദേശം ഇരട്ടി തുക ലഭ്യമായിരുന്നു.

## ഓപ്പറേഷൻ യെല്ലോ

255 (2208) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുകയും അനർഹമായി റേഷൻ കൈപ്പറ്റുകയും ചെയ്യുന്ന കാർഡുടമകളെ കണ്ടെത്തുന്നതിനും പിഴ ഈടാക്കി അവരെ

പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുമായി ഈ സർക്കാർ ആരംഭിച്ച ഓപ്പറേഷൻ യെല്ലോയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 2022 സെപ്റ്റംബർ മാസം മുതൽ ഡിസംബർ മാസം വരെ ഓപ്പറേഷൻ യെല്ലോയിലൂടെ ഓരോ വിഭാഗത്തിലും അനർഹമാണെന്ന് കണ്ടെത്തി പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയ കാർഡുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) സംസ്ഥാനത്തെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും മുൻഗണനാ കാർഡ് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി 15480040 അംഗങ്ങൾ എന്ന് കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ജനസംഖ്യ പ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി പരിമിതമായതിനാൽ ആയത് വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അടുത്ത സെൻസസിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ മുൻഗണനാ പരിധി വർദ്ധിപ്പിക്കുന്നത് പരിഗണിക്കാനാകുവെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്.

പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അർഹരെ ഉൾപ്പെടുത്താനാകും എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡേറ്റയുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തുന്നു
2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന
3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന
4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന
5. തുടർച്ചയായി മൂന്നുമാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ.
6. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നതുവഴിഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ദൃശ്യശ്രവ്യ മാധ്യമങ്ങൾ വഴിയും റേഷൻകടകൾ വഴിയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തൽ
7. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി Operation Yellow എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിച്ച് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്.

2009-നശേഷം പുതുക്കിയ ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിക്കാത്തതിനാൽ അർഹരായവർക്ക് മുൻഗണനാ പട്ടികയിൽ അവസരം ഉറപ്പാക്കുന്നതിനായി 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്തതും നിലവിലെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലമനുസരിച്ച് ആനുകൂല്യത്തിന് അർഹമാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നവർക്കുകൂടി ക്ലേശഘടകങ്ങൾ കണക്കിലെടുത്ത് 20 മാർക്ക് നൽകി മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ ഒഴിവാക്കൽ മാനദണ്ഡത്തിൽ ഉൾപ്പെട്ടതും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയിൽ ഉൾപ്പെടാൻ യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ)നം. 319/2020/ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ

കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

(സി) കൂടുതൽ മുൻഗണനാ കാർഡുകൾ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നോ; വിശദമാക്കുമോ;

(ഡി) പുതുക്കിയ സെൻസസ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ മുൻഗണനാ കാർഡുകൾ അനുവദിക്കുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

(സി&ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി 15480040 അംഗങ്ങൾ എന്ന് കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. 2011-ലെ സെൻസസിനെ അടിസ്ഥാനമാക്കി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മുൻഗണനാ പരിധിയിൽ സംസ്ഥാനത്തിൽനിന്നും 46.34 ശതമാനം ജനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 2011-നുശേഷം സെൻസസ് നടന്നിട്ടില്ല. ആധാർ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം സംസ്ഥാനത്തിന്റെ ജനസംഖ്യ 3,53,30,888 ആയി ഉയർന്നിട്ടുള്ളതിനാലും റേഷനിംഗ് മേഖലയിൽ സംസ്ഥാനം 100% ആധാർ സീഡിംഗ്

കൈവരിച്ചിട്ടുള്ളതും പരിഗണിച്ച് വർദ്ധിച്ച ജനസംഖ്യയ്ക്കനുസൃതമായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധിയും ഭക്ഷ്യധാന്യ വിഹിതവും വർദ്ധിപ്പിച്ച് നൽകുന്നതിന് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരവധി തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അടുത്ത സെൻസസിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആയത് പരിഗണിക്കാനാകൂ എന്നാണ് കേന്ദ്രം വ്യക്തമാക്കിയിട്ടുള്ളത്.

**കാസർഗോഡ് ജില്ലയിലെ എ.പി.എൽ., ബി.പി.എൽ., എ.എ.വൈ. കാർഡുകൾ**

256 (2209) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര റേഷൻ കാർഡുടമകളുണ്ടെന്നും ഇതിൽ എ.പി.എൽ., ബി.പി.എൽ., എ.എ.വൈ. കാർഡുകൾ എത്രയെന്നും വ്യക്തമാക്കാമോ?

ആകെ കാർഡുടമകൾ - 339690

പൊതുവിഭാഗം -193917

പി.എച്ച്.എച്ച്. -114482

എ.എ.വൈ. -31291

(ബി) പ്രസ്തുത ജില്ലയിൽ എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള അപേക്ഷകളിൽ എത്രയെണ്ണം നിലവിൽ പരിഗണിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

3392.

**അനർഹമായ മുൻഗണനാ റേഷൻകാർഡുകൾ സറണ്ടർ ചെയ്യുന്നതിനുള്ള അവസരം**

257 (2210) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹമായ മുൻഗണനാ റേഷൻകാർഡുകൾ സറണ്ടർ ചെയ്യുന്നതിന് ഇപ്പോൾ അവസരമുണ്ടോ; ഇല്ലെങ്കിൽ ഇതിനായി ഒരു അവസരംകൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

അനർഹർക്ക് സ്വമേധയാ കാർഡ് സറണ്ടർ ചെയ്യുന്നതിനുള്ള അവസരം ഇപ്പോഴുമുണ്ട്. എന്നാൽ പിഴ ഈടാക്കും. 01-06-2021 മുതൽ 31-03-2022 വരെയുള്ള 10 മാസക്കാലയളവിൽ അനർഹമായ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയിട്ടും അത് പ്രയോജനപ്പെടുത്താതെ 31-03-2022-നുശേഷം സ്വമേധയാ സറണ്ടർ ചെയ്യുന്നവരിൽനിന്നും പിഴ ഈടാക്കി വരുന്നുണ്ട്. പിഴ കൂടാതെ കാർഡുകൾ

സറണ്ടർ ചെയ്യുന്നതിന് വീണ്ടും അവസരം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിൽ ഇത്തരത്തിൽ എത്ര കാർഡുകളാണ് സറണ്ടർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ?

കൊയിലാണ്ടി താലൂക്ക് - 2127 കാർഡുകൾ

താമരശ്ശേരി താലൂക്ക് - 2009 കാർഡുകൾ

**റേഷൻ കട അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ**

258 (2211) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ തുറശ്ശേരി മുക്കിൽ റേഷൻ കട അനുവദിക്കുന്നതിന് മുന്നാരാജ് എന്ന വ്യക്തി സമർപ്പിച്ച അപേക്ഷ തീർപ്പാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷ എന്നാണ് ലഭിച്ചതെന്നും ആയത് തീർപ്പാകാത്തതിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റേഷൻ കട അനുവദിക്കുന്നതിനെതിരെയുള്ള പരാതി

തീർപ്പായാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂവെന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) തുറശ്ശേരി മുക്കിൽ റേഷൻ കട അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 15-03-2022-ൽ ലഭ്യമായ അപേക്ഷയിന്മേൽ ജില്ലാ സപ്ലൈ ഓഫീസറുടെ റിപ്പോർട്ട് വ്യക്തമല്ലാത്തതിനാൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത കട അനുവദിക്കുന്നതിനെതിരെ ലഭ്യമായ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലപ്പുഴ മണ്ഡലത്തിൽ ബി.പി.എൽ., എ.പി.എൽ. കാർഡുകളുടെ എണ്ണം**

259 (2212) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ എത്ര ബി.പി.എൽ., എ.എ.വൈ. കാർഡുകൾ നിലവിലുണ്ടെന്നതിന്റെ വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനം | എ.എ.വൈ. കാർഡുകളുടെ എണ്ണം | പി.എച്ച്.എച്ച്. കാർഡുകളുടെ എണ്ണം |
|---|---|---|
| ആര്യാട് പഞ്ചായത്ത് | 479 | 4226 |
| മണ്ണഞ്ചേരി പഞ്ചായത്ത് | 778 | 7662 |
| മാരാരിക്കുളം സൗത്ത് പഞ്ചായത്ത് | 937 | 3030 |
| ആലപ്പുഴ മുനിസിപ്പാലിറ്റി | 1414 | 10516 |
| **ആകെ** | **3608** | **25434** |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മണ്ഡലത്തിൽ എത്ര എ.പി.എൽ. കാർഡുടമകളാണ് ബി.പി.എൽ. കാർഡ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരവും തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനം | ലഭിച്ച അപേക്ഷകൾ | മുൻഗണന കാർഡിലേയ്ക്ക് പരിവർത്തനം ചെയ്തത് |
|---|---|---|

| | | |
|---|---|---|
| ആര്യാട് പഞ്ചായത്ത് | 844 | 716 |
| മണ്ണഞ്ചേരി പഞ്ചായത്ത് | 1022 | 814 |
| മാരാരിക്കുളം സൗത്ത് പഞ്ചായത്ത് | 1113 | 887 |
| ആലപ്പുഴ മുനിസിപ്പാലിറ്റി | 1964 | 1164 |
| **ആകെ** | **4943** | **3581** |

(സി) പ്രസ്തുത മണ്ഡലത്തിൽ ബി.പി.എൽ. കാർഡ് എ.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയുടെ നിലവിലെ സ്ഥിതി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ അറിയിക്കാമോ?

| **തദ്ദേശസ്വയംഭരണ സ്ഥാപനം** | **ലഭിച്ച അപേക്ഷകൾ** | **പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയത്** |
|---|---|---|
| ആര്യാട് പഞ്ചായത്ത് | 87 | 80 |
| മണ്ണഞ്ചേരി പഞ്ചായത്ത് | 110 | 110 |
| മാരാരിക്കുളം സൗത്ത് പഞ്ചായത്ത് | 44 | 44 |
| ആലപ്പുഴ മുനിസിപ്പാലിറ്റി | 463 | 463 |

| | | |
|---|---|---|
| **ആകെ** | **704** | **697** |

**ഇരിക്കൂറിലെ പുതിയ റേഷൻ കടകൾ**

260 (2213) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ മാറ്റി സ്ഥാപിക്കുന്നതിനുമായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം വിശദമാക്കുമോ;

(ബി) ഏതൊക്കെ പ്രദേശങ്ങളിൽ നിന്നാണ് അപേക്ഷകൾ ലഭ്യമായിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

(എ&ബി) പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനായി നടുവിൽ പഞ്ചായത്ത്, ഉളിക്കൽ പഞ്ചായത്ത്, ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റി എന്നിവയിൽനിന്ന് യഥാക്രമം ലഭിച്ച 3 അപേക്ഷകളിന്മേൽ നടുവിൽ ഗ്രാമപഞ്ചായത്തിലെ പോത്തുംകുണ്ട് എന്ന പ്രദേശത്ത് പുതിയ റേഷൻകട അനുവദിച്ച് 08-11-2021-ൽ സ.ഉ.(സാധാ)നം.441/2021/ഭ.പൊ.വി.വ

പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ റേഷൻ കടയ്ക്കായി ഉളിക്കൽ പഞ്ചായത്ത്, ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റി എന്നിവയിൽനിന്ന് ലഭിച്ച അപേക്ഷകളിന്മേൽ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നിലവിലുള്ളവ മാറ്റിസ്ഥാപിക്കുന്നതിനായി അപേക്ഷകളൊന്നുംതന്നെ ലഭ്യമായിട്ടില്ല.

**സെർവർ തകരാറുകൾ പരിഹരിക്കാൻ നടപടി**

261 (2214) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെർവർ തകരാറുണ്ടാകുന്ന സന്ദർഭങ്ങളിൽ പൊതുജനങ്ങൾക്ക് റേഷൻ സാധനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് റേഷൻകടകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

റേഷൻ വിതരണവുമായി ബന്ധപ്പെട്ട സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ അനുബന്ധ ഏജൻസികളായ NIC ടീം, IT മിഷൻ, UIDAI എന്നിവരുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റേഷൻ

കടകളുടെ പ്രവർത്തനസമയം പുനഃക്രമീകരിച്ചുകൊണ്ട് സംസ്ഥാനത്തെ ഏഴ് ജില്ലകളിലെ റേഷൻകടകൾ രാവിലെയും ശേഷിക്കുന്ന ഏഴ് ജില്ലകളിലെ കടകൾ ഉച്ചയ്ക്കുശേഷവും പ്രവർത്തിച്ച് റേഷൻ വിതരണം തടസ്സം കൂടാതെ നടത്തുന്നുണ്ട്.

(ബി) സെർവർ തകരാറുകൾ സ്ഥായിയായി പരിഹരിക്കാൻ എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സാങ്കേതിക തടസങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് NIC ടീം, IT മിഷൻ, UIDAI എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA)സെർവറിൽ ഉണ്ടാകുന്ന നെറ്റ്‌വർക്ക് എറർ കാരണം റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി NIC-യുടെ (AUA) സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് രണ്ട് ഓതന്റിക്കേഷൻ യൂസർ ഐ.ഡി. നിലവിൽ വരികയും ബയോമെട്രിക് ഓതന്റിക്കേഷൻ സുഗമമാകുകയും തുടർന്ന് റേഷൻ വിതരണം തടസം കൂടാതെ നടത്തുന്നതിന് സാധിക്കുകയും ചെയ്യും.

(സി) നിലവിൽ നോൺ പ്രയോറിറ്റി സബ്സിഡി, നോൺ പ്രയോറിറ്റി നോൺ സബ്സിഡി വിഭാഗക്കാർക്ക് സംസ്ഥാന സർക്കാർ

സബ്സിഡിയോടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനാൽ ഇ-പോസ് മെഷീനിൽ രണ്ട് പ്രാവശ്യം ബയോമെട്രിക് ഓതന്റിഫിക്കേഷൻ നടത്തി രണ്ട് തരം ബില്ലുകൾ നൽകുന്നത് ഒഴിവാക്കി ഒരു ഓതന്റിഫിക്കേഷൻ നടത്തി ഒറ്റ ബിൽ നൽകുന്ന രീതി അവംലംബിക്കുന്നത് പൊതുജനങ്ങൾക്കും റേഷൻ വ്യാപാരികൾക്കും ഒരു പരിധി വരെ സമയം ലാഭിക്കാനും ബുദ്ധിമുട്ടുകൾ കുറയ്ക്കാനും സാധിക്കുമെന്നതിനാൽ ഇക്കാര്യം പരിശോധിക്കാമോ?

രണ്ട് പ്രാവശ്യം ഓതന്റിക്കേഷൻ നടത്തി NFSA, STATE എന്നിങ്ങനെ രണ്ട് ബില്ലിംഗിലൂടെ റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തെത്തുടർന്ന് NIC സ്വീകരിച്ചിട്ടുള്ള നടപടിയാണ്.

**സ്മാർട്ട് റേഷൻ കട പദ്ധതി**

262 (2215) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ കടകളെയാണ് സ്മാർട്ട് റേഷൻ കടകളാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് എല്ലാ ജില്ലകളിൽ നിന്നുമായി 73 റേഷൻ കടകളെയാണ് സ്മാർട്ട് റേഷൻ കടകളാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. ചുവടെ പറയും പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള കടകളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

1. കടയുടെ വിസ്തീർണ്ണം - കുറഞ്ഞത് 300 ചതുരശ്ര അടി

2. ടി പദ്ധതിയിൽ പങ്കാളികളാകാൻ സ്വമേധയാ വരുന്നവർ

3. റേഷൻകടകളുടെ 02 KM ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത സ്ഥലങ്ങൾ.

(ബി) എല്ലാ റേഷൻ കടകളെയും സ്മാർട്ട് റേഷൻ കടകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ആദ്യഘട്ടത്തിൽ 73 റേഷൻകടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ പൂർത്തീകരണത്തിനുശേഷം മറ്റ് റേഷൻകടകളുടെ കാര്യം ഘട്ടംഘട്ടമായി പരിശോധിക്കും.

**റേഷൻകടകളിൽ ഫോർട്ടിഫൈഡ് റൈസ് വിതരണം**

263 (2216) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളിൽ പുഴക്കലരിക്ക് പകരം ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

രാജ്യത്തെ സ്ത്രീകളിലും കുട്ടികളിലും പൊതുവായി കാണപ്പെടുന്ന അനീമിയ തുടങ്ങിയ രോഗങ്ങളുടെ പ്രധാന കാരണം ആഹാരത്തിലെ പോഷക കുറവാണെന്നതിനാൽ ആയത് പരിഹരിക്കുന്നതിലേയ്ക്കായി രാജ്യത്തെ റേഷൻ കടകളിലൂടെ സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യുന്ന പദ്ധതി കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്നു. 2024 മാർച്ചോടുകൂടി കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ പൊതുവിതരണ ശൃംഖല വഴി ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഫോർട്ടിഫൈഡ് റൈസ് കൊണ്ടുള്ള ഗുണദോഷങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്നും അരി കഴുകുമ്പോൾ അതിലെ പോഷകാംശം നഷ്ടപ്പെടുമോയെന്നും അറിയിക്കുമോ?

തലാസീമിയ, സിക്കിൾസെൽ അനീമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരിയുടെ ഉപയോഗം ദോഷകരമാകുമെന്ന ആശങ്കയെത്തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം

നടത്തുന്നതിനായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായും അഡീഷണൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ (പബ്ലിക്ക് ഹെൽത്ത്) കൺവീനറായും വിദഗ്ധരുടെ ഒൻപത് അംഗ സമിതി ആരോഗ്യ വകുപ്പിന്റെ 31-01-2023-ലെ GO(Rt)No.233/2023/H&FWD ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഫോർട്ടിഫൈഡ് അരി കഴുകുമ്പോൾ അതിലെ പോഷകാംശം നഷ്ടപ്പെടുകയില്ലെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

(സി) നിലവിലെ റേഷൻ അരിയുടെ വിലയെക്കാൾ അധിക വില ഇതിന് നൽകേണ്ടി വരുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ സമ്പുഷ്ടീകരിച്ച അരിക്ക് അധിക വില നൽകേണ്ടി വരുന്നില്ല.

## പ്രവർത്തനരഹിതമായ റേഷൻ കടകൾ തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി

264 (2217) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റദ്ദ് ചെയ്തതോ പ്രവർത്തനം നിർത്തിയതോ ആയ റേഷൻ കടകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ

എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പ്രവർത്തനം നിർത്തിയതും സ്ഥിരമായി റദ്ദ് ചെയ്തതുമായ 599 റേഷൻ കടകൾക്ക് ലൈസൻസി നിയമനത്തിനായി ആദ്യ ഘട്ടത്തിൽ വിജ്ഞാപനം നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാം ഘട്ടത്തിൽ ഫയൽ തീർപ്പാക്കൽ അദാലത്തുമായി ബന്ധപ്പെട്ട് ലഭ്യമായ 686 കേസുകളിൽ നടപടിക്രമങ്ങൾ പാലിച്ച് ലൈസൻസ് പുനഃസ്ഥാപിച്ച് നൽകാൻ കഴിയുമോയെന്ന് പരിശോധിച്ച് ആയതിനനുസൃതമായി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) റേഷൻ കടകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കാൻ തീരുമാനിക്കുകയും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് ഐ.ടി. സേവനങ്ങൾ, 5,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും മിൽമ ഉൽപ്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ, സപ്ലൈകോയുടെ

ശബരി ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനവും "കെ-സ്റ്റോർ" എന്ന പദ്ധതിയിലൂടെ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**താൽക്കാലിക ലൈസൻസിന് പകരം സ്ഥിരം ലൈസൻസ്**

265 (2218) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താൽക്കാലിക ലൈസൻസിന്റെ അടിസ്ഥാനത്തിൽ വർഷങ്ങളായി റേഷൻ കടകൾ നടത്തിവരുന്ന തൊഴിലാളികൾക്ക് സ്ഥിരം ലൈസൻസ് നൽകുന്നതിനും അതിലൂടെ തൊഴിലാളികളുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ലെ ഖണ്ഡിക 36(1) പ്രകാരം 6 മാസമാണ് താൽക്കാലിക ലൈസൻസികൾക്കുള്ള നിയമന കാലാവധിയെന്നും ടി ഉത്തരവിലെ ഖണ്ഡിക 36(2) പ്രകാരം ടി ലൈസൻസികൾക്ക് സ്ഥിര ലൈസൻസ് ലഭിക്കുന്നതിന് ഒരു അവകാശവാദവും ഉന്നയിക്കാൻ അനുവാദമില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നിലവിൽ വന്ന സമയത്ത് കേരള റേഷനിംഗ് ഓർഡർ, 1966 പരിഷ്കരണം,

റേഷൻകട നവീകരണം എന്നീ കാരണങ്ങളാൽ സ്ഥിര ലൈസൻസി നിയമനം നിർത്തിവച്ചിരുന്നതിനാൽ താൽക്കാലിക ലൈസൻസിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ ലൈസൻസ് കാലാവധി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പല പ്രാവശ്യം നീട്ടി നൽകുകയും തുടർന്ന് ടി കടകളുടെ പ്രവർത്തനത്തിൽ തൽസ്ഥിതി തുടരുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 പ്രകാരം താത്കാലിക ലൈസൻസികളെ ഒഴിവാക്കുന്നതിന് തടസ്സങ്ങളൊന്നുമില്ലെങ്കിലും അപ്രകാരമുള്ളവരിൽ പലരുടെയും ഏക ജീവനോപാധി റേഷൻ കടയാണെന്നത് പരിഗണിച്ചും വർഷങ്ങളായി ടി മേഖലയിലുള്ള അവരുടെ സേവനത്തെ മുൻനിർത്തിയും സ്ഥിരം ലൈസൻസ് അനുവദിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

**റേഷൻകട ലൈസൻസി ഒഴിവുകൾ നികത്തൽ**

266 (2219) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ എസ്.സി./എസ്.ടി. സംവരണ പ്രകാരം എത്ര റേഷൻകട ലൈസെൻസി ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

പട്ടികജാതി സംവരണ വിഭാഗത്തിൽ 13 കടകൾക്കും പട്ടികവർഗ്ഗ സംവരണ വിഭാഗത്തിൽ ഒരു കടയ്ക്കുമാണ് ഒഴിവുകളുണ്ടായിരുന്നത്. പ്രസ്തുത കടകളുടെ ലൈസൻസി നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിൻപ്രകാരം 3 കടകളിൽ ലൈസൻസി നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിലെ ഒഴിവുകൾ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ആയത് നികത്താൻ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) സംവരണ പ്രകാരമുള്ള ഒഴിവുകളിൽ ലൈസൻസി നിയമനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(സി&ഡി) റേഷൻ കടകളുടെ ലൈസൻസി നിയമനത്തിനായി കണ്ടെത്തിയ ഒഴിവുകൾ നികത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ ലഭിച്ചതിൽ ആയഞ്ചേരി, പുറമേരി പഞ്ചായത്തുകളിലെ അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ടി പഞ്ചായത്തുകൾ ഒഴികെയുള്ളവയിലെ സെയിൽസ്മാൻമാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് സമർപ്പിച്ച സാഹചര്യത്തിൽ, ടി കേസിന്റെ അന്തിമ വിധിക്കനുസൃതമായി മാത്രമേ തുടർനടപടികൾ സാധ്യമാകുകയുള്ളൂ.

**റേഷൻ കടകളിലെ അളവ്-തൂക്ക സംവിധാനങ്ങളുടെ പരിശോധന**

267 (2220) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകടകളിൽ അളവ് തൂക്ക വെട്ടിപ്പ് നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുസംബന്ധിച്ച എത്ര പരാതികളാണ് ആകെ ലഭിച്ചിട്ടുള്ളത്; ഇതിൽ നടപടി പൂർത്തിയാക്കിയിട്ടുള്ള പരാതികളുടെ എണ്ണം എത്ര; വിശദാംശം നൽകുമോ?

ലഭ്യമായ 12 പരാതികളിന്മേൽ 5 എണ്ണത്തിൽ നടപടി പൂർത്തികരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 7 പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം അളവ് തൂക്ക തട്ടിപ്പ് കേസുകളിൽ ഉൾപ്പെടുന്ന

കടയുടമകൾക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉപഭോക്താക്കൾക്ക് കൃത്യമായ അളവിൽ റേഷൻ വിഹിതം നൽകാത്ത കടയുടമകൾക്കെതിരെ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം 6 മാസം മുതൽ ഒരു വർഷം വരെ ലൈസൻസ് താത്കാലികമായി സസ്പെന്റ് ചെയ്യുക, ദുരുപയോഗം ചെയ്ത സാധനങ്ങളുടെ കമ്പോള നിരക്കിലെ വില ഈടാക്കുക, ജാമ്യസംഖ്യയുടെ 50% ഈടാക്കുക തുടങ്ങിയ ശിക്ഷാ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ഡി) റേഷൻ കടകളിലെ അളവ് തൂക്ക സംവിധാനങ്ങൾ പരിശോധിക്കുന്നതിന് പൊതുവിതരണ വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

റേഷൻ കടകളിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസിന്റെ കാര്യക്ഷമത പരിശോധിക്കുന്നത് ലീഗൽ മെട്രോളജി വകുപ്പാണ്. കടകളിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ ഇലക്ട്രോണിക് ത്രാസ് ലീഗൽ മെട്രോളജി വകുപ്പ് മുദ്രണം ചെയ്തതാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

(ഇ) ഇതിനായി ഓരോ തലത്തിലും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഈ ഉദ്യോഗസ്ഥർ കടകളിൽ പരിശോധനകൾ നടത്തുന്നത് എപ്പോഴെല്ലാമാണ്; വിശദമാക്കുമോ?

റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ആഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമേ വിജിലൻസ് ആഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ഭക്ഷ്യ കമ്മീഷൻ, കൂടാതെ സംസ്ഥാനതല പരിശോധനാസംഘവും പരിശോധന നടത്തുന്നുണ്ട്. എല്ലാ റേഷനിംഗ് ഇൻസ്പെക്ടർമാരും അവരുടെ ഫർക്കയിലെ എല്ലാ റേഷൻ കടകളും താലൂക്ക് സപ്ലൈ ഓഫീസർമാർ താലൂക്കിലെ ആകെ കടകളുടെ എണ്ണത്തിന്റെ 30% വീതവും ജില്ലാ സപ്ലൈ ആഫീസർമാർ ജില്ലയിലെ ആകെ റേഷൻ കടകളുടെ എണ്ണത്തിന്റെ 20% വീതവും 2 മാസത്തിലൊരിക്കലും പരിശോധന നടത്തിവരുന്നു.

**റേഷൻകട വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങൾ മെച്ചപ്പെട്ടതാക്കാൻ നടപടി**

268 (2221) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റേഷൻകട വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങൾ ഗുണനിലവാരമുള്ളതും മെച്ചപ്പെട്ടതുമാക്കാൻ നടപടികൾ

സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഓരോ മാസവും വിതരണത്തിനുമുമ്പ് എഫ്.സി.ഐ.-യിൽനിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ. അധികാരികളുടെ സാന്നിധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, റീജീയണൽ മാനേജർ, സപ്ലൈകോ ചുമതലപ്പെടുത്തുന്ന ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണത്തിന് ലോട്ട് മാർക്ക് ചെയ്യുന്നത്. എഫ്.സി.ഐ.-യിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 17-12-2021-ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറും എഫ്.സി.ഐ. ജനറൽ മാനേജറും ചേർന്ന് ഒപ്പുവച്ച സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രോസീജറിൽ ഗുണനിലവാരവും അളവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 20-04-2022-ലെ സർക്കുലർ നം.8/2022 പ്രകാരം പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരമുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് എല്ലാ താലൂക്കുകളിലും റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ സപ്ലൈ ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥരുൾപ്പെടുന്ന

പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഗോഡൗണുകളിൽനിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേന്മ ബോധ്യപ്പെട്ട് റേഷൻ കടകളിൽ ഇറക്കേണ്ട ഉത്തരവാദിത്വം എ.ആർ.ഡി. ലൈസൻസികൾക്കുണ്ട്. മോശമായ ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം എൻ.എഫ്.എസ്.എ. ഗോഡൗണുകളുമായി ബന്ധപ്പെട്ട് അവ മാറ്റി നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്നും റേഷൻ കടകളിൽനിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് FIFO തത്വം പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## റേഷൻ വ്യാപാരികളുടെ കമ്മീഷൻ

269 (2222) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്ക് ലഭിക്കേണ്ട കമ്മീഷൻ യഥാസമയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇല്ല. 2022 ഡിസംബർ വരെയുള്ള കമ്മീഷൻ അനുവദിച്ചുനൽകിയിട്ടുണ്ട്. 2023 ജനുവരി മാസത്തെ കമ്മീഷൻ

അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 'കെ-സ്റ്റോർ' പദ്ധതി

270 (2223) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ-സ്റ്റോർ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാര പ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കാൻ തീരുമാനിച്ചതിന്റെ ആദ്യ ഘട്ടമായാണ് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമെ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗംകൂടിയാണ് കെ-സ്റ്റോർ പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

നിലവിൽ എല്ലാ ജില്ലകളിൽ നിന്നുമായി 73 റേഷൻ കടകളെയാണ്

തെരഞ്ഞെടുത്തിട്ടുള്ളത്. കെ-സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. "കെ-സ്റ്റോർ" പദ്ധതിയുടെ ഭാഗമായി പൊതുജന സേവന കേന്ദ്രങ്ങൾ, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന, 5,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉൽപ്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവയുടെ വിപണനം നടത്തുന്നതിനുള്ള സംവിധാനവും കെ-സ്റ്റോറുകളിലൂടെ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി പദ്ധതിയുടെ ഭാഗമായി ഐ.ഒ.സി., മിൽമ എന്നിവരുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

## സൗത്ത് പല്ലാറിൽ പുതിയ റേഷൻ ഷോപ്പ്

271 (2224) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ തിരുനാവായ പഞ്ചായത്തിലെ സൗത്ത് പല്ലാറിൽ പുതിയ റേഷൻ ഷോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നിലവിൽ റേഷൻ ഷോപ്പിൽ എത്തുന്നതിന് തറനിരപ്പിൽനിന്നും എട്ടടിയോളം താഴ്ചയിൽ ഡബിൾ ലൈൻ റെയിൽപ്പാത മുറിച്ചുകടക്കേണ്ടിവരുന്നത് അപകടങ്ങൾക്ക് ഇടയാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റെയിൽപാത മുറിച്ചുകടക്കേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപകടം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സൗത്ത് പല്ലാറിൽ പുതിയ റേഷൻ ഷോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പാറശ്ശാല മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻകടകളുടെ പ്രവർത്തനം**

272 (2225) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻകടകളുടെ പ്രവർത്തനം ഏതൊക്കെ സ്ഥലങ്ങളിലുണ്ടെന്നതിന്റെ വിശദാംശം അറിയിക്കാമോ?

അമ്പൂരി പഞ്ചായത്തിലെ പുരവിമല, കൊമ്പെ, പിയണിപ്പാറ, കണ്ണമാംമൂട്, തെന്മല, വെല്ലി, തേക്കുംമൂട് തുടങ്ങിയ ആദിവാസി ഊരുകളിൽ 'സഞ്ചരിക്കുന്ന റേഷൻകട' പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിലെ മുഴുവൻ ആദിവാസി ഊരുകളിലും ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ സാധിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

അമ്പൂരിയിലെ എല്ലാ ആദിവാസി ഊരുകളിലും 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി പ്രകാരം അർഹതപ്പെട്ട റേഷൻ സാധനങ്ങൾ യഥാസമയം ലഭ്യമാക്കിവരുന്നുണ്ട്. വനമേഖലയിലെ അപകടകരമായ സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി പ്രൊമോട്ടർമാരുടെ സഹകരണത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർ ഊരുകളിൽ നേരിട്ടെത്തി പരാതിക്കിടവരാതെ റേഷൻ വിതരണം നടത്തിവരുന്നു. ഇപ്രകാരം അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ഓരോ കാർഡുടമയ്ക്കും ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്.

(സി) മണ്ഡലത്തിലെ ആദിവാസി ഊരുകളിലേയ്ക്ക് ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ നിലവിൽ ഏത് വാഹനമാണ് ഉപയോഗിക്കുന്നതെന്നും

ആയതിന്റെ ചെലവുകൾ ആരാണ് വഹിക്കുന്നതെന്നും വിശദമാക്കാമോ?

മണ്ഡലത്തിലെ ആദിവാസി ഊരുകളിലേയ്ക്ക് ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ നിലവിൽ ഉപയോഗിക്കുന്ന സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ വാടകയും കയറ്റിറക്കുകൂലി ഉൾപ്പെടെയുള്ള ചെലവും പൊതുവിതരണ വകുപ്പാണ് വഹിക്കുന്നത്.

(ഡി) സഞ്ചരിക്കുന്ന റേഷൻകട പദ്ധതിക്കായി എം.എൽ.എ.-മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത്തരത്തിൽ വാങ്ങുന്ന വാഹനങ്ങളുടെ ഇന്ധനം, ഡ്രൈവറുടെ ശമ്പളം, മെയിന്റനൻസ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ എന്നിവ ഏത് രീതിയിൽ നിർവ്വഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

(ഡി&ഇ) പരിശോധിച്ചുവരുന്നു.

**പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന സമ്പുഷ്ടീകൃത അരി**

273 (2226) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് പൊതുവിതരണ ശൃംഖലയിലൂടെ സമ്പുഷ്ടീകൃത അരി

മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂവെന്ന് കേന്ദ്രസർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

രാജ്യത്തെ സ്ത്രീകളിലും കുട്ടികളിലും പൊതുവായി കാണപ്പെടുന്ന അനീമിയ തുടങ്ങിയ രോഗങ്ങളുടെ പ്രധാന കാരണം ആഹാരത്തിലെ പോഷകക്കുറവാണെന്നതിനാൽ ആയതു പരിഹരിക്കുന്നതിലേയ്ക്കായി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 2024 മാർച്ചോടുകൂടി രാജ്യത്തെ മുഴുവൻ പൊതുവിതരണ ശൃംഖലകൾ മുഖേനയും സമ്പുഷ്ടീകൃത അരി വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അരി സമ്പുഷ്ടീകരിക്കുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

അരിപ്പൊടിയിൽ അയൺ, ഫോളിക് ആസിഡ്, വിറ്റാമിൻ ബി 12 എന്നീ സൂക്ഷ്മ പോഷകങ്ങൾ ചേർത്ത് അരിമണി രൂപത്തിലാക്കിയതാണ് ഫോർട്ടിഫൈഡ് റൈസ് കേർണൽസ് (FRK). 100 കിലോ അരിയിൽ ഒരു കിലോ ഫോർട്ടിഫൈഡ് റൈസ് കേർണൽസ് ചേർത്താണ് അരി സമ്പുഷ്ടീകരിക്കുന്നത്.

(സി) കേന്ദ്രസർക്കാരിന്റെ പ്രസ്തുത വ്യവസ്ഥ പ്രകാരം സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയിലൂടെ സമ്പുഷ്ടീകൃത അരി മാത്രമാണോ വിതരണം

ചെയ്യുന്നത്; അല്ലെങ്കിൽ അപ്രകാരം വിതരണം ചെയ്യാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

സംസ്ഥാനത്ത്, ആസ്പിരേഷണൽ ജില്ലയായി കേന്ദ്ര സർക്കാർ തെരഞ്ഞെടുത്ത, വയനാട് ജില്ലയിൽ മാത്രമാണ് നിലവിൽ സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സമ്പുഷ്ടീകരിച്ച അരിയോടൊപ്പം പച്ചരിയും കേരളത്തിലെ കർഷകരിൽനിന്നും നെല്ല് ശേഖരിച്ച് ലഭ്യമാക്കുന്ന കുത്തരിയും വിതരണം ചെയ്യുന്നുണ്ട്. മറ്റ് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയിട്ടില്ല.

(ഡി) കേന്ദ്രസർക്കാരിന്റെ ഈ വ്യവസ്ഥ ഇളവ് ചെയ്യണമെന്ന് സംസ്ഥാനം ആവശ്യപ്പെടുകയുണ്ടായോ; വ്യക്തമാക്കുമോ;

(ഇ) എങ്കിൽ അപ്രകാരം ആവശ്യപ്പെടുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(ഡി&ഇ) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സി.എം.ആർ. (Custom Milled Rice) പോഷക സമ്പുഷ്ടമായതിനാൽ സംസ്ഥാനത്തിനെ പ്രസ്തുത പദ്ധതിയിൽനിന്നും ഒഴിവാക്കണമെന്ന് 05-04-2022-ലെ അർദ്ധ ഔദ്യോഗിക കത്ത് നം.4731102/ഡി3/2020/ഭപൊവിവ മുഖേന കേന്ദ്ര സർക്കാരിനോട്

ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് പരിഗണിക്കപ്പെട്ടില്ല. തുടർന്ന്, റേഷൻ കടകൾ മുഖാന്തരം വിതരണം ചെയ്യുന്നതിനായി നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകരിൽനിന്നും സംഭരിച്ച് പ്രോസസ് ചെയ്ത കുത്തരി ഗോഡൗണുകളിൽ വിതരണത്തിനായി സംഭരിച്ച് കഴിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത അരി വിതരണം നടത്തിയില്ലെങ്കിൽ നശിച്ചുപോകാൻ ഇടയുള്ളതും ആയത് വലിയ സാമ്പത്തിക നഷ്ടം ഉളവാക്കുമെന്നുള്ളതിനാലും സമ്പുഷ്ടീകരിക്കുന്നതിന് കൂടുതൽ സമയം ആവശ്യമുള്ളതിനാലും കേരളത്തിൽ ഇത്തരത്തിൽ അരി സമ്പുഷ്ടീകരിക്കുന്നതിന് ഒരു ബ്ലൻഡിംഗ് യൂണിറ്റ് മാത്രമേയുള്ളൂ എന്നതിനാലും സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സി.എം.ആർ. സമ്പുഷ്ടീകരിക്കുന്നതിൽ നിന്നും കേരളത്തെ 2023 മാർച്ച് മാസം വരെയെങ്കിലും ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി 24-11-2022 ലെ അർദ്ധ ഔദ്യോഗിക കത്ത് നം. ഡി3/19/2022/ഭപൊവിവ മുഖേന കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഭക്ഷ്യധാന്യങ്ങൾ മുടങ്ങാതെ വിതരണം ചെയ്യുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ

274 (2227) <u>ശ്രീ. പി. നന്ദകുമാർ</u>:
<u>ശ്രീ. മുരളി പെരുനെല്ലി</u>:
<u>ശ്രീ. പി. വി. അൻവർ</u>:
<u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-

പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രത നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം റേഷൻ കാർഡുകളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിനുമുമ്പും ശേഷവുമുള്ള റേഷൻകാർഡുകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി അനുവദിച്ചിട്ടുള്ള റേഷൻ കാർഡുകൾ പ്രകാരം റേഷൻ വിതരണം ചെയ്യുന്നതിന് ഭക്ഷ്യധാന്യങ്ങൾ പര്യാപ്തമായ അളവിൽ ലഭ്യമാകുന്നുണ്ടോ; വിശദമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിനുമുമ്പ് അധിക വിഹിതമുൾപ്പെടെ ശരാശരി 16 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം പ്രതിവർഷം ലഭ്യമായിരുന്നെങ്കിലും നിലവിൽ 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം മാത്രമാണ് ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് അനുവദിക്കപ്പെട്ടിട്ടുള്ളത്. മുൻഗണനാ (എ.എ.വൈ., പി.എച്ച്.എച്ച്.) വിഭാഗത്തിനുമാത്രമായി അനുവദിക്കപ്പെട്ടിട്ടുള്ള പ്രസ്തുത വിഹിതത്തിൽ, നിലവിലെ വിതരണത്തോത് അനുസരിച്ച് 10.25 ലക്ഷം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മെ.ടൺ ധാന്യം ടി വിഭാഗത്തിന് വേണ്ടിവരുന്നതാണ്. ബാക്കിയുള്ള ടൈഡ് ഓവർ വിഹിതമായ 4 ലക്ഷത്തോളം മെ.ടൺ ഭക്ഷ്യധാന്യമുപയോഗിച്ചാണ് മുൻഗണനേതര വിഭാഗത്തിന് നൽകിവരുന്നത്. നിലവിലുള്ള ടൈഡ് ഓവർ വിഹിതം മുൻഗണനേതര വിഭാഗത്തിന് പര്യാപ്തമല്ല.

(സി) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് ഭക്ഷ്യധാന്യങ്ങൾ മുടങ്ങാതെ വിതരണം ചെയ്യുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സമയബന്ധിതമായി അലോട്ട്മെന്റ് നൽകി, ഭക്ഷ്യധാന്യങ്ങളുടെ വില മുൻകൂറായി എഫ്.സി.ഐ.-ൽ ഒടുക്കി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യേണ്ട മാസത്തിനുമുമ്പുതന്നെ വിട്ടെടുപ്പ് പൂർത്തിയാക്കുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ ഇപ്രകാരം വിട്ടെടുപ്പ് നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാകാതെ വന്നാൽ എഫ്.സി.ഐ.-യിൽനിന്നും കേന്ദ്രസർക്കാരിൽനിന്നും സമയപരിധി ദീർഘിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും വിട്ടെടുപ്പ് പൂർത്തിയാക്കുകയും ചെയ്യുന്നുണ്ട്. റേഷൻ വിതരണം ഇ-പോസ് മുഖേനയായതിനാൽ സാങ്കേതികമായി എന്തെങ്കിലും തടസ്സമുണ്ടാകുന്ന പക്ഷം ആയത് സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി

സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി നിലവിൽ എല്ലാ ജില്ലകളിലും സമയക്രമീകരണം നടത്തി റേഷൻ വിതരണം നടത്തിവരുന്നു.

## റേഷൻ വിതരണ പ്രതിസന്ധി

275 (2228) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പുഷ്ടീകരിച്ച അരി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് തയ്യാറാണെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് കേന്ദ്രസർക്കാരാണ്. ആയതിനാൽ ഭക്ഷ്യധാന്യ വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുന്ന നിബന്ധനകൾ പാലിക്കാൻ സംസ്ഥാന സർക്കാരുകൾ ബാധ്യസ്ഥരാണ്. ടി സാഹചര്യത്തിൽ കുത്തരി (സി.എം.ആർ.) സമ്പുഷ്ടീകരിക്കുന്നതിന് ആവശ്യമായ ചെലവ് കേന്ദ്ര സർക്കാർ വഹിക്കുന്നപക്ഷം പൊതുവിതരണ സമ്പ്രദായത്തിലൂടെ സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യാൻ തയ്യാറാണെന്ന്

കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) സമ്പുഷ്ടീകരിച്ച ഭക്ഷ്യധാന്യംമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സിവിൽ സപ്ലൈസ് വകുപ്പ് സമ്പുഷ്ടീകരിച്ച അരിയുടെ ഗുണദോഷങ്ങൾ പഠന വിധേയമാക്കിയിട്ടില്ല. എന്നാൽ തലാസീമിയ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരിയുടെ ഉപയോഗം ദോഷകരമാകുമെന്ന ആശങ്കയെത്തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ചെയർമാനായും അഡീഷണൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ (പബ്ലിക് ഹെൽത്ത്) കൺവീനറായും വിദഗ്ദ്ധരുടെ ഒൻപതംഗ സമിതി ആരോഗ്യ വകുപ്പ് 31-01-2023-ലെ G.O.(Rt)No.233/2023/H&FWD ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(സി) റേഷൻ വിതരണത്തിനായി എഫ്.സി.ഐ. ഗോഡൗണുകളിൽ എത്തിച്ചിട്ടുള്ള പുഴക്കലരി സമ്പുഷ്ടീകരിച്ചതാണോ; വിശദമാക്കാമോ?

വയനാട് ജില്ലയിൽ പൂർണ്ണമായും സമ്പുഷ്ടീകരിച്ച പുഴക്കലരിയാണ് വിതരണം നടത്തുന്നത്. കൂടാതെ പല ജില്ലകളിലും നോർമൽ പുഴക്കലരി ലഭ്യതയില്ലെന്നും ഫോർട്ടിഫൈഡ് പുഴക്കലരി മാത്രമേ ഇപ്പോൾ

ലഭിക്കുന്നുള്ളൂയെന്നും എഫ്.സി.ഐ.-യിൽനിന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) സാധാരണക്കാർക്ക് പുഴുക്കലരി കിട്ടാതാവുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; വിശദമാക്കാമോ?

2022 ജൂൺ മാസം വരെ എഫ്.സി.ഐ.-യിൽനിന്നും 50 ശതമാനത്തിനുമുകളിൽ പുഴുക്കലരി ലഭ്യമായിരുന്ന സ്ഥാനത്ത് 2022 ജൂലൈ മുതലുള്ള മാസങ്ങളിൽ ചില ജില്ലകളിൽ പുഴുക്കലരി ആവശ്യകതയ്ക്കനുസൃതമായി ലഭിക്കാതെ പച്ചരി കൂടുതലായി ലഭ്യമായ സാഹചര്യത്തിൽ അലോട്ട്മെന്റിന്റെ 50% പുഴുക്കലരി ലഭ്യമാക്കുന്നതിന് 24-11-2022, 23-12-2022 എന്നീ തീയതികളിൽ കേന്ദ്ര സർക്കാരിലേയ്ക്ക് കത്തുനൽകിയിരുന്നു. തുടർന്ന് സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം ആകെ അലോട്ട്മെന്റിന്റെ 50 ശതമാനം പുഴുക്കലരി ലഭ്യമാക്കുന്നതിന് എഫ്.സി.ഐ.-യ്ക്ക് നിർദ്ദേശം നൽകിയതായി കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(ഇ) റേഷൻകടകളിലെ യന്ത്രത്തകരാർമൂലം സംസ്ഥാനത്തെ റേഷൻ വിതരണം പ്രതിസന്ധിയിലായിരിക്കുന്നത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; പല താലൂക്കുകളിലും റേഷൻ വിതരണം രണ്ട് മണിക്കൂറായി പരിമിതപ്പെടുത്തിയിരിക്കുന്നതിന് പരിഹാരം കണ്ടെത്തുമോ;

വിശദമാക്കുമോ?

റേഷൻ വിതരണത്തിൽ ഭാഗികമായി ഉണ്ടാകുന്ന തടസ്സം പരിഹരിക്കുന്നതിലേക്കായി കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ ഓതന്റിക്കേഷൻ യൂസർ ഏജൻസി (AUA) സെർവർ കൂടാതെ അധികമായി NIC-യുടെ AUA സെർവർ ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആയത് കൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ളവയല്ല. ഈ സാഹചര്യത്തിൽ ഈ സെർവ്വറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പരിഹാരം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റേഷൻ വിതരണം 2 മണിക്കൂർ മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല. സമയക്രമീകരണം ഏർപ്പെടുത്തിയതുപ്രകാരം രാവിലെ പ്രവർത്തിക്കേണ്ട കടകൾ 8 മണി മുതൽ 1 മണിവരെയും ഉച്ചയ്ക്കുശേഷം പ്രവർത്തിക്കേണ്ടവ 2 മണി മുതൽ 7 മണിവരെയും

പ്രവർത്തിച്ചുവരുന്നു.

## റേഷൻ വിതരണത്തിലെ ക്രമക്കേട്

276 (2229) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് നൽകിവരുന്ന റേഷൻ വിതരണത്തിൽ ക്രമക്കേട് നടക്കുന്നതായുള്ള വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആദിവാസി വിഭാഗങ്ങൾക്ക് പൊതുവേ റേഷൻ വിതരണം സുഗമമായാണ് നടന്നുവരുന്നത്. എന്നാൽ കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ എ.ആർ.ഡി. 156-ൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ടി ഡിപ്പോയുടെ അംഗീകാരം സസ്പെന്റ് ചെയ്തു. ടി വിഷയത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വിജിലൻസിന്റെ അന്വേഷണം പുരോഗമിക്കുന്നു. സംസ്ഥാനത്ത് ആദിവാസികൾക്കുള്ള റേഷൻ വിതരണവുമായി ബന്ധപ്പെട്ട് മറ്റ് ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചില പ്രദേശങ്ങളിൽ ആദിവാസികൾക്ക് സൗജന്യമായി നൽകേണ്ട അരിക്ക് വില ഈടാക്കുന്നുവെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(സി) എങ്കിൽ ആദിവാസികൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കാൻ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് ആദിവാസികൾക്കായി പ്രത്യേക കർമ്മപദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(സി&ഡി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 വകുപ്പ് 30 പ്രകാരം ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബ്ബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽനിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻകട'. ടി പദ്ധതിക്ക് അർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ അപകടകരമായ സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ

നേരിട്ടെത്തി റേഷൻ വിതരണം നടത്തിവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന ഭക്ഷ്യ ഭദ്രതാ പരിപാടികൾ ഗോത്ര മേഖലയിൽ പൂർണ്ണമായ ഫലപ്രാപ്തിയിൽ നിർവ്വഹിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഗോത്രവർഗ്ഗ ജനതയെ തങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്നതിനും ഭക്ഷ്യഭദ്രതാ ആനുകൂല്യങ്ങൾ കൃത്യമായ ഗുണമേന്മയിലും അളവിലും അവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കേരളത്തിലുടനീളമുള്ള ഗോത്രവർഗ്ഗ മേഖലകളിൽ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ, 'ഭാസുര' എന്ന വനിതാ ഭക്ഷ്യ ഭദ്രതാ കൂട്ടായ്മ രൂപീകരിച്ച് അതിന്റെ കൺവീനർമാർക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

## പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടാൻ നടപടി

277 (2230) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരി ഉൾപ്പെടെയുള്ള ഭക്ഷ്യ സാധനങ്ങൾക്കുണ്ടായ വിലക്കയറ്റത്തിന് കാരണം വിപണിയിൽ സർക്കാരിന് ഫലപ്രദമായി

ഇടപെടാൻ കഴിയാത്തതിനാലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ;

(ബി) പൊതുവിപണിയിൽ ഏതെല്ലാം രീതിയിൽ ഇടപെടാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ പൊതു വിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെടൽ നടത്തുന്നുണ്ട്. സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി കഴിക്കുന്ന അരി FCI വഴി സംഭരിച്ച് റേഷൻകടകൾ വഴി വിതരണം ചെയ്യുതുവഴി സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതിമൂലം 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ ഔട്ട്ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ്) വഴി സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് നൽകിവരുന്നുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നുണ്ട്.

ഇതുകൂടാതെ തേയില, മല്ലിപ്പൊടി, മുളകുപൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉല്പന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ട്.

90 മെഡിക്കൽ സ്റ്റോറുകൾ വഴി അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവ് നൽകുന്നുണ്ട്. മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻ കടകളിലൂടെ എല്ലാ വിഭാഗം

കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

2022-ലെ ഓണക്കാലത്തും 8569583 ഭക്ഷ്യക്കിറ്റുകൾ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സൗജന്യമായി വിതരണം ചെയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27-08-2022 മുതൽ 07-09-2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.

സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ക്രിസ്തുമസ്

സീസണിൽ വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേക ക്രിസ്തുമസ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നു. ഇത്തവണ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ 22-12-2022 മുതൽ 02-01-2023 വരെയുള്ള കാലയളവിൽ പ്രത്യേക ക്രിസ്തുമസ് – പുതുവത്സര ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. 04-04-2022 മുതൽ 02-05-2022 വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലുള്ള എല്ലാ വിൽപ്പനശാലകളും വിഷു, ഈസ്റ്റർ, ഈദ്-ഉൽ ഫിതർ ഫെയറുകളായി പ്രവർത്തിച്ചു.

അരി വിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ 02-11-2022 മുതൽ 08-11-2022 വരെ 6 ദിവസത്തേക്ക് എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി

മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരി വണ്ടി'യുടെ സേവനം ക്രമീകരിച്ചത്. റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് ജില്ലാതലത്തിൽ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ചേരുകയും വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകളും നടത്താറുണ്ട്.

(സി) ഗുണനിലവാരമുള്ള അരിയും പലവ്യഞ്ജനങ്ങളും കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1600-ഓളം വരുന്ന വില്പനശാലകളിലേയ്ക്കാവശ്യമായ ജയ അരി, മട്ട അരി,

പച്ചരി, കുറുവ അരി, ചെറുപയർ, കടല, ഉഴുന്ന്, തുവരപ്പരിപ്പ്, വൻപയർ, മുളക്, മല്ലി, പഞ്ചസാര, പീസ് പരിപ്പ്, ജീരകം, കടുക്, ഉലുവ, ബിരിയാണി അരി, സുരേഖ അരി, ഗ്രീൻപീസ്, വെള്ളക്കടല, പിരിയൻമുളക്, റാഗി, മുതിര, ഇഡ്ഡലി അരി, ചെറുപയർ പ്രീമിയം, കടല പ്രീമിയം, പൊന്നി അരി, മസൂർദാൽ എന്നിവ ഉൾപ്പെടെയുള്ള 42 നിത്യോപയോഗ ഇനങ്ങൾ ഡിപ്പോയിലെ സ്ഥലസൗകര്യം, ഫണ്ടിന്റെ പര്യാപ്തത, കമ്പോള നിലവാരം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെണ്ടർ/ ഈ- ഓക്ഷൻ എന്നിവ മുഖേന വാങ്ങി വില്പനശാലകളിലൂടെ വിതരണം ചെയ്യുന്നുണ്ട്. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോടുകൂടിയ ഇ-ടെണ്ടർ മുഖാന്തരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞവിലയ്ക്ക് ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്താൻ സാധിക്കുന്നു. സപ്ലൈകോയുടെ ഗുണനിലവാര പരിശോധനാ വിഭാഗം ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തിയാണ് ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യുന്നത്.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നഷ്ടം

278 (2231) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരേ കരാറുകാരന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വ്യത്യസ്ത നിരക്കിൽ മുളകിന് പർച്ചേസ് ഓർഡർ നൽകിയ വകയിൽ കോർപ്പറേഷനുണ്ടായ നഷ്ടം എത്രയാണെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

സപ്ലൈകോ ഇ-ടെണ്ടർ നടത്തുന്നത് ഓരോ ഡിപ്പോയിലെയും ആവശ്യകത പ്രത്യേകം കണക്കാക്കിയാണ്. ഓരോ ഡിപ്പോയിലെയും ആവശ്യകത പരിഗണിച്ച് ആ ഡിപ്പോയിൽ സ്റ്റോക്ക് എത്തിച്ചുനൽകുന്നതിനുള്ള മൊത്തം ചെലവ് കണക്കാക്കിയാണ് വിതരണക്കാർ നിരക്ക് രേഖപ്പെടുത്തുന്നത്. വിവിധ വിതരണക്കാർ അവർക്ക് ലഭ്യമാക്കാവുന്ന അളവ്, അതിന്റെ വിതരണത്തിനുള്ള ചെലവ് എന്നിവ കണക്കാക്കി മത്സരാടിസ്ഥാനത്തിൽ വില രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിനാൽ വിവിധ ഡിപ്പോകളിൽ വിവിധ നിരക്കിലായിരിക്കും ഇപ്രകാരം നിരക്ക് രേഖപ്പെടുത്തുന്നത്. സെൻട്രൽ വിജിലൻസ് കമ്മീഷന്റെ നിബന്ധനകൾ അനുസരിച്ച് ഓരോ ഡിപ്പോയിലും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വിതരണക്കാരനാണ് വിതരണത്തിനായുള്ള കരാർ നൽകുന്നത്.

വിവിധ മേഖലകളിൽ മുളകിന് ലഭിച്ച കുറഞ്ഞ നിരക്കുകൾ (കി.ഗ്രാം) ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 218.57

കോട്ടയം - 217.62

എറണാകുളം - 216.23

പാലക്കാട് - 222.93

കോഴിക്കോട് - 235.89

ഗതാഗത ചെലവ്, വിതരണം ചെയ്യേണ്ട അളവ്, ഇറക്കുകൂലി മുതലായ ചെലവുകൾ അടിസ്ഥാനപ്പെടുത്തി വിവിധ ഡിപ്പോകളിൽ ചരക്ക് എത്തിക്കുന്നതിനുള്ള നിരക്കുകൾ വ്യത്യാസപ്പെട്ടിരിക്കും. അതുകൊണ്ട് വ്യത്യസ്ത നിരക്കുകൾ തമ്മിലുള്ള വ്യത്യാസം സപ്ലൈകോയുടെ നഷ്ടമായോ ലാഭമായോ കണക്കാക്കാൻ സാധിക്കില്ല.

(ബി) കരാർ പ്രകാരം നിശ്ചയിച്ച ഇനത്തിലുള്ള മുളക് തന്നെ ഡിപ്പോകളിൽ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

വിതരണക്കാർ ഡിപ്പോകളിൽ മുളകിന്റെ സ്റ്റോക്ക് എത്തിക്കുമ്പോൾ, നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം സമർപ്പിച്ച സാമ്പിൾ അനുസരിച്ചുള്ള

സ്റ്റോക്കാണെന്ന് സപ്ലൈകോയുടെ ക്വാളിറ്റി ഉദ്യോഗസ്ഥർ ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് സ്റ്റോക്ക് സ്വീകരിക്കുന്നത്.

(സി) സംസ്ഥാനം കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ പഴയ കമ്പനിയുടെ നിയന്ത്രണത്തിലുള്ള പുതിയ കമ്പനിക്ക് പർച്ചേസ് ഓർഡർ നൽകാൻ ഇടയായ സാഹചര്യം എന്തൊണെന്ന് അറിയിക്കാമോ?

വേലു ട്രേഡേഴ്സ് എന്ന സ്ഥാപനത്തെയാണ് മുളക് വിതരണത്തിൽ ക്രമക്കേട് കാണിച്ചതിന് സപ്ലൈകോ കരിമ്പട്ടികയിൽപ്പെടുത്തിയത്. സപ്ലൈകോയിൽ 10 വർഷത്തിലധികമായി വിതരണം നടത്തുന്ന ശ്രീ പൂർണ്ണ ചന്ദ്ര & കമ്പനി എന്ന വ്യത്യസ്ത ജി.എസ്.ടി. നമ്പരുള്ള സ്ഥാപനത്തിനാണ് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് മേഖലകളിൽ വിതരണത്തിനായുള്ള കരാർ നൽകിയത്. ശ്രീ പൂർണ്ണചന്ദ്ര & കമ്പനി, എസ്. പൂർണ്ണചന്ദ്ര റാവു എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരു പ്രോപ്രൈറ്റർഷിപ്പ് സ്ഥാപനമാണ്. വിതരണക്കാർ എന്ന നിലയ്ക്ക് ആവശ്യമായ എല്ലാ രേഖകളും (ജി.എസ്.ടി. സർട്ടിഫിക്കറ്റ്, FSSAI ലൈസൻസ്, എക്സ്പീരിയൻസ് ആദിയായവ) ഉണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് വിതരണക്കാരെ ടെണ്ടറിൽ പങ്കെടുപ്പിക്കുന്നതും അവരുമായി കരാറിൽ ഏർപ്പെടുന്നതും.

## കാസർഗോഡ് ജില്ലയിലെ ഓഫീസുകൾ

279 (2232) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും വിശദവിവരം നൽകാമോ; ഏതെല്ലാം ഓഫീസുകളും സ്ഥാപനങ്ങളും ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എത്രകാലമായി ഈ സ്ഥാപനങ്ങളും ഓഫീസുകളും പ്രവർത്തിക്കുന്നുണ്ടെന്നും ഇവിടങ്ങളിൽ അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും സ്ഥാപനവും ഓഫീസും തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+

(സി) ഈ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ നിലവിലുണ്ടെന്നും സ്ഥാപനവും ഓഫീസും തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാനന്തവാടിയിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ പെട്രോൾ പമ്പ്

280 (2233) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ സിവിൽ സപ്ലൈസ് വകുപ്പ് പ്രവർത്തനമാരംഭിക്കാൻ ഉദ്ദേശിക്കുന്ന പെട്രോൾ പമ്പിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) വയനാട് ജില്ലയിലെ മാനന്തവാടിയിൽ പെട്രോൾ ബങ്ക് ആരംഭിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽനിന്ന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ബിൽഡിംഗ് പെർമിറ്റും ലഭ്യമായിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പദ്ധതി പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

സപ്ലൈകോയും ഭാരത് പെട്രോളിയം കോർപ്പറേഷനും തമ്മിലുള്ള ലീസ് എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയായാലുടൻ ഭാരത്

പെട്രോളിയം കോർപ്പറേഷൻ പെട്രോൾ ബങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## റേഷൻ വ്യാപാരികൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തതിന് നൽകാനുള്ള കമ്മീഷൻ

281 (2234) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കിറ്റ് വിതരണം ചെയ്തതിന് സപ്ലൈകോ ജീവനക്കാർക്ക് സ്വർണ്ണം സമ്മാനമായി നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിന് എത്ര രൂപ ചെലവാകുമെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) റേഷൻ വ്യാപാരികൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തതിന് നൽകാനുള്ള കമ്മീഷൻ കൊടുത്തുതീർക്കാനുള്ളപ്പോൾ ഉദ്യോഗസ്ഥർക്ക് ഈ രീതിയിലുള്ള പാരിതോഷികം നൽകാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാർ ഇത്തരത്തിലൊരു തീരുമാനവുമെടുത്തിട്ടില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സപ്ലൈകോ എടുത്ത തീരുമാനം നടപ്പിലാക്കേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ

അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

റേഷൻ വ്യാപാരികൾക്ക് ഈ സാമ്പത്തിക വർഷത്തിൽ 2022 ഡിസംബർ മാസം വരെയുള്ള കമ്മീഷൻ അനുവദിച്ചുനൽകിയിട്ടുണ്ട്. 2023 ജനുവരി മാസത്തെ കമ്മീഷൻ അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ജനകീയ ഹോട്ടലുകൾ**

282 (2235) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് നിലവിൽ 1116 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി ലഭിക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) നിലവിലെ സാമ്പത്തിക വർഷത്തിൽ 30 കോടി രൂപ

സബ്സിഡി അനുവദിക്കുകയുണ്ടായി. കുടിശ്ശിക അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

## പൊതുവിപണിയിൽ നടത്തിയിട്ടുള്ള ഇടപെടൽ

283 (2236) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിന് പൊതുവിപണിയിൽ നടത്തിയിട്ടുള്ള ഇടപെടലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരളത്തിലെ പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെൽ നടത്തുന്നുണ്ട്. സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി കഴിക്കുന്ന അരി FCI വഴി സംഭരിച്ച് റേഷൻകടകൾ വഴി വിതരണം ചെയ്തുവഴി സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതിമൂലം 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ ഔട്ട്‌ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ്) വഴി സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് നൽകിവരുന്നുണ്ട്. ടി സബ്സിഡി പദ്ധതി 35 ലക്ഷത്തിലധികം കാർഡുടമകൾ

പ്രയോജനപ്പെടുത്തുന്നു.

സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നുണ്ട്.

ഇതുകൂടാതെ തേയില, മല്ലിപ്പൊടി, മുളകുപൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉല്പന്നങ്ങളും MRP/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ട്.

90 മെഡിക്കൽ സ്റ്റോറുകൾവഴി അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വില്പന

നടത്തുന്നുണ്ട്. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവ് നൽകുന്നുണ്ട്. കോവിഡ്-19 മഹാമാരിക്കാലത്ത് പൊതുജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിനുമായി മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻ കടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 2022-ലെ ഓണക്കാലത്തും 85,69,583 ഭക്ഷ്യക്കിറ്റുകൾ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ

ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27-08-2022 മുതൽ 07-09-2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.

സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ക്രിസ്തുമസ് സീസണിൽ വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേക ക്രിസ്തുമസ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നു. ഇത്തവണ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ 22-12-2022 മുതൽ 02-01-2023 വരെയുള്ള കാലയളവിൽ പ്രത്യേക ക്രിസ്തുമസ്-പുതുവത്സര ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.

04-04-2022 മുതൽ 02-05-2022 വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലുള്ള എല്ലാ വിൽപ്പനശാലകളും വിഷു, ഈസ്റ്റർ, ഈദ്-ഉൽ-ഫിതർ ഫെയറുകളായി പ്രവർത്തിച്ചു. അരി വിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ

മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ 02-11-2022 മുതൽ 08-11-2022 വരെ 6 ദിവസത്തേയ്ക്ക് എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരി വണ്ടി'-യുടെ സേവനം ക്രമീകരിച്ചത്. 1.31 ലക്ഷം കിലോ അരി അരിവണ്ടി മുഖേന വിതരണം ചെയ്തു. റേഷൻകടകൾവഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് ജില്ലാതലത്തിൽ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ചേരുകയും വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില

ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകളും നടത്താറുണ്ട്.

**ചെറുധാന്യ വർഷം പ്രമാണിച്ച് ചെറുധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി**

284 (2237) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര തലത്തിൽ 2023 ചെറുധാന്യ വർഷമായി ആചരിക്കുമ്പോൾ സംസ്ഥാനത്ത് ചെറുധാന്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ചെറുധാന്യ വർഷം പ്രമാണിച്ച് റേഷൻകട, മാവേലി സ്റ്റോർ എന്നിവ വഴി ചെറുധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ&ബി) 2022-2023 ചെറുധാന്യ വർഷമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റേഷൻ ഡിപ്പോകൾ വഴി NFSA ഉണഭോക്താക്കൾക്ക് ചെറുധാന്യ വിഭാഗത്തിൽപ്പെടുന്ന റാഗി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാരംഭഘട്ടമെന്ന നിലയിൽ

പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ മലയോര മേഖലയിലെ ഏകദേശം 948 കടകളിലെ കാർഡുകൾക്കും 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള ഒരു FPS മുഖേന ശരാശരി 500 കാർഡുകൾക്ക് റാഗി വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

സംസ്ഥാനത്തിന് ലഭിക്കുന്ന ഗോതമ്പ് ആട്ടയാക്കി മാറ്റുന്ന അതേ വ്യവസ്ഥകൾക്കനുസൃതമായി കർണ്ണാടകത്തിൽനിന്നും FCI മുഖേന ലഭ്യമാകുന്ന റാഗി പ്രോസസ്സ് ചെയ്ത് പൊടിയാക്കി 1 കിലോഗ്രാം പാക്കറ്റ് ആക്കി റേഷൻകടകൾവഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഉപഭോക്താക്കൾ ആവശ്യകത ഉന്നയിക്കുന്ന മാവേലി സ്റ്റോറുകൾ വഴിയും റാഗി ന്യായമായ വിലയ്ക്ക് വില്പന ചെയ്യുന്നുണ്ട്. കൂടാതെ, സ്കൂൾ കുട്ടികൾക്കിടയിലും അങ്കണവാടികളിലും റാഗിയുടെ ഉപയോഗം സംബന്ധിച്ച് പ്രചാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് വനിത-ശിശു വികസന, പൊതുവിദ്യാഭ്യാസ വകുപ്പുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ഉപഭോക്തൃ തർക്കപരിഹാര കമ്മീഷന്റെ പ്രവർത്തനം**

285 (2238) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ആൻസലൻ:

ശ്രീ. കെ. പ്രേംകുമാർ:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണിയിലെ ന്യായവില ഉറപ്പാക്കുന്നതിനും അളവുതൂക്കങ്ങളിലെ കൃത്രിമം തടയുന്നതിനും ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് വിപണിയിലെ ന്യായവില ഉറപ്പാക്കുന്നതിന് സപ്ലൈകോ മുഖേന 13 ഇനം നിത്യോപയോഗ സാധനങ്ങൾ 2016 മേയ് മാസത്തിനുശേഷം വില വർദ്ധിപ്പിക്കാതെ ലഭ്യമാക്കിവരുന്നു. മറ്റ് ഭക്ഷ്യസാധനങ്ങളും അവശ്യസാധനങ്ങളും FMCG ഉൽപ്പന്നങ്ങളും വിലക്കുറവിൽ ലഭ്യമാക്കിവരുന്നു. സൗജന്യ ഭക്ഷ്യകിറ്റ് വിതരണം, ഉത്സവകാലങ്ങളിലെ പ്രത്യേക ഫെയറുകൾ, അരിവണ്ടി തുടങ്ങിയ പദ്ധതികളിലൂടെ ന്യായവില ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. അളവുതൂക്കങ്ങളിലെ കൃത്രിമം തടയുന്നതിന് പരാതികളുടെ അടിസ്ഥാനത്തിൽ ലീഗൽ മെട്രോളജി വകുപ്പ് ആകെ 5019 പരിശോധനകൾ നടത്തുകയും കണ്ടെത്തിയ 1302 കേസുകളിലായി 30,92,000/- രൂപ രാജി ഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വിപണിയിലെ ന്യായവില ഉറപ്പാക്കുന്നതിനും അവശ്യവസ്തുക്കളുടെ വിലയുടെ

നിരീക്ഷണത്തിനും അവശ്യവസ്തുക്കളുടെ ലഭ്യതയും സംബന്ധിച്ച് നയശിപാർശകളിൽ സർക്കാരിന് സഹായം നൽകുന്നതിന് 'Price Monitoring Cell' പ്രവർത്തിച്ചുവരുന്നു. 14 ജില്ലകളിൽനിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ സഹായത്തോടെ ക്രോഡീകരിച്ച് ഓരോ മൂന്നുമാസം കൂടുന്തോറും സംസ്ഥാന സർക്കാർ തലത്തിൽ വിലയുടെ അവലോകനം നടത്തുന്നതിനുവേണ്ടി 'Price monitoring Cell'-ന്റെ യോഗംകൂടി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഉപഭോക്തൃ തർക്കപരിഹാര കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം, തീർപ്പാക്കുന്ന കേസുകളുടെ എണ്ണം, ശരാശരി കാലതാമസം എന്നിവ പ്രതിമാസ റിപ്പോർട്ടായി ശേഖരിക്കുന്നുണ്ട്. ആയത് വിശകലനം ചെയ്ത് കാലതാമസമുണ്ടാകാതെയും ഫലപ്രദമായും പരിഹരിക്കുന്നതിനുള്ള തുടർനിർദ്ദേശങ്ങൾ നൽകുകയും കമ്മീഷനുകൾക്കുള്ള ഭൗതിക, മാനവശേഷി എന്നിവ ഉറപ്പാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) ഉപഭോക്താക്കളെ കബളിപ്പിക്കുന്ന തരത്തിൽ നിയമലംഘനം നടത്തുന്നവരെ കണ്ടെത്തി നിയമം അനുശാസിക്കുന്ന ശിക്ഷ ഉറപ്പാക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉപഭോക്താക്കളെ കബളിപ്പിക്കുന്ന തരത്തിൽ നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് മുഖേന സംസ്ഥാന വ്യാപകമായി പരിശോധന നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. പായ്ക്കറ്റ് ഉൽപ്പന്നങ്ങൾക്ക് അമിതവില ഈടാക്കുന്നവർക്കെതിരെ ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) റൂൾസ്, 2011 പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. ഉപഭോക്താക്കൾ സമർപ്പിക്കുന്ന പരാതിയിൽ നടപടി സ്വീകരിക്കുന്ന നിലയിലാണ് നിലവിൽ ഉപഭോക്തൃ കമ്മീഷനുകൾ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പരിമിതി മറികടക്കുന്നതിനും പൊതുവിതരണ വകുപ്പ് മുഖേന പൊതുവിപണിയിൽ കാര്യക്ഷമമായി ഇടപെടുന്നതിനും ഒരു പുതിയ ചട്ടം രൂപീകരിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

## ലീഗൽ മെട്രോളജി വകുപ്പിന്റെ വിപണിയിലെ ഇടപെടൽ

286 (2239) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിപണിയിൽ വിൽക്കുന്ന സാധനങ്ങൾക്ക് പലതരത്തിൽ വില ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരിശോധനയിൽ ഇത്തരം ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതാണ്.

(ബി) കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ കൂടുതൽ ഇടപെടൽ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ലീഗൽ മെട്രോളജി വകുപ്പ് അനുശാസിക്കുന്ന നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിവരുന്നു. ഓണത്തോടനുബന്ധിച്ച് 01-09-2022 മുതൽ 07-09-2022 വരെ 7 ദിവസങ്ങളിലായി സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ വ്യാപാര സ്ഥാപനങ്ങളും പെട്രോൾ ഡിസ്പെൻസിംഗ് പമ്പുകളും പരിശോധിക്കുകയുണ്ടായി. മുദ്ര പതിപ്പിക്കാത്ത അളവ്/തൂക്ക ഉപകരണങ്ങൾ ഉപയോഗിച്ചത്, അമിതവില, വിലതിരുത്തൽ,

പാക്കേജ്ഡ് കമ്മോഡിറ്റികളിൽ നിർദ്ദിഷ്ട പ്രഖ്യാപനങ്ങൾ ഇല്ലാതിരുന്നത്, പാക്കർ രജിസ്ട്രേഷൻ ഇല്ലാത്തത് എന്നിവ സംബന്ധിച്ച് ലഭ്യമായ 40 പരാതികളിൽ സംസ്ഥാനത്തൊട്ടാകെ വ്യാപാര സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആകെ 4936 പരിശോധനകൾ നടത്തി ആകെ 1294 കേസുകൾ കണ്ടെത്തി. 30,73,000/- രൂപ രാജി ഫീസ് ഇനത്തിൽ ഈടാക്കി. കൂടാതെ, സംസ്ഥാനത്തെ പെട്രോൾ ഡിസ്പെൻസിംഗ് പമ്പുകൾക്കെതിരെ ലഭ്യമായ പരാതികളിൽ 83 പരിശോധനകൾ നടത്തി. ആകെ 8 കേസുകൾ കണ്ടെത്തുകയും 19,000/- രൂപ രാജി ഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) എല്ലാ വ്യാപാര സ്ഥാപനങ്ങളിലും വിലവിവരപട്ടികയും പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരുടെ പൊതുവിപണി പരിശോധനയിൽ വ്യാപാര സ്ഥാപനങ്ങളിൽ വിലവിവരപട്ടിക എഴുതി പ്രദർശിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുകയും പ്രദർശിപ്പിക്കാത്ത കടകളിൽ വിലവിവരപട്ടിക എഴുതി

പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, റേഷൻ കടകളിൽ അതത് ദിവസത്തെ സ്റ്റോക്ക് നിലവാരവും വിലവിവരവും എഴുതി പ്രദർശിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക്/വിലവിവരപട്ടിക റേഷൻ കടകളിൽ ഒരേ മാതൃകയിൽ എഴുതി പ്രദർശിപ്പിക്കുന്നുണ്ട്.

പൊതുജനങ്ങൾക്ക് ഉപഭോക്തൃ നിയമലംഘനവുമായി ബന്ധപ്പെട്ട തങ്ങളുടെ പരാതികൾ ലീഗൽ മെട്രോളജി വകുപ്പിൽ വകുപ്പ് അദ്ധ്യക്ഷന്റെ ഔദ്യോഗിക ഇ-മെയിൽ, കാൾ സെന്റർ, ഫെയ്സ് ബുക്ക്, സുതാര്യം മൊബൈൽ ആപ്പ് എന്നിവ വഴിയും പോസ്റ്റ് മുഖേനയും അറിയിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ ടേക്ക് എ ബ്രേക്ക് പദ്ധതി**

287 (2240) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ?

ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിൽ

നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **തദ്ദേശ സ്ഥാപനം** | **എണ്ണം** | **നിലവിലെ സ്ഥിതി** |
|---|---|---|
| ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി | 3 | 2 - പ്രോജക്ട് പൂർത്തീകരിച്ചു.<br>1 എസ്റ്റിമേറ്റ് തയ്യാറാക്കുന്നു |
| പൂഞ്ഞാർ | 2 | 1 പൂർത്തീകരിച്ചു |
| പൂഞ്ഞാർ തെക്കേക്കര | 4 | 3 പൂർത്തീകരിച്ചു.<br>1 പുരോഗമിക്കുന്നു |
| തിടനാട് | 2 | 2 പൂർത്തീകരിച്ചു |
| എരുമേലി | 2 | 1 പുരോഗമിക്കുന്നു |
| കൂട്ടിക്കൽ | 1 | 1 പൂർത്തീകരിച്ചു |
| കോരുത്തോട് | 1 | 1 പുരോഗമിക്കുന്നു |
| മുണ്ടക്കയം | 2 | 1 പൂർത്തീകരിച്ചു<br>1 പുരോഗമിക്കുന്നു |
| പാറത്തോട് | 1 | 1 പൂർത്തീകരിച്ചു |
| | **18** | |

**ജനകീയാസൂത്രണ പ്രക്രിയകൾ സുതാര്യമാക്കുന്നതിന് നടപടി**

288 (2241) <u>ശ്രീ. എം. രാജഗോപാലൻ</u>
<u>ശ്രീ. കെ. വി. സുമേഷ്</u>
<u>ശ്രീ. വി. ജോയി</u>
<u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയാസൂത്രണ പ്രക്രിയകൾ

സുതാര്യവും സുദൃഢവുമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പ്രക്രിയ സുതാര്യവും സുദൃഢവുമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലേയ്ക്ക് പിന്തുടരേണ്ട ആസൂത്രണ മാർഗ്ഗരേഖകളും സബ്സിഡി മാർഗ്ഗരേഖയും സമഗ്രമായി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. കേരളത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കി ഉല്പാദനം, ഉല്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുക, തൊഴിൽ സൃഷ്ടി ഉറപ്പാക്കുക, അതിജീവനക്ഷമത വർദ്ധിപ്പിക്കുക, ദാരിദ്ര്യം ഇല്ലാതാക്കുക, സാമൂഹ്യനീതിയും ലിംഗസമത്വവും ഉറപ്പാക്കുക, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, ജനസൗഹൃദ സദ്ഭരണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ പുരോഗതി എന്നിവ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിനും തൊഴിൽ സൃഷ്ടിക്കും സാമൂഹ്യ സുരക്ഷയ്ക്കും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജനകീയ കൂട്ടായ്മയിലൂടെ അതിദരിദ്രരെ കണ്ടെത്തി അവർക്കായി പ്രത്യേകം

മൈക്രോപ്ലാനുകൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സേവനങ്ങൾക്കായി ആഫീസുകളിൽ എത്താൻ കഴിയാത്തവർക്കായി അവർക്കാവശ്യമുള്ള അതിജീവന സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനായി വാതിൽപ്പടി സേവന പദ്ധതി നടപ്പിലാക്കുകയുണ്ടായി. കാര്യക്ഷമവും പ്രതികരണാത്മകവുമായി സദ്ഭരണം ഉറപ്പാക്കി ജനകീയാസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കി ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വർദ്ധിച്ച ഗുണമേന്മയിലും സമയബന്ധിതവുമായി ലഭിക്കുന്നതിന് ഈ-ഗവേണൻസ് അടക്കമുള്ള വിവര സാങ്കേതികവിദ്യയിലധിഷ്ഠിതമായ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരുക്കിവരുന്നു. ILGMS ഗ്രാമപഞ്ചായത്തുകളിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സേവന ഗുണനിലവാരം ISO മാനദണ്ഡ പ്രകാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേന ഓൺലൈൻ ഗ്രാമസഭകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അടിസ്ഥാന

യൂണിറ്റായി കണ്ട് നടപ്പിലാക്കുന്നതിനായി നവകേരളം കർമ്മ പദ്ധതി II-ന്റെ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കുകയുണ്ടായി.

(ബി) ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം എന്ന സമഗ്ര സോഫ്റ്റ്‌വെയർ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഗ്രാമപഞ്ചായത്തുകളിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്ന സോഫ്റ്റ്‌വെയറുകളെ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുക, പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ വഴി ലഭ്യമാക്കുക, 100 ശതമാനം പേപ്പർലെസ് ഓഫീസുകളായി ഗ്രാമപഞ്ചായത്തുകളെ മാറ്റുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി കേരളത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) നടപ്പാക്കിയിരിക്കുകയാണ്. സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനങ്ങൾ വിലയിരുന്നതിന് സംസ്ഥാന തലത്തിൽ ILGMS സ്റ്റേറ്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലങ്ങളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് മോണിറ്ററിംഗ് ഡാഷ്ബോർഡ് ലഭ്യമാക്കി പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. പെർഫോമൻസ് ഓഡിറ്റ്

യൂണിറ്റ് തലങ്ങളിലും മോണിറ്ററിംഗ് ഡാഷ്ബോർഡ് ലഭ്യമാക്കി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(സി) നിലവിൽ പ്രവർത്തിച്ചുവരുന്ന സേവന സോഫ്റ്റ്‌വെയറിൽനിന്നും വ്യത്യസ്തമായി എന്തെല്ലാം സൗകര്യങ്ങളാണ് ഇതിൽ ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ജനന-മരണ-വിവാഹ രജിസ്ട്രേഷൻ നടപടികൾ രേഖപ്പെടുത്തുന്നതിനായി ഓഫ്‌ലൈനായി പഞ്ചായത്തുകളിൽ പ്രവർത്തിച്ചുവന്നിരുന്ന സോഫ്റ്റ്‌വെയറാണ് സേവന രജിസ്ട്രേഷൻ. രജിസ്ട്രേഷൻ നടപടികൾക്കുശേഷം സിംക്രണൈസേഷൻകൂടി നടത്തുന്ന മുറയ്ക്ക് മാത്രമേ പൊതുജനങ്ങൾക്ക് സാക്ഷ്യപത്രങ്ങൾ ഓൺലൈനായി ലഭ്യമായിരുന്നുള്ളൂ. നിലവിൽ പ്രവർത്തിച്ചുവരുന്ന സേവന സിവിൽ രജിസ്ട്രേഷനിൽ ILGMS-മായി ബന്ധിപ്പിച്ചിട്ടുണ്ട്. സേവന പെൻഷൻ സോഫ്റ്റ്‌വെയർ നിലവിലുള്ള രീതിയിൽത്തന്നെ തുടർന്നുവരുന്നു. ILGMS ഏർപ്പെടുത്തിയതോടെ, രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായാലുടൻതന്നെ വിവരങ്ങൾ ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമായിവരുന്നു. ഓൺലൈനായി അപേക്ഷിക്കാനുള്ള സൗകര്യവും ILGMS-ന്റെ സിറ്റിസൺ സർവ്വീസ് പോർട്ടലിൽ (CSP) ലഭ്യമാണ്.

(ഡി) ഫയലുകൾ വെബ് ബേസ്ഡ് ആകുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ ഗുണകരവും കാര്യക്ഷമവും പൗര സൗഹൃദവുമായി മാറുമെന്നും അതുവഴി കൂടുതൽ സുതാര്യത കൈവരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. വെബ് ബേസ്ഡ് ആകുന്നതോടെ സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്നതിനും സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനും തുകയൊടുക്കുന്നതിനും സാധിക്കുന്നതാണ്. ഫയലുകൾ വെബ് ബേസ്ഡായി മാറുന്നതോടെ ഓഫീസുകൾ പൂർണ്ണമായും പേപ്പർലെസ്സായി മാറുന്നതാണ്. മാത്രമല്ല, ജനങ്ങൾക്ക് യഥാസമയത്തെ ഫയലിന്റെ സ്ഥിതി, പെർഫോമൻസ് ഓഡിറ്റ് തലം മുതൽ സംസ്ഥാന തലം വരെയുള്ള മോണിട്ടറിംഗ്, ഫയൽ വ്യൂ, ഫയലുകൾ നഷ്ടപ്പെടാനോ, പൂഴ്ത്തിവയ്ക്കപ്പെടാനോ ഉള്ള സാധ്യതകൾ ഇല്ലാതാകൽ, 24 മണിക്കൂറും സേവനങ്ങൾ ലഭ്യമാക്കൽ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമായതിനാൽ തദ്ദേശസ്വയംഭരണ കാര്യാലയങ്ങളും അവ നൽകുന്ന സേവനങ്ങളും പൂർണ്ണമായും സുതാര്യമാകുന്ന തരത്തിലുള്ള നേട്ടമാണ് കൈവരിക്കാൻ സാധിക്കുന്നത്. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ മുഖേനയുള്ള ധനസഹായം ഓൺലൈൻ സംവിധാനങ്ങളിലൂടെ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്മിറ്റി തീരുമാനങ്ങൾ സകർമ്മ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്ത് സൂക്ഷിക്കുന്നു. ആയത് പൊതുജനത്തിന് ഓൺലൈൻ ആയി ലഭ്യമാണ്. ആയത് ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും കാര്യക്ഷമവും പൗരസൗഹൃദവുമായി മാറ്റുകയും നടപടിക്രമങ്ങൾ സുതാര്യമാക്കുകയും ചെയ്യുന്നു.

**ലൈഫ് ഭവന പദ്ധതി - പട്ടികജാതി - പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ**

289 (2242) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ എത്രപേർക്ക് വീട് ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

31-01-2023 വരെ 322922 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ

വിഭാഗങ്ങളിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

81226 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും 35881 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും സഹായം ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട എത്ര പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കാമോ?

9498 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**അജൈവ-ഇലക്ട്രോണിക് മാലിന്യങ്ങളുടെ സുരക്ഷിത നിർമ്മാർജ്ജനം**

290 (2243) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിനും സുരക്ഷിത നിർമ്മാർജ്ജനത്തിനും കുടുംബശ്രീയെ ഉൾപ്പെടുത്തിക്കൊണ്ട് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അജൈവ മാലിന്യ സംസ്കരണത്തിന് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ കുടുംബശ്രീയുടെ

ഭാഗമായി രൂപീകരിക്കുന്ന ഹരിത കർമ്മസേന വഴി ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ സംഭരിച്ച്, തരംതിരിച്ച് റീസൈക്ലിംഗിനായി കൈമാറുന്നതിനും പുനഃചംക്രമണ സാധ്യത ഇല്ലാത്തവ ഷ്രെഡ്ഡ് ചെയ്ത് പി.ഡബ്ല്യു.ഡി./തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നതിനുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചുവരുന്നു. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, ബെയ്ലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അജൈവമാലിന്യ പരിപാലനത്തിനായി 1181 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 195 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ശുചിത്വ മിഷൻ, ക്ലീൻകേരള കമ്പനി എന്നിവരുടെ സാങ്കേതിക സഹായം നൽകിവരുന്നുണ്ട്.

(ബി) ഗാർഹിക മേഖലകളിൽ ഉണ്ടാകുന്ന ഹാനികരമായ ഇലക്ട്രോണിക് മാലിന്യങ്ങളുടെ (ഇ-വേസ്റ്റ്) സുരക്ഷിത നിർമ്മാർജ്ജനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഗാർഹിക മേഖലകളിൽനിന്നുമുള്ള ഇലക്ട്രോണിക് മാലിന്യങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നേരിട്ടും ക്ലീൻ കേരള കമ്പനി ശേഖരിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ശേഖരണത്തിനായി കലണ്ടർ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇ-വേസ്റ്റ് മാനേജ്മെന്റ് ഹാൻഡ്ലിംഗ് റൂൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ 17-10-2017-ലെ സ.ഉ. (ആർറ്റി) നം. 3326/2017/ത.സ്വ.ഭ.വ., 17-02-2021-ലെ സ.ഉ. (ആർറ്റി) നം. 479/2019 ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം ക്ലീൻ കേരള കമ്പനി നടത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വ്യവസായ സ്ഥാപനങ്ങളിൽനിന്നും 2022 ഡിസംബർ മാസം വരെ 1980 ടണ്ണിൽ അധികം ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം നടത്തി, മൂല്യവർദ്ധിത സേവനമെന്ന നിലയിൽ ആപൽക്കരമായ മാലിന്യത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ് ലൈറ്റുകൾ, സി.എഫ്.എൽ., പ്രിന്റർ കാർട്രിഡ്ജുകൾ, സി.ഡി., പൊട്ടിയ മോണിറ്ററുകൾ, ബൾബുകൾ എന്നിവ പ്രത്യേകമായി ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യുന്നുണ്ട്. 210 മെട്രിക് ടൺ അപകടകരമായ മാലിന്യം ശേഖരിച്ച് സംസ്കരിക്കുകയുണ്ടായി.

## നഗരസഭകളിലെ സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായുള്ള നടപടികൾ

291 (2244) ശ്രീ. പി. കെ. ബഷീർ
ഡോ. എം. കെ. മുനീർ
ശ്രീ. എൻ. ഷംസുദ്ദീൻ
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ നികുതി വെട്ടിപ്പ്, ഫണ്ട് തിരിമറി, ബാങ്കിൽ നിക്ഷേപിച്ച പണം തട്ടിപ്പ് എന്നിവ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരം ക്രമക്കേടുകൾ പരിശോധിക്കുന്നതിന് നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ?

നിലവിലെ സംവിധാനങ്ങളിൽ പോരായ്മകളുണ്ട്.

(സി) ഇത്തരം ക്രമക്കേടുകൾ തടയുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പോരായ്മകൾ പരിഹരിക്കുന്നതിലേയ്ക്കായി നഗരസഭയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി K-SMART എന്ന സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുള്ളതാണ്. അതോടൊപ്പം നഗരസഭകളുടെ ട്രാൻസാക്ഷൻ ബാങ്കിൽ നിശ്ചിത ഇടവേളകളിൽ Reconciliation നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട അപേക്ഷകൾ**

292 (2245) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭൂവിനിയോഗ ഉത്തരവിന്റെയും തണ്ണീർത്തട സംരക്ഷണ നിയമം തുടങ്ങിയവയുടെയും പരിധിയിൽപ്പെടുന്ന ഭൂമി പ്രശ്നങ്ങളുള്ള എത്ര അപേക്ഷകൾ പാലക്കാട് ജില്ലയിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് നിലവിലുണ്ട്; അതിൽ എസ്.സി.-എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവരുടെ എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ?

ഭൂമി പ്രശ്നങ്ങളുള്ള 99 അപേക്ഷകളാണ് നിലവിലുള്ളത്. അതിൽ എസ്.സി. വിഭാഗക്കാരുടെ 71 അപേക്ഷകളും എസ്.ടി. വിഭാഗത്തിലുള്ളവരുടെ ഒരു അപേക്ഷയുമാണ് നിലവിലുള്ളത്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിച്ച് ഭവന നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ലൈഫ് മിഷനുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ ലഭ്യമാകുന്ന

അപേക്ഷകൾ റവന്യൂ ഡിവിഷണൽ ഓഫീസ് മുഖാന്തരം പ്രത്യേക പരിഗണന നൽകി നിയമപരമായി തീർപ്പാക്കുന്നതിന് ജില്ലാ തലത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്.

**വീടുകൾ പുനരുദ്ധരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള ആനുകൂല്യം**

293(2246) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ജീർണ്ണാവസ്ഥയിലായ വീടുകൾ പുനരുദ്ധരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ആനുകൂല്യം ലഭിക്കുന്ന പദ്ധതികൾ നിലവിലുണ്ടോ; അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതുമൂലം പൊതുവിഭാഗത്തിൽപ്പെട്ട ആളുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് 28-05-2022-ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗത്തിന് മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കുന്നതിന് 75,000/- രൂപയും വീട്

വാസയോഗ്യമാക്കുന്നതിന് 1,00,000/- രൂപയും വകയിരുത്തി പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതാണ്.

(സി) പൊതുവിഭാഗത്തിൽപ്പെട്ട ആളുകൾക്കും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ പൊതുവിഭാഗം കുടുംബങ്ങളുടെ ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ പുനരുദ്ധാരണത്തിനായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**കണ്ണൂർ ജില്ലയിലെ ലൈഫ് ഭവന പദ്ധതി**

294(2247) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെയായി എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്?

31-01-2023 വരെ 322922 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ ഇതുവരെയായി എത്ര വീടുകൾ പൂർത്തീകരിച്ചു?

31-01-2023 വരെ 6789 വീടുകൾ പൂർത്തീകരിച്ചു.

(സി) കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്?

31-01-2023 വരെ 473 വീടുകൾ പൂർത്തിയായിട്ടുണ്ട്.

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള ലിസ്റ്റിൽ എത്ര ഗുണഭോക്താക്കൾ നിലവിലുണ്ട്?

ലൈഫ് 2020 ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ ലിസ്റ്റിൽ 1157 ഗുണഭോക്താക്കളും ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ 539 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്.

## പാറശ്ശാല മണ്ഡലത്തിൽ നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ

295 (2248) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമവും പ്രസ്തുത പദ്ധതികൾക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശം

ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിക്കായി വകയിരുത്തിയ വിഹിതം സംസ്ഥാന എംപവേഡ് കമ്മിറ്റി നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുന്നു. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് നബാർഡാണ്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ഡി.പി.ആർ.-കൾ ഗ്രാമവികസന വകുപ്പ് സൂക്ഷ്മപരിശോധന നടത്തി സർക്കാരിന് സമർപ്പിക്കുന്നു. സർക്കാർ അത് പരിശോധിച്ച് നബാർഡിന്റെ അനുമതിക്കായി നൽകുന്നു. അംഗീകാരം ലഭിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഗ്രാമവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹണം നടത്തുന്നു.

(ബി) ഏതെല്ലാം മേഖലകളിലാണ് നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ?

പ്രധാനമായും 3 മേഖലകളിലാണ് നബാർഡ് സാമ്പത്തിക

സഹായത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്.

1) കൃഷിയും അനുബന്ധ വിഭാഗങ്ങളും

2) സാമൂഹിക വിഭാഗം

3) ഗ്രാമീണ ഗതാഗത സൗകര്യങ്ങൾ

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല മണ്ഡലത്തിൽ അനുവദിച്ച പ്രസ്തുത പദ്ധതികളുടെ വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല മണ്ഡലത്തിൽ നബാർഡ് സാമ്പത്തിക സഹായത്തോടെ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

(ഡി) ഈ നിയോജകമണ്ഡലത്തിൽ പരിഗണനയിലുള്ള നബാർഡ് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കമോ?

2022-23 വർഷം, നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് അലോക്കേഷൻ ലഭിച്ചില്ല. ആയതിനാൽ നിലവിൽ, പാറശ്ശാല മണ്ഡലത്തിൽ പരിഗണനയിലുള്ള നബാർഡ് പദ്ധതികളൊന്നുംതന്നെയില്ല.

## **സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കുടുംബശ്രീ ജനകീയ ഹോട്ടലുകളുടെ എണ്ണം**

296 (2249) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ജനകീയ ഹോട്ടലുകളുടെ എണ്ണം പഞ്ചായത്ത്/ജില്ല തിരിച്ച് ലഭ്യമാക്കാമോ?

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ജനകീയ ഹോട്ടലുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ജനകീയ ഹോട്ടലുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 96 |
| 2 | കൊല്ലം | 64 |
| 3 | ആലപ്പുഴ | 78 |
| 4 | പത്തനംതിട്ട | 45 |
| 5 | കോട്ടയം | 82 |
| 6 | ഇടുക്കി | 50 |
| 7 | എറണാകുളം | 96 |
| 8 | തൃശ്ശൂർ | 91 |
| 9 | പാലക്കാട് | 99 |
| 10 | മലപ്പുറം | 140 |
| 11 | കോഴിക്കോട് | 109 |
| 12 | വയനാട് | 28 |
| 13 | കണ്ണൂർ | 92 |
| 14 | കാസർഗോഡ് | 46 |

(ബി) പ്രസ്തുത ഹോട്ടലുകളിൽ നൽകുന്ന ഭക്ഷണത്തിന് എത്ര രൂപ

ഈടാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്?

ജനകീയ ഹോട്ടലുകളിൽ ഇരുന്ന് കഴിക്കുന്ന ഊണിന് 20/- രൂപയും പാഴ്സലിന് 25/- രൂപയും ഈടാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി) പ്രസ്തുത ഹോട്ടലുകൾക്ക് സബ്സിഡി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകുന്നത്; ഏതുമാസം വരെ ഈ തുക നൽകിയിട്ടുണ്ട്; എന്നുമുതൽ കുടിശ്ശികയായിട്ടുണ്ട്?

ഒരു ഊണിന് 10/- രൂപ സബ്സിഡി നൽകിവരുന്നു.

| ക്രമ നം. | ജില്ല | സബ്സിഡി നൽകിയിട്ടുള്ള മാസം | കുടിശ്ശികയായ മാസം |
|---|---|---|---|
| 1 | തിരുവനന്തപുരം | 2022 മേയ് | 2022 ജൂൺ മുതൽ |
| 2 | കൊല്ലം | 2022 ആഗസ്റ്റ് | 2022 സെപ്റ്റംബർ മുതൽ |
| 3 | ആലപ്പുഴ | 2022 ആഗസ്റ്റ് | 2022 സെപ്റ്റംബർ മുതൽ |
| 4 | പത്തനംതിട്ട | 2022 സെപ്റ്റംബർ | 2022 ഒക്ടോബർ മുതൽ |
| 5 | കോട്ടയം | 2022 ആഗസ്റ്റ് | 2022 സെപ്റ്റംബർ മുതൽ |
| 6 | ഇടുക്കി | 2022 ആഗസ്റ്റ് | 2022 സെപ്റ്റംബർ മുതൽ |
| 7 | എറണാകുളം | 2022 മാർച്ച് | 2022 ഏപ്രിൽ മുതൽ |
| 8 | തൃശ്ശൂർ | 2022 ജൂലൈ | 2022 ആഗസ്റ്റ് മുതൽ |
| 9 | പാലക്കാട് | 2022 ജൂലൈ | 2022 ആഗസ്റ്റ് മുതൽ |
| 10 | മലപ്പുറം | 2022 ആഗസ്റ്റ് | 2022 സെപ്റ്റംബർ മുതൽ |
| 11 | കോഴിക്കോട് | 2022 ആഗസ്റ്റ് | 2022 സെപ്റ്റംബർ മുതൽ |
| 12 | വയനാട് | 2022 ജൂലൈ | 2022 ആഗസ്റ്റ് മുതൽ |
| 13 | കണ്ണൂർ | 2022 ജൂൺ | 2022 ജൂലൈ മുതൽ |
| 14 | കാസർഗോഡ് | 2022 ജൂലൈ | 2022 ആഗസ്റ്റ് മുതൽ |

(ഡി) കുടിശ്ശിക എന്നത്തേയ്ക്ക് നൽകിത്തീർക്കാനാണ്

ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കുടിശ്ശിക നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**നഗരസഭകളുടെ മാതൃകാപരമായ പ്രവർത്തനം**

297(2250) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന ക്ഷേമ വിഷയങ്ങളിൽ സംസ്ഥാനത്തെ നഗരസഭകളുടെ പ്രവർത്തനം രാജ്യത്തിനാകെ മാതൃകയാണെന്ന് വിലയിരുത്തുന്നുണ്ടോ?

മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ നഗരസഭകൾ ഭരണഘടന പ്രകാരം ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ നല്ല രീതിയിൽ നിർവ്വഹിക്കുന്നതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിന്റെ 27.1% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കുന്നത്. കേരളത്തിലെ എല്ലാ നഗരസഭകളും വാർഷിക പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പിന്തുണയോടെ കഴിഞ്ഞ 25 വർഷമായി ഏറ്റെടുത്ത് നടപ്പിലാക്കിവരികയാണ്.

നഗര ദരിദ്രർക്കായി ആദ്യമായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. 2010 മുതൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്ന പേരിൽ നഗര ദരിദ്രർക്ക് വേണ്ടിയുള്ള തൊഴിലുറപ്പ് നടപ്പിലാക്കിവരുന്നു. സമഗ്ര മാലിന്യ സംസ്കരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി ലോകബാങ്കിന്റെ സഹായത്തോടെ 300 മില്യൻ യു.എസ്. ഡോളറിന്റെ കേരള ഖരമാലിന്യ പരിപാലന പദ്ധതി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

(ബി) തൊഴിലും വരുമാനവും കണ്ടെത്തുന്നതിനാവശ്യമായ ഇടപെടലുകളുടെ കാര്യത്തിലും വ്യവസായ വകുപ്പുമായി സഹകരിച്ച് സംരംഭങ്ങൾ ആരംഭിക്കുന്നതിലും കേരളത്തിലെ നഗരസഭകൾ മികച്ച പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ടോ?

വ്യവസായ വകുപ്പുമായി സഹകരിച്ച് പ്രാദേശിക സാമ്പത്തിക വികസനം എന്ന സമഗ്രമായ കാഴ്ചപ്പാട് ലക്ഷ്യമിട്ട് ഒരു ലക്ഷം പേർക്ക് തൊഴിൽ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി വ്യാവസായ വകുപ്പിൽനിന്നും എല്ലാ നഗരസഭകളിലും ഒരു ഇന്റേണിനെ നിയമിക്കുകയും അവർക്ക് ആവശ്യമായ കമ്പ്യൂട്ടർ, അനുബന്ധ സൗകര്യങ്ങൾ എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ

ചെയ്യുന്നതിനുവേണ്ടി ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുകയും ഭൂരിഭാഗം നഗരസഭകളിലും ലോൺ/ലൈസൻസ് മേള സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ മേഖലയിൽ മാത്രമെന്ന രീതിക്ക് പകരം രാജ്യത്ത് ആദ്യമായി നഗര മേഖലകളിലും തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് കേരളം തുടക്കം കുറിച്ചിട്ടുണ്ടോ?

ഉണ്ട്. 2010 മുതൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്ന പേരിൽ നഗര ദരിദ്രർക്ക് വേണ്ടിയുള്ള തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു.

(ഡി) നഗര മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും ഉല്പാദന മേഖലകൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

നഗര മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും ഉല്പാദന മേഖലകൾ ശക്തിപ്പെടുത്തുന്നതിനും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപടി സ്വീകരിക്കാവുന്നതാണ്.

## അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ലൈഫ് മിഷൻ ഫ്ലാറ്റ് നിർമ്മാണം

298 (2251) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ലൈഫ് മിഷൻ ഫ്ലാറ്റുകളുടെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; നിർമ്മാണം നിർത്തിവെച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്ത് കാരണത്താലാണെന്നും ആയത് പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത മണ്ഡലത്തിലെ ലൈഫ് ഫ്ലാറ്റ് സമുച്ചയത്തിന്റെ അടിസ്ഥാന നിർമ്മാണ പ്രവൃത്തികൾ നടന്നുവരവേ കരാർ തുകയിൽ വർദ്ധനവ് ആവശ്യപ്പെട്ട് 10-03-2022 മുതൽ കരാർ ഏറ്റെടുത്ത നിർമ്മാണ കമ്പനി നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്. കരാറുകാരന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. നിർമ്മാണം പുനരാരംഭിക്കാത്തപക്ഷം നിർമ്മാണ കരാർ റദ്ദുചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ ഫ്ലാറ്റ് സമുച്ചയത്തിൽ എത്ര കുടുംബങ്ങൾക്കുള്ള സൗകര്യമാണൊരുക്കുന്നതെന്നും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

156 കുടുംബങ്ങൾക്കുള്ള സൗകര്യമാണൊരുക്കുന്നത്. കരാറുകാരൻ നിർമ്മാണം പുനരാരംഭിക്കുന്ന പക്ഷം 9 മാസത്തിനകം ഭവനസമുച്ചയ

നിർമ്മാണം പൂർത്തീകരിക്കാവുന്നതാണ്.

**തൊഴിൽ സഭ**

299 (2252) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ രൂക്ഷമാകുന്ന സാഹചര്യത്തിൽ തൊഴിൽ സഭകൾ എങ്ങനെ ബദലാവുമെന്നാണ് സർക്കാർ വിഭാവനം ചെയ്യുന്നത്; വ്യക്തമാക്കാമോ?

സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിന് ലക്ഷ്യമിടുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ എന്ന ബൃഹദ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട് 20 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് കേരള നോളജ് ഇക്കോണമി മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീയുമായി ചേർന്ന് തൊഴിലന്വേഷകരെ കണ്ടെത്തുന്നതിന് സമഗ്രമായ സർവ്വേയും നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി തൊഴിലന്വേഷകരെ തിരിച്ചറിയുകയും അനുയോജ്യമായ തൊഴിൽ സാധ്യതകൾ കണ്ടെത്തുകയും കേരളത്തിനും

രാജ്യത്തിനും അകത്തും പുറത്തുമുള്ള തൊഴിലുകളിലേയ്ക്ക് തൊഴിലന്വേഷകരെ നയിക്കുകയുമാണ് തൊഴിൽ സഭകളിലൂടെ ലക്ഷ്യമിടുന്നത്. തൊഴിൽ തേടുന്നവർ, സ്വയംതൊഴിൽ സംരംഭകർ, തൊഴിൽദായക സംരംഭകർ, സംരംഭക പുനരുജ്ജീവനം ആവശ്യമുള്ളവർ, സംരംഭകത്വ മികവ് വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നവർ, നൈപുണ്യ വികസനം ആവശ്യമുള്ളവർ എന്നിവരുടെ കൂടിച്ചേരലാണ് തൊഴിൽ സഭയിൽ നടക്കുക. 18-നും 59 വയസ്സിനുമിടയ്ക്കുള്ള തൊഴിൽ അന്വേഷിക്കുന്ന ആർക്കും തൊഴിൽ സംരംഭ സാധ്യതകൾ മനസ്സിലാക്കുന്നതിനും ചർച്ച ചെയ്യുന്നതിനും സർക്കാർ സംവിധാനങ്ങളുമായി ഇവരെ ബന്ധപ്പെടുത്തുന്നതിനുമുള്ള ജനകീയ ഇടവും ഇടപെടലുമായിരിക്കും തൊഴിൽ സഭ. വിജ്ഞാന തൊഴിൽമേഖലകളിലെ സാധ്യതകളെ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി തൊഴിലന്വേഷകരെയും തൊഴിൽദായകരെയും ബന്ധിപ്പിച്ചുകൊണ്ട് DWMS എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ആഭ്യന്തര തൊഴിൽ സാധ്യതകൾകൂടി വികസിപ്പിക്കാൻ വിവിധ പദ്ധതികൾവഴി സർക്കാർ ശ്രമിക്കുന്നു. ഇക്കാരണങ്ങൾ കൊണ്ടുതന്നെ തൊഴിൽസഭ തൊഴിലില്ലായ്മ പ്രശ്നം ലഘൂകരിക്കാൻ സഹായിക്കുന്നു.

(ബി) തൊഴിലന്വേഷകരെയും തൊഴിൽ ദായകരകയും ഒരു മേഖലയിൽ അണിനിരത്താൻ തൊഴിൽസഭ എന്ന ആശയംകൊണ്ട് കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; പ്രാദേശികാടിസ്ഥാനത്തിൽ സമഗ്രമായ തൊഴിൽ പദ്ധതിയായി മാറാൻ തൊഴിൽസഭ ലക്ഷ്യംവയ്ക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. തൊഴിൽ തേടുന്നവർ, സ്വയംതൊഴിൽ സംരംഭകർ, തൊഴിൽദായക സംരംഭകർ, സംരംഭക പുനരുജ്ജീവനം ആവശ്യമുള്ളവർ, സംരംഭകത്വ മികവ് വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നവർ, നൈപുണ്യ വികസനം ആവശ്യമുള്ളവർ എന്നിവരുടെ കൂടിച്ചേരലാണ് തൊഴിൽസഭ. തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും നൈപുണ്യ പരിശീലന ഏജൻസികളെയും കെ-ഡിസ്കിന്റെ നേതൃത്വത്തിൽ ബന്ധിപ്പിക്കുന്നതിന് വികസിപ്പിച്ച ഒരു ഓൺലൈൻ ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് DWMS. തൊഴിൽ മേഖലയിലേയ്ക്ക് ആവശ്യമായ മാനുഷിക വിഭവത്തിന്റെ ലഭ്യതയും ആവശ്യവും വിതരണവും കൈകാര്യം ചെയ്യുന്ന പ്ലാറ്റ്ഫോമായി DWMS പ്രവർത്തിക്കും. സംസ്ഥാനം നേരിടുന്ന സാമൂഹിക സാമ്പത്തിക പ്രതിസന്ധികളെ നേരിടുന്നതിന് തൊഴിൽ സാധ്യതകളും തൊഴിൽ ദായകരെയും സൃഷ്ടിച്ചുകൊണ്ട് പ്രാദേശിക സാമ്പത്തിക വികസനം

സാധ്യമാക്കുന്നതിനായി കെ-ഡിസ്ക് കുടുംബശ്രീയുമായി ചേർന്ന് "എന്റെ തൊഴിൽ എന്റെ അഭിമാനം" പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേ പ്രകാരം ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിലേയ്ക്ക് (DWMS) രജിസ്റ്റർ ചെയ്തിട്ടുള്ള 29 ലക്ഷത്തോളം പേരെ തൊഴിൽസഭ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവരോടൊപ്പം, പുതുതായി സംരംഭങ്ങൾ തുടങ്ങാൻ താൽപ്പര്യമുള്ളവരെയും തൊഴിലന്വേഷകരെയും പങ്കെടുപ്പിച്ച് തൊഴിൽ സംരംഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും തൊഴിലന്വേഷകർക്ക് പരിചയപ്പെടുത്തുന്നതിന് തൊഴിൽ സഭകൾകൊണ്ട് സാധിക്കും. സാമൂഹ്യനീതി ഉറപ്പാക്കി തൊഴിൽ സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുള്ള പിന്തുണ നൽകുന്നതിനും തൊഴിൽ ഏകോപനത്തിനുമായുള്ള സൂക്ഷ്മതല ജനകീയ സംവിധാനമായാണ് തൊഴിൽ സഭകൾ സംഘടിപ്പിക്കുന്നത്. ആധുനിക വൈജ്ഞാനിക മേഖലകളുടെ സാധ്യതകൾകൂടി ഉപയോഗപ്പെടുത്തി ഉല്പാദന വ്യവസ്ഥകളെ പുനരുജ്ജീവിപ്പിക്കുകയും അതുവഴി തൊഴിൽസൃഷ്ടി ഉറപ്പാക്കുന്നതിന് തല്പരരായവർക്ക് അറിവ് നൽകുകയും ചെയ്യുന്ന വേദികളാണ്

തൊഴിൽസഭകൾ. തൊഴിൽസഭകളിൽ പങ്കെടുക്കുന്നവരുടെ നൈപുണ്യം, പ്രവർത്തന പരിചയം, താത്പര്യം, മറ്റ് വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന സംരംഭക ക്ലബ്ബുകൾ, തൊഴിൽ ക്ലബ്ബുകൾ, തൊഴിൽ കൂട്ടങ്ങൾ എന്നിവയിൽ ഉയരുന്ന ചർച്ചകൾക്കും തീരുമാനങ്ങൾക്കും അനുസൃതമായി നൈപുണ്യ വികസനത്തിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഇതര തൊഴിലുകൾ ആർജ്ജിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി, തൊഴിൽ/സംരംഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും പരിചയപ്പെടുത്തി തൊഴിൽ പ്രാപ്തമാക്കുന്നതടക്കമുള്ള സമഗ്രമായ തൊഴിൽ ആസൂത്രണം സാധ്യമാക്കുന്നതിനാണ് ലക്ഷ്യംവയ്ക്കുന്നത്.

(സി) 20 ലക്ഷം തൊഴിൽ, ഒരു വർഷം ഒരു ലക്ഷം സംരംഭം എന്നീ പദ്ധതികളെ തൊഴിൽസഭയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിന് ലക്ഷ്യമിടുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയിൽ അഞ്ച് വർഷംകൊണ്ട് ഇരുപത് ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യം സർക്കാർ

നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന പ്ലാറ്റ്ഫോം വഴി തൊഴിലന്വേഷകരെയും തൊഴിൽ ദായകരെയും ബന്ധപ്പെടുത്താൻ കഴിയുന്നതാണ്. വ്യവസായ വകുപ്പിന്റെ ഇന്റേണുകളും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു വർഷം ഒരു ലക്ഷം സംരംഭം എന്നത് വ്യവസായ വകുപ്പിന്റെ പദ്ധതിയാണ്. അതിന് നേതൃത്വം നൽകുന്ന വ്യവസായ വകുപ്പ് ഇന്റേണുകൾ തന്നെയാണ് തൊഴിൽസഭയുടെ സംരംഭക വികസന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നത്. ഇതിനാൽത്തന്നെ വ്യവസായ വകുപ്പിന്റേതുൾപ്പെടെയുള്ള എല്ലാ സംരഭകത്വ വികസന പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കാൻ തൊഴിൽസഭയുടെ തുടർ സംവിധാനങ്ങൾക്ക് കഴിയും.

(ഡി) നൈപുണ്യ തൊഴിലവസരങ്ങളെ തൊഴിൽസഭകൾ എങ്ങനെ പ്രയോജനപ്പെടുത്തുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ;

വിദ്യാഭ്യാസ യോഗ്യതയും നൈപുണ്യവുമുള്ള തൊഴിൽ രഹിതർക്ക് നൈപുണ്യ വികസനത്തിലൂടെ തൊഴിലവസരങ്ങൾ ലഭിക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച്

പരിശീലന ചെലവ് പൂർണ്ണമായോ, ഭാഗികമായോ അതത് വ്യക്തികൾ തന്നെ വഹിക്കുന്ന സമീപനമാണ് പരിശീലനങ്ങളിൽ സ്വീകരിക്കുന്നത്. പ്രാദേശികമായി ലഭ്യമായ മാനവവിഭവശേഷിയെ നിലവിലുള്ള തൊഴിലവസരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിൽ കാര്യശേഷി വർദ്ധിപ്പിച്ച് പ്രാപ്തരാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരുടെ കഴിവിന്റെയും വിദ്യാഭ്യാസ യോഗ്യതയുടെയും അഭിരുചിയുടെയും പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ അനുയോജ്യമായ നൈപുണ്യ പരിശീലനമാണ് നൽകുന്നത്. നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നേതൃത്വം നൽകേണ്ടത് സംരംഭകത്വ-തൊഴിൽ വികസന കൗൺസിലാണ്. സംസ്ഥാനത്ത് നൈപുണ്യ വികസനത്തിനായി വിപുലമായ സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. KASE, ASAP, കുടുംബശ്രീയുടെ DDUGKY തുടങ്ങിയ സ്ഥാപനങ്ങൾ നിരവധി നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ് അംഗീകരിച്ച സ്ഥാപനങ്ങളും നൈപുണ്യ വികസന മേഖലകളിൽ പ്രവർത്തിക്കുന്നു. ഇവയെയെല്ലാം തൊഴിൽസഭയുമായി ബന്ധിപ്പിച്ച് അവസരങ്ങൾ

സൃഷ്ടിക്കുന്നു. തൊഴിലന്വേഷകർക്ക് ഇത്തരം സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കാനുള്ള അവസരവും സൃഷ്ടിക്കുന്നു.

(ഇ) ഇതിൽ സ്ത്രീകൾ, അംഗപരിമിതർ, ട്രാൻസ്ജന്റേഴ്സ്, ആദിവാസികൾ, വിധവകൾ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന നൽകുന്നതിന് പദ്ധതിയുണ്ടോ?

വിവാഹത്തെത്തുടർന്ന് തൊഴിൽ തുടർച്ചയില്ലാതെ പോയവർ, വിധവകൾ, പിരിഞ്ഞുതാമസിക്കുന്നവർ തുടങ്ങി സ്ത്രീ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുംപെട്ട തൊഴിലന്വേഷകരുടെ പ്രശ്നങ്ങൾ തൊഴിൽ സഭകളിൽ പ്രത്യേകമായി ചർച്ച ചെയ്യുന്നതിന് ഈ വിഭാഗങ്ങളിൽപ്പെട്ടവരുടെ പങ്കാളിത്തം, കുടുംബശ്രീ വാർഡുതല സംഘാടക സമിതികൾ ഉറപ്പുവരുത്തുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷി വിഭാഗക്കാർ എന്നിങ്ങനെ സാമൂഹിക പിന്നോക്കാവസ്ഥ നേരിടുന്ന എല്ലാ വിഭാഗങ്ങളുടെയും സവിശേഷ തൊഴിൽ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് തൊഴിൽസഭാ ചർച്ചകളിൽ പ്രത്യേക ഊന്നൽ നൽകുന്നു. ഈ വിഭാഗത്തിൽപെട്ടവർക്ക് ആവശ്യമായ പരിഗണന ലഭ്യമാക്കുന്നതിനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമുള്ള ഇടപെടലുകളും

തൊഴിൽസഭ വിഭാവനം ചെയ്യുന്നു. DWMS-ൽ രജിസ്റ്റർ ചെയ്യുന്നതിനനുസരിച്ച് മേൽസൂചിപ്പിച്ച വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും കഴിയുന്നതാണ്.

**സ്കൂൾ കെട്ടിടങ്ങളുടെ ക്രമവൽക്കരിക്കൽ**

300 (2253) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ?

ഉണ്ടായിരുന്നു. Kerala Municipality Building (Regularisation of Unauthorised Construction) Rules, 2018, Kerala Panchayat Building (Regularisation of Unauthorised Construction) Rules,2018 എന്നിവ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ചട്ടങ്ങൾക്ക് 2021-ൽ വരുത്തിയ ഭേദഗതി പ്രകാരം കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടിയിരുന്ന കാലാവധി 30-09-2021-ൽ അവസാനിച്ചിട്ടുള്ളതാണ്.

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുൻപ്

നിരവധി സർക്കാർ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ചിട്ടുള്ളത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ഉണ്ട്.

(സി) എങ്കിൽ ഇത്തരം സ്കൂൾ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് പ്രത്യേക ഇളവുകൾ ഇതിനുമുമ്പ് നൽകിയിട്ടുണ്ടോയെന്നും ഇനി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ;

(ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് നിർമ്മാണം പൂർത്തിയാക്കിയ ഇത്തരം സ്കൂൾ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് വേണ്ടിവരുന്ന ഭീമമായ തുക കണക്കിലെടുത്ത് ഒറ്റത്തവണ തീർപ്പാക്കൽ എന്ന രൂപത്തിൽ പ്രത്യേക ഇളവ് നൽകുമോയെന്ന് വിശദമാക്കാമോ?

(സി&ഡി) 2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3(4)-ൽ സർക്കാരിന് ക്രമവൽക്കരണത്തിനായി പ്രസ്തുത ചട്ടങ്ങളിൽ ഇളവുകൾ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം ഇളവുകൾ ബാധകമാകുന്നവയും ഇളവുകളുടെ പരിധിയിൽ വരാത്തതുമായ ചട്ടലംഘനങ്ങൾ ഏതെല്ലാമണെന്നും ടി ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം സ്കൂളുകൾ ഉൾപ്പടെയുള്ള

കെട്ടിടങ്ങളുടെ സംഗതിയിൽ സർക്കാരിലേയ്ക്ക് നിയമാനുസൃതം ഇളവിനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ, ഇളവ് നൽകാനാവുന്നവയാണെങ്കിൽ അവ പരിശോധിച്ച് ഇളവ് നൽകിവരുന്നുണ്ട്.

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കന്നുകാലി വളർത്തൽ**

301 (2254) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നവയിൽ കന്നുകാലി വളർത്തൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ശിപാർശയിന്മേൽ അനുകൂല തീരുമാനം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കന്നുകാലി വളർത്തൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ശിപാർശയിന്മേൽ കേന്ദ്രസർക്കാരിൽനിന്നും അനുകൂലമായ തീരുമാനമുണ്ടായിട്ടില്ല. എന്നാൽ, മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളുടെ ജീവനോപാധിയായി കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന പ്രവൃത്തികൾ പദ്ധതിക്ക് കീഴിൽ

അനുവദനീയമാണ്. ഉദാഹരണമായി കാലിത്തൊഴുത്തുകൾ, ആട്ടിൻകൂട്, പന്നിക്കൂട്, കാലിത്തീറ്റ തൊട്ടികൾ, അസോള കൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, വിവിധ തരം കമ്പോസ്റ്റിംഗിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം പദ്ധതിക്കുകീഴിൽ ഏറ്റെടുക്കാൻ കഴിയുന്നതാണ്.

## കായംകുളം മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി

302 (2255) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നാളിതുവരെ പഞ്ചായത്തുകളിൽ നിർമ്മാണം പൂർത്തീകരിച്ച, നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന, നിർമ്മാണം ആരംഭിക്കാനുള്ള വീടുകളുടെ എണ്ണം എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

നിർമ്മാർണം പൂർത്തീകരിച്ച വീടുകൾ - 1015.

നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന വീടുകൾ - 187.

നിർമ്മാണം ആരംഭിക്കാനുള്ള വീടുകൾ - 345.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

303 (2256) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറാം ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിനും തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുമായുള്ള ശിപാർശകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം ലഭിച്ചതിന്റെയടിസ്ഥാനത്തിൽ വിദഗ്ധരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുകയും ലഭ്യമായ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച് വസ്തുനികുതി 2023 ഏപ്രിൽ 1 മുതൽ വർദ്ധിപ്പിക്കുന്നതിനായുള്ള കരട് ശിപാർശ സർക്കാരിന്റെ പരിഗണനയിലുമാണ്.

01-06-2022-ലെ ജി.ഒ.(എം.എസ്)നം. 117/22/തസ്വഭവ പ്രകാരമുള്ള ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിന്റെ

ക്രമമായ പുരോഗതിക്കായി നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ബി) വിനോദ സഞ്ചാരം ലക്ഷ്യമാക്കി കൂടുതൽ വരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് അതത് പ്രദേശങ്ങളിലെ കലാരൂപങ്ങൾ, ഭക്ഷ്യ വിഭവങ്ങൾ, ഉല്പന്നങ്ങൾ എന്നിവ വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ നേതൃത്വത്തിൽ വിപണന മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ബ്രാൻഡുകൾ രൂപപ്പെടുത്തി വിപണനം ശക്തിപ്പെടുത്തുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

(സി) അതത് പ്രദേശങ്ങളുടെ പ്രത്യേകതകൾക്കനുസരിച്ച് ഫെസ്റ്റുകൾ സംഘടിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വിപണന മേളകളും പ്രാദേശിക ഫെസ്റ്റുകളും നൈറ്റ് ഷോപ്പിംഗ് ഫെസ്റ്റിവൽ, പുഷ്പോത്സവം, സാംസ്കാരികോത്സവങ്ങൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

**തിരുവമ്പാടി മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

304 (2257) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിപ്രകാരം നടപ്പുസാമ്പത്തിക വർഷം തിരുവമ്പാടി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി എത്ര പേർക്ക് ധനസഹായം നൽകുന്നുണ്ടെന്നതിന്റെ വിശദാംശം പട്ടിക തിരിച്ച് ലഭ്യമാക്കാമോ; ഇതിൽ ജനറൽ, എസ്.സി., എസ്.റ്റി. വിഭാഗങ്ങൾക്ക് ലഭിക്കുന്ന വീടുകളുടെ പട്ടിക ലഭ്യമാക്കുമോ?

377 പേർക്ക് ധനസഹായം നൽകുന്നുണ്ട്. ജനറൽ, എസ്.സി., എസ്.റ്റി. വിഭാഗം തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ലൈഫ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുകയും ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്കും അതിദരിദ്രരുടെ സർവ്വേയിലൂടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കണ്ടെത്തിയവരിൽ വീട് ആവശ്യമുള്ളവർക്കും ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് സർക്കാരിന്റെ 15-11-2022-ലെ സ.ഉ.(സാധാ)നം.2806/2022/ത.സ്വ.ഭ.വ., സ.ഉ.(സാധാ) നം. 2807/2022/ ത.സ്വ.ഭ.വ. എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ ലൈഫ് മിഷൻ പദ്ധതി**

305 (2258) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത ജില്ലയിൽ വിവിധ ഘട്ടങ്ങളിലായി 22881 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ എത്ര വീടുകളുടെ പണി പൂർത്തികരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

16116 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസിദ്ധീകരിച്ച അന്തിമ ലിസ്റ്റിൽനിന്നും അപേക്ഷകർക്ക് വീട് ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സർക്കാരിന്റെ 15-11-2022-ലെ സ.ഉ. (സാധാ) നം.2806/2022/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളെയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരെയും ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ 27-01-2023-ലെ സ.ഉ.(സാധാ)നം. 227/2023/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അതിദരിദ്ര നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയവരും നിലവിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാതെപോയവരുമായ, വീടുമാത്രം വേണ്ടവർ, വീടും സ്ഥലവും വേണ്ടവർ എന്നിവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

### അമ്പായത്തോട്ടിലെ ഫ്രഷ്കട്ട് മാലിന്യ സംസ്കരണ കേന്ദ്രം

306 (2259) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടിപ്പാറ പഞ്ചായത്തിൽ അമ്പായത്തോട്ടിൽ പ്രവർത്തിക്കുന്ന

ഫ്രഷ്കട്ട് മാലിന്യ സംസ്കരണ കേന്ദ്രംമൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശ്നപരിഹാരം ഉണ്ടാക്കണമെന്നാവശ്യപ്പെട്ട് നിരവധി നോട്ടീസുകൾ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽനിന്നും മേല്പടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും സാന്നിധ്യത്തിൽ നിരവധി മധ്യസ്ഥ ശ്രമങ്ങളും നടത്തിയിട്ടുണ്ട്. 29-10-2022 യൂണിറ്റിൽ DLFMC സംയുക്ത സമിതി അംഗങ്ങൾ പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ ബോർഡ് മുൻപരിശോധനകൾ പ്രകാരം നിർദ്ദേശിച്ചതായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഒട്ടുമിക്കതും പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തിട്ടുണ്ട്. ശുദ്ധീകരിച്ച മലിനജല സാമ്പിൾ പരിശോധിച്ചതിൽ നല്ല ഗുണനിലവാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാഹനങ്ങൾ കഴുകുന്ന വെള്ളം ശുദ്ധീകരിക്കാൻവേണ്ടി നിലവിലുള്ള ETP Augment ചെയ്യുന്നതിനുള്ള നിർദ്ദേശം സ്ഥാപനത്തിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ

ബോർഡ് നൽകിയിട്ടുണ്ട്.

(സി) മാർഗ്ഗനിർദേശങ്ങൾ അനുസരിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുമോ?

കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് 22-05-2019-ൽ 31-10-2024 വരെയുള്ള വാലിഡിറ്റിയോടുകൂടി ടി സ്ഥാപനത്തിന് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് അധികൃതർ പരിശോധന നടത്തി അപാകത പരിഹരിക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ തുടർ നിർദ്ദേശങ്ങൾക്കനുസൃതമായി കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

## സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം

307 (2260) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന്റെ കീഴിൽ മലപ്പുറം ജില്ലയിൽ എത്ര സംരംഭങ്ങൾ 2022-ൽ ആരംഭിച്ചിട്ടുണ്ട്; ആയതിന് എത്ര കോടി രൂപ വായ്പയിനത്തിൽ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം (SVEP), മലപ്പുറം ജില്ലയിൽ നിലമ്പൂർ, പെരുമ്പടപ്പ്, പെരിന്തൽമണ്ണ എന്നീ മൂന്ന് ബ്ലോക്കുകളിൽ നടപ്പിലാക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽ, നിലമ്പൂർ ബ്ലോക്കിൽ 2018-ൽ ആരംഭിച്ച പദ്ധതി നടത്തിപ്പ് 100% ടാർജറ്റ് പൂർത്തീകരിച്ചിട്ട് നാല് വർഷം കഴിഞ്ഞു. 2021-ൽ അനുമതി ലഭിച്ച പെരുമ്പടപ്പ് ബ്ലോക്കിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. 2022-ൽ അനുമതി ലഭിച്ച പെരിന്തൽമണ്ണ ബ്ലോക്കിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2018-ൽ ആരംഭിച്ച നിലമ്പൂർ ബ്ലോക്കിൽ നാളിതുവരെ 2216 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 1392 സംരംഭങ്ങൾക്ക് 4.91 കോടി രൂപ സി.ഇ.എഫ്. (കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട്) വായ്പയും 11 സംരംഭങ്ങൾക്ക് 2.52 കോടി രൂപ ബാങ്ക് വായ്പയും അനുവദിച്ചിരുന്നു. 2022-ൽ മാത്രം നിലമ്പൂർ ബ്ലോക്കിൽ 245 സംരംഭങ്ങൾ ആരംഭിച്ചു. 187 സംരംഭങ്ങൾക്ക് 80.95 ലക്ഷം രൂപ സി.ഇ.എഫ്. വായ്പയും 39 സംരംഭങ്ങൾക്ക് 79 ലക്ഷം രൂപ ബാങ്ക് വായ്പയും അനുവദിച്ചിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം**

308 (2261) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെട്ടതും പ്രളയത്തിൽ തകർന്നതുമായ കോരുത്തോട് ഗ്രാമപഞ്ചായത്ത് ആറാം വാർഡിലെ അഴുതയാറിന് കുറുകെയുള്ള തോപ്പുംപടി പാലം, ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി ഒൻപതാം ഡിവിഷനിലെ കാരയ്ക്കാട് ചങ്ങാടകടവ് ഭാഗത്ത് മീനച്ചിലാറിന് കുറുകെയുള്ള പാലം എന്നിവയുടെ പുനർനിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോരുത്തോട് ഗ്രാമപഞ്ചായത്ത് ആറാം വാർഡിലെ അഴുതയാറിന് കുറുകെയുള്ള തോപ്പുംപടി പാലം നിർമ്മിക്കുന്നതിനുവേണ്ടി പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി ഒൻപതാം ഡിവിഷനിലെ കാരക്കാട് ചങ്ങാടകടവ് ഭാഗത്ത് മീനച്ചിലാറിന് കുറുകെയുള്ള പാലം നിർമ്മാണത്തിന് മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പാലങ്ങൾ അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി

സ്വീകരിക്കുന്നതാണ്.

## കെട്ടിട നിർമ്മാണ പെർമിറ്റ്

309 (2262) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമാണ പെർമിറ്റ് പ്രകാരം കെട്ടിടത്തിന് നിർബന്ധമായും വേണ്ട ടോയ്‌ലറ്റ് സംവിധാനം കണക്കാക്കുന്നത് എങ്ങനെയാണ്; വിശദാംശം നൽകാമോ?

KMBR 2019, KPBR-2019 എന്നിവയിലെ ചട്ടം 34 (2) പ്രകാരം 50 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഓരോ കെട്ടിടത്തിനും ചുരുങ്ങിയത് ഒരു വാട്ടർ ക്ലോസറ്റ് ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 34(3) പ്രകാരം താമസവിനിയോഗ കെട്ടിടങ്ങൾ ഒഴികെയുള്ള മറ്റ് ഉപയോഗ കെട്ടിടങ്ങളിൽ ടേബിൾ 14-ൽ പറഞ്ഞിട്ടുള്ളതിൽ കുറയാതെയുള്ള ശുചീകരണ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും മെഡിക്കൽ/ആശുപത്രി വിനിയോഗ കെട്ടിടങ്ങൾക്ക് ടേബിൾ 15-ൽ പറഞ്ഞിട്ടുള്ളതിൽ കുറയാതെയുള്ള ശുചീകരണ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഈ ആവശ്യത്തിലേയ്ക്ക് ഒക്യുപ്പന്റ് ലോഡ് (ഓരോ ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലും ഉൾക്കൊള്ളാവുന്ന ആളുകളുടെ എണ്ണം)

ഇതേ ചട്ടത്തിലെ ടേബിൾ 13-ൽ നൽകിയിരിക്കുന്ന നിരക്കനുസരിച്ച് കണക്കാക്കേണ്ടതാണ്. കൂടാതെ ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും കുട്ടികൾക്കും നൽകേണ്ട ശുചീകരണ സൗകര്യങ്ങൾ സംബന്ധിച്ച് KMBR 2019, KPBR-2019 എന്നിവയിലെ ചട്ടം 42 (4)-ൽ പ്രതിപാദിക്കുന്നു.

(ബി) റാമ്പ് സൗകര്യം വേണ്ട സാഹചര്യങ്ങൾ അറിയിക്കാമോ?

KMBR-2019, KPBR-2019 എന്നിവയിലെ ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും കുട്ടികൾക്കും നൽകേണ്ട സൗകര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ള ചട്ടം 42(1) പ്രകാരം A2 (Lodging houses & Special Residential), B (Educational Buildings), C (Medical/Hospital), D (Assembly), E (Office), F (Commercial), J (Multiplex) എന്നീ വിനിയോഗഗണത്തിലുള്ള പൊതുജനങ്ങൾക്ക് പ്രവേശനം ആവശ്യമായ കെട്ടിടങ്ങളിലും A1 ഉപയോഗ ഗണത്തിലുള്ള പാർപ്പിട ഫ്ലാറ്റുകളിലും പ്രധാന പ്രവേശന കവാടത്തിലേയ്ക്ക് റാമ്പ് സൗകര്യം ഉണ്ടായിരിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. KMBR-2019, KPBR-2019 എന്നിവയിലെ ചട്ടം 42(2) പ്രകാരം 1000 ചതുരശ്രമീറ്റർ കവിയുന്ന ഓരോ പൊതുകെട്ടിടത്തിനും 2500 ചതുരശ്രമീറ്റർ കവിയുന്ന ഓരോ പാർപ്പിട ഫ്ലാറ്റുകൾക്കും ഓരോ നിലയിലേയ്ക്കും ലിഫ്റ്റ് അല്ലെങ്കിൽ റാമ്പ് വഴിയായി പ്രത്യേക പ്രവേശനം

(ഭിന്നശേഷിക്കാരെയും വയോജനങ്ങളെയും ഉദ്ദേശിച്ചുള്ളത്) നൽകേണ്ടതാണെന്ന് വിശദമാക്കിയിട്ടുണ്ട്. കൂടാതെ സ്റ്റെയർകേസിന് പകരം റാമ്പുകൾ നൽകുന്ന പക്ഷം ആയതിന് 1:10 കവിയാതെയുള്ള ചരിവ് നൽകേണ്ടതാണെന്നും ചട്ടം 35 (3)-ൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) പാർക്കിംഗിന് നിർബന്ധമായും വേണ്ട സ്ക്വയർ മീറ്റർ എത്രയാണ്; വിശദമാക്കാമോ?

KMBR- 2019, KPBR-2019 എന്നിവയിലെ ചട്ടം 29-ൽ ചട്ടപ്രകാരം നൽകേണ്ട പാർക്കിംഗ് സൗകര്യങ്ങൾ സംബന്ധിച്ച് പ്രതിപാദിക്കുന്നു. ചട്ടം 29(1)-ൽ മോട്ടർ കാറുകളുടെ ഓരോ പാർക്കിംഗ് സ്ഥലത്തിന്റെയും അളവുകൾ 5.5x2.7 മീറ്ററിൽ കുറയാൻ പാടില്ലാത്തതാണെന്നും ഇരുചക്ര വാഹനങ്ങളുടെ ഓരോ പാർക്കിംഗ് സ്ഥലത്തിന്റെയും അളവുകൾ 3 സ്ക്വയർമീറ്ററും 1.5 സ്ക്വയർ ആയിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ചട്ടം 29(3) ടേബിൾ 9-ൽ A1 വിനിയോഗ ഗണത്തിലുള്ള പാർപ്പിട ഫ്ലാറ്റുകൾക്കുള്ള പാർക്കിംഗ് സ്ഥലം സംബന്ധിച്ചും ടേബിൾ 10-ൽ A1 വിനിയോഗ ഗണമൊഴികെയുള്ള വിനിയോഗ ഗണങ്ങൾക്കുള്ള പാർക്കിംഗ് സ്ഥലം സംബന്ധിച്ചും പ്രതിപാദിച്ചിട്ടുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ**

310 (2263) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും പുരോഗതിയും അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പദ്ധതിയുടെ നിർവ്വഹണത്തിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് പ്രവൃത്തികൾ നിശ്ചിത ഇടവേളകളിൽ അവലോകനം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ എം.എൽ.എ.-മാരെക്കൂടി ഉൾപ്പെടുത്തി പദ്ധതികൾ അവലോകനം ചെയ്യുന്നതിനാവശ്യമായ സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. District Development Co-ordination and Monitoring Committee (DISHA) 3 മാസത്തിലൊരിക്കൽ അവലോകനം നടത്താറുണ്ട്. ജില്ലയിലെ എം.എൽ.എ.-മാർ ഈ സമിതിയിലെ അംഗങ്ങളാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**വരയ്ക്കാനുള്ള സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിന് നടപടി**

311 (2264) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്പോഴും വരയ്ക്കാനുള്ള സോഫ്റ്റ്‌വെയർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാലാനുസൃതമായി പരിഷ്കരിക്കാവുന്ന വിധത്തിൽ വരയ്ക്കാനുള്ള സോഫ്റ്റ്‌വെയർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്വീകരിക്കുന്നതാണ്. നിലവിൽ ഐ.കെ.എം. വികസിപ്പിച്ചുകൊണ്ടിരിക്കുന്ന K-SMART ആപ്ലിക്കേഷനിൽ Building Permit Module-ൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അപേക്ഷകർക്കുവേണ്ടി ലൈസൻസികൾ സോഫ്റ്റ്‌വെയർ മുഖേന വരച്ച പ്ലാനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യവും ആയത് സോഫ്റ്റ്‌വെയർ തന്നെ പരിശോധിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എൻ.ജെ.ഡി. ഒഴിവുകൾ

312 (2265) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ഒഴികെ അംഗീകരിച്ച് ഉപയോഗിച്ചുവരുന്ന എൻ.ജെ.ഡി. ഫോർമാറ്റ് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

സർക്കാർ ഉത്തരവിനോ നിയമങ്ങൾക്കോ വിധേയമായി എൻ.ജെ.ഡി. ഫോർമാറ്റ് നിലവിലില്ല. എന്നാൽ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽ നിന്നും തങ്ങളുടെ പേര് ഒഴിവാക്കുന്നതിലേയ്ക്കായി കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് നൽകുന്നതിനുള്ള ഒരു സമ്മതപത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പി.എസ്.സി. ശിപാർശ പ്രകാരം നിയമന ഉത്തരവ് നൽകിയ ഉദ്യോഗാർത്ഥി നിശ്ചിത സമയത്തിനുള്ളിൽ സേവനത്തിൽ പ്രവേശിച്ചിട്ടില്ലായെങ്കിൽ മാത്രമേ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വകുപ്പിൽ നിന്നും നോൺ ജോയിനിംഗ് വേക്കൻസി റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.

(ബി) ഓവർസിയർ ഗ്രേഡ് III-യുമായി ബന്ധപ്പെട്ട എൻ.ജെ.ഡി.

ഒഴിവുകൾ വീണ്ടും റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി ആരാണ് ആരംഭിക്കേണ്ടതെന്നും അതിനുള്ള കാലയളവ് സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കാമോ?

ഓവർസിയർ ഗ്രേഡ് III-യുമായി ബന്ധപ്പെട്ട എൻ.ജെ.ഡി. ഒഴിവുകൾ നിയമനാധികാരിയാണ് (നിലവിൽ ചീഫ് എഞ്ചിനീയർ) റിപ്പോർട്ട് ചെയ്യേണ്ടത്. സാധാരണയായി നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. നിയമനം ലഭിച്ച ഉദ്യോഗാർത്ഥി അനുവദിച്ച സമയത്തിനുള്ളിൽ സേവനത്തിൽ പ്രവേശിച്ചില്ലെങ്കിൽ അത്തരത്തിലുണ്ടാകുന്ന ഒഴിവുകൾ എൻ.ജെ.ഡി. ആയി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യും. ഉദ്യോഗാർത്ഥികൾക്ക് സേവനത്തിൽ പ്രവേശിക്കുന്നതിന് സർക്കാർ കൂടുതൽ സമയം അനുവദിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലാവധി അവസാനിക്കുന്നതിന് മുമ്പോ അതിന്റെ തൊട്ടടുത്ത ദിവസമോ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. ഇപ്രകാരം സേവനത്തിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രസ്തുത ഒഴിവും എൻ.ജെ.ഡി. ആയി റിപ്പോർട്ട് ചെയ്യപ്പെടും.

**വർക്കല മണ്ഡലത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി**

313 (2266) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള വർക്കല മണ്ഡലത്തിലെ വർക്കല നഗരസഭയിലെ രാമന്തളി-തൊട്ടിപ്പാലം റോഡ്, ചുമടുതാങ്ങി കിരാലിക്കുന്ന് റോഡ് എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) രാമന്തളി - തൊട്ടിപ്പാലം റോഡ്, ചുമടുതാങ്ങി കിരാലിക്കുന്ന് റോഡ് എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന വിഷയം തദ്ദേശസ്വയംഭരണ വകുപ്പിൽ ഡി.ബി.2/396/2022-ത.സ്വ.ഭ.വ. എന്ന ഫയലിൽ പരിശോധിച്ചുവരുന്നു. 28-11-2022-ലെ ഡി.ബി.2/396/2022/ ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറിൽനിന്നും അധിക വിവരം ആരാഞ്ഞിരിക്കുകയാണ്.

**നവകേരളം കർമ്മ പദ്ധതി**

314 (2267) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിത കേരള മിഷനുമായി സംയോജിപ്പിച്ചുകൊണ്ട് "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദാംശം നൽകുമോ?

"ഇനി ഞാനൊഴുകട്ടെ" എന്ന നവകേരളം കർമ്മ പദ്ധതിയുടെ മൂന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായാണ് "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" എന്ന ആശയം രൂപപ്പെട്ടത്. സംസ്ഥാനത്തെ പ്രധാനപ്പെട്ട നദികൾ പശ്ചിമഘട്ട മലനിരകളിൽനിന്നാണ് ഉത്ഭവിക്കുന്നത്. അനേകായിരം വർഷങ്ങൾകൊണ്ട് പ്രകൃത്യാതന്നെ രൂപപ്പെട്ട അനേകം നീർച്ചാലുകളുടെ ശൃംഖലയാണ് പശ്ചിമഘട്ടത്തിലുള്ളത്. അതത് സ്ഥലങ്ങളിൽ പെയ്തുവീഴുന്ന അധിക ജലത്തെ സുരക്ഷിതമായി ഒഴുകി സമതലങ്ങളിലെത്തുന്നതിന് സഹായിച്ചിരുന്നത് ഈ നീർച്ചാൽ ശൃംഖലയാണ്. എന്നാൽ പല കാരണങ്ങളാൽ ഇവയിൽ പല നീർച്ചാലും അടഞ്ഞ് സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ട അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുന്നു. ഉയർന്ന പ്രദേശങ്ങളിൽ അടിക്കടിയുണ്ടാകുന്ന ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും കാരണങ്ങളിലൊന്ന് നീരൊഴുക്ക് തടസ്സപ്പെട്ട നീർച്ചാലുകളാണ്.

ഈ പ്രദേശത്ത് പെയ്യുന്ന മഴയുടെ ഒരു ഭാഗം മണ്ണിനടിയിലേയ്ക്ക് താഴ്ന്ന് മണ്ണിനടിയിലൂടെയും ശേഷിക്കുന്നത് ഉപരിതലത്തിലെ നീർച്ചാലുകളിലൂടെ

പുഴയിലെത്തുകയുമാണ് വേണ്ടത്. എന്നാൽ അടഞ്ഞുപോയ നീർച്ചാലുകൾ ഈ ജലവഴി തടസ്സപ്പെടുത്തുകയും അതുവഴി മണ്ണിന് വഹിക്കാൻ കഴിയുന്നതിൽ കൂടുതൽ മഴവെള്ളം ഭൂമിക്കടിയിലേയ്ക്ക് താഴ്ന്നുപോകാനിടയാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ മണ്ണിന് താങ്ങാവുന്നതിലധികം വെള്ളം മണ്ണിലേക്ക് ഊർന്നിറങ്ങുകയും സമ്മർദ്ദം വർദ്ധിക്കുകയും തുടർന്നും മഴയുണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ പാറയും മണ്ണുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയും പ്രദേശത്തിന്റെ ചരിവിന്റെയും മണ്ണിന്റെ ഘടനയുടെയും സവിശേഷതകൾക്കനുസരിച്ച് ചെറിയ മണ്ണിടിച്ചിൽ മുതൽ വലിയ ഉരുൾപൊട്ടലിനുവരെ കാരണമാവുകയും ചെയ്യുന്നു. നീർച്ചാൽ ശൃംഖല കണ്ടെത്തി വീണ്ടെടുക്കുന്നതിന് ഒരു രീതിശാസ്ത്രം ഹരിതകേരള മിഷനും സംസ്ഥാന ഐ.ടി. മിഷനും ചേർന്ന് വികസിപ്പിച്ചിട്ടുണ്ട്. അടഞ്ഞുപോയതും നശിച്ചുപോയതുമായ നീർച്ചാലുകളെ നേരിട്ട് കണ്ടെത്തി ഭൂപടത്തിൽ അടയാളപ്പെടുത്തുകയാണ് ഇതിന്റെ ആദ്യപടി. നീർച്ചാലുകളുടെ ഓരത്തുകൂടി നടന്ന് നിലവിലെ സ്ഥിതി നേരിട്ട് ബോധ്യപ്പെട്ടാണ് ഈ പ്രക്രിയ നടത്തുന്നത്. നശിച്ചുപോയ ജലവഴികളും അടഞ്ഞുപോയ നീർച്ചാലുകളും കണ്ടുപിടിക്കാൻ ഈ നീർച്ചാൽ നടത്തം സഹായകമാവും. തുടർന്ന് പൊതുജന പങ്കാളിത്തത്തോടെ മഹാത്മാഗാന്ധി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ, വിവിധ വകുപ്പുകൾ, സന്നദ്ധപ്രവർത്തകർ എന്നിവയുടെ ഏകോപനത്തോടെ നീർചാലുകളുടെ ശുചീകരണവും വീണ്ടെടുപ്പും സാധ്യമാക്കുകയാണ്. നവകേരളം കർമ്മ പദ്ധതി - ഹരിതകേരളം മിഷന്റെ ഭാഗമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപനമാണ് ഈ യജ്ഞം യാഥാർത്ഥ്യമാക്കാൻ മുന്നിൽ നിൽക്കുന്നത്. നീർച്ചാലുകളിലൂടെ സുഗമമായ നീരൊഴുക്ക് ഉറപ്പാക്കിക്കഴിഞ്ഞാൽ ഭൂമിയിലേക്കിറങ്ങിയ ശേഷമുള്ള അധിക ജലം ഒഴുകിപ്പോകുകയും ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമുള്ള സാധ്യതകൾ കുറയുകയും ചെയ്യും. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ 9 ജില്ലകളിലെ 230 ഗ്രാമപഞ്ചായത്തുകളിലാണ് കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സാമ്പത്തിക സഹായത്തോടെ പദ്ധതി നടപ്പാക്കുന്നത്.

## ഹരിതകർമ്മ സേന അംഗങ്ങൾ

315 (2268) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഹരിതകർമ്മ സേന അംഗങ്ങളായി എത്ര പേരാണ്

പ്രവർത്തിക്കുന്നത്; ഇവരുടെ പ്രവർത്തന ഫലമായി പ്രതിമാസം എത്ര ടൺ പ്ലാസ്റ്റിക് മാലിന്യമാണ് സംഭരിക്കാൻ സാധിക്കുന്നത്; ഇത് സംസ്കരിക്കാൻ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

സംസ്ഥാനത്ത് വാതിൽപ്പടി മാലിന്യ ശേഖരണത്തിനായി 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ഏകദേശം 30349 ഹരിതകർമ്മ സേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ മാസവും സന്ദർശിക്കുന്ന വീടുകൾ വ്യാപാര സ്ഥാപനങ്ങൾ, പൊതു/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ എണ്ണത്തിന് ആനുപാതികമായാണ് പ്രതിമാസം ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ്. ഇത് ഓരോ മാസവും വ്യത്യാസപ്പെട്ടിരിക്കുന്നു. ഹരിതകർമ്മ സേന വഴി ശേഖരിക്കുന്ന അജൈവ മാലിന്യം സംഭരണത്തിനും കൈയൊഴിയലിനുമായി 12554 മിനി എം.സി.എഫ്.-കൾ, പ്രാഥമിക സംഭരണത്തിനും തരംതിരിവിനുമായി 1181 എം.സി.എഫ്.-കൾ, 195 ആർ.ആർ.എഫ്.-കൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ശേഖരിക്കുന്ന അജൈവ മാലിന്യം അവയുടെ പുനഃചംക്രമണ

മൂല്യത്തിനനുസരിച്ച് തരംതിരിച്ച് സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനി/സ്വകാര്യഏജൻസികൾ മുഖേനയോ പാഴ്‌വസ്തു വ്യാപാരികൾ മുഖേനയോ പുനഃചംക്രമണത്തിനോ പുനരുപയോഗത്തിനോ കൈമാറി വരുന്നു.

## ലൈഫ് മിഷൻ പദ്ധതി

316 (2269) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി വഴി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങൾക്കായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ലൈഫ് മിഷൻ പദ്ധതി മുഖേന ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക പൊതുവിഭാഗത്തിൽപ്പെട്ട അർഹരായ ഭവനരഹിതർക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നുണ്ട്. ഭൂമിയുള്ള ഭവന രഹിതർക്ക് 4 ലക്ഷം രൂപ ഭവന നിർമ്മാണാനുകൂല്യം നൽകുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായമായി 6 ലക്ഷം രൂപ നൽകുന്നു. ഭൂരഹിത ഭവനരഹിതർക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനം/വകുപ്പുകൾ ഭൂമി വാങ്ങുന്നതിന് ധനസഹായവും നൽകിവരുന്നുണ്ട്. ഇത്തരത്തിൽ ഭൂമി ലഭ്യമാകുന്നവർക്കും സ്വന്തമായി ഭൂമി ആർജ്ജിക്കുന്നവർക്കും ഭവന നിർമ്മാണത്തിന് ധനസഹായവും നൽകുന്നു. ഇതിനുപുറമെ ഭവന സമുച്ചയങ്ങളിലൂടെയും ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ കാലയളവിൽ ഇവർക്കായി എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയെന്നും അതിലൂടെ എത്രപേർക്ക് വീട് ഉൾപ്പെടെ മറ്റാനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞുവെന്നും ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

**(1) ലൈഫ് 2020 ഗുണഭോക്തൃ പട്ടിക അന്തിമമാക്കി**

ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച 920260 അപേക്ഷകളിൻമേൽ അർഹതാ പരിശോധനയും പുനഃപരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കുംശേഷം ഗ്രാമസഭ/വാർഡ് സഭകളുടെയും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടുംകൂടി പട്ടിക അന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022 ആഗസ്റ്റ് 16-ന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചു. ഇതിൽ യഥാക്രമം 67747, 46803 ഭവനരഹിത, ഭൂരഹിത ഭവനരഹിത പട്ടികജാതി കുടുംബങ്ങളും യഥാക്രമം 13236, 3499 ഭവനരഹിത, ഭൂരഹിത ഭവനരഹിത പട്ടികവർഗ കുടുംബങ്ങളും യഥാക്രമം 11033, 9855 ഭവനരഹിത, ഭൂരഹിത ഭവനരഹിത മത്സ്യ തൊഴിലാളി കുടുംബങ്ങളും ഉൾപ്പെടെ യഥാക്രമം 368507, 197201 ഭവനരഹിത, ഭൂരഹിത ഭവനരഹിത കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

**(2) ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്ക് ആനുകൂല്യം നൽകിത്തുടങ്ങി**

സർക്കാരിന്റെ 15-11-2022-ലെ സ.ഉ. (സാധാ) നം. 2806/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ ഭവനരഹിതരെയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിനും 15-11-2022-ലെ സ.ഉ. (സാധാ) നം. 2807/2022/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനും കരാർ

വയ്ക്കുന്നതിനുള്ള അനുമതിയും നൽകി. ടി ഉത്തരവ് പ്രകാരം പ്രസ്തുത ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വയ്ക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. നിലവിൽ ടി ലിസ്റ്റിൽ 8410 പട്ടികജാതി കുടുംബങ്ങൾ 1631 പട്ടികവർഗ കുടുംബങ്ങൾ 822 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ 1173 അതിദരിദ്ര കുടുംബങ്ങൾ ഉൾപ്പെടെ 17353 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

**(3)മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുന്നതിന് ലൈഫ് മിഷൻ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിന്റെ ഭാഗമായി ഇതുവരെ 23.49 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുണ്ട്/വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 12.32 ഏക്കർ ഭൂമി ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്തു നൽകി.

**4) ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി**

ലൈഫ് മിഷൻ അനെർട്ടുമായി കൈകോർത്തുകൊണ്ട് ലൈഫ് പദ്ധതിപ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച 500 വീടുകളെ സൗജന്യ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി. സൗജന്യമായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതിയും അധിക വരുമാനവും ലഭ്യമാകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി. സംസ്ഥാന സർക്കാർ ഏജൻസിയായ അനെർട്ടിന്റെ ഹരിത ഊർജ്ജ വരുമാന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി നടപ്പിലാക്കിവരുന്നത്. പ്രതിദിനം ശരാശരി 8 യൂണിറ്റ് വരെ ഉത്പാദിപ്പിക്കാനുള്ള 2 കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകളാണ് ഓരോ വീടുകളിലും സ്ഥാപിക്കുന്നത്. ഏകദേശം ഒരു പ്ലാന്റിന് 1.35 ലക്ഷമാണ് ചെലവ് വരുന്നത്. ഇതിനു പുറമേ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് ഇൻഡക്ഷൻ സ്റ്റൗ കൂടി ലഭ്യമാക്കുന്നുണ്ട്.

**(5) ലൈഫ് ചിറ്റിലപ്പിള്ളി ഭവന പദ്ധതി**

കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന്

സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിൻപ്രകാരം 164 ഗുണഭോക്താക്കൾക്ക് ഇതിനോടകം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഭൂമി കണ്ടെത്തിയ 54 ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. ബാക്കി ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(6) ഭവനസമുച്ചയ നിർമ്മാണ പുരോഗതി**

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായുള്ള 29 ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 108045 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് വിവിധ ഘട്ടങ്ങളിലായുള്ള ആനുകൂല്യം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

**ടേക്ക് എ ബ്രേക്ക് പദ്ധതി**

317 (2270) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടേക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എ ബ്രേക്ക് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ആകെ 724 എണ്ണം ടോയിലറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ലയുടെ പേര് | പൂർത്തിയാക്കിയ ടോയിലറ്റുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 61 |
| കൊല്ലം | 19 |
| പത്തനംതിട്ട | 62 |
| ആലപ്പുഴ | 53 |
| കോട്ടയം | 52 |
| ഇടുക്കി | 52 |
| എറണാകുളം | 74 |
| തൃശ്ശൂർ | 92 |
| പാലക്കാട് | 55 |
| മലപ്പുറം | 50 |
| കോഴിക്കോട് | 35 |
| വയനാട് | 15 |
| കണ്ണൂർ | 73 |

| | |
|---|---|
| കാസർഗോഡ് | 31 |
| ആകെ | 724 |

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതിലൂടെ എന്താണ് ലക്ഷ്യം വച്ചതെന്നും, ഇത് സാക്ഷാത്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും പരിശോധിച്ചിട്ടുണ്ടോ?

ദേശീയ/സംസ്ഥാന പാതയോര പ്രദേശങ്ങളിലും ബസ് സ്റ്റേഷനുകൾ, മാർക്കറ്റുകൾ, മാളുകൾ തുടങ്ങിയ ഇടങ്ങളിലും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള യാത്രക്കാർക്കും ഏതുസമയത്തും ഉപയോഗിക്കാവുന്നതരത്തിൽ ആധുനിക സംവിധാന സൗകര്യമുൾപ്പെടെയുള്ള ടോയ്ലറ്റ് കോംപ്ലക്സുകൾ നിർമ്മിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തുകൾ എങ്ങനെയാണ് ഏജൻസികളെ ഏൽപ്പിച്ചിരിക്കുന്നത്; ഇതുസംബന്ധിച്ച് പൊതുവായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ?

ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കുടുംബശ്രീ പദ്ധതി പ്രവർത്തകരാണ് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്നത്. ഇതുസംബന്ധിച്ച് 27-07-2020-ലെ സർക്കാർ ഉത്തരവ് 1401/2020/ത.സ്വ.ഭ.വ., 18-04-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.960/2022/LSGD എന്നിവ പ്രകാരം പൊതുവായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ചില പഞ്ചായത്തുകളിൽ യൂസർ ഫീ ഇനത്തിൽ കൂടുതൽ തുക വാങ്ങിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് തയ്യാറാകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യൂസർഫീ വാങ്ങുന്നത് സംബന്ധിച്ച് 27-07-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നം.1401/2020/ത.സ്വ.ഭ.വ. പ്രകാരം പൊതുവായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

## ഗോപി വി.-യുടെ സർവ്വീസ് ആനുകൂല്യം

318 (2271) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 2006-ൽ അന്തരിച്ച ഗോപി വി.-യുടെ

സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സർവ്വീസ് ആനുകൂല്യങ്ങളും ആശ്രിത നിയമനവും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായിരുന്ന ഗോപി വി. 25-08-2006-ൽ മരണപ്പെട്ടിരുന്നുവെങ്കിലും 18-02-2022-ലാണ് സർവ്വീസ് ആനുകൂല്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് ടിയാന്റെ ഭാര്യ തിരുവനന്തപുരം നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ സ്വീകരിച്ചുവരുന്നു. ആശ്രിത നിയമനത്തിന് അപേക്ഷിക്കാനുള്ള സമയപരിധി ജീവനക്കാരൻ മരണപ്പെട്ട തീയതി മുതൽ 2 വർഷവും അവകാശി മൈനറാണെങ്കിൽ മേജറായി 3 വർഷത്തിനകവുമാണ്. ഇക്കാര്യത്തിൽ നഗരസഭാ തലത്തിൽ ഓഡിറ്റ് വകുപ്പിൽ നിന്നുള്ള സ്പഷ്ടീകരണം തേടിയിട്ടുള്ളതാണ്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) തിരുവനന്തപുരം നഗരസഭയിൽനിന്നും ടി വിഷയവുമായി

ബന്ധപ്പെട്ട് നഗരകാര്യ ഡയറക്ടർക്ക് 17-11-2022-ലെ ജി.സി.3/12738/22 നമ്പർ പ്രകാരം ലഭിച്ച കത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

3 വർഷത്തിനുശേഷം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സർക്കാർ അനുമതിക്കായി ശിപാർശ ചെയ്യുന്നതിന് കൗൺസിൽ തീരുമാനം ഉൾപ്പെടെയുള്ള അധിക വിവരങ്ങൾ ആവശ്യപ്പെട്ട് 03-02-2023-ലെ DUA/1027/2023-E2 നമ്പർ പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് ഡയറക്ടർ കത്തയച്ചിട്ടുള്ളതാണ്.

**കേരള ചിക്കൻ പദ്ധതിയും എറൈസ് പ്രോഗ്രാമും**

319 (2272) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ൽ എറൈസ് പ്രോഗ്രാമിന്റെ കീഴിൽ കൂടുതൽ പേർക്ക് സൗജന്യ സ്വയംതൊഴിൽ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

2023-ൽ എറൈസ് പ്രോഗ്രാമിന്റെ കീഴിൽ കൂടുതൽ പേർക്ക് സൗജന്യ സ്വയംതൊഴിൽ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. 2023-24 വർഷത്തിൽ എറൈസ് പദ്ധതിക്കുകീഴിൽ നിലവിലുള്ള 10 സെക്ടറുകളിൽ

മാറ്റം വരുത്തി പുതിയ മേഖലകളിൽ പരിശീലനം ലഭ്യമാക്കാൻ പദ്ധതിയിടുന്നുണ്ട്. ആയതിന്റെ ഭാഗമായി 5000 പേർക്ക് സൗജന്യ സ്കിൽ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള ചിക്കൻ പദ്ധതി സംസ്ഥാനത്തിന്റെ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഭക്ഷ്യ സുരക്ഷയൊരുക്കുന്നതിന് ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പദ്ധതി ആവിഷ്കരിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

കേരള ചിക്കൻ പദ്ധതി നിലവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, പാലക്കാട്, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ 8 ജില്ലകളിൽ നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി ഈ ജില്ലകളിലെ ഏത് പഞ്ചായത്തുകളിൽ വേണമെങ്കിലും കുടുംബശ്രീ അംഗങ്ങളായ വനിതകൾക്ക് കേരള ചിക്കൻ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഫാമുകളും ഔട്ട്ലെറ്റുകളും ആരംഭിക്കാവുന്നതാണ്. ഭക്ഷ്യസുരക്ഷയൊരുക്കുന്നതിന് നിലവിൽ ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത യോഗങ്ങൾ ചേർന്നിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ പരിശീലനം

320 (2273) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ ഇതുവരെയായി തദ്ദേശസ്വയംഭരണ വകുപ്പിലെ ഏതൊക്കെ വിഭാഗം ജീവനക്കാർക്ക് കേരളത്തിന് അകത്തും പുറത്തുമായി പരിശീലനം നൽകിയിട്ടുണ്ട് എന്നത് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, മെമ്പർമാർ തുടങ്ങിയ ജനപ്രതിനിധികൾക്കും സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, സൂപ്രണ്ട്, ടെക്നിക്കൽ അസിറ്റന്റ്, ക്ലർക്ക്, വി.ഇ.ഒ, ജെ.ഇ.ഒ, ഇ.ഒ.(ഡബ്ല്യു.ഡബ്ല്യു), ഹെഡ് ക്ലാർക്ക്, അക്കൗണ്ടന്റ്, മൾട്ടി ടാസ്ക് വർക്കർ, ഡ്രൈവർ തുടങ്ങി ഉദ്യോഗസ്ഥർക്കും വോളണ്ടിയർമാർ, സെനറ്റർമാർ, റിസോഴ്സ് അംഗങ്ങൾ തുടങ്ങിയ വിവിധ അംഗങ്ങൾക്കും കില മുഖേന പരിശീലനം നൽകിവരുന്നുണ്ട്.

1. റൂറൽ ഡയറക്ടറേറ്റിലെ എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർക്കും

ഐ.എം.ജി.-യുമായി സഹകരിച്ച് വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്. ഹൈദരാബാദിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ് & പഞ്ചായത്ത്രാജ് മുഖാന്തരവും തെരഞ്ഞെടുത്ത ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ കിലയുടെ നേതൃത്വത്തിൽ പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്ന അക്കൗണ്ടന്റുമാർ, സെക്രട്ടറിമാർ, ക്ലാർക്കുമാർ എന്നിവർക്കും ആർ.ജി.എസ്.എ. പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾക്കും ജീവനക്കാർക്കുമുള്ള വിവിധ പരിശീലനങ്ങളും നൽകിയിട്ടുണ്ട്.

ആർ.ജി.എസ്.എ. പദ്ധതിയുടെ ഐ.ഇ.സി. ഘടകത്തിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് Situation Management വിഷയത്തിൽ ജില്ലാതലത്തിൽ Motivational Training നൽകിയിട്ടുണ്ട്.

റൂറൽ ഡയറക്ടറേറ്റിലെ സംസ്ഥാന/ജില്ലാതല ഓഫീസുകളിലെ അസിസ്റ്റന്റ് ഡയറക്ടർ, സീനിയർ സൂപ്രണ്ട് എന്നീ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് പൊതുഭരണം സംരംഭകത്വം, ദുരന്ത നിവാരണം എന്നിവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ പഞ്ചായത്തീരാജ് സംവിധാനങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി

ഹിമാചൽപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിലേയ്ക്ക് കില മുഖേന പഠന പര്യടനം സംഘടിപ്പിച്ചിട്ടുണ്ട്.

വാർഷിക പദ്ധതി രൂപീകരണം, നിർവ്വഹണം, ഇ-ഗ്രാംസ്വരാജ്, ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ ഇ-ഓഫീസ്, സുഗമ പോർട്ടൽ എന്നീ വിഷയങ്ങളിലും ജീവനക്കാർക്ക് പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ഇത്തരം പരിശീലനങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകമാകുമെന്നതിനാൽ ആയത് വകുപ്പിലെ മറ്റ് വിഭാഗം ജീവനക്കാർക്കും നൽകുന്നത് പരിഗണനയിലുണ്ടോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മറ്റ് വിഭാഗം ജീവനക്കാർക്കും പരിശീലനം ആവശ്യമാണെന്ന് കാണുന്ന പക്ഷം ആയത് നൽകുന്നത് പരിഗണിക്കുന്നതാണ്.

(സി) കേരളത്തിന് പുറത്ത് വളരെയധികം പ്രചാരമുള്ള നൂതന സാങ്കേതികവിദ്യകൾ വകുപ്പിലെ പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇപ്രകാരമുള്ള പരിശീലനവും കില മുഖേന നൽകിവരുന്നു.

ആദ്യഘട്ടമെന്ന നിലയിൽ രണ്ട് ബാച്ച് പരിശീലനം നടന്നുകഴിഞ്ഞു.

## ഇന്റഗ്രേഷൻ നടപടി

321 (2274) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ഇന്റഗ്രേഷൻ നടപടി പൂർത്തിയായാൽ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) ഇന്റഗ്രേഷൻ ഓഫീസ് സംവിധാനം കൂടുതൽ മെച്ചപ്പെടുമോ; വിശദമാക്കാമോ?

(എ&ബി) സംയോജനത്തിന് മുമ്പ് വിവിധ വിഭാഗങ്ങളിൽ നിലവിലുണ്ടായിരുന്ന എല്ലാ സേവനങ്ങളും സംയോജിത വകുപ്പിലും തുടരുന്നതാണ്. ഇലക്ട്രോണിക്‌വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. വിവര സാങ്കേതികവിദ്യയുടെയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനമൊരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ

പരിഹാരമുണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നതുവഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്നായും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുകവഴി ഫയലുകളിൽ വേഗത്തിൽ തീരുമാനമുണ്ടാകുന്നതിനും സേവന പ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും സേവനങ്ങൾ ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം

വേഗത്തിലാക്കാനും സാധിക്കുന്നതാണ്. കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥ ക്രമീകരണം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) വകുപ്പ് ഏകീകരിക്കുമ്പോൾ ജീവനക്കാർക്ക് ട്രാൻസ്ഫർ സംവിധാനം ഉപയോഗപ്രദമാകുമോ; അറിയിക്കാമോ?

വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി വിവിധ വിഭാഗം ജീവനക്കാർക്ക് മുൻപുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി ഗ്രാമ, നഗര വ്യത്യാസമില്ലാതെ വിവിധ തലങ്ങളിൽ സ്ഥലംമാറ്റം അനുവദിക്കാൻ സാധിക്കുന്നതാണ്. ഇത്തരം സാഹചര്യം കൂടുതൽ ക്രിയാത്മകമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നതിന് ജീവനക്കാർക്ക് സഹായകമായ സാഹചര്യമാണ് സൃഷ്ടിക്കുന്നത്. ഇപ്രകാരം വിവിധ വിഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥരെ പരസ്പരം മാറ്റി നിയമിക്കുന്നതിനായി പ്രത്യേകം സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്ന നടപടി ഐ.കെ.എം.-ൽ പുരോഗമിച്ചുവരികയാണ്.

**കെട്ടിടം നിർമ്മിക്കുന്നതിനായി മണ്ണിടിക്കുന്നതിന് അനുമതി**

322 (2275) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടം നിർമ്മിക്കുന്നതിനായി മണ്ണിടിക്കുന്നതിന് അനുമതിയുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ മണ്ണിടിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(എ&ബി) ഉണ്ട്. 2019-ലെ കെട്ടിടനിർമ്മാണ ചട്ടം 109 പ്രകാരം ഡെവലപ്പ്മെന്റ് പെർമിറ്റ് അനുവദിക്കുന്ന വിഷയത്തിൽ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് മാറ്റുന്നത് സംബന്ധിച്ച 18-09-2021-ലെ സ.ഉ (സാധാ)നം. 1795/2021/ത.സ്വ.ഭ.വ. പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. ആയത് അനുബന്ധമായി ചേർക്കുന്നു.+

## കാസർഗോഡ് ജില്ലയിലെ സ്ഥാപനങ്ങളും ഓഫീസുകളും

323 (2276) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ടൗൺ പ്ലാനിംഗ് വകുപ്പുകളുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും വിശദവിവരം നൽകാമോ; പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഓഫീസുകളും സ്ഥാപനങ്ങളും ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എത്രകാലമായി ഈ സ്ഥാപനങ്ങളും ഓഫീസുകളും പ്രവർത്തിക്കുന്നുണ്ടെന്നും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും സ്ഥാപനവും ഓഫീസും തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നുവെന്നും സ്ഥാപനവും ഓഫീസും തിരിച്ച് വ്യക്തമാക്കാമോ?

(എ-സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കാട്ടാക്കട മണ്ഡലത്തിൽ കുട്ടികളുടെ പാർക്കും ഓപ്പൺ ആഡിറ്റോറിയവും നിർമ്മിക്കുന്നതിന് നടപടി

324 (2277) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ മലയിൽകീഴ് പട്ടണത്തോട് ചേർന്ന് വസ്തു വാങ്ങി കുട്ടികളുടെ പാർക്കും ഓപ്പൺ ഓഡിറ്റോറിയവും നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തായെന്ന്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിശദമാക്കാമോ; ആയതിന്റെ തുടർ നടപടികൾ വിശദമാക്കാമോ?

2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ടോക്കൺ തുക അനുവദിച്ചിട്ടുള്ള കാട്ടാക്കട നിയോജകമണ്ഡലത്തിൽ മലയിൻകീഴ് പട്ടണത്തോട് ചേർന്ന് വസ്തു വാങ്ങി കുട്ടികളുടെ പാർക്കും ഓപ്പൺ ഓഡിറ്റോറിയവും നിർമ്മിക്കുന്ന പദ്ധതി സംബന്ധിച്ച് വിശദമായ പ്രൊപ്പസൽ സമർപ്പിക്കുന്നതിന് ഡി.ബി.1/393/2022/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കേരളോത്സവത്തിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് നടപടി**

325 (2278) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരളോത്സവങ്ങളിൽ ഭീമമായ തുക പ്രത്യക്ഷമായും പരോക്ഷമായും ചെലവഴിച്ചിട്ടും മത്സരാർത്ഥികളുടെ പങ്കാളിത്തം കുറയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

2019 ന് ശേഷം കോവിഡ് 19 കാരണം മുടങ്ങിപ്പോയ കേരളോത്സവം

ഈ വർഷമാണ് പുനരാരംഭിച്ചത്. ആയതിനാൽ സംഘാടനവുമായി ബന്ധപ്പെട്ട് ചുരുങ്ങിയ കാലയളവ് മാത്രമാണ് ലഭിച്ചിരുന്നത്. എന്നിരുന്നാലും മുൻ വർഷങ്ങളിലേതുപോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി മികച്ച പങ്കാളിത്തത്തോടെ തന്നെയാണ് 2022-ൽ കേരളോത്സവം സംഘടിപ്പിച്ചത്. ഏതാനും വിഭാഗങ്ങൾ ഒഴികെ മറ്റെല്ലാ വിഭാഗത്തിലും പതിനാല് ജില്ലകളിൽ നിന്നും പ്രാതിനിധ്യം ഉണ്ടാകുകയും മികവുറ്റ രീതിയിൽ സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

(ബി) ഇത് പരിഹരിക്കുന്നതിന് കേരളോത്സവത്തിലെ ജില്ലാതല വിജയികൾക്ക് പി.എസ്.സി. അഭിമുഖങ്ങളിൽ പ്രത്യേക പരിഗണന നൽകുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ഇരിക്കൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ**

326 (2279) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ ആകെ എത്ര റോഡുകളുണ്ടെന്നും അവയ്ക്ക് എത്ര

കിലോമീറ്റർ ദൈർഘ്യമുണ്ടെന്നുമുള്ള വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+

**കുടുംബശ്രീ വൈവിധ്യവൽക്കരണം**

327 (2280) ഡോ. കെ. ടി. ജലീൽ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 1998-ൽ സർക്കാർ ദീർഘവീക്ഷണത്തോടെയും പുരോഗമന കാഴ്ചപ്പാടോടെയും നടപ്പാക്കിയ കുടുംബശ്രീ രജത ജൂബിലിയുടെ നിറവിൽ എത്തിനിൽക്കുന്ന പശ്ചാത്തലത്തിൽ സമൂഹത്തിലും വനിതകളിലുമുണ്ടാക്കിയ സ്വാധീനം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളിലൂടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക വഴി ഭരണ നിർവ്വഹണ പാടവശേഷി നേടിയെടുക്കാൻ സാധിച്ചു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്ത്രീകളിൽ അവകാശങ്ങളും ചുമതലകളും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയും അവ നേടിയെടുക്കുന്നതിനുള്ള ഇച്ഛാശക്തി വർദ്ധിപ്പിക്കുകയും ചെയ്തു. സ്ത്രീകൾക്ക് പൊതുയോഗങ്ങളിൽ സംസാരിക്കുന്നതിനും അഭിസംബോധന ചെയ്യുന്നതിനുമുള്ള വിമുഖത മാറാൻ സഹായകമായി. സർക്കാർ സേവനങ്ങളെ സംബന്ധിച്ചും അവ നേടുന്നതിനുമുള്ള അറിവും കഴിവും സ്ത്രീകളിൽ വർദ്ധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും പങ്കെടുക്കുന്നതിനുമുള്ള സ്ത്രീകളുടെ കഴിവ് വികസിക്കുകയും ചെയ്തു. കൂടാതെ വനിതാ ജനപ്രതിനിധികളായി തെരഞ്ഞെടുത്തവരിൽ 80% കുടുംബശ്രീ അംഗങ്ങളാണ്. സ്ത്രീകളുടെ ആത്മാഭിമാനം വർദ്ധിപ്പിക്കുന്നതിന് കുടുംബശ്രീ കാരണമായിട്ടുണ്ട്. സ്ത്രീകൾക്ക് യാത്ര ചെയ്യുന്നതിനുള്ള സ്വാശ്രയത്വവും സ്വാതന്ത്ര്യവും വർദ്ധിച്ചു. സ്ത്രീകൾക്ക് സ്വയം വാഹനമോടിക്കുന്നതിനും വാഹനം സ്വന്തമാക്കുന്നതിനും സാധിച്ചു. സ്ത്രീകൾക്ക് രാഷ്ട്രീയത്തിൽ ഇടപെടാനുള്ള കഴിവും അവരുടെ പങ്കാളിത്തവും വർദ്ധിച്ചു. സ്ത്രീകൾക്ക് സ്വന്തമായി കൂടുതൽ ആസ്തികൾ നേടുന്നത് വർദ്ധനവിന് കാരണമായിട്ടുണ്ട്. അയൽക്കൂട്ടത്തിലെ മിതവ്യയ സമ്പാദ്യത്തിലൂടെ സ്ത്രീകൾക്ക് കൂടുതൽ സാമ്പത്തിക ശാക്തീകരണം നേടാൻ സാധിച്ചിട്ടുണ്ട്. കുടുംബശ്രീ സംവിധാനത്തിലൂടെ കൂടുതൽ വരുമാനം

നേടുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം നേടുകയും ഒരു കാലത്ത് പുരുഷന്മാർ മാത്രം ചെയ്തിരുന്ന തൊഴിലുകൾ സ്ത്രീകൾ ചെയ്യുന്നതിനും അപ്രകാരം വ്യത്യസ്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്ത്രീകൾക്ക് സാധിച്ചിട്ടുണ്ട്. കുടുംബശ്രീ സംവിധാനം, തൊഴിലുറപ്പ് പോലുള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ കായിക അദ്ധ്വാനമുള്ള പ്രവർത്തനങ്ങളിലും വരുമാനദായക പ്രവർത്തനങ്ങളിലും ഏർപ്പെടാൻ സ്ത്രീകളെ സഹായിച്ചിട്ടുണ്ട്. കുടുംബശ്രീ സംവിധാനത്തിലൂടെ കാർഷിക മേഖലകളിൽ കൂടുതൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീയുടെ രജത ജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ പ്രവർത്തന പഥത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ള വൈവിധ്യവത്കരണം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ?

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് ആരംഭിച്ച കുടുംബശ്രീ നിലവിൽ കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക-സ്ത്രീ ശാക്തീകരണ ലക്ഷ്യങ്ങളിൽ ഊന്നി വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ കുടുംബശ്രീ നടപ്പിലാക്കിയ വൈവിധ്യവത്കരണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കേരളത്തിലെ യുവതീയുവാക്കളെ ലക്ഷ്യമിട്ട് ഡി.ഡി.യു.ജി.കെ.വൈ., സ്കില്ലിംഗ് & ട്രെയിനിംഗ് പ്രോഗ്രാം, കണക്ട് ടു വർക്ക്, എറൈസ് തുടങ്ങി വിവിധ നൈപുണ്യ പരിശീലന പരിപാടികൾ നടത്തി അവർക്ക് ഉപജീവന ഉപാധികൾ ഉറപ്പുവരുത്തുന്നു.

2. കൂടുതൽ യുവതികളെ കുടുംബശ്രീയിൽ ഉൾപ്പെടുത്തുന്നതിന് ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിച്ച് ഇവരെ വ്യത്യസ്ത ഉപജീവന മേഖലകളിലേയ്ക്ക് ബന്ധിപ്പിക്കുന്ന പ്രവർത്തനം നടത്തിവരുന്നു. കൂടാതെ ഇവർക്കായി പ്രത്യേക ലോൺ പാക്കേജ് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

3) പി.എം.എ.വൈ. (നഗരം) - ലൈഫ് പദ്ധതി പ്രകാരം നഗര പ്രദേശങ്ങളിൽ ഭവനരഹിതർക്ക് ഭവനം ഉറപ്പാക്കുന്ന പദ്ധതി കുടുംബശ്രീ മുഖേന നടത്തിവരുന്നു.

4) സമൂഹത്തിലെ സ്ത്രീകൾക്കെതിരെയുള്ള തിന്മകൾക്കെതിരെയും അവരുടെ ആരോഗ്യ-ശുചിത്വ മേഖലകളിൽ വ്യാപകമായ അവബോധം സൃഷ്ടിക്കുന്നതിനും വൈവിദ്ധ്യമാർന്ന പരിശീലനങ്ങളും ബോധവൽക്കരണങ്ങളും നടത്തിവരുന്നു. സ്ത്രീകൾക്ക് കൂടുതൽ പിന്തുണ ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിൽ സ്നേഹിത ജെൻഡർ ഡെസ്കുകളും

ജെൻഡർ റിസോഴ്സ് സെന്ററുകളും പ്രാദേശിക തലത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

a) ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെ സംസ്ഥാനവ്യാപകമായി ക്യാമ്പയിൻ സംഘടിപ്പിക്കുകയും തുടർപ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ ജെൻഡർ ഹബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരികയും ചെയ്യുന്നു.

b) സമൂഹത്തിൽ ലിംഗപദവി തുല്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ അവബോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

5) സംരംഭ മേഖലകളിൽ കൂടുതൽ ഉപജീവനം സൃഷ്ടിക്കാനായി സൂക്ഷ്മ സംരംഭങ്ങൾ, സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (SVEP), Re-building Kerala Initiative Entrepreneurship Development Programme (RKIDP), തുടങ്ങിയ വ്യത്യസ്ത പരിപാടികൾ കുടുംബശ്രീ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പരിപാടികൾ മുഖേന സാമ്പത്തിക, മാർക്കറ്റിംഗ് പിന്തുണ കുടുംബശ്രീ ഉറപ്പുവരുത്തുന്നു. വൈവിധ്യമാർന്ന പരിശീലനങ്ങളും ഇതുവഴി കുടുംബശ്രീ ഉറപ്പുവരുത്തുന്നുണ്ട്. സരസ്സ് മേളകൾ പോലെ വൈവിധ്യമാർന്ന ചെറുതും വലുതുമായ മേളകളും, ആഴ്ച മാസ/ഓണ/ക്രിസ്തുമസ്സ് ചന്ത തുടങ്ങിയ വ്യത്യസ്ത മാർക്കറ്റിംഗ്

സംവിധാനങ്ങളും നിലവിൽ നടത്തിവരുന്നുണ്ട്.

6) ആദിവാസി/ഗോത്രവർഗ്ഗ മേഖലയിലെ ഉന്നമനത്തിനായി അട്ടപ്പാടി, നിലമ്പൂർ, തിരുനെല്ലി, ആറളം, മഞ്ചേശ്വരം എന്നീ പ്രദേശങ്ങളിലെ പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്ത് അവർക്ക് ഉപജീവന പ്രവർത്തനങ്ങളും ആരോഗ്യ-ശുചിത്വ-പോഷകാഹാരവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

7) കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ കൂടുതൽ ഉന്നമനത്തിനായി സംഘകൃഷി പ്രവർത്തനങ്ങളും, കേരള ചിക്കൻ, കാർഷിക-മൃഗസംരക്ഷണ മൂല്യവർദ്ധിത സംരംഭ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. കാർഷിക മേഖലകളിൽ 75000-ൽ അധികം സംഘകൃഷി ഗ്രൂപ്പുകൾ 33310 ഹെക്ടറോളം ഭൂമിയെ കൃഷിയോഗ്യമാക്കി കൃഷി ചെയ്തുവരുന്നു. കാർഷിക പോഷക ഉദ്യാനങ്ങൾ കുടുംബശ്രീ കുടുംബാംഗങ്ങളുടെ വീടുകളിൽ ഉറപ്പുവരുത്തി അവർക്കുള്ള സമ്പൂർണ്ണ പോഷകാവശ്യങ്ങൾ നിറവേറ്റിവരുന്നു. കൂടാതെ പ്ലാന്റ് നഴ്സറികൾ, ജൈവ വളങ്ങൾ നിർമ്മിക്കുന്നതിന് ബയോ ഫാർമസികൾ, പൂന്തോട്ട നിർമ്മാണവും പരിപാലനവും, മട്ടുപ്പാവ് കൃഷി, ഗ്രീൻകാർപ്പെറ്റ് യൂണിറ്റുകൾ, കാർഷിക മൂല്യവർദ്ധിത സംരംഭങ്ങൾക്കായി അഗ്രി ബിസിനസ്സ് വെഞ്ചേഴ്സ് തുടങ്ങിയ മേഖലകളിലും കുടുംബശ്രീ ശ്രദ്ധ

കേന്ദ്രീകരിച്ചുവരുന്നു.

8) കുടുംബശ്രീ അംഗങ്ങളുടെ കലാ-കായിക മേഖലകളിലെ പ്രാവീണ്യം കാണിക്കുന്ന അരങ്ങ്, രചന മത്സരങ്ങൾ തുടങ്ങിയവ നടത്തിവരുന്നു.

9) പ്രത്യേക പരിഗണന അർഹിക്കുന്ന വയോജനങ്ങൾ, ട്രാൻസ്ജെൻഡർ, ഭിന്നശേഷിക്കാർ, എച്ച്.ഐ.വി. എയ്ഡ്സ് രോഗികൾ, തീരദേശ മേഖലയിലുള്ളവർ, ഭാഷാ ന്യൂനപക്ഷ മേഖലയിലുള്ളവർ എന്നിവർക്കായി പ്രത്യേക ഇടപെടലുകളും പരിഗണനയും കുടുംബശ്രീ നൽകിവരുന്നുണ്ട്.

10) കൊച്ചി മെട്രോയുടെ നടത്തിപ്പ്, പോസ്റ്റൽ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ ഒന്നാം ക്ലാസ് മുതൽ 12-ാം ക്ലാസുവരെയുള്ള കുട്ടികളുടെ പാഠപുസ്തകങ്ങൾ തരംതിരിച്ച്, പായ്ക്ക് ചെയ്ത് സ്കൂളിൽ സമയബന്ധിതമായി എത്തിക്കുന്ന പ്രവൃത്തി, റെയിൽവേ പാർക്കിംഗ്, വയനാട്, അട്ടപ്പാടി എന്നിവിടങ്ങളിൽ നടപ്പിലാക്കിവരുന്ന കമ്മ്യൂണിറ്റി കിച്ചൻ, ആദിവാസികൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ മുൻകൂർ വേതനം, തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റുമാരുടെ നിയമനം, സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലുമുള്ള ആറ് മാസം മുതൽ മൂന്ന് വയസുവരെയുള്ള കുട്ടികൾക്ക് വിതരണം ചെയ്യുന്ന പോഷകാഹാരമായ 'അമൃതം' ന്യൂട്രിമിക്സ് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്, തെങ്ങ് കയറ്റം, ഡ്രൈവിംഗ് തുടങ്ങിയ

മേഖലകളിൽ കുടുംബശ്രീ മികവുറ്റ പ്രവർത്തനം നടത്തിവരുന്നു.

11) കുടുംബശ്രീ മാതൃക മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിനായി കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻ.ആർ.ഒ.) നിലവിലുണ്ട്.

(സി) കുടുംബശ്രീയിലൂടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പാക്കുന്ന നൂതന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കുമോ?

കുടുംബശ്രീയുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ:-

1) കേരള ചിക്കൻ സുരക്ഷിതമായ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് വിപണിയിൽ എത്തിക്കുക, പൊതുവിപണിയിൽ ഇറച്ചിക്കോഴിയുടെ വിലവർദ്ധനയ്ക്ക് പരിഹാരം കണ്ടെത്തുക എന്നിവ ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കെപ്കോ എന്നിവയുമായി സഹകരിച്ചുകൊണ്ട് കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതിയാണ് കേരള ചിക്കൻ പദ്ധതി. അതോടൊപ്പം കുടുംബശ്രീ അംഗങ്ങളായ വനിതകൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുകയെന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

2) ആർ.കെ.ഐ.ഇ.ഡി.പി. ((Re-building Kerala Initiative Entrepreneurship Development Programme) റീബിൽഡ് കേരളയുടെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ എസ്.വി.ഇ.പി.-യുടെ മാതൃകയിൽ നടത്തുന്ന ജീവനോപാധി വികസന പദ്ധതിയാണിത്.

3) യുവ കേരളം-റീബിൽഡ് കേരളയുടെ സഹായത്തോടെ യുവതീയുവാക്കൾക്കുവേണ്ടി നടത്തുന്ന നൈപുണ്യ വികസന പദ്ധതി.

4) ഷീ സ്റ്റാർട്ട്സ്-ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

5) ഓക്സിലറി ഗ്രൂപ്പുകൾ-കൂടുതൽ യുവതികളെ കുടുംബശ്രീയുടെ ഭാഗമാക്കുന്നതിനായി 18 മുതൽ 40 വയസ്സുവരെയുള്ള സ്ത്രീകൾക്കായി കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഇവർക്ക് ജെൻഡർ അവബോധ പരിശീലനം, കാര്യശേഷി വികസന പരിശീലനം എന്നിവ നൽകുകയും മാർഷ്യൽ ആർട്ട് പരിശീലനം നൽകുന്ന ഗ്രൂപ്പുകൾ ഓക്സിലറി ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്നതിനും കുടുംബശ്രീ ലക്ഷ്യം വയ്ക്കുന്നു.

## ലൈഫ് മിഷൻ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള വീട് നിർമ്മാണം

328 (2281) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത കാലയളവുകളിൽ ലൈഫ് മിഷൻ മുഖേന എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും സാമ്പത്തിക വർഷം തിരിച്ച് വിശദാംശം നൽകുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഈ കാലയളവിൽ നാളിതുവരെ ലൈഫ് മിഷൻ മുഖേന എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശീർഷകത്തിൽ ലൈഫ് മിഷന് വേണ്ടി 140 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ കാലയളവിൽ ലൈഫ് മിഷൻ മുഖേന 3132 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

329 (2282) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനും നിലവിലെ സ്ഥാപനങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

നടപടി സ്വീകരിച്ചിട്ടില്ല.

## കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നടപടി

330 (2283) ശ്രീമതി യു. പ്രതിഭ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിലും സാമ്പത്തിക ശാക്തീകരണത്തിനും കുടുംബശ്രീ പ്രസ്ഥാനം കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷംകൊണ്ട് കൈവരിച്ച നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളിലൂടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകവഴി ഭരണ നിർവ്വഹണ പാടവശേഷി നേടിയെടുക്കാൻ സാധിച്ചു. അവകാശങ്ങളും, ചുമതലകളും സംബന്ധിച്ച് സ്ത്രീകളിൽ അവബോധം സൃഷ്ടിക്കുകയും അവ നേടിയെടുക്കുന്നതിനുള്ള ഇച്ഛാശക്തി വർദ്ധിപ്പിക്കുകയും ചെയ്തു. സ്ത്രീകൾക്ക് പൊതുയോഗങ്ങളിൽ സംസാരിക്കുന്നതിനും അഭിസംബോധന ചെയ്യുന്നതിനുമുള്ള വിമുഖത മാറാൻ സഹായകമായി. സർക്കാർ സേവനങ്ങളെ സംബന്ധിച്ചും അവ നേടുന്നതിനുള്ള അറിവും കഴിവും സ്ത്രീകളിൽ വർദ്ധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും പങ്കെടുക്കുന്നതിനുമുള്ള സ്ത്രീകളുടെ കഴിവ് വികസിക്കുകയും ചെയ്തു. കൂടാതെ വനിതാ ജനപ്രതിനിധികളായി തെരഞ്ഞെടുത്തവരിൽ 80% കുടുംബശ്രീ അംഗങ്ങളാണ്. സ്ത്രീകളുടെ ആത്മാഭിമാനം വർദ്ധിപ്പിക്കുന്നതിന് കുടുംബശ്രീ കാരണമായിട്ടുണ്ട്. സ്ത്രീകൾക്ക് യാത്ര ചെയ്യുന്നതിനുള്ള സ്വാശ്രയത്വവും സ്വാതന്ത്ര്യവും വർദ്ധിച്ചു. സ്ത്രീകൾക്ക് സ്വന്തമായി വാഹനമോടിക്കുന്നതിനും വാഹനം സ്വന്തമാക്കുന്നതിനും സാധിച്ചു. സ്ത്രീകൾക്ക് രാഷ്ട്രീയത്തിൽ ഇടപെടാനുള്ള

കഴിവും അവരുടെ പങ്കാളിത്തവും വർദ്ധിച്ചു. സ്ത്രീകൾക്ക് സ്വന്തമായി കൂടുതൽ ആസ്തികൾ നേടാൻ കാരണമായിട്ടുണ്ട്. അയൽക്കൂട്ടത്തിലെ മിതവ്യയ സമ്പാദ്യത്തിലൂടെ സ്ത്രീകൾക്ക് കൂടുതൽ സാമ്പത്തിക ശാക്തീകരണം നേടുന്നതിന് സാധിച്ചിട്ടുണ്ട്.

കുടുംബശ്രീ സംവിധാനത്തിലൂടെ കൂടുതൽ വരുമാനം നേടുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം നേടുകയും ഒരു കാലത്ത് പുരുഷന്മാർ മാത്രം ചെയ്തിരുന്ന തൊഴിലുകൾ സ്ത്രീകൾ ചെയ്യുന്നതിനും അപ്രകാരം വ്യത്യസ്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്ത്രീകൾക്ക് സാധിച്ചിട്ടുണ്ട്.

കുടുംബശ്രീ സംവിധാനം തൊഴിലുറപ്പ് പോലുള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ കായിക അദ്ധ്വാനമുള്ള പ്രവർത്തനങ്ങളിലും വരുമാനദായക പ്രവർത്തനങ്ങളിലും ഏർപ്പെടാൻ സ്ത്രീകളെ സഹായിച്ചിട്ടുണ്ട്.

കുടുംബശ്രീ സംവിധാനത്തിലൂടെ കാർഷിക മേഖലകളിൽ കൂടുതൽ സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ വ്യത്യസ്ത മേഖലകളില പ്രവർത്തനങ്ങളുടെ അംഗീകാരമായി നിരവധി അവാർഡുകൾ ലഭ്യമായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡ്

എൻ.യു.എൽ.എം., പി.എം.എ.വൈ., ഡി.ഡി.യു.ജി.കെ.വൈ. എന്നീ പദ്ധതികളിലെ ഏറ്റവും മികച്ച പ്രവർത്തനങ്ങൾക്കുള്ള അവാർഡ് തുടങ്ങിയ നിരവധി അംഗീകാരങ്ങൾ കുടുംബശ്രീയുടെ നേട്ടങ്ങളിൽ ഉൾപ്പെടും.

(ബി) രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ചുവട്-2023 അയൽക്കൂട്ട സംഗമങ്ങൾ കുടംബശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നതിനായി ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാനുതകുന്ന തരത്തിൽ ആസൂത്രണം ചെയ്യാൻ നിശ്ചയിച്ചിട്ടുണ്ടോ?

ഉണ്ട്. ഇതിന്റെ ആദ്യപടിയായി കേരളത്തിലെ 3 ലക്ഷം അയൽക്കൂട്ടങ്ങളിൽ ചുവട്-2023 എന്ന പേരിൽ ഒരു അയൽക്കൂട്ട സംഗമം നടത്തുകയും ഓരോ അയൽക്കൂട്ടങ്ങളും ശുചിത്വം, ആരോഗ്യം കുടുംബശ്രീയുടെ ഭാവി പ്രവർത്തനങ്ങൾ, മറ്റു വിഷയങ്ങൾ എന്നിവ സംബന്ധിച്ച ചർച്ച ചെയ്യുകയുമുണ്ടായി. ഇവയുടെ ക്രോഡീകരണം വ്യത്യസ്ത തലങ്ങളിൽ നടത്തി. സംസ്ഥാനതലത്തിൽ ഒരു വികസന രേഖയായി മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ അയൽക്കൂട്ടങ്ങളും അയൽക്കൂട്ട തലത്തിൽ സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും അത് നേടിയെടുക്കുകയും ചെയ്യും. ഇപ്രകാരം

കേരളത്തിലെ 3 ലക്ഷം അയൽക്കൂട്ടങ്ങൾ ഒരുമിച്ചുചേർന്ന് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ അയൽക്കൂട്ടത്തിന് ചെയ്യാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക വഴി കേരളത്തിന്റെ സമഗ്രമായ വികസനത്തിന്റെ ആക്കം കൂട്ടുകയും ചെയ്യും.

(സി) 2011-16 കാലത്ത് ജനശ്രീയ്ക്കായി കുടുംബശ്രീയെ തകർക്കാൻ എന്ന രീതിയിൽ നടത്തിയതായി പറയപ്പെടുന്ന ശ്രമങ്ങളെ അതിജീവിക്കുന്നതിന് കഴിഞ്ഞ സർക്കാരും ഈ സർക്കാരും കുടുംബശ്രീക്ക് നൽകിയ പിന്തുണയെക്കുറിച്ച് വിശദമാക്കാമോ?

കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്, സംസ്ഥാന ബഡ്ജറ്റിൽ കുടുംബശ്രീക്കായി പ്രത്യേക ഫണ്ട് എല്ലാ വർഷവും വകയിരുത്തിവരുന്നു. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതി, ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി, പി.എം.എ.വൈ. (നഗരം)-ലൈഫ്, ഡി.ഡി.യു.ജി.കെ.വൈ., SVEP, കുടുംബശ്രീ എൻ.ആർ.ഒ. തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന നോഡൽ ഏജൻസിയായി കുടുംബശ്രീ മാറുന്നതിനാവശ്യമായ പിന്തുണയും ഇടപെടലും നൽകി. സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ ഓണറേറിയം കാലോചിതമായി വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. മിഷൻ ഉദ്യോഗസ്ഥർക്ക് കാലോചിതമായ

ശമ്പള വർദ്ധനവ് ഉറപ്പാക്കി സർക്കാരിന്റെ വിവിധ പദ്ധതികളിൽ പ്രത്യേകിച്ച് ദാരിദ്ര്യ നിർമ്മാർജന പദ്ധതികളിൽ കുടുംബശ്രീ പങ്കാളിത്തം ഉറപ്പാക്കി. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ കുടുംബശ്രീക്ക് വേണ്ടി പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുള്ള ആവശ്യമായ ഇടപെടലുകളും നടത്തി.

## അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽകരിക്കൽ

331 (2284) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അജ്ഞതമൂലം നടപടിക്രമങ്ങൾ പാലിക്കാതെ നിലവിലെ വീടുകൾ പുതുക്കിപ്പണിത നിരവധിപ്പേർ കെട്ടിട നമ്പർ ലഭിക്കാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള അനധികൃത നിർമ്മാണം സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് പൊളിച്ച് മാറ്റാമെന്ന സമ്മതപത്രം വാങ്ങി കെട്ടിട നികുതി സ്വീകരിച്ച് കെട്ടിട നമ്പർ നൽകി ക്രമപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

അനധികൃത നിർമ്മാണം സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് പൊളിച്ച്

മാറ്റാമെന്ന സമ്മതപത്രം വാങ്ങി കെട്ടിട നികുതി സ്വീകരിച്ച് കെട്ടിട നമ്പർ നൽകി ക്രമപ്പെടുത്താൻ നിലവിൽ നിയമവ്യവസ്ഥ ഇല്ലാത്തതാണ്. എന്നാൽ ഇത്തരം കെട്ടിടങ്ങൾക്ക് UA നമ്പർ നൽകി നികുതി പിരിച്ചുവരുന്നുണ്ട്.

(സി) അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവൽകരിക്കൽ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. The Kerala Panchayat Building (Regularisation of Unauthorised Construction) Rules 2018 (സ.ഉ(പി)നം.12/2018/ത.സ്വ.ഭ.വ. തീയതി 15-02-2018), The Kerala Municipality Building (Regularisation of Unauthorised Construction) Rules 2018 (സ.ഉ.(പി)നം.11/2018/ത.സ്വ.ഭ.വ. തീയതി 15-02-2018) പ്രകാരം 31-07-2017 വരെ നിർമ്മാണമോ, കൂട്ടിച്ചേർക്കലോ പുനർനിർമ്മാണമോ പൂർത്തീകരിച്ച കെട്ടിടങ്ങളെ വ്യവസ്ഥകൾക്ക് വിധേയമായി നിശ്ചിത ഫീസ് ഈടാക്കി ക്രമവൽകരിക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. ഈ ചട്ടങ്ങൾ പ്രകാരം ക്രമവൽകരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടിയിരുന്ന കാലയളവ് ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ 1319 ദിവസങ്ങൾക്കുള്ളിലായിരുന്നു. നിലവിൽ പ്രസ്തുത കാലാവധി അവസാനിച്ചിരിക്കുകയാണ്. പ്രസ്തുത ചട്ടം പരിഷ്കരിക്കുന്നതിനുള്ള നടപടി

സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## വയനാട്ടിലെ ആദിവാസി മേഖലയിലെ പദ്ധതികൾ

332 (2285) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ വകുപ്പ് വയനാട്ടിലെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ വഴി ആദിവാസി മേഖലയിലെ പദ്ധതികൾക്കായി നീക്കിവച്ച തുകയുടെയും നടപ്പാക്കിയ പദ്ധതികളുടെയും വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

വയനാട് ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവായ 2016-17 മുതൽ 2020-21 വരെ ഗ്രാമപഞ്ചായത്തുകളിൽ വിവിധ മേഖലകളിലായി 5994 പ്രോജക്ടുകൾ ഏറ്റെടുത്ത് 245,56,63,447/- രൂപ വകയിരുത്തുകയും 154,14,67,476/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ബ്ലോക്ക് പഞ്ചായത്ത് മുഖേന 895 പ്രോജക്ടുകൾക്കായി 80,66,12,271/- രൂപ വകയിരുത്തുകയും 45,31,85,401/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിലെ ആദിവാസികൾക്കായി ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലും ബ്ലോക്ക്

പഞ്ചായത്ത് അടിസ്ഥാനത്തിലും നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

## ലെനിൻ രാജേന്ദ്രന്റെ സ്മാരക നിർമ്മാണം

333 (2286) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലെനിൻ രാജേന്ദ്രന്റെ സ്മാരകം നിർമ്മിക്കുന്നതിനുള്ള ബഡ്ജറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സാംസ്കാരിക വകുപ്പുമായി ചേർന്ന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ?

ലെനിൻ രാജേന്ദ്രന്റെ സ്മാരകം നിർമ്മിക്കുന്നതിനായി അദ്ദേഹത്തിന്റെ ജന്മനാടായ തിരുവനന്തപുരം ജില്ലയിൽ ഊരൂട്ടമ്പലം ജംഗ്ഷന് സമീപം 110 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നു. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിക്കവേ വസ്തുവിന്റെ ഉടമസ്ഥൻ വസ്തു വിട്ടുനൽകാൻ വിസമ്മതം പ്രകടിപ്പിച്ചു. നിലവിൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽ തിരുവനന്തപുരം-ഊരൂട്ടമ്പലം റോഡിൽ മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ഗോവിന്ദമംഗലം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സാംസ്കാരിക നിലയത്തോട് ചേർന്ന് രണ്ടര ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

## കടമക്കുടി- ചാത്തനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച്

334 (2287) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡയുടെ സഹായത്തോടെ നിർമ്മിക്കുന്ന വലിയ കടമക്കുടി- ചാത്തനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ സഹായത്തോടെ നിർമ്മിക്കുന്ന വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതാണ്. പാലത്തിന്റെ ചാത്തനാട് ഭാഗത്തെ പൈലിംഗ് ജോലികൾ പൂർത്തിയായിട്ടുള്ളതും തുടർനടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി കുടിയൊഴിപ്പിക്കുന്നവർക്ക് മൂന്ന് സെന്റ് ഭൂമി അനുവദിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള കത്തിൽ അനുമതി

ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; അനുമതി എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ ഏഴിക്കര, കടമക്കുടി വില്ലേജുകളിൽ ഉൾപ്പെട്ട 0.92923 ഹെക്ടർ ഭൂമി, വലിയ കടമക്കുടി-ചാത്തനാട് പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവരിൽ വീട് വയ്ക്കുന്നതിന് മറ്റ് സ്ഥലമില്ലാത്തവർക്ക് പ്രത്യേക പാക്കേജായി മൂന്ന് സെന്റ് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് ജിഡ ലഭ്യമാക്കിയ പ്രൊപ്പോസലിന്മേൽ റവന്യൂ, നിയമ വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസൽ പരിശോധന നടത്തിവരികയുമാണ്.

(സി) വലിയ കടമക്കുടി ഭാഗത്തെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

വലിയ കടമക്കുടി ഭാഗത്തെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളതും നിർമ്മാണം ഉടൻ ആരംഭിക്കുന്നതുമാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്പിൽ ഓവർ തുക**

335 (2288) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്പിൽ ഓവർ പദ്ധതികളുടെ തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ക്യാരിഫോർവേഡ് ചെയ്യുന്ന സംവിധാനം നിർത്തലാക്കിയതുമൂലം നിലനിൽക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാരി ഫോർവേർഡിംഗ് സംവിധാനം നടപ്പുസാമ്പത്തിക വർഷം മുതൽ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) സ്പിൽ ഓവർ പദ്ധതികളുടെ തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ക്യാരി ഫോർവേഡ് ചെയ്യുന്ന സംവിധാനം നിർത്തലാക്കിയിട്ടില്ല. വികസന ഫണ്ടിലെ പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും പ്രത്യേകമായി ക്യാരി ഫോർവേഡ് 20 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ മുൻ വർഷങ്ങളിലേതുപോലെ 2022-23 സാമ്പത്തിക വർഷം 10 ശതമാനം വർദ്ധന വരുത്തിയിട്ടുണ്ടോ; 2023-24 സാമ്പത്തിക വർഷം വർദ്ധനവ്

വരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത ശതമാനം വികസന ഫണ്ടായി വകയിരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിന്റെ വിഹിതം നിർണ്ണയിക്കുമ്പോൾ നിലവിലെ സംവിധാനത്തിൽ 1% വർദ്ധനവ് നൽകി സംസ്ഥാന അടങ്കലിന്റെ 26% വികസന ഫണ്ട് ആയി നൽകുന്നതിനും തുടർന്നുള്ള വർഷങ്ങളിൽ 0.5% വീതം വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 2022-23-ൽ ഇത് 26.5 ശതമാനവും 2023-24 സാമ്പത്തിക വർഷം 27.19 ശതമാനവുമാണ്.

**കെട്ടിട നികുതിയിൽ വരുത്തിയ വർദ്ധന**

336 (2289) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കെട്ടിട നികുതി എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഓരോ തവണയുമുണ്ടായ വർദ്ധനവിന്റെ നിരക്കും വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ കെട്ടിടനികുതി വർദ്ധനവിന്റെ അടിസ്ഥാനത്തിൽ എത്ര രൂപ അധിക വരുമാനമായി സമാഹരിക്കാൻ

കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വസ്തു നികുതി പിരിച്ചുവരുന്നുണ്ട്. 1975-ലെ കേരള കെട്ടിട നികുതി നിയമ പ്രകാരം കെട്ടിട നികുതി പിരിക്കുന്നത് റവന്യൂ വകുപ്പാണ്. 2016 മേയ് മാസം അധികാരത്തിൽ വന്ന കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും വസ്തു നികുതി വർദ്ധിപ്പിച്ചിട്ടില്ല.

(സി) 2500 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ?

കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിലുള്ള തുക അതത് ഗ്രാമപഞ്ചായത്തുകളിലേയ്ക്കും നഗരസഭകളിലേയ്ക്കുമാണ് പിരിച്ചെടുക്കുന്നത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ ആസ്തികൾ**

337 (2290) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ

ആസ്തികളുടെ രജിസ്റ്റർ ഭൗതികമായ പരിശോധന നടത്തി കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തി രജിസ്റ്റർ കാലികമാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും അതിന്റെ രീതിശാസ്ത്രം നിശ്ചയിക്കുന്നതിനുമായി 29-09-2022-ലെ സ.ഉ.(സാധാ)നം. 2379/2022/ത.സ്വ.ഭ.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റോഡ് ആസ്തികളുടെ വിവരശേഖരണം ഏറെക്കുറെ പൂർത്തിയാക്കിയിട്ടുണ്ട്. റോഡിതര ആസ്തികളുടെ വിവരശേഖരണം ഉടൻ ആരംഭിക്കുന്നതാണ്.

(ബി) ഇത്തരത്തിൽ വിട്ടുകിട്ടിയ ആസ്തികളുടെ പേരുകൾ അതത് സ്ഥലത്ത് ബോർഡ് രൂപത്തിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

വിട്ടുകിട്ടിയ ആസ്തികളിലെ ആഫീസ് കെട്ടിടങ്ങളിലും സ്ഥാപനങ്ങളിലും ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക ബാധ്യത വരാതെ ആവശ്യമായ തുക സ്വകാര്യ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ അനുവദിച്ച് കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

നിലവിൽ ഇതിന് നിയമ തടസ്സമുള്ളതായി കാണുന്നില്ല.

## പാലാ കടനാട് പഞ്ചായത്തിലെ കുറുമണ്ണ് കുടിവെള്ള പദ്ധതി

338 (2291) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. എ.ഡി.എസ്. പ്രകാരം ഭരണാനുമതി ലഭിച്ച പാലാ കടനാട് പഞ്ചായത്തിലെ കുറുമണ്ണ് കുടിവെള്ള പദ്ധതിക്ക് ഇലക്ട്രിക്കൽ ഇനത്തിൽ ആവശ്യമായ 1,07,901/- രൂപ അലോട്ട്മെന്റ് അനുവദിക്കാൻ 24-08-2022-ൽ കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അയച്ച ശിപാർശയിന്മേൽ (ഫയൽ നമ്പർ. AB4/MLA ADS/2022 തീയതി 05-08-2022) തുക അനുവദിക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി പ്രദേശത്തെ ആളുകളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എത്രയും വേഗം തുക അനുവദിച്ച് പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കുറുമണ്ണ് കുടിവെള്ള പദ്ധതിക്ക് അനുവദിക്കേണ്ട തുക ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ. നൽകിയ demand notice-ൽ flood cess കൂടി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ നിലവിൽ ചരക്ക് സേവന നികുതിയോടൊപ്പം flood cess ഈടാക്കുന്നില്ല. കൂടാതെ കെ.എസ്.ഇ.ബി.എൽ. ലഭ്യമാക്കിയ പഴയ demand notice-ലെ തുകകൂടി ഉൾപ്പെടുത്തിയാണ് മേൽ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ ടി തുക പര്യാപ്തമാണോയെന്ന് പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ പുതുക്കിയ demand notice കെ.എസ്.ഇ.ബി.എൽ.-ൽ നിന്നും ലഭ്യമാക്കുന്നതിനുംവേണ്ടി 14-12-2022-ലെ എ.ബി.2/ഡി.ബി.6/12301/22/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽനിന്നും റിപ്പോർട്ട് തേടുകയും ആയത് ലഭിക്കുന്ന മുറയ്ക്ക് മേൽ പദ്ധതി പൂർത്തീകരണം സംബന്ധിച്ച നടപടി പരിശോധിക്കുന്നതുമാണ്.

**തദ്ദേശ സ്ഥാപനങ്ങളിൽ ഓൺലൈൻ സേവനങ്ങളുടെ സീനിയോരിറ്റി**

339 (2292) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിൽ ജനങ്ങൾ ഓൺലൈനിൽ സമർപ്പിക്കുന്ന വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകൾ സീനിയോറിറ്റി മുഖേനയല്ലാതെ എടുത്ത് തീർപ്പാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഓൺലൈൻ സേവനങ്ങളും അല്ലാത്തവയും സീനിയോറിറ്റി പ്രകാരം മാത്രം തീർപ്പാക്കാൻ സോഫ്റ്റ്‌വെയറിലും മറ്റും ക്രമീകരണം ഏർപ്പെടുത്തി മികച്ച സേവനം ജനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തദ്ദേശ സ്ഥാപനങ്ങളിൽ ജനങ്ങൾ ഓൺലൈനിൽ സമർപ്പിക്കുന്ന വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകൾ സീനിയോറിറ്റി മുഖേനയല്ലാതെ എടുത്ത് തീർപ്പാക്കുന്നത് മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ നൽകിയിട്ടുണ്ട്. ILGMS സോഫ്റ്റ്‌വെയറിലൂടെ നൽകുന്ന എല്ലാ സേവനങ്ങൾക്കും അർഹമായ മുൻഗണന ഉറപ്പാക്കാൻ FIFO (First in First Out) ലോജിക്ക് നടപ്പാക്കുന്നതിന് സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതാണ്.

**പുനലൂർ നിയോജകമണ്ഡലത്തിലെ ഭൂരഹിതരുടെ ലിസ്റ്റ്**

340 (2293) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ആര്യങ്കാവ്, തെന്മല, കരവാളൂർ, അഞ്ചൽ, ഇടമുളക്കൽ, ഏരൂർ, കുളത്തൂപ്പുഴ എന്നീ പഞ്ചായത്തുകളിലും പുനലൂർ നഗരസഭയിലുമായി ഭൂരഹിതരായിട്ടുള്ള ആളുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇവിടങ്ങളിൽ താമസിക്കുന്ന ഭൂരഹിതരുടെ കുടുംബത്തിലെ കുടുംബനാഥന്റെ പേര്, അംഗങ്ങളുടെ എണ്ണം, മേൽവിലാസം, ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പർ, പഞ്ചായത്ത്, വാർഡ്, ജാതി, എ.പി.എൽ. /ബി.പി.എൽ. എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കളുടെ പട്ടിക ലൈഫ് മാനദണ്ഡപ്രകാരം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ അംഗങ്ങളുടെ എണ്ണം, എ.പി.എൽ./ബി.പി.എൽ., ഫോൺ നമ്പർ എന്നിവ ഉൾപ്പെടുന്നില്ല. പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**സാക്ഷരതാ മിഷൻ പ്രേരക്മാരുടെ പുനർവിന്യാസം**

341 (2294) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ മിഷൻ പ്രവർത്തനങ്ങളുടെ നെടുംതൂണുകളായ സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. 2021 ജനുവരി മാസത്തിലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെയും ധനവകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ 30-03-2022-ലെ മന്ത്രിസഭായോഗ തീരുമാനം പ്രകാരം 31-03-2022-ലെ സ.ഉ. (കൈ) നം.72/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സാക്ഷരത പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു)+

(ബി) പ്രസ്തുത പുനർവിന്യാസം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സാക്ഷരത പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സാഹചര്യത്തിൽ പ്രേരക്മാരുടെ നിയമനം, നിലവിലുള്ള വ്യവസ്ഥയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തന വിലയിരുത്തത്തിനുള്ള എം.ഐ.എസ്. തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ യോഗത്തിൽ പ്രേരക്മാരുടെ ഓണറേറിയം 75:25 എന്ന അനുപാതത്തിൽ പ്രതിമാസ അടിസ്ഥാനത്തിൽ 75% (16.5 കോടി) ഓണറേറിയം തദ്ദേശസ്വയംഭരണ വകുപ്പും 25% (5.5 കോടി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മൂന്ന് മാസത്തിലൊരിക്കൽ പ്രവർത്തന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടായിരുന്നു.

സാക്ഷരതാ പ്രേരക്മാർക്ക് നൽകാനുള്ള ഓണറേറിയം ഇനത്തിൽ ഏകദേശം 22 കോടി രൂപയാണ് പ്രതിവർഷം ആവശ്യമായി വരുന്നത്. ആയതിൽ 8 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി സാക്ഷരതാ മിഷൻ അതോറിറ്റിക്ക് ഇപ്പോൾ നൽകിവരുന്നത്.

മേൽപ്പറഞ്ഞ രീതിയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് 75% തുക പ്രതിമാസ ഓണറേറിയമായി പ്രേരക്മാർക്ക് നൽകുന്നതിന് 16.5 കോടി രൂപ ആവശ്യമാണ്. പ്രേരക് ഓണറേറിയം ഇനത്തിൽ തദ്ദേശസ്വയംഭരണ

വകുപ്പിന് പുതിയ ശീർഷകം അനുവദിച്ച് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സാക്ഷരതാ പ്രേരകരുടെ പുനർവിന്യാസ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

**കുത്തിയതോട് റോഡ് കീച്ചേരിവാൽകടവ് പാലം അപ്രോച്ച് റോഡ്_നിർമ്മാണം**

342 (2295) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജകമണ്ഡലത്തിലെ കടപ്ര പഞ്ചായത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ നിന്ന് തുക അനുവദിച്ച ആലുംതുരുത്തി - കുത്തിയതോട് റോഡ് കീച്ചേരിവാൽകടവ് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണം തുടങ്ങാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ?

ഉണ്ട്. ആലുംതുരുത്തി-കുത്തിയതോട് കീച്ചേരി വാൽകടവ് പാലം അപ്രോച്ച് റോഡിൽ കേരള വാട്ടർ അതോറിറ്റി ജലജീവൻ മിഷന്റെ ഭാഗമായി പൈപ്പ് ലൈൻ കട്ടിംഗ് നടത്തിയിരുന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിട്ടു. കരാറുകാരൻ പ്രോജക്ട് റിവിഷൻ ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ്

അംഗീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**തദ്ദേശ പൊതുസർവ്വീസ് രൂപീകരണത്തിലെ വിലയിരുത്തൽ**

343 (2296) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് രൂപീകരിച്ച തദ്ദേശസ്വയംഭരണ പൊതുസർവ്വീസുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ്, സബോർഡിനേറ്റ് സർവ്വീസുകളുടെ വിശേഷാൽ ചട്ടങ്ങൾ 27-10-2022-ലെ സ.ഉ.(പി)നം.74/2022/തസ്വഭവ, സ.ഉ.(പി)നം. 75/2022/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം പ്രസിദ്ധപ്പെടുത്തുകയും 01-11-2022-ലെ സ.ഉ. (ആർ.ടി) നം. 2660/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും ജില്ലാ ഓഫീസുകളിലെയും തസ്തികകളുടെ എണ്ണം നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 9 ജില്ലകളിൽ ജില്ലാ മേധാവികളായ ജോയിന്റ് ഡയറക്ടർമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിൽ മുതിർന്ന ജില്ലാതല ഉദ്യോഗസ്ഥർക്ക് ജോയിന്റ്

ഡയറക്ടറുടെ ചുമതല നൽകിയിട്ടുമുണ്ട്. സംസ്ഥാനതല കാര്യാലയമായ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥ ക്രമീകരണ നടപടികൾ പൂർത്തിയായിവരുന്നു.

ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടർമാരുടെ കാര്യാലയങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങളൊരുക്കുന്ന നടപടി എല്ലാ ജില്ലകളിലും പുരോഗമിച്ചുവരുന്നു. ജില്ലാതല കാര്യാലയങ്ങളുടെ ഓർഗനോഗ്രാം അന്തിമമാക്കുന്നതും, ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതും സംബന്ധിച്ച് 2023 ജനുവരി 24, 25 തീയതികളിൽ ഒരു ശില്പശാല സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ശില്പശാലയുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ടുകൂടി പരിഗണിച്ച് ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) പൊതു സർവ്വീസ് രൂപീകരണത്തിനുശേഷം പൊതുജനങ്ങൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംയോജനത്തിനുമുമ്പ് വിവിധ വിഭാഗങ്ങൾ നൽകിയിരുന്ന എല്ലാ സേവനങ്ങളും സംയോജിത വകുപ്പിലും തുടരുന്നതാണ്. കൂടാതെ ഇലക്ട്രോണിക്‌വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും

പുതിയ സംവിധാനം ലക്ഷ്യമിടുന്നു. വിവര സാങ്കേതികവിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനമൊരുക്കുന്നതിലൂടെ അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് മുനിസിപ്പാലിറ്റികളെയും പഞ്ചായത്തുകളെയും പരസ്പരം ബന്ധപ്പെടുത്തി ദ്രുതഗതിയിൽ പരിഹാരമുണ്ടാക്കുന്നതിനും സാധിക്കും. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്നായും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുകവഴി ഫയലുകളിൽ വേഗത്തിൽ തീരുമാനമുണ്ടാകുന്നതിനും സേവന പ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും സേവനം ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി

ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്. തദ്ദേശഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളും നഗരസഭകളും അഭിമുഖീകരിക്കുന്ന പൊതുപ്രശ്നങ്ങളിൽ ഏകോപിതമായ പരിഹാരം കണ്ടെത്തുന്നതിനും സംയുക്തമായി പദ്ധതികളും സ്കീമുകളും ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സഹായകമായ വിധത്തിൽ ഏകോപിത ജില്ലാ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപണിക്ക് തുക അനുവദിക്കുന്നതിന് നടപടി**

344 (2297) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് തുക അനുവദിക്കാത്തതിനാൽ ശ്രവണ വൈകല്യമുള്ള കുട്ടികൾക്കുള്ള കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപണി വൈകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികൾ കേടായ ഉപകരണങ്ങളാണ് മാസങ്ങളായി ഉപയോഗിക്കുന്നതെന്നത് കണക്കിലെടുത്ത് കോക്ലിയർ ഇംപ്ലാന്റ്

ഉപകരണത്തിന്റെ അറ്റകുറ്റ പണികൾക്കായി മതിയായ തുക സാമൂഹ്യസുരക്ഷ മിഷന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം മെഡിക്കൽ ഓഫീസറുടെ ഉപദേശമനുസരിച്ച് കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റിനുശേഷമുള്ള കേൾവി സഹായികളും മറ്റ് ഉപകരണങ്ങളും നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുന്നതിനും കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക്, ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50,000/- രൂപ നിരക്കിൽ ആകെ കുട്ടികൾക്ക് വേണ്ട തുക കണക്കാക്കി ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് പദ്ധതികൾ ഏറ്റെടുത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രസ്തുത തുക കേരള സാമൂഹ്യസുരക്ഷാ മിഷന് അടിയന്തരമായി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## **തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ്**

345 (2298) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക് നടപ്പിലാക്കുന്ന ക്ഷേമനിധി ബോർഡിന്റെ വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരിധിയിലും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുംവേണ്ടി രൂപപ്പെടുത്തിയിട്ടുള്ളതാണ് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം-2021. ടി നിയമപ്രകാരം അഞ്ച് ഔദ്യോഗിക അംഗങ്ങളും എട്ട് അനൗദ്യോഗിക അംഗങ്ങളും അടങ്ങുന്ന തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്, 2023 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ശ്രീ. എസ്. രാജേന്ദ്രനാണ് ബോർഡ് ചെയർമാൻ.

**തൊഴിൽ രഹിതരായ സ്ത്രീകൾക്കുള്ള പദ്ധതി**

346 (2299) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ സ്ത്രീകൾക്ക് ജീവനോപാധികൾ നൽകുന്ന പദ്ധതിയിൽ സബ്സിഡി അനുവദിക്കുന്നതിന് ബന്ധപ്പെട്ട ഗ്രൂപ്പുകൾ ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും ആർക്കാണ് അപേക്ഷ നൽകേണ്ടതെന്നും ഏത് ഉദ്യോഗസ്ഥനാണ് അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി സബ്സിഡി വിതരണത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതെന്നും അറിയിക്കുമോ?

ജീവനോപാധികൾ നൽകുന്ന ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകളുടെ മാനദണ്ഡങ്ങൾ പ്രോജക്ടുകളുടെ സ്വഭാവത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ., തീയതി 28-05-2022 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു പൊതുവായ താല്പര്യപ്രകാരം ഒന്നിലധികം വ്യക്തികൾ കൂട്ടായി ഒരു സംരംഭം ആരംഭിച്ച് പ്രവർത്തിക്കുന്നതിനെയാണ് പൊതു താല്പര്യ ഗ്രൂപ്പ് എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഇത്തരത്തിൽ ഒന്നിലധികം വ്യക്തികൾ പൊതുതാല്പര്യ പ്രകാരം കൂട്ടായി പ്രവർത്തിക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥന് ബോധ്യപ്പെട്ടാൽ, വാർഡ്സഭ/ഗ്രാമസഭ മുഖേന തദ്ദേശഭരണ സ്ഥാപനത്തിൽ നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ മാർഗ്ഗരേഖകൾ പ്രകാരമുള്ള മറ്റ്

മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ആ ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകാവുന്നതാണ്. മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിധേയമായി നഗരസഭകൾ അവരുടെ കൗൺസിൽ തീരുമാന പ്രകാരം ആവശ്യപ്പെടുന്ന രേഖകളാണ് വിവിധ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ഹാജരാക്കേണ്ടത്. അർഹതാ പരിശോധനയുടെ അടിസ്ഥാനത്തിൽ, അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി സബ്സിഡി വിതരണം ചെയ്യുന്നത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കും.

(ബി) ഈ പദ്ധതിയിലെ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് അംഗീകരിക്കുന്ന നടപടിക്രമമെന്താണെന്നും നഗരസഭയിലെ ഏത് സ്റ്റാൻഡിംഗ് കമ്മിറ്റിക്കാണ് മേൽപ്പറഞ്ഞ പ്രവൃത്തിയുടെ മേൽനോട്ട ചുമതലയുള്ളതെന്നും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് അനുസരിച്ചാണ് സബ്സിഡി വിതരണം നടപ്പാക്കുന്നതെന്ന് ഉറപ്പാക്കാൻ ചുമതലപ്പെട്ട സമിതി, ഉദ്യോഗസ്ഥർ എന്നിവ ആരാണെന്നും വ്യക്തമാക്കുമോ?

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ.ഉ. (കൈ) നം.86/2022/ത.സ്വ.ഭ.വ., തീയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന തരത്തിൽ അവസാന

തീയതിയും സമയവും നിശ്ചയിച്ച്, പ്രചാരണം നൽകി, അപേക്ഷ സ്വീകരിച്ചശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് അതത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശ ഭരണസ്ഥാപനം തയ്യാറാക്കും. നഗര പ്രദേശങ്ങളിൽ ഗുണഭോക്താക്കളുടെ മുൻഗണന ബന്ധപ്പെട്ട വാർഡ് സഭകളും വാർഡ് കമ്മിറ്റികളുമാണ് നിശ്ചയിക്കുന്നത്. വാർഡ് സഭ/കമ്മിറ്റിയിൽ അവതരിപ്പിച്ച് ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ ലിസ്റ്റ് വാർഡ് സഭ/കമ്മിറ്റി അംഗീകരിച്ച് അത് നഗരസഭാ തലത്തിൽ ക്രോഡീകരിച്ച് ഭരണസമിതി അംഗീകരിക്കും. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മേൽനോട്ടം വഹിക്കുന്നത് നഗരസഭാ കൗൺസിലാണ്. ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിക്കഴിഞ്ഞാൽ ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് നൽകേണ്ടത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനാണ്. അംഗീകൃത ഗുണഭോക്തൃ പട്ടികയനുസരിച്ചാണ് സബ്സിഡി വിതരണം നടപ്പാക്കുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി (വർക്കിംഗ് ഗ്രൂപ്പ്) ഇത് മോണിറ്റർ ചെയ്യും.

(സി) തിരുവനന്തപുരം നഗരസഭയിൽ മേൽപ്പറഞ്ഞ പദ്ധതിയിൽ ക്രമക്കേട് നടത്തുന്നതിനായി വിവിധ ഗ്രൂപ്പുകളുടെ പേരിൽ വ്യാജരേഖകൾ ഹാജരാക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ രേഖകളാണ് വ്യാജമെന്ന് കണ്ടെത്തിയിട്ടുള്ളതെന്നും വ്യാജരേഖയുടെ അടിസ്ഥാനത്തിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും എന്നാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

തിരുവനന്തപുരം നഗരസഭയിൽ എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് അഞ്ച് പട്ടികജാതി വനിതകൾ ചേർന്ന് സ്വയംസംരംഭം ആരംഭിക്കുന്നതിനായി ബാങ്ക് വായ്പയുടെ 85% (പരമാവധി 3 ലക്ഷം രൂപ) സബ്സിഡി നൽകുന്ന പദ്ധതി നടത്തിപ്പിൽ ക്രമക്കേട് നടത്തുന്നതിനായി വിവിധ ഗ്രൂപ്പുകളുടെ പേരിൽ വ്യാജരേഖകൾ ഹാജരാക്കിയിട്ടുള്ളതായി സ്റ്റേറ്റ് ഓഡിറ്റിന്റെ റിപ്പോർട്ടിലും അക്കൗണ്ടന്റ് ജനറലിന്റെ കരട് റിപ്പോർട്ടിലും പരാമർശിക്കുന്നുണ്ട്. ജാതി സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്കിൽനിന്നുള്ള ലോൺ സാംഗ്ഷൻ ലെറ്ററുകൾ എന്നീ രേഖകളാണ് ഈ കാര്യത്തിൽ വ്യാജമായി കണ്ടെത്തിയിട്ടുള്ളത്. ആയതിന് 2020-21, 2021-22 വർഷങ്ങളിലായി ആകെ 1.89 കോടി രൂപയുടെ

ക്രമക്കേട് ലോക്കൽ ഫണ്ട് ഓഡിറ്റിലും, 5.6 കോടി രൂപയുടെ ക്രമക്കേട് C&AG ഇടക്കാല ഓഡിറ്റിലും കണ്ടെത്തിയിട്ടുണ്ട്. അപൂർണ്ണമായ അപേക്ഷകൾക്കും യോഗ്യതയില്ലാത്തവർക്കും സബ്സിഡി അനുവദിച്ചതായും റിപ്പോർട്ടുണ്ട്. വ്യാജരേഖയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്ത കൃത്യമായ തുക തിട്ടപ്പെടുത്തുന്നതിന് സമഗ്ര അന്വേഷണത്തിനായി സംസ്ഥാന ഓഡിറ്റ് വകുപ്പ് ശിപാർശ നൽകിയിട്ടുണ്ട്. വ്യാജ ജാതിസർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ 0721 തീയതി 21-7-2022 പ്രകാരം കേസ്സെടുത്ത് എഫ്.ഐ.ആർ. ഫയൽ ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്ത് റിമാൻഡിലാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യവസായ വകുപ്പിന്റെ ഉദ്യോഗസ്ഥരായതിനാൽ വകുപ്പുതല നടപടി സ്വീകരിക്കാനായി വ്യവസായ വകുപ്പ് ഡയറക്ടറോട് നഗരസഭ ആവശ്യപ്പെടുകയും നടപടിയെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ബന്ധപ്പെട്ട ഐ.ഇ.ഒ.-യെ വ്യവസായ വകുപ്പ് സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും മറ്റൊരാളെ അന്വേഷണ വിധേയമായി വേറെ ജില്ലയിലേയ്ക്ക് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

## വിവിധ ക്ഷേമ പെൻഷനുകൾ

347 (2300) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ രീതിയിലുള്ള ക്ഷേമ പെൻഷനുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിങ്ങനെ അഞ്ചിനം സാമൂഹ്യസുരക്ഷാ പെൻഷനുകൾ, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകൾ, തനത് ഫണ്ട് ഉപയോഗിച്ച് നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരിക വകുപ്പ് മുഖേന നൽകുന്ന കലാകാര പെൻഷൻ, അവശ കലാകാര പെൻഷൻ, കായിക യുവജനക്ഷേമ വകുപ്പ് മുഖേന നൽകുന്ന സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നൽകുന്ന വിശ്വകർമ്മ പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മരംകയറ്റത്തൊഴിലാളി പെൻഷൻ എന്നിവയാണ് നിലവിൽ സംസ്ഥാന സർക്കാർ നൽകുന്ന ക്ഷേമ പെൻഷനുകൾ.

(ബി) ഇതിൽ ഏതെല്ലാം ക്ഷേമ പെൻഷനുകൾക്കാണ് നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുള്ളതെന്ന് വിശദാംശം നൽകുമോ?

നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല.

(സി) വിവിധ ക്ഷേമ പെൻഷനുകൾക്ക് നൽകി വരുന്ന തുക വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കെട്ടിട നികുതി വർദ്ധനവ്**

348 (2301) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നികുതി അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും വസ്തുനികുതി പിരിച്ചു വരുന്നുണ്ട്. 1975-ലെ കേരള കെട്ടിട നികുതി നിയമപ്രകാരം കെട്ടിട നികുതി റവന്യൂ വകുപ്പ് പിരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ വസ്തു നികുതി ഘടന 2011-12 മുതൽ

പരിഷ്കരിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം മുതൽ നിലവിലുള്ള കെട്ടിടങ്ങൾക്കും വസ്തു നികുതി ഘടന ബാധകമാക്കിയിട്ടുണ്ട്, 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതി ചട്ടങ്ങളും) പ്രകാരം 01-04-2011 മുതൽ പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ രീതിയിലുള്ള ഘടന പ്രകാരം വസ്തു നികുതി പ്രാബല്യത്തിൽ വന്നിട്ടുണ്ട്. സർക്കാരിന്റെ 06-03-2019-ലെ സ.ഉ.(ആർ.ടി) നം. 540/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 01-04-2016 മുതൽ നിലവിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഘടന ബാധകമാക്കിയിട്ടുള്ളതുമാണ്.

(ബി) ഇനിയും കെട്ടിട നികുതി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം, അവസാനമായി വസ്തു നികുതി വർദ്ധിപ്പിച്ച 2013-14 സാമ്പത്തിക വർഷം മുതൽ അഞ്ച് വർഷങ്ങൾക്കുശേഷം, അതായത് 2018-19-ൽ വസ്തു നികുതി വർദ്ധിപ്പിക്കേണ്ടിയിരുന്നു. എന്നാൽ പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ പ്രസ്തുത സാമ്പത്തിക വർഷം നികുതി വർദ്ധിപ്പിക്കുകയുണ്ടായില്ല. ആറാം ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച രണ്ടാം ശിപാർശ പ്രകാരം 2023-24 സാമ്പത്തിക വർഷം

മുതൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വിവാഹങ്ങൾക്കും സമ്മേളനങ്ങൾക്കും ശുചീകരണ ഫീസ് ഈടാക്കാൻ തിരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ബൈലോയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യമെങ്കിൽ വിവാഹങ്ങൾക്കും സമ്മേളനങ്ങൾക്കും ശുചീകരണ ഫീസ് ഈടാക്കാവുന്നതാണ്.

## ഗ്രാമസഭകളിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ

349 (2302) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമസഭകളിൽ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗരേഖയിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2.1(4)-ൽ പ്രാദേശിക ആസൂത്രണത്തിന് ഗ്രാമസഭകൾ യോഗം ചേരുന്നതിന് മുമ്പ് പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യാപകമായ പ്രചരണ പരിപാടികൾ ഗ്രാമപഞ്ചായത്തിലുടനീളം സംഘടിപ്പിക്കണം. ദൃശ്യ-ശ്രാവ്യ-സാമൂഹ്യമാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, തൊഴിൽ വേദികൾ, കുടുംബശ്രീ ശൃംഖല എന്നിവയെ പ്രചരണ പരിപാടിയുടെ ഉപാധികളായി ഉപയോഗിക്കാവുന്നതാണ്. സന്നദ്ധ പ്രവർത്തകരുടെ സേവനം ഗ്രാമസഭയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഗ്രാമസഭായോഗങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്താവുന്നതാണ്. ഖണ്ഡിക 3.2.1 (5)-ൽ ഗ്രാമസഭായോഗങ്ങൾ ജനപങ്കാളിത്തത്തോടെയും കാര്യക്ഷമമായുമാണ് സംഘടിപ്പിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ ആസൂത്രണ സമിതികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി പെർഫോമൻസ് ആഡിറ്റ് ചുമതലയുള്ള ഉദ്യോഗസ്ഥ(ൻ) ഗ്രാമസഭായോഗങ്ങളുടെ സംഘാടനം, പങ്കാളിത്തം, ചർച്ച, തീരുമാനം എന്നിവ സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി ഗ്രാമ,

ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ സമർപ്പിക്കേണ്ടതാണെന്നും പ്രതിപാദിച്ചിട്ടുണ്ട്.

(ബി) ഗ്രാമസഭകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമസഭാ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ടോ?

ഗ്രാമപഞ്ചായത്തുകളിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭാ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേന ഓൺലൈൻ ഗ്രാമസഭകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അയൽക്കൂട്ടങ്ങളും റസിഡന്റ്സ് അസോസിയേഷനുകളും ഗ്രാമസഭകളുമായി ബന്ധിപ്പിക്കുന്നതുപോലെ യുവജന ഗ്രാമസഭ, പ്രവാസി ഗ്രാമസഭ, ഓൺലൈൻ ഗ്രാമസഭ തുടങ്ങിയ വിവിധ മാതൃകാ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പുരോഗതി വെളിപ്പെടുത്താമോ?

പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2.1 (2) പ്രകാരം ഗ്രാമസഭയിലേയ്ക്ക് പോകുന്നതിന് മുമ്പുതന്നെ കരട് പദ്ധതി നിർദ്ദേശങ്ങൾ അയൽ സഭകളിലും

ഇതര വേദികളിലും ചർച്ച ചെയ്ത് വേണ്ട മാറ്റം വരുത്താവുന്നതാണ്. പ്രാദേശിക പദ്ധതിയെ ജനകീയമാക്കുന്നതിനുള്ള ഇത്തരം പ്രവൃത്തികൾ ഓരോ പ്രദേശത്തിന്റെയും സാധ്യതകൾക്കും ഭരണസമിതിയുടെ പ്രതിബദ്ധതയ്ക്കുമനുസരിച്ച് വിപുലമായി നടത്താവുന്നതാണ്. എന്നാൽ അവ ഓരോന്നും നിർബന്ധമായും ചെയ്യേണ്ട കാര്യങ്ങൾ എന്ന നിലയ്ക്ക് ഇവിടെ നിഷ്കർഷിക്കുന്നില്ല. അവ അഭികാമ്യമായ കാര്യങ്ങളാണ്. ഇത്തരത്തിൽ അയൽ സഭകൾക്കൊപ്പം കൂടിയാലോചന നടത്താവുന്ന ഏതാനും വിഭാഗങ്ങളുടെ പട്ടികയിൽ (viii) യുവജനക്ലബ്ബുകൾ, വായനശാലകൾ, കലാ സാംസ്കാരിക സംഘടനകൾ, ബാല കൗൺസിലുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, യൂത്ത് ക്ലബ്ബ് ഏകോപന സമിതി (xiii) പ്രവാസികൾ, പ്രവാസി സംഘടനകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഖണ്ഡിക 3.2.1 (3) പ്രകാരം പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ അഭിപ്രായം സ്വീകരിക്കുന്നതിന് തദ്ദേസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഗ്രാമസഭാ വിൻഡോ സൗകര്യം ലഭ്യമാണ്. അതിൽ ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ അർഹമായ പരിഗണന നൽകേണ്ടതാണ്. ഗ്രാമസഭയിൽ നേരിട്ട് പങ്കെടുക്കാൻ കഴിയാത്ത തരത്തിൽ അവശതയനുഭവിക്കുന്നവർ,

സ്ഥലത്തില്ലാത്തവർ, പ്രവാസികൾ (മറ്റ് സംസ്ഥാനങ്ങളിൽ താമസിക്കുന്നവരടക്കം) തുടങ്ങിയവരുമായി ഓൺലൈൻ കൂടിയാലോചനകളും നടത്താവുന്നതാണ്. ഗ്രാമപഞ്ചായത്തുകളിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേന ഓൺലൈൻ ഗ്രാമസഭകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഗ്രാമസഭകളിൽ അടിസ്ഥാന തലത്തിലുള്ള സാമൂഹിക കൂട്ടായ്മകളുടെ പങ്കാളിത്തത്തോടെ കൂടുതൽ ജനകീയമാക്കുന്നതിനും ഭരണഘടനാമൂല്യങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് ബോധപൂർവ്വമായ ഇടപെടൽ നടത്തുന്നതിനും നിർദ്ദേശം നൽകുമോ?

ഗ്രാമസഭകളെ ജനകീയമാക്കുന്നതിന് ഗ്രാമസഭയുടെ പ്രാധാന്യം സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് തദ്ദേശ സ്ഥാപനതലത്തിൽ പ്രചരണങ്ങൾ നടത്താറുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേന ഓൺലൈൻ ഗ്രാമസഭകൾ നടത്തുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് പ്രദേശത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും വസ്തുതകളും സമർപ്പിക്കുന്നതിന് പ്രസ്തുത പോർട്ടലിൽ സംവിധാനമുണ്ടാകുന്നതാണ്. ഗ്രാമസഭകൾ ഓൺലൈനായി സംഘടിപ്പിക്കുന്നതുവഴി ഏതൊരു വ്യക്തിക്കും അവർ ഇപ്പോൾ നിൽക്കുന്ന സ്ഥലങ്ങളിൽനിന്നും ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിന് സാധിക്കുന്നതും അതുവഴി ഗ്രാമസഭകളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്.

## കോൽക്കളം-പനങ്ങാട്ട് കുളമ്പ് റോഡ് നിർമ്മാണം

350 (2303) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കോട്ടക്കൽ മണ്ഡലത്തിലെ കോൽക്കളം- പനങ്ങാട്ട് കുളമ്പ് റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; പ്രവൃത്തി അടിയന്തരമായി

പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കോട്ടക്കൽ മണ്ഡലത്തിലെ കോൽക്കളം-പനങ്ങാട്ട് കുളമ്പ് റോഡ് എന്ന പ്രവൃത്തി പലതവണ ടെണ്ടർ ചെയ്തിട്ടും കരാറുകാർ ആരുംതന്നെ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ 02-12-2022-ലെ സ.ഉ.(കൈ) നം.263/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഭരണാനുമതി റദ്ദ് ചെയ്തിട്ടുള്ളതാണ്.

## പഞ്ചായത്ത് വകുപ്പിലെ പൊതു സ്ഥലമാറ്റ നടപടികൾ

351 (2304) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഡയറക്ടറുടെ 25-06-2022-ലെ വിജ്ഞാപന പ്രകാരമുള്ള പൊതുസ്ഥലമാറ്റ നടപടികൾ വകുപ്പിൽ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ?

സംസ്ഥാനതല തസ്തികകളുടെ സ്ഥലമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിലുള്ള തസ്തികകളുടെ സ്ഥലമാറ്റ

നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) സർക്കാർ നിർദ്ദേശപ്രകാരമുള്ള 2022-ലെ പൊതുസ്ഥലമാറ്റ ഉത്തരവ് പഞ്ചായത്ത് വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ നാളിതുവരെ നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

പഞ്ചായത്ത് വകുപ്പിലെ സ്ഥലമാറ്റ നടപടികൾ ഓൺലൈൻ വഴി നടപ്പിലാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കി നൽകിയ സോഫ്റ്റ്‌വെയർ ആണ് ഈ വർഷം മുതൽ ഉപയോഗിക്കുന്നത്. എന്നാൽ പുതുതായി രൂപീകരിച്ച സോഫ്റ്റ്‌വെയർ ആയതുകാരണം വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഡാറ്റാ ജനറേറ്റ് ചെയ്യുന്ന സമയത്ത് ധാരാളം തെറ്റുകളുള്ളതായി കണ്ടു. സാങ്കേതിക പ്രശ്നം പരിഹരിച്ച് ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി കൃത്യമായ ഡാറ്റ ജനറേറ്റ് ചെയ്യുന്നതിന് കാലതാമസം വന്നതിനാലാണ് ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ സ്ഥലമാറ്റ നടപടികൾ വൈകിയത്.

(സി) പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലിയിൽ തുടരുന്ന ജീവനക്കാരുടെ വിശദാംശം തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

06-02-2023 തീയതി പ്രാബല്യത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ജൂനിയർ സൂപ്രണ്ട്**

ബിനുകുമാർ സി. വി.

വി. ബിജു

ദീപ എ. എച്ച്.

രമ്യ

ഷൂബി വി. എസ്.

ജിജു കൃഷ്ണൻ

**സീനിയർ ക്ലർക്ക്**

അലക്സ് ടി.

ലക്ഷ്മി എസ്.

വിനോദ് പി. എസ്.

**ടൈപ്പിസ്റ്റ്**

മനോജ് ഡി.

ശാലിനി എം. ജി.

(ഡി) പ്രസ്തുത കാര്യാലയത്തിൽ മൂന്ന് വർഷത്തെ സേവന കാലയളവ്

പൂർത്തിയായിട്ടും ജോലിയിൽ തുടരുന്ന ജീവനക്കാരുടെ വിശദാംശം തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

06-02-2023 തീയതി പ്രാബല്യത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഖര-ജൈവ-അജൈവ മാലിന്യങ്ങളുടെ സംസ്കരണ യൂണിറ്റ്**

352 (2305) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഖര-ജൈവ-അജൈവ മാലിന്യങ്ങൾ, ശുചിമുറി മാലിന്യങ്ങൾ, ഹോട്ടലുകൾ ഉൾപ്പെടെയുള്ള വ്യാപാര സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ എന്നിവയുടെ ശാസ്ത്രീയ സംസ്കരണത്തിന് പഞ്ചായത്തുകൾ കേന്ദ്രീകരിച്ചോ അല്ലെങ്കിൽ ഏതാനും പഞ്ചായത്തുകൾ കൂടിച്ചേരുന്ന ഒരു പ്രത്യേക യൂണിറ്റ് എന്ന രീതിയിലോ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

19-04-2022-ലെ സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ത്രിതല പഞ്ചായത്തുകൾക്കുള്ള പദ്ധതി രൂപീകരണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മാർഗ്ഗരേഖയിൽ, ഒന്നിലേറെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്ന് ഏറ്റെടുക്കുന്ന സംയോജിത പരിപാടികൾക്കും സംയുക്ത മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, അജൈവ മാലിന്യ ശേഖരണ/സംസ്കരണ സംവിധാനങ്ങൾ എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹരിതകർമ്മ സേന മുഖേന വീടുകളിൽനിന്നും വ്യാപാര-വാണിജ്യ സ്ഥാപനങ്ങളിൽനിന്നും ഖര-അജൈവ മാലിന്യങ്ങൾ ശേഖരിച്ച് അവ തരംതിരിച്ച് എം.സി.എഫ്.-കളിലേയ്ക്കും ബ്ലോക്കുതല ആർ.ആർ.എഫ്.-കളിലേയ്ക്കും മാറ്റി അവിടെനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനം കരാറിൽ ഏർപ്പെട്ടിരിക്കുന്ന ക്ലീൻ കേരള കമ്പനിക്കോ മറ്റ് അംഗീകൃത സ്വകാര്യ ഏജൻസിക്കോ കൈമാറുന്നു. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള നിർദ്ദേശം ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും നൽകിയിട്ടുണ്ട്. ശുചിമുറി മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തുകളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് എസ്.റ്റി.പി./

എഫ്.എസ്.റ്റി.പി.കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ജൈവ മാലിന്യ സംസ്കരണത്തിനായി മുച്ചട്ടി കമ്പോസ്റ്റ് യൂണിറ്റ്, മൺകല കമ്പോസ്റ്റ് യൂണിറ്റ്, റിംഗ് കമ്പോസ്റ്റ് യൂണിറ്റ്, മികസ്ഡ് കൾച്ചർ ഫെഡ്ബാച്ച് ടൈപ്പ് ബയോഗ്യാസ് പ്ലാന്റ്, ബയോ കമ്പോസ്റ്റർ ബിൻ, കിച്ചൺ ബിൻ, ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റ്, മണ്ണിര കമ്പോസ്റ്റ് പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റ് യൂണിറ്റ് എന്നിവ വിതരണം ചെയ്യൽ എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോഴി മാലിന്യം സംസ്കരിക്കുന്നതിനായി ഭൂരിഭാഗം ജില്ലകളിലും റെന്ററിംഗ് പ്ലാന്റുകൾ സ്ഥാപിക്കുകയും മറ്റ് ജില്ലകളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

## എടത്തല ഗ്രാമപഞ്ചായത്ത് നേവൽ ആർമമെന്റ് ഡിപ്പോ അതിർത്തിയിലെ നിർമ്മാണ നിയന്ത്രണം

353 (2306) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ, എടത്തല ഗ്രാമപഞ്ചായത്ത് നേവൽ ആർമമെന്റ് ഡിപ്പോ (എൻ.ഡി.എ.) അതിർത്തിക്ക് ചുറ്റും 100 മീറ്റർ ചുറ്റളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുള്ളത് സംബന്ധിച്ച വിഷയത്തിൽ

പരിശോധന നടത്തണമെന്ന അപേക്ഷയിൽ 26-09-2022-ലെ ആർ.ബി.ബി1/347/2022/ത.സ്വ.ഭ.വ. നമ്പർ കത്തിൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ബി) ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഈ വിഷയത്തിൽ അടിയന്തര പ്രാധാന്യത്തോടെ പരിശോധന നടത്തി 2019 നവംബർ 2-ലെ സ.ഉ.(പി)നം.78/2019/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടികൾ എടത്തല ഗ്രാമപഞ്ചായത്ത് പരിധിയിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 ചട്ടം 5(4)ൽ, നിർദ്ദിഷ്ട കെട്ടിടം പ്രതിരോധ സ്ഥാപനങ്ങളുടെ 10 മീറ്ററിനുള്ളിലും ഉയരംകൂടിയ കെട്ടിടത്തിന്റെ ഗണത്തിൽ വരുന്നവയാണെങ്കിൽ 500 മീറ്ററിനുള്ളിലും വാർത്താ വിനിമയ ഗോപുരങ്ങളുടെ ഗണത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വരുന്നവയാണെങ്കിൽ 200 മീറ്ററിനുള്ളിലുമാണ് വരേണ്ടത്. അല്ലെങ്കിൽ കാലാകാലങ്ങളിൽ പ്രതിരോധ സ്ഥാപനങ്ങൾ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രതിരോധ സ്ഥാപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനിൽനിന്നും അനുമതി പത്രം വാങ്ങി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

(ഡി) ഈ ഫയലിൽ തീർപ്പുണ്ടാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ?

പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി ആയത് പരിശോധിച്ച് തീരുമാനമെടുത്തശേഷം മാത്രമേ ഫയൽ തീർപ്പാക്കാൻ സാധിക്കുകയുള്ളൂ.

**കുന്നത്തുനാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

354 (2307) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച പി.എം.ജി.എസ്.വൈ. പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

പി.എം.ജി.എസ്.വൈ.-യിൽ കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച

പദ്ധതികളായ 'മൂശാരിപ്പടി കൊമ്പത്തുപീടിക കടയിരുപ്പ് റോഡ് (KR0246), 'റബ്ബർപാർക്ക് ആലിൻചുവട് ടാങ്ക് സിറ്റി മേപ്രത്തുപടി മങ്കുഴി റോഡ് (KR0259) എന്നീ പ്രവൃത്തികളുടെ മെറ്റലിംഗ് വർക്ക് പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) 2022-23 വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത മണ്ഡലത്തിൽ നിന്നുമുള്ള റോഡുകളുടെ പദ്ധതി നിർദ്ദേശങ്ങൾക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

'മഴവന്നൂർ ഇലഞ്ഞിക്കാപ്പിള്ളി മംഗലത്തുനട എൽ.പി. സ്കൂൾ റോഡ്' (KR 0251), 'കോട്ടൂർ പൂതൃക്ക വണ്ടിപ്പേട്ട റോഡ്' (KR 0265) എന്നീ പ്രവർത്തികളുടെ ഡി.പി.ആർ. സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസി (STA) അംഗീകരിച്ചിട്ടുണ്ട്. കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

**വയനാട്ടിൽ ആദിവാസികൾക്കായി പദ്ധതികൾ**

355 (2308) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 സർക്കാരിന്റെ കാലത്ത് വയനാട്ടിൽ തദ്ദേശസ്വയംഭരണ

വകുപ്പ് ആദിവാസികൾക്കായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്നും ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്നുമുള്ള വിശദവിവരം നൽകാമോ?

2016-21 കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും ആദിവാസി വിഭാഗങ്ങൾക്കായി പഞ്ചായത്തുതലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ മേഖലാതലത്തിൽ ക്രോഡീകരിച്ച പട്ടികയും ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പ്രവൃത്തികളും അനുബന്ധമായി ചേർക്കുന്നു.+

2016-21 സർക്കാരിന്റെ കാലത്ത് വയനാട്ടിൽ തദ്ദേശസ്വയംഭരണ വകുപ്പ് ലൈഫ് മിഷൻ മുഖേന ഭൂമിയും വീടുമില്ലാത്ത ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനും ഭൂമിയുള്ള ഭവനരഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയും ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്നു. ടി പദ്ധതികൾ ഈ സർക്കാരിന്റെ കാലത്തും തുടർന്നുവരികയാണ്. ഇതിലൂടെ സംസ്ഥാനത്തെ ഭവനരഹിതരും ഭൂമിയും വീടുമില്ലാത്തവരുമായ ആദിവാസി കുടുംബങ്ങൾ ഉൾപ്പടെയുള്ള അർഹരായ എല്ലാ കുടുംബങ്ങൾക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ലൈഫ് മിഷൻ പദ്ധതി വഴി ഇതുവരെ വയനാട്ടിൽ ആദിവാസികൾക്ക് എത്ര വീട് അനുവദിച്ചുവെന്നും അതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും എത്ര രൂപയാണ് അനുവദിച്ചതെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ നൽകാമോ?

ലൈഫ് മിഷൻ പദ്ധതി വഴി ഇതുവരെ വയനാട്ടിൽ ആദിവാസികൾക്ക് അനുവദിച്ച വീടുകളുടെ എണ്ണം, അതിൽ നിർമ്മാണം പൂർത്തിയായ വീടുകളുടെ എണ്ണം, അനുവദിച്ച തുക, അതിൽ ചെലവഴിച്ച തുക എന്നീ വിവരങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## മങ്ങാട്ടുപുലം തൂക്കുപാലം നിർമ്മാണം

356 (2309) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മങ്ങാട്ടുപുലം ഹാജിയാർ പള്ളി തൂക്കുപാലം പുനർനിർമ്മാണ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൂർത്തീകരിച്ചിട്ടുണ്ടോയെന്നും പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി തുക എത്രയെന്നും നിർമ്മാണച്ചുമതല ആർക്കാണെന്നും വെളിപ്പെടുത്തുമോ?

(എ-സി) കോഡൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 07-01-2023-ലെ തീരുമാനമനുസരിച്ച് പ്രസ്തുത പ്രവൃത്തിക്ക് 'സിൽക്ക്' എന്ന ഏജൻസിയെ അംഗീകരിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ഏറ്റെടുക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതും ടി ഏജൻസിയാണ്. ടി പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി തുക 3,05,00,000/- രൂപയാണ്.

## പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോകുന്നത് തടയാൻ നടപടി

357 (2310) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സ്കൂളുകളിൽനിന്നും കൊഴിഞ്ഞുപോകുന്നത് തടയാൻ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ അത് ഏത് തദ്ദേശസ്വയംഭരണ സ്ഥാപനമാണെന്നും പദ്ധതിക്കായി നീക്കിവച്ച തുക എത്രയാണെന്നും നിലവിൽ പദ്ധതിയുടെ പുരോഗതിയെന്താണെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സ്കൂളുകളിൽനിന്നും കൊഴിഞ്ഞുപോകുന്നത് തടയാൻ വയനാട് ജില്ലയിലെ 23 പഞ്ചായത്തുകളും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ടി പഞ്ചായത്തുകളുടെ പദ്ധതി വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

യാത്രാ സൗകര്യത്തിന്റെ അപര്യാപ്തതമൂലം പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സ്കൂളുകളിൽനിന്നും കൊഴിഞ്ഞുപോകുന്നത് തടയുന്നതിനായി വാഹന സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിവരുന്നു. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് 5,00,000/- രൂപ വകയിരുത്തുകയും 1,98,300/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് 5 ഗ്രാമപഞ്ചായത്തുകൾക്കായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

40,00,000/- രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പനമരം ബ്ലോക്ക് പഞ്ചായത്ത് 6,00,000/- രൂപ 5 ഗ്രാമപഞ്ചായത്തുകൾക്കായി വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണ്. സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് 8,00,000/- രൂപ 4 ഗ്രാമപഞ്ചായത്തുകൾക്കായി വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൽപ്പറ്റ നഗരസഭ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.ടി. വിഭാഗം കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതിക്കായി 1,00,000/- രൂപയും യൂണിഫോമിനായി 4,90,000/- രൂപയും ഗോത്ര സാരഥി പദ്ധതിക്കായി 18,89,749/- രൂപയും വകയിരുത്തിയിട്ടുണ്ട്. മാനന്തവാടി നഗരസഭ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം ഇനത്തിൽ 13,00,000/- രൂപയും ഗോത്രസാരഥി ഇനത്തിൽ 60,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. സുൽത്താൻ ബത്തേരി നഗരസഭ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണത്തിനായി 15,00,000/- രൂപയും ഗോത്ര സാരഥിക്കായി 42,00,000/- രൂപയും ഹൈ ഹൈ പദ്ധതിക്കായി 4,05,000/- രൂപയും ഡ്രോപ്ഔട്ട് ഫ്രീ നഗരസഭ പദ്ധതിക്കായി 4,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. വയനാട് ജില്ലാ പഞ്ചായത്ത് 2,05,00,000/-

രൂപ വകയിരുത്തിയിട്ടുണ്ട്. കൽപ്പറ്റ ജി.വി.എച്ച്.എസ്.എസ്. പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.ടി. വിഭാഗം കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയൽ എന്ന പ്രവർത്തനത്തിന്റെ ഭാഗമായി എൽ.പി., യു.പി. വിഭാഗം കുട്ടികൾക്കായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചു. ക്യാമ്പുകളിൽ മോട്ടിവേഷൻ ക്ലാസ്സുകൾ, കലാ പരിശീലനം എന്നിവ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ തുടർപ്രവർത്തനമെന്ന നിലയിൽ എല്ലാ സ്കൂളുകളിലും കലാ-കായിക പരിശീലനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. പ്രഭാത ഭക്ഷണം, ഗോത്രജ്വാല, പട്ടികവർഗ്ഗ യുവാക്കളടക്കം വിദ്യാർത്ഥികൾക്കും പ്രോത്സാഹന പരിപാടികൾ എന്നിവ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്നുണ്ട്.

## മൂന്നാർ ദേവികുളം പഞ്ചായത്തുകളിലെ മുൻഗണനാ ലിസ്റ്റ്

358 (2311) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഇടുക്കി ജില്ലയിലെ മൂന്നാർ, ദേവികുളം പഞ്ചായത്തുകളിലെ ഭൂരഹിത ഭവന രഹിത അപേക്ഷകരുടെ അന്തിമ മുൻഗണനാ ലിസ്റ്റിന്റെ വിശദാംശം ലഭ്യമാക്കാമോ?

മൂന്നാർ ഗ്രാമപഞ്ചായത്തിൽ 3505 ഭൂരഹിത ഭവനരഹിത

ഗുണഭോക്താക്കളും ദേവികുളം ഗ്രാമപഞ്ചായത്തിൽ 3146 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും സ്ഥലം വാങ്ങുന്നതിന് ധനസഹായം അനുവദിച്ച അപേക്ഷകരുടെ വിശദാംശം നൽകാമോ?

50 ഗുണഭോക്തക്കൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) മുൻഗണനാ ക്രമത്തിന് വിരുദ്ധമായി അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പുതിയ പഞ്ചായത്തുകൾ**

359 (2312) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളുടെ വിഭജനത്തിന്റെ ഭാഗമായി ഏതെല്ലാം പഞ്ചായത്തുകളാണ് വിഭജിക്കുന്നതെന്നും പുതിയതായി രൂപീകരിക്കുന്ന പഞ്ചായത്തുകൾ ഏതെല്ലാമാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്ത് നിലവിലുള്ള പഞ്ചായത്തുകൾ വിഭജിക്കുന്നതിനും പുതിയതായി പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

**വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മേച്ചിൽപ്പുറം പുറമ്പോക്ക് നിവാസികൾക്ക് പട്ടയം**

360 (2313) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മേച്ചിൽപ്പുറം പുറമ്പോക്ക് നിവാസികളുടെ പട്ടയ അപേക്ഷകളിന്മേൽ തദ്ദേശസ്വംയംഭരണ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിലെ അശ്വിൻദാസ്, ഷൈലജ എന്നിവരുടെ പട്ടയ അപേക്ഷകളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പട്ടയം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ വരന്തരപ്പിള്ളി വില്ലേജിലെ സർവ്വേ

നം.360-ൽപ്പെട്ട 0.0587 ഹെക്ടർ സ്ഥലം ശ്രീ. അശ്വിൻദാസ് എന്നയാൾക്കും സർവെ നം.360-ൽപ്പെട്ട 0.0202 ഹെക്ടർ സ്ഥലം ശ്രീമതി ഷൈലജ എന്നയാൾക്കും പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ടി ഭൂമി സർക്കാരിൽ പുനർനിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച് അഭിപ്രായം ലഭ്യമാക്കുന്നതിലേയ്ക്കായി RC1/120/2021/LSGD നമ്പർ ഫയൽ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. ആയതിന്മേൽ റവന്യൂ വകുപ്പിൽനിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് നിയമ വകുപ്പിന്റെ അഭിപ്രായം കൂടി ലഭ്യമാക്കി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**പഞ്ചായത്ത് വകുപ്പിലെ ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ**

361 (2314) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ നിലവിൽ ഏതു രീതിയിലാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

03-01-2014-ലെ സ.ഉ.(പി)നം.1/2014/ഉ.ഭ.പ.വ. നിബന്ധനകൾക്കും 28-09-2021-ലെ സ.ഉ.(പി)നം. 8/2021/ഉ.ഭ.പ.വ. നിബന്ധനകൾക്കും വിധേയമായി വകുപ്പിലെ എൽ.ഡി.ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ്

തസ്തികകളിലെ അംഗബലത്തിന്റെ 10 ശതമാനത്തിലേയ്ക്കാണ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നത്.

(ബി) 15 വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ ഓഫീസ് അറ്റൻഡന്റുമാർക്കും പ്രൊമോഷൻ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേഡർ സ്റ്റെംഗ്ത്തിന്റെ 10 ശതമാനം എന്ന പരിധി ഒഴിവാക്കി ക്ലർക്ക് തസ്തികയിൽ ആകെ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം ഓഫീസ് അറ്റൻഡന്റുമാർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള 10 ശതമാനം പ്രൊമോഷൻ 20 ശതമാനമാക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

## <u>പെറ്റി വർക്കിന് അനുവദിച്ചിട്ടുള്ള തുക</u>

362 (2315) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെറ്റി വർക്കിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള

തുകയായ പതിനായിരം രൂപ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തിന് സഹായകമാകുമെന്നതിനാൽ പ്രസ്തുത തുക കൂട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ പ്രസ്തുത തുക കൂട്ടുന്നത് സംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലില്ല.

**വർക്കല പുന്നമൂട് മാർക്കറ്റ് നവീകരണം**

363 (2316) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല പുന്നമൂട് മാർക്കറ്റ് നവീകരിക്കുന്നതിനായി 24-11-2022-ൽ സാങ്കേതികാനുമതി നൽകിയതിനുശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വർക്കല പുന്നമൂട് മാർക്കറ്റ് നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന് കീഴിൽ കിഫ്ബി

പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല നഗരസഭ പരിധിയിൽ 32-ാം വാർഡിൽ പുന്നമൂട് മാർക്കറ്റ് നവീകരണ പദ്ധതിയുടെ നിർവ്വഹണത്തിനായി നിലവിലുള്ള കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം മുഖേന ലഭ്യമാക്കി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന് സമർപ്പിച്ചിട്ടുള്ളതാണെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**ഗ്രാമപഞ്ചായത്തുകളിലെ രേഖകൾ നഗരസഭകളിലേയ്ക്ക് മാറ്റുന്നത്**

364 (2317) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായപ്പോൾ ഓഫീസുകൾ ഷിഫ്റ്റ് ചെയ്തയിടങ്ങളിൽ ഗ്രാമപഞ്ചായത്തുകളിൽ ഉണ്ടായിരുന്ന രേഖകൾ മുനിസിപ്പാലിറ്റികളിൽ കൃത്യമായി എത്താത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം മുനിസിപ്പാലിറ്റികളിൽ ഇത്തരം പ്രശ്നം നേരിടുന്നുണ്ടെന്നും ഇത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

പന്തളം, ഹരിപ്പാട്, ഏറ്റുമാനൂർ, ഈരാറ്റുപേട്ട, കൊട്ടാരക്കര, കട്ടപ്പന,

കുത്താട്ടുകുളം, പിറവം, വടക്കാഞ്ചേരി, പട്ടാമ്പി, ചെർപ്പുളശ്ശേരി, പരപ്പനങ്ങാടി, കൊണ്ടോട്ടി, കൊടുവള്ളി, മാനന്തവാടി, ഇരിട്ടി, പാനൂർ എന്നീ നഗരസഭകളിൽ ഇത്തരം പ്രശ്നം നേരിടുന്നുണ്ട്. മേൽ രേഖകൾ പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് കൈമാറുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും കത്തുകൾ നൽകിയിട്ടുള്ളതാണ്.

## കേരള ഖരമാലിന്യ പരിപാലന പദ്ധതി

365 (2318) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എല്ലാ മുനിസിപ്പാലിറ്റികളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് രൂപരേഖയായിട്ടുണ്ടോയെന്നും അറിയിക്കുമോ?

കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി നിലവിൽ 90 നഗരസഭകളിലും ഒരു സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എഞ്ചിനീയർ, എല്ലാ ജില്ലകളിലും 5 പേരടങ്ങുന്ന ഒരു ടീമും, 15 പേരടങ്ങുന്ന ഒരു സംസ്ഥാനതല ഓഫീസും പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സഹായം നൽകുന്നതിനായി പ്രോഗ്രാം മാനേജ്മെന്റ്

കൺസൾട്ടന്റിനെ (PMC) തെരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിലെ എല്ലാ നഗരസഭകളേയും 4 മേഖലകളായി തിരിച്ച് ഓരോ മേഖലയിലേയ്ക്കും 5 അംഗങ്ങൾ അടങ്ങുന്ന ഒരു PMC ടീം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ പദ്ധതിയിൽ മൂന്ന് ഘടകങ്ങളാണുള്ളത്. ഒന്നാമത്തെ ഘടകത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ കൺസൾറ്റിംഗ് ഏജൻസികളെ തെരഞ്ഞെടുത്ത് പ്രവൃത്തികൾ നടത്തിവരുന്നു. രണ്ടാമത്തെ ഘടകത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ നഗരസഭകളെയും 4 മേഖലകളായി തിരിച്ച് ഓരോ മേഖലയിലേയ്ക്കും ഒരു ടെക്നിക്കൽ സപ്പോർട്ട് കൺസൾട്ടന്റിനെ (TSC) തെരഞ്ഞെടുത്തിട്ടുണ്ട്. TSC-യുടെ സഹായത്തോടെയാണ് എല്ലാ നഗരസഭകളും ഒരു സമഗ്ര ഖരമാലിന്യ സംസ്കരണ പ്ലാൻ തയ്യാറാക്കുന്നത്. ആയതിനുള്ള നടപടികൾ (ഡാറ്റാ കളക്ഷൻ ആൻഡ് വാലിഡേഷൻ) സ്വീകരിക്കുന്നതിനോടൊപ്പം നിലവിൽ നഗരസഭകൾ ഏറ്റെടുത്ത ട്രാക്ക് 1 ഇയർ 1 പ്രൊപ്പോസലുകൾക്കുള്ള DPR /FR തയ്യാറാക്കുന്നതിനുള്ള പ്രവർത്തനത്തിലാണ്. കൂടാതെ കേരളത്തിലുള്ള എല്ലാ ലെഗസി ഡംപ്സൈറ്റുകളും ശാസ്ത്രീയമായി പരിപാലനം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. മൂന്നാമത്തെ ഘടകത്തിലെ പ്രവർത്തനങ്ങൾ ആസൂത്രണ ഘട്ടത്തിലാണ്. പൊതുവായ

മാലിന്യ സംസ്കരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ആവശ്യമായ രീതിയിൽ കേരളത്തെ വിവിധ ക്ലസ്റ്ററുകളായി തിരിച്ചുള്ള ഡാറ്റാ കളക്ഷനുകളാണ് നിലവിൽ നടക്കുന്നത്. കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാൻ എല്ലാ നഗരസഭകളിലും നിർമ്മാണ ഘട്ടത്തിലാണ്.

**കായംകുളം നഗരസഭയിലെ പദ്ധതി നിർവ്വഹണം**

366 (2319) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ദീർഘനാളത്തെ അവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ പദ്ധതികൾ നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിനായി പകരം സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിനായി കൊച്ചി നഗരസഭയിലെ അസിസ്റ്റന്റ് എൻജിനീയറായ ശ്രീ. ഡി. വിനുരാജിനെ

വർക്കിംഗ് അറേഞ്ച്മെന്റിൽ കായംകുളം നഗരസഭയിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. 27-01-2023 മുതൽ ടിയാൻ കായംകുളം നഗരസഭയിൽ ചാർജ്ജ് ഏറ്റെടുത്തിട്ടുള്ളതാണ്.

**പൊന്നാനി നഗരസഭ**

367 (2321) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി നഗരസഭയിൽ ജീവനക്കാരുടെ കുറവുമൂലം പദ്ധതികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനു വേണ്ടിയുള്ള വർക്ക് സ്റ്റഡി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലെയും നിലവിലുള്ള തസ്തികകളെ സംബന്ധിച്ചും അവ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ചും നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തതിന്റെയും വൈജ്ഞാനിക ഭരണ നിർവ്വഹണം സംബന്ധിച്ച വകുപ്പുതല സമിതിയുടെ ഇക്കാര്യത്തിലുള്ള ശിപാർശയുടെയും അടിസ്ഥാനത്തിൽ 22-12-2022-ലെ സ.ഉ. (കൈ) 277/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നഗരസഭകളിൽ 354 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിരുന്നു. പ്രസ്തുത

തസ്തികകൾ 13-01-2023-ലെ സ.ഉ. (കൈ) നം.10/2023/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പൊന്നാനി നഗരസഭയ്ക്ക് ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II എന്നീ വിഭാഗങ്ങളിലായി ഓരോ തസ്തികകൾ വീതം അനുവദിച്ചിട്ടുള്ളതാണ്.

**തിരുവല്ല സബ് ട്രഷറിക്ക് തിരുവല്ല നഗരസഭ വക സ്ഥലം അനുവദിക്കുന്നതിന് നടപടി**

368 (2322) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തിരുവല്ല നഗരസഭ വക സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ചുള്ള കരാറിന്റെ കരട് അംഗീകരിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അംഗീകാരം നൽകിയിട്ടുള്ളത്?

അംഗീകരിച്ചിട്ടില്ല.

(ബി) ഈ കരാറിൽ ഒപ്പുവയ്ക്കേണ്ട ഉദ്യോഗസ്ഥർ ആരൊക്കെയാണ്?

തിരുവല്ല നഗരസഭ സെക്രട്ടറി, പത്തനംതിട്ട ജില്ലാ ട്രഷറി ഓഫീസർ എന്നിവരാണ് കരാറിൽ ഒപ്പുവയ്ക്കേണ്ട ഉദ്യോഗസ്ഥർ.

(സി) സ്ഥലം വിട്ടുനൽകുന്നതിന് മുനിസിപ്പൽ കൗൺസിൽ തീരുമാനമെടുത്തത് എന്നാണ്?

തിരുവല്ല നഗരസഭ മുനിസിപ്പൽ കൗൺസിലിന്റെ 10-05-2018-ലെ 4-ാം നമ്പർ തീരുമാന പ്രകാരമാണ് ഭൂമി വിട്ടുനൽകുന്നതിന് തീരുമാനമെടുത്തത്.

(ഡി) സ്ഥലം വിട്ടുനൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ?

തിരുവല്ല സബ്ട്രഷറിയ്ക്ക് നഗരസഭ വക സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിച്ച് സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

## പ്രോജക്ട് ഓഫീസർമാരുടെ അധിക ചുമതല വഹിക്കുന്ന ജീവനക്കാർക്ക് ആനുകൂല്യം തുടരാൻ നടപടി

369 (2323) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരസഭ/കോർപ്പറേഷൻ പ്രോജക്ട് ഓഫീസർമാരുടെ അധിക ചുമതല വഹിക്കുന്ന ജീവനക്കാർക്ക് 11-09-2006-ലെ ജി.ഒ. (ആർ.ടി) 2183/06/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നൽകിവന്നിരുന്ന ആനുകൂല്യം എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

11-09-2006-ലെ ജി.ഒ. (ആർ.ടി) 2183/06/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം പ്രോജക്ട് ഓഫീസർമാരുടെ അധിക ചുമതല വഹിച്ചിരുന്ന മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ (പ്രീ റിവൈസ്ഡ് സ്കെയിൽ) 10 ശതമാനത്തിന് തുല്യമായ തുക പ്രത്യേക അലവൻസായി നൽകാൻ ഉത്തരവായിരുന്നു.

(ബി) പ്രസ്തുത ഉത്തരവ് നിർത്തലാക്കി പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഇത് ഏത് തീയതി മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) നഗരസഭ/കോർപ്പറേഷൻ പ്രോജക്ട് ഓഫീസർമാരുടെ അധിക ചുമതല വഹിക്കുന്ന ജീവനക്കാർക്ക് 11-09-2006-ലെ ജി.ഒ. (ആർ.ടി) 2183/06/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം തുടരാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) 15-03-2007-ലെ ജി.ഒ. (എം.എസ്) നം. 114/2007/ഫിൻ ഉത്തരവ് പ്രകാരം 10% തുക എന്നുള്ളത് 7 ശതമാനമായി മുൻകാല പ്രാബല്യത്തോടെ കുറച്ചിട്ടുണ്ട്. ആയതിനാൽ 2006-ലെ ഉത്തരവിലേയ്ക്ക് മടങ്ങിപ്പോകാൻ കഴിയില്ല.

## തിരുവനന്തപുരം നഗരസഭയിൽ തൊഴിൽരഹിതരായ സ്ത്രീകൾക്ക് ജീവനോപാധികൾ നൽകുന്ന പദ്ധതി

370 (2324) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലാത്ത സ്ത്രീകൾക്ക് ജീവനോപാധിയായി ചെറുകിട സംരംഭങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം നഗരസഭയിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ജനറൽ, എസ്.സി., എസ്.ടി. എന്നിങ്ങനെ വേർതിരിച്ച് ലഭ്യമാക്കുമോ?

2020-21-ൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ 1496, എസ്.സി. 306 പേരും ഉൾപ്പെട്ടിട്ടുണ്ട്. 2021-22 വർഷത്തിൽ ജനറൽ 1333 പേരും എസ്.സി. 212 പേരും ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ പേരുവിവരങ്ങൾ ശേഖരിച്ച്

സമർപ്പിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭയിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജനറൽ, എസ്.സി., എസ്.ടി. വിഭാഗത്തിലുള്ള എത്ര ഗ്രൂപ്പുകളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നുവെന്നും ഇതിൽ എത്ര ഗ്രൂപ്പുകൾക്ക് ഓരോ സാമ്പത്തിക വർഷവും സബ്സിഡി അനുവദിച്ചുനൽകിയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

2020-21 വർഷത്തിൽ സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ ജനറൽ വനിത പദ്ധതി പ്രകാരം 125 ഗ്രൂപ്പുകൾക്കും എസ്.സി. വിഭാഗത്തിൽ 38 ഗ്രൂപ്പുകൾക്കും ഉൾപ്പെടെ ആകെ 163 ഗ്രൂപ്പുകൾക്ക് അനുവദിച്ചു. 2021-22 വർഷത്തിൽ സ്വയംതൊഴിൽ ജനറൽ 38 ഗ്രൂപ്പുകൾക്കും എസ്.സി. വിഭാഗത്തിൽ 25 ഗ്രൂപ്പുകൾക്കും ഉൾപ്പടെ 63 ഗ്രൂപ്പുകൾക്ക് അനുവദിച്ചു. ഇതിൽ ഓരോ സാമ്പത്തികവർഷവും ഇനം തിരിച്ച് അനുവദിച്ചുവരുന്ന സബ്സിഡി തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയിൽ അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക എത്രയാണ്; മേൽപ്പറഞ്ഞ കാലയളവിൽ ഓരോ ഗ്രൂപ്പുകൾക്കും അനുവദിച്ചു നൽകിയ സബ്സിഡി തുകയുടെ വിശദാംശം, ഗ്രൂപ്പുകളുടെ പേര്,

വിലാസം, തുക അനുവദിച്ച നൽകിയ അക്കൗണ്ട് നമ്പർ എന്നിവ സഹിതം വ്യക്തമാക്കുമോ?

മൂന്നുലക്ഷം രൂപയാണ് സബ്സിഡി തുക അനുവദിക്കുന്നത് 2020-21 വർഷത്തിൽ സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ ജനറൽ വനിത പദ്ധതി പ്രകാരം 125 ഗ്രൂപ്പുകൾക്കും എസ്.സി. വിഭാഗത്തിൽ 38 ഗ്രൂപ്പുകൾക്കും ഉൾപ്പെടെ ആകെ 163 ഗ്രൂപ്പുകൾക്ക് അനുവദിച്ചു. 2021-22 വർഷത്തിൽ സ്വയംതൊഴിൽ വിഭാഗത്തിൽ 38 ഗ്രൂപ്പുകൾക്കും എസ്.സി. വിഭാഗത്തിൽ 25 ഗ്രൂപ്പുകൾക്കും ഉൾപ്പടെ 63 ഗ്രൂപ്പുകൾക്ക് അനുവദിച്ചു. ടി കാലയളവിൽ ഓരോ ഗ്രൂപ്പുകൾക്കും അനുവദിച്ചുനൽകിയ സബ്സിഡി തുകയുടെ വിശദാംശം, ഗ്രൂപ്പുകളുടെ പേര്, വിലാസം, തുക, അനുവദിച്ചുനൽകിയ അക്കൗണ്ട് നമ്പർ, എന്നിവ ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

## തിരുവനന്തപുരം കോർപ്പറേഷനിൽ തൊഴിൽ രഹിതരായ സ്ത്രീകൾക്ക് ജീവനോപാധികൾ

371 (2325) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ തൊഴിൽ രഹിതരായ സ്ത്രീകൾക്ക് ജീവനോപാധികൾ നൽകുന്ന സ്കീമിൽ ക്രമക്കേട് നടന്നതായി

ആഭ്യന്തര ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) എത്ര കോടി രൂപയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് സി.&എ.ജി. ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത്?

(ബി&സി) 5.6 കോടി രൂപയുടെ ക്രമക്കേട് നടന്നതായി സി.&എ.ജി. കരട് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. വ്യാജ ജാതി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ നം. 0721 തീയതി 21-7-2022 പ്രകാരം കേസ്സെടുത്ത് എഫ്.ഐ.ആർ. ഫയൽ ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്ത് റിമാൻഡിലാക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യവസായ വകുപ്പിന്റെ ഉദ്യോഗസ്ഥരായതിനാൽ വകുപ്പുതല നടപടി സ്വീകരിക്കാനായി വ്യവസായ വകുപ്പ് ഡയറക്ടറോട് നഗരകാര്യ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഐ.ഇ.ഒ.-യെ വ്യവസായ വകുപ്പ് സസ്പെൻഡ് ചെയ്തു. ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു. രണ്ടാമത്തെ ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സ്ഥലം മാറ്റി മറ്റൊരു ജില്ലയിൽ നിയമിച്ചു. ഇടനിലക്കാരിയായി പ്രവർത്തിച്ച ശ്രീമതി സി. സിന്ധുവിനെ അറസ്റ്റ് ചെയ്യുകയും റിമാൻഡിൽ പാർപ്പിക്കുകയും കേസ് തുടർനടപടികൾ നടന്നുവരുകയും ചെയ്യുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ നടക്കാതിരിക്കുന്നതിന് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകി. ബാങ്കുകളുടെയും ജോയിന്റ് രജിസ്ട്രാർ (സഹകരണം) എന്നിവരുടെയും യോഗം കൂടി ആയത് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്തവർക്ക് വായ്പ സബ്സിഡി അനുവദിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ഇപ്രകാരം സബ്സിഡി അനുവദിച്ചു നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

19-04-2022-ലെ സ.ഉ. (കൈ) നം. 86/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ (വ്യവസായ വികസന ഓഫീസർ) സഹകരണ ബാങ്ക് മുഖേന സബ്സിഡി അനുവദിക്കുന്നത്.

## തരൂർ മണ്ഡലത്തിൽ കില ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ

372 (2326) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ സ്കൂളുകളുടെ നിർമ്മാണമാണ് കില ഏറ്റെടുത്തിട്ടുള്ളതെന്നും ഇവയിൽ ഏതൊക്കെയാണ് നിർമ്മാണ ഘട്ടത്തിൽ എത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

(എ) 3 കോടി വിഭാഗം:-

(i) ജി.എച്ച്.എസ്.എസ്, പെരിങ്ങോട്ടുകുറിശ്ശി

(ii) ജി.എച്ച്.എസ്, തോളനൂർ

ഈ പ്രവൃത്തികൾക്ക് 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുകയും അതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി 01-09-2022-ൽ ഒന്നാമത്തെ പ്രവൃത്തിക്കും 14-02-2022-ൽ രണ്ടാമത്തെ പ്രവൃത്തിക്കും സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആദ്യ പ്രവൃത്തിയുടെ പി.ഇ.ഡി. ഡ്രോയിംഗ് രണ്ടാമത്തെ പ്രവൃത്തിയുടെ സാങ്കേതികമാനുമതി പി.ഇ.ഡി. എന്നിവയ്ക്കും കിഫ്ബിയിൽ നിന്നുള്ള അംഗീകാരം ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 1 കോടി വിഭാഗം:-

(i) ജി.എച്ച്.എസ് ബെമ്മണ്ണൂർ :- പ്രവൃത്തി പൂർത്തീകരിച്ചു.

(ii) ജി.എച്ച്.എസ് കല്ലിംഗപ്പാടം:- ഈ പ്രവൃത്തിക്ക് 1.30 കോടി രൂപയുടെ ഭരണാനുമതി വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മദ്യ വർജ്ജനത്തിനായി കാമ്പയിൻ**

373 (2327) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:

ശ്രീ. ഐ. ബി. സതീഷ്:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി ഉപയോഗത്തിനെതിരായി സർക്കാർ നടത്തിയിട്ടുള്ള കാമ്പയിൻ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ഒന്നാം ഘട്ടമായും നവംബർ 14 മുതൽ

2023 ജനുവരി 26 വരെ രണ്ടാം ഘട്ടമായും ' No To Drugs' എന്ന പേരിൽ സംസ്ഥാന വ്യാപകമായി പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതാണ്. ഈ പ്രചരണ പരിപാടികളിലെല്ലാം ലഹരിവസ്തുക്കളുടെ ദുരുപയോഗം സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനുള്ള ഫോൺ നമ്പരുകളും സൗജന്യ കൗൺസിലിംഗ് സേവനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ടോൾഫ്രീ നമ്പരും വ്യാപകമായി പ്രചരിപ്പിച്ചിട്ടുള്ളതാണ്. ഇതിലൂടെ എക്സൈസ് വകുപ്പിന് കൂടുതൽ മയക്കുമരുന്ന് കേസുകൾ കണ്ടെടുക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ മയക്കുമരുന്ന് ആസക്തിയുള്ള കൂടുതൽ പേർക്ക് സൗജന്യ കൗൺസിലിംഗും തുടർചികിത്സയും നൽകാനും സാധിച്ചിട്ടുണ്ട്. പൊതുസ്ഥലത്തെ പുകവലിക്കും മദ്യപാനത്തിനും കാര്യമായ കുറവ് ഉണ്ടായിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിലെ കടകളിൽ ലഹരി വസ്തുക്കൾ വിൽക്കുന്ന പ്രവണതയ്ക്ക് വലിയൊരളവിൽ കുറവുവന്നിട്ടുണ്ട്. മയക്കുമരുന്ന് കേസുകളിൽ പിടിക്കപ്പെടുന്നവരുടെ മുൻ കേസ് വിവരങ്ങൾ ശേഖരിച്ചും കുറ്റപത്രം തയ്യാറാക്കി കോടതി മുമ്പാകെ സമർപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കണ്ടെത്തുന്ന കേസുകളുടെ എണ്ണവും പ്രതികളുടെ എണ്ണവും പിടിച്ചെടുക്കുന്ന മയക്കുമരുന്നിന്റെ അളവും മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ട്. ബോധവൽക്കരണ

പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഫലമായി സമൂഹത്തിന്റെ എല്ലാ തലത്തിലുമുള്ള ജനങ്ങൾക്കിടയിൽ ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

തദ്ദേശ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതുമൂലം ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ ജനകീയ ഇടപെടൽ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ട സ്ഥിരം കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ച് അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നതിലൂടെ മയക്കുമരുന്ന് കടത്ത് നല്ല തോതിൽ തടയുന്നതിന് സാധിച്ചിട്ടുണ്ട്. വിമുക്തി മിഷന്റെ ഭാഗമായുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സ്കൂൾ-കോളേജ് വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരിക്കെതിരായ ഒരു ചിന്താഗതി വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) മദ്യശാലകളുടെ എണ്ണം കുറച്ചുകൊണ്ടുമാത്രം മദ്യവർജ്ജനം സാധ്യമല്ലെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ബോധവൽക്കരണത്തിനും ചികിത്സയ്ക്കും പുനരധിവാസത്തിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ്

കുട്ടികൾക്ക് നൽകുന്നതിനും ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്ന ഒരു അവസ്ഥ അവരിൽ വളർത്തിയെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് വിമുക്തി മിഷൻ നടത്തിവരുന്നത്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് സ്കൂൾ, കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ കൂടാതെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന വിവിധ മത്സരങ്ങളും മറ്റ് പരിപാടികളും സംഘടിപ്പിച്ചുവരുന്നു. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിൽത്തന്നെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജ് ക്യാമ്പസുകളിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് “ നേർക്കൂട്ടം” എന്ന പേരിൽ ഒരു കമ്മിറ്റിയും കോളേജ് ഹോസ്റ്റലുകളിൽ

'ശ്രദ്ധ' എന്ന പേരിൽ ഒരു കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. ടി കമ്മറ്റികൾ ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും ആർട്ട്സ് & സയൻസ് കോളേജുകളിലും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും ഓരോ ഡി-അഡിക്ഷൻ സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ടി സെന്ററുകളിൽ കിടത്തി ചികിത്സയോടൊപ്പം കൗൺസിലിംഗും നൽകിവരുന്നുണ്ട്. കൂടാതെ 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ജില്ലകളിൽ സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസിലിംഗ് ലഭ്യമാക്കുന്നതിന് തെരഞ്ഞെടുത്ത എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകി പ്രാഥമിക കൗൺസിലിംഗ് സേവനം ലഭ്യമാക്കിവരുന്നുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിമുക്തി മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

വിമുക്തി മിഷന്റെ പ്രവർത്തനം വിമുക്തി എക്സിക്യൂട്ടീവ് കമ്മിറ്റി കാലാകാലങ്ങളിൽ ചേർന്ന് വിലയിരുത്തുന്നുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്ന എക്സൈസ് വകുപ്പ് വിവിധ

തലങ്ങളിലായി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

**കുന്ദമംഗലം എക്സൈസ് ഓഫീസിന് കെട്ടിടം**

374 (2328) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം എക്സൈസ് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ സ്റ്റേറ്റ് ഹൈവേയുടെ ഭാഗത്ത് സൗകര്യപ്രദമായ സ്ഥലം റവന്യൂ വകുപ്പ് വിട്ടുകൊടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കുന്ദമംഗലം എക്സൈസ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി കോഴിക്കോട് താലൂക്കിൽ പൂളക്കോട് വില്ലേജിൽ 10 സെന്റ് ഭൂമി ലഭ്യമായിട്ടുണ്ട്.

(ബി) താൽക്കാലിക സംവിധാനത്തിൽ പ്രവർത്തിച്ചുവരുന്ന എക്സൈസ് ഓഫീസിന് വിട്ടുകിട്ടിയ സ്ഥലത്ത് സ്വന്തം കെട്ടിടം നിർമ്മിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) കെട്ടിട നിർമ്മാണത്തിനുവേണ്ടി സർക്കാരിൽ സമർപ്പിച്ച പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) കുന്ദമംഗലം എക്സൈസ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയ 1,50,00,000/- ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും 4059-01-051-94 എന്ന ശീർഷകത്തിൽ മതിയായ തുക അവശേഷിക്കാത്തതിനാൽ, സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക തുക വകയിരുത്താൻ കഴിയാത്തതിനാൽ പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

**ത്രിതല പഞ്ചായത്തുകൾ വഴി ലഹരിക്കെതിരെ ശക്തമായ നടപടി**

375 (2329) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ ലഹരിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ ലഹരിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുതലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ലഹരി വസ്തുക്കളുടെ ഉപഭോഗം സംബന്ധിച്ച പരാതികൾ പരിശോധിച്ച് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൗൺസിലിംഗ് ആവശ്യമുള്ളവരെയും ഡീ-അഡിക്ഷൻ ചികിത്സ ആവശ്യമുള്ളവരെയും കണ്ടെത്തി കൗൺസിലിംഗും ചികിത്സയും നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി ഉപാധ്യക്ഷനായും സംസ്ഥാനതല സമിതി രൂപീകരിച്ച് അതിന്റെ കീഴിൽ ജില്ലാസമിതികളും പഞ്ചായത്തുതല സമിതികളും വാർഡുതല സമിതികളും രൂപീകരിച്ച് വിവിധ വകുപ്പുകളുടെയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ ഒരു കർമ്മ പദ്ധതി ആസൂത്രണം ചെയ്ത് സംസ്ഥാനത്താകമാനം 'നോ ടു ഡ്രഗ്ഗ്സ്' എന്ന പേരിൽ 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെയും നവംബർ 14 മുതൽ 2023 ജനുവരി 26 വരെയും രണ്ട് ഘട്ടങ്ങളിലായി ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇതിനോടനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുതലങ്ങളിലും

വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും വിദ്യാർത്ഥി-യുവജന സംഘടനകൾ കുടുംബശ്രീ മുതലായ വിവിധ സംഘടനകളുടെയും സഹകരണത്തോടെ ലഹരിക്കെതിരെ പ്രവർത്തനങ്ങൾ നടത്തിയിട്ടുമുണ്ട്.

(ബി) സാമൂഹ്യ തിന്മകൾക്കെതിരെ ശക്തമായ ഇടപെടൽ നടത്തുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ യുവജന മുന്നേറ്റ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തൊട്ടാകെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുതലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതാണ്. ജനജാഗ്രതാ സമിതികളിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികൾ, രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, യുവജന സംഘടനാ പ്രതിനിധികൾ, കുടുംബശ്രീ മുതലായ വിവിധ സംഘടനകളുടെ പ്രതിനിധികളും ഗ്രന്ഥശാലാ പ്രതിനിധികളും അംഗങ്ങളാണ്. ഈ ജനജാഗ്രതാ സമിതികൾ യുവജനങ്ങളുടെ കൂടി സഹകരണത്തോടെ ലഹരിക്കെതിരെയുള്ള വിവിധ പ്രവർത്തനങ്ങൾ

സംസ്ഥാനത്തൊട്ടാകെ നടത്തിവരികയാണ്.

യുവജനങ്ങളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന ഘോഷയാത്രകൾ, ബോധവൽക്കരണ റാലികൾ, ലഹരി വിരുദ്ധ നാടകം, ഓട്ടൻതുള്ളൽ, മനുഷ്യശൃംഖല, ഫ്ലാഷ് മോബ്, തെരുവ് നാടകം, കൂട്ടയോട്ടം, വാഹനപ്രചാരണ ജാഥകൾ, ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉയർത്തിക്കൊണ്ട് ബൈക്ക് റാലികൾ, കാൽനട ജാഥകൾ, 'ലഹരിക്കെതിരെ ഫുട്ബോൾ ലഹരി' എന്ന ആശയവുമായി ഫുട്ബോൾ മത്സരങ്ങൾ എന്നിങ്ങനെ വിവിധ മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തൊട്ടാകെ ലഹരിക്കെതിരെ ജനജാഗ്രതാ സദസ്സുകൾ സംഘടിപ്പിച്ചിരുന്നു. ഇത്തരം കമ്മിറ്റികളിൽ യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിക്കുകയും അതിലൂടെ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ കൂടുതൽ ജനകീയമാകുകയും ചെയ്തിട്ടുണ്ട്.

**ലഹരിവർജ്ജന മിഷന്റെ പ്രവർത്തനം**

376 (2330) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മദ്യവർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വ്യാപകമായ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനും വിമുക്തി-ലഹരി വർജ്ജനമിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുമായി വിമുക്തിയുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. വിമുക്തി മിഷന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ സംസ്ഥാനമൊട്ടാകെ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുകളിലും ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ലഹരിക്കെതിരെ പ്രവർത്തിച്ചുവരുന്നു.

സ്കൂളുകളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ആരംഭത്തിൽത്തന്നെ കണ്ടെത്തി കൗൺസിലിംഗ് നൽകുന്നതിന് "നേർവഴി" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകിയിട്ടുണ്ട്. വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിന് സ്കൂളുകളിൽ "ഉണർവ് " എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്.

യുവജനങ്ങളെ ലഹരി ഉപയോഗത്തിൽനിന്നും അകറ്റി നിർത്തുക എന്ന ലക്ഷ്യത്തോടെ " ലഹരിക്കെതിരെ കായികലഹരി" എന്ന മുദ്രാവാക്യത്തോടെ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു. കുടുംബശ്രീ, സന്നദ്ധ-യുവജന-സർവ്വീസ് സംഘടനകൾ, ട്രേഡ്

യൂണിയനുകൾ എന്നിവ മുഖാന്തരവും ലഹരിക്കെതിരെ വൈവിദ്ധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരിക്ക് അടിമപ്പെട്ടവർക്ക് ലഹരിമോചന ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെ പതിനാല് ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

ആദിവാസി തീരദേശമേഖലകൾ കേന്ദ്രീകരിച്ച് ലഹരിവർജ്ജനം ലക്ഷ്യമിട്ട് യുവാക്കൾക്കായി കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, കായിക പരിശീലനം, ലൈബ്രറി സൗകര്യം, പഠനം ഉപേക്ഷിക്കുന്ന കുട്ടികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ആദിവാസി തീരദേശ മേഖലകളിലെ യുവാക്കളെ ലഹരിയിൽ നിന്നും പിൻതിരിപ്പിക്കുന്നതിനായി പ്രാദേശിക ക്ലബ്ബുകളുടെ സഹകരണത്തോടെ ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഫിറ്റ്നെസ്സ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

വിവിധ രാഷ്ട്രീയ പാർട്ടികൾ, വിദ്യാർത്ഥി/യുവജനസംഘടകൾ, സർവ്വീസ് സംഘടനകൾ, വ്യാപാരി-വ്യവസായി സംഘടനകൾ എന്നിങ്ങനെ സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവരുടെ പങ്കാളിത്തത്തോടെ

മയക്കമരുന്ന് വ്യാപനത്തിനെതിരെ 'നോ ടു ഡ്രഗ്സ്' എന്ന പേരിൽ വ്യാപകമായ പ്രചരണ പരിപാടികളാണ് സംസ്ഥാനത്ത് നടത്തിവരുന്നത്. ഈ പരിപാടിയുടെ ഒന്നാം ഘട്ടം 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെയും രണ്ടാം ഘട്ടം 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെയും സംഘടിപ്പിച്ചിരുന്നു. മേൽ പ്രവർത്തനങ്ങളെല്ലാം വിമുക്തിയുടെ നേതൃത്വത്തിലാണ് നടപ്പിലാക്കിവരുന്നത്.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 'വിമുക്തി' പദ്ധതി

377 (2331) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 'വിമുക്തി' പദ്ധതി വ്യാപിപ്പിക്കുന്നതിന് എക്സൈസ് വകുപ്പിൽ ഉദ്യോഗസ്ഥരുടെ അപര്യാപ്തതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിലേയ്ക്കായി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 'വിമുക്തി' പദ്ധതി വ്യാപിപ്പിക്കുന്നതിന് എക്സൈസ് വകുപ്പിൽ ഉദ്യോഗസ്ഥരുടെ അപര്യാപ്തതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ലഹരി മരുന്നുകളുടെ ഉപയോഗത്തിലെ വര്‍ദ്ധനവ് തടയാന്‍ നടപടി**

378 (2332) <u>ശ്രീ. എന്‍. ഷംസുദ്ദീന്‍</u>: താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) രാസ ലഹരി ഉള്‍പ്പെടെയുള്ള ലഹരി മരുന്നുകളുടെ ഉപയോഗവും വിതരണവും സംസ്ഥാനത്ത് വര്‍ദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; സ്കൂള്‍, കോളേജ് വിദ്യാര്‍ത്ഥികള്‍പോലും ഇതില്‍ കണ്ണികളായി ഉള്‍പ്പെട്ടിട്ടുണ്ടെന്ന ആശങ്ക സര്‍ക്കാര്‍ ഗൗരവപൂര്‍വ്വം പരിശോധിക്കുമോ?

രാസ ലഹരി ഉള്‍പ്പെടെയുള്ള വിവിധ ലഹരി മരുന്നുകളുടെ ഉപയോഗവും വിതരണവും സംസ്ഥാനത്ത് വര്‍ദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ട്. ചില ലഹരിമരുന്ന് കേസുകളില്‍ കോളേജ് വിദ്യാര്‍ത്ഥികള്‍ ഉള്‍പ്പെട്ടുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. ഇത് ഗൗരവപൂര്‍വ്വം പരിശോധിച്ചുവരുന്നു.

(ബി) എക്സൈസ് വകുപ്പിലെ ചുരുക്കം ചില ഉദ്യോഗസ്ഥര്‍ ഇതിന് കൂട്ടുനില്‍ക്കുന്നുവെന്ന രീതിയിലുള്ള വാര്‍ത്തകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥര്‍ ലഹരിക്കടത്തിന്

സഹായിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**പുനലൂർ നിയോജകമണ്ഡലത്തിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണം**

379 (2333) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ, എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി തയ്യാറാക്കി സമർപ്പിക്കപ്പെട്ട 320 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാനുള്ള ഫയൽ (ഇ-ഫയൽ നമ്പർ. 6108395, Fin Exp B 2097027) ഇപ്പോൾ എക്സൈസ് കമ്മീഷണറേറ്റിൽ, കെട്ടിട നിർമാണത്തിനുള്ള തുക കണ്ടെത്തുന്നതിനുള്ള ശീർഷകം, ഫണ്ട് ലഭ്യത, എന്നിവ തീരുമാനമാകാത്ത സാഹചര്യത്തിൽ നടപടികൾ അവസാനിക്കപ്പെട്ട നിലയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക തുക വകയിരുത്തി പുനലൂർ എക്സൈസ് കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാൻ കഴിയാത്തതിനാൽ, ടി പ്രവൃത്തി അടുത്ത വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തി ഭരണാനുമതി നേടുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 2022-23 സാമ്പത്തിക വർഷത്തിൽ എക്സൈസ് വകുപ്പിന് വേണ്ടിയുള്ള നിർമ്മാണ പ്രവൃത്തികൾക്കായി കരുതിയിട്ടുള്ള ശീർഷകത്തിൽ 1.60 കോടി രൂപ നീക്കി ഇരിപ്പുണ്ടെന്നത് സംബന്ധിച്ച് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ള 320 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനുമേൽ 50 ശതമാനം തുക (ഒരു കോടി അറുപത് ലക്ഷം രൂപ) ശീർഷകത്തിൽ നീക്കിയിരിപ്പുള്ള സാഹചര്യത്തിൽ ഈ തുക ലഭ്യമാക്കി ഒന്നാം ഘട്ടം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) എക്സൈസ് വകുപ്പിന്റെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി 4059-01-051-94 എന്ന ശീർഷകത്തിൽ 160 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ, 31-08-2022 വരെ 86.86 ലക്ഷം രൂപ ചെലവായതായി പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ശീർഷകത്തിൽ മതിയായ തുക

ശേഷിക്കാത്തതിനാൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഈ സാമ്പത്തിക വർഷം അധിക തുക വകയിരുത്തി ഭരണാനുമതി നൽകാൻ കഴിയില്ല.

## പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത എൻ.ഡി.പി.എസ്. കേസുകൾ

380 (2334) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ 2022 വർഷം എൻ.ഡി.പി.എസ്. നിയമ പ്രകാരം എക്സൈസ് വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

366 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ പ്രൊമോഷൻ

381 (2335) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 03-02-1993 മുതൽ 30-06-2003 വരെയുള്ള സംസ്ഥാന സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 522 മുതൽ നേരിട്ട് നിയമനം ലഭിച്ചിട്ടുള്ള പ്രിവന്റീവ് ഓഫീസർമാർ വകുപ്പുതല പ്രമോഷന് വേണ്ടിയുള്ള പരീക്ഷകൾ പാസ്സായ വർഷവും രജിസ്റ്റർ

നമ്പരും ലഭ്യമാക്കുമോ?

എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 03-02-1993 മുതൽ 30-06-2003 വരെയുള്ള സംസ്ഥാന സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 522 മുതൽ നേരിട്ട് നിയമനം ലഭിച്ചിട്ടുള്ള പ്രിവന്റീവ് ഓഫീസർമാരിൽപ്പെട്ട 289 ഉദ്യോഗസ്ഥരിൽ ലഭ്യമായ 89 പേരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പെൻഷനായ ഉദ്യോഗസ്ഥരുടെ സേവന പുസ്തകം അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്നും മറ്റ് സബ് ഓഫീസുകളിൽനിന്നും ലഭ്യമാക്കി പരിശോധിച്ചുവരുന്നതിനാൽ മറ്റുള്ളവരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) പ്രിവന്റീവ് ഓഫീസർമാരിൽ നിന്നും തുടർ പ്രമോഷന് വേണ്ടിയുള്ള അടിസ്ഥാന യോഗ്യതയായ എക്സൈസ് സ്പെഷ്യൽ റൂളിലെ 5(2) പ്രമോഷൻ (2) യോഗ്യത നേടാതെ ആർക്കെങ്കിലും പ്രമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

നൽകിയിട്ടുണ്ട്. അനുബന്ധത്തിലെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ശ്രീ. വർമ്മദേവന് (ക്രമ നം.1405) 50 വയസ്സിന്റെ ആനുകൂല്യത്തിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പെൻഷനായ ഉദ്യോഗസ്ഥരുടെ സേവന പുസ്തകം അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും മറ്റ് സബ് ഓഫീസുകളിൽ നിന്നും ലഭ്യമാക്കി പരിശോധിച്ചുവരുന്നതിനാൽ മറ്റുള്ളവരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത യോഗ്യത നേടാതെ തുടർ പ്രമോഷൻ നേടിയിട്ടുള്ളവർ ഉണ്ടെങ്കിൽ അവർ ഇപ്പോൾ വഹിക്കുന്നതോ/വിരമിച്ചപ്പോൾ വഹിച്ചിരുന്നതോ ആയ തസ്തിക ഏതാണെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

അനുബന്ധത്തിലെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ശ്രീ. വർമ്മദേവൻ (ക്രമ നം.1405) നിലവിൽ എക്സൈസ് ഇൻസ്പെക്ടറായി സേവനമനുഷ്ഠിക്കുന്നു.

പെൻഷനായ ഉദ്യോഗസ്ഥരുടെ സേവന പുസ്തകം അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും മറ്റ് സബ് ഓഫീസുകളിൽനിന്നും ലഭ്യമാക്കി പരിശോധിച്ചിവരുന്നതിനാൽ മറ്റുള്ളവരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## എക്സൈസ് വകുപ്പിന്റെ ശാക്തീകരണം

382 (2336) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേസുകളുടെ എണ്ണത്തിന് ആനുപാതികമായി വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുംവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേസുകളുടെ എണ്ണത്തിന് ആനുപാതികമായി വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുംവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾറൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ചെക്ക് പോസ്റ്റുകൾ, സംസ്ഥാന അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, മേജർ കേസുകൾ അന്വേഷിക്കുന്നതിനായി ക്രൈം ബ്രാഞ്ച് യൂണിറ്റുകൾ, ഷാഡോ എക്സൈസ് യൂണിറ്റുകൾ, സംസ്ഥാനം മുഴുവൻ അധികാര പരിധിയുള്ള മൂന്ന് മേഖലാ സ്ക്വാഡുകൾ, ഒരു സ്റ്റേറ്റ് സ്ക്വാഡ് എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ NCB, മറ്റ് കേന്ദ്ര ഏജൻസികൾ എന്നിവയുമായി ചേർന്നും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെയും ഭാഗമായി, ആശയവിനിമയങ്ങൾ വേഗത്തിലാക്കുന്നതിനായി ആലപ്പുഴ, കൊല്ലം ജില്ലകളിൽ ഡിജിറ്റൽ

വയർലെസ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. കാലപ്പഴക്കമേറിയ 33 വാഹനങ്ങൾക്ക് പകരമായി 33 മഹീന്ദ്ര ബൊലേറോ നിയോ വാഹനങ്ങളും എക്സൈസ് വകുപ്പിനെ ആയുധവൽക്കരിക്കുന്നതിലേയ്ക്കായി 60 എണ്ണം 9 mm Auto പിസ്റ്റളുകളും വാങ്ങിയിട്ടുണ്ട്. ശാസ്ത്രീയമായി പ്രതികളെ ചോദ്യം ചെയ്യുന്നതിനായി മൂന്ന് സോണുകളിലായി ഓരോ ആധുനിക ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ സുതാര്യമാക്കുന്നതിനായി 8 പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽക്കൂടി സി.സി.ടി.വി. സ്ഥാപിച്ചു. ബി.എസ്.എൻ.എൽ-മായി ചേർന്ന് കേന്ദ്രീകൃത മോണിറ്ററിംഗ് സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം കണ്ടെത്താനുതകുന്ന 450 ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് ജോലികൾ ചെയ്യുന്നതിനായി 14 ഡിവിഷനുകളിലായി 138 എക്സൈസ് റേഞ്ച് ഓഫീസുകൾ, 69 എക്സൈസ് സർക്കിൾ ഓഫീസുകൾ, 14 എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ, 4 ജനമൈത്രി സ്ക്വാഡുകൾ, ഒരു നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിങ്ങനെ ആകെ 226 ഫീൽഡ് ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു.

## ജനമൈത്രി എക്സൈസ് ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി

383 (2337) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി സെറ്റിൽമെന്റുകളിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സെറ്റിൽമെന്റുകൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സഹായകരമായ രീതിയിൽ അരുവിക്കര നിയോജകമണ്ഡലത്തിലെ കോട്ടൂർ കേന്ദ്രീകരിച്ച് ഒരു ജനമൈത്രി എക്സൈസ് ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## ചങ്ങനാശ്ശേരി എക്സൈസ് റേഞ്ച്

384 (2338) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശേരി എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തനപരിധി ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണെന്നും അവയുടെ പട്ടികയും ലഭ്യമാക്കാമോ?

കുറിച്ചി, വാഴപ്പള്ളി, തൃക്കൊടിത്താനം, കങ്ങഴ, വെള്ളാവൂർ, മാടപ്പള്ളി,

നെടുംകുന്നം, പായിപ്പാട്, കറുകച്ചാൽ, വാഴൂർ, വാകത്താനം എന്നിങ്ങനെ 11 ഗ്രാമപഞ്ചായത്തുകളാണ് ചങ്ങനാശ്ശേരി എക്സൈസ് റെയിഞ്ച് ഓഫീസിന്റെ പരിധിയിലുള്ളത്.

(ബി) പ്രസ്തുത റേഞ്ച് ഓഫീസിന്റെ പരിധിയിൽ 2020, 2021, 2022 വർഷങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എൻ.ഡി.പി.എസ്., അബ്കാരി കേസുകൾ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തെ എല്ലാ റേഞ്ച് ഓഫീസുകളും കണക്കിലെടുത്താൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണമനുസരിച്ച് പ്രസ്തുത ഓഫീസ് എത്രാമത്തെ സ്ഥാനത്താണെന്ന് വ്യക്തമാക്കാമോ?

ചങ്ങനാശേരി എക്സൈസ് റേഞ്ച് ഓഫീസിന്റെ പരിധിയിൽ 2020, 2021, 2022 വർഷങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എൻ.ഡി.പി.എസ്., അബ്കാരി കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| കേസുകൾ | 2020 | 2021 | 2022 |
|---|---|---|---|
| അബ്കാരി | 160 | 192 | 212 |
| എൻ.ഡി.പി.എസ്. | 39 | 39 | 66 |

2022 വർഷത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അബ്കാരി

കേസ്സുകളെടുത്ത റേഞ്ച് ഓഫീസുകളിൽ 13-ാം സ്ഥാനവും എൻ.ഡി.പി.എസ്. കേസ്സുകളെടുത്ത റേഞ്ച് ഓഫീസുകളിൽ 14-ാം സ്ഥാനവുമാണുള്ളത്.

(സി) പ്രസ്തുത റേഞ്ച് ഓഫീസിന്റെ പരിധിയിൽ എത്ര ബാർ ഹോട്ടലുകൾ, ബീയർ പാർലറുകൾ, കള്ള് ഷാപ്പുകൾ, ബെവ്കോ ഔട്ട് ലെറ്റുകൾ എന്നിവയുണ്ടെന്ന് വ്യക്തമാക്കാമോ?

3 ബെവ്കോ ഔട്ട്ലെറ്റുകൾ, 11 ബാറുകൾ, 1 എഫ്.എൽ., 4 ഷോപ്പ് (ക്ലബ്ബ്), 2 കെ.റ്റി.ഡി.സി. ബിയർ പാർലറുകൾ ഉൾപ്പെടെ 5 ബീയർ പാർലറുകൾ, 66 കള്ളുഷാപ്പുകൾ എന്നിവയാണ് ചങ്ങനാശ്ശേരി റെയിഞ്ച് പരിധിയിൽ പ്രവർത്തിക്കുന്നത്.

(ഡി) ജോലിഭാരം കണക്കിലെടുത്ത് വാഴൂർ കേന്ദ്രീകരിച്ച് കറുകച്ചാൽ, നെടുങ്കുന്നം, കങ്ങഴ, വെള്ളാവൂർ, വാഴൂർ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി പുതിയ റേഞ്ച് ഓഫീസ് വാഴൂർ സിവിൽ സ്റ്റേഷനിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള ചങ്ങനാശ്ശേരി എക്സൈസ് റെയിഞ്ചിനെ രണ്ടായി വിഭജിച്ച് വെള്ളാവൂർ, വാഴൂർ, വാകത്താനം, നെടുംകുന്നം, കങ്ങഴ, കറുകച്ചാൽ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന രീതിയിൽ നെടുംകുന്നം എന്ന പേരിൽ

പുതുതായി എക്സൈസ് റേഞ്ച് ഓഫീസ് ഒന്നാം ഘട്ടമായി രൂപീകരിക്കുന്നതുൾപ്പെടെ മൂന്ന് ഘട്ടങ്ങളിലായി ആകെ 37 പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതുൾപ്പെടെയുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ പരിശോധിക്കുകയും എക്സൈസ് വകുപ്പിന് കീഴിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന പ്രൊപ്പോസൽ പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും എക്സൈസ് കമ്മീഷണറുടെ ശിപാർശയിൽ ഒന്നാം ഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം പിന്നീട് പരിഗണിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

## ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും ക്രയവിക്രയങ്ങളും തടയുന്നതിനുള്ള നടപടി

385 (2339) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും ക്രയവിക്രയങ്ങളും പൂർണ്ണമായും തടയുന്നതിന് സ്വീകരിച്ച നടപടികൾ മൂലം കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുന്നതിന് എക്സൈസ് വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തി ശക്തമായ നടപടികൾ എടുത്തുവരുന്നു. ചെക്ക്പോസ്റ്റുകളിലെ പരിശോധന, ബോർഡർ പട്രോളിംഗ്, ഹൈവേ പട്രോളിംഗ്, ആകസ്മിക കോമ്പിംഗ് ഓപ്പറേഷനുകൾ മുതലായവ നടത്തുന്നതുവഴി കൂടുതൽ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ഇതുമൂലം പൊതുസ്ഥലത്തെ പുകവലിക്കും മദ്യപാനത്തിനും കാര്യമായ കുറവുണ്ടായിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിലെ കടകളിൽ ലഹരി വസ്തുക്കൾ വിൽക്കുന്ന പ്രവണത വലിയൊരളവിൽ കുറവ് വന്നിട്ടുണ്ട്. ലഹരി വസ്തുക്കളുമായി പിടിയിലാകുന്നവരുടെ മൊബൈൽ ഫോണുകൾ പരിശോധിച്ചും കാൾ ഡീറ്റെയിൽസ് ശേഖരിച്ചും ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചും ലഹരിവസ്തുക്കളുടെ ഉറവിടം കണ്ടെത്തിവരുന്നു. ഇപ്രകാരം പിടിക്കപ്പെടുന്നവരുടെ മുൻ കേസ് വിവരങ്ങൾ ശേഖരിച്ച് കുറ്റപത്രം തയ്യാറാക്കി കോടതി മുമ്പാകെ സമർപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കണ്ടെത്തുന്ന കേസുകളുടെ എണ്ണവും പ്രതികളുടെ എണ്ണവും പിടിച്ചെടുക്കുന്ന മയക്കമരുന്നിന്റെ അളവും മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ട്.

ലഹരിമുക്ത വിദ്യാലയം 2.0 പദ്ധതിയുടെ ഭാഗമായി എല്ലാ എക്സൈസ്

ഉദ്യോഗസ്ഥരും സ്കൂളുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്ദർശിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഉണർവ് പദ്ധതി രൂപീകരിച്ച് വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിൽ എത്തിക്കാതിരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നേർവഴി പദ്ധതിയിലൂടെ അദ്ധ്യാപകരെ ശാക്തീകരിച്ച് കുട്ടികളിലെ സ്വഭാവ വ്യതിയാനം തുടക്കത്തിൽത്തന്നെ കണ്ടെത്തി ലഹരി ഉപയോഗത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് മെന്ററിംഗ് സംവിധാനം ലഭ്യമാക്കിയതിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന ധാരാളം കുട്ടികളെ ഈ ദുശ്ശീലത്തിൽ നിന്നും പിന്തിരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ലഹരി ഉപയോഗത്തിൽനിന്നും വിദ്യാർത്ഥികളെ പിന്തിരിപ്പിക്കുക, അവർക്ക് ആത്മവിശ്വാസവും പിന്തുണയും നൽകുന്നതിന് നടപടികൾ സ്വീകരിക്കുക, കർമ്മശേഷിയെ ക്രിയാത്മക മേഖലകളിൽ വിനിയോഗിക്കുന്നതിന് പരിശീലനം നൽകുക, വിദ്യാഭ്യാസത്തിനൊപ്പം വിദ്യാർത്ഥികളിലെ കലാ കായിക കഴിവുകളെ പരിപോഷിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വിമുക്തി മിഷൻ മുഖേന നടത്തുന്ന വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സ്കൂൾ-കോളേജ് വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരിക്കെതിരായ ഒരു ചിന്താഗതി

വളർത്തിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഫലമായി സമൂഹത്തിന്റെ എല്ലാ തലത്തിലുമുള്ള ജനങ്ങൾക്കിടയിൽ ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗും ഡീ-അഡിക്ഷൻ ചികിത്സയും നൽകിവരുന്നു. തദ്ദേശ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതുമൂലം ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ ജനകീയ ഇടപെടൽ വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ച് അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നതിലൂടെ മയക്കുമരുന്ന് കടത്ത് നല്ല തോതിൽ തടയുന്നതിന് സാധിച്ചിട്ടുണ്ട്.

**എക്സൈസ് റേഞ്ച് ഓഫീസുകൾ**

386 (2340) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് റേഞ്ച് ഓഫീസുകൾ ഇല്ലാത്ത താലൂക്കുകളുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ഉണ്ട്. കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക്.

(ബി) എക്സൈസ് റേഞ്ച് ഓഫീസുകൾ ഇല്ലാത്ത താലൂക്കുകളിൽ ആയത് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സർക്കാരിന്റെ പരിഗണനയിലുണ്ട്. അധികാര അതിർത്തി വലുതായതും താലൂക്കുകളിൽ റേഞ്ച് ഓഫീസുകൾ രൂപീകരിക്കാത്തതും ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ നേമം, വഞ്ചിയൂർ, കൊല്ലം ജില്ലയിലെ കുണ്ടറ, പത്തനംതിട്ട ജില്ലയിലെ പമ്പ, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കോട്ടയം ജില്ലയിലെ നെടുംകുന്നം, എറണാകുളം ജില്ലയിലെ കാക്കനാട്, ഇടുക്കി ജില്ലയിലെ രാജാക്കാട്, വണ്ടൻമേട്, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, തൃശ്ശൂർ ജില്ലയിലെ പീച്ചി, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, വയനാട് ജില്ലയിലെ പുൽപ്പള്ളി, കണ്ണൂർ ജില്ലയിലെ ചെറുപുഴ, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് എന്നീ പുതിയ റേഞ്ച് ഓഫീസുകൾ ഒന്നാം ഘട്ടമായി രൂപീകരിക്കുന്നതുൾപ്പെടെ മൂന്ന് ഘട്ടങ്ങളിലായി ആകെ 37 പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതുൾപ്പെടെയുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ പരിശോധിക്കുകയും എക്സൈസ് വകുപ്പിന് കീഴിൽ

നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന പ്രൊപ്പോസൽ പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും എക്സൈസ് കമ്മീഷണറുടെ ശിപാർശയിൽ ഒന്നാം ഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം പിന്നീട് പരിഗണിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

**കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ പ്രവർത്തനങ്ങൾ**

387 (2341) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ ശമ്പള പരിഷ്കരണം പൊതുമേഖലാ ശമ്പള പരിഷ്കരണ ഘടനയിലാണോ അതോ 11-ാം ശമ്പള പരിഷ്കരണ ഘടനയിലാണോ നടപ്പാക്കുകയെന്ന് അറിയിക്കാമോ; എന്നത്തേയ്ക്ക് ശമ്പള പരിഷ്കരണം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശകൾ പ്രകാരം ധനകാര്യ വകുപ്പിൽനിന്നും പുറപ്പെടുവിച്ച 29-10-2022-ലെ സ.ഉ.

(പി) നം.131/2022/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷനിൽ ആകെ എത്ര ജീവനക്കാരാണുള്ളതെന്നും അതിൽ വനിതാ ജീവനക്കാരുടെ എണ്ണം എത്രയാണെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

കെ.എസ്.ബി.സി.-യിൽ 3316 ജീവനക്കാർ (06-02-2023 വരെ) നിലവിലുണ്ട്. ആയതിൽ വനിതാ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 352 |
| കൊല്ലം | - | 177 |
| പത്തനംതിട്ട | - | 89 |
| ആലപ്പുഴ | - | 69 |
| കോട്ടയം | - | 79 |
| ഇടുക്കി | - | 33 |
| എറണാകുളം | - | 123 |
| തൃശ്ശൂർ | - | 123 |

പാലക്കാട് - 87

മലപ്പുറം - 66

കോഴിക്കോട് - 68

വയനാട് - 36

കണ്ണൂർ - 59

കാസർഗോഡ് - 30

(സി) ബിവറേജസ് ഔട്ട്ലെറ്റുകളുടെ പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ രാത്രി 9 മണി വരെ ആയതിനാൽ വനിതാ ജീവനക്കാർക്ക് ഡ്യൂട്ടി കഴിഞ്ഞ് വീടുകളിലെത്തുന്നതിന് പലവിധത്തിലുള്ള പ്രയാസങ്ങളുണ്ടാകുന്ന വിവരം ശ്രദ്ധയിലുണ്ടോ; ഡ്യൂട്ടി കഴിഞ്ഞ് തിരികെ വീട്ടിലേയ്ക്ക് പോകുമ്പോൾ വനിതാ ജീവനക്കാർ അതിക്രമങ്ങൾക്കിരയായതിന് സംസ്ഥാനത്ത് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് രണ്ട് പരാതികളാണ് ലഭിച്ചിട്ടുള്ളത്.

(ഡി) ബിവറേജസ് കോർപ്പറേഷനിലെ വനിതാ ജീവനക്കാരുടെ മാത്രം പ്രവൃത്തി സമയം രാത്രി 8 മണി വരെ നിജപ്പെടുത്തുന്നതിന്

ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യം ആലോചിക്കുമോ; വനിതാ ജീവനക്കാരുടെ പ്രയാസങ്ങൾ പഠിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമായി സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## എല്ലാ താലൂക്ക് ആശുപത്രികളിലും വിമുക്തി പദ്ധതി

388 (2342) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ താലൂക്ക് ആശുപത്രികളിലും വിമുക്തി പദ്ധതി നടപ്പാക്കുന്നതിനും ആയതിനായി ഒരു യൂണിറ്റ് പ്രത്യേകമായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

വിമുക്തി മിഷന്റെ ഭാഗമായി എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് ഓരോ ഡി-അഡീക്ഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലകളിൽ താലൂക്ക് അടിസ്ഥാനത്തിൽ പുതുതായി രണ്ട് ഡി-അഡീക്ഷൻ സെന്ററുകൾകൂടി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ വിമുക്തി സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

ജില്ലകളിൽ പുതുതായി രണ്ട് ഡി-അഡിക്ഷൻ സെന്ററുകൾക്കൂടി ആരംഭിക്കുന്നതിനായി അനുയോജ്യമായ 2 ആശുപത്രികളുടെ വിവരം തൃശ്ശൂർ ജില്ലയിൽ നിന്നും ലഭിച്ചതിൽ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പഴയന്നൂർ വടക്കാഞ്ചേരി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുല്ലപ്പള്ളി വാടാനപ്പള്ളി എന്നീ ആശുപത്രികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതുസംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

[നക്ഷത്രചിഹ്നമിടാത്ത 1995, 2320 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരം ലഭ്യമായിട്ടില്ല.]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

## II. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്ത് സമഗ്ര മാതൃ-ശിശു സംരക്ഷണ കർമ്മ പദ്ധതി തയ്യാറാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) മേശപ്പുറത്തുവച്ച മറുപടി

കുട്ടികളിലെ ആരോഗ്യവും ജീവിതനിലവാരവും ചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും അടിസ്ഥാന സൗകര്യ വികസനവുമാണ് നവകേരള കർമ്മ പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ

വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലൂടെ ആശുപത്രികളിലെ ചികിത്സ സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുക, അനീമിയ തുടങ്ങിയ പോഷകാഹാരക്കുറവ് കാലേക്കൂട്ടി കണ്ടെത്തി ചികിത്സിക്കുന്നതോടൊപ്പം 18 വയസ്സുവരെയുള്ള കുട്ടികളുടെ ചികിത്സ സർക്കാർ മേഖലയിൽ സൗജന്യമാക്കി നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ കുട്ടികളിലെ അപൂർവ്വരോഗങ്ങൾ, ജനിതക വൈകല്യങ്ങൾ തുടങ്ങിയവ കണ്ടെത്തി ചികിത്സിക്കുന്നതിനായി SAT ആശുപത്രിയിൽ അടുത്തിടെ Centre of Excellence പോലെയുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കുട്ടികളിലെ ജന്മനാലുള്ള വൈകല്യങ്ങൾ ഗർഭാവസ്ഥയിൽത്തന്നെ കണ്ടെത്തുന്നതിനായി പ്രത്യേക ഗർഭകാല പരിശോധനകൾ (അൾട്രാസൗണ്ട് സ്കാനിംഗ്, CVS Sampling, Chorionic Villus Sampling, Amniocentesis ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുവരുന്നു. മെച്ചപ്പെട്ട ഗർഭകാല പരിചരണം ഉറപ്പാക്കുന്നതിലൂടെ കുട്ടികളിലെ തൂക്കക്കുറവ്, pre term delivery എന്നിവ കുറച്ച് ആരോഗ്യമുള്ള കുട്ടികളുടെ ജനനം ഉറപ്പാക്കാൻ സമഗ്രമായ മാതൃസംരക്ഷണ പദ്ധതി നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി നവജാതശിശു സ്ക്രീനിംഗ്, മുതിർന്ന കുട്ടികൾക്കായുള്ള

RBSK സ്ക്രീനിംഗ് തുടങ്ങിയവ സംഘടിപ്പിച്ച് പ്രശ്നങ്ങൾ കണ്ടെത്തുന്നവർ ജില്ല ഏർലി ഇന്റർവെൻഷൻ സെന്റർ മുഖാന്തരം പരിചരണം ഉറപ്പാക്കുന്നു.

**ശലഭം**

കോംപ്രിഹെൻസീവ് ന്യൂബോൺ സ്ക്രീനിംഗ് പദ്ധതി (Comprehensive Newborn Screening Programme) സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഭാഗമായി ശിശു-മാതൃ മരണനിരക്കുകൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ഒട്ടനവധി സാമൂഹ്യ സേവന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആരോഗ്യ മേഖലയിൽ നാം ഒട്ടനവധി നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും പുതിയ മാതൃകയാണ് Comprehensive Newborn Screening Programme. 99% പ്രസവങ്ങളും ആശുപത്രികളിൽ നടക്കുന്ന നമ്മുടെ നാട്ടിൽ നവജാത ശിശുക്കളുടെ സമഗ്ര ആരോഗ്യ പരിശോധനയിലൂടെ അസുഖങ്ങൾ കാലേകൂട്ടി കണ്ടെത്തുന്നതിനും കൃത്യമായ ഇടപെടൽ നടത്തി ചികിത്സ ഉറപ്പുവരുത്തുന്നതിനും ഫോളോഅപ് നടപടികൾ ഏകീകരിച്ച് കുഞ്ഞുങ്ങളെ ആരോഗ്യപൂർണ്ണമായ അതിജീവനത്തിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിനുമായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി മുഖാന്തരം സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ

കുട്ടികളെയും സമഗ്രമായ പരിശോധനകൾക്ക് വിധേയരാക്കുന്നു. വിവിധതരം പരിശോധനകൾ താഴെ ചേർക്കുന്നു.

1. Visible Birth defect screening - ജനിച്ച് 24 മണിക്കൂറിനുള്ളിൽ പരിശോധിക്കപ്പെടുന്നു;

2. Pulse Oximetry screening - ജന്മനായുള്ള ഹൃദ്രോഗബാധ തിരിച്ചറിയുന്നതിന് 24-48 മണിക്കൂറിനുള്ളിൽ നടത്തപ്പെടുന്നു;

3. OAE (Otoacoustic Emissions) screening - കേൾവി പരിശോധന - 24-48 മണിക്കൂറിനുള്ളിൽ നടത്തപ്പെടുന്നു;

4. IEM Blood Test- ജന്മനായുള്ള മെറ്റബോളിക് അസുഖങ്ങൾ കണ്ടെത്തുന്നതിന്-48 മണിക്കൂറിനുള്ളിൽ അല്ലെങ്കിൽ ഡിസ്ചാർജ്ജിനുമുമ്പ്

മേൽപ്പറഞ്ഞ തരത്തിൽ സമഗ്ര ആരോഗ്യ പരിശോധന തല മുതൽ കാൽപ്പാദം (Head to toe) വരെ നടത്തിവരുന്നു.

ആശുപത്രികളിൽ പരിശീലനം സിദ്ധിച്ച സ്റ്റാഫ് നഴ്സ് അല്ലെങ്കിൽ ആർ.ബി.എസ്.കെ. നഴ്സുമാരാണ് ഇത്തരത്തിൽ പരിശോധന നടത്തേണ്ടത്. പ്രവർത്തനങ്ങളെല്ലാം പീഡിയാട്രീഷൻ/മെഡിക്കൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിലാണ് നടത്തപ്പെടുന്നത്.

**ആർ.ബി.എസ്.കെ.**

18 വയസ്സിന് താഴെയുള്ള കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന 30 ആരോഗ്യപ്രശ്നങ്ങളെ കാലേക്കൂട്ടി കണ്ടുപിടിക്കുന്നതിനുള്ള വിദഗ്ധ പരിശോധനയും തുടക്കത്തിൽ താഴെയുള്ള ചികിത്സയും പരിചരണവും നൽകുന്നതിനുള്ള നൂതനമായ പദ്ധതിയാണ് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം. വിദ്യാലയ ആരോഗ്യ പദ്ധതിയെ വിപുലപ്പെടുത്തി ആർ.ബി.എസ്.കെ. എന്ന പേരിൽ 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്കുള്ള ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകളും സേവനങ്ങളും തീർത്തും സൗജന്യമാക്കിയിട്ടുണ്ട്. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾവഴിയും മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധ ചികിത്സാ സേവനങ്ങൾ തികച്ചും സൗജന്യമാണ്. നവജാത ശിശുക്കളിൽ ജന്മനാ ഉണ്ടാകുന്ന ജനിതകരോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ സൗജന്യമാണ്. നവജാത ശിശുക്കളെ പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരും അനുബന്ധ ആരോഗ്യപ്രവർത്തകരും 6 ആഴ്ചവരെ പ്രായമായ കുഞ്ഞുങ്ങളെ വീടുകളിൽ സന്ദർശനം നടത്തുന്ന JPHN/JHI മുതലായവരും അങ്കണവാടി, പ്രതിരോധ കുത്തിവയ്പ്പ് കേന്ദ്രങ്ങൾ,

കിൻഡർ ഗാർട്ടനുകൾ മുഖാന്തരം ആർ.ബി.എസ്.കെ. നഴ്സുമാരും 6 ആഴ്ച മുതൽ 18 വയസ്സുവരെ പ്രായമുള്ള കുട്ടികളെ അങ്കണവാടിയിൽവച്ചും സ്കൂളുകളിൽവച്ചും ആർ.ബി.എസ്.കെ. നഴ്സുമാരും പരിശോധിക്കുന്നു. ആരോഗ്യപ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും ആവശ്യമെങ്കിൽ അവിടെനിന്നും വിദഗ്ദ്ധ ചികിത്സ ലഭ്യമാകുന്ന കേന്ദ്രങ്ങളിലേയ്ക്കും റഫർ ചെയ്യുന്നു. ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങളും വൈകല്യങ്ങളുമുള്ള, ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളെ പരിശോധിക്കാനും സമയാധിഷ്ഠിതമായി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിന് ജില്ലാതല ആശുപത്രിയിൽ പ്രവർത്തിക്കുന്ന നൂതനമായ സ്ഥാപനമാണ് ഐ.ഇ.സി. (1/ജില്ല).

**ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC)**

കുട്ടികളുടെ വളർച്ചയെയും വികാസത്തെയും സംബന്ധിക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും വൈകല്യങ്ങളെയും കാലേകൂട്ടി തിരിച്ചറിയാനും ഫലപ്രദമായ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിലേയ്ക്കായി എല്ലാ ജില്ലകളിലും ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ നൂതന സംവിധാനമാണ് ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ

(ഡി.ഇ.ഐ.സി.). സ്പെഷ്യലിസ്റ്റുകളായ ശിശുരോഗ വിദഗ്ധൻ, ഡെന്റൽ സർജൻ, ഫിസിയോതെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഒപ്റ്റോമെട്രിസ്റ്റ്, ഡെന്റൽ ഹൈജിനിസ്റ്റ് തുടങ്ങി ഓരോ ഡി.ഇ.ഐ.സി.-യിലും വിദഗ്ധരായ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ആരോഗ്യത്തിന്റെ നിർവ്വചനം സാക്ഷാത്കരിക്കുന്നതിലൂടെ സംസ്ഥാനത്തെ എല്ലാ കൗമാരക്കാരെയും അവരുടെ മുഴുവൻ കഴിവിലും എത്തിക്കാൻ സജ്ജമാക്കുക, സംവേദനക്ഷമമാക്കുക, ശാക്തീകരിക്കുക എന്നിവയാണ് കൗമാര ആരോഗ്യപദ്ധതി (ആർ.കെ.എസ്.കെ.) ലക്ഷ്യമിടുന്നത്.

**കൗമാര ആരോഗ്യപദ്ധതികളും നേട്ടങ്ങളും**

1. സൗകര്യം (ഫെസിലിറ്റി) അടിസ്ഥാനമാക്കിയുള്ള സമീപനം

a) കൗമാര സൗഹൃദ ആരോഗ്യ കേന്ദ്രങ്ങൾ (AFHCs):- നല്ല അന്തരീക്ഷത്തിൽ സഹാനുഭൂതിയോടെ, ബഹുമാനത്തോടെ, പിന്തുണയോടെ, രഹസ്യാത്മകത നിലനിർത്തിക്കൊണ്ട് സംസ്ഥാനത്ത് ജില്ലാശുപത്രികളിലും താലൂക്കാശുപത്രികളിലും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും കൗമാര സൗഹൃദ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇവിടെ വ്യക്തിഗത കൗൺസിലിംഗും ഗ്രൂപ്പ് കൗൺസിലിംഗും

നൽകുന്നതോടൊപ്പം ആരോഗ്യവർദ്ധകത്തിനും ഊന്നൽകൊടുക്കുന്നു. പരിശീലനം ലഭിച്ച കൗമാര ആരോഗ്യ കൗൺസിലർമാരാണ് കൗൺസിലിംഗ് സേവനങ്ങൾ നൽകുന്നത്.

b) അതോടൊപ്പം സ്കൂളുകളും അങ്കണവാടികളും മറ്റ് കൗമാര ആരോഗ്യകേന്ദ്രങ്ങളുമായി സംയോജിച്ച് ആരോഗ്യവർദ്ധകത ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.

2. <u>സ്കൂൾ അടിസ്ഥാനമാക്കിയുള്ള സമീപനം</u>

പിയർ എഡ്യൂക്കേറ്റർ (പി.ഇ.) പ്രോഗ്രാം (സ്റ്റുഡന്റ് ഡോക്ടർ കേഡറ്റുകൾ/കുട്ടിഡോക്ടർ) - പരിശീലനം ലഭിച്ച പിയർ എഡ്യൂക്കേറ്റർ/കുട്ടി ഡോക്ടർ കൗമാരക്കാരുടെ പ്രശ്നങ്ങൾ കണ്ടുപിടിക്കുകയും അവരെ സഹായിക്കുകയും വിദഗ്ധസഹായം ആവശ്യമുള്ളവരെ റഫർ ചെയ്യുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ പുതിയ പിയർ എഡ്യൂക്കേറ്റർ/കുട്ടിഡോക്ടർക്കുവേണ്ടി പരിശീലനം നൽകുന്നു. അതോടൊപ്പം പഴയ പിയർ എഡ്യൂക്കേറ്റർ/കുട്ടിഡോക്ടർക്ക് ഉന്മേഷ പരിശീലനവും നൽകുന്നു.

3. <u>കമ്മ്യൂണിറ്റി - അടിസ്ഥാനമാക്കിയുള്ള സമീപനം</u>

a) കൗമാര ആരോഗ്യദിനം - ഒരു വർഷത്തിൽ 4 പ്രാവശ്യം എല്ലാ ബ്ലോക്കുകളിലും കൗമാരക്കാർക്കായി കൗമാര ആരോഗ്യദിനങ്ങൾ നടത്തുന്നു.

b) കൗമാര ഫ്രണ്ട്ലി ക്ലബ്ബുകൾ - JPHN/JHI/ASHA എന്നീ ആരോഗ്യപ്രവർത്തകരെ ഉൾപ്പെടുത്തി എല്ലാമാസവും സബ്സെന്ററുകളിൽ കൗമാരസൗഹൃദ ക്ലബ്ബുകൾ നടത്തുന്നു.

c) പോഷകാഹാരം, എൻ.സി.ഡി.-കളുടെ പ്രതിരോധം, ലൈംഗികവും പ്രത്യുൽപ്പാദനപരവുമായ ആരോഗ്യം, മാനസികാരോഗ്യം, പരിക്കുകളും അക്രമങ്ങളും തടയൽ, ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയൽ തുടങ്ങി വിവിധ മേഖലകളെക്കുറിച്ച് ഇപ്പോൾ ക്ലാസുകൾ നടത്തിവരുന്നു.

4. <u>ദേശീയ പ്രോഗ്രാം അടിസ്ഥാനമാക്കിയുള്ളത്</u>

a) പ്രതിവാര അയൺ ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ (WIFS) പ്രോഗ്രാം - അനീമിയ മുക്തഭാരതത്തിന്റെ ഭാഗമായി ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി എല്ലാ ആഴ്ചയിലും അയൺ ഫോളിക് ആസിഡ് ഗുളികകൾ നൽകുന്നു. അതോടൊപ്പം വർഷത്തിൽ രണ്ടുതവണ വിരശല്യത്തിനുള്ള ഗുളികയും ആരോഗ്യ

വിദ്യാഭ്യാസവും നൽകുന്നു.

b) ആർത്തവ ശുചിത്വ പരിപാടി - ഗ്രാമപ്രദേശങ്ങളിലെ**യും** പെൺകുട്ടികൾക്കായി മിതമായ നിരക്കിൽ സാനിറ്ററി നാപ്കിനുകൾ നൽകുന്നു. അതോടൊപ്പം ആരോഗ്യ വിദ്യാഭ്യാസവും നൽകുന്നു. ഗ്രാമീണ കൗമാരക്കാർക്ക് 4013359 സാനിറ്ററി നാപ്കിനുകൾ വിതരണം ചെയ്തു. ഇതിനോടനുബന്ധിച്ച് കൗമാര പെൺകുട്ടികൾക്ക് അറിവും നല്ല അവബോധവും ശാക്തീകരണവുമേകുന്ന ആരോഗ്യ ക്ലാസ്സുകളും വിതരണവേദിയിൽവച്ച് നൽകിവരുന്നു.

2022-23 വർഷത്തിൽ ഡിസംബർ മാസംവരെ മാത്രം 50125 കൗമാരക്കാർക്ക് കൗൺസിലിംഗ് സേവനങ്ങൾ നൽകി സഹായിക്കാൻ പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. 201 കൗമാര ആരോഗ്യ ദിനങ്ങളുടെ ആഘോഷം വഴിയും 510 കൗമാര കൂട്ടായ്മകൾ (AFC ക്ലബ് യോഗങ്ങൾ) വഴിയും അനേകം കൗമാരക്കാരെ സമീപിക്കാനും പങ്കാളിത്തവും ബോധവൽക്കരണവുംവഴി കഴിവുകൾ പ്രോത്സാഹിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല ആരോഗ്യ പ്രവർത്തകർക്ക് കൗമാരക്കാരുമായും നല്ല പ്രവർത്തനബന്ധം സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. 3837-outreach സേവനങ്ങൾവഴി 150365 കൗമാരക്കാരെയും അധ്യാപകരെയും രക്ഷകർത്താക്കളെയും ബോധവൽക്കരിക്കാൻ സാധിച്ചു.

5800 പുതിയ പീയർ എഡ്യൂക്കേറ്റർമാരെ തെരഞ്ഞെടുത്ത് പരിശീലനം ആരംഭിച്ചുകഴിഞ്ഞു.

**മാതൃ-ശിശു സംരക്ഷണം**

സംസ്ഥാനത്തെ മാതൃ-ശിശു സംരക്ഷണത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ, മറ്റ് സർക്കാർ ആശുപത്രികൾ എന്നിവ വഴി വിവിധ മാതൃ-ശിശു സേവനങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഗർഭിണികൾക്ക് സൗജന്യ പരിശോധന, ചികിത്സ, ലബോറട്ടറി പരിശോധനകൾ, മരുന്നുകൾ തുടങ്ങിയവ ജനനി ശിശു സുരക്ഷ കാര്യക്രം പ്രകാരം ലഭിക്കുന്നു. കൂടാതെ ഒരു വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ പരിശോധന, ചികിത്സ, ലബോറട്ടറി പരിശോധനകൾ, മരുന്നുകൾ തുടങ്ങിയവ ജനനി ശിശു സുരക്ഷ കാര്യക്രം പദ്ധതിപ്രകാരം ലഭിക്കുന്നുണ്ട്. RBSK (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം) പദ്ധതിപ്രകാരം 18 വയസ്സുവരെയുള്ള കുട്ടികൾക്ക് 30 രോഗങ്ങൾക്ക് സർക്കാർ ആശുപത്രികളിൽനിന്ന് സൗജന്യ ചികിത്സ ലഭിക്കുന്നുണ്ട്.

മേൽ പദ്ധതിയിൽ വരാത്ത രോഗങ്ങൾക്ക് 18 വയസ്സുവരെ പ്രായമുള്ള

കുട്ടികൾക്ക് സംസ്ഥാന സർക്കാർ പദ്ധതിയായ ആരോഗ്യകിരണം വഴി സൗജന്യ ചികിത്സ സർക്കാർ ആശുപത്രികളിൽ ലഭിക്കുന്നു. അനീമിയ തടയുന്നതിനായി ഗർഭിണികൾക്ക് 180 ദിവസത്തേയ്ക്കും മുലയൂട്ടുന്ന അമ്മമാർക്ക് 180 ദിവസത്തേയ്ക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകുന്നുണ്ട്. സർക്കാർ ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങൾക്ക് ഗ്രാമപ്രദേശങ്ങളിൽ 700 രൂപയും നഗരപ്രദേശങ്ങളിൽ 600 രൂപയും JSY (ജനനി സുരക്ഷ യോജന) പദ്ധതിപ്രകാരം നൽകിവരുന്നു. അക്രഡിറ്റഡ് സ്വകാര്യ ആശുപത്രികളിൽ നടക്കുന്ന BPL, SC/ST വിഭാഗത്തിൽ വരുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ തുക നൽകുന്നുണ്ട്.

## Maternal Health

ഗർഭിണികൾക്ക് ദേശീയ വാക്സിനേഷൻ പട്ടിക പ്രകാരം ററ വാക്സിൻ നൽകുന്നു. ഗർഭിണികളിൽ സങ്കീർണ്ണമായ രോഗാവസ്ഥകളുണ്ടായാൽ അവ നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിന് ആവശ്യമെങ്കിൽ കൂടുതൽ സൗകര്യമുള്ള ആശുപത്രികളിൽ റഫർ ചെയ്യുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്.

മാതൃ-ശിശുമരണ നിരക്കുകൾ കുറയ്ക്കുന്നതിനായി പദ്ധതികൾ

ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

<u>മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി</u>

- കേരളത്തിലെ മാതൃമരണ നിരക്ക് ഇന്ത്യയിലെ മാതൃമരണ നിരക്കിനേക്കാൾ കുറവാണ്. മാത്രമല്ല, കേരളത്തിലെ മാതൃമരണ നിരക്ക് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കുറഞ്ഞതാണ് ;
- കഴിഞ്ഞ കുറേ വർഷങ്ങളായി മാതൃമരണ നിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു;
- സംസ്ഥാനത്തെ മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് KFOG (Kerala Federation Obstetrics and Gynaecology)-യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി കേരളത്തിൽ നടപ്പിലാക്കിവരുന്നു;
- മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി;
- ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, ഡിസ്പോസിബിൾ സിസേറിയൻ

കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കി;

- ആശുപത്രികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നൽകി;
- മാതൃമരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃമരണ ഓഡിറ്റ് നടപ്പിലാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ മാതൃമരണ നിരക്ക് കുട്ടതൽ കുറയ്ക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു;
- മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അവലോകന യോഗം കാലാകാലങ്ങളായി നടപ്പിലാക്കിവരുന്നു. പ്രസ്തുത യോഗത്തിൽ മാതൃമരണ നിരക്കിന്റെ കാരണങ്ങൾ അവലോകനം ചെയ്യുകയും അത് തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നു.

ഇതുകൂടാതെ ജില്ലാതല അവലോകന യോഗത്തിലും ജില്ലകളിലെ മാതൃമരണ നിരക്ക് അവലോകനം ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിലും മാതൃമരണങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാതലത്തിൽ ജില്ലാകളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ച് ജില്ലകളിലെ മാതൃമരണങ്ങളും മാതൃ ചികിത്സാപ്രവർത്തനങ്ങളും അവലോകനം ചെയ്യുന്നു. ആശുപത്രികളിൽ

അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. നാഷണൽ ഹെൽത്ത് മിഷൻ ആശുപത്രികളിലെ പ്രസവമുറി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## Mental Health

- ഏറ്റവും കുറഞ്ഞ ജനനനിരക്കും ശിശുമരണ നിരക്കുമുള്ള കേരളത്തിൽ ജനിക്കുന്ന കുട്ടികളുടെയും അവരുടെ അമ്മമാരുടെയും ആരോഗ്യ മാനസികാവസ്ഥയുടെ സംരക്ഷണത്തിനുവേണ്ടിയുള്ള സമഗ്ര കർമ്മ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കേണ്ടിയിരുന്നു. അമ്മയുടെയോ അച്ഛന്റെയോ അവരോടൊപ്പം താമസിക്കുന്ന മറ്റാരുടെയെങ്കിലുമോ മാനസികാവസ്ഥയ്ക്കുണ്ടാകുന്ന മാറ്റം അപൂർവ്വമായെങ്കിലും കുട്ടിയുടെ മരണത്തിന് കാരണമാകുന്നു;
- സ്ത്രീകൾക്ക് പ്രത്യുല്പാദന കാലയളവിൽ (15 മുതൽ 45 വയസ്സ് വരെ) വിഷാദരോഗം, ഉത്കണ്ഠരോഗം തുടങ്ങിയ മാനസിക പ്രശ്നങ്ങളും മാനസിക സമ്മർദ്ദങ്ങളും വരാനുള്ള സാധ്യത കൂടുതലാണ്. ആത്മഹത്യാനിരക്കും ഈ സമയത്ത് കൂടുതലായി കണ്ടുവരുന്നു;
- ഗർഭിണിയായിരിക്കുമ്പോഴുണ്ടാകുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ കുട്ടിയുടെ ശാരീരിക മാനസിക വളർച്ചയെ ബാധിക്കുന്നു;

പ്രസവാനന്തരമുള്ള മാനസിക പ്രശ്നങ്ങളും കുട്ടിയുടെ മാനസിക വൈകാരിക, സാമൂഹ്യ വളർച്ചയെ ബാധിക്കുന്നതിനൊപ്പം ഭാവിയിൽ പെരുമാറ്റ പ്രശ്നങ്ങൾ, വിഷാദം, ഉത്കണ്ഠരോഗം തുടങ്ങിയ പ്രശ്നങ്ങളുണ്ടാകാനും കാരണമായേക്കാം. ഈ സാഹചര്യത്തിലാണ് സർക്കാർ മാതൃ-ശിശു മാനസികാരോഗ്യ സംരക്ഷണ പദ്ധതി 'അമ്മ മനസ്സ്' എന്ന പേരിൽ നടപ്പിലാക്കുന്നത്;

- പ്രാഥമികാരോഗ്യതലത്തിൽ മാതൃ-ശിശു ആരോഗ്യ സേവനങ്ങളുമായി പ്രവർത്തിക്കുന്ന JPHN, PHN, സ്റ്റാഫ് നഴ്സുമാർ, ഡോക്ടർമാർ എന്നിവർക്ക് ഈ പദ്ധതിയിൻപ്രകാരം പരിശീലനം നൽകിയിട്ടുണ്ട്. ഗർഭിണിയായിരിക്കുമ്പോഴും പ്രസവാനന്തരം കുഞ്ഞിന്റെ പ്രതിരോധ കുത്തിവയ്പിന്റെ സമയങ്ങളിലും അമ്മമാർക്ക് മാനസിക പ്രശ്നങ്ങളുടെ പരിശോധന പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നടത്താനും മാനസിക പ്രശ്നങ്ങളുള്ളവരെ കണ്ടെത്തുന്നപക്ഷം ചികിത്സയ്ക്കായി ജില്ല മാനസികാരോഗ്യ പരിപാടിയുടെ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ നടത്തുന്ന ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യാനുള്ള പരിശീലനമാണ് നൽകിയിട്ടുള്ളത്;
- താഴെത്തട്ടിൽ മാതൃ-ശിശു ആരോഗ്യത്തിനായി പ്രവർത്തിക്കുന്ന എല്ലാ

ആശമാർക്കും ഇതിനായി ബോധവത്കരണ പരിപാടികളും 'അമ്മ മനസ്സ്' പദ്ധതിയിൻപ്രകാരം നടത്തിയിട്ടുണ്ട്. ഇതുവരെയായി 7060 ബ്ലോക്കുതല ആരോഗ്യപ്രവർത്തകർക്കും 16355 ആശമാർക്കും അമ്മ മനസ്സിന്റെ ഭാഗമായി മാനസികാരോഗ്യ പരിപാടിവഴി പരിശീലനം നൽകിക്കഴിഞ്ഞു;

- 'അമ്മ മനസ്സി'ന്റെ സ്ക്രീനിംഗ്, റഫറൽ എന്നിവ RCH വിഭാഗം വഴിയാണ് നടപ്പിലാക്കുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം മുതിർന്നവരുടെ മാനസിക സന്തുലിതാവസ്ഥ തകർക്കുകയും കൊലപാതകം, ആത്മഹത്യ തുടങ്ങിയവയിലേയ്ക്ക് നയിക്കപ്പെടുകയും ചെയ്യുന്നു;
- ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ 'ലഹരി വിമുക്ത കേരളം'-ന്റെ ഭാഗമായി മദ്യത്തിന്റെയും മറ്റ് മയക്കുമരുന്നുകളുടെയും ഉപയോഗം കുറയ്ക്കാനുള്ള ഊർജ്ജിതശ്രമങ്ങൾ നടന്നുവരുന്നു. ആരോഗ്യം, തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, വിദ്യാഭ്യാസം, എക്സൈസ്, ആഭ്യന്തരം എന്നീ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളാണ് താഴെത്തട്ടുമുതൽ നടന്നുവരുന്നത്;

- ആരോഗ്യവകുപ്പിന് കീഴിൽ നേരിട്ടുള്ള 18-ഉം വിമുക്തി പദ്ധതിയിൻ കീഴിലുള്ള 14-ഉം ലഹരിവിമോചന കേന്ദ്രങ്ങൾവഴി ലഹരി ഉപയോഗത്തിന്റെ ആസക്തിയുള്ളവർക്കുള്ള ചികിത്സയും മറ്റ് അനുബന്ധ സേവനങ്ങളും നൽകിവരുന്നുണ്ട്. ഇതിനുപുറമേ മാനസികാരോഗ്യ പരിപാടിവഴി സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ തന്നെ ലഹരി വിമോചന ചികിത്സ ഒ.പി. അടിസ്ഥാനത്തിൽ ലഭ്യമാണ്;
- വനിത ശിശുവികസന വകുപ്പിന്റെ സംയോജിത ശിശുവികസന സേവന പദ്ധതിയിൻകീഴിൽ നൽകിവരുന്ന 6 സേവനങ്ങളിലൊന്നാണ് അനുപൂരക പോഷകാഹാര പദ്ധതി (SNP). സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 258 ഐ.സി.ഡി.എസ്.-ന് കീഴിലുള്ള 33115 അങ്കണവാടികളിലെ 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ, ഗുരുതര ത്തൂക്കക്കുറവുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നീ ഗുണഭോക്താക്കൾക്ക് അനുപൂരക പോഷകാഹാരം നൽകിവരുന്നു. 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് കുടുംബശ്രീയുടെ സ്വയം സഹായ സംഘങ്ങൾ നിർമ്മിക്കുന്ന അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായി

അനുവദിക്കുന്നു. 2019 മേയ് മാസം മുതൽ സംസ്ഥാനത്തൊട്ടാകെ 11 മൈക്രോന്യൂട്രിയന്റ്സ് ഉപയോഗിച്ച് ഫോർട്ടിഫൈ ചെയ്ത ഫോർട്ടിഫൈഡ് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തുവരുന്നു. കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും സുസ്ഥിര വികസന ലക്ഷ്യമായ നോ ഹംഗർ കൈവരിക്കുന്നതിനുമായി അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന പുതിയ സംസ്ഥാന പദ്ധതി നടപ്പിലാക്കിവരുന്നു. ഗർഭാവസ്ഥ മുതൽ കുഞ്ഞിന് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങളിൽ കുഞ്ഞിന്റെ സമഗ്രവികസനം ലക്ഷ്യംവച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആദ്യ 1000 ദിന പരിപാടി. നിലവിൽ 42 ICDS പ്രോജക്ടുകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. തീരദേശ മേഖല, ആദിവാസി മേഖലകളിലെ ICDS-കൾ വഴി പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിഗണന അർഹിക്കുന്ന ഗുണഭോക്താക്കൾക്കുള്ള (ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ) പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് പാക്കറ്റുകൾ അങ്കണവാടികൾ മുഖേന വിതരണം

ചെയ്യുന്നു. കേന്ദ്ര വനിതാശിശുവികസന മന്ത്രാലയത്തിന്റെ പോഷൻ അഭിയാൻ 2 മാർഗ്ഗരേഖ പ്രകാരം കേരളത്തിൽ സമ്പുഷ്ട കേരളം പദ്ധതി നടപ്പിലാക്കിവരുന്നു. വനിതകൾ, കൗമാരപ്രായക്കാർ, ശിശുക്കൾ എന്നിവരിൽ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മികച്ച പോഷണത്തിന് ശ്രദ്ധിക്കേണ്ട അഞ്ച് പ്രവർത്തനങ്ങളായ ആദ്യത്തെ ആയിരം ദിവസങ്ങളുടെ പ്രാധാന്യം, പോഷകാഹാരം, വിളർച്ച തടയൽ, വയറിളക്ക നിയന്ത്രണം, ശുചിത്വവും ശുചിത്വശീലങ്ങളും എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ചർച്ചകളും പ്രദർശനങ്ങളും സെമിനാറുകളും പ്രസ്തുത പദ്ധതിയുടെ കീഴിൽ സംസ്ഥാന വ്യാപകമായി നടത്തിവരുന്നു;

- അതുകൂടാതെ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ മാസവും നടത്തപ്പെടുന്ന സമൂഹികാധിഷ്ഠിത പരിപാടികൾ (CBE) എല്ലാ വർഷവും സെപ്റ്റംബർ മാസത്തിൽ ഒരു മാസം നീണ്ടുനിൽക്കുന്ന പോഷണ മാസാചരണം (Poshan Maah), എല്ലാ വർഷവും മാർച്ച് മാസത്തിൽ രണ്ടാഴ്ച നീണ്ടുനിൽക്കുന്ന പോഷൻ Pakhwada എന്നിവയിലൂടെ ജനങ്ങളിൽ പോഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച്

ബോധവത്ക്കരണം നടത്തുന്നു. ഇതുകൂടാതെ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് യൂട്യൂബ്/facebook ചാനൽ വഴി വെബിനാർ പരമ്പരയും ന്യൂട്രീഷ്യൻ ക്ലിനിക്, പോഷണ കലവറ (Nutri Garden), തേനമൃത്, പോഷൺ പഞ്ചായത്ത്, നിറവ് (lactation cookies) എന്നീ പേരുകളിൽ വിവിധ പദ്ധതികളും നിലവിലുണ്ട്;

- പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY) പ്രകാരം കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതുമേഖല ജീവനക്കാർ എന്നിവർ ഒഴികെ നിയമം അനുശാസിക്കുന്ന മറ്റു പ്രസവാനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്ത എല്ലാ സ്ത്രീകൾക്കും ആദ്യ പ്രസവത്തിന് രണ്ട് ഗഡുക്കളായി 3000/-, 2000/- രൂപ വീതം ആകെ 5,000/- രൂപയും രണ്ടാം പ്രസവത്തിൽ പെൺകുഞ്ഞ് ജനിക്കുകയാണെങ്കിൽ (2022 ഏപ്രിൽ മുതൽ) 6,000/- രൂപയും ധനസഹായം ഗുണഭോക്താക്കളുടെ ആധാർ സീഡ് ചെയ്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുന്നു;
- Early Detection of Disability Training-കളും വനിതാ ശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പരിശീലനം ലഭിച്ചവർ സംസ്ഥാനത്തെ അങ്കണവാടി വർക്കർമാർക്ക്

പരിശീലനം നൽകുകയും അങ്കണവാടി വർക്കർമാർ അവരുടെ മേഖലയിലെ കുഞ്ഞുങ്ങളിലെ ഭിന്നശേഷിത്വം, വളർച്ച മുരടിപ്പ്, കുട്ടികളിലെ പോഷകാഹാരപ്രശ്നങ്ങൾ എന്നിവ പ്രാരംഭഘട്ടത്തിൽ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു;

- നിലവിൽ പകൽ സമയങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുകയെന്ന ലക്ഷ്യത്തോടെ മൊബൈൽ ക്രഷുകളും 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആവശ്യമായ മെച്ചപ്പെട്ട പരിപാലനം നൽകിക്കൊണ്ട് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നാഷണൽ ക്രഷ് സ്കീം പദ്ധതിയും നടപ്പിലാക്കി വരുന്നു. Maternity Benefit (amendment) Act-2017 പ്രകാരം 50 ജീവനക്കാരോ അതിലധികമോ ഉള്ള തൊഴിലിടങ്ങളിൽ ജീവനക്കാരുടെ കുഞ്ഞുങ്ങളെ തൊഴിൽ സമയത്ത് പരിപാലിക്കുന്നതിനായി ക്രഷുകൾ ആരംഭിച്ചിട്ടുണ്ട്;
- കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹ്യ-മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തെ വനിത ശിശുവികസന വകുപ്പുവഴി സർക്കാർ, എയ്ഡഡ് മേഖലയിൽ

പ്രവർത്തിക്കുന്ന സ്കൂളുകളിൽ സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി നടപ്പിലാക്കിവരുന്നു;

- ശാസ്ത്രീയമായ രക്ഷാകർതൃത്വത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും കുട്ടികളുടെ വളർച്ചാഘട്ടത്തിലും പെരുമാറ്റ രൂപീകരണത്തിലും അവർ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുന്നതിനും പാരന്റിംഗ് ക്യാമ്പയിനുകൾ വകുപ്പ് നടത്തിവരുന്നുണ്ട്;
- പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഹാൾ, പൂന്തോട്ടം, പ്രീസ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി.വി., മ്യൂസിക് സിസ്റ്റം, ന്യൂട്രി ഗാർഡൻ, സ്ലീപ്പിംഗ് ഏരിയ, കുട്ടികൾ വീണാൽ പരുക്ക് പറ്റാതിരിക്കാൻ ക്ലാസ്സ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏരിയയിൽ ഗ്രാസ് മാറ്റ്, റീഡിംഗ് കോർണർ, ചുമർ ചിത്രങ്ങൾ, പാരന്റ്സ് വെയിറ്റിംഗ് റൂം, അഡോളസെന്റ്സ് കുട്ടികൾക്ക് ലൈബ്രറി, കുട്ടികളുടെ ശാരീരികമായ വികാസത്തിനായി സ്കിപ്പിംഗ് റോപ്, ചെസ് ബോർഡ്, കാരംബോർഡ്, ഫിംഗർ പോപ്പറ്റ് തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉൾപ്പെടുത്തി സ്മാർട്ട് അങ്കണവാടി കെട്ടിടം

നിർമ്മിച്ചുവരുന്നു. അതുകൂടാതെ ചായം പദ്ധതിപ്രകാരം അങ്കണവാടികളെ നവീകരിച്ച് ശിശുസൗഹൃദ-ശിശുപോഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി ചിത്രങ്ങൾ, ജ്യാമിതീയ രൂപങ്ങൾ, അക്കങ്ങൾ, അക്ഷരങ്ങൾ എന്നിങ്ങനെ ബൗദ്ധിക വികാസം സാധ്യമാകുന്ന വർണ്ണ വൈവിധ്യമാർന്ന ചിത്രങ്ങൾകൊണ്ടും കളിയുപകരണങ്ങൾ സ്ഥാപിച്ച് കളിമൂലകൾ സൃഷ്ടിച്ചുകൊണ്ടും കുഞ്ഞുങ്ങളിലെ ചാലക പേശികളുടെ വികാസം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 60:40 അനുപാതത്തിൽ സംസ്ഥാനത്ത് നിന്നും വയനാട് ജില്ലയിൽ 250 അങ്കണവാടികൾ സക്ഷം പദ്ധതിപ്രകാരം മികച്ച അടിസ്ഥാന സൗകര്യങ്ങളോടുകൂടി നവീകരിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്;

- സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അങ്കണവാടികളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ളതും വിഭിന്നശേഷി കുട്ടികൾക്ക് എത്തിച്ചേരാൻ സൗകര്യമുള്ള വിവിധ പഞ്ചായത്തുകളിൽനിന്നും 142 അങ്കണവാടികളെ തെരഞ്ഞെടുത്ത് സ്പെഷ്യൽ അങ്കണവാടികളാക്കി മാറ്റുകയും അവയിൽ 59 അങ്കണവാടികളുടെ നിർമ്മാണ പ്രവർത്തികളും

പർച്ചേസ് നടപടികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ സ്പെഷ്യൽ അങ്കണവാടികളിലും LSGD മുഖാന്തരം സ്പെഷ്യൽ എഡ്യൂക്കേറ്ററെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു;

- അട്ടപ്പാടി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി കുടുംബശ്രീ മുഖാന്തരം കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു;
- 11-14 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിനുവേണ്ടി സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി നടപ്പിലാക്കിവരുന്നു. ആസ്പിരേഷൻ ജില്ലയായ വയനാട് ജില്ലയിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു;
- കൗമാരപ്രായക്കാരായ കുട്ടികളുടെ ശാക്തീകരണവും ശാരീരികവും മാനസ്സികവുമായ ഉന്നമനവും ലക്ഷ്യമിട്ട് "വർണ്ണക്കൂട്ട് " എന്ന പേരിൽ അഡോളസെന്റ് ക്ലബ്ബുകൾ അങ്കണവാടികളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു;
- തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിലുൾപ്പെട്ടതും മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെട്ട മാതാപിതാക്കളുള്ളവർ, മാതാവോ പിതാവോ

നഷ്ടമായവർ, മാതാപിതാക്കളില്ലാത്ത ബന്ധുക്കളോടൊപ്പം താമസിക്കുന്നവർ, വകുപ്പിന് നേരിട്ട് ബോധ്യപ്പെട്ട മറ്റ് അരക്ഷിതമേഖലകളിലെ കുട്ടികൾ, ഏതെങ്കിലും അതിക്രമം മുമ്പ് നേരിട്ടിട്ടുള്ള കുട്ടികൾ എന്നിവരിൽ 10 വയസ്സിനും 15 വയസ്സിനും ഇടയിലുള്ള താല്പര്യമുള്ളവർക്ക് ധീര പദ്ധതിപ്രകാരം ആയോധനകലകൾ അഭ്യസിപ്പിച്ചുവരുന്നു;

- എൻട്രി ഹോമിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും എം.ടി.പി. കഴിഞ്ഞവർക്കും പ്രത്യേക പരിചരണം നൽകുന്നതിനുംവേണ്ടി തിരുവനന്തപുരം ജില്ലയിൽ ഇന്റഗ്രേറ്റഡ് കെയർ സെന്റർ എന്ന പേരിൽ ഒരു പുതിയ ഹോം ആരംഭിച്ചിട്ടുണ്ട്;
- വനിതാ ശിശുവികസന വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും നേതൃത്വത്തിൽ മേൽപ്പറഞ്ഞ പദ്ധതികൾ മാതൃ-ശിശു സംരക്ഷണത്തിനായി നടത്തിവരുന്നു.

(2) <u>ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തുടനീളം ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) മേശപ്പുറത്തുവച്ച മറുപടി</u>

കേരള സർക്കാർ 2019-ൽ പുറത്തിറക്കിയ വൈദ്യുത വാഹന നയപ്രകാരം വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ ചുമതലയുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഇ.ബി.എൽ.-നെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ ചുരുങ്ങിയ കാലയളവിൽത്തന്നെ കേരളത്തിൽ എല്ലാ ജില്ലകളിലുമായി ഫോർവീലറുകൾക്കുള്ള 63 ഡി.സി. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ.-ന്റെ നേതൃത്വത്തിലും 15 എണ്ണം അനെർട്ടിന്റെ നേതൃത്വത്തിലും ഓട്ടോറിക്ഷ, ഇരുചക്ര വാഹനങ്ങൾ എന്നിവയ്ക്കായി എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1166 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ.-ന്റെ നേതൃത്വത്തിലും സ്ഥാപിച്ചുകഴിഞ്ഞു. ഓരോ നിയോജകമണ്ഡലത്തിലും കുറഞ്ഞത് 5 എന്ന നിരക്കിലും കോർപ്പറേഷൻ ഉൾപ്പെട്ട നിയോജകമണ്ഡലങ്ങളിൽ കുറഞ്ഞത് 15 എന്ന നിരക്കിലും ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നിർദ്ദേശത്തിന് അനുസരിച്ചാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ പോളുകളിൽ ഇവ സ്ഥാപിച്ചിരിക്കുന്നത്. ഇവയിൽ 984 എണ്ണം പൊതുജനത്തിന് തുറന്നു കൊടുത്തിട്ടുണ്ട്.

സംസ്ഥാന സർക്കാർ ഗതാഗതവകുപ്പുവഴി 8.2 കോടി രൂപ പ്രൊമോഷൻ ഫണ്ടിൽനിന്നും അനുവദിച്ചിരുന്നു. ഇതിൽ 5 കോടി രൂപ

കെ.എസ്.ഇ.ബി.എൽ.-ന് 2020 ജൂണിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രഗവൺമെന്റിന്റെ ഫെയിം-II പദ്ധതി പ്രകാരം ചാർജിംഗ് സ്റ്റേഷൻ ഉപകരണങ്ങൾക്ക് 70 ശതമാനം ഫണ്ട് അനുവദിച്ചിരുന്നു. ഈ രണ്ട് ഫണ്ടുകളും ഉപയോഗപ്പെടുത്തിയാണ് 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചത്. എല്ലാ ജില്ലകളിലുമായി പ്രധാന റോഡുകളുടെ സമീപം സ്വന്തം സ്ഥലത്താണ് കെ.എസ്.ഇ.ബി.എൽ. ഈ സ്റ്റേഷനുകൾ സ്ഥാപിച്ചിരിക്കുന്നത്. ഇവയിൽ 60 എണ്ണം പൊതുജനത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. ചാർജിംഗ് സ്റ്റേഷനുകൾ പൊതുജനങ്ങളുടെ ഉപയോഗത്തിനായി തുറന്നുകൊടുക്കുകവഴി സംസ്ഥാനം വൈദ്യുതി വാഹന രംഗത്ത് വലിയൊരു കുതിച്ചുചാട്ടത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്.

ദേശീയപാത, എം.സി. റോഡ്, മറ്റ് സ്റ്റേറ്റ് ഹൈവേ എന്നിവിടങ്ങളിലെ സർക്കാർ സ്ഥലങ്ങളിലാണ് അനെർട്ട് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചത്. സംസ്ഥാന സർക്കാരിൽനിന്നും അനെർട്ടിന് ലഭിച്ച ഫണ്ട് ഉപയോഗിച്ചും കേന്ദ്രസർക്കാരിന്റെ EESL (Energy Efficiency Service Limited) എന്ന സ്ഥാപനംവഴി ലഭിച്ച ചാർജിംഗ് മെഷീനുകൾ സ്ഥാപിച്ചുമാണ് പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചത്. ഏഴോളം സ്ഥലങ്ങളിൽ അനെർട്ടിന്റെ

നേതൃത്വത്തിൽ ചാർജിംഗ് സ്റ്റേഷനുകളുടെ പണി പൂർത്തിയായി വരുന്നു. ഒരു ഇലക്ട്രിക് വാഹനം ചാർജ് ചെയ്യുന്നതിന് 30 മുതൽ 60 മിനിറ്റ് വരെ സമയം വേണ്ടിവരുന്നതിനാൽ കഫറ്റീരിയ, വെയിറ്റിംഗ് റൂം, വാഷ് റൂം എന്നീ സൗകര്യങ്ങളുള്ള സ്ഥലങ്ങളാണ് പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ അനുയോജ്യം. ഇത്തരം സൗകര്യങ്ങൾ ലഭ്യമായ സർക്കാർ സ്ഥലങ്ങളിൽ കുറഞ്ഞത് 1000 Sq.Ft. സ്ഥലവും കഫറ്റീരിയ, വാഷ് റൂം ഫെസിലിറ്റിയുള്ളതുമായ നിരപ്പായ സ്ഥലം 10 വർഷത്തെ ലീസിന് ലഭ്യമാക്കിയാൽ പബ്ലിക് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചുനൽകുന്നതാണ്. കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശമുള്ള തുകയായ ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ എന്ന നിരക്കിൽ തറവാടക 10 വർഷത്തേയ്ക്ക് നൽകുന്നതാണ്. ലാൻഡ് NOC, 200/- രൂപ പത്രത്തിൽ എഗ്രിമെന്റ് എന്നിവ നൽകിയാൽ അനെർട്ടിന്റെ മുതൽമുടക്കിൽ പബ്ലിക് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചു നൽകുന്നതാണ്. ഇലക്ട്രിക് കാറുകളുടെ വ്യാപനം കൂടിയതോടുകൂടി വൈദ്യുതോർജ്ജത്തിന്റെ ഉപയോഗം വളരെയധികം വർദ്ധിക്കുന്നതിനാൽ പരമാവധി ഹരിതോർജ്ജം ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകിവരുന്നു. ഇതിന്റെ ഭാഗമായി ചാർജിംഗ് മെഷീനോടൊപ്പം സോളാർ പാനൽ സ്ഥാപിക്കുന്ന ഉപഭോക്താക്കൾക്ക് ഒരു

കിലോവാട്ട് ശേഷിയുള്ള പാനലിന് 20,000/- രൂപ എന്ന നിരക്കിലും 50 KW ശേഷിയുള്ള സൗരോർജ്ജ സംവിധാനമൊരുക്കുന്ന ചാർജിംഗ് സ്റ്റേഷനുകൾക്ക് പരമാവധി 10 ലക്ഷം രൂപ വരെയും സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകിവരുന്നു. സംസ്ഥാന സർക്കാരിന്റെ ഇലക്ട്രിക് വാഹന നയപ്രകാരം സംസ്ഥാനത്ത് ആദ്യം സ്ഥാപിക്കുന്ന 100 എണ്ണം DC ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25 ശതമാനം സബ്സിഡിയായി നൽകുന്നതിനുള്ള പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു. സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 4 സ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചു. അടുത്ത ഘട്ടത്തിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ, PWD റസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽ DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി പൂർത്തിയായി വരുന്നു. സംസ്ഥാന സർക്കാർ വകുപ്പുകളിൽ ഏറ്റവും കൂടുതൽ ഇലക്ട്രിക് വാഹനം ഉപയോഗിക്കുന്ന മോട്ടോർ വാഹന വകുപ്പിന്റെ കേരളത്തിലെ 14 എൻഫോഴ്സ്മെന്റ് RT ഓഫീസുകളിൽ 30 KW ശേഷിയുള്ള DC ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

പൂർത്തിയായി വരുന്നു. അടുത്ത ഘട്ടത്തിൽ ദേശീയപാത, എം.സി. റോഡ്, മറ്റ് സ്റ്റേറ്റ് ഹൈവേകൾ എന്നിവിടങ്ങളിൽ ഓരോ 25 കിലോമീറ്ററിലും ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ് അനെർട്ട് ലക്ഷ്യമിടുന്നത്.

<u>പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ ഒരുക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സബ്സിഡി ലഭിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിരിക്കണം.</u>

1. അനെർട്ട്/കെ.എസ്.ഇ.ബി/MNRE അംഗീകരിച്ച സോളാർ പാനലുകളും ഇൻവെർട്ടറുകളും സ്ഥാപിച്ചിരിക്കണം;

2. ചാർജിംഗ് മെഷീനുകൾക്ക് NABL അക്രഡിറ്റഡ് ലാബിൽ നിന്നുള്ള ടെസ്റ്റ് സർട്ടിഫിക്കറ്റുണ്ടായിരിക്കണം;

3. ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന സ്ഥലത്ത് റിഫ്രഷ്മെന്റ്, വാഷ് റൂം ഫെസിലിറ്റി എന്നിവയുണ്ടായിരിക്കണം;

4. മെഷീനുകൾക്കും സൗരോർജ്ജ സംവിധാനത്തിനും കുറഞ്ഞത് 5 വർഷത്തെ വാറന്റി ഉണ്ടായിരിക്കണം. അനെർട്ട് എംപാനൽ ചെയ്ത ഏജൻസികൾ മുഖേനയാണ് പദ്ധതി പൂർത്തിയാക്കേണ്ടത്.

ഇതിനുപുറമെ കേന്ദ്ര നോഡൽ ഏജൻസിയായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ ധനസഹായത്തോടെ കലൂർ സബ്സ്റ്റേഷൻ പരിസരത്ത് ഒരു സോളറൈസ്ഡ് റാപ്പിഡ് ചാർജിംഗ് സ്റ്റേഷൻ ഹബ്ബ്

വികസിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. ഭാവിയിലേയ്ക്ക് ഏറ്റവും അനുയോജ്യമായ ചാർജർ കോൺഫിഗറേഷൻ എന്ന നിലയിൽ 120 KW ശേഷിയുള്ള പത്ത് CSS-2 ചാർജറുകൾ ഉൾപ്പെടുന്ന ഒരു സ്റ്റേഷനാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കാൻ സാധിക്കും. കേരളത്തിന്റെ മധ്യഭാഗത്തായി നടപ്പിലാക്കുന്ന ഈ പദ്ധതി വൈദ്യുത വാഹന യാത്രാ രംഗത്ത് സംസ്ഥാനത്തിന് ഒരു മുതൽക്കൂട്ടാകും.

വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനും പണം അടയ്ക്കുന്നതിനും വിവിധ മൊബൈൽ ആപ്ലിക്കേഷനുകൾ ഉപയോഗത്തിലുണ്ട്. യാത്രയുടെ പല ഘട്ടങ്ങളിൽ വിവിധ മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് അതിലെ വാലറ്റുകളിൽ പണമടച്ച് ചാർജ് ചെയ്യേണ്ടിവരുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ സാഹചര്യത്തിൽ കേരളത്തിലെ ഉപഭോക്താക്കൾക്കായി KeMAPP എന്ന പേരിൽ ഒരു പൊതുവായ മൊബൈൽ ആപ്ലിക്കേഷൻ കെ.എസ്.ഇ.ബി.എൽ. രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചെടുക്കുകയുണ്ടായി. ഈ ആപ്പ് ഇപ്പോൾ പരീക്ഷണഘട്ടത്തിലാണ്. ഒരാഴ്ചയ്ക്കകം പൂർണ്ണമായും ലോഞ്ച് ചെയ്യുന്നതായിരിക്കും. ഭാവിയിൽ സ്ഥാപിക്കുന്ന എല്ലാ ചാർജിംഗ്

സ്റ്റേഷനുകളുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്ന രീതിയിലാണ് ആപ്പ് ഡെവലപ് ചെയ്തിട്ടുള്ളത്.

## III. സബ്മിഷൻ

(1) കൊയിലാണ്ടി 110 കെ.വി. സബ്സ്റ്റേഷൻ സംബന്ധിച്ച ശ്രീമതി കാനത്തിൽ ജമീല എം.എൽ.എ.-യുടെ സബ്മിഷന് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) മേശപ്പുറത്തുവച്ച മറുപടി

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൊയിലാണ്ടി-പന്തലായനിയിൽ പുതിയ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 05-01-2021-ൽ 20.6 കോടി രൂപയ്ക്ക് കെ.എസ്.ഇ.ബി.എൽ. ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷൻ നിർമ്മാണത്തിനായി ആദ്യം കണ്ടെത്തിയ സ്ഥലത്ത് കെ-റെയിൽ പാത കടന്നുപോകുമെന്ന് പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ പുതിയ നാല് സ്ഥലങ്ങളിൽ കൊയിലാണ്ടി വില്ലേജിൽ കണ്ടെത്തിയ സ്ഥലം നിർദ്ദിഷ്ട ഹൈവേയിൽനിന്ന് 30 മീറ്റർ ഉയർന്ന് സ്ഥിതി ചെയ്യുന്നതിനാൽ സുഗമമായ പ്രവേശനം സാധ്യമല്ല. വിയ്യൂർ വില്ലേജിൽ സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ (18/32,

18/52, 18/24), (39/1, 2, 39/4A1), (80/2, 80/3, 80/16) സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട മൂന്ന് സ്ഥലങ്ങളുടെ വിലകൂടി ചേർത്ത് പ്രസ്തുത പദ്ധതിയുടെ ചെലവ് കണക്കിലാക്കുമ്പോൾ യഥാക്രമം ഏകദേശം 32.01, 37.88, 36.86 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത സ്ഥലങ്ങളുടെ രേഖകൾ പരിശോധിച്ചുവരികയാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി സ്ഥലം ഏറ്റെടുത്ത് സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്താൻ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സഹകരണംകൂടി പ്രതീക്ഷിക്കുന്നു.

(2) <u>കൂടംകുളം പവർഗ്രിഡ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലുള്ളവർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച ഡോ. എൻ. ജയരാജ്, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) മേശപ്പുറത്തുവച്ച മറുപടി</u>

കൂടംകുളം പവർഗ്രിഡ് പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി പവർഗ്രിഡ് കോർപ്പറേഷന്റെ അഭ്യർത്ഥന പ്രകാരം 09-10-2017-ലെ സ.ഉ. (സാധാ) നമ്പർ 4246/2017/റവന്യൂ പ്രകാരമാണ് സ്പെഷ്യൽ തഹസീൽദാർ എൽ.എ. (പവർഗ്രിഡ്) കോട്ടയം ഓഫീസ് രൂപീകരിച്ചിട്ടുള്ളത്. കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ

വെള്ളാവൂർ മുതൽ വൈക്കം താലൂക്കിൽ മുളക്കുളം വില്ലേജ് വരെ മീനച്ചിൽ, കോട്ടയം താലൂക്കുകളിൽക്കൂടി ഉൾപ്പെട്ടുവരുന്ന 15 വില്ലേജുകളിലായി ലൈൻ കടന്നുപോകുന്ന 58 കിലോമീറ്റർ ദൂരത്തിലുള്ള ലൈനിൽ 158 ടവറുകൾ സ്ഥാപിച്ചിട്ടുള്ളതും 160 കോറിഡോറുകൾ ഉൾപ്പെട്ടുവരുന്നതുമാണ്. ഇടമൺ-കൊച്ചി 400 കെ.വി. വൈദ്യുത പ്രസരണലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ടവർ, ലൈൻ, കോറിഡോർ, വൃക്ഷവിള നഷ്ടപരിഹാരം എന്നീ വിധത്തിലുള്ള നഷ്ടപരിഹാരമാണ് നൽകിവരുന്നത്. കോട്ടയം ജില്ലയിൽ ഇടമൺ-കൊച്ചി 400 കെ.വി. വൈദ്യുത പ്രസരണ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ടായിരത്തി ഒരുനൂറോളം ഗുണഭോക്താക്കളാണുള്ളത്. ആയതിൽ ആയിരത്തി മൂന്നൂറോളം പേർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിരുന്നതാണ്. ഇരുനൂറോളം ഗുണഭോക്താക്കൾക്ക് സർക്കാർ വിഹിതം ലഭ്യമല്ലാത്തതിനാൽ പവർഗ്രിഡിന്റെ വിഹിതമായ 37.5 ശതമാനം നൽകിയിരുന്നു. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴൂർ വില്ലേജിൽ 57 കക്ഷികൾക്കും കങ്ങഴ വില്ലേജിലെ 266 കക്ഷികൾക്കും വെള്ളാവൂർ വില്ലേജിലെ 150 കക്ഷികൾക്കും നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്. നഷ്ടപരിഹാരം നൽകുന്നതിന് 3,13,35,352/- (മൂന്ന് കോടി പതിമൂന്ന്

ലക്ഷത്തി മുപ്പത്തയ്യായിരത്തി മുന്നൂറ്റി അമ്പത്തിരണ്ട്) രൂപ അനുവദിച്ചിരുന്നതും ആയത് കോട്ടയം എൽ.എ. (പവർഗ്രിഡ്) സ്പെഷ്യൽ തഹസീൽദാരുടെ ടി.എസ്.ബി. അക്കൗണ്ടിലുമാണ്. ആയത് വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്. കൂടംകുളം പവർഗ്രിഡ് പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസീൽദാർ എൽ.എ. (പവർഗ്രിഡ്) യൂണിറ്റിന്റെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് (ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും) വഹിക്കുന്നത് പവർഗ്രിഡ് കോർപ്പറേഷനാണ്. യൂണിറ്റ് പ്രവർത്തിക്കുന്നതുമൂലം ഭീമമായ തുകയാണ് എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഇനത്തിൽ കോർപ്പറേഷന് വഹിക്കേണ്ടതെന്നും ആയതിനാൽ പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം 2022 ജൂൺ മാസത്തോടുകൂടി അവസാനിപ്പിക്കണമെന്ന് പി.ജി.സി.എൽ. സീനിയർ മാനേജർ അറിയിച്ചതിനെത്തുടർന്ന് 15-09-2022-ലെ ജി.ഒ.(ആർ.ടി.) നമ്പർ 3808/2022/ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം യൂണിറ്റ് നിർത്തലാക്കിയിട്ടുള്ളതാണ്. 2022 ജൂൺ മാസത്തോടുകൂടി യൂണിറ്റ് അവസാനിപ്പിക്കണമെന്ന് പി.ജി.സി.എൽ. സീനിയർ ജനറൽ മാനേജർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർന്നും യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത് ജീവനക്കാർക്ക് ശമ്പളം കിട്ടാത്ത അവസ്ഥ സംജാതമാക്കുമെന്നതിനാലാണ്

പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം നിർത്തലാക്കിയത്. നഷ്ടപരിഹാര വിതരണം മുടങ്ങിയ അവസരത്തിൽ പ്രസ്തുത ഓഫീസിൽ കൈകാര്യം ചെയ്തിരുന്ന ഫയലുകളും റെക്കോർഡുകളും സ്പെഷ്യൽ തഹസീൽദാർ എൽ.എ. (പവർഗ്രിഡ്), പത്തനംതിട്ട യൂണിറ്റിലേയ്ക്ക് കൈമാറി നഷ്ടപരിഹാര വിതരണം പ്രസ്തുത യൂണിറ്റ് മുഖേന നടത്തണമെന്ന് 16-12-2022-ലെ കത്ത് മുഖേന പി.ജി.സി.എൽ. അറിയിക്കുകയുണ്ടായി. കോട്ടയത്ത് പ്രവർത്തിക്കുന്ന 21 തസ്തികകൾ അടങ്ങിയ സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) യൂണിറ്റിന് അധികമായി 6 തസ്തികകൾകൂടി അനുവദിച്ചുകൊണ്ട് 13-01-2023-ലെ സ.ഉ.(സാധാ) 246/2023/റവ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അധികമായി ജീവനക്കാരെ അനുവദിച്ച കോട്ടയം സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) യൂണിറ്റിനെ ചുമതലപ്പെടുത്തി സമയബന്ധിതമായി നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

(3) <u>എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളിൽ പെരിയാർ ടൈഗർ റിസർവ്വുമായി ബന്ധപ്പെട്ട അതിർത്തി നിർണ്ണയത്തിലെ വ്യക്തത സംബന്ധിച്ച ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.-യുടെ സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) മേശപ്പുറത്തുവച്ച മറുപടി</u>

'പെരിയാർ വന്യജീവി സങ്കേതം പ്രോപ്പർ' എന്ന പേരിൽ എഫ്1-8854/49/ഡിഡി വിജ്ഞാപന പ്രകാരം 11-08-1950-ൽ പ്രഖ്യാപിതമായി. ടി വന്യജീവി സങ്കേതത്തിന്റെ മൊത്തം ഭൂവിസ്തൃതി 777 ചതുരശ്ര കിലോമീറ്ററായിരുന്നു. 1962-ൽ ഗ്രോമോർ ഫുഡ് പദ്ധതിപ്രകാരം പമ്പ, അഴുത എന്നീ നദികളുടെ സംഗമസ്ഥാനത്ത് സ്ഥിതിചെയ്യുന്ന പമ്പാവാലി എന്ന സ്ഥലത്ത് പെരിയാർ വന്യജീവി സങ്കേതത്തിന്റെ ഭാഗമായ 460.5 ഹെക്ടർ സ്ഥലം 692 കുടുംബങ്ങൾക്കായി ഭക്ഷ്യോൽപ്പാദനത്തിനായി വിട്ടുനൽകുകയുണ്ടായി. തുടർന്ന് കുടുംബങ്ങളുടെ എണ്ണം ആയിരത്തിലധികമായി വർദ്ധിക്കുകയും കൈവശവസ്തു 502 ഹെക്ടറായി കൂടുകയും ചെയ്തു. 1968-ൽ ശ്രീ. മാത്യു മണിയങ്ങാടൻ അദ്ധ്യക്ഷനായ പാർലമെന്ററി സബ്കമ്മിറ്റി സർക്കാർ വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് കേരള സർക്കാരിന് സമർപ്പിക്കുകയും ടി റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 07-06-1968-ലെ ജി.ഒ.(പി)നം.289/68/കൃഷി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ടി സർക്കാർ ഉത്തരവിൽ പമ്പാനദിയുടെ ഇരുകരകളിലുമുള്ള പമ്പാവാലി ഭക്ഷ്യോൽപ്പാദന മേഖലയെ പെരിയാർ വന്യജീവി സങ്കേതത്തിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നും ടി ഭൂമിയിൽ അധിവസിക്കുന്ന ജനങ്ങളെ

ഒഴിപ്പിക്കേണ്ടതില്ലെന്നുമുള്ള സബ്കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ചതായും തുടർന്ന് കൂടുതൽ ഭൂമി കൈയ്യേറുന്നില്ലെന്ന് ഉറപ്പാക്കണമെന്നും പറയുന്നു. 1978-ൽ പെരിയാർ വന്യജീവി സങ്കേതത്തെ പെരിയാർ ടൈഗർ റിസർവായി പ്രഖ്യാപിച്ചു. ആ കാലയളവിൽ പെരിയാർ ടൈഗർ റിസർവിന്റെ ഭൂവിസ്തൃതി 777 ചതുരശ്ര കിലോമീറ്റർ ആയിരുന്നു. പ്രസ്തുത 777 ചതുരശ്ര കിലോമീറ്ററിനുള്ളിലുള്ള പമ്പാവാലി ഉൾപ്പെടെയുള്ള മനുഷ്യവാസപ്രദേശം പെരിയാർ ടൈഗർ റിസർവിന്റെ ഭാഗമായി നിലനിന്നു. തുടർന്ന് 2011-ൽ റാന്നി ഫോറസ്റ്റ് ഡിവിഷൻ പരിധിയിലുള്ള 148 ചതുരശ്ര കിലോമീറ്റർ വനഭൂമി പെരിയാർ ടൈഗർ റിസർവ്വിനോട് കൂട്ടിച്ചേർക്കുകയുണ്ടായി. ആയതുപ്രകാരം പെരിയാർ കടുവ സങ്കേതത്തിന്റെ ആകെ വിസ്തൃതി 925 ചതുരശ്ര കിലോമീറ്ററായി മാറി. ടി 925 ചതുരശ്ര കിലോമീറ്ററിൽ 881 ചതുരശ്ര കിലോമീറ്റർ 31-12-2007-ലെ G.O.(P) No.75/2007/F&WLD പ്രകാരം കോർ സോണായും മനുഷ്യവാസ പ്രദേശങ്ങളുൾപ്പെടെ 44 ചതുരശ്ര കിലോമീറ്റർ സ്ഥലം 22-03-2011-ലെ G.O.(P)No.18/2011/F&WLD പ്രകാരം ബഫർ സോണായും വിജ്ഞാപനം ചെയ്യപ്പെട്ടു. ഇപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പെരിയാർ ടൈഗർ റിസർവ്വിനുള്ളിലുള്ള ബഫർ സോണിൽ പമ്പാവാലി മേഖലയും

ഉൾപ്പെട്ടിരുന്നു. ബഫർ സോണിൽ നിലവിലെ മനുഷ്യവാസ മേഖലയിലെ പ്രവർത്തനങ്ങൾ തുടരുന്നതിന് തടസ്സമില്ലാത്തതാണ്. കോട്ടയം ജില്ലയിൽ സ്ഥിതിചെയ്യുന്ന പമ്പാവാലി മേഖലയിലെ 855 നിവാസികൾക്ക് കേരള സർക്കാർ 27-02-2016-ൽ 1964-ലെ കേരള ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരം പട്ടയം നൽകിയിട്ടുള്ളതാണ്. പമ്പാവാലി മേഖലയെ 1968-ൽ പെരിയാർ വന്യജീവി സങ്കേതത്തിൽനിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് ഇറക്കിയെങ്കിലും ടി മേഖല പെരിയാർ ടൈഗർ റിസർവ്വിന്റെ ബഫർ സോണിന്റെ ഭാഗമായി തുടർന്നു. പെരിയാർ ടൈഗർ റിസർവ് ബഫർ സോണിലായതിനാൽ മനുഷ്യവാസമേഖലയിലെ പ്രവർത്തനങ്ങൾ തുടരുന്നതിന് യാതൊരു തടസ്സവുമില്ല. 09-01-2023-ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം പമ്പാവാലി/എയ്ഞ്ചൽവാലി മേഖലയെ പെരിയാർ ടൈഗർ റിസർവിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് മുമ്പാകെ അവതരിപ്പിക്കാൻ തീരുമാനിക്കുകയും 19-01-2023-ൽ കൂടിയ സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് യോഗത്തിൽ ഒരു അജണ്ടാനിർദ്ദേശമായി അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിന്റെ

അടിസ്ഥാനത്തിൽ പമ്പാവാലി, എയ്ഞ്ചൽവാലി എന്നീ പ്രദേശങ്ങളിലെ ജനവാസ മേഖലയെ ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സംസ്ഥാന വന്യജീവി ബോർഡിന്റെ പ്രസ്തുത ശിപാർശയോടെയുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ടൈഗർ കൺസർവ്വേഷൻ അതോറിറ്റിയുടെയും ദേശീയ വന്യജീവി ബോർഡിന്റെയും അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ അതിർത്തി പുനർനിർണ്ണയിച്ചുകൊണ്ടുള്ള പുതിയ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും അപ്രകാരം ചെയ്തുകഴിഞ്ഞാൽ നിലവിലുള്ള എല്ലാ വിജ്ഞാപനങ്ങളിലും ആയതിന് അനുസൃതമായ മാറ്റങ്ങൾ വരുന്നതുമാണ്. ഇതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(4) <u>നേരേകടവ്-മാക്കേകടവ് പാലം നിർമ്മാണം സംബന്ധിച്ച ശ്രീമതി സി. കെ. ആശ എം.എൽ.എ.-യുടെ സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) മേശപ്പുറത്തുവച്ച മറുപടി</u>

വൈക്കം നിയോജകമണ്ഡലത്തിലെ കോട്ടയം-ആലപ്പുഴ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും വേമ്പനാട്ട് കായലിനുകുറുകെ നിർമ്മിക്കുന്നതുമായ നേരേകടവ്-മാക്കേകടവ് പാലത്തിന്റെ നിർമ്മാണത്തിന് 16-02-2012-ലെ GO (Rt)No.238/12/PWD പ്രകാരം 98.09 കോടി രൂപയുടെ ഭരണാനുമതിയും 27-11-2014-ലെ

GO(Rt)No.1638/2014/PWD പ്രകാരം 98.58 കോടി രൂപയ്ക്ക് സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. പാലത്തിനും അപ്രോച്ച് റോഡിനുമുള്ള 93.79 കോടി രൂപയുടെ ഡിസൈൻ ടെണ്ടർ ഏറ്റവും കുറഞ്ഞ നിരക്കായ 78.40 കോടി രൂപയ്ക്ക് M/s. ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ക്വാട്ട് ചെയ്തു. 16-06-2016-ലെ എഗ്രിമെന്റ് നമ്പർ 91/SESC/2016-17 പ്രകാരമാണ് കരാറിൽ ഏർപ്പെട്ടത്. പ്രവൃത്തി പൂർത്തിയാക്കാനുള്ള സമയം 24 മാസമായിരുന്നു. സ്ഥലമെടുപ്പ് വൈകിയതും തുടർന്നുള്ള കോടതിയലക്ഷ്യക്കേസുകളും കാരണം കരാറുകാരന് പണി പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി 10-6-2022-ന് പൂർണ്ണമായും പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറിയതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണ സാമഗ്രികളുടെ വില കുത്തനെ വർദ്ധിച്ചതിനാൽ 7 വർഷത്തിനുശേഷം മേൽ ക്വാട്ട് ചെയ്ത നിരക്കിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. നിലവിലെ എൽ.എം.ആർ. അടിസ്ഥാനമാക്കി ബാക്കി ജോലികൾ ചെയ്യാമെന്നും ബാക്കിയുള്ള മറ്റ് ജോലികൾക്കായി ക്വാട്ട് ചെയ്ത നിരക്ക് DSR+10%+18% GST നിരക്കിൽ എസ്റ്റിമേറ്റ് പുതുക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ആയതുപ്രകാരം 103,01,70,945/- രൂപ വേണമെന്ന്

ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതൊരു ഡിസൈൻ ടെണ്ടർ ആയതിനാൽ ജോലി വേഗത്തിൽ പൂർത്തിയാക്കുന്നതിന് സർക്കാരിൽനിന്ന് ഉചിതമായ തീരുമാനം അഭ്യർത്ഥിച്ചിരുന്നു. ടി വിഷയം ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ചിരുന്നു. ബാലൻസ് വർക്കുകളുടെ പുതുക്കിയ പ്രൊപ്പോസൽ GST 2018, LMR എന്നിവ പ്രകാരം യഥാർത്ഥ എസ്റ്റിമേറ്റ് അളവുകളെ (Original Estimate quantities) അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി ഡിസൈൻ ടെണ്ടർ ആയതിനാൽ DSR 2018 പ്രകാരമുള്ള ബാലൻസ് വർക്കുകളുടെ മൂല്യവും LMR-ഉം കരാറുകാരന്റെ അംഗീകൃത ഡിസൈൻ പ്രകാരമുള്ള അളവുകളെ (quantities as per approved design of the contractor) അടിസ്ഥാനമാക്കിയാണ് തയ്യാറാക്കേണ്ടത് എന്ന ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശപ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ഫയൽ പുനർസമർപ്പിക്കാൻ ഭരണവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) <u>എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സംബന്ധിച്ച ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.-യുടെ സബ്മിഷന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) മേശപ്പുറത്തുവച്ച മറുപടി</u>

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ നടപടിക്കുറിപ്പുകൾ വൈസ്-ചാൻസലർ

സമയബന്ധിതമായി അംഗീകരിക്കാത്തതിനാൽ സർവ്വകലാശാലയിൽ യഥാസമയം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നതായും സർവ്വകലാശാലയിലെ ദൈനംദിന പ്രവർത്തനങ്ങളെ ഇത് പ്രതികൂലമായി ബാധിക്കുന്നതായും രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. സിൻഡിക്കേറ്റ് തീരുമാനം അനിവാര്യമായ സർവ്വകലാശാലാ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളുടെ ചെലവുകൾ നടപ്പിലാക്കുന്നതുപോലെയുള്ള കാര്യങ്ങളിൽ ഇതുകാരണം കാലതാമസം നേരിടുന്നതായി സർവ്വകലാശാല രജിസ്ട്രാർ അറിയിക്കുന്നു. ക്യാമ്പസ് വികസനം, താൽക്കാലിക ക്യാമ്പസിലെ പ്രവർത്തനങ്ങൾ, സിലബസ് റിവിഷൻ തുടങ്ങിയ അടിയന്തര സ്വഭാവമുള്ള പ്രവർത്തനങ്ങൾ നിശ്ചലമായതായും രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. കൂടാതെ 2022-ലെ യു.ജി.സി. റെഗുലേഷൻസ് അനുസരിച്ച് പരിഷ്കരിച്ച ഗവേഷണ റെഗുലേഷനുകൾ ബോർഡ് ഓഫ് ഗവർണേഴ്സിന് മുൻപാകെ സമർപ്പിച്ച് പാസ്സാക്കിയതിന്റെ മിനിട്ട്സ് ഒപ്പിട്ടിട്ടില്ലെന്നും അതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജനുവരി സെഷനിലേക്കുള്ള ഗവേഷണ പ്രവേശനം വൈകിയിട്ടുണ്ട്. സാങ്കേതിക സർവ്വകലാശാല പോലെ നിരവധി വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു

സർവ്വകലാശാലയിൽ ഭരണസ്തംഭനമുണ്ടാകുന്നത് സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. ഇത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നത് സർക്കാർ പരിഗണിക്കും.

(6) <u>നെഹ്റു ട്രോഫി വള്ളംകളി ഫിനിഷിംഗ് പോയിന്റ് പവലിയൻ പുനർനിർമ്മാണം സംബന്ധിച്ച ശ്രീ. പി. പി. ചിത്തരഞ്ജൻ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി</u>

കേരളം ലോകത്തിന് മുന്നിൽ അഭിമാനത്തോടെ ഉയർത്തിപ്പിടിക്കുന്ന ടൂറിസം ഉൽപ്പന്നമാണ് നെഹ്റു ട്രോഫി വള്ളംകളി. വിനോദ സഞ്ചാര വകുപ്പിന്റെ നേതൃത്വത്തിലുള്ള ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ തുടക്കം കുറിക്കുന്നത് നെഹ്റു ട്രോഫി വള്ളം കളിയോടെയാണ്. നെഹ്റു ട്രോഫി വള്ളം കളിയുടെ ഫിനിഷിംഗ് പോയിന്റിൽ നിലവിലുള്ള പവലിയൻ Nehru Trophy Boat Race (NTBR) സൊസൈറ്റിയുടെ അധീനതയിലാണ്. വർഷംതോറും വിശിഷ്ട വ്യക്തികളടക്കമുള്ള കാണികൾ വള്ളംകളി വീക്ഷിക്കുന്ന ഫിനിഷിംഗ് പോയിന്റിലുള്ള ഈ പവലിയൻ അറ്റകുറ്റപ്പണി നടത്തി മനോഹരമാക്കേണ്ടത് അനിവാര്യമാണ്. അതിന് ടൂറിസം വകുപ്പ് പ്രത്യേകമായ പദ്ധതി ആവിഷ്കരിക്കുന്നത് പരിശോധിക്കും. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണങ്ങൾ പരിശോധിച്ച് NTBR

സൊസൈറ്റിയുടെ സഹകരണത്തോടുകൂടി ഈ പവലിയൻ മനോഹരമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. ടൂറിസം ഡയറക്ടർ ഇതുസംബന്ധിച്ച നിർദ്ദേശം നൽകും.

(7) തീരദേശ ഹൈവേ നിർമ്മാണം സംബന്ധിച്ച ശ്രീ. കെ. പി. എ. മജീദ് എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി

സംസ്ഥാനത്തെ പശ്ചാത്തല വികസന മേഖലയ്ക്ക് ഉണർവ് നൽകുന്ന, തീരദേശ മേഖലയുടെ സമഗ്രവികസനം സാധ്യമാകുന്ന തീരദേശ ഹൈവേ 9 തീരദേശ ജില്ലകളിലെ 623 കി.മീ ദൂരത്തിലാണ് വിഭാവനം ചെയ്യുന്നത്. ഇതിൽ 556 കി.മീ ദൂരമാണ് കെ.ആർ.എഫ്.ബി.-പി.എം.യു.-വിന് കീഴിൽ വരുന്നത്. 6500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയുള്ള പദ്ധതിക്കായി നാളിതുവരെ 2289 കോടി രൂപയുടെ (36 കി.മീ ഭാഗത്തിന് പദ്ധതിക്കും സ്ഥലം ഏറ്റെടുക്കലിനും 240 കി.മീ ഭാഗത്തിന് സ്ഥലമേറ്റെടുക്കലിന് മാത്രവും) സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഓർഡർ, അതിർത്തി കല്ലുകൾ സ്ഥാപിക്കാനുള്ള 6(1) നോട്ടിഫിക്കേഷൻ എന്നിവ 468 കി.മീ. ഭാഗത്തിന് ലഭ്യമായിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമായ ഇടങ്ങളിൽ റവന്യൂ വകുപ്പിലേക്കുള്ള ആനുഷാംഗിക തുക കൈമാറുകയും അതിർത്തി കല്ലുകൾ

സ്ഥാപിക്കുന്ന നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നു. വിവിധ ജില്ലകളിലായി 200 കി.മീ. ഭാഗത്ത് ഇതിനോടകം അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. 2016-ൽ NATPAC നടത്തിയ സാധ്യതാപഠന റിപ്പോർട്ടും അതിനോടൊപ്പം തയ്യാറാക്കിയ അലൈൻമെന്റും 21-05-2017-ൽ സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ. മൂന്ന് ഏജൻസികളാണ് തയ്യാറാക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ NATPAC എറണാകുളം, തൃശ്ശൂർ ജില്ലകളിൽ LNTIEL മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ DECK എന്നീ ഏജൻസികളാണ് DPR തയ്യാറാക്കുന്നത്. പ്രസ്തുത ഏജൻസികൾ കെ.ആർ.എഫ്.ബി-പി.എം.യു. ജില്ലാതല ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും അനുമതിയോടുകൂടി തയ്യാറാക്കിയ സ്ഥലം ഏറ്റെടുക്കൽ പ്ലാൻ (LA plan) പ്രകാരം അലൈൻമെന്റിൽ വന്നിട്ടുള്ള മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി പുതുക്കിയ ഉത്തരവ് പ്രസിദ്ധീകരിക്കാൻ നൽകിയ കത്ത് സർക്കാർ പരിശോധിച്ചുവരുന്നു. തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കൽ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 നിഷ്കർഷിക്കുന്ന പ്രകാരം സാമൂഹികാഘാത പഠനം ഉൾപ്പെടെയുള്ളവ

നടത്തി മാത്രമേ മുന്നോട്ടുപോകുകയുള്ളൂ. അതിനുപുറമെ തീരദേശ ഹൈവേയുടെ പുനരധിവാസ, പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ (KSCADC) നിയമിച്ചിട്ടുണ്ട്. കല്ലിട്ട പ്രദേശങ്ങളിൽ KSCADC-യുടെ നേതൃത്വത്തിൽ സാമൂഹിക സർവ്വേ നടന്നുവരുന്നു. തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്.

(8) <u>തുരുത്തി-വീയ്യപുരം റോഡ് BM&BC നിർമ്മാണം സംബന്ധിച്ച ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി</u>

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെട്ട ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വീയ്യപുരം-എടത്വ-മാമ്പുഴക്കരി-കിടങ്ങറ വാലടി-മുളക്കാംതുരുത്തി റോഡിൽ പണി നടത്തുന്നതിനായി കെ.എസ്.ടി.പി.-ക്ക് 05-07-2021-ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതാണ്. തുരുത്തി മുതൽ പനംമൂട് വരെയുള്ള ഭാഗത്ത് ജൽജീവൻ മിഷൻ പ്രോജക്ടിലുൾപ്പെടുത്തി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി

31-05-2022-ൽ ROW പോർട്ടൽ മുഖേന അപേക്ഷ നൽകുകയുണ്ടായി. തുടർന്ന് 03-06-2022-ൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൂടിയ സംയുക്ത യോഗത്തിൽ 05-07-2022-നമുമ്പ് പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ച് നൽകണമെന്ന് തീരുമാനമെടുത്തു. KWA പ്രവൃത്തികൾ ആരംഭിച്ചത് 27-07-2022-ലാണ്. തുടർന്ന് 26-10-2022-ന് KWA, KSTP പ്രവൃത്തികൾ തുടങ്ങുന്നതിന് തടസ്സമില്ലെന്ന കത്ത് നൽകുകയും ചെയ്തു. റോഡ് പ്രവൃത്തിയിൽ നിശ്ചയിച്ച പുരോഗതിയുണ്ടാകാത്ത സാഹചര്യത്തിൽ നിലവിലുള്ള കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്തിരിക്കുകയാണ്. തുടർന്ന് വാട്ടർ അതോറിറ്റി അടച്ച തുക ഉപയോഗിച്ച് തുരുത്തി മുതൽ പുന്നമൂട് വരെയുള്ള 2.75 കിലോമീറ്റർ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഈ പ്രവൃത്തിക്കുള്ള ടെണ്ടർ നടത്തി കരാറുകാരന് Selection Notice നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വച്ചയുടൻതന്നെ പ്രവൃത്തി ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) മൂക്കന്നൂർ-ഏഴാറ്റുമുഖം ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡ് നിർമ്മാണം സംബന്ധിച്ച ശ്രീ. റോജി എം. ജോൺ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി

കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന കേട്ടുപാടുകളെ അതിജീവിക്കുന്നതരത്തിൽ നിലവിലുള്ള റോഡുകൾ പുനർനിർമ്മിക്കുന്നതിനാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി (RKI) ലക്ഷ്യമിടുന്നത്. ടി പദ്ധതിയിലുൾപ്പെട്ട അങ്കമാലി നിയോജകമണ്ഡലത്തിലെ മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം ജർമ്മൻ ബാങ്കിന്റെ സഹായത്തോടെ കെ.എസ്.ടി.പി. നടത്തിവരുന്നു. ഈ പദ്ധതിപ്രകാരം റോഡുകൾ വീതികൂട്ടിയുള്ള റോഡ് വികസനം നടപ്പിലാക്കാൻ കഴിയുന്നതല്ല. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും ജനങ്ങളുടെയും ആവശ്യപ്രകാരം സൗജന്യമായി വിട്ടുനൽകിയ സ്ഥലം ഉൾപ്പെടുത്തി വീതികൂട്ടി നിർമ്മാണം ആരംഭിച്ചിരുന്നു. എന്നാൽ പൂർണ്ണമായും സ്ഥലം വിട്ടുനൽകുന്നതിന് കാലതാമസമുണ്ടായി. സെപ്റ്റംബർ മാസം ജർമ്മൻ ബാങ്ക് അധികൃതർ സൈറ്റ് സന്ദർശിച്ചിരുന്നു. വീതി കൂട്ടുന്നത് ബാങ്കുമായുള്ള ലോൺ വ്യവസ്ഥകൾ പ്രകാരം സാധ്യമല്ലാത്തതിനാൽ അങ്ങനെ ചെയ്യുന്നത് നിർത്തിവയ്ക്കാൻ അവർ ആവശ്യപ്പെട്ടു. ഈ സാഹചര്യത്തിൽ 31-10-2022-നുമുമ്പ് വിട്ടുകിട്ടിയ സ്ഥലത്തുമാത്രമേ വീതികൂട്ടൽ സാധ്യമാകുകയുള്ളൂ. അതായത് ശേഷിച്ച റോഡ് പദ്ധതിയിൽ

നിഷ്കർഷിച്ചിട്ടുള്ള വീതിയിൽ മാത്രമേ നിർമ്മാണം നടത്താൻ സാധിക്കുകയുള്ളൂ. സൗജന്യമായി ലഭിച്ച ഭൂമിയിൽ കോമ്പൗണ്ട് വാളിന്റെ പുനർനിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫണ്ട് ലഭ്യമാക്കുന്നതിനായി പ്ലാനിംഗ് (RKI) ഡിപ്പാർട്ടുമെന്റിൽ നൽകിയിട്ടുണ്ട്.

(10) മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡ് BM&BC നിലവാരത്തിൽ നവീകരണം സംബന്ധിച്ച ശ്രീ. കെ. ഡി. പ്രസേനൻ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി

ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡ് കിലോമീറ്റർ 0/000 മുതൽ 12/000 എന്നത് പൊതുമരാമത്ത് വകുപ്പ് പാലക്കാട് നിരത്ത് വിഭാഗത്തിന് കീഴിലെ പ്രധാന ജില്ലാ പാതയാണ്. 12 കിലോമീറ്റർ ദൈർഘ്യമുള്ള റോഡിൽ വിവിധ ഭാഗങ്ങളിലായി കരിങ്കൽ ക്വാറികൾ പ്രവർത്തിച്ചുവരുന്നു. ഈ ക്വാറികളിൽ നിന്നും അമിതഭാരം വഹിച്ചുകൊണ്ടുള്ള വാഹനങ്ങളുടെ ഗതാഗതംമൂലം റോഡിന്റെ കിലോമീറ്റർ 3/000 മുതൽ 6/250 വരെ പൂർണ്ണമായും തകർന്നതാണ്. റോഡിന്റെ 0/000 മുതൽ 3/000 വരെയും 6/250 മുതൽ 12/000 വരെയുള്ള ഭാഗങ്ങളിൽ 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിവിധ പ്രവൃത്തികൾക്ക് കീഴിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതാണ്.

2018-19 വർഷം SLTF-ന് കീഴിൽ UPR to Mambad-Poovathingalatty 3/000 200 to 6/250-Mangalam dam-Veetikalkadavu road 0/000 to 1/700 [FL/RD/2019/1349] എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി കിലോമീറ്റർ 3/000 മുതൽ 6/250 വരെയുള്ള ഭാഗം അറ്റകുറ്റപ്പണി ചെയ്യുന്നതിനായി 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പലതവണ ടെണ്ടർ ചെയ്തിട്ടും ആരുംതന്നെ ടെണ്ടർ എടുക്കാതിരുന്നതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചില്ല. ഈ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 61 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തണമെന്ന നിർദ്ദേശം പരിശോധിച്ച് തീരുമാനമെടുക്കാം.

*****